032:3M942:12
1
F.7.2

M942:12 F7.2
PILLAI
va:

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number 032:3M942:12 F7·2

Accession Number 66847

Available for loan from

This book should be returned on or before the date last marked below.

2 DEC 1946
6 JAN 1947
8 MAR 1947
19 DEC 1949
21 FEB 1953
16 MAY 1963
23 DEC.
23 DEC. 71

O. 61

MUL
066847

# തുളസീദാസരാമായണം.

## ഭാഷാഗദ്യം.

(രണ്ടാം ഭാഗം.)

16 MAR 1932

പരിഭാഷകൻ,

കാവുങ്ങൽ നീലകണ്ഠപ്പിള്ള അവർകൾ.

പ്രകാശകൻ,

കെ. ജി. പരമേശ്വരൻപിള്ള.

"ശ്രീരാമവിലാസം" പ്രസ്സ്—കൊല്ലം.

—*—


൧-ാംപതിപ്പ കാപ്പി ൧൦൦൦.

പകപ്പവകാശം പ്രകാശകന്.

[വില രൂപാ 1. ണ 4

1105.

66847



ശ്രീരാമനും, തുളസീദാസമഹർഷിയും.

# തുളസീദാസരാമായണം

## ആരണ്യകാണ്ഡം.

16 MAR 1932

ഹരിഃ ശ്രീ ഗണപതയേനമഃ
അവിഘ്നമസ്തു.

ധർമ്മവൃക്ഷമൂലകന്ദമായി, വിവേകസമുദ്രവർദ്ധകമായ പൂർണ്ണചന്ദ്രനും വൈരാഗ്യകമലസൂര്യനുമായി, പാപകളങ്കശമനനായിരിക്കുന്ന ഭഗവാനെ—ആത്മസുഖത്തെ നൽകി തമസ്സിനെയും താപത്തെയും ശമിപ്പിച്ച്, മോഹമേഘപടലത്തെ അടിച്ചുപറത്തുന്ന സമീരനായി വിളങ്ങുന്ന ബ്രഹ്മഭൂതനായ ദേവനെ—ശ്രീരാമരാജപ്രിയനായ ശങ്കരനെ—ഞാൻ വന്ദിക്കുന്നു.

മേഘമാലപോലെ ശ്യാമളകോമളനും സൌന്ദര്യവിലസിതനുമായി, മഞ്ഞപ്പട്ടുടുത്ത്, കൈകളിൽ വില്ലുമമ്പും അരക്കെട്ടിൽ ആവനാഴിയും ധരിച്ച് താമരപ്പൂവിതൾമിഴികളോടുകൂടി, ജടാമകുടത്താൽ പ്രശോഭിതനായി, സീതയോടും അനുജനോടുമൊരുമിച്ച് വനസഞ്ചാരത്തിനിറങ്ങിയ ലക്ഷ്മീവല്ലഭനായ രാമചന്ദ്രനെ ഞാൻ ഭജിക്കുന്നു.

ഹേ! ഉമാദേവി! നിഗ്രന്ഥങ്ങളായ രാമഗുണങ്ങളിൽ ശിക്ഷ കഴിച്ച മഹർഷിമാർ മനഃശാന്തി അനുഭവിക്കുന്നു. എന്നാൽ ഹരിവിമുഖന്മാരും ധർമ്മരതിവിഹീനന്മാരും ആയ മൂഢന്മാർ മോഹാന്ധകാരത്തിൽ അകപ്പെട്ടുഴലുകയാണു ചെയ്യുന്നതു. അയോദ്ധ്യാവാസികളും ഭരതനും രഘുരാജനിൽ പ്രകടിപ്പിച്ച അനുപമവും ശോഭനവും ആയ പ്രീതിപ്രകാരത്തെ യഥാമതി ഞാൻ ഗാനം ചെയ്തുകഴിഞ്ഞു. ഇനി ദേവമുനിജനപ്രിയകരമായ വിധത്തിൽ പ്രഭു, വനസ്ഥലികളിൽ നടത്തിയ പരമപാവനചരിതത്തെ ശ്രവിക്കുവിൻ. ചിത്രകൂടത്തിൽ വസിച്ചിരുന്ന കാലത്തൊരിക്കൽ രാമചന്ദ്രൻ തൃക്കൈകൾകൊണ്ടുതന്നെ ചില മനോഹരപുഷ്പങ്ങൾ അറുത്തെടുത്തു മാലയാക്കിത്തൊടുത്ത് സ്നേഹപൂർവ്വം സീതാദേവിയെ അലങ്കരിക്കയുണ്ടായി. ദേവി ഭർത്തൃദത്തമായ ആ അലങ്കാരത്തിൽ അഭിമാനത്തോടുകൂടി, ഒരു നിർമ്മലസ്ഫടികശിലയിൽ ഇരുന്നരുളുന്ന അവ

സരത്തിൽ ഇന്ദ്രൻെറ മകൻ ജയന്തൻ, എറുമ്പു സമുദ്രത്തിലെ ആഴം അളക്കാൻ ഉദ്യമിക്കുന്നതുപോലെ, അവൻെറ കഷ്ടകാലത്തിന്, രഘുരാജൻെറ ബലവേഗങ്ങളെ ഒന്നു പരീക്ഷിച്ചുകളയാമെന്നു കരുതി കാകരൂപം ധരിച്ച്, അവിടെ ആഗതനായി; മന്ദബുദ്ധിയായ ആ കാകം വിചാരലേശംപോലുമില്ലാതെ ദേവിയുടെ പാദഭാഗത്തെ ചുണ്ടുകൊണ്ടു കൊത്തി മുറിച്ചിട്ടു ദൂരത്തു പറന്നു കളഞ്ഞു. മുറിവിൽനിന്നും രക്തം ഒഴുകിത്തുടങ്ങി; ഭഗവാൻ ഈ ധിക്കാരം നോക്കി ഒരു പുൽത്തണ്ടെടുത്തു വളച്ചുണ്ടാക്കിയ വില്ലിൽ പുൽക്കൊടിതന്നെ ശരമാക്കിത്തൊടുത്തു കാക്കയെ ലാക്കാക്കി അഭിമന്ത്രിച്ചയച്ചു.

രഘുരാജൻ അത്യന്തം കൃപാലുവാണ്. ദീനന്മാരിൽ എപ്പോഴും കരുണാമൃതത്തെ വർഷിക്കുന്ന തിരുമേനിയാണ്. ആ മഹാത്മാവിലത്രേ ദുർഗ്ഗുണനിലയമായ ഈ മൂഢൻ വ്യാജവൃത്തിക്കൊരുമ്പെട്ടത്.

അഭിമന്ത്രിതമായ തൃണബാണം സംഹാരശക്തമായി ജ്വലിച്ചണയുന്നതു നോക്കി കാകാകൃതിയായ ജയന്തൻ ഭയപ്പെട്ടു. സ്വന്തരൂപത്തെ സ്വീകരിച്ച് ഉഴറിപ്പാഞ്ഞു ദേവലോകത്തെത്തി പിതാവിനോടു സങ്കടം പറഞ്ഞു. രാമശത്രുവാകയാൽ രക്ഷിക്കാൻ തനിക്കു ശക്തിയില്ലെന്നു ഇന്ദ്രൻ ഒഴിഞ്ഞു. വിഷ്ണുചക്രഭയത്താൽ വിഹ്വലനായ ദുർവ്വാസാവിനെപ്പോലെ ജയന്തൻ നിരാശനായി നടുങ്ങി. അമിതമായ വ്യാകുലഭാവത്തോടും ശോകഭയങ്ങളോടുംകൂടി ബ്രഹ്മലോകത്തിലും കൈലാസത്തിലും മററുദിക്പാലഭവനങ്ങളിലും ഓടി അഭയം അപേക്ഷിച്ചിട്ടും, “അല്പം നിൽക്കുക!” എന്നുപോലും ആരും പറഞ്ഞില്ല. രാമദ്രോഹിയല്ലേ? ആരവനെ രക്ഷിക്കും? രാമദ്രോഹിക്ക് അമ്മ മൃത്യുവായും അച്ഛൻ കാലനായും തീരും. അമൃതുവിഷമാകും. ബന്ധു ആരുശത്രുക്കൾക്കു സമമാകും. ഗംഗാനദി വൈതരണിയായി മാറും. ലോകങ്ങൾ അഗ്നിയേക്കാൾ ദഹിപ്പിക്കുന്നവയായിരിക്കും. ഹേ സഹോദരന്മാരേ! രാമനെ ശത്രുവാക്കിയാലുള്ള അനുഭവമിതാണ്. ജയന്തൻ, തുടർന്നു തുടർന്നടുക്കുന്ന അസ്ത്രത്തെ ഭയപ്പെട്ട്, ആശ്രയം ലഭിക്കാതെ ഉഴന്നോടുന്നതു കണ്ടിട്ട് ദയാകോമളഹൃദയനും സാധുവുമായ നാരദന് അനുകമ്പതോന്നി. നേരേ രാമചന്ദ്രൻെറ സമീപത്തിലേക്കുതന്നെ അവനെ പറഞ്ഞയച്ചു. ക്ഷീണനും ഭയാകുലനുമായ അവൻ ക്ഷണേന ചിത്രകൂടത്തിലെത്തി; ഹേ പ്രണതപാലാ! രക്ഷിക്ക രക്ഷിക്ക എന്നുച്ചത്തിൽ ഉച്ചരിച്ചുകൊണ്ട് ഭഗവൽപാദാരവിന്ദങ്ങളെ ഗ്രഹിച്ചു. ദയാനിധേ! രഘുരാജ! എന്നെ പാലിച്ചാലും. അങ്ങേബലം തുലയററതും പ്രഭുത അപരിമിതവുമാണ്. ബുദ്ധിമാന്ദ്യത്താൽ നിന്തിരുവടിയെ ഞാൻ

അറിയാതെപോയി; സ്വയംകൃതമായ അനർത്ഥത്തിന്റെ ഫലം ഇപ്പോൾ എനിക്കു അനുഭവമായി; പ്രഭോ! അപരാധിയെങ്കിലും ശരണാർത്ഥിയായ എന്നെ അങ്ങു രക്ഷിക്കണമേ എന്നുപ്രാർത്ഥിച്ചു. ദയാനിധി ഈ ആർദ്രവചനങ്ങൾ കേട്ട് ഒരു കണ്ണുമാത്രം നശിപ്പിച്ച് അവനെ വിട്ടയച്ചു.

ഇന്ദ്രപുത്രൻ മോഹവശനായി പ്രവൎത്തിച്ച ദ്രോഹം വധശിക്ഷക്കു അർഹമായിരുന്നു എങ്കിലും പ്രഭു അവനിൽ കരുണതോന്നി വിട്ടയക്കയാണല്ലോ ചെയ്തതു്. ഹേ ഭവാനി! രഘുവീരനെപ്പോലെ ദയാലു ലോകത്തിൽ ആരുണ്ടു്?

ഭഗവാൻ ചിത്രകൂടവാസത്തെ സുധാമധുരങ്ങളായ അനവധ ചരിതങ്ങളാൽ പരിപൂതമാക്കിച്ചെയ്തശേഷം, തന്റെ വസതി പലരും അറിവാൻ ഇടയായിരിക്കകൊണ്ടു് ജനസമ്മർദ്ദം അധികപ്പെട്ടുമെന്നുകരുതി വനാന്തരത്തെ പ്രാപിക്കണമെന്നു നിശ്ചയിച്ചു. അതനുസരിച്ചു് ഒരു ദിവസം സൎവ്വമഹൎഷിമാരോടും യാത്രവഴങ്ങി സീതാലക്ഷ്മണസമേതനായി അവിടെനിന്നും പുറപ്പെടുകയും ചെയ്തു. അത്രിയുടെ ആശ്രമം സമീപിച്ചപ്പോൾ പ്രഭുവിന്റെ ആഗമനത്തെക്കുറിച്ചു കേട്ടു് മഹൎഷി ആനന്ദപുളകിതനായി അദ്ദേഹത്തെ കാണ്മാൻ ബദ്ധപ്പെട്ടിറങ്ങിവന്നു. രഘുപതി ത്വരിതഗതിയിൽ അടുത്തു് ദണ്ഡപാതം പതിക്കാൻ തുടങ്ങവേ, മഹൎഷി മദ്ധ്യേ തട്ടുത്തുപിടിച്ചു് മാറിൽ ചേൎത്താശ്ലേഷിച്ചു. രണ്ടുപേരുടേയും കണ്ണുകളിൽ പ്രേമവാരി നിറഞ്ഞൊഴുകി; രാമസൌന്ദൎയ്യത്താൽ തൃപ്തിനേത്രനായ അത്രി ആദരപുരസ്സരം തന്റെ അതിഥിയെ ആശ്രമത്തിൽ കൂട്ടിക്കൊണ്ടുപോയി പൂജിച്ചശേഷം ധന്യവാക്കുകൾ ഉച്ചരിച്ചു് ഇഷ്ടങ്ങളായ ഫലമൂലങ്ങൾ സൽക്കരിച്ചു.

പ്രഭു ആസനസ്ഥനായി. പരമപ്രവീണനായ ഋഷി ബാഷ്പങ്ങൾ നിറഞ്ഞ മിഴികളാൽ തിരുമെയ്യിലെ ശോഭാപൂരത്തെ ആസ്വദിച്ചു് സുഖിച്ചുനിന്നു്, ബദ്ധാഞ്ജലിയായി സ്തുതിച്ചു.

(കേക)

ഭക്തവത്സല! കൃപാലോലകോമളശീല
മുഗ്ദ്ധ! ഹേമുക്തിപ്രദ! നിനക്കുനമസ്സിതാ!
നിഷ്കാമന്മാൎക്കു നിത്യസുഖദസ്വധാമത്തെ
വിശ്രാണിക്കുമിക്കാൽപൂ ഭജിച്ചീടുന്നേൻ സദാ
ശ്യാമസുന്ദരനായും സംസാരക്കടലിനെ
ത്തുമയിൽ മഥിക്കുവാനുള്ളമന്ദരമായും
താമരപ്പൂങ്കണ്ണാൎന്നും വിളങ്ങുംമദഗൎവ്വ-
കാമാദിദോഷകോടിമോചനനമോസ്തുതേ!

തൂണിയുമമ്പുംവില്ലുംധരിപ്പോൻ, സ്വർപാതാള
ക്ഷോണിനായകൻ, ദീർഘപീനബാഹാവിക്രമൻ,
ന്യൂനമന്ന്യാവേദ്യമാം വൈഭവംപൂണ്ട പുണ്യ
ഭാനുവംശാലങ്കാരഭൂതഹാരമാംദേവൻ,
മാമുനിസാധുവൃന്ദരഞ്ജനൻ, മഹേശ്വര
കാർമ്മുകമഹാദണ്ഡഭഞ്ജനൻ, ഭാവപ്രിയൻ
താമരപ്പൂവിൽപിറന്നോരുദൈവതംപോലും
ക[illegible]കൈക്കൂപ്പുന്നകമലാവരൻപരൻ,
ജ്ഞാനവിഗ്രഹൻ വിശ്വദാനവാരാതി, സൌഖ്യ
സ്ഥാന,മീശാദിവന്ദ്യൻ സുജനഗതിവിഭു,
താനഹോമന്നമസ്യാപാത്രമായ് ഭവിക്കട്ടെ
മാനവാകൃതി,സർവസംകടാപഹൻ, സത്യൻ.
സാനുജംസശക്തികം ഭവന്തംഭജിപ്പൂഞാൻ
വാനവോത്തംസായിത വാസവപ്രിയാനുജ!
മാനസഭക്തിയോടുമാരുവാൻ തവപാദ-
സൂനമാരാധിക്കുന്നു ന്യൂനമസ്സുകൃതവാൻ
മത്സരാദികളററുവിതക്കുന്ന രതള്ളും
സംസാരക്കടൽക്കുള്ളിൽവീഴാതെ വിളങ്ങുന്നു.
നിശ്ശേഷേന്ദ്രിയഗ്രാമവിജയിയായനഘം
നിഃശങ്കംവിജനത്തിൽവസിച്ചുസന്തുഷ്ടനായ്
മുക്തിദനായനിന്നെഭജിക്കുംനരൻഭവാ-
വൃത്തിഹീനമാം തവപദത്തെഗമിക്കുന്നു.
അത്ഭുതപ്രഭോ! തുര്യപദവാച്യഭോ! സർവ്വ
വിഷ്ടപഗുരോ! വിഗതേഹശാശ്വതവിഭോ!
ത്വൽപദപയോരുഹംസേവിച്ചുഭജിക്കുന്നേ-
നെപ്പോഴുംകുയോഗിനാം ദുർല്ലഭ! സദ്വല്ലഭ!
ഭക്തർക്കുകല്പദാരുസമസ്തസേവ്യൻ,ധരാ-
പുത്രിതൻപതി,കാമകമനീയൻ ഭൂപതി,
നിത്യവുമെന്നിൽപ്രസാദിക്കണേ! പദപത്മ
ഭക്തിനൽകണേനമുക്തിനായ് നമസ്കാരം.

ഇസ്തോത്രംരഘുരാജഭക്ത്യാവപഠിപ്പവ-
രദ്വയമഹാപദംപ്രാപിക്കുമസംശയം.

സ്തുതിചെയ്തശേഷം ശിരസ്സു നമിച്ചു കൈകൂപ്പി:പ്രഭോ! എന്റെ മനോഭൃംഗം അങ്ങേ പാദാരവിന്ദത്തെ ഒരിക്കലും വിട്ടുപിരയാൻ ഇടയാക്കരുതേ! ഭക്തചകോരചന്ദ്ര! ജന്മാന്തരോറും എനിക്ക് തൃപ്പാദഭക്തി വർദ്ധനമായി ഭവിക്കേണമെ!' എന്നുപ്രാർത്ഥിച്ചു.

ഈ അവസരത്തിൽ സുശീലയും വിനീതയുമായ സീതാദേവി അനസൂയയെ വണങ്ങി പാദങ്ങളെ ഗ്രഹിച്ച് പലവുരു ചുംബിച്ചു. സകലലോകസുഖദാത്രിയും നിഖില ബ്രഹ്മാണ്ഡജനയിത്രിയുമായ സീതാദേവിയെ കണ്ടിട്ടു ഋഷിപത്നി അത്യാനന്ദഭരിതയായി ആശിസ്സുകൾ വർഷിച്ചു. അനന്തരം ദേവിയെ സമീപത്തിൽ പിടിച്ചിരുത്തി. നിത്യനൂതനങ്ങളും നിത്യാമലങ്ങളുമായ ദിവ്യവസ്ത്രാഭരണങ്ങളാൽ അലങ്കരിപ്പിച്ചു. എന്നിട്ടു, സരളമൃദുവാക്കുകളാൽ ഭാര്യാധർമ്മത്തെ സരസമായ ഉപദേശിച്ചു; ഹേ രാജകുമാരി! സ്ത്രീകൾക്കു അമ്മയും അച്ഛനും സഹോദരാദിബന്ധുക്കളും പരിമിതമായ സുഖത്തേയും ഹിതത്തേയും മാത്രംചെയ്യുന്നു ഭർത്താവ് അങ്ങനെയല്ല. അമിതാനുഗ്രഹഭൃതൻതന്നെയാണ്. ഭർത്തൃസേവചെയ്യാത്ത സ്ത്രീ അധമ എന്നു പ്രസിദ്ധമാണ്. ധൈര്യവും ധർമ്മവും മിത്രവും കളത്രവും ആപൽക്കാലത്തിലാണു പരിക്ഷിക്കപ്പെടേണ്ടതു്. ഭർത്താവു വൃദ്ധനോ രോഗിയോ ജ നോ ധനവിഹീനനോ അന്ധനോ ബധിരനോ കോപിയോ അതിദീനനോ ആയിരുന്നാലും പതിവ്രത അവനെ ദൈവനിർവിശേഷം ആരാധിച്ചു പരിചരിക്കേണ്ടതാണ്. ഭർത്താവിനെ ഏതവസ്ഥയിലും അനാദരിക്കുന്നവൾ കല്പകാലം ഘോരനരകാനുഭൂതികൾക്കു പാത്രീഭവിക്കതന്നെ ചെയ്യും. അവൾക്ക് ഏകമായ ധർമ്മവും വ്രതവും നിഷ്ഠയും മനസാവാചാകർമ്മണാ പതിപദപ്രേമമാണ്. വേദങ്ങളും പുരാണങ്ങളും സാധുക്കളും പതിവ്രതകളെ നാലു പ്രകാരത്തിൽ തരം തിരിച്ചിരിക്കുന്നു. ഭർത്താവൊഴിച്ചു മറെറാരു പുരുഷൻ ലോകത്തുണ്ടെന്നു സ്വപ്നേപി വിചിന്തിക്കാൻ പോലും പാടില്ലെന്നുള്ള മനോനിശ്ചയത്തോടു കൂടി വസിക്കുന്നവൾ ഉത്തമ; അന്യപുരുഷനെ അച്ഛനെന്നോ, മകനെന്നോ, സഹോദരനെന്നോ യഥായഥം കരുതുന്ന പതിവ്രത മദ്ധ്യമ; ധർമ്മവിചാരത്താലും കുലസ്ഥിതിയെ ശങ്കിച്ചും പരപുരുഷവിചാരത്തെ ഒതുക്കി അടങ്ങുന്നവൾ നികൃഷ്ട; ഭയത്താലും അവസരലബ്ധിവരായ്ക കൊണ്ടും അടങ്ങിപാർക്കുന്നവൾ അധമ; ഇങ്ങനെയാണു വേദവിധി; ഭർത്താവിനെ വഞ്ചിച്ച് പരസംസർഗ്ഗത്തിലേർപ്പെടുന്ന അധമാധമ നൂറുകല്പകാലം രൌരവനരകം അനുഭവിക്കുന്നു. ക്ഷണികമായ സുഖത്തേമോഹിച്ച് നൂറുകോടി ജന്മങ്ങളിൽ അനുഭവിക്കേണ്ടസങ്കടങ്ങളെ വിചാരിക്കാത്ത അവളെപ്പോലെ ദുഷ്ടയും അപരാധിനിയുമായി മററാരു? നിഷ്കളങ്കപതിവ്രതാധർമ്മത്തെ പരിപാലിക്കുന്ന ഒരു സ്ത്രീക്കു നിഷ്പ്രയാസം പരമഗതി അടയാവുന്നതാണ്. ഭർത്താവിനു പ്രതികൂലമായി പ്രവർത്തിക്കാൻ ജീവിക്കുന്നവൾ യൌവനത്തിൽ തന്നെ വിധവയായി ഭവിക്കും. സ്വഭാവേന മററു പല ദോഷങ്ങളുള്ളവളെങ്കിലും ഭർത്തൃസേവ ശരിക്കു് അനുഷ്ഠിക്കുന്നു എങ്കിൽ മരിച്ചാൽ അ

വർക്കു ശോഭനമായ ഗതിലഭിക്കും; നാലുവേദങ്ങളും ഈ പരമാർത്ഥത്തെ പാടുന്നു. (ഹരിയുടെ എളിയദാസനായ തുളസിയും അതു ഗാനത്തേ അനുകരിക്കുന്നു) സീതേ! കേൾക്കു. നിന്റെ നാമസ്മരണത്താൽ തന്നെ ഒരു സ്ത്രീ പതിവ്രതയായിത്തീരും എന്തെന്നാൽ നീ രാമനെ പ്രാണനാഥനെപ്പോലെ സ്നേഹിക്കുന്നവളാണ്. നിന്നോടു ഞാൻ ചെയ്ത ഈ ഉപദേശം ലോകഹിതത്തേ ഉദ്ദേശിച്ചാണെന്നും ധരിച്ചുകൊൾക.

ഋഷിപത്നിയുടെ വചോമൃതധാരയാൽ അകവും പുറവും കുളുത്ത ജനകപുത്രി അവരുടെ പാദങ്ങളിൽ ശിരസ്സിനെ നമിച്ചു. ഈ അവസരത്തിൽ കൃപാനിധി മഹർഷിയെ നോക്കി "തപോനിധേ! അങ്ങേ അനുജ്ഞയോടുകൂടി മററൊരു കാനനത്തെ പ്രാപിക്കണമെന്നു ഞാൻ വിചാരിക്കുന്നു തിരുവുള്ളം എപ്പോഴും എന്നിൽ ഉണ്ടായിരിക്കട്ടെ. ഞാൻ തൃപ്പാദസേവകനാണെന്നറിഞ്ഞു് ആ തിരുവുള്ളത്തിനു ഒരിക്കലും ഭംഗം വരുത്താതെയിരിക്കയും വേണം."

ധർമ്മധുരന്ധരനായ പ്രഭുവിന്റെ ഏതാദൃശധന്യവാദങ്ങൾ കേട്ടു് ജ്ഞാനഘനനായ മഹർഷി പ്രേമപൂർവ്വം പറഞ്ഞു. "രഘുരാജ! ബ്രഹ്മദേവനും ശിവനും സനകാദിമഹർഷിമാരും പരമാർത്ഥവേദികളായ അന്യന്മാരും ആരുടെ കരുണയേ പ്രാർത്ഥിക്കുന്നോ, ആ മഹാത്മാവാണ് അങ്ങ്. അകാമനും കൃപാലുവും ദീനബന്ധുവുമായ ആ നിന്തിരുവടിയാണ് എന്നോടു് ഈദൃശമൃദുവാക്കുകളെ ഉച്ചരിക്കുന്നതു്. ലക്ഷ്മിദേവി മററു ദേവന്മാരെയെല്ലാം ഉപേക്ഷിച്ചു നിന്നെത്തന്നെ ഭജിക്കുന്ന സാമർത്ഥ്യം ഇപ്പോൾ എനിക്കു് മനസ്സിലാകുന്നു. സത്യത്തിൽ നിനക്കു സമൻ നീതന്നേയുള്ളു. നിന്റെ ചരിതശുദ്ധിയും അന്യാദൃശമായല്ലാതെ എങ്ങനെ ഭവിക്കും? സ്വാമിൻ! അങ്ങേക്കു പ്രാപിക്കാൻ യോഗ്യമായ കാനനം ഏതാണെന്നു ഞാൻ എങ്ങനെ പറയും.? പ്രഭോ! അങ്ങു സർവ്വാന്തര്യാമിയാണല്ലോ?" ധീരനായ മുനി ഈ വാക്കുകൾ ഉച്ചരിച്ചുകൊണ്ടു് പ്രഭുവിനെ നോക്കി പുളകിതശരീരനായി ആനന്ദബാഷ്പം തൂകിത്തൂകി നിന്നു; അനന്തരം പ്രേമരസനിഷ്യന്ദികളായ നയനങ്ങളെ രാമമുഖതാമരസത്തിൽ ഊന്നി "സ്വാമിൻ! മനോവാഗ്ജ്ഞാനശക്തികൾക്കു അതീതനായ പ്രഭുവിന്റെ ദർശനം എനിക്കു ലഭിച്ചതു ജപതപഃകർമ്മങ്ങളുടെ ഫലപരിപാകത്താലത്രേ" എന്നുണർത്തിച്ചു.

മനുഷ്യർ ജപയോഗധർമ്മങ്ങളെ വിധിപ്രകാരം അനുഷ്ഠിച്ചുതന്നെ അനുപമമായ ഭക്തിയെ സമ്പാദിക്കാൻ സാധിക്കുന്നു. ഈ വസ്തുതയെ ശരിക്കു മനസ്സിലാക്കിയാണ് തുളസിദാസൻ പരിശുദ്ധമായ രഘുവീരചരിതത്തെ രാപ്പകൽ ഗാനംചെയ്യുന്നതു്.

രാമയശസ്സു കലിമലനാശനവും സകല സുഖങ്ങൾക്കും ആസ്പ

ഭവുമാണ്. മനസ്സിനെ അതു നിയന്ത്രിക്കുന്നു. ഭക്തിപൂർവ്വം രാമചരിതത്തെ കേൾക്കുന്നവരിൽ പ്രഭു കരുണാമൃതത്തെ വർഷിച്ചുകൊണ്ടിരിക്കും. കലികാലപാപകോടികൾ കഠിനങ്ങളത്രേ. ആ ഭാരത്തെ പരിഹരിക്കാൻ ധർമ്മമോ, ജ്ഞാനമോ, യോഗമോ, തപസ്സോ ശക്തമല്ല. രാമഭജനമല്ലാതെ അതിനു പ്രത്യൗഷധമില്ല. മററുള്ള വയിലുള്ള വിശ്വാസമെല്ലാമകററി രാമഭജനംമാത്രം ചെയ്യുന്നവരത്രേ ബുദ്ധിശാലികൾ.

സുരനരമുനിവൃന്ദങ്ങൾക്ക് ഈശ്വരനായ രാമൻ ഭാര്യാഭ്രാതൃസമേതനായി മഹർഷിയെ വണങ്ങി അനുഗ്രഹവും അനുവാദവും വാങ്ങി വനയാത്രയെ തുടർന്നു. തികച്ചും വിശുദ്ധമുനിവേഷം ധരിച്ച് മുമ്പുപിമ്പായി യാത്രചെയ്തു ആ സഹോദരന്മാരുടെ മദ്ധ്യേ ലക്ഷ്മ്യവതാരഭൂതയായ സീത ബ്രഹ്മജീവമദ്ധ്യത്തിൽ വർത്തിക്കുന്ന മായ എന്നപോലെ വിളങ്ങി. നദികളും, വനങ്ങളും, ഗിരികളും, ദ്രോണികളും തങ്ങളുടെ നാഥനെ അറിഞ്ഞ് മാർഗ്ഗത്തെ മൃദുവാക്കി. രാമദേവൻ സഞ്ചരിച്ചുകൊണ്ടിരുന്ന ദിക്കുകളിൽ സൂര്യരശ്മികളെ മറയ്ക്കത്തക്കവിധത്തിൽ മേഘങ്ങൾ ആകാശത്തിൽ പരന്നുപറന്നുകൊണ്ടിരുന്നു. ഇങ്ങനെ അനേകവനങ്ങളും മനോഹരങ്ങളായ പല പർവ്വതങ്ങളും പിന്നിട്ടു പൊയ്ക്കൊണ്ടിരിക്കവെ, മദ്ധ്യേ മാർഗ്ഗം കോപിച്ചലറിച്ചീറിയടുക്കുന്ന ഭയങ്കരരൂപനായ വിരാധനെ അവർ കണ്ടു. എന്തു വരാൻപോകുന്നു എന്നു സംശയിച്ചു ദേവാദികൾ ഭയപ്പെട്ടു. രാമചന്ദ്രനും ഹൃദയത്തിൽ വിസ്മയവും വിശങ്കയും അങ്കുരിക്കയാൽ കൈകേയിയുടെ ദുഷ്കർമ്മഫലത്തെ അനുസ്മരിപ്പിക്കുമാറു ലക്ഷ്മണനിൽ ഒരു നോട്ടമിട്ടു. കുമാരൻ കുപിതനായി ഉഗ്രധാരങ്ങളായ അഞ്ചു ബാണങ്ങളാൽ ആ ദുഷ്ടരാക്ഷസന്റെ മർമ്മങ്ങളെ ഭേദിച്ചു. അതു നിമിത്തം വല്ലാതെ വ്യാകുലപ്പെട്ട അസുരൻ, കാലദണ്ഡകരാളമായ തന്റെ ശൂലവും ഓങ്ങി സീതയോടണയുന്നതുകണ്ട് ഭഗവാൻ സംഭ്രമിച്ചു ശൂലം ഗ്രഹിച്ചിരുന്ന ഹസ്തത്തെ ക്ഷണേന ഖണ്ഡിച്ചു. എന്നിട്ടും അടങ്ങാതെ അലറിയടുത്ത ശാപഗ്രസ്തനായ ആ വിദ്യാധരനെ ശിരഃഛേദത്താൽ മുക്തനാക്കി ആത്മപദം നൽകി അനുഗ്രഹിക്കയും ചെയ്തു.

അനന്തരം യാത്രയെത്തുടർന്ന ഭ്രാതൃഭാര്യാസമേതനായ ഭഗവാൻ ശരഭംഗമഹർഷിയുടെ പുണ്യാശ്രമത്തിൽ ചെന്നുചേർന്നു. കൺവണ്ടുകളാൽ രാമമുഖപങ്കജത്തിലെ സൗന്ദര്യമധുരസത്തെ ഭക്തിപൂർവ്വം നുകർന്ന ഭാഗ്യശാലിയായ ശരഭംഗന്റെ ജന്മം എത്രയോ ധന്യമാണ്. അദ്ദേഹം ഭഗവദ്ദർശനത്താൽ കൃതാർത്ഥനായി പറകയാണ്. "ശംകരമാനസത്തിലെ രാജഹംസമേ! രഘുരാജ! ദയാലോ! ഞാൻ ഇതിനുമുമ്പു ബ്രഹ്മലോകത്തെ പ്രാപിക്കേണ്ടവനാണ്. രാ

മചന്ദ്രൻ വനത്തിലേക്കു എഴുന്നള്ളുന്നു എന്ന വർത്തമാനം കേട്ട് രാപ്പകൽ ആ വരവുനോക്കനോക്കി ഇരിക്കയായിരുന്നു. ഇപ്പോൾ എന്റെ പ്രഭുവിനെ കാണ്മാനും മനസ്സിനെ കൃതാർത്ഥമാക്കാനും ഭാഗ്യവശാൽ സംഗതിയായി. നാഥ! ഞാൻ യാതൊരു ഗുണശോഭയുമില്ലാത്തവനാണ്. എന്നാലും ദയാപൂർവ്വം നിന്തിരുവടി എന്നെ ഒരു എളിയ ഭക്തനാക്കി ഗണിച്ചിരിക്കുന്നു. ഇനി എനിക്കു ഒരപേക്ഷയും അറിയിക്കാനില്ല. ഹേ ഭക്തമാനസചോര! ദീനബന്ധുവായ ആഴങ്ങളെക്കണ്ടതിന്നുശേഷം ഈ ശരീരത്തെ ത്യജിക്കണമെന്നുള്ള എന്റെ നിഷ്ഠ ഇപ്പോൾ സാധിതപ്രായമായി. യോഗവും, യാഗവും, ജപതപോവ്രതങ്ങളുമെല്ലാം ശരിക്കു ഞാൻ അനുഷ്ഠിക്കകൊണ്ടു സിദ്ധിച്ച പ്രഭുപ്രസാദത്താൽ ഉത്തമഭക്തി എനിക്കു ലഭിക്കുകയും ആയി. ഇപ്രകാരം തന്റെ ശവദാഹചിതസജ്ജീകരിച്ച്, സർവസംഗ വിമുക്തമായ ഹൃദയത്തോടുകൂടി ഇരുന്നു "രാമനാമത്തിൽ സഗുണരൂപംധരിച്ചിരിക്കുന്ന നീലമേഘ ശ്യാമളനായ എന്റെ പ്രഭു സീതാലക്ഷ്മണസമേതനായി നിരന്തരം എന്റെ ഹൃദയത്തിൽ വസിക്കട്ടെ" എന്നുച്ചരിച്ചു. ആ നിമിഷത്തിൽ തന്നെ യോഗാഗ്നിപടർന്നുകത്തി ശരീരത്തെ ഭസ്മീകരിക്കയും രാമകൃപയാൽ ആ പുണ്യാത്മാവ് ശ്രീ വൈകുണ്ഠത്തെ പ്രാപിക്കയും ചെയ്തു. ഹരിയിൽലയംപ്രാപിക്കാതെ ശരഭംഗൻ വിഷ്ണുലോകംഗമിച്ചതു് ആദ്യമേ അദ്ദേഹം ഭക്തിയെത്തന്നെ വരിച്ചിരുന്നതുകൊണ്ടത്രേ. ശരഭംഗഗതി നോക്കി പരമാനന്ദഭരിതരായ മററുള്ള മഹർഷിമാർ "കരുണാസിന്ധുവും പദഭക്തബന്ധുവുമായ ഭഗവാൻ ജയിപ്പൂതാക" എന്നു സ്തോത്രം ചെയ്തു. രാമചന്ദ്രൻ അനന്തരം മുനിവൃന്ദവുമൊരുമിച്ച് കാനനാന്തരത്തിലേക്കു യാത്രചെയ്യുമ്പോൾ അവിടവിടെ അസ്ഥിക്കൂട്ടങ്ങൾ കുന്നിക്കിടക്കുന്നതുകണ്ട് ദയാലോലനായി അവയുടെ ആഗമ കാരണത്തെ അന്വേഷിച്ചു. ഉടനെ മുനിമാർ പറകയാണ്:—"പ്രഭോ! സർവാന്തര്യാമിയും സർവസാക്ഷിയുമായ അങ്ങ് അറിയാത്തതല്ല. ഈ വിധം ചോദിക്കുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ഇതെല്ലാം രാക്ഷസന്മാർ അമൃതേത്തുകഴിച്ച മുനിമാരുടെ അവശിഷ്ടങ്ങളത്രേ" ഈ വാക്കുകൾ രഘുരാജന്റെ മിഴികളിൽ ബാഷ്പം നിറച്ചു. അദ്ദേഹം കൈകൾ ഉയർത്തിക്കൊണ്ടു ഭൂതലത്തെ രാക്ഷസരഹിതമാക്കിത്തീർക്കുമെന്നു ശപഥംചെയ്തു. അനന്തരം ആ മുനിമാരുടെ ആശ്രമങ്ങളിൽപോയി പ്രതിസന്ദർശനം നടത്തി അവരെ സംതൃപ്തരും സന്തുഷ്ടരും ആക്കി.

സുതീക്ഷ്ണൻ അഗസ്ത്യന്റെ ഒരു ഉത്തമശിഷ്യനാണ്. അദ്ദേഹം വിജ്ഞാനിയും ഭക്തനുമായിരുന്നു. മനോവാക്കർമ്മങ്ങളാൽ രാമപാദസേവകനായി, സ്വപ്നത്തിൽപോലും അന്യവിചാരം ഇല്ലാതെ,

അന്യദേവന്മാരെ സ്മരിക്കാതെ. വസിച്ചുവരുന്നു. പ്രഭുവിന്റെ ആഗമനത്തെക്കുറിച്ചു കേട്ടപ്പോൾ അഭിലാഷത്തോടേ വേഗത്തിൽ ഓടിയെത്തി എതിരേൽക്കാൻ ബദ്ധപ്പെട്ടിറങ്ങി. ഹാ! സര്‌വേശ! ദീനബന്ധുവായ രഘുരാജൻ എന്നെപ്പോലെയുള്ള അധമനിലും കരുണയെച്ചെയ്യുന്നവനാണ്. രാമചന്ദ്രനും അനുജനും സ്വന്തം സേവകനെപ്പോലെ എന്നെ സ്വീകരിക്കും. എനിക്കു ദൃഢമായ വിശ്വാസമില്ല. ശ്രദ്ധയില്ല. വൈരാഗ്യവും ജ്ഞാനവുമില്ല. സൽസംഗമില്ല. യോഗജപയാഗാദിപുണ്യകർമ്മങ്ങളുമില്ല. എന്നാൽ രാമപാദങ്ങളിൽ ദൃഢമായ ഭക്തിയുണ്ടോ.? അതുമില്ല. കരുണാനിധിയുടെ ഒരു വാക്കുമാത്രമാണ്- അന്യകർമ്മങ്ങളേയോ, അന്യദേവന്മാരേയോ, ഭജിക്കാതെഎന്നിൽതന്നെ മനസ്സുറപ്പിച്ചിരിക്കുന്നവൻ എനിക്കു പ്രിയനാണ് എന്നരുളിച്ചെയ്തിട്ടുള്ള വാക്കാണ്- എനിക്കവലംബം. സംസാരമുക്തികരമായ ആ മുഖപങ്കജത്തെ ദർശിച്ച് ഇന്നു എന്റെ നേത്രങ്ങൾ സഫലങ്ങളാകും." ഇത്യാദിവാഗ്ബുദ്ബുദങ്ങൾ ഭക്തിപ്രവാഹത്തിൽ ഉയർന്നുകൊണ്ടിരുന്നു. ആ തത്വജ്ഞമുനിശ്രേഷ്ഠന്റെ അത്യന്തമായ സ്നേഹരസത്തിൽമുഴുകിയ അപ്പോഴത്തെഅവസ്ഥ വാചാമഗോചരമെന്നേപറയാവൂ. ദിക്കിലേക്കോവിദിക്കിലേക്കോതന്റെ മാർഗ്ഗം എന്നു കാണ്മാനോ, താൻ ആരാണെന്നും എവിടെ പോകുന്നു എന്നും ഓർക്കാനോ കഴിവുണ്ടായില്ല. അല്പദൂരം മുമ്പോട്ടു പോകുക, തിരിഞ്ഞു നടക്കുക, ചിലപ്പോൾ ആടുക, രാമഗുണഗാനങ്ങൾ പാടുക, ഇങ്ങനെ ഭക്തിരസാമൃതത്തുള്ളലിലെ ഓളങ്ങൾ പ്രവൃത്തിരൂപത്തിൽ ഇളകിക്കൊണ്ടിരുന്നു. പ്രഭു, വൃക്ഷമറവിൽനിന്നു സ്വഭക്തനെനോക്കി. ആ നോട്ടത്താൽ മഹർഷിയുടെ പ്രേമവും ഭക്തിയും പൂർവ്വാധികം വർദ്ധിച്ചു. ഭവസങ്കട നാശനനായ ഭഗവാൻ രഘുരാജൻ, അതിശയഭക്തികണ്ടു് ആ പുണ്യാത്മാവിന്റെ ഹൃദയത്തിൽ ആത്മരൂപത്തെ പ്രകടീകരിച്ചു. എന്തൊരത്ഭുതമാണ്! മാർഗ്ഗമദ്ധ്യസ്ഥനായ മഹർഷി ആ അവസരത്തിൽ രോമകണ്ടകമണിഞ്ഞുനിലയായി. രഘുരാജൻ തത്താദൃശമായ ഭക്തിരസപ്രകാശത്തെ സന്ദർശിക്കാനുള്ള കൗതുകത്തോടേ സമീപത്തിലടുത്ത് സമാധിയിൽനിന്നും ഉണർത്തുന്നതിനു പല പ്രകാരത്തിൽ ശ്രമിച്ചു. എന്തുഫലം! ധ്യാനനിഷ്ഠമായ സുഖത്തിൽ മുഴുകിയ മുനിശ്രേഷ്ഠൻ ഉണരുക ഉണ്ടായില്ല. ക്ഷണേന ഭഗവാൻ ആ ഭക്തന്റെ ഹൃദയത്തിൽനിന്നും തന്റെ രാജരൂപത്തെ തിരസ്കരിച്ചു്, ചതുർഭുജാലംകൃതമായ വൈഷ്ണവരൂപത്തെ പ്രകാശിപ്പിച്ചു. പെട്ടെന്നു് ഫണാമണിപോയ സർപ്പത്തെപ്പോലെ സുതീക്ഷ്ണൻ വിഷണ്ണനായി ഞെട്ടി കൺമിഴിച്ചു പരിഭ്രമത്തോടേ നോക്കി. സുഖധാമമായ രാമചന്ദ്രൻ സീതാനുജസമേതനായി ശ്യാമളശരീരവും വഹിച്ചു്, പുരോഭാഗ

ത്തു എഴുന്നള്ളി നിൽക്കുന്നതുകണ്ട് പരമസുഖാനുഭൂതിയോടേ പ്രേമരസത്തിൽ മുഴുകിയ മഹർഷി നന്ദികാണിക്കുന്ന ഒരു നായെപ്പോലെ തൃപ്പാദങ്ങളിൽ കുമ്പിട്ടുവീണു. ഭഗവാൻ തന്റെ വിശാല ഭുജങ്ങളാൽ സുതീക്ഷ്ണനെപ്പിടിച്ചെഴുന്നേല്പിച്ച്, അനല്പമായ പ്രേമഭാരം നിറഞ്ഞ മാറത്തുചേർത്തു. ആ അവസരത്തിൽ കൃപാനിധി സുവർണ്ണവൃക്ഷത്താൽ ആശ്ലിഷ്ടമായ പച്ചിലമരംപോലെ ശോഭിച്ചു. മഹർഷി ഔത്സുക്യത്തോടെ രാമമുഖപങ്കജത്തിൽ മിഴികളെ അർപ്പിച്ച് ചിത്രലിഖിതനോ എന്നു തോന്നുമാറ് നിശ്ചലനായി വളരെനേരംനിന്നു. ഒടുവിൽ പണിപ്പെട്ടു ധൈര്യത്തെ അവലംബിച്ച് നമസ്കാരപൂർവ്വം തൃപ്പാദങ്ങളെ പലവുരുചുംബിച്ചു. പ്രഭുവിനെ തന്റെ ആശ്രമത്തിൽ കൂട്ടിക്കൊണ്ടുപോയി പരമഭക്തിയോടേ പലപ്രകാരത്തിൽ പൂജിച്ചു. എന്നിട്ടു വണങ്ങിവീണു സ്തുതിക്കയായി.

സുപ്രഭോ! ഭവൽ സ്തോത്രമുച്ചരിക്കുവാൻ മോഹ-
മല്പമല്ലെന്നാലതു മെങ്ങനെ സാധിപ്പൂ ഞാൻ!
നിർഭരമഹിമാവ,ങ്ങിവനോ ദീനൻ, ക്ഷുദ്ര-
ബുദ്ധി, മിന്നാമിനുങ്ങുവെയിലിൽ തെളിയുമോ?
ശ്യാമപങ്കജദാമകോമള ശരീരഹേ
രാമ രാഘവ ജടാമകുടചീരാംബര!
കാർമ്മുകബാണപാണിപങ്കജ, നിഷംഗാഭി-
രാമ! രാപ്പകൽനിന്നെസ്സേവിച്ചുഭജിക്കുന്നേൻ
മോഹകാനനത്തെച്ചുട്ടെരിക്കും കൃശാനു, സൽ-
സ്നേഹചിത്തന്മാരാം തണ്ടാർക്കൂട്ടത്തിനുഭാനു,
ദ്രോഹിരാക്ഷസഗജപഞ്ചാസ്യൻ ഭവപക്ഷി-
വ്യൂഹസംഹാരക്ഷമമായ രാജാളി, രാമൻ
സന്ദേഹസർപ്പാനായഗരുത്മാൻ, ത്രിദിവേശ
വൃന്ദരഞ്ജനൻ സർവ്വസന്താപവിഭഞ്ജനൻ,
ചന്ദ്രശീതളകൃപാവാരാശി, ജന്മാപേത-
നന്നപഹമിവന്നവലംബമായ് ഭവിക്കണം
ജാനകീദൃക്ചകോരചന്ദ്രനായ് ശിവചിത്ത-
മാനസസരസ്സിലെ മഞ്ജുളമരാളമായ്
മാനനീയമാം വേഷംപൂണ്ടു വിസ്തൃതവക്ഷഃ
പീനദോർദ്ദണ്ഡനായിവിളങ്ങും വിഭുവിനെ,
ചേണൊന്ന ചെന്താമരക്കണ്ണനെ, സ്തുതിരൂപ-
സൂനമാരാധിച്ചുപാസിക്കുന്നു സദൈവ ഞാൻ
ജ്ഞാനവാക്ചിന്താതീതൻ നിർമ്മലനനുപമൻ

ക്ഷോണിഭാരാപഹാരി നിഖിലൻ നിരവദ്യൻ
മാനഹീനൻ നിൎഗ്ഗുണസഗുണാകൃതി സൎവ്വ-
ദീനരക്ഷകൻ സമവിഷമസ്വരൂപകൻ
ഭാനുവംശത്തിൻ ജയകേതു, ഭക്തൎക്കു കല്പ-
കാനനം, സംസാരപാരാവാരമണിസേതു,
താനനാരതം മമ സ്തോത്രപാത്രമായ് മമ
മാനസേ വിഹരിച്ചു കാത്തുകൊള്ളണമെന്നെ.
മാരസുന്ദര! മദക്രോധാദിവിമോചന!
ശ്രീരാമ! സൎവ്വതന്ത്രസ്വതന്ത്ര! ജഗൽപ്രഭോ!
ഘോരമാം കലികാലമലത്തെ വിഭഞ്ജിക്കും
പേരുററപെരുമാനേ! ധൎമ്മരക്ഷക! വിഭോ!
ദുൎവ്വാരബാഹുവീൎയ്യ! സുഖദ! ഗുണാകര!
സൎവ്വദാ! ഭവാൻമമാഭീഷ്ടങ്ങളരുളണം.
നിൎവ്വികാരൻ നാശാദിരഹിതൻ മായാഹീനൻ
സൎവ്വഗൻ സൎവ്വഭൂതാന്തൎഗ്ഗതൻ താനെങ്കിലും
ദുൎവ്വിധങ്ങളെനീക്കി ധൎമ്മസ്ഥാപനം ചെയ്വാൻ
ഉൎവ്വിയിൽ സൂൎയ്യവംശവിളക്കായ് ജനിച്ചിപ്പോൾ
കാനനേ ഭാൎയ്യാസഹോദരസംയുതനായി
സാനന്ദം സഞ്ചരിക്കും ഭഗവാൻ ഭക്തപ്രിയൻ
ഹീനനാമെൻെറ ദീനദീനമാം ഹൃദയത്തിൽ
വാണരുളട്ടെ, വളരട്ടെ മംഗളം മമ.
കോസലപതിരാമൻ സഗുണാഗുണരൂപ
ഭാസുരബ്രഹ്മം തന്നെയാണെന്ന പരമാൎത്ഥം
വാസനവിട്ടു വിദ്വാനറിയും; ആ രാഘവൻ
വാസസ്ഥാനമാകട്ടെ മാമകമനോംബുജം.
ശ്രീരാമഭക്തികൈവിട്ടീടുവോൻ മഹാധമ-
ഫേരവതുല്യനെന്നു വിദ്വൽസമ്മതമല്ലോ-
ഭൂരമാമനോരമ! സേവകൻ ഞാൻ, നീപതി
യാരാലീയഭിമാനം മറവാതിരിക്കണം.

ഭക്താവതംസമായ സുതീക്ഷ്ണൻെറ സ്തുതിപാഠത്താൽ ഭഗവാൻ സന്തോഷമഗ്നനായി രണ്ടാമതും ആ ഭക്തനെ ആശ്ലേഷിച്ചു. മുനീശ്വര! ഞാൻ അത്യന്തം പ്രസന്നനായി ഭവിച്ചിരിക്കുന്നു. അങ്ങു് അഭിലഷിക്കുന്ന വരമേതോ അതിനെ അൎത്ഥിച്ചുകൊള്ളുക.

മഹൎഷി:—ഞാൻ ഒരിക്കലും വരം അൎത്ഥിക്കയുണ്ടായിട്ടില്ല. നല്ലതും തീയതും തിരിച്ചറിയാനുള്ള ശക്തിയുമെനിക്കില്ല. രഘുരാ

ജ! ഏതൊന്നാണോ ഉചിതമെന്നു തിരുമനസ്സിൽ തോന്നുന്നതു്, അതിനെ ദാനം ചെയ്യുക. നിന്തിരുവടി ഭക്തസുഖദനാണല്ലോ.

"മഹർഷേ! താങ്കൾക്കു് ഞാൻ അവിരളഭക്തിയും വൈരാഗ്യവും വിജ്ഞാനവും നൽകുന്നു. സകലഗുണങ്ങൾക്കും ജ്ഞാനത്തിനും താങ്കളെ നിധാനമാക്കുകയും ചെയ്യുന്നു.

"പ്രഭോ! നിന്തിരുവടി ദയാപൂർവ്വം ദാനംചെയ്ത വരത്തെ ഞാൻ പ്രതിഗ്രഹിച്ചുകഴിഞ്ഞു. ഇനി എനിക്കു് സ്വന്തമായ അഭീഷ്ടത്തെ ക്കൂടി അറിയിച്ചുകൊള്ളട്ടെ!"

'അതു മറെറാന്നുമല്ല; പ്രഭുവായ രാമൻ ചാപബാണങ്ങൾ ധരിച്ചു്, സീതാനുജസമേതനായി എപ്പോഴും എൻെറ ഹൃദയാകാശത്തിനു് ചന്ദ്രനായി പരിലസിക്കണമെന്നാണു്.' ഭഗവാൻ അനുഗ്രഹബുദ്ധ്യാ അപ്രകാരം ഭവിക്കും എന്നരുളിച്ചെയ്തു. അനന്തരം അഗസ്ത്യാശ്രമത്തിലേക്കു എഴുന്നള്ളാൻഭാവിക്കവേ, സുതീക്ഷ്ണൻ രണ്ടു കൈയും കൂപ്പി സാഷ്ടാംഗപ്രണാമം ചെയ്തു പറകയാണു്. "പ്രഭോ! ഞാൻ ഗുരുവിനെക്കണ്ടിട്ടു് വളരെനാൾ കഴിഞ്ഞു. ഈ ആശ്രമത്തിൽ വന്നതിൽ പിന്നെ അദ്ദേഹത്തെ ദർശിച്ചില്ല. ഇപ്പോൾ പ്രഭുവിനോടൊന്നിച്ചു ഞാനും വന്നുകളയാമെന്നു വിചാരിക്കുന്നു. അതു് അങ്ങേക്കു് ഒരുപദ്രവമായിരിക്കയുമില്ല. മുനിയു*ടെ കൗശലബുദ്ധി ഓർത്തു ഭ്രാതാക്കന്മാർ അന്യോന്യംനോക്കി ഹസിച്ചു. എല്ലാവരുമായി പുറപ്പെടുകയുംചെയ്തു. സുതീക്ഷ്ണൻെറ ഭക്ത്യതിശയത്തെ മനസാ മാനിച്ചുകൊണ്ടു ഭഗവാൻ അഗസ്ത്യൻെറ പുണ്യാശ്രമപരിസരത്തിൽ എത്തി. പരിശുദ്ധവും സുന്ദരവും നദി, പൊയ്ക, കാടു, മല മുതലായ പ്രകൃതിവിലാസത്തിൻെറ രാമണീയകത്താൽ വിലസിതവും ജാതിവൈരം വെടിഞ്ഞു് അന്യോന്യം സ്നേഹിച്ചു കഴിഞ്ഞുകൂടുന്ന സ്ഥലജലജീവികളാൽ പ്രശോഭിതവും വിവിധലതാവൃക്ഷപരിപൂർണ്ണവും വിഹഗമൃഗനിഷേവിതവും ആയി അഗണിതഗുണമഹിമയോടുകൂടെ ആ പുണ്യാശ്രമം കാണപ്പെട്ടു. സുതീക്ഷ്ണൻ ദ്രുതഗതിയിൽ നടന്നുചെന്നു മുനിയെ വണങ്ങി അറിയിച്ചു. "നാഥ! ജഗദാധാരഭൂതനായകോസലരാജകുമാരൻ—രാപ്പകൽ അങ്ങു് ആരുടെ തിരുനാമമാണോ ജപിച്ചുകൊണ്ടിരിക്കുന്നതു് ആ രാമചന്ദ്രൻ—അനുജനോടും ദേവിയായ വൈദേഹിയോടുംകൂടി അങ്ങേ കാണ്മാനായി വന്നിരിക്കുന്നു." ഈ വാക്കുകൾ കാതുകളിൽ കടന്നമാത്രയിൽ അഗസ്ത്യൻ ബദ്ധപ്പെട്ടെഴുന്നേറേറാടി പുറവാതുക്കൽ എത്തി. ഹരിയുടെ ദർശനം അദ്ദേഹത്തിൻെറ മിഴികളെ ബാഷ്പപൂരത്തിൽമുക്കി. ഭ്രാതാക്കന്മാർ രണ്ടു

* അല്പസമയം കൂടി ഭഗവൽപാദങ്ങൾ കണ്ടുകൊണ്ടിരിക്കാമല്ലോ എന്ന അഭിപ്രായത്താലാണു് മുനി ഗുരുദർശനത്തിനായി അപ്പോൾ പുറപ്പെട്ടതു്.

പേരും മുനിയുടെ വിശുദ്ധപാദങ്ങളിൽ വണങ്ങിവീണു. അവരെ അദ്ദേഹം പ്രീതിപൂർവ്വം വാരിയെടുത്തണച്ച് ആദരപൂർവ്വം കുശലങ്ങൾ ചോദിച്ചു. അനന്തരം അകത്തു കൂട്ടിക്കൊണ്ടുപോയി. "മത്സമനായോരു ധന്യനില്ലുഴിയിൽ" എന്നു പലവുരു ഉച്ചരിച്ചുകൊണ്ട് ജ്ഞാനഘനനായ മഹർഷി തന്റെ പ്രഭുവിനെ വിവിധപൂജകളാൽ ഉപചരിച്ച്, ആസനത്തിൽ ഉപവേശിപ്പിച്ചു. മററു അവിടെ സന്നിഹിതരായിരുന്ന മഹർഷിമാരും സുഖകന്ദമായ രഘുകുലചന്ദ്രനെ നോക്കി ഹർഷഭരിതന്മാരായി.

സർവ്വദൃഷ്ടികളേയും തങ്കലേക്കാകർഷിച്ചുകൊണ്ട് മുനിസമൂഹമദ്ധ്യത്തിൽ സ്ഥിതിചെയ്ത രഘുരാജൻ ചകോരനികരത്താൽ വീക്ഷ്യമാണനായ ശരച്ചന്ദ്രനെപ്പോലെ ശോഭിച്ചു. ഈ അവസരത്തിൽ ഭഗവാൻ മഹർഷിയെ നോക്കി "സ്വാമിൻ! അങ്ങേ ദൃഷ്ടിക്ക് അവിഷയമായി യാതൊന്നും ഇല്ല. ഞാൻ എന്തിനായി ആഗമിച്ചു എന്നു പറയാതെതന്നെ അങ്ങേക്കറിയാം. സുരമുനിബ്രാഹ്മണദ്രോഹികളായ രാക്ഷസന്മാരെ നിഗ്രഹിക്കുന്നതിനു നിന്തിരുവടി ഏതെങ്കിലും ഒരു മന്ത്രം എനിക്കുപദേശിച്ചുതരിക" എന്നരുളിച്ചെയ്തു. അരുളപ്പാടുകേട്ടു മഹർഷി പുഞ്ചിരിതൂകിപ്പറകയാണ്:—"പ്രഭോ! അങ്ങു എന്നോടു ചോദിക്കയോ? എനിക്ക് എന്തറിയാം. ഹേ! പാപനാശന! ഈ തൃപ്പാദഭജനത്താൽ സിദ്ധിച്ച പ്രഭാവംകൊണ്ട് അങ്ങേ മഹിമ അല്പമാത്രം അറിവാൻ സംഗതിയായിട്ടുണ്ടെന്നേയുള്ളു. ഭഗവൻ! നിന്തിരുവടിയുടെ മായയെ വിശാലമായ ഒരു പേരാൽമരത്തോടുപമിക്കാം. ബ്രഹ്മാണ്ഡകോടികൾ അതിലെ കായ്കുലങ്കളാണ്. ചരാചരപ്രപഞ്ചജാതങ്ങളെല്ലാം ആ കായ്കുലങ്ങളിൽ ഇരിക്കുന്ന കൃമികളാണെന്നു പറയാം. ഓരോന്നിൽ വസിക്കുന്ന ജീവികൾ അതതു പ്രത്യേക ഫലങ്ങളല്ലാതെ വെളിയിൽ വേറെ ഫലങ്ങളില്ലെന്നു വിചാരിക്കുന്നു. ഈ ഫലങ്ങളെല്ലാം തിന്നൊടുക്കുന്ന കഠിനനും കരാളനുമായ കാലമൂർത്തിയും സദാ നിന്തിരുവടിയെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നു. പ്രഭോ! അങ്ങ് സകലലോകപതി ആകുന്നു. എന്നിട്ടും ഒരു സാധാരണമനുഷ്യനെപ്പോലെ എന്നോട് ചോദിക്കുന്നുവല്ലോ. കൃപാനിധേ! എനിക്കൊരു വരം വേണമെന്നു അപേക്ഷയുണ്ടു. അതു മറെറാന്നുമല്ല. സീതാനുജസമേതനായി നിന്തിരുവടി എപ്പോഴും എന്റെ ഹൃദയത്തിൽ എഴുന്നള്ളിയിരുന്ന് അങ്ങേ പദകമലങ്ങളിൽ അഭംഗമായ പ്രീതിയും അവിരളമായ ഭക്തിയും ഉദിപ്പിച്ച്, സാധുസംഗവും വൈരാഗ്യവും കൈവരാൻ എനിക്ക് ഇടയാകണമെന്നാണ്. അഖണ്ഡവും അനന്തവും അഗമ്യവും സാധുജനസേവ്യവുമായ ബ്രഹ്മംതന്നെയാണ് നിന്തിരുവടി എങ്കിലും അങ്ങയുടെ അവതാരരൂപത്തെ ഞാൻ പ്രഖ്യാപിക്കുകയും അറിയുകയും

ചെയ്യുന്നു. സഗുണബ്രഹ്മരതിയെ അഥവാ, ഭക്തജനാനുഗ്രഹത്തിനായി അവതാരത്തെ സ്വീകരിക്കുന്നതിലുള്ള അഭിലാഷത്തെ, ഞാൻ വീണ്ടും വീണ്ടും സ്തുതിക്കുന്നു. സ്വന്തം ഭൃത്യന്മാരെ പ്രശംസിക്കുന്നതു എപ്പോഴും നിന്തിരുവടിയുടെ സ്വഭാവമാകുന്നു. അതുകൊണ്ടായിരിക്കാം ഇപ്പോൾ എന്നോടു ഈ ചോദ്യം ചെയ്യുന്നതു്. ഹേ പ്രഭോ! അത്യന്തം മനോഹരവും പാവനവുമായി ദണ്ഡകവനത്തിൽ ഗോദാവരീനദീതീരത്തിൽ പഞ്ചവടി എന്നൊരു സ്ഥലമുണ്ടു്. അവിടെ എഴുന്നള്ളി ആ വനത്തെ പരിശുദ്ധമാക്കി ഉഗ്രമായ * മുനിശാപത്തിൽനിന്നും മുക്തമാക്കിച്ചെയ്താലും! അതുവഴി മുനിജനങ്ങളെ അനുഗ്രഹിച്ചാലും.

ഈ നിർദ്ദേശമനുസരിച്ചു ഭഗവാൻ മഹർഷിയെ വണങ്ങിപ്പുറപ്പെട്ടു പഞ്ചവടിയിൽ ചെന്നുചേർന്നു. ദിവ്യലതാവൃക്ഷനിബിഢിതമായ ആ കാനനത്തിലെ പ്രകൃതിവിലാസം പ്രഭുവിനെ അത്യധികം ആഹ്ലാദിപ്പിച്ചു. രാമാദികളുടെ പാദസ്പർശനമാത്രത്താൽ തന്നെ ദണ്ഡകവനം പാപമുക്തമായി സുഖകരമായിത്തീരുകയും ചെയ്തു.

അവിടെ ഗൃദ്ധ്രരാജനായ ജടായുവിനെ കണ്ടിട്ടു കുശലപ്രശ്നാദികളാൽ പൂർവ്വസ്നേഹത്തെ ദൃഢീകരിച്ചു പിരിഞ്ഞതിനുശേഷം ഗോദാവരീനദിക്കു സമീപമായി ഒരു പർണ്ണശാല കെട്ടി അതിൽ താമസമുറപ്പിച്ചു. അന്നുമുതൽ മുനിജനങ്ങൾ നിർഭയമായും സുഖമായും തങ്ങളുടെ തപശ്ചര്യകളെ നിർവ്വഹിച്ചുവന്നു. നദികൾക്കും, പർവ്വതങ്ങൾക്കും, കാടുകൾക്കും, വൃക്ഷങ്ങൾക്കും, ഒരു പുതിയ ശോഭ വീശി തെളിഞ്ഞു ദിവസംതോറും വർദ്ധിച്ചു. ഖഗങ്ങളും മൃഗങ്ങളും അത്യന്തം ആനന്ദിച്ചു. മധുപങ്ങളുടെ മധുരഗുഞ്ജനം വനസ്ഥലികളിൽ ആപൂരിച്ചു. എന്നുവേണ്ടാ, രഘുപതി പ്രത്യക്ഷനായി എഴുന്നരുളിയ ആ വനത്തിന്റെ വരമഹിമ സാക്ഷാൽ അനന്തനാൽ പോലും വർണ്ണിക്ക സാദ്ധ്യമല്ലാത്തവിധത്തിൽ ആയിത്തീർന്നു. ഒരു ദിവസം പ്രഭു സുഖമായിരിക്കുന്ന അവസരത്തിൽ ലക്ഷ്മണൻ തൃപ്പാദങ്ങളെ വണങ്ങി ഉണർത്തിച്ചു. മഹർഷിവൃന്ദങ്ങൾക്കും സചരാചരജഗത്തിനും അധീശ! എന്റെ പ്രഭുവായ നിന്തിരുവടിയോടു് എനിക്കു് ഒന്നു ചോദിക്കാനുണ്ടു്. ഹേ ദേവ! അവിടുന്നു സദയം അരുളിച്ചെയ്യണം. ഞാൻ തൃപ്പാദസേവനത്തിനായി സർവ്വവുമുപേക്ഷിച്ചുവന്നവനാണെന്നു് അറിയാതെ ഇരിക്കയില്ല. ജ്ഞാനവൈ

---

*ഭൃഗുമുനിയുടെ പുത്രിയായ അബ്ജ എന്ന കന്യകയെ ദണ്ഡകരാജ്യം വാണിരുന്ന ദണ്ഡൻ എന്ന രാജാവു പാതിവ്രത്യഭംഗം ചെയ്കയാൽ കുപിതനായ മഹർഷി ദണ്ഡകരാജ്യം ധൂളിവർഷിച്ചു്, വനമായി തീരട്ടെ എന്നു ശപിച്ചു എന്നും അന്നുമുതൽക്കാണു് അതു ജനശൂന്യമായി രാക്ഷസന്മാരാലും വന്യമൃഗങ്ങളാലും അധിവസിക്കപ്പെട്ടതെന്നും പുരാണകഥ.

രാഗ്യപ്രകാരങ്ങളും, മായാസ്വരൂപവും, നിന്തിരുകരുണ ലഭിക്കുന്നതിനു പൎയ്യാപ്തമായ ഭക്തിയുടെ ലക്ഷണവും അറിവാൻ ആഗ്രഹമുണ്ട്. കൂടാതെ ജീവനും ഈശ്വരനും തമ്മിലുള്ള ഭേദവും മുറപോലെ പറഞ്ഞു മനസ്സിലാക്കി തൃപ്പാദങ്ങളിൽ എനിക്കു ദൃഢഭക്തിയും ശോകമോഹഭ്രമനിവൃത്തിയും ഉണ്ടാകുമാറു് അനുഗ്രഹിക്കണം. ഭഗവാൻ പറഞ്ഞു—"ലക്ഷ്മണ! ഞാൻ സൎവ്വം സംക്ഷേപമായി പറഞ്ഞുതരാം. ബുദ്ധിയും മനസ്സും ഏകാഗ്രമാക്കി നീ ശ്രദ്ധിച്ചുകൊള്ളണം. അഹംഭാവവും ഇവൻ, അവൻ എന്നുള്ള ഭേദഭാവനയും ആണു മായയേ ഉണ്ടാക്കുന്നതു്. അതു സൎവ്വജീവരാശികളേയും വശീകരിക്കുന്നതുമാണ്. ഇന്ദ്രിയങ്ങളും ഇന്ദ്രിയവിഷയങ്ങളും ചതുൎവിധ വൃത്തിയോടുകൂടിയ മനസ്സും എല്ലാം മായാരൂപങ്ങളാകുന്നു. ആ മായയ്ക്കു് വിദ്യ എന്നും അവിദ്യ എന്നും രണ്ടു രൂപങ്ങളുണ്ടു്. അതിൽ അവിദ്യ ദുഷ്ടവും അതിശയദുഃഖരൂപവും ആകുന്നു. ആത്മശക്തിയില്ലാതെ പ്രഭുവിനാൽ പ്രേരിതയാകകൊണ്ടുമാത്രം ഈ കാണപ്പെടുന്ന സകലപ്രപഞ്ചത്തേയും സൃഷ്ടിക്കുന്നു. അതിനു വശപ്പെടുന്ന ജീവരാശികൾ സംസാരകൂപത്തിൽ പതിച്ചുഴലുന്നു. വിദ്യയാകട്ടെ, സൎവ്വത്തിലും വ്യാപിച്ചു് ജ്ഞാനപ്രകാശകമായി സ്ഥിതിചെയ്യുന്നു. ജ്ഞാനം മായാതീതമാണ്. അതു ആത്മാഭിമാനം തെല്ലും ഇല്ലാതെ എല്ലാററിലും ബ്രഹ്മസ്വരൂപംതന്നെ കാണുന്നു. ഹേ സഹോദര! ആരൊരുത്തനാണോ സകല സിദ്ധികളേയും ത്രിഗുണങ്ങളേയും തൃണംപോലെ ഉപേക്ഷിക്കുന്നതു് അവനേ വേണം പരമവൈരാഗി എന്നു പറവാൻ.

ജീവാത്മാവെന്നും പരമാത്മാവെന്നും പറയപ്പെടുന്നതു് ഒരേ ഒരു ചൈതന്യമാണ്. മായാവരണത്താൽ താൻ പരമാത്മാവാണെന്നുള്ള വസ്തുത ജീവൻ അറിയുന്നില്ല. ബന്ധമോക്ഷപ്രദനും സൎവ്വപരനും മായാപ്രേരകനും മോക്ഷസ്വരൂപനുമായ ഈശ്വരൻ തന്നെയാണു പരമാത്മാവെന്നും ധരിച്ചുകൊൾക.

ധൎമ്മത്തിനുശേഷം വൈരാഗ്യവും അതിനുശേഷം യോഗവും യോഗത്തിനപ്പുറമായി ജ്ഞാനവും പറയപ്പെട്ടിരിക്കുന്നു. ജ്ഞാനം മോക്ഷപ്രദമാണെന്നു വേദങ്ങൾ പ്രഖ്യാപിക്കുന്നു. എന്നാൽ എന്റെ മനസ്സ് ക്ഷണത്തിൽ അലിയിക്കാൻ ശക്തിയുള്ളതു് സുജനസുഖദയായ ഭക്തിയാണ്. ഭക്തി മറെറാരാലംബവും ഇല്ലാതെ സ്വതന്ത്രമായി സ്ഥിതിചെയ്യുന്നു. സൎവ്വവിധ ജ്ഞാനവിജ്ഞാനങ്ങളേക്കാൾ അതു് ശ്രേഷ്ഠവുമാകുന്നു. സഹോദര! ഭക്തി അനന്യമഹാമൂല്യവും സാധുക്കളുടെ ആനുകൂല്യത്താൽ സിദ്ധിക്കുന്ന ഒരനുഗ്രഹവുമാണ്. പ്രാണികൾക്കു് എന്നെ ദൎശിക്കുന്നതിനുള്ള സുഖവഴിയെ കാട്ടുന്ന ഭക്തിസാധനങ്ങളേ ഞാൻ വിവരിക്കാം. ഒന്നാമതായി

ബ്രാഹ്മണപാദങ്ങളിൽ സുദൃഢപ്രീതിയുണ്ടായിരിക്കണം. വേദവിധിയനുസരിച്ചു സ്വസ്വധർമ്മങ്ങളെ അനുഷ്ഠിക്കണം. ഇതിൻെറ ഫലമായി ലൗകികവിഷയങ്ങളിൽ വൈരാഗ്യമുണ്ടായി എൻെറ പാദങ്ങളിൽ ദൃഢമായ അനുരാഗമുദിക്കുന്നതാണ്. അതുനിമിത്തം ശ്രവണം, കീർത്തനം, സ്മരണം, പാദസേവനം, അർച്ചനം, വന്ദനം, സഖ്യം, ദാസ്യം ആത്മനിവേദനം ഇങ്ങനെ നവവിധമായ ഭക്തി ദൃഢപ്പെടുന്നു. ഭക്തി ദൃഢപ്പെട്ടാൽ എൻെറ ലീലകൾ പറകയോ കേൾക്കയോ ചെയ്യുന്നതിൽ താല്പര്യം, സാധുപദപങ്കജപ്രേമം, മനസാ കർമ്മണാ വാചാ ഭജനത്തിൽ ദൃഢമായനേമം, ഗുരുവിനോ, മാതാവിനോ, പിതാവിനോ, ബന്ധുവിനോ, സ്വാമിക്കോ ദേവതയ്ക്കോ ചെയ്യപ്പെടുന്ന സേവ, സത്യത്തിൽ എനിക്കുതന്നെ ചെയ്യുന്നതാണെന്നറിഞ്ഞു് അതിൽ ശ്രദ്ധ, ഇവ ഉദിക്കുന്നു. എൻെറ ഗുണങ്ങളെ ഗാനംചെയ്യുമ്പോൾ ശരീരം പുളകിതമായും വാക്കു ഗൽഗദാക്ഷരമായും നേത്രം ബാഷ്പാകുലമായും തീരുന്നു. കാമാദിദോഷങ്ങളും മദവും ഡംഭവും ആ സുകൃതിയുടെ മനസ്സിൽ ഇരിക്കുന്നില്ല. ഹേ ലക്ഷ്മണ! ഇപ്രകാരം ഉള്ള ഭക്തൻെറ ആജ്ഞാകിങ്കരനാണു് ഞാനെന്നറിഞ്ഞുകൊൾക മനസാ വാചാ കർമ്മണാ എന്നെ നിഷ്കാമനായി ഭജിക്കുന്നവനാരോ അവൻെറ ഹൃദയകമലത്തിലത്രേ എപ്പോഴും ഞാൻ വിശ്രമിക്കുന്നതു്.

പ്രഭു അരുളിച്ചെയ്ത ഈ ഭക്തിയോഗത്തെക്കേട്ട് ലക്ഷ്മണൻ അത്യന്തം സുഖിയായി അദ്ദേഹത്തിൻെറ പാദങ്ങളിൽ ശിരസ്സിനെ നമിച്ചു. പിന്നെയും വൈരാഗ്യജ്ഞാനഗുണരീതികളെക്കുറിച്ചു കുമാരൻ ഓരോന്നു ചോദിച്ചും ഭഗവാൻ അരുളിച്ചെയ്തും ദിവസങ്ങൾ പലതു കഴിഞ്ഞു.

ഒരുദിവസം ദുഷ്ടഹൃദയയും ഭയങ്കരസർപ്പിണിയേപോലെ വിഷലിപ്തയുമായ രാവണസഹോദരി ശൂർപ്പണഖ പഞ്ചവടിയിലേക്കുവന്നു. സുകുമാരന്മാരായ രാജകുമാരന്മാരേ കണ്ടപ്പോൾ അവളുടെ ഹൃദയം തരളിതമായി. അച്ഛൻെറയോ പുത്രൻെറയോ സഹോദരൻെറയോ പ്രായമുള്ളവനായാലും സുന്ദരനായ ഒരു പുരുഷനെ സ്ത്രീകൾ സ്നേഹപൂർവം നോക്കുക സാധാരണമാണു്. കുമാരനേ കണ്ടിട്ടു് അവളുടെ മനസ്സു വെയിൽ ചൂടേററ സൂര്യകാന്തക്കല്ലുപോലെ അലിഞ്ഞിറങ്ങി. അവൾ അതിമനോഹരിയായ ഒരു സുന്ദരിയുടെ രൂപം ധരിച്ചു് പ്രഭുവിൻെറ സമീപത്തിൽ എത്തി അനാഢി പുഞ്ചിരികൾ തൂകിപ്പറഞ്ഞു. കുമാര! നിന്നെപ്പോലെ ഒരു പുരുഷനും എന്നെപ്പോലെ ഒരു സ്ത്രീയും ലോകത്തിലില്ല. ബ്രഹ്മാവു വളരെ പ്രയാസപ്പെട്ടു നിർമ്മിച്ച ഒരു ജോടിയാണു നമ്മൾ. ഞാൻ മൂന്നുലോകത്തും അന്വേഷിച്ചിട്ടും എൻെറ

സൗന്ദൎയ്യവിലാസങ്ങൾക്കു തക്ക യോഗ്യതയുള്ള ഒരു പുരുഷനെ കണ്ടെത്താൻ സാധിച്ചില്ല. ഈ കാരണത്താൽ ഭൎത്താവില്ലാതെ ഞാൻ കന്യകയായിത്തന്നെ കഴിഞ്ഞുകൂടുകയാണു്. എന്നാൽ ഇപ്പോൾ നിന്നെ കാൺകകൊണ്ടു എന്റെ മനസ്സു സംതൃപ്തമായി". ഭഗവാൻ ഈ വാക്കുകൾ കേട്ടു സീതാദേവിയെ ഒന്നു കടാക്ഷിച്ചിട്ടു്, "ഹേ സുന്ദരി! എന്റെ അനുജൻ ലക്ഷ്മണൻ അവിവാഹിതനാണു്" എന്നു മാത്രം മറുപടി പറഞ്ഞു. രാവണഭഗിനി ആ വാക്കുകളുടെ അന്തസ്സാരം മനസ്സിലാക്കി വേഗത്തിൽ ലക്ഷ്മണസമീപത്തിൽ എത്തി തന്റെ അഭിപ്രായം അറിയിച്ചു. ലക്ഷ്മണൻ ജ്യേഷ്ഠനെ നോക്കി മൃദുസ്വരത്തിൽ അവളോടു് "സുന്ദരി! ഞാൻ ഈ രഘുരാജന്റെ ദാസനാണു്. നീ ദാസിയായി ജീവിക്കത്തക്കവളല്ല. എന്റെ പ്രഭു കോസലരാജ്യത്തിന്റെ അധിപതിയാണെന്നും അദ്ദേഹത്തിനു ഏതു കാൎയ്യവും തന്നിഷ്ടം അനുസരിച്ചു പ്രവൎത്തിക്കാൻ അധികാരമുണ്ടെന്നും നീ ധരിച്ചുകൊൾക. ആത്മസുഖത്തെ ഇച്ഛിക്കുന്ന സേവകൻ, മാനത്തെ ആഗ്രഹിക്കുന്ന യാചകൻ, ധനത്തെ അഭിലഷിക്കുന്ന ധൂൎത്തൻ പരഗതിയിൽ മനസ്സു വയ്ക്കുന്ന വ്യഭിചാരി ഈ നാലുവക സ്വപ്നാലുക്കളും ആകാശത്തെ കറന്നു പാലെടുക്കാൻ ഇച്ഛിക്കുന്നവരാണു്" എന്നു പറഞ്ഞു.

അവൾ വീണ്ടും രാമസവിധത്തെ പ്രാപിച്ചു. എന്നാൽ ഭഗവാൻ അവളെ അംഗീകരിക്കാതെ രണ്ടാമതും ലക്ഷ്മണന്റെ അരികിൽ പറഞ്ഞയയ്ക്കുകയാണുണ്ടായതു്. തീരെ ദുസ്സഹമായി തോന്നുകയാൽ ലക്ഷ്മണൻ അവളെ നോക്കി "ഹേ കാമിനീ! അത്യന്തം നിൎല്ലജ്ജനായ ഒരു പുരുഷാധമൻ മാത്രമേ നിന്റെ ഭൎത്തൃത്വത്തെ അംഗീകരിക്കയുള്ളൂ" എന്നധിക്ഷേപിച്ചു. മനോഭംഗത്താൽ രാക്ഷസ മതിമറന്നുകഴിഞ്ഞു. കോപാന്ധയായ അവൾ തന്റെ ഭയങ്കരസ്വരൂപം വെളിപ്പെടുത്തി ധൂസരകേശങ്ങളും കരാളവദനവും കുടിലഭ്രുകുടികളും പ്രചണ്ഡഭുജങ്ങളും പ്രകടിപ്പിച്ചുകൊണ്ടു രാമചന്ദ്രനോടടുത്തു; സീതാദേവി ആ മഹാസത്വത്തെ നോക്കി അമ്പരക്കുന്നതു കണ്ടിട്ടു് രഘുരാജൻ അനുജനെ സംജ്ഞ കാണിച്ചു.

പ്രഭുവിന്റെ മനോഗതി മനസ്സിലാക്കിയ ലക്ഷ്മണൻ ഓടി അടുത്തു് അവളുടെ നാസാകൎണ്ണങ്ങളെ ലാഘവായി ഖണ്ഡിച്ചു വീഴ്ത്തി. ഈ പ്രവൃത്തി അവളുടെ കൈയിൽ ഒരു യുദ്ധപ്രഖ്യാപനപത്രിക രാവണനു കൊടുക്കാൻ എഴുതി ഏല്പിച്ചതുപോലെ ഇരുന്നു. കാതും മൂക്കും അറുത്ത ചോരയും ഒഴുക്കി നിന്ന ആ രാക്ഷസി ചുവന്നധാതുക്കൾ ഒലിച്ചിറങ്ങിപ്പായുന്ന നീലമലപോലെ ഭയങ്കരിയായി കാണപ്പെട്ടു. അവൾ നിലവിളി

ച്ചുകൊണ്ടു ഖരദൂഷണന്മാരുടെ സമീപത്തിൽ പാഞ്ഞെത്തി. “ഭ്രാതാവേ! നിൻെറ പൗരുഷവും ബലവും നിന്ദ്യം! നിന്ദ്യം!” എന്നു നിലവിളിച്ചു. “എന്തേ സംഗതി? വസ്തുതപറയൂ” എന്നു പരിഭ്രാന്തന്മാരായി അവർ ചോദിച്ചതിന് അവഠ രാമദൎശനം മുതൽക്കുള്ള സകല വൃത്താന്തവും പറഞ്ഞുകേഠപ്പിച്ചു. ഖരൻ സൎവ്വസൈന്യങ്ങളെ ആനയിക്കാൻ കല്പന കൊടുത്തു. ഉത്തരക്ഷണത്തിൽ ചിറകുള്ള മഷിമലകഠപോലെ പലേ ആകൃതിയിൽ പല മാതിരി ആയുധങ്ങളുമായി ഓരോതരം വാഹനങ്ങളിൽ കയറി ഘോരന്മാരും ദുൎവ്വാരന്മാരും ആയ അനവധി രാക്ഷസന്മാർ അവിടെ വന്നുചേൎന്നു. മൂക്കും കാതും അററുപോകകൊണ്ട് വിലക്ഷണയും ഭയങ്കരിയും ആയ ശൂൎപ്പണഖ മുൻനടന്ന് രാമാശ്രമത്തിലേക്കു വഴികാണിച്ചു. വഴിയിൽ കണ്ടതെല്ലാം ദുൎന്നിമിത്തങ്ങളാണെങ്കിലും മൃത്യുവശഗതരാകയാൽ അവർ അതു വകവച്ചില്ല. ഭടന്മാർ ഗൎജ്ജിക്കയും തൎജ്ജിക്കയും ഗഗനത്തിൽ ഉൽപതിക്കയും ചെയ്തു. സേനാനികഠ സൈന്യനിരപരിശോധിച്ച് അത്യന്തം സന്തോഷിച്ചു. ഉടനേ അതിൽ ഒരുത്തൻ പറയുന്നു. “ആ സഹോദരന്മാരെ ജീവനോടു പിടിച്ചുകൊണ്ടുവന്നു കൊന്നിട്ട് പെണ്ണിനെ നമുക്കു കൊണ്ടുപോകണം. മറെറാരുത്തൻ:—എങ്കിലും ഈ കാട്ടിൽ ചുററിസ്സഞ്ചരിക്കാൻ തുനിഞ്ഞ അവരുടെ ധൈൎയ്യം സാമാന്യമല്ല. ഇനിയുമൊരുത്തൻ:—എടോ! പതുക്കെപ്പറയൂ! ശബ്ദം കേട്ടാൽ ആ മനുഷ്യപ്പുഴുക്കഠ പേടിച്ചു കടന്നു കളയും.” ഇങ്ങനെ വീരവാദങ്ങഠ പറഞ്ഞുകൊണ്ട് രണശൂരന്മാരായ അവർ രാമാശ്രമത്തെ പ്രാപിച്ചു. ഭടന്മാരുടെ പാദാഘാതത്താൽ ഉയൎന്നധൂളീപടലം ആകാശത്തെ മറച്ചു. രഘുരാജൻ ഈ സംരംഭംകണ്ട് അനുജനെ വിളിച്ച് “ലക്ഷ്മണാ! രാക്ഷസന്മാരുടെ വരവുനോക്കു. ഭയങ്കരമായ ഒരു സംഘം അടുത്തിട്ടുണ്ട്. സീതയെ ഒരു പൎവ്വതഗുഹയിലാക്കി ആത്മരക്ഷനോക്കി നീ നിന്നുകൊള്ളണം” എന്നു നിയോഗിച്ചു. കല്പനപ്രകാരം ലക്ഷ്മണൻ ആയുധധാരിയായി ദേവിയേയും കൂട്ടിക്കൊണ്ട് അവിടെ നിന്നുംപോയി. ഭഗവാൻ ഏകനായിത്തന്നെ യുദ്ധത്തിനൊരുങ്ങിനിന്നു. ശത്രുസൈന്യം ഏററവും സമീപത്തിൽ എത്തിയതുകണ്ട് പുഞ്ചിരതൂകി പ്രചണ്ഡമായ തൻെറവില്ലു കുലയേററി സുദീൎഘമായ ജടയെ മകുടമാക്കി ശിരസ്സിൽ കെട്ടി ഉറപ്പിച്ചു. പരിധാനം ശിഥിലമാകാതവണ്ണം ബന്ധിച്ചു. അപ്പോഠ ഭഗവാൻ, മദ്ധ്യത്തിൽ മിന്നൽപിണർവീശി ശിഖരാഗ്രത്തിൽ രണ്ടു കൃഷ്ണസൎപ്പങ്ങഠ പണഞ്ഞിരിക്കുന്ന ഇന്ദ്രനീലശിലപോലെ വിളങ്ങി. അരയിൽ ആവനാഴിതൂക്കി കയ്യിൽ കുലയേററിയ വില്ലുധരിച്ച് സുധാരമായ ബാണവും തൊടുത്ത് ശത്രുസംഘത്തെ ലാക്കുനോക്കി നിലകൊണ്ടു രഘുപ

തി ആനക്കൂട്ടത്തിൽ ചാടിവീഴാൻ മുൻകൈകൾ താഴ്ത്തി തക്കം നോക്കുന്ന ഒരു സിംഹശ്രേഷ്ഠനെപ്പോലെ ശോഭിച്ചു.

ശത്രു ഏകനാണെന്നു കണ്ടപ്പോൾ രാക്ഷസക്കൂട്ടം "പിടിക്കിൻ, പിടിക്കിൻ" എന്നു് അലറിക്കൊണ്ടു് തിക്കിത്തിരക്കി അടുത്തു. ബാലരവിയെപ്പോലെ കോമളതീക്ഷ്ണമായ തേജസ്സുവീശി ഭഗവാൻ നിശ്ചലനായി നിന്നിരുന്നു. ദണ്ഡകത്തിലെ ഖഗമൃഗങ്ങൾ ഭയപ്പാടോടെ നാലുപുറവും പാഞ്ഞു മറഞ്ഞു. രാക്ഷസന്മാർ രഘുരാജന്റെ പൂമേനികണ്ടപ്പോൾ അസ്ത്രപ്രയോഗം ചെയ്യാൻ ശക്തിയില്ലാതെ ചമഞ്ഞു. ഖരദൂഷണന്മാർ മന്ത്രിമാരെ അരികിൽ വിളിച്ചു പറകയാണു്. "നരശ്രേഷ്ഠനായ ഇവൻ രാജകുമാരൻ തന്നെ ആയിരിക്കണം. സുരനരന്മാരിലും നാഗാസുരമുനിവൃന്ദങ്ങളിലും എന്റെ കണ്ണിൽ അകപ്പെട്ടവരാരും ജീവനോടേ പോകാൻ വിട്ടയച്ചിട്ടില്ല. എന്നാൽ ഹേ സോദരന്മാരെ! ജീവിതകാലത്തിൽ ഇതുപോലെ ഒരു സൗന്ദര്യം ഞാൻ കണ്ടിട്ടില്ല. ഭഗിനിയെ വിരൂപയാക്കിയവനാണെങ്കിലും നിരുപമസൗന്ദര്യശാലിയാകയാൽ ഇവൻ വധാർഹനല്ല. "എടാ കോമളബാലാ! നീ ഭാര്യയെ ഇങ്ങു തന്നിട്ടു് അനുജനെയും വിളിച്ചു് ജീവനും കൊണ്ടു വീട്ടിലേക്കു പൊയ്ക്കൊൾക" എന്നു് എന്റെ വാക്കായി നിങ്ങൾ അവനോടു പറയുവിൻ. വേഗം മടങ്ങിവന്നു മറുപടി അറിയിക്കയും വേണം."

അവർ ഈ നിർദ്ദേശം രാമസവിധത്തിൽ എത്തിഅറിയിച്ചപ്പോൾ പുഞ്ചിരിതൂകിനിന്നു്, ഭഗവാൻ പറഞ്ഞു. "ഞാൻ ജാതിയിൽ ക്ഷത്രിയനാണു്. നിങ്ങളെപ്പോലെയുള്ള ദുർജ്ജനങ്ങളെ വേട്ടയാടാൻ കാട്ടിൽ സഞ്ചരിക്കുന്നു. പ്രബലമായ ഈ ശത്രുസൈന്യത്തെക്കണ്ടിട്ടു എനിക്കു ലേശം ഭയമില്ല. കാലനോടു തന്നെയും പോരാടാൻ ഞാൻ സന്നദ്ധനാണു്. മനുഷ്യനെങ്കിലും ഞാൻ രാക്ഷസകുലഘാതകനും, കേവലം ബാലനെങ്കിലും ഖലനാശനത്തിനും മുനിപാലനത്തിനും ശക്തനും ആണെന്നു് അറിഞ്ഞുകൊൾവിൻ. നിങ്ങൾക്കു ശക്തിക്കുറവുണ്ടെങ്കിൽ തിരിഞ്ഞു നടന്നുകൊള്ളാം. യുദ്ധത്തിൽ ഞാൻ പിന്തിരിയുക ഉണ്ടാകയില്ല. പോർ കരുതിയാണു വന്നതെങ്കിൽ നിങ്ങൾക്കു സ്വതഃസിദ്ധമായ കാപട്യവും ചാതുര്യവും ഇവിടെ പ്രകടിപ്പിക്കുവിൻ! ശത്രുവിനോടു കരുണ കാണിക്കുന്നതു് ദുർബ്ബലതയുടെ ഒരു സ്പഷ്ടമുദ്രയാണു്."

ഭഗവാന്റെ അരുളപ്പാടുകൾ ദൂതന്മാർ ചെന്നറിയിച്ചപ്പോൾ ഖരദൂഷണന്മാരുടെ ഹൃദയത്തിൽ കോപാഗ്നി ജ്വലിച്ചു. അവർ യോധന്മാരെ നോക്കി "പ്രബലഭടന്മാരെ! ശരചാപങ്ങൾ തോമരം ശക്തിശൂലം ഖഡ്ഗം, പരിഘം, പരശു, മുതലായ ആയുധങ്ങൾ ധരിച്ചിരിക്കുന്ന നിങ്ങൾ ക്ഷണത്തിൽ പാഞ്ഞടുത്തു അവനെ പി-

ടിക്കുവിൻ! പ്രഹരിക്കുവിൻ" എന്നു കല്പനകൊടുത്തു: ഭഗവാൻ യുദ്ധസന്നദ്ധനായി ഉഗ്രമായ തന്റെ വില്ലിലെ ഞാൺവലിച്ചു വലിച്ചു് ഒരു 'ഠ'ങ്കാരശബ്ദം പുറപ്പെടുവിച്ചു. കഠിനവും ഘോരവും ആയ ആ ധ്വനികേട്ടു രാക്ഷസന്മാരുടെ ചെകിടടച്ചു. അവർ ഭയതരളിതന്മാരായി നടുങ്ങി ബോധംകെട്ടു നിലംപതിച്ചു.

ഉണന്നപ്പോൾ ശത്രുവിന്റെ ശക്തി മനസ്സിലാകയാൽ ഒത്തൊരുമിച്ചു് അസ്ത്രശസ്ത്രങ്ങൾ വർഷിക്കാൻ തുടങ്ങി. രഘുരാജൻ അവയെ എൾപ്രായമായി നുറുക്കിത്തള്ളീട്ടു തന്റെ ഉഗ്രശരങ്ങളെ ഞാണിൽ തൊടുത്തു കാതോളം വലിച്ചയച്ചു. കരാളബാണങ്ങൾ ഭ്രംകാരം പുറപ്പെടുവിക്കുന്ന വ്യാളസമൂഹത്തെപ്പോലെ പാഞ്ഞു. ശ്രീരാമനു കോപം ജ്വലിച്ചു. നിശിതശരങ്ങൾ തുടരെ പൊഴിച്ചു. ശരങ്ങളുടെ ഉഗ്രത കണ്ടു് രാക്ഷസവീരന്മാർ പുറം തിരിഞ്ഞു പാഞ്ഞുതുടങ്ങി. ഖരദൂഷണത്രിശിരാക്കൾ അത്യന്തം ക്രുദ്ധന്മാരായി "പിന്തിരിഞ്ഞു് ഓടുന്നവരെ ഞാൻ എന്റെ കയ്യാൽതന്നെ നിഗ്രഹിക്കുന്നതാണു്. മരിച്ചാലും ജയിച്ചാലും ശരി, എതിർത്തുനിന്നു തന്നെ എവരും പോരാടുവിൻ" എന്നു ഖരൻ പറഞ്ഞു. അനേകപ്രകാരത്തിലുള്ള ആയുധങ്ങൾ രാമചന്ദ്രനു് അഭിമുഖമായി വന്നുകൊണ്ടിരുന്നു. ശത്രുക്കൾ അത്യധികം കോപിച്ചിരിക്കുന്നതു നോക്കി ഭഗവാൻ ഉഗ്രമായ ഒരു ശരം പ്രയോഗിച്ചു. കരാളന്മാരായ അസംഖ്യം നിശാചരന്മാർ ശകലിതരായി. നെഞ്ചു്, തോൾ, കഴുത്തു്, കൈകാൽ തുടങ്ങിയ അവയവങ്ങളാൽ പടക്കളം നിറഞ്ഞു. ക്രൂരബാണങ്ങളുടെ പ്രവാഹം പിന്നെയും രാക്ഷസസൈന്യത്തെ തുടർന്നു കൊണ്ടിരുന്നു. മലകൾ പോലെ രാക്ഷസക്കൂട്ടം ചത്തുമറിഞ്ഞു. സേനാനാഥന്മാരുടെ ശരീരങ്ങൾ നുറുക്കുന്നുരായി മുറിക്കപ്പെട്ടു എങ്കിലും മായാബലത്താൽ അവർ എഴുന്നേറ്റു് യഥാപൂർവ്വം യുദ്ധത്തിൽ ഏർപ്പെട്ടു. കൈകളും തലകളും അനവധി ഭുജങ്ങളും മുണ്ഡങ്ങളും ആകാശത്തിൽ പറന്നു. കബന്ധങ്ങൾ അങ്ങിങ്ങായി ഓടിനടന്നു. കങ്കവും കാകവും സൃഗാലവും കഠിനകരാളമായ ശബ്ദകോലാഹലത്തെ മുഴക്കി. ഭൂതപ്രേതപിശാചങ്ങൾ തലയോട്ടികൾ പെറുക്കി പാനപാത്രങ്ങൾ ചമച്ചു. വേതാളങ്ങൾ തലയോട്ടികളാൽ താളം അടിക്കയും യോഗിനികൾ നൃത്തം വയ്ക്കുകയും ആയി. രഘുവരന്റെ പ്രചണ്ഡബാണങ്ങൾ ഭടശ്രേഷ്ഠന്മാരുടെ നെഞ്ചും തോളും തലയും അരിഞ്ഞു തള്ളിക്കൊണ്ടേ നടന്നു. ചത്തും മുറിഞ്ഞും വശംകെട്ടു നാലുപുറവും വീഴുന്നവർ ഓടി എഴുന്നേറ്റു് "പ്രഹരിപ്പിൻ പ്രഹരിപ്പിൻ" എന്നു് അലറിച്ചീറി വീണ്ടും യുദ്ധത്തിനടുത്തു. കുടലുകൾ കാൽനഖങ്ങളാൽ തുർത്തുവാരിക്കൊണ്ടു് കഴുകുപക്ഷികൾ പറന്നു. പിശാചങ്ങൾ ഗ്രഹിക്കപ്പെട്ട കരങ്ങളോടു

കൂടി ധാവനം ചെയ്തു. യുദ്ധപുരവാസികളായ ബാലന്മാരോ എന്നു തോന്നുമാറു് പരുന്തുപക്ഷികൾ ആകാശത്തിൽ ചുററിക്കളിച്ചു. ഉഗ്രതയുള്ള നിരവധിയുദ്ധവീരന്മാർ നെഞ്ചുപിളൎന്നു മരിച്ചു. സൈന്യനാശംകണ്ടു്, ഖരദൂഷണത്രിശിരാക്കൾ പ്രബലന്മാരായ അനുയായികളുമായി വന്നു് രഘുരാജനെച്ചെറുത്തു് ശരം, ശക്തി, തോമരം, പരശു, ശൂലം, കൃപാണം ആദിയായ ആയുധങ്ങൾ ഏകപദേ വാരിവൎഷിച്ചു. കുപിതനായ രഘുപതി രാക്ഷസന്മാരുടെ അളവററ ആയുധങ്ങളെല്ലാം അരനിമിഷംകൊണ്ടു മുറിച്ചുതള്ളി ശരവൎഷം ആരംഭിച്ചു. പത്തുപത്തു ബാണങ്ങൾ നെഞ്ചിൽ ഏല്പിച്ചു് സൈന്യനായകന്മാരെ ഒന്നൊഴിയാതെ കൊന്നുവീഴ്ത്തി. മായാശക്തിയാൽ അവർ മരിക്കാതെ എഴുന്നേററു് വീണ്ടും യുദ്ധത്തിനു് എതിൎത്തടുത്തു. പതിനാലായിരം രാക്ഷസന്മാർ ഇങ്ങനെ മരണരഹിതന്മാരായി ഒരുഭാഗത്തും, ഏകനായ ഭഗവാൻ മറുഭാഗത്തും നിന്നു പോരാടുന്നതു കണ്ടു് ദേവമുനിവൃന്ദങ്ങൾ സംഭ്രമിച്ചു. സംഭ്രമം കണ്ടിട്ടു മായാനാഥനായ പ്രഭു ഒരുപായത്താൽ രാക്ഷസന്മാരെ വ്യാമോഹിപ്പിച്ചു. അവർ തമ്മിൽ തമ്മിൽ നോക്കി നിലയായി. രഘുരാജൻ ശരങ്ങളാൽ തെരുതെരെ അവരുടെ ശിരഃഛേദം ചെയ്തു നിലത്തുവീഴ്ത്തി. എല്ലാവരും രാമനാമമന്ത്രം ഉച്ചരിച്ചുകൊണ്ടു ദേഹം ഉപേക്ഷിച്ചു പരമപദത്തെ പ്രാപിക്കയും ചെയ്തു. മായാസഹായനായ ഭഗവാൻ ക്ഷണമാത്രത്താൽ ഈവിധത്തിൽ ശത്രുസംഹാരം ചെയ്തതുനോക്കി ദേവന്മാർ സന്തുഷ്ടരായി പൂമഴതൂകി. അനന്തരം ദുന്ദുഭിവാദ്യം മുഴക്കി ജയജയശബ്ദവുമുൽഘോഷിച്ചുകൊണ്ടു്, ശോഭനവിമാനാരൂഢന്മാരായി അവരവരുടെ ലോകങ്ങളെ പ്രാപിച്ചു.

രാക്ഷസസംഘത്തെ നിശ്ശേഷം നിഗ്രഹിക്കയാൽ സുരവരമുനിസംഘം ഭയവിമുക്തമായി മോദിച്ചു. ലക്ഷ്മണൻ സീതയെ മുൻനടത്തിവന്നു ഭഗവാനേക്കണ്ടു തൊഴുതു. കാൽക്കൽവീണു വണങ്ങിയ പത്നിയെ രഘുരാജൻ വാത്സല്യപൂൎവ്വകം മാൎവത്തുചേൎത്താശ്ലേഷിച്ചു ഭൎത്താവിന്റെ ശ്യാമളകോമളമായ മൃദുഗാത്രത്തെ പ്രണയവീക്ഷണത്താൽ എത്രഎത്ര നുകൎന്നിട്ടും ദേവിയുടെ നേത്രങ്ങൾ തൃപ്തിപ്പെട്ടില്ല. ഇപ്രകാരം സുരമുനിജനങ്ങൾക്കു് സുഖദമായ ചരിതത്തെ ആചരിച്ചുകൊണ്ടു ശ്രീരാമൻ പഞ്ചവടിയിൽ വസിച്ചു.

ശൂൎപ്പണഖ, ഖരദൂഷണന്മാരുടെ നിൎയ്യാണം കണ്ടു നേരേ രാവണരാജധാനിയിൽ പാഞ്ഞെത്തി ക്രോധരൂക്ഷയായി രാവണനേ നോക്കി "സഹോദര! രാജ്യത്തേയോ ഭണ്ഡാരത്തേയോ കുറിച്ചു നിനക്കു ചിന്തയില്ല. മദ്യവും സേവിച്ചുകൊണ്ടു രാപ്പകൽ ഉറങ്ങിക്കിടക്കുന്ന നീ, ശത്രു പടിവാതുക്കൽ എത്തിയിരിക്കുന്ന കഥ അറിയുന്നില്ല. നീതിയില്ലാത്ത രാജ്യവും, ധൎമ്മഹീനമായ ധനവും, ദൈവഭ

ക്തിയില്ലാത്ത സൽക്കർമ്മവും, വിവേകമില്ലാത്ത വിദ്യയും വിഫലങ്ങളാണ്. ഉടമസ്ഥനോ, കർത്താവിനോ, അദ്ധ്യേതാവിനോ ശ്രമം മാത്രമേ ഇപ്പറഞ്ഞതിൽ ഒക്കെ ലാഭപ്പെടുകയുള്ളു. സംഗത്താൽ സന്ന്യാസിയും, ദുർമ്മന്ത്രത്താൽ രാജാവും, അഭിമാനത്താൽ ജ്ഞാനവും, മദ്യപാനത്താൽ ലജ്ജയും, അപനയത്താൽ സ്നേഹവും, മദത്താൽ ഗുണബുദ്ധിയും, നശിച്ചുപോകുമെന്നു നീതിശാസ്ത്രം പറയുന്നു. ശത്രുവും രോഗവും, അഗ്നിയും, പാപവും പ്രഭുവും, സർപ്പവും നിസ്സാരമെന്നു ഗണിക്കപ്പെട്ടുകൂടാ'. ഇങ്ങനെ ഓരോ യുക്തികൾ ഉപന്യസിച്ചും, പ്രലപിച്ചും കരഞ്ഞു കരഞ്ഞുനിന്നു ഒടുവിൽ വിവശയായി സഭയിൽ വീണ് "ഹേ രാവണ! എന്നേ ഈ നിലയിൽ കണ്ടുകൊണ്ടു നീ ജീവിക്കുവാൻ വിചാരിക്കുന്നുവോ?" എന്നു പരിദേവനംചെയ്തു. സഭാവാസികൾ സംഭ്രമവിവശന്മാരായി ഓടിയടുത്ത് അവളുടെ കൈപിടിച്ച് എഴുന്നേല്പിച്ചു നിറുത്തി സമാധാനങ്ങൾ പറകയായി. ലങ്കേശൻ മനോഭംഗത്തോടെ അവളെഅനുകമ്പിച്ചു "സഹോദരീ! എന്തൊരു പ്രബന്ധമാണിത്? വസ്തുതകൾ നീ എന്തുകൊണ്ടു പറയുന്നില്ല? നിന്റെ കാതും മൂക്കും ഛേദിച്ചവൻ ആര്?" എന്നു ചോദിച്ചു. ശൂർപ്പണഖ പറഞ്ഞു.—"അയോദ്ധ്യാധിപതിയായ ദശരഥന്റെ പുത്രന്മാർ, രണ്ടു പുരുഷസിംഹന്മാർ, വനത്തിൽ നായാട്ടുന വന്നിരിക്കുന്നു—അവർ സമീപത്തിൽ എത്തിയിരിക്കുന്ന വിവരം എനിക്ക് അറിവുകിട്ടി. ഒരു മോഹിനിയുടെ രൂപത്തിൽ ഞാൻ പോയി അവരെക്കണ്ടു. ഭൂമിയെ അവർ രാക്ഷസരഹിതമാക്കിച്ചെയ്യും എന്നുള്ളതിനു സംശയമില്ല. അവരുടെ കയ്യൂക്കിൽ വിശ്വാസത്തോടെ മുനിമാരിപ്പോൾ നിർഭയമായി കാനനത്തിൽ സഞ്ചരിക്കുന്നു. കാഴ്ചയിൽ അവർ രണ്ടുബാലന്മാരാണ്. എന്നാൽ ശത്രുക്കൾക്ക് കാലന്മാരെപ്പോലെ ഭയങ്കരന്മാരും പരമധീരന്മാരും മഹാവില്ലാളികളും നാനാഗുണവിശിഷ്ടന്മാരും ആണ്. അതുലിതബലപ്രതാപന്മാരായ ആ ഭ്രാതാക്കന്മാർ ദുഷ്ടനിഗ്രഹം ചെയ്ത് ദേവന്മാർക്കും മുനിമാർക്കും സുഖത്തെക്കൊടുക്കുന്നതിൽ നിഷ്ഠയോടുകൂടിയവരാണ്. അതിൽരാമൻ—മൂത്തവന്റെ പേരതാണ്—സൗന്ദര്യത്തിന്റെ ഇരിപ്പിടംതന്നെ. അവനോടൊന്നിച്ചു ബ്രഹ്മസൃഷ്ടിയുടെ പരമാദർശമായ ഒരു ബാലസുന്ദരി വസിക്കുന്നു. നൂറുകോടി കാമദേവകുടുംബിനികൾ ചേർന്നാലും സൗന്ദര്യത്തിൽ അവൾക്കു സമമാകയില്ല. സാക്ഷാൽ യോഗീശ്വരന്മാരുടെ ഹൃദയംപോലും അവളെക്കണ്ടാൽ അലിയാതിരിക്കയില്ല. നിന്റെ ഭാര്യയാകുവാൻ എല്ലാംകൊണ്ടും അവൾ യോഗ്യയാണെന്ന് കരുതി പിടിക്കാനായി ഞാൻ അടുത്തപ്പോൾ രാമന്റെ അനുജൻ കടന്നുചാടി എന്റെ കാതും മൂക്കും മുറിച്ചു വിരൂപപ്പെടുത്തുകയും നിന്റെ സഹോദരിയാണെന്നറിഞ്ഞു

പ്പോൾ പരിഹാസവാക്കുകൾ പറയുകയും ചെയ്തു. ഈ സംഗതി ഞാൻ ഖരദൂഷണന്മാരെ അറിയിച്ചു. അവർ അവനോടു യുദ്ധത്തിന്ന എതിൎത്തു എങ്കിലും ക്ഷണേന സൈന്യസമേതം വധിക്കപ്പെട്ടുകയാണുണ്ടായതു്."

ഖരദൂഷണാദികളുടെ മരണവൃത്താന്തം രാവണന്റെ കോപാഗ്നിക്കു ആജ്യാഹൂതിപോലെ ഭവിച്ചു. ശൂൎപ്പണഖയെ ഒരു വിധത്തിൽ സമാധാനപ്പെടുത്തി അവൾ വ്യസനിക്കാതെ വേണ്ട വിധത്തിൽ ആശ്വസിപ്പിക്കാൻ മററുള്ളവരെ ചുമതലപ്പെടുത്തിയശേഷം രാവണൻ ദുഃഖപരവശനായി തന്റെ ഭവനത്തെ പ്രാപിച്ചു. രാത്രിയിൽ ഉറക്കം ലേശം ഉണ്ടായില്ല. അവൻ വിചാരിക്കയാണു്—സുരാസുരന്മാരിലും നരനാഗലോകങ്ങളിലും എന്റെ അനുചരന്മാരോടു എതിൎനില്പാൻ ശക്തന്മാരില്ല. ഖരദൂഷണന്മാർ എന്നോടു സമബലന്മാരാണു്. ജഗദീശ്വരനായ സാക്ഷാൽ ഭഗവാനല്ലാതെ അവരെ കൊല്ലാൻ ആൎക്കാണു സാധിക്കുക? ദേവരക്ഷണത്തിന്നും ഭൂഭാരഹരണത്തിന്നും ആ ജഗദീശ്വരൻ മനുഷ്യനായവതരിച്ചിരിക്കയാണെങ്കിൽ അദ്ദേഹത്തോടു യുദ്ധത്തിന്നു താൻ മടിക്കേണ്ടതില്ല. പ്രഭുവിന്റെ ശരത്താൽ പ്രാണഹാനി ഭവിച്ചാൽ മേൽക്കാലം ജനിക്കേണ്ടിവരികയില്ല. എന്നേപ്പോലെ രാമസദ്ദേഹനായ ഒരുത്തനു ഭജനം കൊണ്ടു ഭഗവൽപ്രീതി സമ്പാദിക്കുക സാധ്യമല്ല. ഈ വിശ്വാസത്തെ ആസ്പദമാക്കിത്തന്നെ പ്രവൃത്തി ആരംഭിക്കാമെന്നു ഞാൻ വിചാരിക്കുന്നു. ഒരുപക്ഷേ, രാമൻ ഒരു സാധാരണമനുഷ്യരാജന്റെ മകൻ ആണെങ്കിൽ ഞാൻ അവനെ യുദ്ധക്കളത്തിൽ വീഴ്ത്തി അവന്റെ പത്നിയെ അപഹരിക്കാൻ സാധിക്കയും ചെയ്യും."

ഈ നിശ്ചയത്തോടുകൂടി രാവണൻ ഏകനായി തന്റെ രഥത്തിൽ കയറി സമുദ്രതീരത്തിലുള്ള മാരീചന്റെ വനത്തിലേക്കു തിരിച്ചു.

ഹേ ഭവാനീ! ഈ അവസരത്തിൽ രാമചന്ദ്രൻ പ്രയോഗിച്ച ഒരു തന്ത്രം കേൾക്കു. ലക്ഷ്മണൻ ഫലമൂലാദികളെ ആഹരിക്കാനായി വനത്തിലേക്കു പോയ അവസരത്തിൽ ദേവിയെ അരികിൽ വിളിച്ചു് കരുണാസുഖകന്ദമായ രാമചന്ദ്രൻ മന്ദഹാസം തൂകിക്കൊണ്ടു് "പതിദേവതേ ജാനകീ! ഞാൻ ലളിതമായ ഒരു നരലീല അഭിനയിക്കാൻ ആരംഭിക്കുന്നു. രാക്ഷസകുലത്തെ സംഹരിച്ചുകഴിയുന്നതുവരെ നീ അഗ്നിമണ്ഡലത്തെ പ്രാപിച്ചു വസിച്ചുകൊള്ളണം" എന്നു നിയോഗിച്ചു. സീതാദേവി പ്രഭുപാദങ്ങളെ സുദൃഢമായി തന്റെ ഹൃദയത്തിൽ ധരിച്ചുകൊണ്ടു് രൂപശീലാദികളിൽ ഒത്ത സാദൃശ്യമുള്ള തന്റെ ഒരു പ്രതിരൂപത്തെ ആശ്രമത്തിൽ ആക്കി അഗ്നിയിൽ

മറഞ്ഞു. ഈ രഹസ്യമാകട്ടെ, ഭഗവാന്റെ നിശ്ചയമാകട്ടെ ലക്ഷ്മണൻ അറിഞ്ഞില്ല. രഥാരൂഢനായി സമുദ്രതീരത്തിലുള്ള ഭവനത്തിൽ ചെന്നു മാരീചനെ കണ്ടയുടനെ സ്വാർത്ഥനിരതനായ രാവണനീചൻ തലകുനിച്ചു വണങ്ങി; നീചന്മാർ നമിക്കുന്നതു സാധാരണ കൂടുതൽ ദുഃഖത്തെ ഉണ്ടാക്കുന്നതിനായിരിക്കുമല്ലോ. തോട്ടി വില്ല് സർപ്പം, പൂച്ച ഇവ അതിനുദാഹരണമാണ്. ഖലന്മാരുടെ പ്രിയവചനം, ഹേ ഭവാനി! അകാലികമായ കുസുമംപോലെ ഭയദായകമാകുന്നു; ആഗതനായ രാക്ഷസരാജനെ മാരീചൻ വിധിപ്രകാരം പൂജിച്ചു് "വത്സ! നീ വ്യാകുലഹൃദയനായി ഇപ്പോൾ അകമ്പടികൂടാതെ ഇവിടെ വരാൻ കാരണമെന്ത്" എന്നു ചോദിച്ചു അഭാഗ്യനായ ദശകന്ധരൻ വസ്തുതകൾ മുഴുവൻ അവനെ ധരിപ്പിച്ചശേഷം അഭിമാനത്തോടെ നോക്കിക്കൊണ്ട് "താങ്കൾ വ്യാജവൃത്തി എടുത്തു് ഒരു മായാമൃഗരൂപം സ്വീകരിക്കാമെങ്കിൽ ആ രാജപുത്രിയെ എനിക്കു കൈക്കലാക്കാൻ അവസരം ലഭിക്കും" എന്നു പറഞ്ഞു. ഇതുകേട്ടു മാരീചൻ നടുങ്ങി. "രാവണ! കേൾക്കുക! രാമൻ മനുഷ്യരൂപത്തിൽ അവതരിച്ചിരിക്കുന്നു എങ്കിലും സകല ചരാചരനാഥനായ ഈശ്വരനാണ്. അദ്ദേഹത്തോടു യുദ്ധം ചെയ്യുക സാദ്ധ്യമല്ല. വൈരം യുക്തവുമല്ല. അദ്ദേഹം കൊല്ലുമ്പോൾ നീ മരിക്കും. ജീവിച്ചിരുത്തുകയാണെങ്കിൽ ഇരിക്കും. വിശ്വാമിത്രന്റെ യാഗം രക്ഷിക്കാൻ പുറപ്പെട്ടകാലത്തു് മുനയില്ലാത്ത ഒരമ്പുകൊണ്ട് എന്നെ പ്രഹരിച്ചു നൂറു യോജനദൂരം പായിച്ചതു് ഈ രഘുരാജനാണ്. അദ്ദേഹത്തോടു പിണങ്ങുന്നതു ആപത്താണ്. നോക്കുന്ന ദിക്കിലെല്ലാം ഞാൻ ഈ സഹോദരന്മാരെ കാണുന്നു. ചിലന്തിയുടെ കയ്യിൽ അകപ്പെട്ട ഈച്ചയെപ്പോലെ ഞാൻ എപ്പോഴും മരണഭയത്താൽ പരിഭ്രാന്തനായി കഴിച്ചുവരികയാണ്. ഒരു പക്ഷേ അദ്ദേഹം മനുഷ്യൻ തന്നെ ആയിരുന്നാലും അദ്വിതീയനായ ഒരു ശൂരപുരുഷനാണ്. വിരോധിച്ചാൽ അപജയം അല്ലാതെ വിജയം ഉണ്ടാകുകയില്ല. എന്നല്ല, താടകയേയും സുബാഹുവിനേയും ഹനിക്കാനും ഹരകോദണ്ഡത്തെ മുറിക്കാനും ഖരദൂഷണത്രിശിരാക്കളെ വധിക്കാനും ശക്തനായ ഈ കുമാരൻ കേവലം ഒരു മനുഷ്യനായിരിക്കാൻ ഇടയില്ല. ഹേ ദശകന്ധര "ര" എന്ന അക്ഷരം കേൾക്കുമ്പോൾ തന്നെ എന്റെ പ്രാണൻ നെഞ്ചകത്തില്ല. നല്ലതിനു വീട്ടിൽ പോയി കുലകുശലം വിചാരിച്ചു കഴിച്ചുകൂട്ടിക്കൊള്ളൂ" ഈ വാക്കുകൾ രാവണന്റെ കോപത്തെ ജ്വലിപ്പിച്ചു "മൂഢ! നീ ഗുരുവിനെപ്പോലെ എന്നെ ഉപദേശിക്കാൻ തുടങ്ങുന്നുവോ? എന്നെപ്പോലെ വീര്യവിക്രമങ്ങളോടു കൂടിയ ഒരു യോദ്ധാവിനെ ലോകത്തിൽ നീ എവിടെക്കണ്ടു?" ഇതുകേട്ടു മാരീചൻ വിചാരിക്കയാണ്.

ലോകത്തിൽ ശത്രുക്കളാക്കി കൂടാത്ത ഒൻപതുപേരുണ്ടു്. ആയുധപാണി, രഹസ്യം അറിഞ്ഞവൻ, രാജാവു്, ശഠൻ, ധനവാൻ, വൈദ്യൻ, സ്തുതിപാഠകൻ, കവി, വിദഗ്ദ്ധൻ ഇവരാണു്. രണ്ടുവിധത്തിലായാലും ഇപ്പോൾ എനിക്കു മരണം നിശ്ചയമാണു്. രണ്ടിലും വച്ചു രഘുനാഥന്റെ കയ്യാൽ മരിക്കുന്നതത്രേ ശോഭനം. നിർഭാഗ്യനായ നിശാചരനാഥാ! നീ ഇപ്പോൾ മരണത്തിനാണു വഴികൂട്ടുന്നതു്. രാഘവാസ്ത്രത്തിൽ നിന്നു എങ്ങനെ രക്ഷപ്രാപിക്കാനാണു്. ഈ വിചാരത്തോടുകൂടി അവൻ രാവണനെ അനുഗമിച്ചു. ഹൃദയത്തിൽ സുദൃഢമായ രാമപാദപ്രേമം ഉദിച്ചു. അകമേ തിങ്ങിവിങ്ങിയ സന്തോഷത്തെ വെളിയിൽ പ്രകടിപ്പിക്കാതെ ഇങ്ങനെ വിചാരിച്ചു. എന്റെ സ്നേഹഭാജനമായ പുണ്യപുരുഷനെ ഇപ്പോൾ കണ്ടു നേത്രങ്ങളെ തൃപ്പിച്ചു ഞാൻ സുഖിക്കും. സീതാനുജസമേതനായ ദയാനിധിയുടെ പദകമലങ്ങളെ ഹൃദയത്തിൽ ഞാൻ പ്രതിഷ്ഠിക്കും. കോപിച്ചാൽ പോലും മോക്ഷം നൽകുന്നവനും ഭക്തജനാധീനനും സുഖവാരിധിയും ആയ ഹരി തൃക്കൈകൾ കൊണ്ടുതന്നെ ഒരമ്പു തൊടുത്തയച്ചു് എന്നെ നിഗ്രഹിക്കുമല്ലോ. അമ്പും വില്ലുമായി ആ തിരുമേനി എന്നെ പിന്തുടരുമ്പോൾ ഞാൻ മുറയ്ക്കു മുറയ്ക്കു മുഖം തിരിച്ചു് പ്രഭുവിന്റെ രൂപാമൃതം കണ്ണുകളാൽ ആസ്വദിക്കും. എന്നെപ്പോലെ ധന്യൻ ലോകത്തിൽ ആരുണ്ടു്.

ഈദൃശചിന്തകളോടേ നടന്നുപോയി ആശ്രമമടുത്തപ്പോൾ മാരീചൻ ഒരു മാനിന്റെ രൂപം ധരിച്ചു. വാക്കുകൾക്കു വിഷയമല്ലാത്ത വിധത്തിൽ മോഹനമായ പുള്ളിപ്പൊട്ടുകളാൽ വിവിധരത്നങ്ങൾ പതിച്ച കനകയഷ്ടിപോലെ ശോഭിച്ച ദേഹം ധരിച്ചു് സീതയുടെ ആശ്രമപരിസരത്തിൽ സഞ്ചരിച്ചു. അംഗപ്രതി സുമനോഹരവേഷവും പരമരുചിരവും ആയ ആ മൃഗത്തെക്കണ്ടു് സീതാദേവി രഘുപതിയേ നോക്കി "കൃപാനിധിയായ ദേവ! ഈ മൃഗത്തിന്റെ വണ്ണം എത്ര രമണീയം! പ്രഭോ! അതിനെ നായാടിപ്പിടിച്ചു്, എനിക്കു സമ്മാനിപ്പാൻ കരുണയുണ്ടാകണം" എന്നു് പ്രാർത്ഥിച്ചു. രഘുപതി കാരണങ്ങളെല്ലാം മനസാ ചിന്തിച്ചറിഞ്ഞു ദേവകാര്യം നിർവ്വഹിക്കാനായി സന്തോഷപൂർവ്വം എഴുന്നേറ്റു. മാനിനേനോക്കി അരയും തലയും മുറുക്കി വില്ലെടുത്തു ശരം തൊടുത്തു പിടിച്ചുകൊണ്ടു സഹോദരനോടു് "ഹേ ലക്ഷ്മണ! രാക്ഷസക്കൂട്ടം കാട്ടിൽ ചുറ്റി നടക്കുന്നുണ്ടാവും. ബുദ്ധിപൂർവ്വമായും വിവേകത്തോടും, വേണ്ടിവന്നാൽ ബലംപ്രയോഗിച്ചും, നീ സീതയെ സൂക്ഷിച്ചുകൊള്ളണം, എന്നാജ്ഞാപിച്ചു. പ്രഭുവിന്റെ സന്നാഹംനോക്കി മൃഗം ഓട്ടം തുടങ്ങി. ഭഗവാൻ കുലച്ചവില്ലോടുകൂടി

ത്തന്നെ അതിനെ അനുഗമിക്കയും ആയി. വേദാർത്ഥങ്ങൾക്കും പരമശിവൻെറ ധ്യാനത്തിനും അതീതനായ ഭഗവാൻ ഒരു മായാമൃഗത്തെ വേട്ടയാടാൻ പുറപ്പെട്ടിരിക്കയാണു്. ഒരിക്കൽ സമീപത്തു് മറെറാരിക്കൽ ദൂരത്തു്, ഒരു സമയം കൺവെട്ടത്തു്, മറെറാരുസമയം മറവിൽ, ഇങ്ങനെ മാറി മാറി വെളിപ്പെട്ടും ഒളിഞ്ഞും ആ മായാമൃഗം പ്രഭുവിനെ വളരെദൂരം ആകർഷിച്ചുകൊണ്ടുപോയി. ഒടുവിൽ ഭഗവാൻ മരണകരമായ ഒരു കഠിനബാണം പ്രയോഗിക്കയാൽ മായാമൃഗം ഉച്ചൈസ്സ്വരം നിലവിളിച്ചു നിലം പതിച്ചു. ലക്ഷ്മണ! എന്നൊരു ശബ്ദം ആദ്യം പുറപ്പെടുവിച്ചിട്ടു മനസ്സിൽ രാമനാമത്തെ ധ്യാനിച്ചു. പ്രാണവിയോഗമായപ്പോൾ മാരീചൻ ആത്മരൂപം ധരിച്ചു് അനർഘമായ സീതാരാമമന്ത്രം ഉച്ചരിച്ചു. അവൻെറ ആന്തരഭക്തി അറിഞ്ഞു് രഘുരാജൻ മുനിദുർല്ലഭമായ പരമപദംതന്നെ അവനു നൽകിയത്രേ. ദേവന്മാർ പൂമഴതൂകി; ദീനബന്ധുവായ രഘുനാഥൻ അസുരനുപോലും ആത്മപദം സൽക്കരിക്കുന്നുവല്ലോ എന്നു്, പ്രഭുഗുണഗാഥഗാനംചെയ്തു മൃഗത്തെ നിഗ്രഹിച്ചശേഷം ചാപബാണതൂണിരധരനായ രഘുപതി തിരികെ ആശ്രമത്തിലേക്കു നടന്നു.

രാക്ഷസൻെറ ആർത്തനാദം കേൾക്കയാൽ സീതാദേവി ഭീതയായി ലക്ഷ്മണനെ വിളിച്ചു "വേഗം ചെല്ലൂ ജ്യേഷ്ഠനു് ഏതോ ആപത്തു സംഭവിച്ചിരിക്കുന്നു" എന്നു പറഞ്ഞു. ലക്ഷ്മണൻ ചിരിച്ചു; "അമ്മേ, പുരികക്കളിയാൽ ലോകസൃഷ്ടിസംഹാരങ്ങൾ നടത്തുന്ന പ്രഭുവിനു സ്വപ്നത്തിൽപോലും ആപൽശങ്കയ്ക്കു് അവകാശമില്ല." സീത ഈ സമാധാനം സമ്മതിക്കാതെ മർമ്മഭേദകങ്ങളായ ചില വാക്കുകൾ ഉച്ചരിച്ചു നിർബ്ബന്ധിക്കാൻ തുടങ്ങി. ഹരിയുടെ അഭിമതം അനുസരിച്ചു ലക്ഷ്മണൻെറ ബുദ്ധി ചലിച്ചു. തൽഫലമായി സർവഭാരവും വനദേവതമാരിൽ സമർപ്പിച്ചു് ഭഗവൽപാദങ്ങളെ ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ടു കുമാരൻ രാവണശശിരാഹുവിൻെറ സമീപത്തിലേക്കു നടന്നു.

ഈ അവസരംനോക്കി രാവണൻ സന്ന്യാസി വേഷംധരിച്ചു് അവിടെ ആവിർഭവിച്ചു. അവൻെറ അപ്പോഴത്തെ ഭാവം ഒന്നു കാണേണ്ടതുതന്നെ; യാവനൊരുത്തനിലുള്ള ഭയം കൊണ്ടാണോ ദേവാസുരന്മാർ പകൽ ഭക്ഷിക്കാതേയും രാത്രിയിൽ ഉറങ്ങാതേയും പരിഭ്രമിച്ചു കഴിച്ചുകൂട്ടുന്നതു്, ആ ലോകവിജയി രാവണൻ, തക്കംനോക്കി വല്ലതും കവിക്കൊണ്ടു കടക്കാൻ അടുക്കുന്ന നായെപ്പോലെ പേടിച്ചു് അങ്ങുമിങ്ങും നോക്കുന്നുണ്ടായിരുന്നു. ഈ ദുഷ്പഥത്തിൽ കാലൂന്നിക്കഴിഞ്ഞപ്പോൾ അവൻെറ തേജസ്സോ ബലമോ ബുദ്ധിയോ ലവലേശം ശേഷിച്ചില്ല. ആശ്രമപരിസരത്തിൽ എത്തിനി

ന്ന സന്ന്യാസി ഒരു അതിഥിയാണെന്നു കരുതി സീതാദേവി കന്ദഫലമൂലങ്ങൾ സൽക്കരിച്ച് കുശലം ചോദിച്ചു. രാവണൻ സൗമുഖ്യത്തോടും സൗജന്യത്തോടും പലേ സൽക്കാരവാക്കുകൾ പറഞ്ഞുതുടങ്ങി. വിശ്വരക്ഷിണിയും അഘനാശിനിയും ദേവേശ്വരിയും ആയ സീതാദേവി കപടരൂപധരനായ ദ്ശമുഖനെ അറിഞ്ഞില്ല. അവൻ പലേ കഥകളും രാജനീതികളും ഉപദേശിച്ച് ഇടയ്ക്കിടെ ഭീഷണിവാക്കുകളും പ്രണയവചനങ്ങളും ഉച്ചരിക്കവേ "യോഗ്യനായ പിതാവേ! താങ്കളുടെ വാക്കുകൾ എനിക്കു അനിഷ്ടങ്ങളും ദുഷ്ടങ്ങളും ആയി തോന്നുന്നു." എന്ന് സീത പറഞ്ഞു. രാവണൻ തൻെറ പരമാർത്ഥരൂപം പ്രകടിപ്പിച്ച് രാക്ഷസരാജാവായ രാവണനാണു താൻ എന്ന് പ്രസ്താവിച്ചു. ദേവി ഭയപ്പെട്ടു എങ്കിലും ധൈര്യത്തെ അവലംബിച്ചുകൊണ്ട് ദുഷ്ടാ! നീ ഇതുപോലെ ഇവിടെ നില്ക്കുക. പ്രഭു അടുത്തുതന്നെയുണ്ട്. എടാ രാക്ഷസാധമ! ക്ഷുദ്രമായ ശശം സിംഹിയെ വധുവാക്കാൻ ഇച്ഛിക്കുന്നതുപോലെ നീ കാലവശംഗമിക്കാൻ ആഗ്രഹിക്കയാണ്. കട്ടു പെറുക്കി നടക്കുന്ന കാക്ക സാക്ഷാൽ ഗരുഡനോടു സമത്വം ആഗ്രഹിച്ചാലെങ്ങനെ? നിന്ദ്യമായ തൊളിക്കുളം മഹാസമുദ്രത്തിനു സമമോ? മൂഢ! ജീവൻ വേണമെങ്കിൽ മടങ്ങി പൊയ്ക്കൊള്ളണം. ഈ വാക്കുകൾ പങ്ക്തികണ്ഠനെ അത്യധികം ക്രോധവശനാക്കി. നിഗ്രഹമായ അവൻെറ ഹൃദയം ദേവീപാദങ്ങളെ ആരാധിക്കുന്നതിൽ പ്രവണമായിരുന്നു.

കുപിതനായ രാക്ഷസരാജൻ ദേവിയെ എടുത്തു രഥത്തിൽ വച്ച് ആകാശമാർഗ്ഗേണ തിരിച്ചു. രഥം നടത്തുന്നതിനുപോലും കഴിവില്ലാത്ത വിധത്തിൽ അവൻെറ ഹൃദയം ഭയാകുലമായി വിറച്ചുകൊണ്ടിരുന്നു.

"ഹേ ജഗദീശ! രഘുരാജ! ദേവദേവ! നിന്തിരുവടി കരുണയെ വിസ്മരിക്കത്തക്ക അപരാധം ഞാൻ എന്തുചെയ്തു? ആർത്തിഹരണ! ആശ്രിതസുഖദാ! ഹാ! രഘുകുലകമലഭാനോ! ഹാ ഹാ ലക്ഷ്മണ! നീ ഇതിൽ അപരാധിയല്ല. അസ്ഥാനത്തിൽ ഞാൻ പ്രകടിപ്പിച്ച കോപത്തിൻെറ ഫലം ഇതാ അനുഭവിക്കുന്നു". ഇങ്ങനെ പലപ്രകാരത്തിൽ വൈദേഹി വിലപിച്ചുകൊണ്ടിരുന്നു. കൈകേയിയുടെ മനസ്സ് യാതൊരു ദുർവിധിയാണോ മാററിമറിച്ചത്, ആ വിധിതന്നെ ഈ കുചേഷ്ടിതത്തിനും പ്രേരകമായി. പഞ്ചവടിയിലുള്ള ഖഗമൃഗങ്ങളും വനചരന്മാരും, വനദേവതമാരും ഭയദുഃഖവിഹ്വലരായി ഭ്രമിച്ചു.

"കൃപാനിധിയായ പ്രഭു പരമസ്നേഹി, എൻെറ പ്രാണനാഥൻ അകലെ അകപ്പെട്ടുവല്ലോ. ദേവതപ്പ്ണയോഗ്യമായ പുരോ

ഡാശത്തെ ഒരു കഴുത കവ്വികൊണ്ടു പോകുന്നതുപോലെ എനിക്കു സംഭവിച്ച ഈ വിപത്ത് പ്രഭുവിനെ ആരറിയിക്കും.?" ദേവിയുടെ ദയനീയമായ വിലാപം ചെവിക്കൊണ്ട് ചരാചരജീവികളെല്ലാം ദുഃഖപരവശരായി; ഈ ആൎത്തനാദം ഗൃദ്ധ്രരാജനായ ജടായുവിന്റെ കാതുകളിൽ പതിച്ചു. രഘുരാജപത്നിയുടെ ശബ്ദമാണെന്നും കശാപ്പുകാരൻ കാമധേനുവിനെയെന്നപോലെ അധമനായ രാക്ഷസൻ ദേവിയെ ഹരിച്ചുകൊണ്ടു പോകയാണെന്നും അറിഞ്ഞു. "പുത്രി! സീതേ! ഭയപ്പെടരുത്. ഞാൻ ഈ ദുഷ്ടരാക്ഷസനെ നിഗ്രഹിക്കുന്നുണ്ടു." എന്നു സാന്ത്വനവാക്കുകൾ പറഞ്ഞ് ക്രോധപരവശനായ പക്ഷിശ്രേഷ്ഠൻ പൎവ്വതത്തോടു ഇടിവാൾ എന്നപോലെ രാവണന്റെ നേൎക്കണഞ്ഞു. "എടാ എടാ ദുഷ്ട! എന്നെ ഭയപ്പെടാതെ ഇതുവഴി കടന്നുപോകാൻ നീ തുനിഞ്ഞതെങ്ങനെ?" കാലനെപ്പോലെ തന്നോടണയുന്ന പെരുംപക്ഷിയെക്കണ്ട് തന്റെ ഗതിനിറുത്തി രാവണൻ വിചാരിക്കയാണ്. "ഇതു മൈനാകപൎവ്വതമോ? അഥവാ പക്ഷീന്ദ്രനായ ഗരുഡനോ? ആരായാൽ എന്ത്? രണ്ടുപേരും അവരുടെ * നാഥന്മാരും എന്റെ ബലം അറിഞ്ഞിട്ടുണ്ടല്ലോ." വൃദ്ധനായ ജടായുവാണ് തന്നെ എതിൎക്കാൻ അണഞ്ഞിരിക്കുന്നതെന്നറിഞ്ഞപ്പോൾ 'ഹാ! ഇവനെന്റെ ബാഹുബലതീൎത്ഥത്തിൽ ശരീരത്യാഗം ചെയ്യാറായി', എന്ന് രാവണൻ ഗൎജ്ജിച്ചു. ഈ വാക്കുകളാൽ കോപവേപിതനായി ജടായു പറഞ്ഞു. "എടാ രാക്ഷസ! ദേവിയെ ഉപേക്ഷിച്ചു ക്ഷേമമായി വീട്ടിൽ പൊയ്ക്കൊൾക. അതു നന്ന്; അല്ലാത്തപക്ഷം അനവധി കൈകൾ നിനക്കുണ്ടെങ്കിലും നീയെന്നല്ല നിന്റെ കുലവും ഘോരമായ രാമകോപാഗ്നിയിൽ ശലഭത്വത്തെ പ്രാപിക്കും." ഈ വാക്കുകൾക്കു യുദ്ധവീരനായ രാവണൻ ഉത്തരം പറഞ്ഞില്ല. ജടായു വേഗബലത്തോടെ പാഞ്ഞടുത്ത് കാൽനഖങ്ങളാൽ അവന്റെ തലമുടി കോൎത്തുപിടിച്ച് തേരിൽനിന്നും തൂക്കിത്താഴത്തിട്ടു. പെട്ടെന്നു സംഭ്രാന്തനായി എഴുന്നേറ്റ രാക്ഷസൻ തീക്ഷ്ണശരങ്ങളാൽ പ്രതിദ്വന്ദ്വിയെ പ്രഹരിക്കാൻ തുടങ്ങി. പക്ഷീന്ദ്രൻ സീതയെ രക്ഷിച്ചുകൊണ്ട് ശത്രുശരീരത്തെ തുണ്ഡനഖരങ്ങളാൽ കഠിനമായി പിളൎക്കയാൽ രാക്ഷസൻ രക്തഭ്രഷ്ടനായി അരമണിക്കൂറോളം ബോധമില്ലാതെ കിടന്നുപോയി.

ഉണൎന്നെഴുന്നേറ്റു വീണ്ടും ശരപ്രയോഗം ആരംഭിച്ചു. അതു ഫലപ്പെടായ്കകൊണ്ടു കുപിതനായി പല്ലുംകടിച്ചു ചീറിയടുത്ത് ക

---

* മൈനാകത്തിന്റെ നാഥൻ സമുദ്രം. അസുരന്മാർ സമുദ്രം മഥിച്ചിട്ടുള്ളതുകൊണ്ടു സമുദ്രത്തിനു തന്റെ ബലമറിയാമെന്നും ഗരുഡന്റെ നാഥനായ വിഷ്ണുവിനോടു താൻ പലകുറി പോരാടീട്ടുണ്ടെന്നും അഭിപ്രായം.

രാളമായ തൻെറ കരവാളത്താൽ പക്ഷീന്ദ്രൻെറ ചിറകുകൾ വെട്ടിവീഴ്ത്തി. അത്ഭുതവിക്രമനായ ജടായു, ഹാ കഷ്ടം! രാമമന്ത്രം ജപിച്ചുജപിച്ച് രാമദശനം ലഭിക്കുന്നതുവരെ പ്രാണവിയോഗം തനിക്കു സംഭവിക്കരുതെന്നുള്ള ധ്യാനത്തോടുകൂടി ഭൂമിയിൽ വീണു. രാവണൻ ക്ഷണേന ദേവിയേ തേരിൽ എടുത്തിരുത്തി ഭയവ്യഗ്രനായി ബദ്ധപ്പെട്ടു തിരിച്ചു. കാട്ടാളൻെറ കയ്യിൽ അകപ്പെട്ട ഭീതയായ മാൻപേടപോലെ സീതാദേവി വിലപിച്ചുകൊണ്ടിരുന്നു. മദ്ധ്യേമാഗ്ഗം ഒരു പവ്വതശിഖരത്തിൽ ഏതാനും കുരങ്ങന്മാർ ഇരിക്കുന്നതു കാണ്കയാൽ ദേവി ഹരിനാമം ഉച്ചരിച്ചു തൻെറ കൈമുണ്ട് അവരുടെ സമീപത്തിൽ നിക്ഷേപിച്ചു. രാജധാനിയിൽ എത്തിച്ചേന്ന രാവണൻ സീതയെ ശോഭനമായ തൻെറ അശോകവനത്തിൽ ഇറക്കി. വശപ്പെടുത്തുന്നതിനു പല ഉപായങ്ങളും ഭീഷണികളും ഭത്സനങ്ങളും പ്രയോഗിച്ചിട്ടും ഫലിച്ചില്ല. ഒടുവിൽ നൈരാശ്യത്തോടെ ദേവിയെ ഒരശോകമരത്തിൻെറ ചുവട്ടിൽ ഇരുത്തി സ്വഭവനത്തിലേക്കു പോകയുംചെയ്തു.

ഈ അവസരത്തിൽ ബ്രഹ്മദേവൻെറ അഭിമതം അനുസരിച്ച് ഇന്ദ്രൻ ഗൃദ്ധ്രമായി ദേവിയുടെ സമീപത്തിൽ എത്തി ക്ഷുൽപിപാസാദികൾ ഉണ്ടാകാതെയും ശരീരനാശം ഭവിക്കാതേയും ദേവകൃതമായ ഹവിസ്സു ദാനംചെയ്തു മറഞ്ഞു.

സീതയാകട്ടെ, അതിനെ പാനംചെയ്തുകൊണ്ട് ശ്രീരാമനെ, മായാമൃഗത്തെ അനുധാവനംചെയ്യുന്ന ആ രൂപത്തിൽ ദൃഢമായി ഹൃദയത്തിൽ വിചാരിച്ച് നിരന്തരം ഹരിനാമങ്ങൾ ഉച്ചരിച്ചുകൊണ്ടിരുന്നു.

രഘുപതി ആശ്രമത്തിലേക്കു മടങ്ങിപ്പോരുമ്പോൾ അനുജൻെറ വരവുകണ്ട് ഒരു പ്രത്യേകഭയവും ചിന്തയും ഉദിച്ചു. "ലക്ഷ്മണാ! നീ എൻെറ ആജ്ഞയെ ലംഘിച്ചുവോ? രാക്ഷസന്മാർ ചുററി നടക്കുന്ന കൊടുങ്കാട്ടിൽ സീതയെ തനിയെ വിട്ടിട്ടുപോന്നുവോ? അവൾ ഇപ്പോൾ ആശ്രമത്തിൽ ഇല്ലെന്ന് ഒരു തോന്നൽ എനിക്ക് ഉണ്ടായിരിക്കുന്നു. കഷ്ടം, വത്സ! ഇനി വിചാരിച്ചിട്ടു ഫലമില്ല. സീതയെക്കൂടാതെ എനിക്കു ജീവിക്കണമെന്നും ഇല്ല." ലക്ഷ്മണൻ തൃപ്പാദങ്ങളെ ഗ്രഹിച്ചുനിന്ന് സാഞ്ജലി ഹസ്തനായി "പ്രഭോ! ഞാൻ ഇതിൽ അപരാധിയല്ല" എന്നുണത്തിച്ചു. ചിന്താകുലനായ പ്രഭു ബദ്ധപ്പെട്ട് ഗോദാവരീതടത്തിൽ എത്തി ആശ്രമത്തിൽ നോക്കി; പുഷ്പം അപഹരിക്കപ്പെട്ട പനിനീർച്ചെടിപോലെ ആശ്രമം സീതാവിഹീനമായി കാണുകയാൽ ഭഗവാൻ പ്രാകൃതമനുഷ്യനെപ്പോലെ ദുഃഖിച്ചു. കാനനതലഭാഗത്തിൽ വസിച്ചിരുന്ന സീതാരാമ

ന്മാരായ ചക്രവാകമിഥുനത്തിന്ന രാവണരാത്രിയുടെ ആഗമനം വിയോഗദുഃഖത്തെ വരുത്തിവെച്ചുവെന്നേ പറയേണ്ടു. ഭക്തജനദുഃഖഹാരിയായ അവിടുന്ന് ശോകവിഷാദാദികളിൽനിന്നു മുക്തനാണെങ്കിലും ലോകാനുസരണാർത്ഥം വിലപിക്കാൻ തുടങ്ങി. "ഹാ ഗുണനികേതമായ ജനകജേ! ദേവി! സീതേ! വ്രതനിയമപുനീതേ! രൂപശീലവതി!" ഈ വിലാപംകേട്ടു ലക്ഷ്മണൻ കഴിയുന്നത്ര സമാധാനപ്പെടുത്താൻ ശ്രമിച്ചിട്ടും ഫലമുണ്ടായില്ല. വഴിയിൽകണ്ട വള്ളികളോടും മരങ്ങളോടും ജന്തുക്കളോടുമെല്ലാം ഭഗവാൻ ചോദിക്കയായി. "ഹേ പക്ഷികളെ! മൃഗങ്ങളെ വണ്ടിൻക്കൂട്ടങ്ങളെ മൃഗനയനയായ സീതയെ നിങ്ങൾ കണ്ടുവോ? ഹേ വാലാട്ടിപ്പക്ഷികളെ! തത്തക്കിളികളെ! മാടപ്രാവുകളെ! മാനുകളെ! മത്സ്യങ്ങളെ! വണ്ടിൻക്കൂട്ടങ്ങളെ! സമർത്ഥങ്ങളായ കുയിലുകളെ! കുരുക്കുത്തി മുല്ലപ്പൂമൊട്ടുകളെ! മാതളംപഴങ്ങളെ! മിന്നൽപിണറുകളെ! നിങ്ങൾക്കും, ശരച്ചന്ദ്രൻ, താമര, സർപ്പിണി, വരുണപാശം, കാമചാപം, അരയന്നം, ആന, സിംഹം, ഇവയ്ക്കുമെല്ലാം നല്ലകാലം വന്നു. മങ്ങിക്കിടന്ന കീർത്തി തെളിഞ്ഞു. കൂവളക്കായ്ക്കും ചെമ്പകമൊട്ടിനും, വാഴത്തണ്ടിനും ഒരു ഭയവും ലജ്ജയും ഇല്ലാതെ സന്തോഷിക്കാറായി ഭദ്രേ! ജാനകീ! നീ മറയുകകൊണ്ട് ഇവയെല്ലാം ഒരു രാജ്യംകിട്ടിയതുപോലെ സന്തോഷിച്ചിരിക്കുന്നു. ഈ ക്രൂരകൃത്യം ഞാൻ എങ്ങനെ സഹിക്കും? പ്രിയേ നീ വേഗത്തിൽ വെളിപ്പെടാത്തതെന്ത്?" എന്നിങ്ങനെ ഫണാമണി പോയസർപ്പത്തേപ്പോലെയും, കരയ്ക്കുപിടിച്ചിട്ട മത്സ്യത്തെപ്പോലെയും വിവശനായ രാമചന്ദ്രൻ വിരഹാർത്തനായി വിലപിച്ചു. പൂർണ്ണകാമനും സുഖരാശിയും, അവിനാശിയും അജനുമാണെങ്കിലും ഭഗവാൻ മനുജചരിതത്തെ ആചരിച്ചുകൊണ്ടു അനവധി വനങ്ങളും, സരോവരങ്ങളും, നദികളും, ഗിരികളുംഅനുജനുമായിനടന്നു കടന്ന് പ്രിയാവിയോഗജമായതീവ്രതാപത്തിയുടെ ചൂടേററു വാടി ചുററിത്തിരിയുമ്പോൾ മാർഗ്ഗമദ്ധ്യേ ചോരക്കളങ്ങൾ കാണായി. "ലക്ഷ്മണ! ഇവിടെ ആരോ ഒരു യുദ്ധം നടത്തിയതുപോലെ തോന്നുന്നല്ലോ" എന്നുപറഞ്ഞു; അല്പദൂരം ചെന്നപ്പോൾ രാമചരണങ്ങളെ ധ്യാനിച്ചു ചിറകുമററു കിടക്കുന്ന ജടായുവിനെക്കണ്ടു. കൃപാനിധി തൻെറ കരസരോജത്തെ ആ സാധുപക്ഷിയുടെ ശിരസ്സിൽവച്ചു. ശോഭാധാമമായ രാമമുഖത്തെ വീക്ഷിച്ചപ്പോൾ ജടായുവിൻെറ ഭയങ്ങളും ക്ലേശങ്ങളും അസ്തമിച്ചു ഭഗവാനേ! ഭവഭയഭഞ്ജനഈ വൈകൃതം രാവണൻെറ കഠിനക്കയ്യാണ്. ജാനകിയെ അപഹരിച്ചുകൊണ്ടുപോയ ദുഷ്ടൻ അവനാണ്. തെക്കേദിക്കിലേക്കു കൊണ്ടുപോയിരിക്കുന്നു. ദേവി അഴകുരൽ പക്ഷിയെപ്പോലെ ദീനയായി വിലപിക്കുന്നു. നിന്തിരുവടിയെ ദർശിക്കുന്നതിനു മാത്രമാ

ണ്ട് ഞാൻ പ്രാണസന്ധാരണം ചെയ്തത്. കൃപാനിധേ! ഇനി എനിക്കു ദേഹവിയോഗകാലം ആയി”

“താത! മരിക്കാതെ ജീവിച്ചിരിക്കുക” എന്നു കൃപാനിധി അരുളിച്ചെയ്തു. അതുകേട്ടു മുഖപ്രസാദത്തോടെ ജടായു പറഞ്ഞു. മരണസമയത്ത് ഏതൊരു ദേവന്റെ നാമം ഉച്ചരിച്ചാൽ അധമാധമൻപോലും മുക്തനാകുമെന്നു വേദങ്ങൾ കീർത്തിക്കുവോ ആ ഭഗവാൻ ഇതാ എന്റെ കൺവെട്ടത്ത് എഴുന്നള്ളിനില്ക്കുന്നു നാഥ! ഇനി എനിക്കു ഭൂമിയിൽ ജീവിച്ചിരിക്കേണ്ട ആവശ്യം എന്ത്!”

രാമചന്ദ്രന്റെ കണ്ണുകൾ അശ്രുപൂർണ്ണങ്ങളായി. “താത! താങ്കൾക്കു പരമഗതിനല്കിയതു് സ്വന്തം കർമ്മംതന്നെ യാണെന്നു സമാശ്വസിക്കുക. പരഹിതത്തെ ഉദ്ദേശിച്ച് ആത്മാവിനെ പ്രവർത്തിപ്പിക്കുന്ന സുകൃതികൾ ദുർല്ലഭമായി ലോകത്തിൽ ഒന്നുംതന്നെ ഇല്ല. ദേഹവിയോഗാനന്തരം എന്റെ പദത്തെത്തന്നെ താങ്കൾ അധിരോഹിച്ചുകൊള്ളാം. സകല കാമങ്ങളും സാധിച്ചിരിക്കുന്ന താങ്കൾക്ക് ഇതിൽ കൂടുതൽ ഞാൻ എന്താണു നല്കേണ്ടതു്?

സീതാഹരണം സംഭവിച്ചു; ഹർത്താവു രാവണനെന്നു് ഇപ്പോൾ അറികയുംചെയ്തു. ഹേ പക്ഷീന്ദ്ര! ഞാൻ രാമനാണെങ്കിൽ കുലത്തോടുകൂടെ രാവണനെ നിഗ്രഹിച്ചുസീതയെ വീണ്ടുകൊണ്ടു പോരുന്നുണ്ടു്”.

ഭക്താവതംസമായ ജടായു ഗൃദ്ധ്രദേഹം ഉപേക്ഷിച്ച് ഉത്തരക്ഷണത്തിൽ വിവിധഭൂഷണപീതാംബരാലംകൃതവും, പീനായത ചതുർഭുജവിലസിതവും, ശ്യാമകോമളശരീരവും ആയ വൈഷ്ണവരൂപം ധരിച്ചു വിളങ്ങിനിന്നു് അശ്രുപൂർണ്ണാക്ഷനായി സ്തുതിച്ചു.

നിസ്തുലസൌന്ദര്യ! ഹേ ഗുണപ്രേരക!
നിർഗ്ഗുണ! നിത്യ! സഗുണ! വിഭോ! ജയ!
പൃഥ്വീവിഭൂഷായിത! രാവണകണ്ഠ
ഹസ്തവിച്ഛേദന ശക്തബാണ! ഹരേ
വാരദദാമവരകോമളദേഹ
ചാരുതചേരുന്നതാമരപ്പൂക്കണ്ണ!
വാരിജരമ്യാനന! രാഘവ! കൃപാ-
വാരിധേ പീനായതചണ്ഡദോർദ്ദണ്ഡ!
ഘോരസംസാരവിമോചന! നിൻപാദ-
പാരിജാതം ഭജിക്കുന്ന ഭക്തൈകത്യ്വഞാൻ
സൂരാനായരാജനാവ്യക്തനപായൻ

ആരാലുമോൎത്താലറിയപ്പെടാതവൻ
ആദിമദ്ധ്യാന്തങ്ങളില്ലാതദൈവത-
മാദിവ്യമൂൎത്തിയെ നിത്യം സ്തുതിക്കുന്നേൻ
ഗോവിന്ദനായ് ഗോഹിതനായ് ഗതദ്വന്ദ്വ
ഭാവനായ് ഹന്ത! വിജ്ഞാനഘനനായി
മേവും ധരാധാരഭൃതനെ ഞാൻസ്തുതി-
പ്പൂവാലേ പൂജിച്ചുസേവിച്ചിടുന്നിതാ
രാമനാമോച്ചാരണലോലർ തൻമന-
ത്താമരപ്പൂവിടുത്തുംചെങ്കതിരവൻ
കാമാദിദോഷവിഭഞ്ജനൻ സൎവ്വനി-
ഷ്കാമപ്രിയൻ, സ്തോത്രപാത്രമാകട്ടെ, മേ
വ്യാപകബ്രഹ്മം വിരജസ്സമേയനെ-
ന്നേവനെ വേദങ്ങൾ കീൎത്തിച്ചിടുന്നിതു
ഏവനെയുന്നി മഹർഷിമാർ അദ്വൈത
ഭാവനായോഗവൈരാഗ്യാദിചൎയ്യകൾ
അഭ്യസിക്കുന്നി, താദേവൻ കൃപാകന്ദ-
മത്ഭുതശോഭനദമ്യൻ ജഗദ്വിഭു
പൃത്ഥ്വിയിലിപ്പോൾ ജനഹിതാൎത്ഥം നര-
വിഗ്രഹംകൈക്കൊണ്ടവതരിച്ചീടിനാൻ.
സൂനേഷുസുന്ദരനാമപ്പുരാനെന്റെ
മാനസഭൃംഗം നുകരും കമലമായ്
ന്നൂനമെന്നും വിരാജിക്കട്ടെ. നിൎദ്വന്ദ്വ-
മാനന്ദമത്ര്യാന്തമാസ്വാദിക്കട്ടെ ഞാൻ
ശീതളനായിസുഗമാഗമഭാവ-
ഭേദേന ശുദ്ധ്യാസമാസമതപംപൂണ്ടു
യാതൊരുത്തൻഭവിക്കുന്നു, ജിതേന്ദ്രിയ-
രാദരാൽ ജ്ഞാനേക്ഷണംകൊണ്ടുകാണ്മതും
യാതൊരുദേവനെയാണദ്ദയാപരൻ
പാദഭക്തന്മാൎക്കുപാരിജാതോപമൻ
കീൎത്തിയാൽശുദ്ധിനൽകും രമാവല്ലഭൻ
ചിത്തസംസാരംശമിപ്പിച്ചിടുംപുരാൻ
പാൎത്തീടവേണമെൻമാനസേ മാനുഷ-
മൂൎത്തിമുകുന്ദൻ ഭുവനമഹാധനൻ.

സ്തോത്രംചെയ്തശേഷം അവിരളഭക്തി വരിച്ചുകൊണ്ടു് ഗൃധ്രരാജൻ വിഷ്ണുപദത്തെ പ്രാപിച്ചു. ഭഗവാൻ തൃക്കൈകളാൽതന്നെ ആ പക്ഷിയുടെ ചരമക്രിയകൾ യഥോചിതം നിൎവ്വഹിച്ചു.

അനർഹന്മാരിൽപോലും അനുകമ്പാമൃതവർഷിയായ ഭഗവാൻ ദീനദയാലു, മാംസംതിന്നു ജീവിക്കുന്ന ഒരു അധമകഴുകുപക്ഷിക്കു് യോഗീശ്വരന്മാരാലും ലഭിക്കപ്പെട്ടുവാൻ പ്രയാസമുള്ള ദിവ്യപദത്തെ ദാനംചെയ്തുവല്ലോ. ഹേ ഭവാനി, ഹരിവിമുഖന്മാരായി വിഷയങ്ങളിൽ അനുരഞ്ജിക്കുന്ന ആളുകൾ എത്രയോ ഭാഗ്യഹീനന്മാർ!

അനന്തരം സഹോദരന്മാർ സീതയെ അന്വേഷിച്ചു് ലതാപടലസംകുലങ്ങളും ഗജസിംഹാദിമൃഗനിബിഡിതങ്ങളും ആയ അനവധി ഘനകാനനങ്ങളിൽ ചുററിത്തിരിഞ്ഞു. മാർഗ്ഗമദ്ധ്യേ കാണപ്പെട്ട * കബന്ധൻ എന്ന അസുരനെ അവർ നിഗ്രഹിച്ചു. ഉടനെ ഉജ്ജ്വലാകൃതിയായ ഒരു ഗന്ധർവ്വൻ അവിടെ ആവിർഭവിച്ചു് ഭഗവാനെ തൊഴുതുകൊണ്ടു്. പ്രഭോ ദുർവ്വാസാവിൻെറ ശാപത്താൽ ഞാൻ ഇങ്ങനെ രാക്ഷസരൂപം ധരിച്ചതാണു്.

ഇപ്പോൾ പ്രഭു പദദർശനത്താൽ എൻെറ പാപവും ശാപവും ശമിച്ചു." എന്നുണർത്തിച്ചു. ഭഗവാൻ "ഹേ ഗന്ധർവ്വ! ബ്രഹ്മകുലദ്രോഹികൾ എൻെറ ശത്രുക്കളാണു്. മനസാ വാചാ കർമ്മണാ കളങ്കമില്ലാതെ ആചാരവാന്മാരായ ഭൂദേവന്മാരെ സേവിക്കുന്നവർ ബ്രഹ്മാവിനേയും, ശിവനേയും എന്നേയും, മററുള്ള സർവ്വദേവന്മാരേയും വശീകരിക്കുന്നു; ഉത്തമനായ ഒരു ബ്രാഹ്മണൻ ശപിക്കയോ, താഡിക്കയോ, ഭത്സിക്കയോ, ചെയ്താലും പൂജാർഹനാണെന്നു സാധുക്കൾ പറയുന്നു. ആചാരശുദ്ധിയുള്ള ബ്രാഹ്മണൻ കോപകാമാദിദോഷങ്ങൾ ഉള്ളവനായാലും നിന്ദ്യനല്ല. ദുരാചാരനിരതനു് സൽസ്വഭാവപ്രകടനം മുതലായ അഭിനയങ്ങൾ ഉണ്ടെങ്കിലും അവൻ പൂജ്യനല്ല. പശു ദുശ്ശീലമുള്ളതാകട്ടെ എന്നാലും അതിനെ കറന്നു പാൽ എടുക്കാതിരിക്കുന്നില്ല. നേരേമറിച്ചു് ഒരു കഴുത എത്രതന്നെ ശീലഗുണമുള്ളതായാലും അതിനെ ആരെങ്കിലും കറക്കാൻ ശ്രമിക്കുന്നുണ്ടോ? "അതുപോലെ സജ്ജനങ്ങളെ സേവിക്കയും ദുർജ്ജനങ്ങളെ വർജ്ജിക്കയും ചെയ്യേണ്ടതാകുന്നു" എന്നുപദേശിച്ചു. താങ്കൾ അവനുള്ള ആകളങ്ക

---

* കബന്ധൻ പൂർവ്വജന്മത്തിൽ ഒരു ഗന്ധർവ്വൻ ആയിരുന്നു. ദുർവ്വാസാവിനെ ധിക്കരിക്കയാൽ അദ്ദേഹം അവനെ ശപിച്ചു രാക്ഷസനാക്കി. ദുർമ്മദനായ രാക്ഷസൻ സാധുഹിംസ ആരംഭിച്ചതുകണ്ടു് ഇന്ദ്രൻ വജ്രായുധത്താൽ അവൻെറ കഴുത്തു മുറിച്ചു ഭൂമിയിൽ വീഴ്ത്തി. എന്നാൽ ഗന്ധർവ്വൻ ദീർഘജീവിതത്തിനു വരംവാങ്ങിയിരുന്നതിനാൽ മരിച്ചില്ല. മരണരഹിതനാണെന്നു കണ്ടപ്പോൾ ഇന്ദ്രൻ അവൻെറ ശിരസ്സു് വയററിലമുഴ്ത്തി കൈകൾ രണ്ടും യോജനായതങ്ങളാക്കിച്ചെയ്തു. കൈകൾ നീട്ടി ചുററിവാരിയാൽ അതിൽ അകപ്പെടുന്ന ജീവികളെ അവൻ ഭക്ഷിച്ചുവന്നു. ഇങ്ങനെ കിടക്കുമ്പോഴാണു് രാമലക്ഷ്മണന്മാർ അവൻെറ ബാഹുച്ഛേദംചെയ്തു നിഗ്രഹിച്ചതു്.

ദീർഘജീവിതത്തിനു വരം വാങ്ങുകകൊണ്ടു ഉദ്ധതനായ ഗന്ധർവ്വൻ ഇന്ദ്രനോട്ടു യുദ്ധത്തിനു ചെന്നുവെന്നും അദ്ദേഹം വജ്രായുധത്താൽ ശിരസ്സുരുത്തു് മേൽപറഞ്ഞപ്രകാരം ജിവസഞ്ചാരണമാർഗ്ഗം നിയമിച്ചുവെന്നാണു് വാല്മീകിരാമായണകഥ ദുർവ്വാസാവിൻെറ കഥ തുളസീദാസരാമായണത്തിൽ മാത്രമേ കാണുന്നുള്ളു.

ഭക്തി കണ്ടു സന്തോഷിച്ചു. ഗന്ധർവ്വൻ രഘുപതിയുടെ ചരണകമലങ്ങളെ ശിരസാ വണങ്ങി ആകാശത്തിൽ ഉൽപതിച്ചു. ദയാനിധി അവന്നു് ഉദാരഗതി നൽകി അനുഗ്രഹിക്കയും ചെയ്തു

സഹോദരന്മാർ യാത്രതുടൎന്നുപോയി ശബരിയുടെ ആശ്രമത്തെ പ്രാപിച്ചു. ആ യോഗിനി തന്റെ ആശ്രമത്തിൽ രാമചന്ദ്രൻ എഴുന്നള്ളിയതുകണ്ടു് മുനിവചനത്തെ സ്മരിച്ചു സന്തുഷ്ടയായി. താമരക്കണ്ണനും, ദീർഘഭുജങ്ങളും ജടാമകുടവും മാർവിടത്തിൽ വനമാലകളും അണിഞ്ഞ ശ്യാമഗൗര സുന്ദരന്മാരായ ആ സഹോദരന്മാരെ നമസ്കരിച്ചു, പാദങ്ങൾ ചുംബിച്ചു. പ്രേമമഗ്നമായ അവളുടെ മുഖത്തുനിന്നും വാക്കുകൾ പുറപ്പെട്ടില്ല. തുടരെത്തുടരെ രാമപാദങ്ങളിൽ ശിരസ്സു നമിച്ചുകൊണ്ടിരുന്നു. ഭക്തിപൂർവ്വം ജലം ആനയിച്ചു് അവരുടെ പാവന ചരണങ്ങൾ കഴുകി. ശോഭനമായ ഒരു ആസനത്തിൽ ഉപവേശിപ്പിച്ച ശേഷം അത്യന്തം രുചികരങ്ങളായ പല കന്ദഫലമൂലങ്ങൾ രാമചന്ദ്രനു സൽക്കരിച്ചു. പ്രഭു സ്നേഹപൂർവ്വം ഭക്ഷിക്കയും തുടരെത്തുടരെ കൃതജ്ഞതാസൂചകങ്ങളായ അരുളപ്പാടുകളാൽ അവളെ ആനന്ദിപ്പിക്കയും ചെയ്തു. ശബരി സാഞ്ജലിഹസ്തം തിരുമുമ്പിൽത്തന്നെ നിലകൊണ്ടു. തിരുമെയ്യിൽ നോക്കുന്തോറും അവളുടെ പ്രേമം വർദ്ധിച്ചു. പ്രഭോ! അധമവംശജയും ജഡമതിയും ആയ ഞാൻ-അധമകളിൽവച്ചു അധമയും, വർജ്ജ്യയും ആയ ഒരു സ്ത്രീ—അല്ലയോ പാപനാശനാ! മൂഢകളിൽവച്ചു മൂഢ—യിന്തിരുവടിയുടെ സ്തുതിവചനങ്ങളെ എങ്ങനെ ഉച്ചരിക്കുന്നു. രഘുപതി പറഞ്ഞു:— "ഭാമിനീ! എന്റെ വാക്കുകൾ കേൾക്കുക. ഭക്തി ഒന്നു മാത്രമാണു് ഉൽകൃഷ്ടഗുണമായി ഞാൻ കരുതുന്നതു്. ഭക്തന്മാരത്രേ എനിക്കു ബന്ധുക്കൾ. ജാതിയോ, കുലമോ, കുടുംബമോ, ധർമ്മമോ, സ്ഥാനമാനമോ, ധനമോ, ബലമോ, ഗുണമോ, ചാതുര്യമോ ഞാൻഗണിക്കുകയില്ല. ഭക്തിയില്ലാത്ത ഒരു മനുഷ്യൻ വെള്ളമില്ലാത്ത മേഘംപോലെ അഗണ്യനാണു. ഭക്തി ഒൻപതു വിധത്തിൽ പറയപ്പെട്ടിട്ടുണ്ടു്. ഭവതിക്കായി ഞാൻ അതു വിസ്തരിക്കാം. ശ്രദ്ധിച്ചുകേട്ടു മനസ്സിൽ ഉറപ്പിച്ചുകൊള്ളുക. ഒന്നാമത്തേതു സാധുക്കളോടുള്ള സംസർഗ്ഗം രണ്ടു്, എന്റെ കഥാപ്രസംഗത്തിലുള്ള ആസക്തി മൂന്നാമതു് ഗുരുപദപങ്കജസേവനം, അതു് അളവററ ഒരു പടിയാണു്. എന്റെ ഗുണഗണങ്ങളെ നിഷ്കളങ്ക മനഃസ്ഥിതിയോടുകൂടി ഗാനംചെയ്യുന്നതാണു് നാലാമതു ദൃഢവിശ്വാസത്തോടെ എന്റെ മന്ത്രങ്ങളെ ഉച്ചരിക്കുന്നതു് അഞ്ചാമത്തെ ഭജനമാണു്. ആറാമതു പ്രപഞ്ചത്തിൽ വിരക്തിയും നിത്യനിരന്തരമായ സജ്ജനസംഗവുമാകുന്നു. ഏഴാമതു് ലോകം മന്മയമായി കാണുകയും സാധുക്കളെ എന്നേക്കാളും ശ്രേഷ്ഠന്മാരായി ഗണിക്കയും ചെയ്യുന്നതാ

ണം. ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടു സ്വപ്നത്തിൽപോലും പരദോഷചിന്ത ചെയ്യാതെയിരിക്കുന്നതു് എട്ടാമത്തെ ഭജനമാണ്. ഒൻപതാമത്തു് എല്ലാരിലും എല്ലാററിലും അകളങ്കമായ സരളസ്വഭാവവും മനസ്സിൽ സന്തോഷമോ ദുഃഖമോ ഇല്ലാതെ എന്നേത്തന്നെ ദൃഢമായ വിശ്വാസവും ആണ്. ഹേ ഭാമിനി! ഇപ്പറയപ്പെട്ട ഒൻപതുവിധഭക്തികളിൽ ഏതെങ്കിലും ഒന്നു് ഉള്ളയാൾ സ്ത്രീയായാലും പുരുഷനായാലും ചരമായാലും അചരമായാലും എന്റെ അപാരമായ പ്രിയത്തിനു ഭാജനമായി ഭവിക്കും. ഭവതിക്കു് നവവിധഭക്തയും ദൃഢമായി ഉണ്ടു്. യോഗിവൃന്ദത്തിനുപോലും ദുർല്ലഭമായ പരമഗതി ഭവതിക്കു് ഇന്നു സുലഭമായിരിക്കുന്നു. എന്നേ ദർശിക്കുന്നതിന്റെ ഫലം സാമ്യമില്ലാത്തതാണ് അതിനു സംഗതി വരുന്ന ഏതൊരു പ്രാണിയും തന്റെ സഹജരൂപത്തേ പ്രാപിക്കുന്നു; സർവപ്രകാരേണയും എന്റെ പാദഭക്തിയോടുകൂടിയ ഭവതി ഭാഗ്യവതി ആണ് ഭവതിയുടെ മഹിമാവിശേഷത്തെ നിത്യവും സ്മരിക്കുന്നവരും മഹാഭാഗ്യവാന്മാരായിരിക്കും. ഭദ്രേ! ഇനി എനിക്കു ചോദിക്കാനുള്ളതു സീതാവൃത്താന്തം വല്ലതും ഭവതിക്കറിവുണ്ടോ എന്നാണ്. ഉണ്ടെങ്കിൽ അതു് എന്നോടു പറയുക."

"ഹേ രഘുരാജ! പമ്പാസരസ്സിലേക്കു എഴുന്നള്ളിയാൽ അവിടെ അടുത്തുതന്നെ വരമഹിമാവായ മാതംഗമഹർഷി വസിച്ചിരുന്നതും, പുഷ്പഫലപരിപൂർണ്ണങ്ങളായ ശോഭന വൃക്ഷങ്ങളുള്ളതും, അനുകൂലജീവജന്തുക്കളോടുകൂടിയതും ആയ ഒരു പർവതം കാണാം. ആ പർവതത്തിൽ വസിക്കുന്ന സുഗ്രീവനുമായി സഖ്യം ചെയ്യണം. വസ്തുതകൾ അവൻ പറയും. എല്ലാം നിന്തിരുവടിക്കു് അറിയാവുന്നതുതന്നെ എങ്കിലും അവനോടു ചോദിക്കുക; ഇങ്ങനെ ഉണർത്തിച്ചിട്ടു തന്റെ വൃത്താന്തമെല്ലാം അവർ ഭഗവാനെ അറിയിച്ചു. അനന്തരം രാമപദപങ്കജത്തിൽ ദൃഷ്ടികളൂന്നി തൃപ്പാദങ്ങളെ ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ടു് ആ പുണ്യവതി യോഗാഗ്നിയിൽ ശരീരം ദഹിപ്പിച്ചു് ആവൃത്തിഹീനമായ ഹരിപദത്തിൽ ലയിച്ചു. ഹേ മനുഷ്യരെ! നിങ്ങളുടെ ധർമ്മകർമ്മങ്ങളെല്ലാം ത്യജിക്കുവിൻ! ദുഃഖപ്രദങ്ങളായ അഭിലാഷങ്ങളെല്ലാം പരിഹരിക്കുവിൻ. സർവാത്മനാ രാമപാദങ്ങളിൽ അനുരാഗവാന്മാരായി ഭവിക്കുവിൻ! എന്നു തുളസി ഉപദേശിക്കുന്നു.

ഹീനജാതീയയും പാപജന്മവതിയും ആയ ശബരിയെ പോലെ ഉള്ള ഒരു സ്ത്രീക്കുപോലും എന്റെ പ്രഭു മോക്ഷദാനം ചെയ്തു. ഇത്രയ്ക്കു ദയാലുവായ രഘുരാജനെ മറന്നു് മനസ്സുഖം വേണമെന്നിച്ഛിക്കുന്നവർ മഹാ മൂഢന്മാരാണ്.

അമിതബലശാലികളായ നരകേസരികൾ രണ്ടുപേരും അന

ത്തരം ആ വനത്തെ ഉപേക്ഷിച്ചു പുറപ്പെട്ടു. കേവലം ഒരു വിരഹാൎത്തനെപ്പോലെ പ്രഭു വിലപിക്കയും വിവിധ വിഷയങ്ങളെ സംവദിക്കയും ചെയ്തുകൊണ്ടിരുന്നു. ലക്ഷ്മണ! ഇതാ കാനനശോഭ നോക്കൂ. ഇതു കണ്ടാൽ ആരുടെ മനസ്സാണ് ഇളകാത്തതു്. ഖഗമൃഗവൃന്ദങ്ങളെല്ലാം ഇണചേൎന്നുകളിക്കുന്നു. അവ എന്നെ പരിഹസിക്കുന്നതുപോലെ തോന്നുന്നു. മാനുകൾ എന്നെക്കണ്ടു് അമ്പരപ്പോടെ പാഞ്ഞുതുടങ്ങുമ്പോൾ പെൺമാനുകൾ അവയെ നോക്കി നിങ്ങൾ ഭയപ്പെട്ടോടേണ്ട ആവശ്യം ഇല്ല. സന്തോഷത്തോടെ ഇവിടെത്തന്നെ നിൽക്കുക. നിങ്ങൾ പരമാൎത്ഥ മാനുകൾ അല്ലേ? സ്വൎണ്ണമാനിനെ മാത്രമാണ് ഈ വരുന്ന ആളുകൾ തേടുന്നതു്. എന്നു സമാധാനപ്പെടുത്തുന്നു. പെണ്ണാനകൾ കൊമ്പന്മാരോടു ചേൎന്നുനിന്നുകൊണ്ടു് ഭാവസൂചനയാൽ "ശാസ്ത്രങ്ങൾ എത്ര പഠിച്ചാലും പിന്നെയും പിന്നെയും വായിക്കേണ്ടിയിരിക്കുന്നതുപോലെ, രാജാവിനെ എത്ര സേവിച്ചാലും അദ്ദേഹം വശഗനാകാത്തതുപോലെ, നാരിയും എത്രയൊക്കെ മാൎവിൽ ചേൎത്തണച്ചു വച്ചിരുന്നാലും വശഗയാണെന്നു വിശ്വസിച്ചുപോകരുതേ" എന്നുപദേശിക്കുന്നു. സഹോദര! നോക്കൂ ഈ വസന്തം എത്ര മനോഹരം! എന്നിട്ടും ഭാൎയ്യയെ വേർപെട്ടിരിക്കുന്ന എനിക്കു് അതു ദുഃഖകരമായിരിക്കുന്നു.

ഞാൻ വിരഹത്താൽ വികലനും ബലഹീനനുമാണെന്നു കണ്ടിട്ടു് കാമദേവൻ കാട്ടിലെ വണ്ടുകളേയും ആയുധമാക്കി എന്നെ ആക്രമിക്കുന്നു. ഇപ്പോൾ എന്നോടൊരുമിച്ചു് ഭാൎയ്യയില്ല. സഹോദരൻ മാത്രമേ ഉള്ളൂ എന്നു് അവൻ്റെ ദൂതനായ വായു ചെന്നു പറകകൊണ്ടു് ആ ദുഷ്ടമദനൻ എന്നെ അടിമപ്പെടുത്താൻ സൈന്യസമേതം പുറപ്പെട്ടിരിക്കയാണു്. വിശാലവൃക്ഷങ്ങളും ചുററിപ്പിണഞ്ഞു കിടക്കുന്ന വള്ളികളും അവൻ വിഹരിക്കുന്ന പടകുടീരങ്ങളത്രേ. കദളികളും വരതാലങ്ങളും ധീരന്മാൎക്കല്ലാതെ മനസ്സുറപ്പോടെ നോക്കാൻ കഴിയാത്ത അവൻ്റെ ധ്വജങ്ങളും പതാകകളും ആണു്. പലവിധത്തിലുള്ള പൂമരങ്ങളെല്ലാം ആയുധകവചാദികൾ ധരിച്ചു് സന്നദ്ധരായ അവൻ്റെ യുദ്ധഭടന്മാർ തന്നെ. അവിടവിടെ നിൽക്കുന്ന സുന്ദരങ്ങളായ വലിയകാട്ടുമരങ്ങൾ സേനാനാഥന്മാരുടെ വിശ്രമത്തിനുള്ള കൂടാരങ്ങളായി പരിഗണിക്കാം. കൂജനം ചെയ്യുന്ന കുയിലുകൾ മദനൻ്റെ മത്തഗജങ്ങളും, ക്രൗഞ്ചപക്ഷികൾ കാളകളും കോവർകഴുതകളും ഒട്ടകങ്ങളും ആണു്. മയിലുകളും ചകോരങ്ങളും കീരങ്ങളും അവൻ്റെ പടക്കുതിരകൾ, കപോതമരാളങ്ങൾ, അറബിക്കുതിരകൾ, കാലാളുകൾ, ചെറുകരീലും ചിച്ചിരിപക്ഷികളും അത്രേ. ആകപ്പാടെ കാമദേവൻ്റെ സൎവസന്നാഹങ്ങളും ഇവിടെ വിവരിക്കാൻ നിവൃത്തിയില്ല. ഗിരികളേയും, ശിലകളേയും അവൻ തേൎത്തട്ടുകളാക്കി

യിരിക്കുന്നു. ജലനിർജ്ഝരങ്ങൾ ദുന്ദുഭികളും, ചാതകങ്ങൾ ഗുണഗണങ്ങളെ കീർത്തിക്കുന്ന സ്തുതിപാഠകന്മാരും ആണ്. പാടിപ്പറക്കുന്ന വണ്ടുകൾ ഭേരികളും, മൃദംഗങ്ങളും ത്രിവിധവായുവിശേഷങ്ങൾ ദൂതന്മാരും ആണെന്നു പറയാം. ഇങ്ങനെ ചതുരംഗസൈന്യത്തോടുകൂടി പുറപ്പെട്ടു ലോകമെങ്ങും ചുററിനടന്ന് ആക്രമണം നടത്തുന്ന മന്മഥൻ സകല ജീവരാശികളേയും പരവശരാക്കി അടിമപ്പെടുത്തുന്നു. ഹേ ലക്ഷ്മണ! ഇവന്റെ സന്നാഹങ്ങൾ കണ്ടാൽ മനസ്സുറച്ചു നില്ക്കുവാൻ കരുത്തുള്ളവനാരോ അവനാണു ലോകൈകധീരൻ. കാമന്റെ സാമർത്ഥ്യങ്ങളെല്ലാം കാമിനിമാരിലാണു സ്ഥിതിചെയ്യുന്നതു്. ആ കൂട്ടരെ വഞ്ചിച്ചു കഴിച്ചുകൂട്ടാൻ മിടുക്കുള്ളവനത്രേ ലോകവിജയിയായ യുദ്ധവീരൻ.

ഹേ സഹോദര! കാമം, ക്രോധം, മോഹം ഇങ്ങനെ മൂന്നു പ്രബലശത്രുക്കൾ മനുഷ്യനുണ്ടു്. അവയ്ക്കു് വിജ്ഞാനനിധിയായ മുനിയുടെ ഹൃദയം പോലും അരനിമിഷം കൊണ്ടു ക്ഷോഭിപ്പിക്കാൻ കഴിയും. മോഹത്തിന്റെ ആയുധങ്ങൾ ദുരയും ഡംഭവും ആണ്. കാമത്തിനു സ്ത്രീകൾ മാത്രമാണ് ആയുധം. പരുഷവചനത്തേയത്രേ കോപം ആയുധമാക്കിയിരിക്കുന്നതു്. ഇതു വിജ്ഞന്മാരായ മുനിവരന്മാരുടെ അഭിപ്രായം ആണ്.

ഹേ ഭവാനി! രാമൻ ഗുണാതീതനും ചരാചരനാഥനും സർവ്വാന്തര്യാമിയും ആണ്. എന്നിട്ടും ഒരു തത്വജ്ഞാനിയുടെ ധീരതയിലും വൈരാഗ്യത്തിലും നിന്ന് വളരെ വളരെ താണപടിയിലാണ് അദ്ദേഹം വിരഹദുഃഖത്തെ പ്രകടിപ്പിച്ചതു്. ക്രോധം, കാമം, ലോഭം, മദം, മായ, ഇവയെല്ലാം രാമകാരുണ്യത്താൽ നശിക്കുന്നു. ലോകൈകനാഥനായ അദ്ദേഹത്തിന്റെ കാരുണ്യമുള്ളവൻ മാത്രമേ ഈ ഇന്ദ്രജാലങ്ങളിൽ അകപ്പെടാതെയിരിക്കയുള്ളു. പാർവ്വതി! ഞാൻ ന്റെ അനുഭവത്തിലുള്ള അനുമാനം പറയുന്നു. ഹരിഭജനം ഒന്നു മാത്രം സത്യവും ലോകപ്രകൃതി കേവലം ഒരു സ്വപ്നവും ആകുന്നു.

പ്രഭു അവിടെനിന്നും പുറപ്പെട്ടു് സുഭഗവും ഗംഭീരവും ആയ പമ്പാതടത്തെ പ്രാപിച്ചു. അതിലെ ജലം സാധുക്കളുടെ ഹൃദയം പോലെ നിർമ്മലമായിരുന്നു. നാലുവശത്തും കൽപടികൾ കെട്ടി ഇറക്കിയിരിക്കുന്നതായി കാണപ്പെട്ടു. ഉദാരന്റെ ഗൃഹത്തിങ്കൽ യാചകന്മാരെന്നപോലെ പലജാതി മൃഗങ്ങൾ പതിവുകാരെപ്പോലെ അതിലിറങ്ങി വെള്ളം കുടിച്ചുകൊണ്ടിരുന്നു. നിബിഡങ്ങളായ വൃക്ഷച്ഛദങ്ങളുടെ ഛായയാൽ പമ്പയിലെ വെള്ളത്തെ മായയുടെ മറവാൽ നിർഗ്ഗുണബ്രഹ്മത്തെ എന്നപോലെ വേർതിരിച്ചറിയുന്നതിന് പ്രയാസമായി ഭവിച്ചു. അത്യഗാധമായ ആ ജലത്തിനടിയിൽ

മത്സ്യങ്ങൾ ധർമ്മശീലന്മാരുടെ ദിവസങ്ങൾ എന്നപോലെ പ്രശാന്തങ്ങളായി സുഖിച്ചു. വിവിധവർണ്ണങ്ങൾ വീശിത്തെളിഞ്ഞ താമരപ്പൂക്കളും സുധാമധുരഗാനം മുഴക്കുന്ന വണ്ടിണകളും, അതിൽ വിളങ്ങിക്കൊണ്ടിരുന്നു. നീർകോഴികളും അരയന്നങ്ങളും പുറപ്പെടുവിച്ച ശബ്ദകോലാഹലം കേട്ടാൽ അവ തങ്ങളുടെ പ്രഭുവിനെ അറിഞ്ഞു്, സ്തുതിപാഠങ്ങൾ കീർത്തിച്ചതാണോ എന്നുതോന്നും. ചക്രവാകങ്ങളും, ബകങ്ങളും, മററുഖഗസമൂഹങ്ങളും എത്രയെന്നു കണ്ടുതന്നെ അറികയല്ലാതെ വർണ്ണിക്കവയ്യാ. സുന്ദരങ്ങളായ ഈവക ഖഗങ്ങളുടെ കളകൂജനസ്വനങ്ങൾ പഥികന്മാർക്കു സ്വാഗതവചനങ്ങൾ അരുളുന്നതുപോലെ ഇരുന്നു. സരസ്സിനുസമീപമായി ചുററും ചെമ്പകം, ഇലഞ്ഞി, കടമ്പു, പച്ചിലമരം, പാതിരി, പ്ലാവു്, പ്ലാശു, മാവു, മുതലായ മനോഹരവൃക്ഷങ്ങളോടുകൂടിയ പുണ്യാശ്രമങ്ങൾ ഉണ്ടായിരുന്നു. സകലവൃക്ഷങ്ങളും പുതിയ പൂവും തളിരും പുലർത്തി മധുകരങ്ങളുടെ മധുരഗാനങ്ങളാൽ ചമൽകൃതങ്ങളായി വിളങ്ങി. ശീതളമന്ദസുഗന്ധിയായ വായുവിന്റെ നിരന്തരവീജനവും കോകിലങ്ങളുടെ 'കൂഹൂ' 'കൂഹൂ' കൂജനവും മുനിഹൃദയത്തെപ്പോലും ഭഞ്ജിക്കത്തക്ക വിധത്തിൽ സരസമായിരുന്നു. ഫലഭരിതങ്ങളായ വൃക്ഷങ്ങൾ തലകുനിച്ചു് ഭൂമിയെ വന്ദിക്കുന്നതുപോലെ പരിലസിച്ചു. സമ്പത്തു വർദ്ധിക്കുമ്പോൾ പൂർവ്വാധികം വിനീതനാകുന്ന ഒരു ഉദാരപുരുഷനെ അവ ഉദാഹരിച്ചു.

ഈ മനോഹരസരസ്സുകണ്ടു കുതൂഹലലോലനായ രഘുരാജൻ സന്തോഷപൂർവ്വം അതിൽ സ്നാനം ചെയ്തശേഷം സുന്ദരവും ശീതളച്ഛായവും ആയ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ അനുജനുമായി ഇരുന്നു വിശ്രമിച്ചു. ഈ അവസരത്തിൽ സകലദേവന്മാരും മുനിമാരും വീണ്ടും ഭഗവൽസന്നിധിയിൽ ആഗമിക്കയും സ്തോത്രകീർത്തനാദികളാൽ പ്രഭുവിനെ സേവിച്ചു മടങ്ങിപ്പോകയും ചെയ്തു. കൃപാനിധി പരമപ്രസന്നനായി അനുജനോടു് ഓരോസൽക്കഥകളും വിരഹവ്യഥകളും അരുളിച്ചെയ്തുകൊണ്ടിരുന്നു. ഭഗവാന്റെ വിരഹദുഃഖംകണ്ടു ദേവമുനിയായ നാരദൻ വ്യസനാകുലനായി ഭവിച്ചു; എന്റെ ശാപത്തിന്റെ ഫലമായിട്ടാണല്ലോ ഭഗവാൻ ഈ വിരഹദുഃഖഭാരങ്ങളെല്ലാം വഹിക്കുന്നതു്. അതുകൊണ്ടു് ഇപ്പോൾതന്നെ പോയി പ്രഭുവിനെ കാണണം. ഇനി ഒരിക്കൽ ഇത്രനല്ല അവസരം കിട്ടി എന്നു വരികയില്ല. എന്നിങ്ങനെ വിചാരിച്ചിട്ടു വീണാപാണിയായ മുനി, ഭഗവാൻ സുഖമേ ഇരുന്നരുളുന്ന പമ്പാസരസ്തടത്തിൽ ആവിർഭവിച്ചു. രാമചരിതങ്ങളെ മൃദുസ്വരത്തിൽ വീണയിൽ വായിച്ചു വായിച്ചു വന്നു്, തൃപ്പാദങ്ങളിൽ നമസ്കരിച്ചു.

ഭഗവാൻ മഹർഷിവര്യനെ വേഗത്തിൽ പിടിച്ചെഴുന്നേൽപിച്ച് നെഞ്ചിലണച്ചുതഴുകി, കുശലപ്രശ്നം ചെയ്ത് സമീപത്തിൽ പിടിച്ചിരുത്തി. ലക്ഷ്മണൻ മുനിപാദങ്ങളെ ആദരപൂർവ്വം തലോടി.

പ്രഭു അത്യന്തം പ്രസന്നനായി എന്നു കണ്ടിട്ട് നാരദൻ പ്രാർത്ഥനാപുരസ്സരം മുകുളിതഹസ്തനായി പറഞ്ഞു:—"അഗമനം, സുഗമനം, പരമനം, ആയരഘുരാജ! സുന്ദര! ഉദാരനായ വരദായക! ഞാൻ അർത്ഥിക്കുന്ന ഒരു വരത്തെ സദയം തിരുവടി എനിക്കു ദാനം ചെയ്യേണമേ. സകലാന്തര്യാമിയാകകൊണ്ടു ഞാൻ പറയാതെ തന്നേ അവിടത്തേക്കറിയാവുന്നതാണ്. എങ്കിലും ഉണർത്തിക്കുന്നുവെന്നേ ഉള്ളൂ." ഭഗവാൻ പറഞ്ഞു:—"മഹർഷേ! എന്റെ സ്വഭാവം അങ്ങേക്ക് അറിവില്ലയോ? ഭക്തന്മാരിൽ എപ്പോഴെങ്കിലും ഞാൻ വൈമുഖ്യം കാണിക്കുകയുണ്ടോ? ഹേ! മുനിവര! താങ്കൾക്കു ചോദിച്ചുകൂടാത്തതായി ഞാൻ പ്രിയപ്പെടുന്ന വസ്തു യാതൊന്നുമില്ല. ഭക്തന്മാർക്കു കൊടുത്തുകൂടാത്തതായും യാതൊന്നും എനിക്കില്ല. ഈ വിശ്വാസം എപ്പോഴും എന്നേക്കുറിച്ചുണ്ടായിരിക്കട്ടെ." ഭഗവദ്വചനങ്ങളാൽ സന്തുഷ്ടനായ നാരദൻപറഞ്ഞു. "എനിക്കു ചോദിക്കാനുള്ള വരം മറ്റൊന്നുമല്ല. വേദത്തിൽ പറയുംപ്രകാരം ഒന്നിനൊന്നു ശ്രേഷ്ഠമായ അനവധി നാമങ്ങൾ അങ്ങേയ്ക്കുണ്ടെങ്കിലും രാമനാമം അവയിലൊക്കെ ശ്രേഷ്ഠമായും, പാപപ്പറവകളെ കൂട്ടത്തോടെ കുരുക്കിക്കൊല്ലുന്ന ഒരു വലയായും ഭവിക്കട്ടെ. ഭക്തിയാകുന്ന പൗർണ്ണമാസിക്കു രാമനാമം ഒരു ചന്ദ്രനായി, മറ്റുനാമങ്ങൾ നക്ഷത്രങ്ങളുമായി ഭക്തഹൃദയാകാശത്തിൽ വിളങ്ങട്ടെ" അപ്രകാരം ഭവിക്കും എന്നു കൃപാനിധി അരുളിച്ചെയ്തപ്പോൾ മഹർഷി സഹർഷം തൃപ്പാദങ്ങളിൽ വണങ്ങിത്തൊഴുതു. രഘുനാഥൻ അത്യന്തം പ്രസാദിച്ചിരിക്കുന്നുവെന്നു കണ്ട്, തക്ക അവസരമാണെന്നു കരുതി നാരദൻ മൃദുസ്വരത്തിൽ ചോദിച്ചു. ഹേ രഘുരാജാ! മുൻപ് ഒരിക്കൽ അങ്ങു മായയെ അയച്ച് എന്നെ മോഹിപ്പിച്ചപ്പോൾ ഞാൻ ഒരു വിവാഹം ചെയ്യാൻ ശ്രദ്ധാലുവായി ഭവിച്ചല്ലേ? ആ വിവാഹം നടത്താൻ അങ്ങു സമ്മതിക്കാതെയുമിരുന്നില്ലേ? അതിനു കാരണം എന്തെന്ന് അരുളിച്ചെയ്ത് അനുഗ്രഹിക്കണം" ഭഗവാൻ പറഞ്ഞു:—"മുനീശ്വര! അപ്രിയം തോന്നേണ്ട. വസ്തുത ഞാൻ ധരിപ്പിക്കാം. മനുഷ്യർ അവരുടെ സകല ആശകളും പ്രത്യാശകളും ഉപേക്ഷിച്ച് എന്നേത്തന്നെ ഭജിക്കുന്നു എങ്കിൽ ഞാൻ അവരെ ശിശുക്കളെ അമ്മമാരെങ്ങിനെയോ അതുപോലെ കാത്തുരക്ഷിക്കും. തീജ്വാലയേയോ സർപ്പത്തെയോ എത്തിപ്പിടിക്കാൻ ഒരു ശിശു ഒരുമ്പെടുന്നുവെങ്കിൽ അമ്മ ഉടനെ അതു തടുക്കുന്നു. അത്തരം ആപത്തുകളിൽ അകപ്പെടാതെ എപ്പോഴും

ദൃഷ്ടിവച്ചുകൊള്ളുകയും ചെയ്യുന്നു. കുട്ടി, പ്രായമായാൽപിന്നെ ഇങ്ങനെ സൂക്ഷിക്കേണ്ട ആവശ്യം ഇല്ല. തൻകാര്യം നോക്കുന്നതിനുള്ള ബോധം അതിനുണ്ടെന്നുള്ള വിശ്വാസത്താൽ യഥേഷ്ടം സഞ്ചരിക്കാൻ അനുവദിക്കുന്നു. ഇതുപോലെ ജ്ഞാനികൾ എന്റെ പ്രായമായ മക്കളും കേവല ഭക്തന്മാർ ശിശുസന്താനങ്ങളും ആണു്. ശിശുക്കളെ ഞാൻ കരുതലോടുകൂടി എപ്പോഴും സ്നേഹിക്കയും സൂക്ഷിക്കയും മററവർ തന്നത്താൻ സൂക്ഷിച്ചു രക്ഷനേടുകയും ആണു്. രണ്ടുകൂട്ടർക്കും കാമക്രോധ ശത്രുക്കളോടു് പോരാടേണ്ടതുണ്ടു്; പണ്ഡിതന്മാർ ഈ വസ്തുത മനസ്സിലാക്കി, ജ്ഞാനം ലഭിച്ചാലും ഭക്തിയെ വെടിയുന്നില്ല. കാമക്രോധലോഭങ്ങൾ തുടങ്ങിയ മത്തവികാരങ്ങളാണു് മായാനദിയുടെ ഭയങ്കരപ്രവാഹങ്ങൾ. എന്നാൽ ഇവയിൽവച്ചു കഠിന ദുഃഖദയായിരിക്കുന്നതു് മായാരൂപിണിയായ സ്ത്രീയാണു്. മോഹകാനനത്തിലെ വസന്തമാണു സ്ത്രീ. ജപതപോനിയമങ്ങളാകുന്ന ജലാശയങ്ങളേയും ജലനിർജ്ഝരങ്ങളേയും ഉണക്കി വററിക്കാനുള്ള ഗ്രീഷ്മകാലമാണു്. കാമക്രോധ മദമാത്സര്യങ്ങളാകുന്ന തവളകൾക്കു് ഹർഷപ്രദമായ വർഷഋതുവും ദുർവ്വാസനാ കുമുദസമുദായത്തിനു് സുഖദമായ ശരൽക്കാലവും സ്ത്രീതന്നെ. സകല ധർമ്മസാരസ സമൂഹത്തെ നിഹനിക്കുന്ന ഹിമവർഷമാണവൾ. മമതാജവാസച്ചെടികളെ പുഷ്ടിപ്പെടുത്തി വളർത്തുന്ന ശിശിരഋതുവാണു്. പാപങ്ങളായ മൂങ്ങക്കൂട്ടത്തിനു സുഖത്തെക്കൊടുക്കുന്ന ഇരുളടഞ്ഞ രാത്രിയും, ബുദ്ധി, ബലം, ശീലം, സത്യം എന്നീ മത്സ്യങ്ങളെ തൊണ്ടക്കുഴിയിൽ കൊരുത്തു കുരുക്കിക്കൊല്ലുന്ന ചൂണ്ടലും സ്ത്രീയല്ലാതെ മററാരുമല്ല. ഈ വസ്തുത പുരാണങ്ങളും വേദങ്ങളും സാധുക്കളും സമ്മതിക്കുന്നു. സ്ത്രീകൾ സകല ദുർഗ്ഗുണങ്ങളുടേയും നാരായവേരും, സകലവേദനകൾക്കും കാരണവും ദുഃഖാസ്പദവും ആണെന്നറികകൊണ്ടത്രേ മുനീശ്വര! ഞാൻ അങ്ങേടെ വിവാഹത്തെ തടുത്തതു്.

രഘുപതിയുടെ അമൃതായമാനമായ അരുളപ്പാടുകേട്ടു് മഹർഷിയുടെ ശരീരം പുളകിതമായി. മിഴികളിൽ ബാഷ്പം നിറഞ്ഞു. സേവകന്മാരിൽ ഏവംവിധമായ മമതയും പ്രീതിയും ഉള്ള ഒരു രീതി മററേതു പ്രഭുവിനുണ്ടു്. ഭ്രമങ്ങളെ ത്യജിച്ചു് ഈദൃശനായ പ്രഭുവിനെ ഭജിക്കാതെയിരിക്കുന്ന അജ്ഞാനികൾ മന്ദബുദ്ധികളും ഭാഗ്യഹീനന്മാരും ആണു്. ഹേരാമചന്ദ്ര! വിജ്ഞാനവിശാരദ, ഭവഭയഭഞ്ജന, സാധുക്കളുടെ ലക്ഷണം, സദയം അരുളിച്ചെയ്താലും എന്നു നാരദൻ ചോദിച്ചു.

ഭഗവാൻ:—ഹേനാരദ! സാധുക്കളുടെഗുണങ്ങൾ ഒന്നൊഴി

യാതെ ഞാൻ പറഞ്ഞുതരാം. ആ ഗുണങ്ങൾ കൊണ്ടാണ് അവർ എന്നെ വശീകരിക്കുന്നത്. ഷഡ്വികാരരഹിതന്മാരും, അനഘന്മാരും, അകാമന്മാരുമായി, ശാന്തന്മാരായി ലൌകികവിഷയങ്ങളിൽ മനസ്സുവയ്ക്കാതെ തൃപ്തിയോടേ വിശുദ്ധാന്മാരായി ജീവിതം നയിക്കുന്നവർ സാധുക്കളാകുന്നു. അവരുടെ ബോധം അമിതമാണ്. വിഷയഭോഗം മിതവും ആഗ്രഹത്തോടുക്കൂടാതേയും ആണ്. സത്യസന്ധന്മാരും, കവികോവിദന്മാരും,. യോഗികളും ആണവർ. സാവധാനന്മാരാണ്. മദമാനവിഹീനന്മാരാണു, മോക്ഷസമ്പാദനത്തിൽ പരമപ്രവീണന്മാരും ധീരഭക്തന്മാരും ആണ്. ഗുണനികേതങ്ങളും സംസാരദുഃഖവിഹീനന്മാരും വിഗതസന്ദേഹന്മാരും അത്രേ. എന്റെ പദഭക്തിയെ ഉപേക്ഷിക്കുന്നതിനേക്കാൾ ഭവനത്തേയോ, ഭാഗ്യത്തേയോ, പ്രാണങ്ങളെത്തന്നേയോ, കൈവെടിയാൻ അവർ സന്നദ്ധരാണ്. തന്റെ ഗുണങ്ങളെ മററുള്ളവർ കീർത്തിക്കുന്നതു കേൾക്കാൻ അവർക്കിഷ്ടമില്ല. പരഗുണങ്ങൾ കേൾക്കുമ്പോൾ അത്യന്തം സന്തോഷിക്കു ശീലമുള്ളവരാണ്. എപ്പോഴും സമന്മാരും ശാന്തന്മാരുമായിരിക്കും. ധർമ്മനിഷ്ഠയെ വെടിയാതെ സർവ്വജീവികളിലും സരളസ്വഭാവവും സ്നേഹവും അവർ പ്രദർശിപ്പിക്കും. ജപം, തപം, വ്രതം, ദമം, സംയമം, നിയമം, ഗുരുബ്രാഹ്മണപദപ്രേമം, വിഷ്ണുഭക്തി, ശ്രദ്ധ, ക്ഷമ, മൈത്രീ, കരുണ, സന്തുഷ്ടി, എന്റെ പാദപത്മങ്ങളിൽ അഭംഗുരമായ പ്രീതി, വൈരാഗ്യം, വിവേകം, വിജയം, വിജ്ഞാനം, വേദപുരാണങ്ങളെ അനുസരിച്ചുള്ള യഥാർത്ഥബോധം, ഇവ സാധുക്കളുടെ ഭൂഷണങ്ങളാകുന്നു. ഡംഭമോ, മാനമോ, മദമോ, അവർക്കുണ്ടാകുന്നില്ല. ഒരു കാരണവശാലും കാപഥങ്ങളിൽ അവർ കാൽ കുത്തുന്നില്ല. എപ്പോഴും എന്റെ ലീലകളേ വായിച്ചും കേട്ടും കാലംകഴിക്കുന്നു. സ്വാർത്ഥപരമായ ഒരു ഉദ്ദേശവും അവർക്കില്ല. എപ്പോഴും പരഹിതത്തിൽ നിരതന്മാരായിത്തന്നെ ജീവിക്കുന്നു. ഹേ നാരദ! ചുരുക്കത്തിൽ സാധുക്കളുടെ ഗുണഗണം, വേദങ്ങൾക്കും, സാക്ഷാൽ ശാരദയ്ക്കു തന്നെയും വർണ്ണിച്ചുതീർക്കാൻ കഴിയാത്തവണ്ണം അത്ര അപാരമാണ്. ആദിശേഷനെക്കൊണ്ടും അതു സാധിക്കാത്ത കാര്യമാണ്.

ഈ ഉപന്യാസം കേട്ടപ്പോൾ നാരദൻ കൈകൾ കൂപ്പി "ഹാ ദീനബന്ധുവായകൃപാനിധി! സ്വഭക്തരുടെ ലക്ഷണങ്ങളെ സ്വന്തനാവുകൊണ്ടു തന്നെ അരുളിച്ചെയ്തിരിക്കുന്നു" എന്നുച്ചരിച്ച് തൃപ്പാദങ്ങളെ ഗ്രഹിച്ചു. വീണ്ടും വീണ്ടും ആ പാദങ്ങളിൽ ശിരസ്സിനെ നമിച്ചു വണങ്ങി വാങ്ങി ബ്രഹ്മലോകത്തേക്കു യാത്രയായി. സകല ആശകളും ഉപേക്ഷിച്ച് ഹരിപാദങ്ങളെ ഭജിക്കുന്നവർ ധന്യധന്യന്മാരാണെന്ന് തുളസി പറയുന്നു.

പാവനമായ രാവണാന്തകയശസ്സിനെ പാടുകയും കേൾക്കുകയും ചെയ്യുന്നവർ, വൈരാഗ്യജപയോഗങ്ങൾ ഇല്ലാത്തവരായാലും ദൃഢമായ രാമഭക്തി അവൎക്കുണ്ടാകും. ദീപശിഖായമാനകളായ സ്ത്രീകളിൽ മനഃശലഭങ്ങൾ വീണു കരിയാതെ ഹേ മനുഷ്യരേ! നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ! രാമനെ സദാ ഭജിക്കുവിൻ! കാമമദങ്ങളെ ത്യജിക്കുവിൻ! സത്സംഗത്തെ ആചരിക്കുവിൻ! സുഖിക്കുവിൻ.

ആരണ്യകാണ്ഡം സമാപ്തം.

---

# തുളസീദാസരാമായണം.

## കിഷ്കിന്ധാകാണ്ഡം.

---

കരിംകുവളപ്പൂവും മല്ലപ്പൂവുംപോലെ വർണ്ണശോഭ വീശിയ, അത്ഭുതബലശാലികൾ, ശോഭാനിധികളും, വിൽപ്രയോഗത്തിൽ സമർത്ഥന്മാരുമായ രഘുവരന്മാർ, ഗോക്കൾക്കും ബ്രാഹ്മണർക്കും പ്രിയത്തേയും ഭക്തഹിതത്തേയും ചെയ്യുന്ന ധർമ്മനിരതന്മാർ, മായാമനുഷ്യരൂപമെടുത്തു്, സീതാന്വേഷണതൽപരന്മാരായി വഴി ചുററിനടന്ന ആ രാമലക്ഷ്മണന്മാർ, നമുക്കു ഭക്തിയെ ദാനം ചെയ്യട്ടെ.

ബ്രഹ്മരൂപമഹാസമുദ്രത്തിൽ ഉത്ഭവിച്ചതും മധുരമധുരവും ശ്രീവൈദേഹിയുടെ ജീവനവും ആയ ശ്രീരാമനാമാമൃതം പാനം ചെയ്യുന്ന സുകൃതികൾ ധന്യന്മാർ തന്നെ. ആ അമൃതം കലിമലത്തെ നശിപ്പിക്കുന്നതും അഴിവററതും സുശോഭനവും സംസാരരോഗൗഷധവും ശിവൻെറ മുഖചന്ദ്രനിൽ സദാ സരിച്ചുകൊണ്ടിരിക്കുന്നതും ആണു്. ശ്രീകാശി, ഭൂമിയിലെ മോക്ഷസാധനവും ജ്ഞാനഖനിയും പാപനാശനവുമാണെന്നറിയുന്നവർ ഉമാമഹേശ്വരസാന്നിദ്ധ്യത്താൽ വിശിഷ്ടമായ ആ നഗരത്തെ വന്ദിക്കാതിരിക്കുന്നതെങ്ങനെ? ദേവവൃന്ദങ്ങൾ ആകമാനം സങ്കടത്തിൽ അകപ്പെട്ട അവസരത്തിൽ വിഷമഗരളത്തെ പാനംചെയ്ത ഭഗവാനെ ഭജിക്കാത്ത മനുഷ്യൻ മന്ദബുദ്ധിതന്നെയാണു്. ശംകരദേവനെപ്പോലെ ദയാലു മററാരുണ്ടു്?

രാമചന്ദ്രൻ വീണ്ടും യാത്രയെത്തുടൎന്നു് ഋശ്യമൂകപൎവ്വതത്തിൻെറ സമീപത്തിൽ എത്തി. സുഗ്രീവൻ തൻെറ മന്ത്രിമാരോടുകൂടി ആ പൎവ്വതത്തിൽ വസിച്ചിരുന്നു. അതുലബലശാലികളായ രാമലക്ഷ്മണന്മാർ അഭിമുഖമായി നടന്നടുക്കുന്നതു നോക്കി ഭയപ്പാടോടെ സുഗ്രീവൻ പറഞ്ഞു. "ഹേ ഹനുമൻ! നല്ല സൗന്ദൎയ്യവും ബാഹുബലവുമുള്ള ആ പുരുഷന്മാർ രണ്ടുപേരും ആരായിരിക്കും? ക്ഷണത്തിൽ ഒരു വടുരൂപം ധരിച്ചു ചെന്നു അവരുടെ ചരിത്രം ചോദിച്ചറിയുക. എന്നിട്ടു് ഒരു സംജ്ഞ കാട്ടി ശത്രുക്കളോ ബന്ധുക്കളോ എന്നുള്ളതു് എന്നെയും മനസ്സിലാക്കണം. മലിനഹൃദയൻ ബാലി അയച്ചിട്ടുവരുന്നവരാണെങ്കിൽ ക്ഷണേന നമുക്കു് ഈ പൎവ്വതംവിട്ടു് ഓടിപ്പോകണം.

സ്വാമിനിയോഗത്തെ മാനിച്ച്, ഹനുമാൻ ഒരു ബ്രഹ്മചാരിയുടെ വേഷത്തിൽ ഭഗവൽസമീപത്തിലെത്തി വണങ്ങിച്ചോദിച്ചു. "ക്ഷത്രിയവീരരൂപം ധരിച്ച് കാനനസഞ്ചാരം ചെയ്യുന്ന ശ്യാമഗൗരശരീരന്മാരായ പുണ്യപുരുഷന്മാർ, ഭവാന്മാർ ആരാണ്? ഈ കക്കശഭൂമി നിങ്ങളുടെ കോമളപാദങ്ങൾ ഊന്നത്തക്കതല്ലല്ലോ. ഹേ നാഥന്മാരേ! എന്തു കാരണത്താൽ നിങ്ങൾ വനസഞ്ചാരം ചെയ്യുന്നു. ദുസ്സഹമായ വനാതപവാതങ്ങൾ സഹിക്കുന്നതിന് നിങ്ങളുടെ കോമളമൃദുശരീരം ശക്തമാകുന്നതെങ്ങനെ? നിങ്ങൾ ആരാണ്? ത്രിമൂർത്തികളിൽ ഉൾപ്പെട്ടവരോ, നരനാരായണന്മാരോ അഥവാ ഭക്തന്മാരെ സംസാരസമുദ്രം കടത്തുന്നതിനും ഭൂഭാരഹരണത്തിനുമായി ജഗദീശനായ ഭഗവാൻ മനുഷ്യരൂപത്തിലവതരിച്ച തിരുഃമനികളോ?"

ഭഗവാൻ പറഞ്ഞു:— "ഞങ്ങൾ കോസലേശനായ ദശരഥന്റെ പുത്രന്മാരാണ്. പിതൃനിയോഗത്തെ മാനിച്ച കാട്ടിൽ സഞ്ചരിക്കുന്നു. രാമലക്ഷ്മണന്മാരെന്നു വിളിക്കപ്പെടുന്ന ഞങ്ങൾ സഹോദരന്മാരാണ്. ഞങ്ങളോടൊരുമിച്ചു എന്റെഭാര്യയായ വിദേഹരാജപുത്രി ഒരു സുന്ദരതരുണി കൂടിയുണ്ടായിരുന്നു. ഇവിടെ വച്ച് ആരോ ഒരു രാക്ഷസൻ അവളെ മോഷ്ടിച്ചുകൊണ്ടുപോയി. ഹേ ബ്രാഹ്മണ! അവളെ അന്വേഷിച്ചാണ് ഞങ്ങളിങ്ങിനെ സഞ്ചരിക്കുന്നതു്. ഇത്രയുമത്രേ ചുരുക്കത്തിൽ ഞങ്ങളെ സംബന്ധിച്ച ചരിത്രംഇനി താങ്കളുടെ വസ്തുസ്ഥിതികൾ പറഞ്ഞു കേട്ടാൽ കൊള്ളാമെന്നുണ്ട്" ഈ വാക്കുകൾ കേട്ടമാത്രയിൽ ഹനുമാൻ തന്റെ പ്രഭുവിനെ അറിഞ്ഞു് അവർണ്ണ്യമായ ആനന്ദത്തോടെ വണങ്ങിവീണ് തൃപ്പാദങ്ങൾ ഗ്രഹിച്ചു. ഭഗവാന്റെ രുചിരമായ വേഷരചന കണ്ടപ്പോൾ ശരീരം പുളകപല്ലവിതമായി ചമഞ്ഞു. സന്തോഷാധിക്യത്താൽ വാക്കുകൾ പുറപ്പെടാതെ നാവു കുഴഞ്ഞു. ഒരു വിധത്തിൽ ധൈര്യത്തെ അവലംബിച്ച ശേഷം പ്രഭുദശനജന്യമായ ആനന്ദപ്രവാഹത്തിലെ ഓളത്തള്ളലോ എന്നു തോന്നുമാറു സ്തുതിവാക്യങ്ങൾ ഉച്ചരിച്ചു. "സ്വാമിൻ! ഞാൻ അങ്ങോട്ടുചോദിച്ചതു് എന്റെ അജ്ഞാനത്താലാണ് എന്നാൽ നിന്തിരുവടി ഒരു സാധാരണ മനുഷ്യനെപ്പോലെ എന്നോടു ചോദിച്ചറിയേണ്ടതായി എന്തുള്ളു. അങ്ങേ മായാശക്തിക്കു അധീനനാകകൊണ്ടു ഞാൻ അമ്പരന്നു പോയി. അതു നിമത്തം പ്രഭുവിനെ ഉടനെ തിരിച്ചറിയാൻ എനിക്കു സാധിക്കാതെയായി.

മുമ്പേതന്നെഞാൻമന്ദനും മോഹവശനുമായഒരുചപലവാനരനാണ്. അതോടുകൂടി എന്റെ പ്രഭുവായ ഭഗവാൻ ഭക്തവത്സലൻ തന്നെ എന്നെ വഴിതെറ്റിക്കയും ചെയ്താലോ? നാഥ! ഒരു സേവകൻ തന്റെ യജമാനനെ അതിക്രമിക്കാൻ പാടില്ല. എല്ലാജീവരാശി

കളും ആദ്യമായി അങ്ങേമായാശക്തിയാൽ ബദ്ധരായി പിന്നീട് കരുണാകടാക്ഷത്താൽ മുക്തരായിത്തീരുകയാണ്. അതുകൊണ്ടു ഞാൻ ഹേ രഘുവരാ! അങ്ങേത്തന്നെ അഭയം പ്രാപിക്കുന്നു. വേറെരക്ഷയ്ക്കുള്ള ഭജനോപായം ഒന്നും ഞാൻ കാണുന്നില്ല. സേവകൻ അവന്റെ യജമാനനിലും ശിശു അതിന്റെ അമ്മയിലും വിശ്വാസം വച്ചിരിക്കുന്നതുപോലെ ജീവജാലങ്ങളെല്ലാം പ്രഭുവിന്റെ രക്ഷയിൽ വിശ്വസിച്ചവരായി കഴിയുന്നു" ഇങ്ങനെ ഉണർത്തിച്ചു ഭക്തശിഖാമണിയായ ഹനുമാൻ വിവശനായി ഭഗവൽപാദങ്ങളിൽ നമിച്ചു. ഉള്ളിൽ നിറഞ്ഞ ഭക്തി, രോമാഞ്ചരൂപത്തിൽ ശരീരം മുഴുവൻ പ്രകടീഭവിച്ചു. ഭഗവാൻ അവനെപ്പിടിച്ചെഴുന്നേല്പിച്ച് സമാശ്ലേഷിക്കവെ തൃക്കണ്ണുകളിൽ ആനന്ദബാഷ്പം നിറഞ്ഞൊഴുകി. "ഹേ കപീന്ദ്ര! നീ ഹീനനാണെന്നു ശങ്കവേണ്ട. ലക്ഷ്മണൻ കഴിഞ്ഞാൽ എന്റെ ഒന്നാമത്തെ പ്രീതിഭാജനം നീതന്നെ ആണ്. ഞാൻ സമദർശിയാണെന്ന് എല്ലാവരും പറയാറുണ്ടെങ്കിലും ഏതൊരു ഭക്തനും എന്റെ പ്രത്യേകപ്രിയത്തിനു പാത്രമാണ്. അന്യാദൃശമായ പരമഗതിക്ക് അവൻ അവകാശിയുമായിരിക്കും. എന്തെന്നാൽ ചരാചരസ്വരൂപനായ പ്രഭുവിന്റെ സേവകനാണു താനെന്നുള്ള വിശ്വാസം ദൃഢമായി ഉള്ളവൻ അന്യാദൃശൻതന്നെ ആണ്."

ഇത്രമാത്രം ദയാലുവാണു രഘുരാജൻ എന്നറിഞ്ഞപ്പോൾ ഹനൂമാനുണ്ടായ സന്തോഷം എന്തുപറയാം. സർവ്വദുഃഖങ്ങളും ആ ഭക്തന്റെ ഹൃദയത്തിൽനിന്നും ഒഴിഞ്ഞു. പ്രഭോ! അങ്ങേ തൃപ്പാദദാസൻ, വാനരരാജനായ സുഗ്രീവൻ, ഇതാ ഇക്കാണുന്ന പർവ്വതത്തിൽ താമസിക്കുന്നു. അവൻ ഭീതനാണെന്നറിഞ്ഞു് തിരുവടി അവനോടു സഖ്യം ചെയ്തു് അഭയം നൽകണം. ദേവിയെ അന്വേഷിച്ചു കണ്ടുപിടിക്കാൻ അവനു സാധിക്കും. നാലുദിക്കിലേക്കും അന്വേഷണാർത്ഥം അയയ്ക്കാൻ കോടികോടി മർക്കടന്മാർ അവന്റെ കല്പനക്കീഴിലുണ്ട്. ഇപ്രകാരം സകലവൃത്താന്തങ്ങളും തിരുമനസ്സറിയിച്ചശേഷം ഹനൂമാൻ സഹോദരന്മാരെക്കൂട്ടിക്കൊണ്ടു പർവ്വതത്തിലേക്കുപോയി. രാമദർശനം ലഭിച്ചമാത്രയിൽ തന്റെ ജന്മം ധന്യമായി എന്നു സുഗ്രീവൻ വിചാരിച്ചു. സാദരം സൽക്കരിച്ചിരുത്തിയശേഷം അവൻ രാമപാദങ്ങളിൽ ദണ്ഡനമസ്കാരം ചെയ്തു. സഹോദരന്മാരും ഉചിതമായവിധത്തിൽ അവനെ പ്രത്യുപചരിക്കാതിരുന്നില്ല. സുഗ്രീവനപ്പോൾ ഹൃദയത്തിലുണ്ടായ വിചാരം 'ഇപ്രകാരമുള്ള ബന്ധുക്കളെ എനിക്കു ദൈവം തന്നെങ്കിലോ' എന്നായിരുന്നു. ഹനൂമാൻ ഉടനെ ഇരുഭാഗക്കാരും അനുസരിക്കേണ്ട വ്യവസ്ഥകൾ നിർണ്ണയിച്ച് അഗ്നിസാക്ഷികമായി അന്യോന്യം ദൃഢമായ സഖ്യം

ചെയ്യിച്ചു- അതിൽപിന്നെ ആരുമൊന്നും മറച്ചു വച്ചില്ല. രാമലക്ഷ്മണന്മാർ തങ്ങളുടെ സകല ചരിത്രവും വിസ്തരിച്ചു പറഞ്ഞു. സുഗ്രീവന്റെ കണ്ണുകൾ നിറഞ്ഞു. "പ്രഭോ മിഥിലേശപുത്രിയെ വീണ്ടെടുക്കാൻ സാധിക്കതന്നെ ചെയ്യും. ഒരു ദിവസം ഞാൻ മന്ത്രിമാരുമായി ഇവിടെ വിചാരമഗ്നനായി ഇരിക്കുമ്പോൾ ആകാശമാർഗ്ഗേണ രാമരാമ! ഹാ രാമ! എന്നിങ്ങനെ നിലവിളിച്ചുകരയുന്ന സുന്ദരിയെ ഒരുവൻ കൊണ്ടുപോകുന്നതു കണ്ടു. എന്നേക്കണ്ടിട്ട് ആ സ്ത്രീരത്നം തന്റെ കൈമുണ്ട് താഴത്തേക്ക് ഇട്ടുതരികയുംഉണ്ടായി."

ആ വസ്ത്രം എവിടെ? എന്ന് ഉല്ക്കണ്ഠിതനായ ഭഗവാൻ ചോദ്യം ചെയ്തു. സുഗ്രീവൻ ക്ഷണേന എടുത്തു തൃക്കയ്യിൽ സമപ്പിച്ചപ്പോൾ ഭഗവാനുണ്ടായ പാരവശ്യം എത്രയെന്നു പരിച്ഛേദിക്കാവതല്ല. അത്യാത്തിയോടെ അതിനെ മാർവത്തു ചേത്തണച്ചു പിടിച്ചു. സുഗ്രീവൻ പറഞ്ഞു. "ഹേ രഘുരാജ! ദുഃഖവശനാകാതെ ധൈര്യത്തെ അവലംബിച്ചാലും. ഞാൻ സവ്വാത്മനാ തിന്തിരുവടിയെ സേവിച്ച് ദേവിയെ വീണ്ടുകൊണ്ടുവന്നു തരുന്നുണ്ട്. സ്നേഹിതന്റെ സാന്ത്വനം കേട്ടു കരുണാനിധി സമാശ്വസിച്ചു. അനന്തരം പ്രകൃതത്തെ അനുസരിച്ചിട്ട് ഹേ സുഗ്രീവ! താങ്കൾ ഇങ്ങനെ വനത്തിൽ വസിക്കാനുള്ള കാരണമെന്ത് എന്നു ചോദിച്ചു.

(ക്ഷേപകം)

പ്രഭോ! ബാലിയും ഞാനും സഹോദരന്മാരാണ്. അന്യോന്യം അവർണ്ണ്യമായ സൗഹാർദ്ദത്തോടെ കിഷ്കിന്ധയിൽ വസിച്ചുവന്നു. രാജാവായ ബാലിക്കു രാജ്യകാര്യസംബന്ധമായി വേണ്ട ഒത്താശകൾ ഞാൻ ചെയ്തു പതിവായിരുന്നു. ഇങ്ങനെ കഴിഞ്ഞുവരവെ, മയദാനവപുത്രനായ മായാവി എന്ന അസുരൻ യുദ്ധത്തിനായി കിഷ്കിന്ധയിൽ കടന്നുവന്ന്, പാതിരാത്രി സമയത്തു പുരദ്വാരത്തിൽ നിന്ന് അട്ടഹസിച്ചു. ശത്രുധിക്കാരത്തെ സഹിക്ക ശീലമില്ലാത്ത ബാലി ഉടനെ യുദ്ധത്തിനു പുറപ്പെട്ടു ചെന്നു. അസുരൻ ഭയവിഹ്വലനായി ഓടി. പിൻതുടന്നുടുത്ത ജ്യേഷ്ഠനോടൊരുമിച്ചു ഞാനും സഹായത്തിനെത്തി. അസുരൻ ഓടിച്ചെന്ന് ഒരു പവ്വതഗുഹയിൽ കടന്നൊളിച്ചുകളഞ്ഞു. ഉള്ളിലോട്ടു കടന്നു കയറാൻ ഭാവിച്ച ബാലി എന്നെ നോക്കി "സഹോദര! ഒരു പക്ഷകാലത്തോളം നീ എന്റെ വരവുംകാത്ത് ഇവിടെ നില്ക്കണം. അതിനകം മടങ്ങി വന്നില്ലെന്നുവരികിൽ അസുരൻ എന്നെ നിഗ്രഹിച്ചതായി വിചാരിച്ചുകൊള്ളുക" എന്നു പറഞ്ഞു. ഒരുമാസംവരെ ഞാൻ കാത്തുനിന്നു. അപ്പോൾ ഉഗ്രമായ ഒരു രുധിരപ്രവാഹം

ഗുഹാദ്വാരത്തിൽക്കൂടി പുറപ്പെട്ടതുകണ്ട് എനിക്കു ഭയമായി. ജ്യേഷ്ഠനെ അസുരൻ കൊന്നിരിക്കുമെന്നും തിരിച്ചുവന്ന് എന്നെയുംനിഗ്രഹിക്കുമെന്നും ഞാൻ ശങ്കിച്ചു. ക്ഷണേന ഒരു പാറകൊണ്ടു ഗുഹാദ്വാരം മൂടിയുറപ്പിച്ചിട്ട് ഓടിപ്പോവുകയും ചെയ്തു. ജ്യേഷ്ഠനെക്കുറിച്ചു പുരവാസികൾ ചോദിച്ചപ്പോൾ അദ്ദേഹം മരിച്ചുപോയി എന്നു പരിതാപത്തോടെ ഞാൻ പറഞ്ഞു. അവരും ദുഃഖവിഹ്വലന്മാരായി. രാജ്യം അരാജകമായി എന്നു കണ്ടിട്ട് മന്ത്രിമാർ എന്നോടു രാജസ്ഥാനം കയ്യേൽക്കണമെന്നു നിർബന്ധിച്ചു. ഞാൻ സമ്മതിച്ചിട്ടില്ലെങ്കിലും അവർ എന്നെ സിംഹാസനത്തിൽവച്ചു പട്ടംകെട്ടിയെന്നേ പറയേണ്ടൂ. താമസിയാതെതന്നെ ബാലി ശത്രുനിഗ്രഹവും കഴിച്ച് ഉദ്ധതനായി ഗൃഹത്തിൽ മടങ്ങിയെത്തി. എന്തൊരു കോപമാണ് അപ്പോൾ ആ മഹാശക്തന്റെ ഉള്ളിൽ ജ്വലിച്ചതെന്നു പറയാൻ പ്രയാസം. വിദ്വേഷത്തോടുകൂടി എന്നേ ഒരു ശത്രുവിനെയെന്നപോലെ കരുണവിട്ടു പ്രഹരിക്കയും എനിക്കുള്ളതെല്ലാം—എന്റെ ഭാര്യയെപ്പോലും—അപഹരിക്കയും ചെയ്തു. അല്ലയോ കരുണാനിധേ! ആ ദുഷ്ടനെ ഭയപ്പെട്ടു ഭുവനങ്ങളിലെല്ലാം ഞാൻ ഒളിച്ചോടി നടക്കേണ്ടിവന്നു. ഒടുവിൽ ഈ പർവ്വതത്തിൽ എത്തി അഭയം പ്രാപിച്ചിരിക്കയാണ്. ഒരു മുനിശാപത്താൽ ബാലിക്കു ഈ പർവ്വതത്തിൽ കാൽകുത്താൻ നിവൃത്തിയില്ല. ശാപകാരണവും സംഗ്രഹിച്ച് ഉണർത്തിക്കാം. ദുന്ദുഭി എന്നു പ്രസിദ്ധനായ അസുരൻ മായാവിയെപ്പോലെ ബാലിയോടു യുദ്ധത്തിനു പുറപ്പെട്ടു വരികയും അദ്ദേഹം നിഗ്രഹിക്കയും ഉണ്ടായിട്ടുണ്ട്. യുദ്ധകാലത്തു മതംഗമഹർഷി ഇവിടെ ആശ്രമംകെട്ടിത്താമസിച്ചിരുന്നു. അസുരന്റെ ശരീരം ചുഴററി എറിഞ്ഞപ്പോൾ ആശ്രമത്തിൽ രക്തം തെറിക്കയാൽ മുനി കുപിതനായി ബാലി ഈ പർവ്വതത്തിൽ കാലൂന്നിയാൽ ഉടൻ മരിച്ചുപോകട്ടെ എന്നു ശപിക്ക ഉണ്ടായി. ഇപ്പോൾ എനിക്കു രക്ഷയായി ഭവിച്ചത് ആ ശാപമാണ്. പ്രഭോ! ഇവിടെ വസിച്ചിട്ടും എന്റെ ഹൃദയം ഭീതഭീതമായി ചലിച്ചുകൊണ്ടിരിക്കുന്നു.

ദീനദയാലു സേവകന്റെ ദുഃഖപ്രകാരങ്ങൾകേട്ടു പീനായതങ്ങളായ തന്റെ ഭുജദണ്ഡങ്ങൾ ഉയർത്തി "സഖേ സുഗ്രീവ! ബാലിയെ ഞാൻ ഏകബാണത്താൽ നിഗ്രഹിക്കുന്നതാണ്. ബ്രഹ്മദേവനേയോ, രുദ്രനെത്തന്നെയോ അവൻ ശരണം പ്രാപിച്ചാലും പ്രാണൻ കിട്ടുകയില്ല" എന്നു പ്രതിജ്ഞചെയ്തു. പിന്നെയും തുടർന്നുപറകയായി. "സഖേ! മിത്രദുഃഖം കണ്ടാൽ കരുണയില്ലാത്തവർ പാതകഭാരികളാണ്. പർവ്വതസമമായ ആത്മദുഃഖത്തെ ഒരു മൺതരിപോലെയും മൺതരിക്കുസമമായ പരദുഃഖത്തെ മഹാമേരുപോ

ലെയും കരുതേണ്ടതാണ് മനുഷ്യധർമ്മം. ഇതറിയാത്ത ശഠന്മാരോടു സ്നേഹബന്ധം ഉറപ്പിക്കുന്നതു ശരിയല്ല ദുർമ്മാർഗ്ഗങ്ങളെ പരിഹരിച്ചു നല്ല മാർഗ്ഗത്തിൽ ചരിക്കയും ഗുണങ്ങളെ പ്രകടിപ്പിച്ച് അവഗുണങ്ങളെ മനസ്സിൽ അടക്കുകയും കൊടുക്കൽ വാങ്ങലിൽ മനഃകളങ്കം കൂടാതിരിക്കുകയും യഥാശക്തി പരസഹായത്തിൽ മനസ്സുവയ്ക്കുകയും ആപൽകാലത്തിൽ ശതഗുണസ്നേഹം പ്രകാശിപ്പിക്കുകയും ചെയ്യുന്നതാണ് ഒരു ഉത്തമമിത്രത്തിന്റെ ഗുണങ്ങളായി വേദങ്ങളിൽ പറയപ്പെട്ടിരിക്കുന്നതു്. കാണുമ്പോൾ മൃദുവാക്കുകൾ പറകയും കാണാത്തപ്പോൾ വിപരീതമായി പ്രവൎത്തിക്കയും ചെയ്യുന്നവന്റെ മനസ്സു സർപ്പഗതിപോലെ കുടിലമാണ്. അവൻ ദുർമ്മിത്രവും പരിഹരണീയനുമത്രേ. ശഠനായ സേവകനും കൃപണനായ നൃപനും കുവൃത്തയായ പത്നിയും, കപടമനസ്സുള്ളമിത്രവും ദൂരദൂരം വൎജ്ജിക്കപ്പെടേണ്ടവരാണ്. ഈ നാലുവകക്കാരും ശൂല തുല്യം ആണെന്നാണ് വിദ്വാന്മാർ പറയുന്നതു്. സ്നേഹിത! ദുഃഖത്തെ ശമിപ്പിക്കു. ഞാൻ സർവ്വാത്മനാശ്രമിച്ചും താങ്കളുടെ കാൎയ്യം നേടിത്തരുന്നുണ്ടു്".

സുഗ്രീവൻ പറഞ്ഞു. "രഘുനാഥ! മഹാകായനായ ദുന്ദുഭിയുടെ അസ്ഥികൂടം അതാ കിടക്കുന്നു. അടുത്തുതന്നെ സപ്തസാലങ്ങൾ നില്ക്കുന്നതും നോക്കുക. ഈ അസ്ഥികൂടത്തെ എടുത്തു പൊക്കിയെറിയുന്നതിനും, വൃത്താകാരമായിനിൽക്കുന്ന സാലങ്ങളെ ഒരു ശരം പ്രയോഗിച്ചു മുറിക്കുന്നതിനും ശക്തിയുള്ളവൎക്കല്ലാതെ ബാലിയെ നിഗ്രഹിക്കാൻ സാധിക്കയില്ല.

സുഗ്രീവന്റെ വാക്കുകളുടെ ആന്തരാർത്ഥം മനസ്സിലാക്കിയ ഭഗവാൻ തന്റെ കാൽപെരുവിരൽകൊണ്ടു ദുന്ദുഭിയുടെ അസ്ഥികൂടം ആകാശത്തിൽ പൊക്കി എടുത്തെറിഞ്ഞു. അതു് ഉയൎന്നു പാഞ്ഞുപോയി നൂറുയോജനദൂരത്തിൽ വീണു. എന്നിട്ടും സുഗ്രീവനു മനസ്സിൽ * സംശയം തീൎന്നില്ലെന്നു കണ്ടിട്ടു് കരുണാനിധി ആവനാഴിയിൽനിന്നും ഒരു അസ്ത്രം തിരഞ്ഞെടുത്തു് സപ്തസാലങ്ങളെ ലാക്കാക്കി യോഗിച്ചു. സാലങ്ങൾ ഏഴും മുറിഞ്ഞു് പിൻഭാഗത്തു നിന്ന പൎവ്വതവും പിളൎന്നു താഴോട്ടുപാഞ്ഞുപോയി, പാതാളംവരെ എത്തിട്ടു തിരിച്ചുവന്നു തൂണിയിൽവീണു. ഇത്രയും കണ്ടപ്പോൾ സുഗ്രീവനു വിശ്വാസം വന്നു. ബാലിവധംസാധിച്ചതുപോലെ സന്തുഷ്ടനായി വീണ്ടും വീണ്ടും തൃപ്പാദങ്ങളിൽ വീണുവണങ്ങി;. ലോകപ്രഭുവത്രേ തന്റെ മുമ്പിൽ എഴുന്നള്ളിനിൽക്കുന്നതെന്നുള്ള ബോധത്താൽ ആനന്ദപ്രവാഹത്തിൽമുങ്ങി. പരമാർത്ഥബോധം പരിശുദ്ധമായ ഹൃദയകമലം

---

*. സുഗ്രീവനു സംശയം തീരാതിരിക്കാൻ കാരണം ആ ശരീരത്തെ, മാംസരക്തങ്ങളോടെ കൂടിയിരുന്നപ്പോൾ ബാലി നൂറു യോജനദൂരത്തിൽ എടുത്തെറിഞ്ഞതാണെന്നു വിചാരമായിരുന്നു.

ത്തിൽ പ്രകാശിച്ചു. ഉടനേ പറകയാണ് "പ്രഭൂ പ്രസാദത്താൽ എന്റെ ഹൃദയം സ്വസ്ഥമായി. സ്വാമിൻ! സുഖവും, സമ്പത്തും, പരിവാരവും ഭവനവുംഎല്ലാം നിന്തിരുവടിയുടെ സേവനത്തിനായി ഞാൻ ഉപേക്ഷിക്കുന്നു. അവയെല്ലാം രാമഭക്തിക്കു ബാധകങ്ങളാണെന്നു തൃപ്പാദാരാധകന്മാരായ സാധുക്കൾ പറയുന്നു. ശത്രുമിത്രങ്ങളും ദുഃഖസുഖങ്ങളുമെല്ലാം മായാകൃതങ്ങളാകുന്നു. അവയിൽ പരമാർത്ഥമില്ല. ബാലി എനിക്കു പരമബന്ധുവാണെന്നു വേണം പറവാൻ. അദ്ദേഹത്തിന്റെ കരുണ കൊണ്ടാണല്ലോ വിഷാദശമനനായ നിന്തിരുവടിയെ എനിക്കു ദർശിക്കാൻ ഭാഗ്യം ലഭിച്ചതു്. ശത്രുവുമായി യുദ്ധം ചെയ്യുന്നു എന്നു സ്വപ്നംകണ്ടു കോപദ്വേഷങ്ങൾക്കു വശംവദനാകുന്ന ഒരുത്തൻ ഉണരുമ്പോൾ ലജ്ജിക്കുന്നതുപോലെയാണ് കീഴിൽകഴിഞ്ഞ സംഭവങ്ങളെല്ലാം ഇപ്പോൾ എനിക്കു് അനുഭവപ്പെടുന്നതു്. ഇനി എനിക്കു് ഒരേഒരു വരമാണ് ആവശ്യം. സർവ്വവും ഉപേക്ഷിച്ചു രാപ്പകൽ അങ്ങേ ഭജിക്കുന്നതിനു സംഗതിയാകണമെന്നു മാത്രം."

വൈരാഗ്യപ്രധാനമായ സുഗ്രീവവാക്യംകേട്ടു പുഞ്ചിരിയോടുകൂടി ധനുഷ്പാണിയായ ഭഗവാൻ "സഖേ! ഞാൻ പറഞ്ഞതെല്ലാം സത്യവാക്കാണ്. എന്റെവചനം ഒരിക്കലും മിഥ്യയായിഭവിക്കയില്ല" എന്നരുളിച്ചെയ്തു. ഹേ ജനങ്ങളേ! നമ്മളെഎല്ലാം ഇവിടെ മർക്കടങ്ങളെപ്പോലെ ആട്ടിക്കുന്ന നടപാശാനാണു രാമൻ. അവിടേക്കു സുഗ്രീവന്റെ വൈരാഗ്യമനഃസ്ഥിതി മാററുവാനാണോ പ്രയാസം! ക്ഷണത്തിൽ ചാപബാണധരനായ ഭഗവാനോടുകൂടി സുഗ്രീവൻ പുറപ്പെട്ടു ഞ്ഞു. കിഷ്കിന്ധയുടെ പുരദ്വാരമടുത്തപ്പോൾ രാമചന്ദ്രൻ പിൻവാങ്ങിനിന്നുകൊണ്ടു സുഗ്രീവനെ നിയോഗിച്ചയച്ചു. നിർഭയനായ അവൻ രാജദ്വാരത്തിലെത്തി സർവ്വബലവും പ്രയോഗിച്ചു ഘോരമായി അട്ടഹസിക്കവേ ബാലി ക്രോധാകുലനായി ചാടിപ്പുറപ്പെട്ടു. ഉടനേ ഭാര്യയായ താര മദ്ധ്യേതടുത്തു വന്നടിവീണു "പ്രാണനാഥാ! സുഗ്രീവൻ ഇപ്പോൾ വന്നിരിക്കുന്നതു്, തക്ക ബന്ധുബലത്തോടുകൂടിയാണ്. യുദ്ധത്തിൽ കാലനേപ്പോലും ജയിക്കത്തക്ക തേജോബലങ്ങളുള്ള രാമലക്ഷ്മണന്മാർ, കോസലരാജന്റെ പുത്രന്മാർ, അവനു സഹായമുണ്ടത്രേ"

ബാലി—"ഭീരുവായ പ്രിയതമേ! രഘുനാഥൻ ദയാലുവും സമദർശിയുമത്രേ. എന്നെ നിഗ്രഹിച്ചാലും ശരി അദ്ദേഹത്തെ എന്റെ നാഥനായിത്തന്നെ ഞാൻ കരുതും" ഇത്രതന്നേ പറഞ്ഞുള്ളു. മഹാ അഭിമാനിആയ ബാലി സുഗ്രീവനെ തൃണവൽഗണിച്ചുകൊണ്ടു് അലറിപ്പാഞ്ഞടുത്തു. അനവധി തർജ്ജനങ്ങളോടുകൂടി മുഷ്ടിചുരുട്ടി ഇടിവെട്ടിയതുപോലെ ഘോരമായ ഒരു പ്രഹരം ഏൽപ്പിച്ചു.

പ്രഹരമേററതും സുഗ്രീവൻ വിവശനായി അമ്പരന്നു പിൻവാങ്ങി ഓടിയതും ഒരുമിച്ചു കഴിഞ്ഞു. ഓടിത്തളൎന്നുവാടിച്ചെന്നു് തൃപ്പാദങ്ങളിൽ വീണു "ദയാനിധേ! ഞാൻ പറഞ്ഞില്ലേ? ഇവൻ എന്റെ ജ്യേഷ്ഠനല്ല, കാലൻതന്നെയാണു്."

"സ്നേഹിത! നിങ്ങളുടെ രൂപസാദൃശ്യത്താൽ അവനെ വേർതിരിച്ചറിവാൻ കഴിയാത്തതുകൊണ്ടാണു് ഞാൻ ബാണപ്രയോഗം ചെയ്യാഞ്ഞതു" എന്നരുളിച്ചെയ്തിട്ടു്, തൃക്കൈകൊണ്ടു സുഗ്രീവന്റെ ശരീരത്തെ മെല്ലെ ഒന്നു തലോടി. അത്ഭുതമാംവണ്ണം വേദനകളെല്ലാം ശമിച്ചു. മാത്രമല്ല ദേഹം വജ്രകൎക്കശമായി ദൃഢപ്പെടുകയും ചെയ്തു. ഇങ്ങനെ ശരീരബലം വർദ്ധിപ്പിച്ചു്, കഴുത്തിൽ ഒരു പൂമാലയും വിശേഷാൽ കെട്ടി ഭഗവാൻ തന്റെ ഭക്തനെ രണ്ടാമതും യുദ്ധത്തിനു പറഞ്ഞയച്ചു. യുദ്ധരംഗം കാണത്തക്ക വിധത്തിൽ താൻ ഒരു വൃക്ഷത്തിന്റെമറവിൽ ഒളിഞ്ഞു നിലയായി. ശൂരധീരന്മാരായ അവരുടെ ഘോരസമരപ്രകാരങ്ങൾ വൎണ്ണിക്കാവതല്ല. സുഗ്രീവൻ പഠിച്ചപണികളെല്ലാം നോക്കി. ശക്തിമുഴുവൻ പ്രയോഗിച്ചു പൊരുതിട്ടും ഫലിക്കാഞ്ഞയാൽ മനസ്സിടിഞ്ഞു തളരുന്നതു നോക്കിനിന്ന ഭഗവാൻ ബാലിയുടെ മാർവിടത്തെ ലക്ഷ്യമാക്കി ഒരുശരം തൊടുത്തയച്ചു. രാമബാണം ഏററ മാത്രയിൽ പൎവ്വതാകാരനായ കപീശ്വരൻ അവശനായി നിലംപതിച്ചു. പെട്ടെന്നെഴുന്നേററിരുന്നു നോക്കുമ്പോൾ അഗ്രഭാഗത്തു് ശ്യാമളഗാത്രവും, ജടാമകുടവും, ശരപ്രയോഗസമയത്തുണ്ടായ അരുണിമയോടുകൂടിയ നയനവും വിളങ്ങുമാറു നിന്നരുളുന്ന പ്രഭുവിനെക്കണ്ടു. മഹാത്മാവായ ബാലി പിന്നെയും പിന്നെയും സൂക്ഷിച്ചുനോക്കി, നിൽക്കുന്നതു തന്റെ പ്രഭുവാണെന്നു ധരിച്ചുകഴിഞ്ഞു. ഉടനെ മനസ്സു തൃപ്പാദങ്ങളിൽ ഊന്നിയുറപ്പിച്ചു് ജന്മസാഫല്യം ലഭിച്ചതായി സമാശ്വസിച്ചു. ഉള്ളിൽ ഭക്തിഭാരം തിങ്ങിനിറഞ്ഞിരുന്നു എങ്കിലും വാക്കിൽ പരുഷത്വം ദ്യോതിപ്പിച്ചു്, ബാലി ഭഗവാനെനോക്കിപ്പറഞ്ഞു. "പ്രഭോ! ധൎമ്മസ്ഥാപനാർത്ഥം അവതരിച്ച അവിടുന്നു് വ്യാധൻ കാട്ടുമൃഗത്തെയെന്നപോലെ എന്നേ വേട്ടയാടിയതു് എന്തുകാരണത്താൽ? ഞാൻ ഒരുശത്രുവാകട്ടെ, സുഗ്രീവൻ ബന്ധുവാണെന്നുമിരിക്കട്ടെ. എന്നാലും എന്തൊരപരാധത്തിനാണു് അങ്ങു് എന്നെ നിഗ്രഹിച്ചതു്?

ഭഗവാൻ:—ഹേ ശഠ! അനുജന്റെ ഭാൎയ്യയും സഹോദരിയും പുത്രപത്നിയും, വിവാഹമാകാത്ത കന്യകയും ഒരുപോലെ അപ്രാപ്യകളാണു്. അവരിൽ ആരെയെങ്കിലും കാമവേഗത്തോടുകൂടി നോക്കിയാൽ മതി, മററൊരുപാപവും ചെയ്യാത്തവനായാലും ശരി അവൻ വധാർഹനാണു്. ഇതുമല്ല, യുദ്ധാരംഭത്തിൽ നിന്റെ ഭാൎയ്യ പരമാർത്ഥം നിന്നെ ധരിപ്പിച്ചുവല്ലോ. നീ എന്തുകൊണ്ടതു വകവച്ചില്ല? മൂഢ!

6847

അഭിമാനാതിശയത്താൽ നീ മതിമറന്ന്, സുഗ്രീവൻ എന്റെ ഭുജബലത്തെ അഭയം പ്രാപിച്ചവൻ ആണെന്നറിഞ്ഞിട്ടും അവനെ നിഗ്രഹിക്കാനായി ചാടിപ്പുറപ്പെട്ടില്ലേ?

ബാലിപറഞ്ഞു:—"പ്രഭോ ക്ഷമിക്കണം. ഞാൻ പ്രഭുവിനോടു അപരാധംപ്രവർത്തിച്ച പാപിയാണ്. എങ്കിലും എന്റെ ആ ധിക്കാരത്തിന്റെ ഫലമായിട്ടുതന്നെ ഇതാ പരലോകത്തിൽഎനിക്കു പരമഗതിലഭിക്കാൻ പോകുന്നു." ഈ മധുരവാക്കുകൾകേട്ടുസന്തുഷ്ടനായ രഘുപതി ബാലിയുടെ ശിരസ്സ് തൃക്കൈകളാൽസ്പർശിച്ച് "ഹേ ഭക്തോത്തമ! നിന്റെ ശരീരസ്വാസ്ഥ്യം ഞാൻ പുനർദാനംചെയ്യുന്നു. ജീവനോടുകൂടിഎഴുന്നേററുകൊള്ളൂ" എന്നനുഗ്രഹിച്ചു. ബാലി "കൃപാനിധേ! മുനിമാർ നിന്തിരുവടിയുടെസാന്നിധ്യംലഭിക്കുന്നതിനു ജന്മജന്മാന്തരങ്ങളിൽപ്രയത്നിച്ചാലും സാധിക്കാതെയാണിരിക്കുന്നത്. യാവനൊരുത്തന്റെനാമജപമാഹാത്മ്യത്താൽ കാശിവാസിയായ പരമശിവൻഎല്ലാററക്കും അവിനാശിപദത്തെ ദാനംചെയ്യുന്നുവോ ആ രാമചന്ദ്രൻ ഇതാഎന്റെകൺവെട്ടത്തു എഴുന്നള്ളിവന്നു നില്ക്കുന്നു. പ്രഭോ! ഇനി ഒരിക്കൽ എനിക്ക് ഈ ഭാഗ്യം സിദ്ധിച്ചെന്നുവരുമോ? യാവനൊരുത്തന്റെ ഗുണഗാനങ്ങൾ ചെയ്യുന്നതിനു വേദങ്ങൾപോലും വിവശങ്ങളായി വിഷമിക്കുന്നുവോ, യാവനൊരുത്തനാണോ മനസ്സും വാക്കും ശ്വാസഗതിയും അടക്കി നിശ്ചലധ്യാനമനുഷ്ഠിക്കുന്ന മുനിമാർക്കുപോലും ദുഷ്പ്രാപനായി വിളങ്ങുന്നത് ആ ഭഗവാൻ എന്റെ മുമ്പിൽ പ്രത്യക്ഷനായി നിന്നരുളുന്നു. അത്യന്തം അഭിമാനവശനാണു ഞാൻ എന്നറിഞ്ഞിട്ടും ദേഹസന്ധാരണം ചെയ്വാൻ പ്രഭു എന്നെ നിയോഗിക്കുന്നുവല്ലോ. കല്പവൃക്ഷത്തെ വെട്ടി മുറിച്ചുകളഞ്ഞിട്ടു കരീരത്തെ നട്ടുവളർത്തുന്ന മൂഢന്മാർ വല്ലവരും ഉണ്ടോ? പ്രഭോ! സദയം എന്നെ കടാക്ഷിച്ച് എന്റെ അഭീഷ്ടവരത്തെ നൽകിയാലും. പ്രാരബ്ധശേഷത്താൽ അനന്തരജന്മങ്ങളിൽ ഞാൻ ഏതു യോനികളിലോ ജനിക്കട്ടെ. അപ്പോഴെല്ലാംരാമപാദങ്ങളിൽ പ്രത്യേക ഭക്തി എനിക്കുണ്ടായിരിക്കുന്നതിന് അനുഗ്രഹിക്കണം. സ്വാമിൻ! എന്നെപ്പോലെ തന്നെ ബലവും വിനയാദികല്യാണഗുണങ്ങളും ഉള്ള എന്റെ പുത്രനായ ഈ അംഗദനെ, ഹേ സുരനരനാഥ! തൃക്കൈകൊണ്ടനുഗ്രഹിച്ചു ദാസനാക്കി സ്വീകരിച്ചാലും."

സ്വാഭീഷ്ടത്തെ ഇപ്രകാരം ഉണർത്തിച്ചശേഷം ബാലി ജഡശരീരം ഉപേക്ഷിച്ചു. ആനയുടെ കഴുത്തിൽനിന്ന് ഒരു പൂമാല വീണാൽ എങ്ങനെയോ, അതുപോലെ ദേഹവിയോഗക്ലേശം ലവലേശം ബാലി അറിഞ്ഞില്ല. ബാലിക്കു ഭഗവാൻ ആത്മപദംതന്നെ നൽകി അനുഗ്രഹിച്ചു.

രാജമരണം നഗരത്തിൽ അറിഞ്ഞപ്പോൾ പൗരന്മാർ വ്യാകുലിതരായി ഓടി എത്തി. രാജ്ഞിയായ താര, തലമുടിയും അഴിച്ചിട്ട് തൊഴിച്ചലച്ചു നിലവിളിച്ചുകൊണ്ടു യുദ്ധാങ്കണത്തിൽ വന്നു. ആ സ്ത്രീരത്നത്തിന്റെ സങ്കടം കണ്ട് ഭഗവാൻ അവളുടെ മായാമോഹം നീക്കി ജ്ഞാനപ്രകാശത്താൽ ഹൃദയം വിളക്കി. "ഭദ്രേ പഞ്ചഭൂതസഞ്ചിതമായ ഈ ശരീരം എത്രയോ അധമമാണ്. അതാണു നിന്റെ മുമ്പിൽ ഇപ്പോൾ അചേതനമായി കിടക്കുന്നത്. ആത്മാവു നിത്യനാണ്. അതിനു നാശമോ ജനനമോ ഇല്ല: ഈവസ്ഥ നോക്കിയാൽ നീ വിലപിക്കുന്നതെന്തിന്" ഈ അരുളപ്പാടുകൾ കേട്ടു താരയുടെ ഉള്ളിൽ പരമാർത്ഥബോധം ഉദിച്ചു. അവൾ ഭഗവാനെ വണങ്ങി പരമഭക്തിയെ വരിച്ച്, നിർവൃതയായി നിലകൊണ്ടു.

ഹേ ഭവാനി! പ്രഭുവായ രാമൻ നമ്മെയെല്ലാം കീഴ്മേലിട്ടു പാവക്കൂത്താടിക്കയാണ്. എന്തൊരത്ഭുതം! മായാമോഹം നീങ്ങിയപ്പോൾ താരയുടെ ഭർത്തൃദുഃഖമെവിടെ? പ്രഭുനിയോഗം അനുസരിച്ചു സുഗ്രീവൻ ജ്യേഷ്ഠന്റെ ചരമക്രിയകളെല്ലാം വിധിപ്രകാരം ചെയ്തു. സുഗ്രീവനെ കിഷ്കിന്ധാധിപനാക്കി അഭിഷേകം ചെയ്വാൻ ഭഗവാൻ അനുജനോട് ആജ്ഞാപിച്ചു. ലക്ഷ്മണകുമാരൻ തൃപ്പാദങ്ങൾ വണങ്ങിപ്പോയി രാമപ്രേരിതന്മാരായ മററു ചിലരുമായ രാജധാനിയിൽ പ്രവേശിച്ചു. പുരവാസികളേയും ബ്രാഹ്മണോത്തമന്മാരേയും വരുത്തി മന്ത്രിസഭവിളിച്ചുകൂട്ടി അഭിഷേകസംഭാരങ്ങളും ഒരുക്കി; അപ്പോൾതന്നെ സുഗ്രീവനെ രാജാവായും അംഗദനെ യുവരാജാവായും അഭിഷേകം കഴിക്കയും ചെയ്തു.

ഹേ പാർവ്വതി! രാമനു സമനായ ഒരു ബന്ധു ലോകത്തിൽ ഇല്ല. അച്ഛനോ, അമ്മയോ, ബന്ധുവോ, ഗുരുവോ ആരും അദ്ദേഹത്തിനു സമമാകയില്ല; മററുള്ള ദേവന്മാരും മുനിമാരും മനുഷ്യരുമെല്ലാം സ്വാർത്ഥത്തെ ഉദ്ദേശിച്ചാണു പ്രായേണ സ്നേഹം കാണിക്കുന്നത്. എന്നാൽ രഘുരാജന്റെ സ്വഭാവം അതിൽ നിന്നും എത്രയോ വിപരീതമാണ്. ബാലിയെപേടിച്ചു രാപ്പകൽ വ്യാകുലിതനായി മനസ്സെരിഞ്ഞു മുഖം കരിഞ്ഞു വിഷമിച്ചുകൊണ്ടിരുന്ന സുഗ്രീവനെ ദയാലുവായ രാമദേവൻ സ്വതഃസിദ്ധമായ സരളസ്വഭാവത്താലത്രേ, കപിരാജനാക്കിയതു്. എന്നുകൊണ്ടറിയാം. ഈദൃശനായ പ്രഭുവിനെ ആരൊരുത്തൻ നിഷേധിക്കുന്നോ അവൻ ആപൽജാലത്തിൽ കുരുങ്ങുക തന്നെ വേണ്ടിവരും; രഘുവരൻ സുഗ്രീവനെ വരുത്തി രാജനീതികൾ പലതും ഉപദേശിച്ചു. എന്നിട്ടു പറകയാണ്. "ഹേ കപിരാജ! പതിനാലു വത്സരത്തേക്കു എനിക്കു പുരപ്രവേശം പാടില്ല. ഉഷ്ണകാലം കഴിഞ്ഞു മഴക്കാലമായിരിക്കുന്നു

അതു തീരുംവരെ ഞാൻ അടുത്തു കാണുന്ന പർവ്വതങ്ങളിൽ അധിവസിക്കും. നീ അംഗദനുമായി രാജ്യഭാരം നടത്തിസ്സുഖിച്ചിരിക്കുക. എൻെറ കാര്യം വിസ്മരിച്ചുപോകയുമരുതു്"

സുഗ്രീവൻ രാമകല്പന ശിരസാവഹിച്ചു രാജധാനിയിലേക്കു പോയി. ഭഗവാനാകട്ടെ, പ്രവർഷണം എന്ന പർവ്വതത്തിൽ കടന്നു താമസിക്കയും ആയി.

രഘുരാജൻ ആ പർവ്വതത്തെ സ്വസാന്നിദ്ധ്യത്താൽ അല്പകാലം അനുഗ്രഹിക്കുമെന്നുള്ള മുന്നറിവുകൊണ്ടു് ദേവന്മാർ സുഖവാസയോഗ്യമായ ഒരു ഗുഹ അതിൽ നിർമ്മിച്ചിരുന്നു. പരിസരത്തിലെ കാനനം കുസുമിത തരുക്കളുടെ വിലസനത്താലും, മധുരസലോഭികളായ ചഞ്ചരീകങ്ങളുടെ ഗുഞ്ജനത്താലും മോഹനമായി വിളങ്ങി. പ്രഭുവിൻെറ ആഗമനത്തിനുശേഷം ഫലമൂലകന്ദങ്ങൾ അതിൽ സമൃദ്ധമായി ഭവിച്ചു. അനുപമമായ ആ ശൈലത്തിൻെറ മനോഹരത്വം നോക്കി രഘുരാജൻ സഹോദരനുമൊരുമിച്ചു് അവിടെത്തന്നെ താമസമുറപ്പിച്ചു. സുരസിദ്ധമുനിസംഘങ്ങൾ മധുകരങ്ങളായും ഖഗമൃഗങ്ങളായും രൂപം മാറി ഭഗവാനെ സേവിച്ചു. ലക്ഷ്മീവല്ലഭൻ അധിവാസം തുടങ്ങിയതു മുതൽ ശോഭനമായ ആ വനം സകലമംഗലനിലയനമായി ഭവിച്ചു. വെണ്മയേറിയ ഒരു സ്ഫടിക ശിലയിൽ എഴുന്നള്ളി ഇരുന്നുകൊണ്ടു് ഭഗവാൻ അനവധി രമ്യകഥകളും ഭക്തിവൈരാഗ്യജ്ഞാനമാർഗ്ഗങ്ങളും രാജനീതികളും അനുജനു് ഉപദേശിച്ചു. ആഗതമായ വർഷകാലം നഭസ്സിനെ നിരന്തരമായി ആവരണം ചെയ്ത കാർമേഘങ്ങളുടെ സമൂഹത്താലും ഗർജ്ജനങ്ങളാലും പരമ സുഖകരമായിരുന്നു.

ലക്ഷ്മണ! വിഷയവിരക്തനായ ഒരു ഗൃഹസ്ഥൻ യഥാർത്ഥ വിഷ്ണുഭക്തനേക്കാണുമ്പോൾ സന്തോഷിക്കുന്നതു പോലെ ഇതാ നോക്കു. ഈ മയിലുകളെല്ലാം മഴക്കാറുകണ്ടു് ആഹ്ലാദത്തോടെ പീലി വിടുത്താടുന്നു. നഭഃസ്ഥലം കാർമേഘങ്ങളാൽ ആവൃതമായിരിക്കുന്നു. ഇടിനാദങ്ങൾ തുടരെത്തുടരെ മുഴങ്ങുന്നു. ഈ അവസ്ഥയിൽ ഭാര്യയോടു വേർപെട്ടിരിക്കുന്ന എൻെറ ഹൃദയം വിഷാദത്തിൽ മുഴുകുകയാണു ചെയ്യുന്നതു്. മിന്നലുകൾ കേവലം അസ്ഥിരമായ ഖലമൈത്രിപോലെ ഇടയ്ക്കിടെ പ്രകാശിക്കുന്നു. വിജ്ഞാനസമ്പത്തിൻെറ ആധിക്യത്തിൽ വിദ്വാൻ എന്നപോലെ വർഷമേഘങ്ങൾ ഭൂമിയിൽ പറ്റിത്താഴുന്നു. പർവ്വതങ്ങൾ ഈ കടുത്ത കാററടികളെല്ലാം ഖലദൂഷണങ്ങളെ സജ്ജനം എന്നപോലെ അലക്ഷ്യമാക്കിയിരിക്കുന്നു. ക്ഷുദ്രനദികളെ നോക്കു! അല്പമായ ധനലാഭത്താൽ അധമൻ എന്നപോലെ മദതരളിതങ്ങളായി നിറഞ്ഞൊഴുകുന്നു. നിർമ്മലജലം ഭൂമിയെ സ്പർശിക്കുമ്പോൾ, ജീ

വൻ മായാവരണത്താലെന്നവണ്ണം കലുഷിതമായിത്തീരുന്നു. സൽഗുണങ്ങൾ ക്രമേണ സജ്ജനത്തിൽ ഉരുക്കൂടി വർദ്ധിക്കുന്നതുപോലെ കായലുകളിൽ അല്പാല്പമായി അദൃശ്യമായ ജലവൃദ്ധിയുണ്ടാകുന്നു. നദികൾ ഒഴുകി സമുദ്രത്തിൽ ചെന്നു് ഹരിദർശനം ലഭിച്ച ആത്മാവെന്നപോലെ അശ്രാന്തവിശ്രമം അനുഭവിക്കുന്നു. പാഷണ്ഡന്മാരുടെ വിവാദത്താൽ സദ്ഗ്രന്ഥങ്ങളെങ്ങനെയോ അപ്രകാരം പച്ചപ്പുല്ലുകൾ ഇടതൂർന്നു വളൎന്നു് വഴിത്താരകൾ മറയുന്നു. വേദഘോഷം തുടങ്ങിയ വടുക്കളെപ്പോലെ നാനാദിക്കിലും തവളകളുടെ സജീവമായ ക്രോങ്കാരശബ്ദം മുഴങ്ങുന്നു. വിവേകം സിദ്ധിക്കുമ്പോൾ സാധുക്കൾ മനോവൃത്തികളെ എന്നപോലെ വൃക്ഷങ്ങളെല്ലാം തളിരുകളെ പൊഴിച്ചുകളയുന്നു. അൎക്കവൃക്ഷവും ജവാസച്ചെടിയും, ഇലകൾ പൊഴിക്കുന്നതുകണ്ടാൽ നീതിനിഷ്ഠമായ രാജ്യത്തിൽ ഖലന്മാർ തങ്ങളുടെ ഉദ്യമങ്ങളെ ഉപേക്ഷിക്കുന്നതുപോലെ തോന്നുന്നു. ക്രോധത്തിന്റെ ആഴത്തിൽ ധൎമ്മബുദ്ധി എന്നപോലെ എത്ര അന്വേഷിച്ചാലും കാണാതെ ധൂളീസംകുലങ്ങളായ വഴിത്താരകൾ തൊളിക്കെട്ടിൽ മറഞ്ഞുപോകുന്നു. ധാന്യസമൃദ്ധയായ ധരിത്രി പരോപകാരിയുടെ സമ്പത്തുപോലെ ശോഭനയായി വിളങ്ങുന്നു. മിന്നാമിനുങ്ങുകൾ കപടഭക്തന്മാരുടെ സമാജംപോലെ കൂരിരുട്ടിൽ മിന്നിമിന്നി നടക്കുന്നു. സ്വച്ഛന്ദചാരിത്വത്തിന്റെ ആധിക്യത്താൽ സ്ത്രീകൾ എന്നപോലെ കൃഷിക്ഷേത്രങ്ങളുടെ അതിരുകൾ പെരുമഴയാൽ ഇടിഞ്ഞുതൊഴിഞ്ഞുപോയിരിക്കുന്നു. കൃഷിക്കാർ വയലുകളിൽ നിന്നു കളകളെ ദൂരീകരിക്കുന്നതു് ബുധന്മാർ മോഹമദമാനങ്ങളെ ഉപേക്ഷിക്കുന്നതുപോലെയിരിക്കുന്നു. കലിയുഗം വരുമ്പോൾ ധൎമ്മം മറയുന്നതുപോലെ ചക്രവാകാദിപക്ഷികളെ ഒരിടത്തും കാണ്മാനില്ല. മഴ എത്ര പെയ്തിട്ടും ഊഷരപ്രദേശങ്ങളിൽ തൃണങ്ങൾ മുളയ്ക്കുന്നില്ല. അതു കണ്ടാൽ ഹരിഭക്തന്റെ ഹൃദയത്തിൽ കാമം ഉദയം ചെയ്യാത്തതുപോലെ തോന്നുന്നു. നല്ല രാജാവിന്റെ കീഴിൽ നാനാജാതിമതസ്ഥന്മാർ വൎദ്ധിക്കുന്നതുപോലെ മഹീതലം വിവിധജന്തുസംകുലമായി ഭ്രാജിക്കുന്നു. ജ്ഞാനലബ്ധിക്കുശേഷം വിരളമായ ഇന്ദ്രിയവ്യാപാരംപോലെ താന്തരായ പഥികന്മാർ അപൂൎവമായിമാത്രം അവിടവിടെ വിശ്രമിക്കുന്നു. കുലത്തിലെ സമ്പൽധൎമ്മങ്ങളെ നശിപ്പിക്കുന്ന കുപുത്രന്റെ ഉദയംപോലെ ചിലപ്പോൾമാത്രം കൊടിയ കാററുണ്ടായി മേഘങ്ങളെ നാലുദിക്കിലും അടിച്ചുപറത്തുന്നു. സൽസംഗത്താലും ദുസ്സംഗത്താലും അനുക്രമമായി ജ്ഞാനം പ്രകാശിക്കയും മറകയും ചെയ്യുന്നവണ്ണം ദിവസങ്ങൾ ഇടവിട്ടു് സൂൎയ്യൻ തെളിഞ്ഞും കാറുമൂടിയടഞ്ഞും കഴിഞ്ഞുകൊണ്ടിരിക്കുന്നു

വൎഷകാലം കഴിഞ്ഞു ശരദൃതുവായി. ഹേ ലക്ഷ്മണ! നോ

ക്കൂ. പ്രകൃതി എത്ര രമണീയമായി മാറി. ഭൂതലമെല്ലാം പൂത്ത കണമ്പുല്ലുകളാൽ ആവൃതമായിരിക്കുന്നതു്, മഴക്കാലം അതിന്റെ വാർദ്ധക്യത്തെ പ്രകടീകരിച്ചതുപോലെ വിളങ്ങുന്നു. സന്തൃപ്തിയാൽ ലോഭം എന്നപോലെ * അഗസ്ത്യനക്ഷത്രത്തിന്റെ ഉദയത്താൽ മാർഗ്ഗത്തിലെ ജലമെല്ലാം ശോഷിച്ചു കഴിഞ്ഞു. മദമോഹങ്ങളകന്ന സാധുക്കളുടെ ഹൃദയംപോലെ സരിത്തുകളിലേയും സരസ്സുകളിലേയും ജലം നിർമ്മലമായിത്തെളിഞ്ഞു. ജ്ഞാനികളുടെ മമത്വം ഒഴിഞ്ഞൊഴിഞ്ഞു മായുംവണ്ണം തുള്ളിതുള്ളിയായി അവയിലെ ജലം കുറഞ്ഞു. ശരത്തു വന്നതറിഞ്ഞിട്ടു് ഖഞ്ജനപക്ഷികൾ ഭാഗ്യകാലത്തു ധർമ്മപ്രവൃത്തികളെന്നപോലെ ആവിർഭവിക്കുന്നു. ഭൂമിയിൽ ചെളിയാകട്ടെ പൊടിയാകട്ടെ കാണ്മാനില്ല. അതു നീതിനിപുണനായ ഒരു രാജാവിന്റെ ഭരണം പോലെ സ്വച്ഛമായി വിളങ്ങുന്നു. ജലസങ്കോചത്താൽ മത്സ്യങ്ങളെല്ലാം നിർദ്ധനത്വം നിമിത്തം വിബുധനായ കുടുംബി എന്നപോലെ വൈവശ്യത്തെ പ്രാപിക്കുന്നു. കാറുമാറി നിർമ്മലമായ ആകാശം സകല ആശകളേയും പരിഹരിച്ച ഭക്തന്റെ ഹൃദയം പോലെ ശോഭിക്കുന്നു. മോഹം മുഴുവൻ തീരാത്തവന്റെ ഭക്തി എങ്ങിനെയോ അതുപോലെ അവിടവിടെ ശരൽക്കാല മഴച്ചാററലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നൃപന്മാരും, താപസന്മാരും, വണിക്കുകളും, ഭിക്ഷുക്കളും വർണ്ണാശ്രമികൾ ഹരിഭക്തി ഉദിക്കുന്ന മാത്രയിൽ വ്യവഹാരങ്ങൾ എല്ലാം ഉപേക്ഷിക്കുന്നതുപോലെ സന്തോഷപൂർവ്വം നഗരം വിട്ടിറങ്ങി അവരവരുടെ വഴി തേടുന്നു. ജലം അഗാധമായ സ്ഥലങ്ങളിൽ മത്സ്യങ്ങൾ സർവ്വബാധകളും ഒഴിഞ്ഞ ഹരിഭക്തന്മാരേപ്പോലെ സന്തോഷിക്കുന്നു. നിർഗ്ഗുണബ്രഹ്മം സഗുണാവസ്ഥയിൽ വിളങ്ങുന്നവണ്ണം പ്രശാന്തങ്ങളായ സരസ്സുകൾ താമരപ്പൂക്കളാൽ വിലസിതങ്ങളായി ശോഭിക്കുന്നു. അനുപമങ്ങളായ മധുകരഗുഞ്ജനങ്ങളും നാനാപ്രകാരത്തിലുള്ള സുന്ദരഖഗരവങ്ങളും മുഴങ്ങുന്നു- അന്യസമ്പത്തു കാണുമ്പോൾ ദുർജ്ജനം എന്നപോലെ ചക്രവാകം നിശാഗമനം കണ്ടു ദുഃഖിക്കുന്നു. ചാതകം സുഖലേശംപോലും ലഭിക്കാത്ത ശങ്കരദ്രോഹിയെപ്പോലെ തൃഷാർത്തമായി ആക്രോശിക്കുന്നു. സദ്ദർശനം പാപകോടിയെ നിഹനിക്കുന്നതുപോലെ ശരദാതപത്തിന്റെ ഉഷ്ണത്തെ രാത്രിയിൽ ശശി അപഹരിക്കുന്നു. ഹരിജനം ഹരിയെ എന്നപോലെ ചകോരസമുദയം ചന്ദ്രബിംബത്തെത്തന്നെനോക്കുന്നു. ഹിമത്രാസംനിമിത്തം ദംശങ്ങളും മശകങ്ങളും ബ്രാഹ്മണദ്രോഹത്താൽ കുലം എന്നപോലെ മറഞ്ഞു പോയിരിക്കുന്നു. സദ്ഗുരുലാഭം ഉണ്ടാകുന്നവനു് സം

---

* മഴക്കാലം കഴിഞ്ഞാൽ ഭാദ്രപദമാസത്തിലെ ശുക്ലപക്ഷസപ്തമിനാളിൽ അഗസ്ത്യനക്ഷത്രം ഉദിക്കുമെന്നു പറയപ്പെട്ടിരിക്കുന്നു.

ശയഭ്രമങ്ങൾ നശിക്കുന്നതുപോലെ ശരദൃതുവിൻെറ ആവിർഭാവത്താൽ ഭൂതലം അണുപ്രാണികളിൽ നിന്ന് വിമുക്തമായി ഭവിച്ചിരിക്കുന്നു.

ലക്ഷ്മണാ! നോക്കൂ! മഴക്കാലംകഴിഞ്ഞു. ആകാശം സ്വച്ഛമാംവണ്ണം തെളിഞ്ഞു. ഇനിയും സീതയെ സംബന്ധിച്ച വർത്തമാനമൊന്നുമറിഞ്ഞില്ലല്ലോ. അവൾ എവിടെ അകപ്പെട്ടിരിക്കുന്നുവെന്നറിഞ്ഞാൽ കാലൻെറ കയ്യിലായാലും ശരി ആ നിമിഷത്തിൽ അവളെ ഞാൻ വീണ്ടെടുക്കുന്നതാണ്. എവിടെയായാലും ഇപ്പോൾ ജീവിച്ചിരിക്കുന്നു എന്നു അറിവു കിട്ടിയാൽ നിവൃത്തിയുണ്ട്. സുഗ്രീവൻെറ കഥ വിചിത്രം തന്നെ. രാജ്യവും, ഭണ്ഡാരവും, പണവും, പത്നിയുമെല്ലാം കൈവശമായപ്പോൾ എന്നെ അവൻ നിശ്ശേഷം മറന്നു. മൂഢശിരോമണി! ബാലയെ നിഗ്രഹിച്ച ബാണംകൊണ്ടു നാളെത്തന്നെ അവൻെറ കഥ ഞാൻ കഴിക്കുന്നുണ്ട്.

ഹേ ഭവാനി! ആരുടെ കരുണാമൃതത്താലാണോ മദമോഹങ്ങൾ നീങ്ങുന്നത്, ആ ഭഗവാനു സ്വപ്നത്തിൽപോലും കോപമുണ്ടായി എന്നു വരുന്നതല്ല. അവിടത്തെ പാദപത്മങ്ങളിൽ അകളങ്കഭക്തിയോടുകൂടിയ ആത്മജ്ഞാനികൾക്കല്ലാതെ തിരുവിളയാടലുകളുടെ രഹസ്യം അറിവാൻ കഴിവില്ല. പ്രഭു കോപിച്ചിരിക്കുന്നു എന്നു വിശ്വസിക്കകൊണ്ട് ലക്ഷ്മണൻ വില്ലും കുലയേററി ബാണപാണിയായി കിഷ്കിന്ധയിലേക്കു നടന്നു. കരുണാനിധി അനുജൻെറ സംരംഭം നോക്കി "ലക്ഷ്മണാ! ബന്ധുവായ സുഗ്രീവനെ തെല്ലൊന്നു ഭയപ്പെടുത്തി കൂട്ടിക്കൊണ്ടു പോരിക" എന്നരുളിച്ചെയ്തു.

ഈ അവസരത്തിൽ ഹനുമാനും സുഗ്രീവൻെറ ഔദാസീന്യത്തെക്കുറിച്ചു വിചാരിക്കാതിരുന്നില്ല. ക്ഷണേന ആ ഭക്തൻ സുഗ്രീവസവിധത്തിലെത്തി വണങ്ങി നിന്ന് യുദ്ധോദ്യമത്തിൽ ആവശ്യമുള്ള ഉപായങ്ങൾ നാലും അനുസ്മരിപ്പിച്ചു. രാമചന്ദ്രനെ ശത്രുവാക്കിയതിൻെറ പരിഹാരമാർഗ്ഗമാണ് ഹനുമാൻ ഉപന്യസിച്ചതെന്നു മനസ്സിലാക്കിയ സുഗ്രീവൻ ഭയവിഹ്വലനായി "സ്നേഹിതാ! വിഷയാശ എൻെറ വിവേകത്തെ അപഹരിച്ചു കളഞ്ഞു. രാമകാര്യാർത്ഥം വാനരയൂഥങ്ങളെ ആനയിക്കുന്നതിനു ക്ഷണത്തിൽ സകല ദിഗന്തങ്ങളിലേക്കും ദൂതന്മാരെ നിയോഗിക്കുക. ഒരു പക്ഷത്തിലധികം താമസിക്കരുതെന്ന് ധരിപ്പിക്കണം. അതു കഴിഞ്ഞു തിരിച്ചുവരുന്നവനെ സ്വന്തം കയ്യാൽ ഞാൻ നിഗ്രഹിക്കുന്നതാണെന്നും ധരിപ്പിച്ചേക്കു" എന്നു കല്പിച്ചു.

ഹനുമാൻ ദൂതസംഘത്തെ വരുത്തി ഉചിത സമ്മാനങ്ങളാൽ സന്തോഷിപ്പിച്ചശേഷം സാമഭേദനയപ്രയോഗത്തോടേ സ്വാമികല്പനയുമറിയിച്ചു യാത്രയാക്കി. കല്പനപ്രകാരം കാൽത്താർ വണ

ങ്ങി കപിസംഘം പുറപ്പെടുകയും ആയി. ഈ അവസരത്തിലാണ ലക്ഷ്മണൻ കിഷ്കിന്ധയിൽ പ്രവേശിച്ചതു്. കുമാരനെ കുപിതനായിക്കണ്ടു് കുരങ്ങന്മാർ ഓട്ടം പിടിച്ചു. ഞാൺവലിച്ചു് ഝങ്കാരനാദം പുറപ്പെടുവിച്ചുകൊണ്ടു് "കിഷ്കിന്ധ ഞാൻ ഭസ്മമാക്കി ധൂളിപ്പിക്കുന്നുണ്ടു്" എന്നു ലക്ഷ്മണൻ ഗർജ്ജിച്ചു. പുരവാസികൾ ഭയപരിപ്ലുതഹൃദയരായി. അംഗദൻ ഈ ഭാവഭേദം നോക്കി വിനയപൂർവ്വം ലക്ഷ്മണന്റെ സമീപത്തിൽ എത്തി വണങ്ങി, അഭയദാനം ചെയ്യുന്നതുവരെ പ്രാർത്ഥിച്ചു. ക്രുദ്ധനായ ലക്ഷ്മണന്റെ ആഗമനവർത്തമാനം രാജധാനിയിൽ അറിഞ്ഞു് സുഗ്രീവൻ സംഭ്രാന്തനായി ഹനുമാനോ "സഖേ! ക്ഷണത്തിൽ താരയുമായിച്ചെന്നു് കീർത്തനപ്രാർത്ഥനാഞ്ജലികളാൽ കുമാരനെ പ്രസാദിപ്പിക്കുക" എന്നു് നിയോഗിച്ചു.

കല്പനപ്രകാരം ഹനുമാനും റാണിയും കുമാരനെക്കണ്ടു വണങ്ങി. പ്രഭുവിന്റെ സുയശസ്സുകൾ പാടി പ്രാർത്ഥനകളാൽ പ്രസന്നനാക്കി കൊട്ടാരത്തിൽ കൂട്ടിച്ചുകൊണ്ടു വന്നു. പാദപ്രക്ഷാളനാദ്യുപചാരപുരസ്സരം ഭദ്രാസനത്തിൽ ഉപവേശിച്ചയുടനേ സുഗ്രീവൻ ചെന്നു നമസ്കരിച്ചു. ആത്മമിത്രമായ അവനെ ലക്ഷ്മണൻ പിടിച്ചെഴുന്നേല്പിച്ചു് ആശ്ലേഷിച്ചു. അപരാധലജ്ജിതനായ കപിരാജൻ വിനീതനായിപ്പറഞ്ഞു. "നാഥ! വിഷയസുഖത്തിലുള്ള ആഗ്രഹംപോലെ മനസ്സിനെ മദിപ്പിക്കാൻ മറ്റൊന്നുമില്ല. കുലം, രൂപം, യൌവ്വനം, വിദ്യ, ധനം, ജ്ഞാനം, മാനം, ധ്യാനം ഈ എട്ടിനെക്കുറിച്ചും വിഷയാസക്തന്മാൎക്കു മദം ഉണ്ടാകാറുണ്ടു്. മുനിമാനസത്തെപ്പോലും നിമിഷംകൊണ്ടു വ്യാമോഹിപ്പിക്കുന്നതത്രേ വിഷയാശ.

ഈ വിനീതവാക്കുകളാൽ അത്യന്തം സന്തുഷ്ടനായ ലക്ഷ്മണൻ കപീശ്വരനെ ധൈര്യപ്പെടുത്തുന്നതിനു കഴിയുംവണ്ണമെല്ലാം ശാന്തവചനങ്ങൾ പറഞ്ഞു. രാമകാര്യത്തെ സുഗ്രീവൻ വിസ്മരിച്ചിരിക്കയില്ലെന്നും കപിസംഘത്തെ ആനയിക്കാൻ നാനാദിക്കുകളിലും ദൂതന്മാരെ നിയോഗിച്ചിട്ടുണ്ടെന്നും ഉള്ള വസ്തുത ഹനുമാൻ അറിയിക്കയും ചെയ്തു.

അനന്തരം എല്ലാവരുമായി പ്രഭുവിനെ കാണ്മാൻ പുറപ്പെട്ടു. അംഗദാദി കപിയൂഥങ്ങളാൽ അനുഗതനും ലക്ഷ്മണനാൽ പുരോഗതനും ആയ സുഗ്രീവൻ സന്തോഷപൂർവ്വം രഘുരാജസന്നിധിയിൽ എത്തി- കൈകൾകൂപ്പി ശിരസ്സുതാഴ്ത്തി വാഴ്ത്തി തൃപ്പാദങ്ങൾ വണങ്ങിപ്പറഞ്ഞു. "നാഥാ! ഈ ഉദാസീനതയ്ക്കു ഞാൻ കുറ്റക്കാരനല്ല. അതിപ്രബലയായ അങ്ങേ മായയെ ജയിക്കുന്നതിനു് അങ്ങു് കൃപാകടാക്ഷം അരുളാതെ സാധിക്കയില്ല. സുരനരമുനി

മാർ, വിശേഷിച്ചും രാജാക്കന്മാർ, പ്രായേണ വിഷയവിവശന്മാ
രാണ്. ഞാനോ ഒരു മൂഢമൃഗം. അത്യന്തം കാമലോലമായ
പ്ലവഗം. സ്ത്രീയുടെ കടാക്ഷബാണത്താൽ പ്രതിഹതനാകാതെയും
കോപാന്ധകാരത്തിൽ ചാടി അന്ധനാകാതെയും ലോഭപാശ
ത്താൽ ബന്ധിതനാകാതെയും ഇരിക്കുന്നവൻ ആരോ ഹേ രഘു
നാഥ! അവൻ നിന്തിരുവടിക്കു സമനാണ്. ഈ ഗുണം സാധാ
രണസാധനങ്ങളെക്കൊണ്ട് സമ്പാദിക്കാവതല്ല. അങ്ങേ കൃപാ
കടാക്ഷത്താൽ മാത്രം അപൂർവ്വം ചിലക്കു ലഭിക്കുന്നതാണ്.

മന്ദഹാസസുമുഖനായി ഭഗവാൻ അരുളിച്ചെയ്തു. കപീശ്വ
ര! താങ്കൾ എനിക്കു ഭ്രാതാവായ ഭരതനെപ്പോലെ പ്രിയനാ
ണ്. ഇനി കാര്യവിചാരംനടത്തി സീതയെസംബന്ധിച്ച വർത്തമാ
നം അറിവാൻ യത്നിക്കുക." ഈ സംഭാഷണം നടന്നുകൊണ്ടിരി
ക്കെ നാലു ദിക്കിലും നിന്ന് അതുലബലന്മാരും വിവിധവർണ്ണന്മാ
രുമായ കപികൾ, കണ്ടാൽ ആർക്കും ആശ്ചര്യംതോന്നത്തക്ക വി
ധത്തിൽ. അവിടെ വന്നുനിറഞ്ഞു.

ഹേ പാർവ്വതീ! ഈ വാനരയൂഥത്തെ ഞാനും കാണുകയുണ്ടായി.
അവരുടെ സംഖ്യ കാണക്കാക്കുവാൻ മൂഢന്മാരേ തുനിയുകയുള്ളു. ഓ
രോരുത്തരായി വന്നു രാമപാദങ്ങളിൽ വീണു നമസ്കരിച്ചു. ഭഗവാ
ന്റെ മുഖദർശനത്താൽ തങ്ങൾ സനാഥന്മാരായി എന്നവർക്കുതോ
ന്നി. അസംഖ്യേയന്മാരായ ആ കപികളിൽ ഒരുത്തനെങ്കിലും രാമ
ചന്ദ്രന്റെ പ്രത്യേകകുശലപ്രശ്നത്താൽ സമ്മാനിതനാകാതിരുന്നില്ല.
അതല്ലേ ആശ്ചര്യം. വിശ്വവ്യാപകനും വിശ്വരൂപനുമായ ര
ഘുരാജനെ സംബന്ധിച്ചിടത്തോളം ഇതൊരാശ്ചര്യം എന്നു പറവാ
നുമില്ല. കല്പനപ്രകാരം എല്ലാവരും അണിയണിയായി നിരന്നു
നിൽക്കേ, സുഗ്രീവൻ ഇപ്രകാരം അനുശാസിച്ചു. ഹേ വാനര
സംഘങ്ങളേ! നിങ്ങൾ രാമചന്ദ്രനുവേണ്ടി എന്റെ പ്രാർത്ഥനയ
നുസരിച്ച് സകല ദിക്കുകളിലും പോയി ജാനകീദേവിയെ അ
ന്വേഷിക്കണം. അന്വേഷണാർത്ഥം പുറപ്പെടുന്ന നിങ്ങൾ ഒരു
മാസത്തിനകം മടങ്ങി എത്തണം. സഹോദരന്മാരേ! അവധി
കഴിഞ്ഞു് അനുകൂലവർത്തമാനവും ഇല്ലാതെ തിരിച്ചു വരുന്നവർ
അവശ്യം എന്റെ കയ്യാൽ മരിക്കേണ്ടിവരും."

ഈ നിയോഗം ശ്രവിച്ചമാത്രയിൽ വാനരന്മാർ നാനാദിഗന്ത
ങ്ങളിലേക്കും പുറപ്പെടുകയായി. സുഗ്രീവൻ അംഗദനേയും നീലനേ
യും ഹനുമാനേയും വിജ്ഞനും ധീരനുമായ ജാംബവാനേയും അ
രികിൽ വിളിച്ച് "ഹേ കപിശ്രേഷ്ഠന്മാരേ! മുഖ്യന്മാരായ നിങ്ങൾ
തക്ക അനുചരന്മാരോടുകൂടിപ്പോയി തെക്കേദിക്കിലെല്ലാം അന്വേ
ഷിക്കണം. രാമകാര്യം സാധിക്കുന്നതിനു വേണ്ട സർവ്വയത്നങ്ങളും

സർവ്വാത്മനാ ചെയ്യണം. സൂര്യൻ പശ്ചാൽസേവനത്താലും അഗ്നി പുരോസേവനത്താലും സന്തുഷ്ടിയെച്ചെയ്യുന്നു. എന്നാൽ സ്വാമിസേവനം പൂർവ്വപശ്ചാൽ ഭാഗങ്ങളിൽ ഒരുപോലെ ചെയ്യുകിലേ, അതും നിഷ്കളങ്കമായിച്ചെയ്യുകിലേ, തൃപ്തികരമായി ഭവിക്കുകയുള്ളൂ. മായയേ ത്യജിച്ച് പരഗതിക്കായി ശ്രമിക്കുകയാണ് ജന്തുധർമ്മം. തൽഫലമായി കാമക്രോധമദമാത്സര്യാദികളെല്ലാമൊഴിഞ്ഞു സംസാരബന്ധവുമഴിഞ്ഞ് ആനന്ദത്തെ പ്രാപിക്കാവുന്നതാണ്. സോദരന്മാരേ! ജന്മത്തെ ഫലപ്പെടുത്തുന്നതിനു നാം ഇവിടെ ചെയ്യേണ്ടതൊന്നു മാത്രം. അതായത് സർവ്വകാമങ്ങളിൽ നിന്നും മോചിച്ച് രാമനെ ഭജിക്കുക. രഘുവീരചരണങ്ങളിൽ അനുരാഗിയായിരിക്കുന്നവനാരോ അവനാണ് ഗുണജ്ഞൻ; അനുഗൃഹീതനും അവനാണ്."

ഈ നിവേദനത്താൽ നിർവൃതചിത്തന്മാരായ ജാംബവാദികൾ വണങ്ങി യാത്രാ ഴങ്ങി. രഘുരാജനെ നമസ്കരിച്ചു മനസാ വഹിച്ചുകൊണ്ടു് പുറപ്പെട്ടു. ഒടുവിൽ വന്നു വന്ദിച്ചതു് ഹനുമാൻ ആയിരുന്നു. ഭവിഷ്യൽജ്ഞനായ പ്രഭു ആ ഭക്തന്റെ മനഃശുദ്ധിയും, ഭക്തിയും, അറികയാൽ അരികിൽ വിളിച്ച് പാണിപങ്കജത്താൽ ശിരസ്സിൽ തലോടി തന്റെ കരമുദ്രിക ഊരിക്കൊടുത്തു്, "വായുപുത്ര! നീ സർവ്വാത്മനാ സീതയെ ആശ്വസിപ്പിക്കണം. എന്റെ ബലവീര്യവേഗങ്ങളെ അനുസ്മരിപ്പിച്ചു ക്ഷണത്തിൽ മടങ്ങിവരിക" എന്നാശീർവദിച്ചു. ഹനുമാൻ ജന്മസാഫല്യം ലഭിച്ചതുപോലെ കൃതാർത്ഥനായി കൃപാനിധിയെ ഹൃദയത്തിൽ ആവഹിച്ചു നടകൊണ്ടു. പ്രഭു സർവ്വജ്ഞനാണെങ്കിലും ദേവരക്ഷാധികാരിയാകയാൽ നടപടിയിൽ രാജനീതികളെ അംഗീകരിച്ചതാണ്.

അന്വേഷണാർത്ഥം പുറപ്പെട്ട കപികൾ തങ്ങളേപ്പോലും മറന്ന്, രാമകാര്യത്തിൽതന്നെ മനസ്സുറപ്പിച്ചു കണ്ട കാടുകൾ, നദികൾ, സരസ്സുകൾ, തടാകങ്ങൾ, ഗിരിഗഹ്വരങ്ങൾ, മുതലായ ഗഹനസ്ഥാനങ്ങളെല്ലാം ചുററിനോക്കിസ്സഞ്ചരിച്ചു. എവിടെയെവിടെ രാക്ഷസന്മാരേ കണ്ടുമുട്ടിയോ ഒററപ്രഹരത്താൽ അവന്റെ കഥ കഴിക്കാതെ മുമ്പോട്ടുപോയില്ല. അങ്ങനെ സഞ്ചരിക്കവേ വജ്രദണ്ഡൻ എന്നുപേരായ ഒരു മഹാരാക്ഷസനേക്കണ്ടു. അതിശക്തനും ഭീമരൂപനും ആയ അവനെ എതിർക്കുക സുസാധ്യമല്ലെന്നു തോന്നുകയാൽ കപികൾ ഭയപ്പെട്ടു. അംഗദൻ കുപിതനായി അവനുമായി ഒരു മല്ലയുദ്ധം നടത്തി. യുദ്ധം സുദീർഘവും ഭയങ്കരവും ആയിരുന്നു. ഒടുവിൽ മുഷ്ടിചുരുട്ടി ശിരസ്സിൽ ഒരു പ്രഹരം ഏല്പിച്ച് ബാലിപുത്രൻ അവനെ നിഗ്രഹിച്ചു. കപികൾ ജയജയശബ്ദം മുഴക്കി രാമകീർത്തനങ്ങളും പാടിത്തിരിച്ചു. കാടുകളും മലകളും ഇടവിടാ

തെ അന്വേഷിച്ചു് മഹർഷിമാരെക്കണ്ടാൽ അടുത്തുകൂടി വണങ്ങി വിടവാങ്ങുകയും സഞ്ചരിച്ചുകൊണ്ടിരുന്നു. ദാഹത്താൽ ആർത്തന്മാരായ അവർ കൊടുംകാടുകളിൽ അലഞ്ഞുതിരിഞ്ഞു വഴിതെറുകകൊണ്ടു് വെള്ളംകിട്ടാതെ വിഷമിച്ചു. ജലപാനം ചെയ്തില്ലെങ്കിൽ എല്ലാവരും മരിക്കുകയേ ഉള്ളൂ എന്ന നിലയായി. ഹനുമാൻ ഉന്നതമായ ഒരു ഗിരിശിഖരത്തിൽ കയറി നാലുപുറവും നോക്കി. അവിടെ ഒട്ടകലത്തിൽ ഭൂഗർഭത്തിലേക്കു തുറന്നിരിക്കുന്ന ഒരു ദ്വാരം കാണപ്പെട്ടു. ചക്രവാകങ്ങൾ, കൊററികൾ, അരയന്നങ്ങൾ മുതലായ പക്ഷികൾ ആ ദ്വാരത്തിൽ ചുററിപ്പററിപ്പറക്കുന്നതും ഉള്ളിലേക്കു കടക്കുന്നതും കാണായി. ക്ഷണേന ഗിരിശിഖരത്തിൽനിന്നും ഇറങ്ങി വാനരസംഘത്തെ വിളിച്ചു കൂട്ടിക്കൊണ്ടുപോയി ഹനുമാൻ ആ ഗുഹ കാണിച്ചുകൊടുത്തു. എല്ലാവരും ഹനുമാനെ മുൻ നടത്തി ഉടനെ അതിൽ കടക്കുകയും ചെയ്തു. അധികദൂരം നടന്നുചെന്നു. അവിടെ സുഭഗമായ ഒരു ഉപവനവും വിടർന്ന താമരകൾ വിലസുന്ന ഒരു സരസ്സും കണ്ടു. അടുത്തുതന്നെ ഒരു മനോഹരമന്ദിരത്തിൽ തപസ്വിനിയായ ഒരു സ്ത്രീ ഇരിക്കുന്നുണ്ടായിരുന്നു. വാനരന്മാർ ദൂരത്തുനിന്നു വണങ്ങി ഓരോന്നു ചോദിച്ചശേഷം തങ്ങളുടെ വൈവശ്യവും ആവശ്യവും പറഞ്ഞു. തപസ്വിനി അവരേനോക്കി "നിങ്ങൾ സ്വച്ഛജലം കുടിച്ചു് വിവിധങ്ങളായ സരസമധുരഫലങ്ങളും യഥേഷ്ടം ഭുജിക്കുവിൻ" എന്നു സൽക്കരിച്ചു. അതനുസരിച്ചു് എല്ലാവരും കളിച്ചു കുടിച്ചു ഭുജിച്ചു തൃപ്തരായി വീണ്ടും യോഗിനിയുടെ സമീപത്തിൽ എത്തി യാത്രാവൃത്താന്തങ്ങളെല്ലാം വിസ്തരിച്ചറിയിച്ചു.

യോഗിനിപറഞ്ഞു:—"കപീശ്വരന്മാരേ! ഞാൻ ഭഗവാനായ രഘുരാജനെക്കാണാൻ പോകുന്നു. കണ്ണടച്ചുകൊണ്ടാൽ നിങ്ങൾക്കു ഈ ഗുഹയിൽനിന്നു വെളിയിൽ എത്താം; ഭയപ്പെടേണ്ട. സീതയെ നിങ്ങൾക്കു കണ്ടെത്താൻ സംഗതയാകും."

വാനരവീരന്മാർ കണ്ണടച്ചു തുറന്നപ്പോൾ സമുദ്രതീരത്തിൽ നില്ക്കുന്നതായിട്ടാണു കണ്ടതു്. യോഗിനിയാകട്ടെ ഗുഹാവാസമുപേക്ഷിച്ചു് ഭഗവൽസന്നിധിയിൽ എത്തി തൃപ്പാദപത്മങ്ങൾ വണങ്ങി ഭക്തിപൂർവം സ്തുതിച്ചു. പ്രഭു അവൾക്കു അനപായിനിയായ ഭക്തിയെ പ്രദാനം ചെയ്തു. അനന്തരം ഭഗവാന്റെ കല്പനപ്രകാരം ആ പുണ്യവതി ബദരീകാനനത്തിലെത്തി പരമശിവസേവ്യമായ രാമപാദങ്ങളെത്തന്നെ ധ്യാനിച്ചു വസിച്ചു.

സമുദ്രതീരത്തിലെത്തിയ വാനരന്മാർ, നിശ്ചിതസമയം കഴിഞ്ഞുകൂടി, കാൎയ്യമൊന്നും നിൎവ്വഹിച്ചതുമില്ലല്ലോ എന്നു വ്യസനിച്ചു. സഹോദരന്മാരെ! ദേവിയുടെ വൎത്തമാനം അറിവാൻ സാധിച്ചില്ല. ഇനി എന്താചെയ്യുക? എന്നു തമ്മിൽ തമ്മിൽ വിചാരിച്ചു നില്ക്കേ

അംഗദനബാഷ്പാവിലാക്ഷനായിപ്പറഞ്ഞു. "രണ്ടുപ്രകാരത്തിലും നമുക്കു മരണംതന്നെ ശരണം. ഇവിടെ സീതാവൃത്താന്തം ലഭിക്കാൻ സംഗതിയായില്ല. വെറുംകയ്യായി മടങ്ങിച്ചെന്നാൽ രാജാവു് നിഗ്രഹിക്കാതിരിക്കയുമില്ല. പിതാവുമരിച്ച അവസരത്തിൽതന്നെ സുഗ്രീവൻ എന്നെ കഥാവശേഷനാക്കുമായിരുന്നു. രാമചന്ദ്രൻരക്ഷിക്കയാൽ അതിനു സംഗതിയായില്ലെന്നേഉള്ളു. ഉദ്ദിഷ്ടകാൎയ്യത്തിൽ ഇപ്പോൾ നമുക്കു പററിയ പരാജയം മരണഹേതുവാണെന്നുള്ളതിനു സംശയമില്ല." ഇങ്ങനെ അംഗദൻ ആവൎത്തിച്ചു പറഞ്ഞു. കപികൾ ഒരക്ഷരം ശബ്ദിക്കാൻ ശക്തരാകാതെ കണ്ണുനീർ വാൎത്തുവാൎത്തുനിന്നു. ക്ഷണനേരത്തേക്കു ശോകസ്തബ്ധരായശേഷം ഒരന്ധനിശ്ചയത്തോടേ അംഗദനേ നോക്കി"അഭിജ്ഞനായ യുവരാജവേ! സീതാവൃത്താന്തം അറിയാതെ നമുക്കു മടങ്ങിപ്പോകയേവേണ്ട" എന്നുപറഞ്ഞു; എല്ലാവരും സമുദ്രതീരത്തിൽ എത്തി ദർഭവിരിച്ചു് അതിന്മേൽ ഇരിപ്പായി. അനന്തരകരണീയങ്ങളെല്ലാംദൈവത്തിൽസമൎപ്പിച്ചു മരിക്കുവാൻ ഒരുക്കമായി. അംഗദന്റെ ദുഃഖം കണ്ടു ജാംബവാൻ സ്നേഹപൂൎവ്വം അഭിസംബോധനംചെയ്തു് ഉചിതോപചാരപുരസ്സരം പറഞ്ഞു. "വത്സാ! രാമനെ ഒരു മനുഷ്യനായിക്കരുതരുതു്. അജാതനും അജനുമായ നിൎഗ്ഗുണബ്രഹ്മസ്വരൂപനാണു് അദ്ദേഹം. സേവകരായ നമുക്കെല്ലാം സഗുണാവസ്ഥയെ അംഗീകരിച്ചവതരിച്ചിരിക്കുന്ന രഘുരാജനിൽ അനുരാഗമുണ്ടായതു മഹാഭാഗ്യമെന്നേ പറയേണ്ടു. ദേവദ്വിജഗോരക്ഷണത്തിനും ഭൂഭാരഹരണത്തിനുമായി സ്വച്ഛന്ദം അവതാരമെടുത്തു സ്വൎഗ്ഗീയസുഖങ്ങളെല്ലാം ഉപേക്ഷിച്ചു്, സ്വഭക്തന്മാരുടെ ഇടയിൽ മനുഷ്യരൂപത്തിൽ വൎത്തിക്കുന്നയാളാണു്."

ഭഗവന്മഹിമകളെ ജാംബവാൻ ഇപ്രകാരം വളരെനേരം വൎണ്ണിച്ചുകൊണ്ടിരുന്നു. ആ പൎവ്വതത്തിന്റെ ഗുഹയിൽ വസിച്ചിരുന്ന സമ്പാതി എന്ന മഹാപക്ഷി, ശബ്ദംകേട്ടു വെളിയിൽവന്നു. ഒട്ടധികം കുരങ്ങന്മാർ നിരനിരയായിരിക്കുന്നതു നോക്കി സന്തോഷിച്ചു പറകയായി. "ദൈവം എനിക്കിതാ ആഹാരസാധനം വിളമ്പിയിരിക്കുന്നു. നിശ്ശേഷം ഞാനിപ്പോൾ തിന്നുതീൎക്കുന്നുണ്ടു്. വളരെ നാളായി ഭക്ഷണം ഇല്ലാതെ ഞാൻ മരിക്കാറായിരിക്കുന്നു. ഇതുവരെ വയറുനിറയെ ഭക്ഷിച്ചു തൃപ്തിപ്പെടാൻ എനിക്കു സംഗതിയായില്ല. എന്നാൽ ഇത്തവണ വേണ്ടപോലെ ദൈവം അനുഗ്രഹിച്ചു."

കുരങ്ങന്മാർ ഈ വാക്കുകൾകേട്ടു സംഭ്രമിച്ചു. "ഇന്നു നമുക്കു മരിക്കണം എന്ന വാക്കു് ഇതാ സത്യമാകാറായി," എന്നുപറഞ്ഞു. സമ്പാതിയെ കണ്ടമാത്രയിൽ എല്ലാവരും എഴുന്നേററു. ജാംബവാന്റെ ഹൃദയത്തിൽ വിശേഷിച്ചും ദുഃഖമുണ്ടായി. അംഗദൻ അല്പസമയം ചിന്തിച്ചശേഷം പറകയാണു്, "ജടായു മഹാഭാഗ്യവാൻ!

രാമചന്ദ്രനുവേണ്ടി ദേഹത്യാഗം ചെയ്തു. അവനെപ്പോലെ ധന്യന്മാരില്ല. ഹരിപദം പ്രാപിക്കാനല്ലേ അവനു സംഗതിയായതു്. പരമാനുഗ്രഹം!" ഹർഷശോകങ്ങൾ ഇടകലന്ന ഈ വചനം കേട്ടു് ഉൾക്കലികാകുലനായ സമ്പാതി മെല്ലെ മെല്ലെ വാനരന്മാരുടെ സമീപത്തിലേക്കു നടന്നു. അപ്പോഴേക്കു കുരങ്ങന്മാർ ഓട്ടം പിടിക്കാനുള്ള ഒരുക്കമായി. താൻ അവരെ ഉപദ്രവിക്കയില്ലെന്നു ശപഥം ചെയ്തു ധൈര്യപ്പെടുത്തിയശേഷം ജടായുചരിതം സവിസ്തരം തന്നെ കേൾപ്പിക്കണമെന്നാവശ്യപ്പെട്ടു. അവർ ആ കഥകളെല്ലാം നിവേദിപ്പിക്കവേ സമ്പാതി രഘുപതിയുടെ മഹിമയെ പലവുരുവു കീത്തിച്ചു.

"ഹേ കപീശ്വരന്മാരേ! അനുജനായ ആ സുകൃതിക്കു തിലാഞ്ജലി നൽകുവാൻ നിങ്ങൾ എന്നെ എടുത്തു സമുദ്രതീരത്തുവയ്ക്കുവിൻ! ആരേയാണോ നിങ്ങൾ അന്വേഷിക്കുന്നതു് ആ ദേവി എൻെറ വാക്സഹായത്താൽ നിങ്ങൾക്കു ലബ്ധയാകും." ഈ നിർദ്ദേശപ്രകാരം സമ്പാതി സമുദ്രതീരത്തിൽ ആനയിക്കപ്പെടുകയും അനുജൻെറ പൈതൃകക്രിയകളെല്ലാം നിർവഹിക്കുകയും ചെയ്തു. ഉടനെ തൻെറ പൂർവ്വചരിത്രത്തെ ആ പക്ഷിശ്രേഷ്ഠൻ പറഞ്ഞു. "കപീശ്വരന്മാരേ! ഞാനും അനുജനുമായി യൗവ്വനകാലത്തിൽ സൂര്യന് അഭിമുഖമാംവണ്ണം ആകാശത്തിലേക്കു പറന്നു. ഒട്ടൊട്ടടുത്തപ്പോൾ രശ്മികളുടെ ദീപ്തി സഹിക്കാൻ ശക്തനാകാതെ അനുജൻ പിൻതിരിഞ്ഞു. അഭിമാനിയായ ഞാൻ ചൂടു കൂട്ടാക്കാതെ മുന്നോട്ടു തന്നെ പറക്കുകയാൽ അപാരമായ രവിതേജസ്സേററു് ചിറകുകൾ കരിഞ്ഞുപോയി. ഘോരമായ നിലവിളിയോടുകൂടെ ഞാൻ ഭൂമിയിൽ ചന്ദ്രമസ്സ് എന്നുപേരായ ഒരു മഹർഷിയുടെ ആശ്രമപരിസരത്തിൽ വീണു. അദ്ദേഹം ആ ദീനാവസ്ഥ നോക്കി കരുണയൂറി ജ്ഞാനോപദേശങ്ങളാൽ എൻെറ അഭിമാനത്തെ ശമിപ്പിച്ചു. ത്രേതായുഗത്തിൽ ജഗദീശനായ ഭഗവാൻ ഭൂമിയിൽ മനുഷ്യാവതാരമെടുക്കുന്ന കാലത്തു് അദ്ദേഹത്തിൻെറ ദേവിയെ രാക്ഷസരാജാവു കട്ടുകൊണ്ടുപോകുമെന്നും അന്വേഷണത്തിനായി അയയ്ക്കുന്ന ദൂതന്മാരോടു് സമാഗമത്തിനു സംഗതിയാകുമ്പോൾ ഞാൻ പരിശുദ്ധനാകുമെന്നും അവക്കു സീതയെ കാണിച്ചുകൊടുക്കുന്ന നിമിഷത്തിൽ എനിക്കു ചിറകു മുളയ്ക്കുമെന്നും അരുളചെയ്തു. മഹർഷിയുടെ പ്രവചനം എത്ര പരമാർത്ഥമെന്നു നോക്കുക. ഇതാ! പുതുച്ചിറകുകൾ മുളച്ചു വളന്നുകഴിഞ്ഞു. ഇനി നിങ്ങൾ ഞാൻ പറയുന്നതനുസരിച്ചു പ്രവത്തിച്ചാൽ പ്രഭുകാര്യത്തെ നിർവ്വഹിക്കാം. ത്രികൂടപർവ്വതത്തിൻെറ മുകളിൽ കെട്ടി ഉറപ്പിച്ചിട്ടുള്ള ലങ്കാനഗരത്തിൽ രാക്ഷസരാജാവായ രാവണൻ നിർഭയം താമസിക്കുന്നു. അവിടെ രാജധാനിക്കടുത്തു

ളള അശോകവനത്തിൽ സീതാദേവി ദുഃഖവിഹ്വലയായി വസി ക്കുന്നു.

നിങ്ങൾക്കു കാണാൻ കഴിയുന്നില്ലെങ്കിലും എനിക്കു ദേവിയെ കാണാം. ഗൃദ്ധ്രദൃഷ്ടിക്കു വളരെ ദൂരം വ്യാപ്തിയുണ്ടെന്നു പ്രസിദ്ധമല്ലേ? ഞാൻ ഇപ്പോൾ വൃദ്ധനായിപ്പോയി. ആയില്ലെങ്കിൽ വല്ല സഹായവും നിങ്ങൾക്കു ചെയ്യാമായിരുന്നു. നൂറുയോജന വിസ്താരമുള്ള ഈ സമുദ്രത്തേ ചാടിക്കടക്കാൻ നിങ്ങളിൽ ആൎക്കെങ്കിലും സാമൎത്ഥ്യമുണ്ടായാൽ രാമകാൎയ്യം നിഷ്പ്രയാസം സാധിക്കാം. രാമചന്ദ്രനുവേണ്ടി പ്രയത്നിക്കുവാൻ സംഗതിവരുന്നവർ ഭാഗ്യശാലികളാണ്. ഇതാ എന്നേനോക്കി ധൈൎയ്യപ്പെട്ടുവിൻ. രാമകൃപയാൽ എന്റെ ശരീരം പൂൎവ്വസ്ഥിതിയെ പ്രാപിച്ചിരിക്കുന്നു. എത്ര പാപിയായാലും രാമനെ സ്മരിച്ചാൽ അപാരമായ ഭവസാഗരത്തെ തരണംചെയ്വാൻ അവനു കഴിവുണ്ടാകും. നിങ്ങൾ അദ്ദേഹത്തിന്റെ ദൂതന്മാരാണല്ലോ. ലേശവും ഭയപ്പെടാതെ രാമജപത്തെ ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ട് ഉപായങ്ങളാലോചിക്കുവിൻ.''

സമ്പാതി പറന്നുമറഞ്ഞു. വാനരന്മാരുടെ ഹൃദയം വിസ്മയാകുലമായിച്ചമഞ്ഞു. എല്ലാവരും അവനവന്റെ ബലവേഗങ്ങളെപ്പറഞ്ഞു. എന്നാൽ മറുകര ചാടിയെത്താമെന്നു ആരും ധൈൎയ്യപ്പെട്ടില്ല. ജാംബവാൻ പറകയാണു: കൂട്ടരെ! ഞാൻ ഇപ്പോൾ വൃദ്ധനായിത്തീൎന്നിരിക്കുന്നു. യൗവ്വനത്തിൽ എനിക്കുണ്ടായിരുന്ന ബലവേഗങ്ങളുടെ കണികപോലും ഇപ്പോൾ ശരീരത്തിലില്ല. ഖരാരി ത്രിവിക്രമരൂപമെടുത്തകാലത്തു ഞാൻ ചെറുപ്പം; ബലവീൎയ്യങ്ങളും അന്നു ധാരാളം. മഹാബലിയെ ബന്ധിച്ച അവസരത്തിൽ പ്രഭു അവൎണ്ണ്യമഹാകായമായ വിശ്വരൂപം ധരിച്ചു. അന്നു ഞാൻ ഒരുമുഹൂൎത്തംകൊണ്ട് അദ്ദേഹത്തിന് ഏഴുപ്രദക്ഷിണം വെയ്ക്കയുണ്ടായിട്ടുണ്ടു. അംഗദൻ പറഞ്ഞു: "ചാടിയാൽ അക്കരെപറ്റുമെന്നു എനിക്കുറപ്പുണ്ട്. പക്ഷേ തിരിച്ചുപോരുന്ന കാൎയ്യമാണു സംശയം." ജാംബവാൻ മദ്ധ്യേ തട്ടുത്ത്, "യുവരാജാവേ! താങ്കൾക്കു സാമൎത്ഥ്യംപോരാഴ്കയില്ല. എന്നാൽ നായകനെ അതിനുലക്കു പ്രേരിപ്പിക്കുന്നതു ഞങ്ങൾക്കു യുക്തമല്ല. ഹേ വായുപുത്ര! വീൎയ്യശാലിയായ നീ എന്താണു മൗനംദീക്ഷിച്ചതു്. നീ വായുവിന്റെ പുത്രൻ. വായുവിനെപ്പോലെതന്നെ ബലവേഗങ്ങളുള്ളവൻ. വിവേകവിജ്ഞാനനിധാനം. വത്സാ! നിന്നാൽ സാദ്ധ്യമല്ലാത്ത കാൎയ്യം ഈ ലോകത്തെന്താണുള്ളതു്? രാമകാൎയ്യാൎത്ഥമായിട്ടാണല്ലോ നീ അവതരിച്ചതും.

ഈവക ശസ്തുതിവാക്യങ്ങളേ പുനസ്മരിച്ച് ജാംബവാൻ ഹനുമാന്റെ ഉത്ഭവചരിത്രത്തേ വിസ്തരിച്ചു. കശ്യപമുനിഷിയുടെനേൎക്കു ധ്വംസിക്കാനായിഅടുത്ത കൊമ്പനാനയേ കേസരിയെന്ന കപിശ്രേഷ്ഠൻ

നിഗ്രഹിക്കയാൽ സന്തുഷ്ടനായ മഹർഷിയുടെ വരപ്രഭാവത്താൽ ജനിച്ച മകനാണ് ഹനുമാൻ എന്നും ശൈശവത്തിൽത്തന്നെ സൂര്യബിംബത്തെ ഗ്രസിക്കാനായി ഉല്പതിച്ച വീര്യശാലിയാണെന്നും മററുമുള്ളമാഹാത്മ്യങ്ങളെവർണ്ണിച്ചു. കേട്ടിരുന്ന കപിസംഘങ്ങൾ ജയജയശബ്ദം ഉൽഘോഷിച്ചു. ഹനുമാൻ ഈസ്തുതിപാഠങ്ങൾകേട്ടു പർവ്വതാകാരനായി വീർത്തു്, ഉജ്ജ്വലതേജസ്സു വിളങ്ങി സ്വർണ്ണവർണ്ണത്തിലായി കാണപ്പെട്ടു. മറെറാരു മഹാമേരുവോ എന്നു കാണികൾക്കു ശങ്കയുണ്ടായി. തുടരെത്തുടരെ സിംഹനാദങ്ങൾ മുഴക്കി "ഞാൻ ലവണജലധി ചാടിക്കടന്നു രാവണനേ സസൈനികം നിഗ്രഹിച്ച് ത്രികൂടത്തെ അടിയോടേ പൊക്കിയെടുത്തുകൊണ്ടുപോരാം. എന്നാൽ ഹേ ജാംബവൽപൂജ്യപാദ! എന്തൊക്കെയാണു ചെയ്യേണ്ടതെന്നുള്ളതിനു ഉചിതമായ ഉപദേശം തരിക" എന്നു ഗർജ്ജിച്ചു.

വായുപുത്ര! നീ ചെയ്യേണ്ടതു മറെറാന്നുമില്ല. അവിടെപ്പോയി ദേവിയെക്കണ്ടു വർത്തമാനം അറിഞ്ഞു വരണം. ഉടനെ രഘുരാജൻ കേവലം ഒരു പ്രദർശനത്തിനായി മാത്രം വാനരസൈന്യത്തേയും ചേർത്തു ചെന്ന് ഭുജബലത്താൽ രാക്ഷസരേ നിഗ്രഹിച്ച് ദേവിയെ വീണ്ടുകൊള്ളും. അതുവഴി ത്രൈലോക്യവിഖ്യാതമായി വിളങ്ങുന്ന രാമയശസ്സിനെ ദേവന്മാരും നാരദാദിമുനിമാരും ഗാനം ചെയ്യും.

രഘുവരപാദപാഥോജങ്ങളിൽ എപ്പോഴും ചുററിപ്പററി പറക്കുന്ന മധുകരമായ ഈ ദാസൻ, തുളസീദാസൻ എപ്പോഴും ഗാനംചെയ്യുന്ന രാമചരിതത്തേ കേൾക്കയോ പാടുകയോ പറകയോ സ്മരിക്കയോ ചെയ്യുന്ന പുണ്യവാൻ പരമപദത്തെ ലഭിക്കുന്നു. ഭവഭേഷജമായ രാമയശസ്സിനെ സ്ത്രീയോ പുരുഷനോ പാഠം ചെയ്താൽ അവരുടെ സകലമനോരഥങ്ങളും ത്രിപുരാരി സാധിച്ചു കൊടുക്കുന്നു. ഹേ സുജനങ്ങളെ! നിങ്ങൾ നീലോൽപലശ്യാമളനും കോടിമന്മഥസുഭഗനും പാപപക്ഷികൾക്കു ലുബ്ധകനുമായ ആ ദേവൻെറ ഗുണഗ്രാമങ്ങളെ കേട്ടു സുഖിക്കുവിൻ!.

കിഷ്കിന്ധാകാണ്ഡം സമാപ്തം

# തുളസീദാസരാമായണം.

---

## സുന്ദരകാണ്ഡം.

---

ഹരിഃ ശ്രീ ഗണപതയെനമഃ
അവിഘ്നമസ്തു.

നിത്യശാന്തനും ആരാലും അറിയപ്പെടാതെ പാപസംബന്ധമില്ലാതെ വിളങ്ങുന്നവനും ദേവന്മാരുടെ ഗുരുവും, സമാധാനരക്ഷകനും ശാശ്വതനും ആയ, മായാമാനുഷരൂപം ധരിച്ച വിഷ്ണുഭഗവാനെ-ബ്രഹ്മേശശേഷന്മാരാൽ സർവ്വദാസേവ്യനായും വേദാന്തവേദ്യനായും വിളങ്ങുന്ന വിഭുവായ ജഗദീശ്വരനെ—രാജചൂഡാമണിയും രഘുകുലോത്തംസവുമായ കരുണാകരൻ രാമചന്ദ്രനെ—ഞാൻ വന്ദിക്കുന്നു.

ഹേ രഘുരാജ! എന്റെ ഹൃദയത്തിൽ മറ്റൊരാശയില്ല; സത്യം ഞാൻ പറയുന്നു അങ്ങ് സർവ്വാന്തര്യാമിയാണല്ലോ. എനിക്ക് അനപായിനി ആയ ഭക്തിയെ ദാനംചെയ്യണം, മനസ്സിനെ കാമാദിദോഷങ്ങളിൽനിന്നു വിമുക്തമാക്കുകയും വേണം.

തുലയില്ലാത്ത വിക്രമത്തിന് ഇരിപ്പിടവും സ്വർണ്ണശൈലാഭദേഹനുമായ രഘുവരദൂതൻ, അസുരവനദാവാഗ്നിയും ജ്ഞാനികളിൽ അഗ്രഗണ്യനും സകലഗുണനിലയവുമായ വാനരരാജൻ വായുപുത്രനും എന്റെ നമസ്കാരത്തിനു വിഷയീഭവിക്കട്ടെ.

ജാംബവാന്റെ ധന്യവാദങ്ങളാൽ സന്തുഷ്ടനായ ഹനുമാൻ സഹചരന്മാരെ നോക്കി "സഖാക്കളേ! കന്ദഫലമൂലങ്ങൾ ഉപജീവിച്ചു വസിക്കുന്നതിലുള്ള അസ്വാസ്ഥ്യം എത്ര ദുസ്സഹമായാലും ഞാൻ ദേവിയെക്കണ്ടുതിരിച്ചുവരുംവരെ നിങ്ങൾ കാത്തിരിക്കുവിൻ! എനിക്കു വിശേഷിച്ചും മനഃസന്തോഷമുള്ളൊരാരംഭമാണിതു്" എന്നു പറഞ്ഞു. അനന്തരം രാമദേവനെ ഹൃദയപീഠത്തിൽ എഴുന്നള്ളിരുത്തി ആരാധിച്ചുകൊണ്ടു്, മുൻപോട്ടുനടന്നു. കടൽക്കരയിൽഉണ്ടായിരുന്ന ഉന്നതമായ പർവ്വതത്തിന്മേൽ കൌതുകത്തോടേകയറി നിന്ന് രഘുവരസ്മരണ വിടാതെ ഉത്തരക്ഷണത്തിൽ ചുവടുറപ്പിച്ചു സർവ്വബലവും പ്രയോഗിച്ചു കുതിച്ചു് പാരതീരത്തെ ലക്ഷ്യമാക്കിച്ചാടി. പാദാഘാതശക്തിയാൽ പർവ്വതംപാതാളത്തോളം താഴ്ന്നുപോയി. ഹനുമാനാകട്ടെ അന്തരിക്ഷത്തിലൂടെ രാമബാണംപോലെ പാഞ്ഞുപോയി. ഭഗവാനിലുള്ള ആദരാതിശയത്താൽ സമുദ്രംമൈനാകത്തെ വിളിച്ചു് ദൂതനായഹനു

മാൻെറ ശ്രമശാന്തിക്കു് ഉയൎന്നുകൊടുക്കാൻ ആജ്ഞാപിച്ചു. എന്നാൽ ഹനുമാൻ ആ സൽക്കാരത്തെ സ്വീകരിച്ചില്ല. കരാഗ്രത്താൽപൎവ്വതത്തെ തലോടി വണങ്ങിയശേഷം രാമകാൎയ്യം സാധിച്ചല്ലാതെ തനിക്കു വിശ്രമിക്കാൻ അവസരമില്ലെന്നുപറഞ്ഞു.

ഈ അവസരത്തിൽ ഹനുമാൻെറ ബലവേഗങ്ങളെ ഒന്നു പരീക്ഷിക്കണമെന്നു ദേവന്മാൎക്കു തോന്നി. അതിലേക്കു നാഗമാതാവായ സുരസയെ അവർ പറഞ്ഞയച്ചു. അവൾ അന്തരിക്ഷത്തിലെത്തി നിന്നുകൊണ്ടു്, "ദൈവം ഇന്നെനിക്കൊരു ഭക്ഷണം സൽക്കരിച്ചിരിക്കുന്നു" എന്നുപറഞ്ഞു തടഞ്ഞു. 'അമ്മേ! അല്പം ക്ഷമിക്കുക! ഞാൻ രാമചന്ദ്രൻെറ ദൌത്യം നിൎവ്വഹിച്ചു് തിരിച്ചുപോയി സീതാവൃത്താന്തമറിയിച്ചുകഴിഞ്ഞാൽ ഭവതിയുടെ വായിൽ വന്നു വീണു കൊള്ളാം; പരമാൎത്ഥമാണു പറയുന്നതു്. ഇപ്പോൾ എന്നെ വിട്ടയക്കണേ" എന്നപേക്ഷിച്ചു.

സുരസ അതിലേക്കു് അനുവദിക്കയില്ലെന്നായി. ഹനുമാൻ സ്വശരീരത്തെ വൎദ്ധിപ്പിച്ചിട്ടു് 'ഭദ്രേ! ഭവതിക്കു് എന്നെ വിഴുങ്ങാൻ വായില്ല' എന്നു പറഞ്ഞു. ക്ഷണേന അവൾ ഒരുയോജനവിസ്താരത്തിൽ വായ് പിളൎന്നു. അതിൽ ഇരട്ടിവണ്ണമായി ഹനുമാൻ. ഉടനെ വായുടെ വിസ്താരം പതിനാറുയോജനയായി അവൾ വൎദ്ധിപ്പിച്ചു. രാമദൂതൻ അതിലിരട്ടി ശരീരപുഷ്ടിയെ പ്രകടീകരിച്ചു. ഇങ്ങനെ ഉത്തരോത്തരം അവൾ വക്ത്രഗഹ്വരത്തെ വിസ്തരിക്കയും ഹനുമാൻ സ്വശരീരത്തെ ഇരട്ടിയിരട്ടി വൎദ്ധിപ്പിക്കുകയും ചെയ്തു. ഒടുവിൽ വായുടെവിസ്താരം നൂറുയോജനയായിക്കണ്ടപ്പോൾ വായുപുത്രൻ കൃശശരീരനായി അതിൽ ചാടിവീണു; ക്ഷണാന്തരേ വെളിയിൽവന്നു വണങ്ങി യാത്രയ്ക്കനുവാദം ചോദിക്കയായി. സുരസ വിസ്മയിച്ചുപോയി. 'പുത്രാ! നിൻെറ ബുദ്ധിയും ബലവും പരീക്ഷിക്കാൻ ദേവന്മാർ അയച്ചാണു ഞാൻ വന്നതു്. ഇപ്പോൾ ബോദ്ധ്യമായി നീ വിവേകവിക്രമങ്ങൾക്കു പരമമായ നിധാനംതന്നെയാണു്. ഇനി പോയി രാമകാൎയ്യം നിൎവിഘ്നം സാധിക്കുക' എന്നനുവദിച്ചു് അനുഗ്രഹവചസ്സുകളും ഉച്ചരിച്ചശേഷം അവൾമറഞ്ഞു. ഹനുമാൻ ഹൎഷിതനായി യാത്രതുടൎന്നുപോകവേ ഗതിവേഗം ആരോ നിരോധിച്ചതായിതോന്നി. ആകാശത്തുക്കൂടി പറന്നുപോകുന്ന പക്ഷികളെ മായാവിദ്യയാൽ പിടിച്ചു ഭക്ഷിക്ക ശീലമായിരുന്ന ഒരു രാക്ഷസി ആ സമുദ്രത്തിൽ വസിച്ചിരുന്നു. വെള്ളത്തിൽ നിഴൽകണ്ടാൽ അതിൽപിടിച്ചു് ആജന്തുവിനെനിറുത്തി കൈവശപ്പെടുത്തുന്നതിനുള്ള ശക്തി അവൾക്കുണ്ടായിരുന്നു. ഇങ്ങനെ ആകാശചാരികളായ പക്ഷികളെ കൊന്നു തിന്നാൻ ധാരാളം അവൾക്കു സൗകൎയ്യം ലഭിച്ചു. ഈ സമ്പ്രദായം ഹനുമാനോടും അവൾ പ്രയോഗിക്കാതിരുന്നില്ല.

വീരനായ ഹനൂമാൻ അവളുടെ കപടതന്ത്രം നോക്കി ക്ഷണേന അവളെ കാലപുരത്തേക്കു യാത്രയാക്കി. നിർബാധമായി അപരതീരത്തിൽ എത്തിച്ചേരുകയും ചെയ്തു.

അവിടെ മോഹനങ്ങളായ ചില പൂങ്കാവനങ്ങൾ കണ്ടു. മകരന്ദമിച്ഛിച്ചു ചുററുപുററ പ്പാടിപ്പറക്കുന്ന മധുകരങ്ങളും ഫലപുഷ്പങ്ങളാൽ പ്രശോഭിതങ്ങളായ പലജാതിമരങ്ങളും മനോഹരങ്ങളായ ഖഗമൃഗങ്ങളും വനശോഭയെ വർദ്ധിപ്പിച്ചു. വിദൂരത്തിൽ വിശാലമായ ഒരു ശൈലം കാണായി. നിർഭയം ഹനൂമാൻ അതിന്റെ മുകളിൽ കടന്നു കയറി നിന്നു്, "ഹേ ഭവാനി! ഇതെല്ലാം ആ കുരങ്ങിന്റെ സാമർത്ഥ്യമാണെന്നു കരുതരുതേ. കാലനേപ്പോലും ഗ്രസിക്കാൻ ശക്തിയുള്ള കരുണാലയപ്രഭുവിന്റെ അനുഗ്രഹമാണെന്നു ധരിച്ചുകൊൾക.

പർവ്വതശിഖരത്തിൽ അധിരോഹിച്ചു ഹനൂമാൻ അതിവിശിഷ്ടദുർഗ്ഗമായ ലങ്കാനഗരത്തെ ഉജ്ജ്വലപ്രഭവീശുന്ന കനകമതിലുകളാൽ ചുററപ്പെട്ടു് നാലുപുറത്തും അത്യഗാധമായ സമുദ്രം അലയടിക്കുന്നതായി കണ്ടു. സുവർണ്ണഭിത്തികളിൽ വിവിധരത്നങ്ങൾ അത്ര മനോഹരമായ വിധത്തിൽ അമൎത്തി അലങ്കരിച്ചിരിക്കുന്നു. അനവധി ചന്തസ്ഥലങ്ങൾ, ആപണങ്ങൾ, ഹർമ്മ്യപംക്തികൾ, രമ്യഘോടങ്ങൾ, തെരുവീഥികൾ, എന്നുവേണ്ട, രുചിരമായ ഒരു നഗരത്തിനു വേണ്ട സകല സുഖസൗകര്യ സാമഗ്രികളും പരിപൂർണ്ണമായി അവിടെ വിളങ്ങുന്നു. ഗജതുരഗങ്ങൾ, കോവർകഴുതകൾ, പദാതികൾ, രഥങ്ങൾ ഇവയുടെ സംഖ്യ ആൎക്കും പരിഗണിക്കാവതല്ല. ബഹുരൂപന്മാരായ രാക്ഷസന്മാരുടെ ഭയങ്കരസംഘം അവർണ്ണ്യമായവിധത്തിൽ കാണപ്പെടുന്നു. വനങ്ങൾ, തോട്ടങ്ങൾ, ഉപവനങ്ങൾ, വാടികൾ, സരസ്സുകൾ, കൂപവാപികൾ ഇവ സർവ്വത്ര ശോഭനങ്ങളായി വിളങ്ങുന്നു. അവിടവിടെ പരിലസിക്കുന്ന നരനാഗസുരഗന്ധർവ്വകന്യകമാരുടെ സൗന്ദര്യം കണ്ടാൽ മനോനിഗ്രഹംചെയ്ത മഹർഷിമാർപോലും മോഹിച്ചുപോകും. മലപോലെ തടിച്ചു മദച്ച മല്ലവീരന്മാർ ഇടിപോലെ ഗർജ്ജിച്ചുകൊണ്ടു്, പല യുദ്ധാരംഗങ്ങളിൽ അന്യോന്യം തർജ്ജനത്തോടെ മത്സരിക്കുന്നു. വംകടവിപുലശരീരം ധരിച്ച നിരവധി രാക്ഷസയോധന്മാർ പട്ടണത്തെ പരിരക്ഷിച്ചു. നാലുദിക്കിലും ജാഗരൂകന്മാരായി നിൽക്കുന്ന ചില ഭയങ്കരന്മാർ പോത്തിന്റെ, മനുഷ്യന്റെ, പശു കഴുത ആടു് ഇവയുടെ, എല്ലാം മാംസം ഭക്ഷിച്ചുകൊണ്ടിരിക്കുന്നു. തുളസി ഈ ദുഷ്ടന്മാരുടെ കഥ സംക്ഷേപിച്ചെങ്കിലും ഇവിടെ ഉപന്യസിച്ചതു് ഇവരെല്ലാവരും രഘുപതിയുടെ ശരതീർത്ഥത്തിൽ

തൻത്യാഗം ചെയ്തു ഗതിയടയേണ്ടവരാണെന്നുള്ള ശ്രേഷ്ഠത്വം വിചാരിച്ചാണ്.

ഹനൂമാൻ നിന്നിമേഷം നോക്കി നിൽക്കുന്ന നിരവധി പുരരക്ഷികളെക്കണ്ടിട്ട് രാത്രിയിൽ കൃശശരീരനായി ഉള്ളിലേക്കു നുഴയാമെന്നു നിശ്ചയിച്ചു. ഇരുളടഞ്ഞു കഴിഞ്ഞപ്പോൾ മശകരൂപം ധരിച്ച് നരഹരിയെ—രഘുപതിയെ—ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ടു ലങ്കയിൽ പ്രവേശിച്ചു. "ആരെടാ എന്നെ വകവെയ്ക്കാതെ കടന്നു കേറിയവൻ" എന്ന് അലറി ലംകിനി എന്ന രാക്ഷസി എതിർത്തു. "മൂഢ! ലംകയിൽ കടന്ന കള്ളന്മാർ ഏവരും എനിക്കാഹാരമാണെന്നുള്ള വസ്തുത നീ അറിഞ്ഞില്ലയോ?"

ഹനുമാൻ മുഷ്ടിചുരുട്ടി ഒരൊററ പ്രഹരം ഏല്പിച്ചു രാക്ഷസി ചോര വമിച്ചു തളർന്നു കുഴഞ്ഞു നിലത്തുവീണു. ഒരുവിധത്തിൽ പിടച്ചിട്ടെഴുന്നേററുനിന്ന് ഭയപ്പാടോടെ കൈകൾ കൂപ്പിപ്പറകയായി. കപീന്ദ്ര! ഞാൻ കൃതാർത്ഥയായി ബ്രഹ്മദേവൻ രാവണൻെറ പ്രാർത്ഥനയനുസരിച്ച് ലംകാരക്ഷണത്തിന് എന്നെനിയോഗിച്ചപ്പോൾ ഒരു മുന്നറിവു തന്നിട്ടുണ്ട്: ത്രേതായുഗത്തിൽ വിഷ്ണ്വവതാരമൂർത്തിയായ രാമചന്ദ്രൻെറ പത്നിയെ രാവണൻ അപഹരിച്ചു ലങ്കയിൽ കൊണ്ടുപോയി പാർപ്പിക്കുന്ന കാലത്ത് അന്വേഷിച്ചു വരുന്ന രാമദൂതനായ ഒരു വാനരൻ എന്നെ പ്രഹരിക്കാൻ സംഗതി വരുമ്പോൾ രാക്ഷസസംഹാരകാലമായി എന്നറിഞ്ഞുകൊൾക എന്ന് അവിടുന്നരുളിച്ചെയ്തിട്ടുണ്ട്. വത്സ! എൻെറ അളവററ പുണ്യംകൊണ്ടത്രെ ഭഗവത്ഭക്തനായ ഒരു സജ്ജനത്തെ കാണ്മാൻ ഇപ്പോൾ എനിക്കു യോഗം വന്നത്. സ്വർഗാപവർഗ്ഗസുഖങ്ങളെ ഒരു ത്രാസിൽ വച്ചാൽ അതിനെ കവിഞ്ഞു തൂങ്ങുന്നതിന് മറെറത്രാസിൽ സൽസംഗസുഖത്തിൻെറ ഒരംശംവച്ചാൽ മതിയാകും.

വത്സ! കോസലേശനെ ധ്യാനിച്ചുകൊണ്ട് ഇനി ഉള്ളിൽ കടന്നു സർവകാര്യങ്ങളും നിർവിഘ്നം സാധിച്ചുകൊൾക! രാമൻെറ കൃപാകണികലഭിക്കാൻ ഭാഗ്യമെത്തുന്നവന്ന് വിഷമമൃതായും ശത്രു ബന്ധുവായും ഭവിക്കും. കടൽ കാറകാൽകുളമ്പു വെള്ളം പോലെ ചെറുതാകും. അഗ്നി ശീതളമാകും. വമ്പിച്ചമഹാമേരു വെറും ഒരു മണൽത്തരി ആയിത്തീരും."

ഇങ്ങനെ നിർദ്ദേശിച്ചിട്ട് ലംകിനി ഒഴിഞ്ഞുപോയി. ഹനുമാൻ ഭഗവദ്ധ്യാനപുരസ്സരം താൻ അംഗീകരിച്ചിരുന്ന ലഘുരൂപത്തിൽത്തന്നെ ഉള്ളിലേക്കുകടന്നു. മന്ദിരംപ്രതി പരിശോധന നടത്തി ചുററി സഞ്ചരിക്കവേ, സർവത്ര ആയുധപാണികളായ യോധന്മാർ നിൽക്കുന്നതുകണ്ടു. അതിനിടയ്ക്കു രാവണൻെറ കൊട്ടാരം വാചാമഗോചരമായ ശില്പവൈചിത്ര്യത്തോടെ വിളങ്ങു

ണ്ടായിരുന്നു. ഹനൂമാൻ അതിൽ കടന്നു പരിശോധിച്ചു. പള്ളിയറയിലെ ചപ്രമഞ്ചത്തിൽ രാക്ഷസരാജാവു നിദ്രചെയ്യുന്നു. സീതാദേവിയെന്ന് ഊഹിക്കത്തക്ക വിധത്തിൽപോലും ആരേയും ആ മുറിയിൽ കണ്ടില്ല. അടുത്തുതന്നെ അത്യുന്നതായതമായ കുംഭകൎണ്ണമന്ദിരം കാണപ്പെട്ടു. എന്തുചെയ്താലുമുണരാത്ത വിധത്തിൽ വിപുലകായനായ ഒരു മഹാരാക്ഷസൻ അതിൽ നിദ്രചെയ്യുന്നു. ദേവിയെ അവിടെയും കാണായ്കയാൽ ഹനൂമാൻ വ്യഥിതനായി. "ഹാ ദൈവമേ! കാൎയ്യം സാധിക്കാതെ ചെന്നു ഭഗവന്മുഖത്തെ ഞാൻ ദൎശിക്കുന്നതെങ്ങനെ? കപികൾ എന്നെ അപഹസിക്കുമല്ലോ. ജാനകിയമ്മയെ കണ്ടുവോ? എന്ന് ജാംബവാൻ ചോദിച്ചാൽ ഞാൻ എന്താണു മറുപടിപറക! സീതയുടെ വൃത്താന്തമറിവാൻ എന്തൊരു മാൎഗ്ഗമാണു്. ഭയങ്കരന്മാരായ ഈ രക്ഷസ്സുകളോടു ചോദിക്കാനും നിവൃത്തിയില്ല." ഇങ്ങനെ നൈരാശ്യത്താൽ കുണ്ഠിതനായ ഹനൂമാൻ അടുത്തുതന്നെ ശാന്തിനികേതംപോലെ ഒരു മണിമന്ദിരം കണ്ടു. അതിന്റെ സമീപത്തായി ഒരു വിഷ്ണുക്ഷേത്രവും വിളങ്ങുന്നുണ്ടായിരുന്നു. ഭിത്തികളെല്ലാം രാമനാമത്താൽ മുദ്രിതമായി അവൎണ്ണ്യശോഭയോടെ കാണികളുടെ ഹൃദയത്തെ ആകൎഷിക്കത്തക്കവണ്ണമിരുന്നു.

രാമനാമത്താൽ അങ്കിതമായ മന്ദിരത്തിന്റെ ശോഭ വിശേഷിച്ചുപറവാനുണ്ടോ? സമീപത്തെല്ലാം തുളസിച്ചെടികൾ കിളൎത്തുനില്ക്കുന്നതു കാൺകയാൽ ഹനൂമാൻ ആഹ്ലാദിച്ചു.

നിശിചരനികരനിവാസമായ ലങ്കയിൽ സജ്ജനവാസം ഭവിക്കുന്നതെങ്ങനെ? എന്നു തൎക്കിതമനസ്കനായിനില്ക്കെ വിഭീഷണൻ ഉണൎന്നു രാമനാമം ജപിക്കുന്നതു കേൾക്കായി. ഭഗവൽഭക്തനായ ആ സജ്ജനത്തെ ഹനൂമാൻ അഭിനന്ദിച്ചു. ഇപ്പോൾതന്നെ എന്റെ വസ്തുതകൾ ഈ പുണ്യാത്മാവിനെ അറിയിക്കട്ടെയോ? സാധുക്കൾ ഒരിക്കലും കാൎയ്യഹാനിയെ ചെയ്യുന്നവരല്ലല്ലോ? എന്ന് ആലോചിച്ചുകൊണ്ടു ബ്രാഹ്മണരൂപം ധരിച്ചു നിന്നു ശബ്ദം പുറപ്പെടുവിച്ചു. വിഭീഷണൻ എഴുന്നേററുചെന്ന് ആഗതനെ വണങ്ങി കുശലം ചോദിക്കയായി. ഹേ ബ്രാഹ്മണ! താങ്കൾ ആരാണു്? ഹരിദാസനാണെങ്കിൽ എന്റെ ഹാൎദ്ദമായ പ്രീതി അങ്ങേക്കുണ്ടു്. രാമഭക്തനാണെന്നുവരികിൽ അങ്ങേ ദൎശനം എനിക്കു ഒരു മഹാഭാഗ്യമത്രേ.

ഹനൂമാൻ നിഃശങ്കം രാമകഥകളെ വിസ്തരിച്ചുകേൾപ്പിച്ചശേഷം തന്റെ നാമവും ഉച്ചരിച്ചു. ഭഗവാന്റെ ഗുണഗ്രാമങ്ങളെ സ്മരിച്ച് ആ ഭക്തോത്തമന്മാർ രണ്ടുപേരും പുളകിതഗാത്രന്മാരായി ആനന്ദത്തിൽ മുഴുകി.

വിഭീഷണൻപറഞ്ഞു.—വായുപുത്ര! ഞാൻ രാക്ഷസരാജന്റെ അനുജനാണു് വിഭീഷണനെന്നുപേർ. എന്റെ ഇവിടത്തെ അവസ്ഥ പല്ലുകളുടെ ഇടയിൽ അകപ്പെട്ട നാക്കുപോലെയാണു്. എന്നാലും ഞാൻ ഇവിടെ അനാഥനാണെന്നു കരുതേണ്ട. ഭാനുകുലനാഥന്റെ കരുണ എപ്പോഴും എനിക്കുണ്ടു്. രാമപാദപത്മങ്ങളിൽ മനസ്സൂന്നാത്തവന്റെ താമസമായ ദേഹംകൊണ്ടു ഫലമില്ല. വായുപുത്ര! ഇപ്പോൾ എനിക്കു വിശ്വാസമായി. ഹരികൃപയല്ലാതെ സൽസംഗത്തിനു ആർക്കും സംഗതിവരുന്നതല്ല. താങ്കൾ ഇപ്പോൾ എനിക്കു ദർശനംതന്നതു് രഘുപതിയുടെ അനുഗ്രഹത്താൽ അത്രേ.

ഹനൂമാൻ — സഖേ! വിഭീഷണ! പ്രഭുവിന്റെ രീതി എന്റെ പരിചയത്തിൽ അറിഞ്ഞതു ഞാൻപറയാം. സേവകന്മാരിൽ എപ്പോഴും കരുണാമൃതം വർഷിക്കുക ശീലമാണു്. എന്റെ കഥതന്നെ നോക്കൂ! എനിക്കെന്തൊരു കുലശ്രേഷ്ഠത്വമുള്ളൂ. അലഞ്ഞുനടക്കുന്ന ഒരു കുരങ്ങൻ–ഒരു മഹിമയും ഇല്ലാത്തജന്തു നേരംവെളുത്തെഴുന്നേററു കുരങ്ങിന്റെ പേർപറഞ്ഞാൽ അന്നു വെള്ളംപോലും കിട്ടുകയില്ലല്ലോ. അത്ര നികൃഷ്ടരല്ലേ?

എന്നിട്ടും സ്നേഹിത! നോക്കൂ! എന്നിലും പ്രഭു കരുണചെയ്തിരിക്കുന്നു! ഈ വാക്കുകൾ ഉച്ചരിച്ചപ്പോൾ ഭഗവൽഗുണങ്ങളോർത്തു്, ഹനൂമാന്റെ നയനങ്ങൾ അശ്രുപൂർണ്ണങ്ങളായി. "സഖേ വിഭീഷണ! ഈദൃശ കൃപാനിധിയെ വിസ്മരിക്കുന്ന നരൻ ദുഃഖരാശിതന്നെ" ഭഗവൽഗുണഗ്രാമങ്ങളെ ഇപ്രകാരം ഉച്ചരിക്കവേ ആ ഭക്തന്റെ ഹൃദയം അവാച്യമായ നിർവൃതിയിൽ ലയിച്ചു. വിഭീഷണൻ ലങ്കയിലെ വർത്തമാനങ്ങളും സീതയുടെ ജീവസന്ധാരണക്രമവുമെല്ലാം വിസ്തരിച്ചു. ഹനുമാൻ ഉൽകണ്ഠിതനായി "സഹോദര! എനിക്കു ജാനകിയമ്മയെ കാണ്മാൻ ആഗ്രഹമുണ്ടു്" എന്നുപറഞ്ഞു. സീതാദർശനത്തിനുള്ള ഉപായങ്ങളെല്ലാം വിഭീഷണൻ ഉപദേശിക്കയാൽ ഹനൂമാൻ യാത്രവാങ്ങി മുമ്പിലേപ്പോലെ കൃശരൂപംധരിച്ചു പുറപ്പെടുകയായി. തേടിത്തിരഞ്ഞുചെന്നു സീത വസിക്കുന്ന അശോകവനത്തിൽ എത്തി. ദേവിയെ കണ്ടനിമിഷത്തിൽതന്നെ മനസാ നമസ്കരിച്ചു ആ സാദ്ധ്വി രാത്രിയുടെആദ്യയാമം ഇരുന്നുതന്നെ കഴിച്ചുകൂട്ടി. ജടകെട്ടി ഒററത്തിരിയായ തലമുടിയും മെലിഞ്ഞ ദേഹവും മുഷിഞ്ഞ വേഷവുമായി മനസാ രഘുപതിയുടെ ഗുണഗണങ്ങളെ ജപിച്ചു ജപിച്ചിരുന്നു.

കണ്ണുകൾ ആത്മപാദങ്ങളിലും മനസ്സ രാമപാദങ്ങളിലും സമർപ്പിച്ചിരുന്നു. ഇത്രമാത്രം ദീനയായി ദേവിയെക്കണ്ടപ്പോൾ പാവനസുതൻ അത്യന്തം ദുഃഖിച്ചു. എന്താണു താൻ അവിടെച്ചെയ്യേണ്ട

തെന്നു് വൃക്ഷപല്ലവങ്ങളുടെ ഇടയിൽ മറഞ്ഞിരുന്നുകൊണ്ടു് ആലോചിക്കയായി. ആ അവസരത്തിൽ രാക്ഷസരാജാവു രാവണൻ പലവിധത്തിൽ ഉടുത്തൊരുങ്ങി അലങ്കരിച്ച തരുണീമണികളോടുകൂടി അവിടെയെഴുന്നള്ളി. സീതയെ വശീകരിക്കുന്നതിന്നു് സാമദാനഭേസനഭേദോപായങ്ങളെല്ലാം ആ ദുഷ്ടൻ പ്രയോഗിച്ചു. "ഹേ സുമുഖീ! എന്റെ പട്ടമഹിഷി മണ്ഡോദരിയേയും മററു റാണിമാരേയും ഞാൻ നിന്റെ ദാസിമാരാക്കാമെന്നു ശപഥംചെയ്യാം. സ്നേഹപൂർവ്വം നീ എന്നെ ഒന്നു കടാക്ഷിച്ചാൽ മതി." സീത ഒരു പുൽക്കൊടിനുള്ളി അവന്റെനേരേ എറിഞ്ഞു മുഖംതിരിച്ചിട്ടു തന്റെ പ്രണയനിധാനമായ പ്രഭുവിനെ മനസാ സ്മരിച്ചു പറഞ്ഞു:-"എടാ രാക്ഷസാധമ! മിന്നാമിനുങ്ങിന്റെ വെളിച്ചംതട്ടിയാൽ താമരപ്പൂ വിടരുമോ? നല്ലപോലെ ചിന്തിച്ചുനോക്കൂ. രാമബാണങ്ങളെ നിനക്കു ഭയമില്ലേ? രഘുരാജൻ ഇപ്പോൾ ഇവിടെ എത്തീട്ടില്ലെങ്കിലും ക്ഷണത്തിൽ എന്നെ മോചിപ്പിക്കാതിരിക്കയില്ല. മൂഢ! ഈ സാരംഭത്തിൽ നിനക്കു ലജ്ജയില്ലയോ? നീ കേവലം ഒരു മിന്നാമിനുങ്ങു്. രാമചന്ദ്രനോ ഉജ്ജ്വലമായ ആദിത്യബിംബം."

ഈദൃശപരുഷവാക്കുകൾ രാവണന്റെ കോപാഗ്നിക്കു് ആജ്യാഹൂതിപോലെ ഭവിച്ചു. വാൾ ഉറയൂരി ഉയൎത്തിപ്പിടിച്ചുകൊണ്ടു് അവൻ ഗർജ്ജിക്കയാണു് "സീതേ! നീ എന്നെ അപമാനിച്ചു. നിശിതമായ ഈ ഖഡ്ഗം നിന്റെ ഗളനാളിയെ ഛേദിക്കാൻ പോകുന്നു, എന്റെ കല്പന ഉടനേ അനുസരിക്കാത്തപക്ഷം പ്രാണങ്ങളേ നീ ബലികഴിക്കേണ്ടിവരും."

ദശകണ്ഠ! നീലോല്പലകോമളവും കരികരദൃഢായതവുമായ എന്റെ പ്രാണനാഥന്റെ ഭുജവല്ലികൾ ആശ്ലേഷിക്കുന്നില്ലെങ്കിൽ ഈ കഴുത്തു നിന്റെ ഖഡ്ഗധാരക്കു ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. ശഠാ! ഇതത്രേ എന്റെ പ്രതിജ്ഞ. ചന്ദ്രഹാസത്താൽ നീ എന്റെ പരിതാപത്തെ ഹരിക്കണം. രാമവിരഹാഗ്നിയുടെ ചൂടിനെ പരിഹരിക്കണം. ഈ രാത്രിയിൽതന്നെ ശീതളമായനിന്റെ ഖഡ്ഗധാരയാൽ എന്റെ ദുഃഖഭാരത്തിനു ശമനമുണ്ടാകട്ടെ.

രാവണൻ കോപാന്ധനായി ദേവിയെ നിഗ്രഹിക്കാൻ പാഞ്ഞടുത്തു. മണ്ഡോദരി മദ്ധ്യേ തടുത്തു. സ്ത്രീവധം രാജാക്കന്മാൎക്കു ധൎമ്മമല്ലെന്നും മററുമുള്ള സദുപദേശങ്ങളാൽ ഒട്ടു സമാധാനപ്പെടുത്തുകയാൽ രാവണൻ രാക്ഷസികളെ വിളിച്ചു് സീതയെ ഭയപ്പെടുത്തി വശത്തു വരുത്തണമെന്നും ഒരുമാസത്തിനകം അവൾ അനുസരിക്കുന്നില്ലെങ്കിൽ താൻ ഓങ്ങിയ വാൾ അപ്പോൾപ്രയോഗിക്കുന്നതാണെന്നും കല്പനയായി, അചിരേണ കൊട്ടാരത്തിലേക്കു തിരിച്ചു പോവുകയും ആയി.

രാക്ഷസികൾ പല ഭയങ്കരരൂപങ്ങൾ ധരിച്ച് ചുററിക്കൂടിനിന്നു സീതയെ പേടിപ്പിക്കാൻ ഉദ്യമിച്ചു. രാമഭക്തയും, വിവേകിനിയും ആയി ആ കൂട്ടത്തിൽ ഉണ്ടായിരുന്ന ത്രിജട എന്ന രാക്ഷസി താൻകണ്ട ഒരു സ്വപ്നവൃത്താന്തം മററുള്ളവരേ ധരിപ്പിച്ചു. അവരുടെ രക്ഷയ്ക്കായിത്തന്നേ സീതയോടു ബഹുമാനം കാണിക്കേണ്ടതാണെന്നും ഉപദേശിച്ചു. അവൾ സ്വപ്നവൃത്താന്തം പറഞ്ഞതിങ്ങനെയാണ്. "ഒരു കുരങ്ങൻവന്നു ലങ്കാനഗരം മുഴുവൻ അഗ്നിയിൽ ദഹിപ്പിച്ച് രാക്ഷസസൈന്യത്തേയും ആകെ നശിപ്പിച്ച് രാവണനേ ഇരുപതു കൈകളും വെട്ടി തലയും ചുരച്ച് നഗ്നനാക്കി ഒരു കഴുതപ്പുറത്തു കയററിഇരുത്തി. ആ നിലയിൽ രാവണൻ തെക്കോട്ടു പോകയും വിഭീഷണൻ സിംഹാസനസ്ഥനാകയും ചെയ്തു. രക്ഷിക്ക രക്ഷിക്ക എന്നു പുരവാസികൾ രഘുപതിയെ ചൊല്ലി നിലവിളിച്ചു. ഉടനേ പ്രഭു അവരേ സമാധാനപ്പെടുത്താൻ സീതാദേവിയെ പ്പുറത്തയച്ചു". "ഹേ രാക്ഷസികളേ! ഈ സ്വപ്നം നാലുദിവസത്തിനകം സത്യമായി ഭവിക്കുമെന്ന് ഞാൻ നിങ്ങളോടുറപ്പു പറയുന്നു" ഈ നിവേദനംകേട്ടു രാക്ഷസികൾ ഭയപ്പെട്ടു. എല്ലാവരും വേഗത്തിൽ സീതയുടെ സമീപത്തുചെന്നു നമസ്കരിച്ച് അവരുടെ വഴിക്കു തിരിഞ്ഞു. സീതയുടെ ഹൃദയം ദുഃഖാഗ്നിയിൽ ദഹിച്ചുകൊണ്ടിരുന്നു. കഷ്ടം! ഇനി ഒരുമാസം കഴികയാണല്ലോ ഈ ദുഷ്ടൻ എന്നെ നിഗ്രഹിക്കാൻ പോകുന്നത് എന്നു വിലപിച്ചു. അനന്തരം കൈകൾകൂപ്പി ത്രിജടയെനോക്കി അമ്മേ! എൻെറ ദുഃഖത്തിൽ ഒരു സഹായിന്ന ഭവതിയാണ്. എനിക്കു വേഗത്തിൽ പ്രാണത്യാഗം ചെയ്യാനൊരുപായം അമ്മതന്നെ പറഞ്ഞുതരു. കഠിനമായ ഭർത്തൃവിരഹം ഇനി സഹിക്കാൻ ഞാൻ ശക്തയല്ല. വിറകു വരുത്തി ഒരു ചിതകൂട്ടി അഗ്നികൊളുത്തിത്തരു! ഹേ സ്ത്രീരത്നമേ! അതുവഴി ഞാൻ എൻെറ പ്രീതിയെ സത്യവൽക്കരിക്കട്ടെ.

കണ്ണുതുലമായ ഈ പരിദേവനം ആരുകേട്ടു സഹിക്കും? ത്രിജട ഈ പ്രാർത്ഥന കേട്ടു സീതയുടെ പാദങ്ങളെ ഗ്രഹിച്ചുകൊണ്ടു പ്രഭുവിൻെറ പ്രതാപവും ബലവും യശസ്സും വർണ്ണിച്ചു സമാശ്വസിപ്പിച്ചു. ഹേ രാജകുമാരി! അർദ്ധരാത്രിയിൽ ഇവിടെ തീ കിട്ടാൻ പ്രയാസമാണ് എന്നു പറഞ്ഞു സ്വ ഭവനത്തിലേക്കു പൊയ്ക്കളഞ്ഞു. സീത വിലപിച്ചു "ഹാ! വിധി എനിക്കു പ്രതികൂലംതന്നെ. അഗ്നിയില്ലാതെ എൻെറ വേദന ശമിപ്പിക്കാൻ നിവൃത്തിയില്ല. തീക്കൊള്ളിപോലെയുള്ള നക്ഷത്രങ്ങൾ അനന്തസംഖ്യയില്ലാതെ ആകാശത്തിൽ എരിയുന്നു. ഒന്നെങ്കിലും ഭൂമിയിലേക്കു വീഴുന്നില്ല. അഗ്നിമയനായ ചന്ദ്രൻ ഒരു തീപ്പൊരിപോലും പൊഴിക്കുന്നില്ല. ഞാൻ ഭാഗ്യഹീനയാണെന്നറിഞ്ഞിട്ടത്രേ ഇതു കരുണകേട്ടു കാണിക്കുന്നതെ

ന്നു തോന്നുന്നു. ഹേ അശോകങ്ങളെ! എന്റെ പ്രാർത്ഥന നിങ്ങൾ കേൾക്കുന്നുണ്ടല്ലോ. സ്വനാമത്തെ അന്വർത്ഥമാക്കി എന്റെ ശോകത്തെ നിങ്ങൾ ഹരിക്കുവിൻ. അഗ്നിസമപ്രഭങ്ങളായ ഇളയ തളിരുകളെ! ശരീരത്തെ ദഹിപ്പിക്കാൻ എനിക്കു അഗ്നിയെ നിങ്ങൾ വിതരിക്കുവിൻ!

സീതയുടെ അത്യന്തമായ ഈ വിരഹാകുലത നോക്കി നോക്കിയിരുന്ന ഹനുമാന് അല്പസമയം കല്പകാലംപോലെ തോന്നി. ക്ഷണനേരം വിചാരിച്ചിട്ടു കയ്യിലുണ്ടായിരുന്ന മുദ്രാംഗുലീയത്തെ താഴത്തേക്കിട്ടു. അശോകത്തിൽ നിന്നും ഒരു തീക്കട്ടപോലെ മുന്നിൽ വന്നു വീണ ആ മോതിരം ക്ഷണത്തിൽ സീത എത്തിഎടുത്തു. രാമനാമത്താൽ അതി മനോഹരമാകുംവണ്ണം അങ്കിതമായ ആ അംഗുലീയകം നോക്കി മനസ്സിലാക്കിയപ്പോൾ ദേവിക്ക് അളവററ ആശ്ചര്യം ഉണ്ടായി. ഹൃദയം സന്തോഷസന്താപപ്രവാഹങ്ങളുടെ നടുവിൽ അടിപെട്ടു തുടിച്ചു. അജയ്യനായ രഘുരാജനെ ജയിക്കാൻ ആൎക്കാണു കഴിക. ഇതു മായാപ്രയോഗം ആയിരിക്കാൻ ഒരിക്കലും ഇടയില്ല. ഇങ്ങനെ വിവിധവിചാരധാരകൾ സീതയുടെ മനസ്സിൽ ഊറി ഒഴികിക്കൊണ്ടിരിക്കേ ഹനുമാൻ മധുരവചനങ്ങളാൽ രാമചന്ദ്രന്റെ ഗുണവൎണ്ണനം ആരംഭിച്ചു; അമൃതധാരപോലെ അവ കാതുകളിൽ കടന്നപ്പോൾ സീത ദുഃഖകോടികളെല്ലാം വിസ്മരിച്ചു. കാതും കരളും ഒരുപോലെ ബദ്ധശ്രദ്ധങ്ങളാക്കി അവൾ ഉൽക്കണ്ഠയോടെ ഇരിക്കുന്നതു നോക്കി ഹനുമാൻ രാമകഥകൾ ആദിമുതൽക്കേ വിവരിച്ചു കേൾപ്പിച്ചു. "പ്രാണബന്ധോ! നീ ഉച്ചരിക്കുന്ന വാക്കുകൾ എനിക്കു കാതിൽ അമൃതു തളിക്കുന്നു. എന്നാൽ പ്രത്യക്ഷപ്പെടാതെ നീ മറഞ്ഞിരിക്കുന്നതെന്തുകൊണ്ടോ?" ഹനുമാൻ മെല്ലെ മെല്ലെ ഇറങ്ങിവന്നു മുൻപിൽ നിന്നു. സീത വിസ്മയഭയാകുലയായി മുഖം തിരിച്ചു.

"അമ്മേ വൈദേഹി. ഞാൻ രാമദൂതനാണ്. കരുണാനിധിക്ക് എന്റെ വിശ്വസ്തത ബോദ്ധ്യമുണ്ട്. ഭവതിക്കു വിശ്വാസത്തിനായി രാമചന്ദ്രൻ എന്റെ പക്കൽ തന്നയച്ച അടയാളമാണ് ഈ മുദ്രമോതിരം.

വാനരന്മാരും മനുഷ്യരും തമ്മിൽ ബന്ധുത്വമുണ്ടായതെങ്ങിനെ എന്നു ദേവി ചോദിച്ചു. ഹനുമാൻ സംഭവങ്ങളെല്ലാം സവിസ്തരം പറഞ്ഞു. രാമദൂതന്റെ പ്രേമകോമളമായ നിവേദനത്തിൽ സീതയ്ക്കു വിശ്വാസം ഉണ്ടായി. കൃപാനിധിയുടെ വിശ്വസ്തദാസനാണ് അവൻ എന്നു മനസ്സിലായി. ഒരു ഹരിജനമാണു തന്റെ മുൻപിൽ നിൽക്കുന്നതെന്നറികയാൽ ദേവിക്കു മനസ്സിൽ ഉണ്ടായ ആനന്ദം ബാഷ്പങ്ങളായും രോമാഞ്ചമായും വെളിയിൽ പ്രകാശിച്ചു.

ഹേ ഹനൂമൻ! ഞാൻ വിരഹജലധിയിൽ ആണ്ടുപോകുമായിരുന്നു. നീയാകുന്ന യാനപാത്രമത്രേ എന്നെ രക്ഷിച്ചത്. വനവാസിസഹോദരന്മാരുടെ കുശലം പറയുക ഖരാരി അനുജനോടുകൂടി സുഖമായിരിക്കുന്നുവോ? കോമളചിത്തനും കൃപാലുവും ആണല്ലോ രഘുരാജൻ. ഹേ വായുപുത്ര! അദ്ദേഹം ഈയുള്ളവളോട് ഇത്ര നിഷ്ഠുരനമായി പ്രവൎത്തിച്ചതെന്തുകൊണ്ടോ? അവിടുത്തെ വാക്കിന്റെ ധ്വനിപോലും സേവകസുഖദായകമാണ്. അദ്ദേഹം എപ്പോഴെങ്കിലും എന്നെ സ്മരിക്കുന്നതിനു കരുണ ചെയ്യുന്നുണ്ടോ? അവിടുത്തെ ശ്യാമളമൃദുലമായ ഗാത്രംദൎശിച്ചു കണ്ണുകളെ കുളൎപ്പിക്കുന്നതിന്, വത്സ! എനിക്കു ഭാഗ്യമുണ്ടാകുമോ?"

ദേവിക്കു വാക്കുകൾ തടഞ്ഞു് മിഴികളിൽ ബാഷ്പധാര നിറഞ്ഞു. ഹാ! ഹാ! നാഥൻ എന്നെ നിശ്ശേഷം വിസ്മരിച്ചുകളഞ്ഞു. ദേവിയെ ഇങ്ങനെ അത്യന്തം വിരഹവ്യാകുലയായിക്കണ്ടിട്ട് ഹനുമാൻ വിനയവിശിഷ്ടമായ മധുരവാക്കുകൾ പറഞ്ഞു. "അമ്മേ! പ്രഭുവും അനുജനും കുശലികളായിരിക്കയാണ്. ഭവതിയുടെ ദുഃഖം നിമിത്തം കൃപാനിധിക്കു ദുഃഖമുണ്ടെന്നേയുള്ളു. രഘുരാജന്റെ പ്രേമം ഭവതിക്കങ്ങോട്ടുള്ളതിൽ അല്പമെങ്കിലും കുറവുള്ളതാണെന്ന് ശങ്കിക്കരുതേ! ധൈൎയ്യത്തെ അവലംബിച്ചു രഘുപതിയുടെ സന്ദേശം ചെവിക്കൊള്ളണമേ" ഈ വാക്കുകൾ ഉച്ചരിക്കവേ ഹനുമാൻ ഗൽഗദാകുലനായി. നയനങ്ങൾ ബാഷ്പപ്രവാഹത്താൽ ആവിലങ്ങളായി. ദേവീ! രാമചന്ദ്രന്റെ വിരഹദുഃഖം എങ്ങനെ വിസ്തരിക്കുന്നു. അദ്ദേഹം അരുളിച്ചെയ്യുന്നതു കേൾക്കുക. പ്രാകൃതികവസ്തുക്കളെല്ലാം എനിക്കു വിപരീതങ്ങളായി. പുതിയ തളിരുകൾ അഗ്നിപോലെ എരിയുന്നു. രാത്രികൾ കാളരാത്രികൾപോലെ ഭയങ്കരങ്ങളായിരിക്കുന്നു. ചന്ദ്രൻ ഉഷ്ണകിരണനേക്കാൾ ഉഗ്രനായിത്തപിക്കുന്നു. താമരപ്പൊയ്കകൾ മൂൎച്ചയുള്ള കുന്തങ്ങൾ നിരത്തിയ കാടുപോലെ കാണുന്നു. കാൎമേഘങ്ങൾ തിളച്ച എണ്ണതന്നെ ധാരധാരയായി വൎഷിക്കുന്നു. പൂമരങ്ങൾ മാനസാഗ്നിക്കു വിറകുപോലെ ആയിരിക്കുന്നു. ശീതളസുഗന്ധിയായ മന്ദവായു സൎപ്പശ്വാസംപോലെ ദുഃഖിപ്പിക്കുന്നു. ശിവ ശിവ! എന്റെ വേദനയെ കുറയ്ക്കുന്നതായി ഒന്നും തന്നെ ഞാൻ കാണുന്നില്ല. ആരോടാണു ഞാനിതു പറക! പറഞ്ഞാൽ അനുഭവത്തിൽ അറിയത്തക്കവരുമില്ല. പ്രിയേ! നാം തമ്മിലുള്ള പ്രേമരസത്തിന്റെ തത്വം എന്റെ ഹൃദയത്തിനുമാത്രമേ അറിഞ്ഞുകൂടൂ. ആ ഹൃദയം സൎവ്വദാ നിന്നിൽതന്നെ അധിവസിക്കയുമാണ. ഭദ്രേ! ഇത്രത്തോളമാണ് എന്റെ അനുരാഗഗൗരവം.

ഭർത്തൃസന്ദേശം കേട്ട് പ്രേമരസാർദ്രയായ വൈദേഹി അല്പസമയത്തേക്കു തന്നേതന്നെ മറന്നുപോയി. ഹനൂമാൻ പറഞ്ഞു — "ദേവീ! സമാശ്വസിക്കണേ. രാമചന്ദ്രൻ സേവക സുഖദാതാവാണെന്നു വിശ്വസിക്കണേ. രഘുപതിയുടെ പ്രവൃത്ത ചിന്തിച്ചു നോക്കി എന്റെ നിവേദനത്തേയും ശ്രദ്ധിച്ച് മനോവ്യഥകൾ ഒഴിക്കണേ. രാക്ഷസസംഘം രഘുരാജ ബാണാഗ്നിയിലെ ശലഭങ്ങളാണ്. അമ്മേ! ധൈര്യത്തെ അവലംബിച്ച് രാക്ഷസസംഹാരം അചിരേണ ഭവിക്കുമെന്നു വിശ്വസിക്കുക. രാമചന്ദ്രൻ ഈ സങ്കടാവസ്ഥ അറിഞ്ഞാൽ അല്പം പോലും താമസിക്കുകയില്ല. അദ്ദേഹത്തിന്റെ ശരങ്ങളാകുന്ന ബാലസൂര്യകിരണങ്ങൾ രക്ഷസ്തമസ്സിനെ നിശ്ശേഷം നശിപ്പിക്കും ദേവീ! ഭവതിയേ ഈ ദാസൻ ഇപ്പോൾ തന്നെ വീണ്ടുകൊണ്ടുപോകുമായിരുന്നു. രാമനാമത്തിൽ ഞാൻശപഥം ചെയ്തുപറകയാണ്. എന്നാൽ അപ്രകാരംചെയ്വാൻ ഭഗവാന്റെ കല്പനയില്ല. അമ്മ ഏതാനും ദിവസം കൂടി ക്ഷമിച്ചാൽ ഭഗവാൻ വാനരസേനയുമായി എഴുന്നള്ളിവന്ന് രാക്ഷസന്മാരേ കൊന്നു ഭവതിയെ വീണ്ടുകൊള്ളും. നാരദാദികൾ ത്രിഭുവനത്തിലെല്ലാം രാമയശസ്സിനേ പാടുകയുംചെയ്യും."

ദേവി—"പുത്ര! കപികളെല്ലാം നിന്നേപ്പോലെ കൃശന്മാരാണോ? രാക്ഷസന്മാർ അത്യർത്ഥം ബലശാലികളത്രേ. എന്റെ മനസ്സു സംശയിക്കുന്നു" ഈ വാക്കുകൾ കേട്ട് ഹനൂമാൻ മഹാമേരുപോലെ വിപുലവും ഉജ്ജ്വലവും ആയ ശരീരം തോന്നിച്ച് രണശൂരത്വവും വിക്രമവും വിളങ്ങുന്ന തന്റെ വാസ്തവരൂപം പ്രകടീകരിച്ചു. സീതയ്ക്കു സന്തോഷവും വിശ്വാസവും ഉണ്ടായി വയുപുത്രൻ വീണ്ടും ലഘുരൂപത്തേ അംഗീകരിച്ചു നിലകൊണ്ടു. "ദേവീ! വാനരന്മാക്ക് സ്വയം വലിയ ശക്തിയൊന്നുമില്ല. പ്രഭുവിന്റെ പ്രഭാവത്താൽ ലഘുവായ ഒരു സർപ്പംതന്നെ ഗരുഡനെ വിഴുങ്ങാൻ ശക്തമായിത്തീരും." ഭക്തി വിശ്വാസവിശിഷ്ടമായ ഈ വാക്കുകളാൽ രാമന്റെ പരമഭക്തനത്രേ ഹനൂമാനെന്നറിഞ്ഞ് സീതസന്തുഷ്ടയായി ആശിസ്സുകൾ ഉച്ചരിച്ചു "പുത്രാ! നീ ബലശീലനിധിയായി വിളങ്ങട്ടെ. അജരനും അമരനും ഗുണനിധാനവും ആയി ഭവിക്കട്ടെ. രാമഭക്തിക്കു ഒരിക്കലും ഇളക്കം വരാതെയും രാമചന്ദ്രനു നിന്നിൽ വാത്സല്യം കുറയാതെയും ഇരിക്കാൻ ഇടയാകട്ടെ"

ഹനൂമാൻ ഈ ആശിസ്സുകൾകേട്ട് പ്രേമപ്രവാഹത്തിൽ മുങ്ങിസ്സുഖിച്ചു. ദേവീപാദങ്ങളിൽ വീണ്ടും വീണ്ടും ശിരസ്സിനെ നമിച്ചു. അനന്തരം സാഞ്ജലിഹസ്തം ഉണർത്തിച്ചു. അമ്മേ! ഞാൻ കൃതകൃത്യനായി. ഭവതിയുടെ ആശിസ്സുകൾ അമോഘങ്ങളാണെന്നു

വിഖ്യാതമത്രേ. ഇനി അല്പമായ ഒരപേക്ഷ എനിക്കുണ്ട്. വിശപ്പു സഹിക്കവെയ്യാതെ ആയിരിക്കുന്നു. ഈ വൃക്ഷങ്ങളിലെല്ലാം മധുരഫലങ്ങൾ നിറഞ്ഞു കിടക്കുകയും ചെയ്യുന്നു.

"പുത്ര! ഈ ഉദ്യാനം സൂക്ഷിക്കാൻ രണശൂരന്മാരും ബലശാലികളുമായ അനവധി രാക്ഷസന്മാരുണ്ട്.

അമ്മേ! അതൊന്നും എനിക്കു ഭയമില്ല. അമ്മ മനസ്സിനെ അസ്വസ്ഥമാക്കാതിരുന്നാൽ മതി.

ഹനുമാൻ വിവേകിയും നിപുണനുമാണെന്നുള്ള ബോധത്താൽ ദേവി പറഞ്ഞു. പുത്ര! രഘുരാജപാദപത്മങ്ങളെ ഹൃദയത്തിൽ ദൃഢമായി ഊന്നിക്കൊള്ളൂ. എന്നിട്ടുപോയി യഥേഷ്ടം ആ മധുര ഫലങ്ങളെ ഭക്ഷിക്കുക.

ഹനുമാൻ വിനയപൂർവ്വം വണങ്ങി വാങ്ങിനടന്ന്, ഉപവനത്തിൽ കടന്നു. പാകപഫലങ്ങൾ ഭക്ഷിച്ചു തൃപ്തനായശേഷം വൃക്ഷക്കൊമ്പുകൾ പിടിച്ചൊടിക്കയായി. എന്തൊരും സംരംഭം എന്നറിയാതെ കാവൽക്കാർ ചാടിക്കയെത്തു കലഹത്തിനടുത്തു. പലരും അടിപെട്ടു തെങ്കോട്ടു യാത്രയായപ്പോൾ ശേഷിച്ചവർ സഹായം അപേക്ഷിച്ച് ഓടി രാജധാനയിൽ എത്തി. "നാഥ! ഒരുവലിയ കുരങ്ങൻവന്ന് അശോകവനം അഴിച്ചുകളഞ്ഞു. പഴമെല്ലാം പറിച്ചുതിന്നു കൊമ്പുകളും വലിച്ചൊടിച്ച് സൂക്ഷിപ്പുകാരെയും കണക്കിന്നു മർദ്ദിച്ചു കഥകഴിച്ചു". അസംഗതമായ ഈ വൎത്തമാനംകേട്ടു ക്രുദ്ധനായ രാവണൻ തന്റെ ഉൽഭട ഭടന്മാരിൽ ഏതാനും പേരേ നിയോഗിച്ചു. അവരുടെ വരവുനോക്കി ഹനുമാൻ ഇടിപോലെ യലറിയടുത്ത് സംഹാരക്രിയ തുടങ്ങി. മിക്കതും ചത്തൊടുങ്ങി. ശേഷിച്ച ജീവച്ഛവങ്ങൾ ദീനസ്വരം പുറപ്പെടുവിച്ചുകൊണ്ടോടി രാവണൻ ഈ വൎത്തമാനം അറിഞ്ഞു യുദ്ധത്തിനു തന്റെ ഇളയമകൻ അക്ഷനേത്തന്നെ പറഞ്ഞയച്ചു. ഭടന്മാരിൽ നല്ല നല്ല യോദ്ധാക്കളെ അസംഖ്യം പേരെ ചേൎത്തുകൊണ്ട് അവൻ പുറപ്പെട്ടുവരുന്ന സന്നാഹകോലാഹലം ഹനുമാൻ കണ്ടു. ക്ഷണംതന്നെ ഒരു വലിയ മരം പിടിച്ചു പിഴുതു ചുഴററി അലറി അടുത്ത് അടിതുടങ്ങി. ചവിട്ടിയും, അടിച്ചും, ഞെരിച്ചും, ധൂളിയിൽ പുതച്ചും മിക്കവാറുമൊടുങ്ങി. ശേഷിച്ചവർ ജീവനും കൊണ്ടുകടന്നു. പ്രഭോ! ഈ കുരങ്ങിന്റെ ശക്തി തടുക്കവെയ്യാ. കൊച്ചുതമ്പുരാന്റെ കഥ കഴിഞ്ഞു എന്നു രാവണനോടു പറഞ്ഞു. പുത്രവധം കേൾക്കയാൽ രാവണൻ ശോകകോപാന്ധനായി അലറി. മഹാബലശാലിയായ മേഘനാദനെ വിളിച്ച് പുത്ര! ആ കുരങ്ങനെ കൊല്ലാതെ കെട്ടി കൊണ്ടുപോരിക. ജീവനോടു അവനെ എനിക്കു കാണണം. എവിടെ നിന്നാണു വന്നതെന്നും അറിയേണ്ടിയിരിക്കുന്നു എന്നു കല്പിച്ചു.

അതുലിത യോദ്ധാവായ ഇന്ദ്രജിത്ത് സഹോദരവധം കേട്ടു ചീറിച്ചാടിച്ചു പുറപ്പെട്ടു. ഭയങ്കരനായ ശത്രുവിന്റെ വരവുനോക്കി ഹനൂമാൻ "കടകട" പല്ലുഞെരിച്ചു ഗജ്ജിച്ചുകൊണ്ടു മുന്നോട്ടടുത്തു. അതിവിശാലസ്ഥൂലമായ ഒരുവൃക്ഷം പിടിച്ചുപിഴുതു തേരിൽ ഇരുന്ന ഇന്ദ്രജിത്തിനെ പ്രഹരിച്ചു ദൂരത്തു വീഴ്ത്തി. ഒരുമിച്ചു വന്ന വീരഭന്മാരേ ഒന്നൊന്നായിപ്പിടിച്ചു മർദ്ദിച്ചുടച്ചു തറയിലെറിഞ്ഞു. സൈന്യമെല്ലാം ഒടുങ്ങിക്കഴിഞ്ഞപ്പോൾ നായകനോടു നേരിട്ടു. രണ്ടു കൊമ്പനാനകൾ തമ്മിൽ എതിക്കുന്നതുപോലെ ഭയങ്കര സമരം നടന്നു. ഹനുമാൻ മുഷ്ടിചുരുട്ടി ഉഗ്രമായ ഒരു പ്രഹരം ഏല്പിച്ച് ശത്രുവിനെ താഴെത്തള്ളിട്ടു ഒരു വൃക്ഷത്തിൽ പാറിപ്പിടിച്ചുകയറി. ക്ഷണനേരത്തേക്കു ബോധരഹിതനായി എങ്കിലും രാവണപുത്രൻ വേഗത്തിൽ ഉണൎന്നെഴുന്നേറ്റുവന്നു മായായുദ്ധം ആരംഭിച്ചു. അതൊന്നും രാമദൂതനോടു ഫലിച്ചില്ല ചിന്താകുലനായ രാവണി ശത്രുവിനെ സംഹരിക്കാൻ ബ്രഹ്മാസ്ത്രം എടുത്ത് അഭിമന്ത്രിച്ചു. ബ്രഹ്മബാണത്തെ ഞാൻ ബഹുമാനിക്കാഞ്ഞാൽ അതിന്റെ അപാരമായ മഹിമയ്ക്കു് ഹാനിവരുമല്ലോ എന്ന് ഹനുമാൻ വിചാരിച്ചു.

രാക്ഷസൻ ഉത്തരക്ഷണത്തിൽ ബാണം പ്രയോഗിച്ചു കഴിഞ്ഞു. രാമദൂതൻ വീണു വീഴ്ചയിൽ അനവധി രാക്ഷസന്മാർ അടിപെട്ടുപൊടിഞ്ഞു. ശത്രു മൂർഛിതനായി എന്നുകണ്ടു സന്തോഷിച്ചുമേഘനാദൻ നാഗപാശത്താൽ അവനെ ബന്ധിച്ചു് എടുപ്പിച്ചു കൊണ്ടുപോയി. ഹേ, ഭവാനീ! ആരുടെ നാമം ജപിച്ചിട്ടാണോ മഹാജ്ഞാനികൾ ഭവബന്ധത്തെ അഴിക്കുന്നതു്. അദ്ദേഹത്തിന്റെ ദൂതൻ കേവലം ഒരു പാശത്താൽ കെട്ടപ്പെട്ടു. അഥവാ, പ്രഭുകാൎയ്യസാദ്ധ്യത്തിനായി കെട്ടപ്പെട്ടതായി ഭാവിച്ചു. കുരങ്ങനെ പിടികിട്ടി എന്നുള്ള വൎത്തമാനം കേട്ടു രാക്ഷസന്മാർ ഉഴന്നോടി, കാഴ്ചകാണാൻ കൊട്ടാരത്തിൽ വന്നു കൂടി. രാവണസഭയുടെ പ്രതാപം ബദ്ധനായ രാമദൂതനെ അത്യന്തം അത്ഭുതപ്പെടുത്തി. ദേവന്മാരും ദിക്പാലന്മാരും വിനീതന്മാരായി കൈകൾ കൂപ്പി രാവണന്റെ പുരികച്ചുളുച്ചിലിൽ ഭയപ്പെട്ടു നിൽക്കുന്നു. ഈ പ്രഭുത്വപ്രകടനങ്ങളെല്ലാം കണ്ടിട്ടും ഹനുമാനു കുലുക്കം ഉണ്ടായില്ല. ചീറിക്കൂടുന്ന സൎപ്പങ്ങളെ കണ്ട ഗരുഡനെപ്പോലെ നിർഭയനായി കിടന്നതേയുള്ളൂ. രാവണൻ രാമദൂതനെനോക്കി ഉച്ചത്തിൽ ചിരിച്ചു പരിഹസിച്ചു. പുത്രവധം ഉടനെ ഓൎമ്മയിൽ വരികയാൽ ഹൃദയം വിഷാദമഗ്നമായി. എന്നിട്ടു ചോദിക്കയാണു്. എടാ കുരങ്ങ! നീ ആരു്? ആരുടെ ബലം കൊണ്ടാണു നീ എന്റെ പൂങ്കാവഴിച്ചതു. എന്തു്? പറയുന്നതു കേൾക്കുന്നില്ലേ? പരമധൃഷ്ടനായ ഒരു ശഠനാണു നീ എന്നു തോ

നുന്നു. എന്തൊരപരാധത്തിനായി നീ എന്റെ ഭൃത്യന്മാരെ നിഗ്രഹിച്ചു? ദുഷ്ടാ! ഉത്തരം പറ! നിന്നെ വധിക്കയില്ല."

"രാവണ! കേൾക്കുക. ആരുടെ ബലത്താലാണോ നിഖില ബ്രഹ്മാണ്ഡങ്ങളെയും മായ സൃഷ്ടിക്കുന്നതു്. ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നടത്തുന്നതു്, ആദിശേഷൻ പർവ്വതസമുദ്രാദി ഗർഭിതമായ അണ്ഡകോശത്തെ ശിരസ്സിൽ ധരിക്കുന്നതു്, ദേവന്മാരെ രക്ഷിക്കാനും നിന്നെപ്പോലെയുള്ള ദുഷ്ടന്മാരെ ശിക്ഷിക്കാനും ആരാണോ വിവിധശരീരം എടുത്തു് അവതരിക്കുന്നതു്, കഠിനമായ ശിവചാപം ഭഞ്ജിച്ചു, നിന്റെയും അവിടെ കൂടിയ മററു രാജാക്കന്മാരുടേയും ഗർവ്വത്തെ നശിപ്പിച്ചതാരാണോ, മഹാബലശാലികളായ ഖരദൂഷണത്രിശിരാക്കളേയും വിരാധനേയും ബാലിയേയും നിഗ്രഹിച്ച മഹാശക്തൻ ആരോ, ആരുടെ ബലത്തിന്റെ ലേശമാത്രത്താൽ ഈ ചരാചരങ്ങൾ നിലനിന്നുവരുന്നുവോ, ആ മഹാപ്രഭുവിന്റെ ദൂതനാണു ഞാൻ. അന്ധനായ നീ ഹരിച്ചുകൊണ്ടു പോന്നതു് അദ്ദേഹത്തിന്റെ പ്രിയദേവിയെയാണു്.

നിന്റെ ശക്തി എനിക്കറിയാം. കാർത്തവീര്യനോടുള്ളയുദ്ധത്തിലും ബാലിയുമായുണ്ടായ പിണക്കത്തിലും നിന്റെ കീർത്തി വളരെ ദൂരം പരന്നിട്ടുണ്ടു്." ഈ വാക്കുകൾ രാവണൻ കേട്ടു എങ്കിലും കേൾക്കാത്ത ഭാവത്തിൽ പുഞ്ചിരിതൂകിയതേയുള്ളു. ഹനുമാൻ തുടർന്നു പറഞ്ഞു:—"രാക്ഷസരാജ! ഉപവനം അഴിക്കാൻ ഉണ്ടായ സംഗതി ഞാൻ പറയാം. വിശപ്പു സഹിക്കവയ്യാതെ ഞാൻ വൃക്ഷങ്ങളിലെ ഫലങ്ങൾ പറിച്ചുഭക്ഷിച്ചു. വാനരസ്വഭാവത്താൽ ചില കന്ദുകൾ പിടിച്ചൊടിക്കയും ചെയ്തു. പ്രഭോ! ജീവൻ എല്ലാവർക്കും അത്യന്തം പ്രിയപ്പെട്ടതാണെന്നറിയാമല്ലോ. കഥയല്ലാത്ത ആ രാക്ഷസക്കൂട്ടം എന്റെ നേർക്കുചാടി വീണു. യഥാശക്തി അങ്ങോട്ടും ഇങ്ങോട്ടും പ്രഹരം നടന്നു. അതിനിടയ്ക്കു താങ്കളുടെ പുത്രൻ എന്നെ ബന്ധിച്ചു. ബന്ധനത്തിൽ എനിക്കു അഭിമാനക്കുറവില്ല. എന്തെന്നാൽ പ്രഭുകാര്യം സാധിക്കണമെന്നല്ലാതെ എനിക്കു മററൊരു വിചാരമില്ല. ഹേ രാവണാ! ഞാൻ കൈകൾ കൂപ്പി നിന്നോടപേക്ഷിച്ചു പറയുന്നു. നീ ദുരഭിമാനം എല്ലാം കളഞ്ഞു ഞാൻ പറയുന്നതുകേൾക്കുക. കുടുംബക്ഷേമത്തിൽ അല്പം ശ്രദ്ധവയ്ക്കുക. ഭ്രമത്തെ നീക്കി ഭക്തഭയഹാരിയെ ഭജിക്കുക. സകല സുരാസുരന്മാരെഎന്നല്ല, ചരാചരങ്ങളെയെല്ലാം ഗ്രസിക്കാൻ ശക്തിയുള്ള കാലൻപോലും കൈകൂപ്പി വണങ്ങുന്ന ലോകപ്രഭുവിനോടു യുദ്ധത്തിന്നൊരുങ്ങരുതു്. ഞാൻ പറയുന്നതു കേട്ടു സീതയെ കൊടുത്തുകളയു."

ഖരാരിയായ രഘുവംശമണിപ്രണതപാലനനാണ്; കരുണാസിന്ധുവാണ്. അഭയംപ്രാപിച്ചാൽ അദ്ദേഹം നിന്റെ അപരാധമെല്ലാം ക്ഷമിച്ചു രക്ഷിക്കും. രാമപാദപത്മത്തെ ഹൃദയത്തിൽ ധരിച്ചുകൊണ്ടു എന്നേക്കും ലങ്കാരാജ്യം വാണിരിക്കൂ. പുലസ്ത്യമഹർഷിയുടെ യശസ്സു ചന്ദ്രികാവിമലമാണ്. ആ കുലത്തിനു നീ കളങ്കം വരുത്തിവയ്ക്കരുത്. രാമനാമംകലരാത്ത വാക്കുതന്നെ നിഷ്ഫലമാണ്. മദമോഹങ്ങളെ ത്യജിച്ച് സ്വയം നീ വിചാരിച്ചുനോക്കുക. ഹേ ദശകണ്ഠാ! ഒരു സുന്ദരി സർവ്വാഭരണഭൂഷിതയായാലും വസ്ത്രമില്ലെങ്കിൽ അവളെ നോക്കുന്നതു് ലജ്ജാവഹമായിരിക്കും. അതുപോലെ രാമവിമുഖമായ സമ്പത്തും പ്രഭുത്വവും അശോഭനമാണ്. കിട്ടിയാലും കിട്ടാത്തതുപോലെതന്നെ ഉടൻ നഷ്ടപ്പെട്ടുപോകുന്നു. ഉറവില്ലാത്ത നദികളുടെ അവസ്ഥ എന്താണു? വർഷകാലത്തു വർദ്ധിച്ചാലും വെയിൽ ഏല്ക്കുമ്പോൾ ഉണങ്ങിപ്പോകയില്ലേ? രാവണ! ഞാൻ നിന്നോടു സത്യംചെയ്തു പറയുന്നു രാമൻ ശത്രുവായാൽ നിന്നെ രക്ഷിക്കാൻ ആർക്കും സാദ്ധ്യമല്ല; രാമദ്രോഹിയെ രക്ഷിക്കാൻ ശിവനും വിഷ്ണുവും അജനും അനന്തനും ആളാകയില്ല. അനവധി ദുഃഖകണ്ടകങ്ങൾ വിളയുന്ന മൂലകന്ദമാണു മോഹം. ഇനിയെങ്കിലും നീ മോഹാഭിമാനങ്ങളെ ത്യജിച്ചു കൃപാസിന്ധുവായ ഭഗവാൻ രഘുനായകനെ ഭജിക്കൂ.

അത്യന്തം ഹിതവും വിവേകധർമ്മപരിപൂർണ്ണവും നയവിശിഷ്ടവും ആയ വാക്കുകളാണു ഹനുമാൻ പറഞ്ഞതെങ്കിലും അധമാഭിമാനിയായ രാവണൻ അപഹസിച്ചു ചിരിക്കയാണു ചെയ്തതു്. "ഹ! ഹ! ജ്ഞാനിയായ ഒരു കുരങ്ങത്താൻഗുരുവിനെ എനിക്കുപദേശിക്കാൻ കിട്ടിയല്ലോ. ഛീ! ധൃഷ്ടാ! ഈദൃശഅധമോപദേശങ്ങൾ എന്റെ മുമ്പാകെ ചെയ്വാൻ തുനിവുററ നീ മൃത്യുവിന്റെ വാതല്പടിക്കൽ എത്തിക്കഴിഞ്ഞു." ഹനുമാൻപറഞ്ഞു—"ശരി നേരേമറിച്ചായിരിക്കും അനുഭവപ്പെടുന്നതു്. നിന്റെ മതിഭ്രമത്തിന്റെ ഫലം ഒരിക്കൽ നീതന്നെ അറിയും. എനിക്കു നിശ്ചയമുണ്ടു്" രാവണൻ കോപാന്ധനായി പല്ലുകടിച്ചു ഞെരിച്ചു, "ആരവിടെ! വേഗം ഈ മൂഢന്റെ കഥകഴിക്കുവിൻ" എന്നു ഗർജ്ജിച്ചു. രാക്ഷസന്മാർ നിഗ്രഹിക്കാനായി മുന്നോട്ടു പാഞ്ഞടുക്കവേ, വിഭീഷണൻ തന്റെ മന്ത്രിമാരുമായി കടന്നുചെന്നു തൊഴുതു "പ്രഭോ! ഇതു രാജനീതിക്കു വിരുദ്ധമാണ്. ദൂതനെ വധിക്കുക ധർമ്മമല്ല മററുപ്രകാരത്തിൽ അവനെ ശിക്ഷിച്ചു പറഞ്ഞയയ്ക്കയാണു വേണ്ടതു്!" എന്നുണർത്തിച്ചു. ശരി, ശരി എന്നു സാമാജികന്മാർ ഐകകണ്ഠ്യേന സമ്മതിച്ചു. രാവണൻ ചിരിച്ചു. "എന്നാൽ ഇവനെ അംഗഭംഗപ്പെടുത്തി വിട്ടയച്ചേക്കുവിൻ. വാനരന്മാർക്കു വാലിനെക്കുറിച്ചാണു് അധികം

പ്രതിപത്തി. അതിന്മേൽ തുണിചുററി എണ്ണയിൽമുക്കി തീകൊളുത്തട്ടെ പുച്ഛഹീനനായി ഇവൻ പോയി തന്റെ സ്വാമിയെ കൂട്ടിച്ചുകൊണ്ടു വരട്ടെ. വളരെഒക്കെ ഇവൻ പുകഴ്ത്തിപ്പറയുന്ന ആ രാമന്റെ ബലം എനിക്കു നേരിൽ കണ്ടറിവാൻ അവസരം ലഭിക്കയും ചെയ്യുമല്ലോ ഈ ജല്പനംകേട്ടു ഹനുമാനു ഉള്ളിൽ ചിരിവന്നു. ശാരദ ഈ അവസരത്തിൽ എന്നെ സഹായിക്കുമെന്നു് എനിക്കു വിശ്വാസമുണ്ടു്. എന്നു് ആത്മഗതംചെയ്തു. രാജകല്പനയനുസരിച്ചു രാക്ഷസപ്പരിഷകൾ ചുററിക്കൂടി. ബാലദഹനത്തിനു വേണ്ട വട്ടങ്ങൾകൂട്ടി പഴന്തുണികൾ കെട്ടിച്ചുമന്നുകൊണ്ടുവന്നിട്ടു. തുണി ചററുന്തോറും രാമദൂതന്റെ വാൽ വളൎന്നുവളൎന്നുവന്നു. പഴന്തുണികളും പുതുത്തുണികളും ലങ്കയിലുള്ളതെല്ലാം ചുററിക്കഴിഞ്ഞു. എന്നിട്ടും വാൽ അവസാനിക്കുന്നില്ലെന്നുകണ്ടു രാക്ഷസന്മാർ വിഷമിച്ചു. ഒടുവിൽ തൈലസേചനം ആരംഭിച്ചു, ഒരുതുള്ളി നെയ്യോ എണ്ണയോ ലങ്കയിൽ ശേഷിക്കാതെ വരുത്തി അഭിഷേകംചെയ്തിട്ടും വാൽ മുഴുവൻ നനഞ്ഞില്ല. ഈ അത്ഭുതപ്രദൎശനത്താൽ വിസ്മിതികളായിത്തീൎന്ന രാക്ഷസന്മാർ രാമദൂതനെ കളിയാക്കാൻ തുടങ്ങി. കാഴ്ചകാണ്മാൻ വന്നുകൂടിയ പുരവാസികൾ കുരങ്ങനെ ചവിട്ടുകയും തൊഴിക്കുകയും പരിഹസിക്കുകയും ചെയ്തു. ഹസ്തതാഡനവും വാദ്യമേളവും മുഴക്കിക്കൊണ്ടു അവർ അവനെ കെട്ടിയെടുത്തു പട്ടണത്തെരുവിൽ ഇറങ്ങി; വാലിനു തീകൊളുത്തി. തീ കത്തിച്ചു എന്നു മനസ്സിലായപ്പോൾ ഹനുമാൻ കൃശശരീരനായി കെട്ടുകളിൽനിന്നു് അയഞ്ഞൂരി കനകക്കൊട്ടാരങ്ങളുടെ മുകളിൽ ചാടിവീണു. രാക്ഷസസ്ത്രീകൾ ഭയസംഭ്രമവിഹ്വലകളായി. ഈ അവസരത്തിൽ ഹരിയാൽ പ്രേരിതങ്ങളായ നാല്പത്തൊൻപതു വായുക്കളും ഊക്കോടെ അവിടെ പ്രവഹിച്ചു. ഹനുമാൻ ഉച്ചൈസ്തരം അട്ടഹസിച്ചലറിക്കൊണ്ടു് ആകാശത്തെ സ്പൎശിക്കത്തക്കവണ്ണം അത്യുന്നതവിപുലമായ ശരീരംധരിച്ചു. വിശാലദേഹനെങ്കിലും വേഗാതിശയത്തോടെ മാളികയോടുമാളികചാടി സഞ്ചാരംതുടങ്ങി. അഗ്നി പററിപ്പിടിച്ചു് ഓരോ കെട്ടിടവും ദഹിച്ചുതുടങ്ങി. അഗ്നിയുടെ വ്യാപ്തി പട്ടണത്തിൽ പരക്കെയായപ്പോൾ നഗരവാസികൾ പരിഭ്രാന്തിയാൽ മതിമറന്നു. കരാളജ്വാലാകീലങ്ങൾ കോടികോടി നിലയങ്ങളിൽ വ്യാപിച്ചുകഴിഞ്ഞു. "അയ്യോ അമ്മോ! അച്ഛാ! എന്റെ നിലവിളികേൾക്കണേ! ഈ സങ്കടത്തിൽനിന്നു നമ്മെ ആരാണു രക്ഷിക്കുന്നതു്? ഞാൻ പറഞ്ഞതുപോലെ ഇവൻ കുരങ്ങനല്ല ദേവന്മാരാരാനും കുരങ്ങന്റെ രൂപത്തിൽ വന്നിരിക്കയാണു്. സജ്ജനാപദേശം കേൾക്കാത്തതിന്റെ ഫലമാണിതു്; ആരും നാഥനില്ലാത്തതുപോലെ പട്ടണം ഇതാ ഭസ്മാവശേഷം ആയിത്തീൎന്നു." ഇത്യാദി പരിദേവനശബ്ദ

ങ്ങൾ പലദിക്കിലും മുഴങ്ങി. വിഭീഷണന്റെ ഭവനംഒഴിച്ചു ലങ്കാരാജധാനിമുഴുവനും നിമിഷനേരംകൊണ്ടു ദഹിച്ചുകഴിഞ്ഞു. ഹേ ഭവാനീ! അഗ്നി ആ ഭവനത്തെമാത്രം മോചിച്ചതിൽ അത്ഭുതപ്പെടാനില്ല. വിഭീഷണൻ ആരെയാണോ ഭക്തിപൂർവം ഉപാസിച്ചുപോരുന്നതു് അദ്ദേഹമാണല്ലോ അഗ്നിയുടെ സ്രഷ്ടാവു്. ലങ്കയെ ഇങ്ങനെ കീഴ്മേൽമറിച്ചു് അഗ്നിജ്വാലകൾക്കു ആഹാരമാക്കിയശേഷം ഹനുമാൻ കുതിച്ചുചാടി സമുദ്രമദ്ധ്യത്തിൽവീണു. വാലിലെ തീ കെടുത്തി വിശ്രാന്തനായി ലഘുരൂപം അംഗീകരിച്ചുപോയി, വൈദേഹിയുടെ മുമ്പിൽ സാഞ്ജലിഹസ്തനായിനിന്നു തൊഴുതു "അമ്മേ! ഭഗവാൻതന്നയച്ചതുപോലെ ഏതെങ്കിലും ഒരു അടയാളം തിരുമുമ്പാകെ സമർപ്പിക്കാൻ തരണമേ" ദേവി ഉടനെ തലമുടിക്കെട്ടിൽ ഗോപിച്ചിരുന്ന ചൂഡാമണി അഴിച്ചെടുത്തു് കൊടുത്തു. ഹനുമാൻ ഹർഷപൂർവം അതുവാങ്ങിവണങ്ങിനിന്നു. സീതപറഞ്ഞു:—

വത്സാ! നമസ്കാരപൂർവം ഞാൻ ഇപ്രകാരം ഉണർത്തിക്കുന്നതായി പറയണം. സർവഥാ പൂർണ്ണകാമനായ ദീനദയാലു എന്നു പ്രസിദ്ധിപെററ, എന്റെ പ്രഭു ഈ സങ്കടഭാരത്തിൽനിന്നും എന്നെ വിമുക്തയാക്കണം. പുത്ര! ജയന്തകാകന്റെ ധിക്കാരചരിത്രം ഉണർത്തി പ്രഭുവിന്റെ ബാണപ്രതാപത്തെ അനുസ്മരിപ്പിക്കുക. ഒരുമാസത്തിനകം എഴുന്നള്ളിവരാത്തപക്ഷം എന്നെ ജീവനോടു കാണ്മാൻ സാധിക്കയില്ലെന്നു പറയുക. ഹേ വായുപുത്രാ! നിന്നെ കാൺകകൊണ്ടാണു് അല്പം ഒരു ആശ്വാസം എനിക്കുണ്ടായതു്. നീ ഇപ്പോൾ യാത്രചോദിക്കുന്നു. ഇനി ഞാൻ എങ്ങനെയാണു പ്രാണസന്ധാരണം ചെയ്യേണ്ടതു്? ഇന്നുമുതൽ രാത്രിയും പകലും എനിക്കു ഒരുപോലെ ആയിരിക്കും.

പ്രാണനാഥനോടു വേർപെടുകകൊണ്ടു ഫണാമണിപോയ സർപ്പത്തെപ്പോലെയും ജലമുക്തമായ മത്സ്യത്തെപ്പോലെയും ഞാൻ ദീനയായി ഭവിച്ചിരിക്കുന്നു. ആപാദചൂഡം അഭിരാമമായ അവിടുത്തെ രൂപം ഞാൻ എന്നാണിനിക്കാണുന്നതു്.? മകുടമണിമണ്ഡിതമായ ശിരസ്സും കുണ്ഡലലോലമായ ശ്രവസ്സും ഭസിതസുഭഗമായ ഫാലതിലകവും നീണ്ടു് ഇടംപെട്ടു മനോഹരമായി ഇളകുന്ന കണ്ണുകളും മധുരമന്ദഹാസവും ജനങ്ങളുടെ മനസ്സിനെക്കവരുന്ന വചനവും തുളസീവിശിഷ്ടമായ കംബുകണ്ഠവും വിസ്തൃതവക്ഷസ്സും കരികരസദൃശ ഭുജങ്ങളും കമലസമാനകരതലങ്ങളും മഞ്ഞപ്പട്ടുടയാടയും ഇനി എന്നു കാണുമോ? മഞ്ജുളമായ ഉപവീതം എന്നുകാണുമോ? വിശേഷോത്തരമായ ചാപവും ബാണങ്ങളും ധരിച്ച ആ വിശിഷ്ടരൂപം എന്നുകാണുമോ? കാണാതെ ഈ ശരീരത്തിൽ പ്രാണങ്ങളെ വച്ചു ഞാൻ കഴിച്ചുകൂട്ടുന്നതെങ്ങനെ? ഹാ! ഹതവിധി!!

ഹനുമാൻ ദേവിയുടെ സങ്കടാവസ്ഥ കണ്ടു സമാശ്വസിപ്പിച്ചു ധൈൎയ്യപ്പെടുത്തുന്നതിന് കഴിയുന്ന ശ്രമം എല്ലാം ചെയ്തു; അനന്തരം പാദപ്പൂക്കളിൽ ശിരസ്സുനമിച്ചുവണങ്ങി വിടവഴങ്ങി വാങ്ങി രാമസവിധത്തിലേക്കു പുറപ്പെട്ടു; പോകുംവഴി അത്യുച്ചമായ ഒരു ഗൎജ്ജനംചെയ്തു മഹാധ്വനിയാൽ രാക്ഷസികളുടെ ഗൎഭം സ്രവിച്ചുപോയി. മഹാസമുദ്രം ഒററക്കുതിപ്പാൽ കടന്നു മറുകരയിൽ എത്തി. തന്റെ ആഗമനത്തെ മററുകപികളെ അറിയിക്കാൻ സന്തോഷകളകളം മുഴക്കി. ഹനുമാനെക്കണ്ടപ്പോൾ കരങ്ങന്മാൎക്കെല്ലാം ചത്തു ജീവിച്ചതുപോലെയുള്ള ഉത്സാഹം തോന്നി. "സ്നേഹിതാ! രാമചന്ദ്രന്റെ കാൎയ്യം കൈവന്നാലല്ലാതെ ഉണ്ടാകാത്ത ദേഹതേജസ്സും മുഖപ്രസാദവും നിന്നിൽ കാണുന്നുവല്ലോ." എന്ന് ഐകകണ്ഠ്യേന അവർ ഉൽഘോഷിച്ചു. ശ്വാസം അടഞ്ഞു കരയ്ക്കു കിടക്കുന്ന മത്സ്യത്തെ വെള്ളത്തിലിട്ടാൽ എങ്ങനെയോ അതുപോലെയുള്ള സന്തോഷം കപികൾക്കുണ്ടായി. ഉടനേ എല്ലാവരുമായി രാമചന്ദ്രനെ കാണാൻ പുറപ്പെടുകയും ആയി. കീഴ്ക്കഴിഞ്ഞ സംഭവങ്ങളെ അന്യോന്യം പറഞ്ഞും രസിച്ചും ആയിരുന്നു അവരുടെ യാത്ര. മധുവനം സമീപിച്ചപ്പോൾ അംഗദന്റെ അനുവാദം വാങ്ങി എല്ലാവരും അതിൽ കടന്നു, മധുരഫലപാകങ്ങൾ ഭക്ഷിച്ചു തുടങ്ങി. തട്ടുതട്ടുതകാവൽക്കാരെല്ലാം മുഷ്ടിപ്രഹരം സഹിക്കവയ്യാതെ. "യുവരാജാവു മധുവനം അഴിച്ചു" എന്നു നിലവിളിച്ചു കൊണ്ടു കിഷ്കിന്ധയിലേക്കു ഓടി. ഈ വൎത്തമാനം കേട്ടപ്പോൾ സുഗ്രീവനു സന്തോഷമാണുണ്ടായതു്. രാമകാൎയ്യം സാധിച്ചു വരുന്നതിന്റെ അടയാളമാണെന്നും സീതാവൃത്താന്തം ലഭിച്ചില്ലായിരുന്നു എങ്കിൽ വാനരസംഘം മധുവനത്തെ അഴിക്കാൻ ഇടയില്ല എന്നും അനുമാനിച്ചു. അതിനിടക്കു് ഹനുമാനും അനുയായികളും വന്നു വണങ്ങിക്കഴിഞ്ഞു. സുഗ്രീവൻ സ്നേഹപൂൎവ്വം അവരെ ഉപചരിച്ചു സ്വീകരിച്ചു് കുശലം പൃഛിച്ചു, പ്രഭോ! അങ്ങേ പാദദൎശനം സിദ്ധിക്കയാൽ ഞങ്ങൾ കുശലികളായി. രാമദേവാനുഗ്രഹത്താൽ എല്ലാം ശോഭനമായി കലാശിച്ചു. സ്വാമികാൎയ്യം സവിശേഷം നിറവേററി ഹനുമാൻ ഞങ്ങളുടെ എല്ലാം ജീവനെ രക്ഷിച്ചു.

ഈ നിവേദനത്താൽ സുഗ്രീവൻ സന്തുഷ്ടനായി ഹനുമാനെ അരികിൽ വിളിച്ചു സ്നേഹപൂൎവ്വം ആശ്ലേഷം ചെയ്തു. അചിരേണ എല്ലാവരുമായി രാമചന്ദ്രനെക്കാണാൻ പുറപ്പെട്ടു. വരവു കണ്ടപ്പോഴേ കാൎയ്യം സാധിച്ചിരിക്കുന്നു എന്നുള്ള സന്തോഷം ശ്രീരാമനുണ്ടായി. സഹോദരന്മാർ ആ അവസരത്തിൽ ഒരു സ്ഫടികശിലയിൽ വിശ്രമിക്കയായിരുന്നു. കപികൾ സംഘമായി സമീപ

ത്തിൽ ചെന്നു പാദനമസ്കാരം ചെയ്തുനിന്നു. കൃപാനിധിസ്നേഹപൂർവ്വം എല്ലാവരേയും തൃക്കൺപാർത്ത് കുശലപ്രശ്നത്താൽ സൽക്കരിച്ചു. "നാഥാ! തൃപ്പാദദർശനത്തിനു ഇപ്പോൾ ഭാഗ്യം സിദ്ധിക്കയാൽ ഞങ്ങൾക്കു കുശലം തന്നെ"യെന്നു കപികൾ ഉൽഘോഷിച്ചു. ജാംബവാൻ പറഞ്ഞു:—പ്രഭോ! നിന്തിരുവടിയുടെ കൃപാകണികകൾ ഏൽക്കുന്നതിനു ഭാഗ്യം എത്തുന്ന പുണ്യശാലികൾ നിത്യനിരന്തര കുശലമുള്ളവരായിത്തന്നെ ഭവിക്കും. അവരിൽ സുരനര മുനിവൃന്ദങ്ങൾ പ്രസാദിക്കും. അവര വിജയികളാണെങ്കിലും വിനയികളും സൗശില്യാദി ഗുണങ്ങൾക്കു നിധികളുമായിരിക്കും. സ്വച്ഛമായ അവരുടെ യശസ്സു ലോകത്രയത്തെ ശുഭ്രമാക്കിവിളക്കും. സ്വാമ കൃപയാൽ സർവ്വകാര്യവും നിർവ്വഹിക്കാൻ സംഗതിയായി. സേവകരായ ഞങ്ങളുടെ ജന്മവും ഇന്നു സഫലമായി. ദേവാ! ഹനുമാന്റെ അപദാനങ്ങൾ ആയിരം നാവുകളാൽ വർണ്ണിച്ചാലും അവസാനിക്കയില്ല.

ഈ പ്രസ്താവനയോടുകൂടി ഹനുമാന്റെ പ്രധാന വീരകൃത്യങ്ങളെല്ലാം ഉണർത്തിച്ചു. രഘുപതിയുടെ ഹൃദയത്തിൽ സന്തോഷക്കുളിരമൃതം നിറഞ്ഞു. അവിടുന്ന് ആയതഭുജവല്ലികളാൽ ഹനുമാനെ തിരുമാറിൽ അണച്ചാശ്ലേഷംചെയ്തു. "വത്സാ! വൈദേഹിയുടെ വൃത്താന്തം പറയൂ! അവളുടെ അവസ്ഥ എന്തു? പ്രാണങ്ങളെ ദേഹത്തിൽ സൂക്ഷിച്ചു വച്ചിരിക്കുന്ന വിദ്യ എന്തു?"

"പ്രഭോ! നിന്തിരുവടിയുടെ നാമം രാപ്പകൽ ദേവിക്കു കാവൽ നില്ക്കുന്നു. ധ്യാനരൂപമായ കവാടം സുദൃഢം ബന്ധിച്ചിരിക്കുന്നു കൺപൂട്ടും ചങ്ങല എപ്പോഴും കാലിൽ കെട്ടിയുറപ്പിച്ചിട്ടും ഉണ്ട്. പിന്നെ ജീവൻ വെളിയിൽകടക്കുന്ന വഴി ഏത്? അടിയൻ യാത്ര വഴങ്ങിയ സമയം ജയന്തകാകന്റെ ചരിതം ഇവിടെ അനുസ്മരിപ്പിക്കണമെന്നു ദേവി കല്പിക്കയുണ്ടായി. ചികുര ഭാരത്തിൽ നഗോപിച്ചിരുന്ന ഈ ചൂഡാരത്നം തിരുമുൽകാഴ്ചയായി സമർപ്പിക്കാൻ അർപ്പിക്കയും ചെയ്തു."

രഘുവംശമണി ആ മണിരത്നം വാങ്ങി തിരുമാറിൽ അമർത്തി അണച്ചു; നയനങ്ങളിൽ ബാഷ്പധാരപെരുകി "മാരുതേ! മഹീപുത്രി വല്ല സന്ദേശവും പറഞ്ഞയക്കയുണ്ടായോ?

"സ്വാമിൻ! ദേവി അരുളിച്ചെയ്തതു ഇങ്ങനെയാണ് "സാനുജനായ പ്രഭുവിന്റെ ചരണങ്ങളെ ഞാൻ ഗ്രഹിക്കുന്നു. ദീനബന്ധോ! പ്രണതാർത്തിഹരണാ! സർവ്വാത്മനാ അങ്ങേക്കു ഞാൻ അധീനതന്നെയല്ലോ എന്തൊരപരാധത്തിനായി അവിടുന്നു എന്നെ ത്യജിച്ചു. ഒരപരാധം എന്നിൽ ഇല്ലെന്നില്ല അതു ഞാൻ അറിയുകയും ചെയ്യുന്നു. നിന്തിരുവടിയെ വേർപിരിഞ്ഞിട്ടും ജീവസന്ധാ

രണം ചെയ്‌വാൻ എനിക്കു സംഗതിയായതു അതുനിമിത്തമാണു്. പ്രാണനാഥാ സത്യത്തിൽ ആ അപരാധം എന്റേതല്ല. ഹതങ്ങളായ ഈ കണ്ണുകളുടേതാണു്. ദീർഘശ്വാസ സമീരൻ നിമിഷം പ്രതി ഊതി ഊതി വർദ്ധിപ്പിക്കുന്ന വിരഹാഗ്നി ഉള്ളിൽ കത്തിക്കാളി പഞ്ഞിപോലെ ലഘുദാഹ്യമായ ഈ ശരീരത്തെ പണ്ടേയ്ക്കു പണ്ടേ ഭസ്മിപ്പിച്ചേനേ. എന്നാൽ നിരർഗ്ഗളം പ്രവഹിക്കുന്ന ബാഷ്പധാര ദേഹം നനച്ചു നനച്ചിരിക്കയാൽ തീ പിടിക്കാൻ ഇടയാകാതെ കഴിയുന്നു. കഷ്ടം! കണ്ണുകൾ ചെയ്യുന്ന അപരാധം എന്റെ കഷ്ടപ്പാടിനെ ദീർഘിപ്പിക്കുന്നു."

നാഥാ! അങ്ങേ ചിത്തം കരുണാമസൃണവും ദേവിയുടെ ദുഃഖം കഠിനകഠിനവും ആകകൊണ്ടു അതു വിസ്തരിക്കാതിരിക്കുന്നതാണു നന്നു്. കരുണായതനാ! ഇനി താമസിക്കുന്ന ഓരോ നിമിഷവും ഓരോ കല്പകാലം പോലെ അടിയനു തോന്നുന്നു. ക്ഷണേന പുറപ്പെട്ടു പ്രബലബാഹുവിക്രമത്താൽ സകല രാക്ഷസസംഹാരം ചെയ്തു ദേവിയെ മോചിച്ചാലും."

പത്നിയുടെ പരിദേവനപ്രകാരങ്ങൾ കേൾക്കെ കേൾക്കേ, രാമചന്ദ്രന്റെ താമരപ്പൂങ്കണ്ണുകളിൽ ബാഷ്പധാരകളും തള്ളിഒഴുകി "വായുപുത്രാ! ഒരു ഭക്തൻ ത്രിവിധകരണങ്ങളെക്കൊണ്ടും എന്റെ ഗതിയെ പിന്തുടരുകയാണെങ്കിൽ ഭാഗ്യഹാനിയെപ്പററി അവൻ പിന്നെ എന്തറിയാനിരിക്കുന്നു."

"പ്രഭോ! അങ്ങേ ഭജനവും സ്മരണവും ചെയ്യാതിരിക്കുന്നതത്രേ ഭാഗ്യദോഷം. മററു ദോഷങ്ങൾ ഇല്ലെന്നാണു് അടിയനു പക്ഷം. രാക്ഷസക്കൂട്ടം എന്റെ പ്രഭുവിന്റെ മുമ്പിൽ എത്ര തുച്ഛം. സകലം ആ സംഘത്തെ സംഹരിച്ചു ദേവിയെ മീളുവാൻ അവിടേക്കു എന്തു പ്രയാസം?"

"ഹേ കപീശ്വരാ! സുരനരമുനിദേഹധാരികളിൽ ആരും തന്നെ നിന്നെപ്പോലെ എനിക്കു ഉപകാരം ചെയ്തിട്ടില്ല. എന്തൊരു പ്രത്യുപകാരമാണു നിനക്കു ഞാൻ ചെയ്യേണ്ടതു. ഒന്നും തോന്നുന്നില്ല. വത്സ! പറയൂ! നിന്നോടെനിക്കുള്ള കടപ്പാടു വിസ്മരിക്കത്തക്കതല്ല; എന്തു ചെയ്‌വാൻ കഴിയും എന്നു ഞാൻ നോക്കാം.

ദേവാധിദേവനായ രഘുരാജൻ ഇപ്രകാരം അരുളിച്ചെയ്തിട്ടു ഹനുമാനെ നോക്കുംതോറും കണ്ണുകളിൽ ബാഷ്പവും ശരീരത്തിൽ പുളകവും ഉദ്ഗമിച്ചു. ഹനുമാൻ ഭഗവന്മുഖത്തെ ദർശിച്ചു ആനന്ദനിമഗ്നനായി, പ്രേമപാരവശ്യത്തോടേ "ഭഗവാനേ! രക്ഷിക്കണേ! രക്ഷിക്കണേ!" എന്നുച്ചരിച്ചുകൊണ്ടു തൃപ്പാദങ്ങളിൽ നമസ്കരിച്ചു.

രഘുപതി ആ ഭക്തോത്തമനെ പിടിച്ചെഴുന്നേല്പിക്കാൻ പലവുരു ശ്രമിച്ചിട്ടും പ്രേമാമൃതപ്രവാഹത്തിൽ മുങ്ങി മയങ്ങിക്കിട

ന്ന വായുപുത്രൻ എഴുന്നേൽക്കാൻ ശക്തനായില്ല. ഈ അവസരത്തിൽ കപീശ്വരൻെറ ശിരസ്സിൽ നിഹിതമായ പാണിപങ്കജത്തോടുകൂടിയ പ്രഭുവിനെ പരമശിവൻ അല്പസമയം ഹൃദയത്തിൽ ധ്യാനിക്കയാൽ ഭക്തിരസമഗ്നനായി മൌനമുദ്രയെ അവലംബിച്ചു. അനന്തരം സാവധാനം മനസ്സിനെ നിയന്ത്രിച്ചതിനുശേഷം ജഗന്മോഹനമായ കഥാകഥനം ആരംഭിച്ചു "ഹേ ഭവാനി! ഭഗവാൻ വായുപുത്രനെപ്രയത്നേന പിടിച്ചെഴുന്നേൽപ്പിച്ചു മാറത്തണച്ചു തഴുകി പിടിച്ചു സമീപത്തിലിരുത്തി "മാരുതേ! രാവണരക്ഷിതമായ ലങ്കാദുർഗ്ഗത്തിൻെറ വൈചിത്ര്യങ്ങൾ വിവരിച്ചു കേട്ടാൽ കൊള്ളാമെന്നുണ്ട്. ദുരാസദമായ ആ കോട്ടയെ ഭസ്മീകരിക്കാൻ നീ ശക്തനായതെങ്ങിനേ?" പ്രഭുവിൻെറ പ്രസന്നഭാവം നോക്കി ഹനുമാൻ അല്പവും അഭിമാനം ഭാവിക്കാതെ പറഞ്ഞു. "പ്രഭോ! കേവലം ഒരു കുരങ്ങിൻെറ ശക്തി പരിമിതമല്ലേ? വൃക്ഷങ്ങളിൽ കൊമ്പോടുകൊമ്പു എത്തിച്ചാടാമെന്നല്ലാതെ മററൊന്നിനും അവൻ ആളല്ല. എന്നെസംബന്ധിച്ചും ബലവേഗങ്ങൾ നോക്കയാൽ അതിലധികമൊന്നുമില്ല സമുദ്രം ചാടിക്കടന്ന് ആ സ്വർണ്ണപുരിയിൽ എത്തിക്കൂടി അതിനെ ദഹിപ്പിച്ചു രാക്ഷസക്കൂട്ടത്തെ ഒടുക്കി പൂങ്കാവും അഴിച്ചു നിർബാധമായി മടങ്ങിപ്പോന്ന സാമർത്ഥ്യമെല്ലാം പ്രഭോ! രഘുരാജ! നിന്തിരുവടിയുടേതാണ്. അണുമാത്രവും എൻെറതില്ല. ഭഗവാനേ! അങ്ങേ അനുകൂല്യം ഉള്ള പ്രാണികൾക്കു അസാദ്ധ്യമായി ലോകത്തിൽ ഒന്നുമില്ല. അങ്ങേ പ്രതാപസമുദ്രാഗ്നിക്കു ഖലസമൂഹം കേവലം ഒരു പഞ്ഞിക്കെട്ടുതന്നെയാണ്. അഥവാ അങ്ങേ അനുഗ്രഹമുണ്ടെങ്കിൽ ഒരു പഞ്ഞിക്കെട്ടു സമുദ്രാഗ്നിയെ ദഹിപ്പിക്കാൻ ശക്തമായിത്തീരുന്നതുമാണ്" * ഈ വാക്കുകൾ പ്രഭുവിന്ന് അത്യന്തം സുഖദമായിരുന്നു. ഹനുമാൻ മനസാവാചാകർമ്മണാ തൻെറ ഉത്തമഭക്തനാണെന്നും അറിഞ്ഞു. "പുത്രാ! അഭീപ്സിതമായ വരത്തെ ഇപ്പോൾ നീ ചോദിച്ചോളു. നിന്നെ ഞാൻ എന്നേക്കും അനുഗൃഹീതനാക്കിചെയ്യാം!"

നാഥാ! സർവ്വസുഖങ്ങളേയും നൽകുന്നതു് നിന്തിരുപ്പാദഭക്തി ഒന്നു മാത്രമാണ്. ദയചെയ്തു അനപായിനിയായ ആ ഭക്തിയെത്തന്നെ എനിക്കു പ്രദാനം ചെയ്യണമേ" പരമസരളമായ ഈ അഭ്യർത്ഥനം രഘുപതി അനുവദിച്ചനുഗ്രഹിച്ചു; ഹേ ഭവാനീ! രാമചന്ദ്രൻെറ ഭക്തവാത്സല്യം അറിയുന്നവൻ ആ തിരുവടികളെ ഒഴിച്ചു

---

* തവ് പ്രതാപ് ബഡവാനലഹം ജാൻസനകെബല്ഗല് "എന്ന മൂലം അതിനു എനിക്കു തോന്നിയ അർത്ഥം ആദ്യം കൊടുത്തിരിക്കുന്നു. ഇംഗ്ലീഷുതർജ്ജമ മറിച്ചാണെ കാണുന്നതു്. അതും പ്രകൃതത്തിന്നു യോജിക്കുന്നതാകയാൽ, ധികമല്ലാത്ത ചേർത്തിരിക്കുകയാണ്.

മററാരെത്തന്നെ ഭജിക്കാൻ ഇഷ്ടപ്പെടും? ഈ വിശ്വാസം ഉള്ളിൽ ഉണ്ടാകുന്നവൻപോലും രഘുപതിയുടെ പരമപദഭക്തനായിത്തീരുന്നു. പ്രഭുവിൻെറ അനുഗ്രഹവചനം കേൾക്കവേ മററു കപികളെല്ലാം "ജയജയകൃപാനിധേ! സുഖദായകാ" എന്ന് ആക്രോശിക്കയായി. ഈ അവസരത്തിൽത്തന്നെ ഭഗവാൻ സുഗ്രീവനെ വിളിച്ചു യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾ ചെയ്യാൻ ആജ്ഞാപിച്ചു. "നിമിഷംപോലും താമസിക്കാൻ കാരണമില്ല. ക്ഷണത്തിൽ വാനരന്മാരെ നിയോഗിക്കുക" എന്നു നിഷ്കൃഷ്ടിച്ചു. ആകാശസ്ഥന്മാരായ ദേവന്മാർ സംഭവഗതികളെല്ലാം നോക്കി സന്തോഷപൂർവ്വം പുഷ്പവൃഷ്ടി തൂകി സ്വസ്ഥാനങ്ങളിലേക്കു ഉൽപതിക്കുകയും ചെയ്തു.

സുഗ്രീവൻെറ നിയോഗം അനുസരിച്ച് നാനാവർണ്ണന്മാരും അതുലബലശാലികളും ആയ വാനരഭല്ലൂകസംഘങ്ങൾ അവിടെ ഹാജരായി. ഭല്ലുകന്മാർ നിരന്തരം ഗർജ്ജിക്കശീലമുള്ളവരും വാനരന്മാർ അദ്വിതീയവിക്രമശാലികളും ആയിരുന്നു. ഇരുക്കൂട്ടരും ഒത്തുചേൎന്നുവന്ന് സ്വാമിപാദം വണങ്ങിനിന്നു. രാമചന്ദ്രൻ കപിസേനയിൽ ആകമാനം കരുണാകടാക്ഷപീയൂഷം വർഷിച്ചു. ചിറകുകിട്ടിയ മേരുമലപോലെ കുരങ്ങന്മാരെല്ലാം രാമകൃപയാൽ പൂർവ്വാധികം ബലിഷ്ഠന്മാരായി. ഭഗവാൻ അപ്പോൾത്തന്നെ പ്രസ്ഥാനം ആരംഭിക്കയും ആയി. ശകുനങ്ങളെല്ലാം സുന്ദരവും ശോഭനവുമായി കണ്ടു. ഭഗവാൻ സകലമംഗലമയനല്ലേ? അവിടുത്തെ പ്രയാണത്തിൽ, ശുഭശകുനങ്ങളേർപ്പെട്ടതിൽ അതിശയിക്കാനെന്തിരിക്കുന്നു? സീതയ്ക്കു ശുഭസൂചകമായ ഇടതുഭാഗം തുടിച്ചു. ഭർത്താവു പുറപ്പെട്ടിട്ടുണ്ടെന്നു ആ ബുദ്ധിമതി ഉടനെ ഊഹിച്ചുകഴിഞ്ഞു. ദേവിക്കു ശുഭശകുനമായി ചേൎന്നതെല്ലാം രാവണനു വിപരീതമായിത്തീൎന്നു. കപിസംഘത്തിൻെറ യാത്രാകോലാഹലം ആരാലും വർണ്ണിക്കാവുന്നതല്ല. നഖായുധന്മാരായി പർവതങ്ങളും പാദപങ്ങളും പുഴക്കിയെടുത്തു ഗർജ്ജിച്ചും ആകാശത്തിലും ഭൂഭാഗത്തിലും സ്വച്ഛന്ദം മാറിമാറിസഞ്ചരിച്ചും ദിഗന്തങ്ങൾ സിംഹനാദങ്ങളാൽ ആപൂരിച്ചും ബലവേഗവിക്രമങ്ങളെ പ്രകടിപ്പിച്ചു. ശബ്ദഘോഷംകേട്ടു ദിഗ്ഗജങ്ങൾ സംഭ്രമിച്ചുപോയി. മലകൾ കുലുങ്ങി സമുദ്രങ്ങൾ അലറി കലങ്ങി. ആദിത്യചന്ദ്രന്മാരും സുരമുനിനാഗകിന്നരസംഘങ്ങളുമെല്ലാം ആസന്നമായ മംഗലോദയത്തെ പ്രതീക്ഷിച്ചു സന്തോഷസാഗരത്തിൽ മുങ്ങി. വികടോൽക്കടന്മാരായ മൎക്കടഭടന്മാർ, രഘുപതിയുടെ പ്രബലപ്രതാപത്തേയും ഗുണഗണങ്ങളേയും വാഴ്ത്തി വാഴ്ത്തി, കടകടാരാവത്തോടെ കോടിക്കണക്കിനു തിക്കിത്തിരക്കി നടന്നുകൊണ്ടിരുന്നു. ആദിശേഷൻ ഭാരംതാങ്ങാൻ ശക്തനാകാതെ പലപ്രാവശ്യം മോഹിച്ചു തലതല്ലി. എങ്കിലും ഓരോതവണയും ആ

ദിക്രമ്മത്തിന്റെ പൃഷ്ഠാസ്ഥിയിൽ പല്ലുകൾ ഊന്നിയുറപ്പിച്ചു തല പൊക്കി രക്ഷപ്പെടാൻ സാധിച്ചു. അതുകണ്ടാൽ രഘുപതിയുടെ പരമസുഖാവഹമായ രുചിരപ്രയാണവൃത്താന്തം സർപ്പേന്ദ്രൻ മനസ്സിലാക്കി, മാഞ്ഞുപോകാതിരിക്കത്തക്കവണ്ണം ഒരിക്കലും ലയമില്ലാത്ത ആമത്തോട്ടിൽ പൽപേനകൊണ്ടു മുറയ്ക്കു മുറയ്ക്കു കുറിച്ചുവയ്ക്കയാണോ എന്നു തോന്നും.

കൃപാനിധി ഇപ്രകാരം യാത്രതുടർന്നുപോയി, ദക്ഷിണസമുദ്രതീരത്തിൽ എത്തിച്ചേർന്നു; ഭല്ലൂകവാനരവീരന്മാർ അവിടെകണ്ട കായ്കനികളെല്ലാം പറിച്ചുതിന്നു വിശപ്പടക്കിനിന്നു.

ഹനുമാൻ ലങ്കാദഹനംകഴിച്ചു പുറപ്പെട്ടുപോന്നതിൽ പിന്നെ രാക്ഷസന്മാർക്കു മനഃസുഖമുണ്ടായില്ല ഭയവേപിതനായി ഓരോരുത്തനും വീട്ടിൽതന്നെ ഇരുന്നു "ഹാ! ദൂതുപറവാൻ വന്നവൻ, ഇത്രമാത്രം വിക്രമിയായിരിക്കെ അവന്റെ യജമാനൻ കടന്നുവന്നാൽ നമുക്കു രക്ഷയെന്തു്? എന്നു് അന്യോന്യം മന്ത്രിച്ചു. ജനങ്ങളുടെ ഈ സംസാരം മണ്ഡോദരി അറിഞ്ഞു ഭയപ്പെട്ടു. പരിഹാരമാർഗ്ഗം കാണാതെ പരിതാപത്തോടേ പതിയുടെ പാദങ്ങളിൽ വീണു് സമഞ്ജസമാംവണ്ണം പറഞ്ഞു:—"രാജരാജ! ഹരിയിലുള്ള വിരോധം പരിഹരിച്ചു അത്യന്തം ഹിതമായ എന്റെ ഉപദേശത്തെ മനസ്സിൽ ധരിക്കുക. പ്രഭോ! അവന്റെ ഒരു ദൂതൻ ഇവിടെ കാട്ടിക്കൂട്ടിയ വിക്രമങ്ങൾ വിസ്മരിച്ചുവോ? അതോർക്കുമ്പോൾതന്നെ രാക്ഷസികൾക്കു ഗർഭംസ്രവിക്കുന്നു. ആത്മരക്ഷയെ അങ്ങു കരുതുന്നുണ്ടെങ്കിൽ മന്ത്രിമാരുമായി ആലോചിച്ചു് രാമന്റെ ഭാര്യയെ ഉടനെ കൊടുത്തുകളയുക. അങ്ങേകുലകമലിനിക്കു ശീതളനിശയാണു് ഈ സീത. ഭർത്താവേ! ഞാൻ പറയുന്നു. ഇവളെ വിട്ടുകൊടുത്തില്ലെങ്കിൽ ശിവനും ബ്രഹ്മാവും ആരും അങ്ങേ രക്ഷിപ്പാൻ ആളാകയില്ല. രാമബാണസർപ്പങ്ങൾക്കു രാക്ഷസന്മാർ തവളക്കൂട്ടമാണു്. അണുവും താമസിക്കാതെ—ആ സർപ്പത്തിന്റെ വായിലകപ്പെടാതെ—വേണ്ടതു ചെയ്തുകൊൾക! ഈ അഭ്യർത്ഥന കേൾക്കവെ, പ്രസിദ്ധാഭിമാനിയായ രാവണൻ ഉച്ചത്തിൽ ചിരിച്ചു. സ്ത്രീകൾ പ്രായേണ സഭയസ്വഭാവികളാണു് മംഗലകാലത്തിലും അവരുടെ മനസ്സു് അമംഗലമായിത്തന്നെ ഇരിക്കും. മരഞ്ചാടികൾ സംഘംചേർന്നു വന്നാലെന്തു്? ആ ക്ഷുദ്രജന്തുക്കളെ രാക്ഷസന്മാർ പിടിച്ചു വിഴുങ്ങാനല്ലാതുണ്ടോ? ഭദ്രേ! എന്നെ ലോകപാലന്മാർപോലും ഭയപ്പെട്ടിരിക്കയാണു്. ആ എന്റെ പട്ടമഹിഷി പേടിക്കുന്നു എന്നുവന്നാൽ എനിക്കു കുറച്ചിലാവും: ഇങ്ങനെ പറഞ്ഞു ചിരിച്ചുകൊണ്ടു മണ്ഡോദരിയെ മാറത്തണച്ചു; അനന്തരം അത്യന്തം ഉദ്ധതനായി മന്ത്രസഭയിലേക്കു നടന്നു. മണ്ഡോദരിക്കു ഈ സമാധാനങ്ങൾ ഒ

നും മനസ്സിൽ കടന്നില്ല. കഷ്ടം! ഭൎത്താവിനു വിധിവിപരീതമൊ? എന്നു ദുഃഖിച്ചു. രാവണൻ ആസ്ഥാനമണ്ഡപത്തിൽ കടന്നു സിംഹാസനത്തിൽ ഇരുന്ന നിമിഷത്തിൽതന്നെ വാനരസൈന്യത്തിന്റെ സമുദ്രലംഘനവൎത്തമാനം കേട്ടു അവിടെ ഉചിതമായ കരണീയം എന്തെന്നു് അവൻ മന്ത്രിമാരോടു ചോദിച്ചു. അതുകേട്ടു സഭാസ്ഥിതന്മാർ ചിരിച്ചു. പ്രഭോ! വിശേഷിച്ചു കരണീയം എന്തിരിക്കുന്നു. നിഷ്പ്രയാസം സുരാസുരന്മാരെ ജയിച്ച അവിടുത്തേക്കു മനുഷ്യരും കുരങ്ങുകളും എത്ര നിസ്സാരം! എന്നു പുച്ഛിച്ചു പറഞ്ഞതിനുശേഷം അവർ ഓരോരുത്തരും താന്താങ്ങളുടെ ബലവീൎയ്യവേഗങ്ങളെ വൎണ്ണിച്ചുതുടങ്ങി. അതികായൻ, മേഘനാദൻ, കുംഭൻ, നികുംഭൻ മുതലായവരെല്ലാം ലോകം നിൎമ്മാനുഷവും നിൎവാനരവും ആക്കിക്കളയാം എന്നു സത്യംചെയ്തു.

മന്ത്രിയും വൈദ്യനും ഗുരുവും ഭയത്താലൊ ആശയാലൊ ഇഷ്ടം പറയാൻ തുടങ്ങിയാൽ ആ രാജാവിന്റെ രാജ്യവും ധൎമ്മവും ദേഹവും, നശിക്കും എന്നാണല്ലോ ധൎമ്മശാസ്ത്രം പറയുന്നതു്.

രാവണന്റെ സഹായന്മാരെല്ലാം ഇത്തരക്കാർ ആയിരുന്നു. അവർ എപ്പോഴും ഏതുകാൎയ്യത്തിലും അവന്റെ ഹിതംതന്നെ പറഞ്ഞുവന്നു. ഈ അവസരംനോക്കി വിഭീഷണൻ മുമ്പോട്ടുവന്നു ജ്യേഷ്ഠനെ തൊഴുതു രണ്ടാമതും ഒന്നു വണങ്ങിപ്പോയി ആസനത്തിൽ ഉപവേശിച്ചു്, ജ്യേഷ്ഠന്റെ അനുവാദം വാങ്ങി പറകയാണു്:—"പ്രഭോ! അങ്ങു ദയാപുരസ്സരം എന്റെ അഭിമതം അറിവാൻ ആവശ്യപ്പെട്ടതനുസരിച്ചു യഥാമതി ഉണൎത്തിക്കുന്നു. സ്വന്തം ശുഭത്തേയും സുഖത്തേയും കീൎത്തിയേയും ബുദ്ധിയേയും ആത്മഗതിയേയും അങ്ങു് ഇച്ഛിക്കുന്നു എങ്കിൽ ചതുൎത്ഥിനാളിലെ ചന്ദ്രക്കലയെന്നപോലെ പരനാരിയെ തിരസ്കരിച്ചു അവളിൽനിന്നു മുഖം തിരിക്കുക! ത്രിഭുവനങ്ങൾക്കും അധിപതിയായി ഒരുത്തൻ ഇരുന്നാലും ഭൂതദ്രോഹത്തിനു ഒരുമ്പെട്ടുന്നതു ശരിയല്ല. ഒരു പുരുഷൻ നാഗരനും ഗുണസാഗരനും ആകട്ടെ, ലോഭലേശം ഉണ്ടെന്നു കണ്ടാൽ ആരും അവനെ മാനിക്കയില്ല. നാഥാ! കാമ, ക്രോധ, മദ, ലോഭങ്ങളെല്ലാം നരകത്തിലേക്കുള്ള വഴികളാണു്. അവറ്റെയെല്ലാം ത്യജിച്ചു സാധുസേവ്യമായ രഘുരാജപദത്തെ ഭജിക്കുക. ജ്യേഷ്ഠാ! രാമൻ ഒരു മനുഷ്യരാജനല്ല. ജ്ഞാനമയനും അജനും ഭുവനനാഥനും ആയ ഭഗവാനാണു്. വ്യാപകവും, അജിതവും അനാദിയും ആയ ബ്രഹ്മം ആണു്. കാലന്റെതന്നെ കാലനാണു് അദ്ദേഹം. സൃഷ്ടികൎത്താവിന്റെ സ്രഷ്ടാവുമത്രേ, ഭൂമിക്കും ബ്രാഹ്മണൎക്കും പശുക്കൾക്കും ദേവന്മാൎക്കും ഹിതകാരി, സുജനരഞ്ജനത്തിനും ഖലഭഞ്ജനത്തിനും ആയി അവിടുന്നു്, വേദധൎമ്മദേവരക്ഷകനായ ആ കൃപാനിധി, മനു

ഷ്യരൂപം എടുത്തു ഇപ്പോൾ ഭൂമിയിൽ അവതരിച്ചിരിക്കയാണ്. വൈരംകളഞ്ഞു അദ്ദേഹത്തിൻെറ തൃക്കാൽക്കൽ നമസ്കരിക്കുക. രഘുരാജൻ പ്രണതാർത്തി ഭഞ്ജനനാണ്. തൊഴുതപേക്ഷിച്ചാൽ ശത്രുക്കളായാലും അദ്ദേഹം രക്ഷിക്കും. പ്രഭോ! സീതയെ തിരിച്ചു കൊടുത്തു നിഷ്കാമനായി അദ്ദേഹത്തെ ഭജിക്കുന്നതു് നന്ന്. ഭുവനദ്രോഹകരമായ പാപംചെയ്തവനായാലും ശരണം പ്രാപിച്ചാൽ പ്രഭു ഉപേക്ഷിക്കയില്ല. ഹേരാവണാ! താപത്രയനാശനൻ എന്ന് വിഖ്യാതമായ നാമത്താൽ അലംകരിക്കപ്പെട്ട ആദിനായകൻ ആരോ അദ്ദേഹംതന്നെയാണ് നമ്മുടെ മുമ്പിൽ ഇപ്പോൾ പ്രത്യക്ഷം അവതരിച്ചിരിക്കുന്ന രാമൻ.

ഞാൻ വീണ്ടും വീണ്ടും അങ്ങേ പാദപത്മങ്ങളിൽ ശിരസ്സുധമിച്ചു പ്രാർത്ഥിക്കുന്നു. മാനമോഹമദങ്ങളെ പരിഹരിക്കുക! കോസലാധീശനെ ഭജിക്കുക. ഈ നിവേദനം പുലസ്ത്യമഹർഷി ഒരു ദൂതൻമുഖേന എന്നെ അറിയിച്ചതാണ്. അതു തിരുമനസ്സുണർത്തിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചു."

വിഭീഷണൻെറ സാരോപദേശം രാവണൻെറ മന്ത്രിപ്രധാനന്മാരിൽ ഒരുവനായ മാല്യവാനു സന്തോഷമായി. അയാൾ രാവണനെ നോക്കി "പുത്രാ! നിൻെറ അനുജൻ ഉപന്യസിച്ച സാരപൂർണ്ണമായ നീതിവാക്യം നിനക്കു നന്മയുള്ളതാണ്. അതിനെ സ്വീകരിക്കൂ!" എന്നു പറഞ്ഞു. രാവണൻെറ മുഖം ചുവന്നു. ശത്രുസ്തുതിചെയ്യുന്ന ഈ ദുഷ്ടന്മാരെ പിടിച്ചു വെളിയിൽ ഇറക്കാൻ ആരുമില്ലേ? എന്നവൻ ഗർജ്ജിച്ചു. മാല്യവാൻ അപ്പോഴെ അവിടെനിന്നുപോയി. ഭ്രാതൃസ്നേഹിയായ വിഭീഷണൻ രണ്ടാമതും തൊഴുകൈകൂപ്പി പറയുകയാണ്. "പ്രഭുവേ! സൽബുദ്ധിയോ ദുർബുദ്ധിയോ രണ്ടിൽഒന്നു സകലജന്തുക്കൾക്കും പ്രകൃതിസിദ്ധമായതാണ് വേദങ്ങളും പുരാണങ്ങളും ഈ വാസ്തവത്തെ സത്യവൽകരിക്കുന്നുമുണ്ട്. സൽബുദ്ധിയുള്ളവർക്കു സകലവിധമായ സമ്പത്തും ദുർബുദ്ധികൾക്കു നാനാമുഖമായ ആപത്തും അനുഭവപ്പെടുന്നു. അങ്ങേ ഹൃദയത്തിൽ വിപരീതയായ ദുർബുദ്ധിതന്നെ വിളഞ്ഞുനിൽക്കുന്നു. അതുനിമിത്തം ശത്രുക്കളെ ബന്ധുക്കളായും ബന്ധുക്കളെ ശത്രുക്കളായും ഭാവിക്കുന്നു. രാക്ഷസകുലകാളരാത്രിയായ സീതാദേവിയിൽ ഇത്രമാത്രം അഭിലാഷം അങ്ങേക്കുദിച്ചതും ഇതുനിമിത്തമാണെന്നു ഞാൻ വിചാരിക്കുന്നു. ജ്യേഷ്ഠാ! ഞാൻ കൈകൾകൂപ്പി കാലടിപണിഞ്ഞു് അപേക്ഷിക്കുന്നു. എൻെറ വാക്കുകൾ ഹിതങ്ങളാണെന്നറിഞ്ഞു് സീതയെ രാമചന്ദ്രനു നൽകേണമേ! അതു് അങ്ങേക്കു ശ്രേയസ്കരമായി ഭവിക്കും!!

വിഭീഷണൻെറ വാക്കുകൾ നീതിപരങ്ങളും വേദപുരാണസജ്ജന സമ്മതങ്ങളും ആയിരുന്നുവെങ്കിലും രാവണൻെറ കാതുകൾക്കു് ശൂലസമാനമായിത്തോന്നി. അവൻ ക്രുദ്ധനായി ചാടി എഴുന്നേററു "ദുഷ്ടാ! നീ മരണപ്പടിവാതിൽ കടക്കാറായി. നീ ഇതു വരെ ജീവിച്ചതുതന്നെ എൻെറ കരുണ കൊണ്ടു്. എന്നിട്ടും മൂഢതയുടെ തികവു നിമിത്തം നിൻെറ മനസ്സ ശത്രുപക്ഷം പിടിച്ചുനില്ക്കുന്നു. ഖല! ഈ ഭുവനത്രയത്തിൽ ഭുജ, ബലത്താൻ ഞാൻ കീഴടക്കാത്ത ഒരു ജീവിയെ നിനക്കുപറയാമോ? നീ എൻെറ രാജധാനിയിൽ താമസിക്കുന്നു എന്നിട്ടും താപസന്മാരിൽ പ്രീതികാണിക്കുന്നു.? അവരുടെ പക്ഷത്തിൽ പ്രാൎത്ഥന നടത്താൻ നീ ആഗ്രഹിക്കുന്നെങ്കിൽ പോയി അവരോടു ചേരുന്നതായിരുന്നു നന്നു്." ഇങ്ങനെ അധിക്ഷേപിച്ചിട്ടു കോപാന്ധനായ രാവണൻ പാദത്താൽ ഒരു പ്രഹരം ഏല്പിച്ചു. എന്നിട്ടും അടങ്ങാതെ വിഭീഷണൻ തൊഴുതു വീണു കാൽപിടിച്ചു പറഞ്ഞു. "പ്രഭോ! അങ്ങു് എൻെറ അച്ഛനു സമനാണു്. യുക്തമെന്നു തോന്നുന്ന പക്ഷം കൊന്നു കളയുന്നതിനും വിരോധമില്ല. എന്നാലുംജ്യേഷ്ഠാ! ഞാൻ പറയുന്നു. രാമനെ ഭജിക്കുന്നതാണു് അങ്ങേയ്ക്കുനന്നു്"

ഹേ ഭവാനി! ഇതു സാധുക്കളുടെ ലക്ഷണമാണു്. ദ്രോഹിക്കുന്നവരേയും അവർ സ്നേഹിക്കുന്നു. വിഭീഷണൻ തൻെറ ആരംഭം ഫലിക്കുന്നതല്ലെന്നു കണ്ടു മന്ത്രിമാരുമായി ആകാശത്തിൽ ഉയൎന്നു നിന്നു് സൎവ്വസമക്ഷം ഉച്ചത്തിൽ പറഞ്ഞു. "രാമൻ സത്യസങ്കല്പനായ പ്രഭു; രാക്ഷസരാജ! താങ്കളുടെ സഭയിൽ ചേൎന്നവരെല്ലാം കാലവശഗന്മാർ; ഞാനിതാ രഘുനായകനെ ശരണം പ്രാപിക്കാൻ പുറപ്പെടുന്നു. ഇതിൽ എന്നെ ഒരപരാധിയായി കരുതരുതേ!!

വിഭീഷണൻ ലങ്കയെ വിട്ടകന്നപ്പോൾ രാക്ഷസന്മാൎക്കു ആയുസ്സ് ഒടുങ്ങിക്കഴിഞ്ഞു. ഹേ ഭവാനി! സാധുനിന്ദ ഏതു മംഗലകാൎയ്യത്തേയും ഹനിക്കും. രാവണൻെറ വിഭവവും ഭാഗ്യങ്ങളുമെല്ലാം വിഭീഷണനോടൊരുമിച്ചു പുറപ്പെട്ടു. രാമദൎശനത്തെ ലക്ഷ്യമാക്കിത്തിരിച്ച വിഭീഷണൻെറ ഹൃദയം ആനന്ദതരംഗിതമായി; പലമനോരഥങ്ങളും ആ ഭക്തൻെറ ഹൃദയത്തിൽ ഉദയംചെയ്തു. "ഹാ! ഞാൻ രഘുപതിയുടെ അരുണമൃദുലങ്ങളും സേവക സുഖദങ്ങളും ആയ പാദപങ്കജങ്ങളെ ദൎശിക്കാൻ പോകുന്നു! ദണ്ഡകവനം ശോഭനമായി ഭവിച്ചതും ഗൌതമ പത്നിശാപനിവൃത്തയായതും ആ പുണ്യപാദങ്ങളുടെ സ്പൎശത്താലാണല്ലോ. മായാമൃഗത്തിൻെറ പിൻപെ ധാവനം ചെയ്ത അവസരത്തിലും സീതാദേവി അവയെ

ഉരസ്സിൽ ധരിച്ചിരുന്നു; ശിവന്റെ മാനസസരസ്സിലെ കമലങ്ങളാണ് ആ വിമലപാദങ്ങൾ; ആഹാ അവയെ ദർശിക്കാൻ തുടങ്ങുന്ന ഇവന്റെ ഭാഗ്യം എന്തുപറയാം.

ഏതൊരു പാദങ്ങളിലെ മെതിയടികളാണൊ ഭരതകുമാരന്റെ ഹൃദയത്തിൽ വച്ചാരാധിക്കുന്നത് അവ ഇന്നു ഈ കണ്ണുകൾക്കു വിഷയീഭവിക്കാൻപോകുന്നു.

പ്രേമസരളമായ ഈവിധ വിചാരപരമ്പരയാൽ പരിചാവിതനായ വിഭീഷണൻ സമുദ്രത്തിന്റെ മറുകരയെ പ്രാപിച്ചു. കുരങ്ങന്മാർ അവനെനോക്കി ശത്രുവിന്റെ ഒരു പ്രത്യേകദൂതനായിരിക്കുമെന്നു കരുതി വേഗത്തിൽ തടഞ്ഞുനിറുത്തി; ക്ഷണേന അവരിൽനിന്നും വസ്തുതകൾ ഗ്രഹിച്ചു രാജാവായ സുഗ്രീവൻ രാമപാദങ്ങൾ വണങ്ങി "പ്രഭോ! രാവണസഹോദരൻ അങ്ങെ ദർശിക്കാൻ വന്നിരിക്കുന്നു.! എന്നുണർത്തിച്ചു. 'സ്നേഹിതാ! താങ്കളുടെ അഭിപ്രായം എന്ത്'!! എന്ന് ഭഗവാൻ ചോദിച്ചതിനു സുഗ്രീവൻ പറകയാണു "സ്വാമിൻ! ശ്രദ്ധിച്ചുകേൾക്കണെ! രാക്ഷസന്മാർ മായാവിദ്യയുള്ള കൂട്ടരാണു നമുക്കതു കണ്ടുപിടിക്കാൻ പ്രയാസവുമാണ്. സ്വയമേവ ഇവൻ പുറപ്പെട്ടുവന്നിരിക്കുന്നതിന്റെ ഹേതുഎന്തായിരിക്കുമോ? നമ്മുടെ രഹസ്യങ്ങൾ മനസ്സിലാക്കാൻ അടുത്തുകൂടുകയായിരിക്കാം ഏതായാലും ഇവനൊ ബന്ധനസ്ഥനാകണമെന്നത്രേ എനിക്കുതോന്നുന്നത്.

ഭഗവാൻ—സൂര്യപുത്രാ! ലൗകികനീതിക്ക് ഉചിതമായ അഭിപ്രായമാണിത്. ശത്രുകക്ഷിയെ ഒരിക്കലും വിശ്വസിക്കാൻ ഇടയില്ലതന്നെ. എന്നാൽ ശരണാഗതരക്ഷണം എന്റെ മുഖ്യവ്രതമാണല്ലോ.

ഭക്തവത്സലനായ ഭഗവാന്റെ ഈ വികല്പനം ഹനുമാനു സന്തോഷമായി. ഭഗവാൻ മന്ദഹാസപൂർവം തുടൎന്നുപറഞ്ഞു:—രക്ഷാർത്ഥിയായിവന്ന് അഭയം വീഴുന്നവനെ ശത്രുതേ്വന സംശയിക്കുന്നതു ശരിയല്ല. ആരായാലുംശരി അവൻ ഉപേക്ഷ്യനല്ല. ആശ്രിതന്മാരെ ത്യജിക്കുന്നവർ പാമരന്മാരും പാപമയന്മാരും ആണ്. അലക്ഷ്മിയുടെ ദൃഷ്ടി എപ്പോഴും അവരുടെ ശരീരത്തിൽ പതിച്ചുകൊണ്ടിരിക്കും. കോടികോടിബ്രഹ്മഹത്യാപാപം ചെയ്തവനാകട്ടെ, ശരണംപ്രാപിച്ചാൽ അവനെ ഞാൻ ഉപേക്ഷിക്കയില്ല. അഭിമുഖം എന്നെ ദർശിക്കാൻ ഇടയാകുന്നവന്റെ ജന്മകോടികളിലെ പാപസംഘത്തെ നിശ്ശേഷം ഞാൻ നശിപ്പിക്കുന്നു. പ്രകൃത്യാ പാപശീലന്മാരായവൎക്ക് എന്റെ ഭജനത്തിനു മനസ്സുതെളിയുകയില്ല. ഇവൻതന്നെ ഹൃദയശുദ്ധിയില്ലാത്ത ദുഷ്ടനാണെങ്കിൽ എന്റെ മുമ്പാകെ വരാൻ അവനു സാധിക്കയില്ല. നിർമ്മലമനസ്സുകളുടെ ദൃഷ്ടിക്കേ

ഞാൻ വിഷയീഭവിക്കയുള്ളു എന്ന് പ്രസിദ്ധമാണ്- കാപട്യമോ കളങ്കമോ ഛിദ്രമോ എനിക്കിഷ്ടമില്ല; ഇവനെ ഒരുപക്ഷേ രാവണൻ ചാരനായി കല്പിച്ചയച്ചിരുന്നാലും ഹേ രാജാവേ, നമുക്കതുകൊണ്ടു ഒരു ഹാനി ഭവിക്കുമെന്ന് ശങ്കിക്കേണ്ടതില്ല. സുഗ്രീവ! ലോകത്തിലുള്ള രാക്ഷസന്മാരെയെല്ലാം നിമിഷംകൊണ്ടു സംഹരിക്കാൻ ലക്ഷ്മണൻമാത്രം മതിയാകും. ഈ രാക്ഷസൻ ഭയലോലനായി ശരണമപേക്ഷിച്ചുവന്നിരിക്കയാണെങ്കിൽ പ്രാണനിർവിശേഷം അവനെ ഞാൻ രക്ഷിക്കതന്നെചെയ്യും. ഏതുകൊണ്ടും അവനെ സമീപത്തിൽ ആനായിക്കുക.”

“കൃപാനിധേ ജയിച്ചാലും ജയിച്ചാലും” എന്നു വാഴ്ത്തിവാഴ്ത്തി സുഗ്രീവൻ അംഗദഹനുമൽസമേതനായി പുറപ്പെട്ടു. അചിരേണ വിഭീഷണനെ അടുത്ത് ആദരപൂർവ്വം സൽക്കരിച്ചു കൂട്ടിക്കൊണ്ടു വരികയായി. സർവ്വാനുഗ്രഹങ്ങളേയും വിതരിക്കുന്ന നയനാനന്ദദന്മാരായ സഹോദരന്മാരെ രാവണാനുജൻ ദൂരത്തുകണ്ടു. രാമചന്ദ്രന്റെ സൌന്ദര്യസാരത്തെ ആ ഭക്തൻ പലവുരു സൂക്ഷിച്ചുനോക്കി. ഭക്തന്മാരെ ഭവബന്ധത്തിൽനിന്നും മോചിക്കുന്ന കാമകാന്തികമനങ്ങളായ ദീർഘഭുജങ്ങളും ചെന്താമരമിഴികളും ശ്യാമളശരീരവും സിംഹസ്കന്ധങ്ങളും വിരിവേറിയ മാറും മോഹനമുഖവും നോക്കിനോക്കി നിശ്ചലനായിനിന്നു. മിഴികളിൽ ബാഷ്പധാര കവിഞ്ഞു. ശരീരത്തിൽ രോമാഞ്ചം നിറഞ്ഞു. ഒടുവിൽ മനസ്സിനെ സ്വസ്ഥമാക്കി ശാന്തസ്വരത്തിൽ പറഞ്ഞു. “നാഥ! ഞാൻ രാവണന്റെ അനുജനാണ്. രാക്ഷസവംശത്തിൽ ജനിച്ചു; മൂങ്ങകൾ അന്ധകാരത്തെയെന്നപോലെ പ്രകൃത്യാ പാപത്തെ ഇഷ്ടപ്പെടുന്ന താമസശരീരനാണു ഞാൻ. അങ്ങേ സ്വച്ഛമായ യശസ്സു കേട്ടുവരികയാണ്. പ്രഭോ ഭയഭഞ്ജനാ! രക്ഷ! രക്ഷ! ആർത്തിഹരാ! ശരണസുഖദ! രഘുനായക” എന്നഭ്യർത്ഥിച്ചുകൊണ്ടു ദണ്ഡപാതം പതിച്ചു. പ്രഭു ആ കാഴ്ചയിൽ ഹർഷവിവശനായി വേഗത്തിൽ എഴുന്നരുളി, ആ ഭക്തന്റെ ദീനവചനങ്ങളിൽ മനസ്സലിഞ്ഞ്, ദീർഘഭുജങ്ങളാൽ പിടിച്ചെഴുന്നേല്പിച്ചാശ്ലേഷിച്ചു. അരികെ അനുജനോടൊപ്പം പിടിച്ചിരുത്തി ഭക്തവത്സലനായ അവിടുന്ന് ഇങ്ങനെ അരുളിച്ചെയ്തു; “ലങ്കേശ്വരാ! താങ്കൾക്കും പരിജനങ്ങൾക്കും കുശലം തന്നെയല്ലോ? താങ്കളുടെ വാസസ്ഥാനം അമംഗലമാണ്. രാപ്പകൽ ദുഷ്ടസമൂഹത്തിന്റെ ഇടയിൽ വസിച്ചുകൊണ്ടു ധർമ്മം നടത്തുന്നതെങ്ങനെ? സ്നേഹിത! താങ്കളുടെ രീതി ഞാൻ അറിയുന്നു. നീതിനിഷ്ഠയും അധർമ്മവൈമുഖ്യവും താങ്കൾക്കു തികച്ചുമുണ്ട്. ദുർജ്ജനസഹവാസം ദൈവത്താൽ നിഷേധിക്കപ്പെട്ടിട്ടുള്ളതത്രേ. അതേക്കാൾ നരകത്തിൽ വസിക്കുന്നതാണു ശ്രേഷ്ഠം”.

“രഘുരാജ! അങ്ങേ പദപത്മദർശനം ഇപ്പോൾ എനിക്കു ഭവിച്ചു. നിന്തിരുവടി എന്നിൽ കരുണചെയ്തു് പാദഭക്തനെന്നു ഗണിക്കയാൽ ഞാൻ കുശലിയായും ഭവിച്ചു. ശോകധാമമായ കാമത്തെ ത്യജിച്ചു രാമഭജനം ചെയ്യുന്നതുവരെ യാതൊരു ജീവികളും, കുശലത്തിനൊ സ്വർഗ്ഗത്തിൽപോലും മനോവിശ്രാന്തിക്കൊ അവകാശമുണ്ടാകയില്ല. ലോഭമോഹമത്സ മദമാനങ്ങളാകുന്ന നാനാഖലന്മാരുടെ വാസം ഹൃദയത്തിലുണ്ടായിരിക്കുന്നതുവരെ ചാപബാണതൂണീരധരനായ രാമചന്ദ്രന്റെ വാസത്തിനു അതിൽ സ്ഥലമില്ല. രാഗദ്വേഷാദ്യുലൂകങ്ങൾക്കു സുഖകാരിയായ മമതാതിമിരം പ്രഭുപ്രതാപമാകുന്ന ആദിത്യോദയംവരെ മാത്രമേ ജീവികളുടെ ഹൃദയത്തിൽ കുടികൊള്ളുകയുള്ളു. അങ്ങേ പദകമലദർശനത്താൽ ഇപ്പോൾ എനിക്കു കുശലം കൈവന്നു. ഭയങ്ങളുമകന്നു. ദയാലുവായ അങ്ങു ഏതൊരു ജീവിയിൽ കരുണാകണിക വർഷിക്കുന്നുവോ, ആജീവിയെ ത്രിവിധമായ സംസാരദുഃഖം ബാധിക്കയില്ല. ഞാൻ മഹാ അധമസ്വഭാവനായ രാക്ഷസനാണ്. ശുഭാചരണങ്ങൾ കണികാണുകപോലും ചെയ്തിട്ടില്ല. എന്നിട്ടും മുനിമാർക്കുപോലും അനുദ്ധ്യേയനല്ലാത്ത പ്രഭു സന്തുഷ്ടനായി എന്നെ സ്വഭക്തകോടിയിൽ ചേർത്തു ഗണിച്ചുവല്ലോ.

അഹോ! എന്റെ ഭാഗ്യം അമിതമത്രേ. രാമകൃപസുഖപുഞ്ജം തന്നെയാണ്. ആ കൃപാകണികയാൽ ബ്രഹ്മേശസേവ്യമായ പാദപങ്കജം എനിക്കിപ്പോൾ പ്രത്യക്ഷമായി അല്ലോ.”

സഖേ വിഭീഷണ! കേൾക്കു എന്റെ സ്വഭാവം ഞാൻ പറയാം. ഭുസുണ്ഡിയും ശംഭുവും പാർവതിയും അതു് ഉള്ളതുപോലെ അറിഞ്ഞിട്ടുണ്ട്. ഒരു മനുഷ്യൻ ചരാചരഭൂതദ്രോഹിയായാലും ശരി, ഭയാകുലനായി വന്നു് എന്നെ ശരണം പ്രാപിച്ചാൽ, മദമോഹവ്യാജദംഭാദി ദോഷങ്ങളെ ഹൃദയത്തിൽനിന്നും പരിത്യജിക്കയും ചെയ്താൽ, അവനെ ഞാൻ സാധുസമാനനാക്കി ചെയ്യുന്നതാണ്. അമ്മ, അച്ഛൻ, ബന്ധു, പുത്രൻ, ഭാര്യ, ജീവൻ, ധനം, ഭവനം, സുഹൃത്ത് പരിവാരം എന്നുവേണ്ട, സഹജമായ സ്നേഹത്തിനു വിഷയീഭവിക്കുന്നതെല്ലാം അവന്റെ മനസ്സിനെ എന്റെ പാദത്തോടു ബന്ധിക്കാനുള്ള പിരികയറിനെ ബലപ്പെടുത്തുന്ന ഓരോ ഇഴകളായി ഉരുക്കൂട്ടുന്നു. അവൻ സർവ്വഭൂതങ്ങളിലും സമദർശിയായും ഒന്നിലും ഇച്ഛയില്ലാത്തവനായും തീരുന്നു. മനസ്സു ഹർഷശോകഭയങ്ങളിൽ നിന്നു മുക്തമാകുന്നു. ഈദൃശനായ ഒരു യോഗി, ലോഭിയുടെ ഹൃദയത്തിൽ ധനമെന്നപോലെ എന്റെ പാദത്തോടു ദൃഢമായി ബന്ധിക്കപ്പെടുന്നു. സഖേ! താങ്കളെപ്പോലെയുള്ള സാധുക്കളാണ് എനിക്കു പ്രിയപ്പെട്ടവർ. അവരെ അനുഗ്രഹിക്കുന്നതിനായിട്ടത്രേ ഈ അവതാരവും.

നീതി നിരതന്മാരും നിയമനിഷ്ഠന്മാരും ബ്രാഹ്മണഭക്തരുമായ ഗുണോപാസകന്മാർ, എനിക്കു പ്രാണസമന്മാരാണ്. ഹേ ലങ്കേശ! ഈദൃശഗുണങ്ങളെല്ലാം താങ്കളിൽ തികഞ്ഞുകാണുന്നതുകൊണ്ട്, എന്റെ അതിശയ പ്രീതിക്കു പാത്രീഭൂതനാണ് താങ്കൾ— ഈ അരുളപ്പാടു കേൾക്കവേ, വാനരന്മാർ, "കൃപാലയ ജയ ജയ" എന്നു വാഴ്ത്തി. കാതുകളിൽ അമൃതു തളിച്ചതുപോലെ വിഭീഷണന് സന്തോഷം ഉള്ളിൽകൊള്ളാതെ കവിഞ്ഞു. അപാരമായ പ്രേമഭാരത്തോടെ തുടരെത്തുടരെ ഭഗവൽ പാദപത്മങ്ങളെ ഗ്രഹിച്ചുപറഞ്ഞു. സകല ചരാചരസ്വാമിയും അന്തർയാമിയുമായ ദേവ! പ്രണതപാല! ആദ്യം എന്റെ ഹൃദയത്തിൽ മറെറാരഭിലാഷം കുടികൊണ്ടിരുന്നു. ഭഗവൽഭക്തിയാകുന്ന സരിൽപ്രവാഹം ഇപ്പോൾ അതിനെ കഴുകി ഒഴുക്കി ദൂരത്താക്കി. ഇനി എനിക്ക് സാക്ഷാൽ ശംഭുദേവനാൽപോലും ഭാവനീയയായ പാവനഭക്തി നൽകി സദയം അനുഗ്രഹിച്ചാലും!

രണധീരനായ രഘുരാജൻ ഈ അഭ്യർത്ഥനയെ അനുവദിച്ചു. "അപ്രകാരം ഭവിയ്ക്കട്ടെ" എന്നരുളിച്ചെയ്തശേഷം അഭിഷേകാർത്ഥം സമുദ്രജലം ആനയിയ്ക്കാൻ കല്പനകൊടുത്തു. സഖേ വിഭീഷണ! താങ്കൾക്കു ഹൃദയവിശുദ്ധികരമായ ഭക്തി ഉദിയ്ക്കാൻ കാരണം അഭിലാഷാതിശയം മാത്രമല്ല സഫലമായ എന്റെ ദർശനവും അതിലേയ്ക്കു സഹായകമാണ്. ലോകത്തിലെങ്ങും അതു ശുഭത്തെ നൽകുന്നു.

ഈദൃശ ധന്യവാദങ്ങളോടുകൂടി, തൃക്കൈകളാൽതന്നെ വിഭീഷണന്റെ നെററിയിൽ രാജകീയതിലകം അണിഞ്ഞു. അനല്പമായ പുഷ്പവർഷം ആകാശത്തിൽനിന്നും പൊഴിഞ്ഞു.

ഇപ്രകാരം ഭഗവാൻ രാവണന്റെ ശ്വാസവായുവാൽ കത്തിപ്പടരുന്ന കോപത്തീയിൽനിന്നും സാധുവായ വിഭീഷണനെ രക്ഷിച്ചു അഖണ്ഡിതമായ രാജ്യാധിപത്യം സൽക്കരിച്ചു. എന്നല്ല രാവണനെ പണ്ടു പരമശിവൻ ഏതേതനുഗ്രഹങ്ങളാൽ പ്രബലനാക്കിയോ, അതതനുഗ്രഹങ്ങളെല്ലാം ഭഗവാൻ വിഭീഷണനും നൽകുകയുണ്ടായി. ഹേ സുജനങ്ങളെ! ഈദൃശദയാലുവായ പ്രഭുവിനെ ഉപേക്ഷിച്ച്, മററു ദേവന്മാരെ ഭജിക്കുന്ന മനുഷ്യർ കൊമ്പും വാലുമില്ലാത്ത മൃഗങ്ങളല്ലയോ? ദയാലുവായ പ്രഭു സ്വഭക്തനെ അറിഞ്ഞു് അഭയംകൊടുത്ത സ്വഭാവവൈശിഷ്ട്യത്തെ ഓർത്തു് കപികൾ സന്തോഷപുളകിതന്മാരായി. ഈ അവസരത്തിൽ സർവ്വഹൃദയാവാസനും സർവ്വജ്ഞനും സർവ്വരൂപനും രൂപരഹിതനും ധർമ്മപാലകനും അസുരനാശനനുമായ ഭഗവാൻ മായാമാനുഷരൂപൻ ചോദിക്കയാണ്.

"ഹേ വാനരരാജ! രാക്ഷസരാജ! നമ്മൾ അക്കരെകടക്കുന്നതെങ്ങനെ? ഉഗ്രങ്ങളായ ജലജന്തുക്കൾ നിറഞ്ഞ അത്യഗാധവും ദുസ്തരവുമായ ഈ ഗംഭീരസമുദ്രം ലംഘിയ്ക്കാൻ മാർഗ്ഗം എന്ത്?"

വിഭീഷണൻ പറഞ്ഞു:—രഘുകുലരാജ! ഉഗ്രമായ രാമബാണം കോടിസമുദ്രങ്ങളെ ശോഷിപ്പിയ്ക്കാൻ ശക്തമല്ലേ? എന്നാലും മാർഗ്ഗദാനം ചെയ്യണമെന്നു സമുദ്രത്തോടപേക്ഷിക്കയാണു നീതിയെന്നു തോന്നുന്നു. സമുദ്രം വിശേഷിച്ചും അങ്ങേ കുലഗുരുവാകയാൽ അപേക്ഷിച്ചാൽ ആലോചിച്ചു വാനരസംഘങ്ങൾക്കു നിഷ്പ്രയാസം കടന്നു പോകത്തക്കവണ്ണം ഒരു പരിഹാരം ഉണ്ടാക്കിത്തരാതിരിക്കയില്ല" "സഖേ വിഭീഷണ! അഭിപ്രായം സമഞ്ജസംതന്നെ ആ വഴിക്കു ശ്രമിച്ചു നോക്കാം ദൈവാനുഗ്രഹം ഉണ്ടാകട്ടെ"

രാമചന്ദ്രന്റെ വാക്കുകൾ ലക്ഷ്മണനു ഒട്ടും, സമ്മതമായില്ല. എന്നിട്ടു അസ്വസ്ഥനായി പറഞ്ഞു. "നാഥ! ദൈവാനുകൂല്യത്തെ എന്തിനു പ്രാർത്ഥിയ്ക്കണം? സരോഷം സായകാഗ്നിയിൽ സമുദ്രത്തെ ശോഷിപ്പിക്കരുതോ? മടിച്ചിരുന്നു ദൈവത്തെ അപേക്ഷിയ്ക്കുക പ്രായേണ ഭീരുക്കളുടെ മുറയാണല്ലൊ."

ഭഗവാൻ ചിരിച്ചു. "ലക്ഷ്മണ! ഒക്കെയ്ക്കുശരിക്കുനടന്നുകൊള്ളും അടങ്ങിയിരിക്കുക."

അനന്തരം ഭഗവാൻ തീരത്തിലെത്തി സമുദ്രരാജാവിനെ നമസ്കരിച്ചുശേഷം ദർഭവിരിച്ച് അതന്മേൽ ഉപവേശിച്ചു. രാവണനാകട്ടെ തന്റെ സഹോദരൻ ശത്രുപക്ഷത്തിൽ ചേർന്നിരിക്കുന്നു എന്നറിവുകിട്ടിയ ഉടനേ, വർത്തമാനങ്ങളറിഞ്ഞു വരാൻ ചില ചാരന്മാരെ നിയോഗിച്ചിരുന്നു. അവർ വാനരരൂപംധരിച്ച് സംഘത്തിൽക്കൂടി സംഭവഗതികൾ കണ്ടുകണ്ടിരിക്കയായിരുന്നു. പ്രഭുവിന്റെ ഗുണഗണങ്ങളും ശരണാഗതന്മാരിലുള്ള കരുണാവിശേഷവും അവരെ അത്ഭുതപ്പെടുത്തി. പ്രേമഭാരം മനസ്സിൽകൊള്ളാതെ കവിയുകകൊണ്ട് രാമസ്തോത്രങ്ങളെ അവർ ഉച്ചത്തിൽ ഉച്ചരിക്കയായി. ആ അവസരത്തിൽ തങ്ങൾ വേഷംമാറിയ കഥ അവർ വിസ്മരിച്ചുപോയി. ശബ്ദഭേദത്താൽ ശങ്കിതന്മാരായ കപികൾ പെട്ടെന്നു അവരെ കണ്ടുപിടിച്ചു ബന്ധിച്ച് ക്ഷണേന സുഗ്രീവന്റെ മുമ്പിൽ ഹാജരാക്കി തൊഴുതു; ദൂതന്മാരാകകൊണ്ട് വധിക്കാതെ അംഗഭംഗം ചെയ്തയച്ചുകളയാൻ സുഗ്രീവൻ കല്പനകൊടുത്തു. അതു കേൾക്കാത്ത താമസമായിരുന്നു കുരങ്ങന്മാൎക്കു. പെട്ടെന്ന് രാക്ഷസന്മാരെ കെട്ടിമുറുക്കി ഓരോതരത്തിൽ അധിക്ഷേപിച്ചും ഉപദ്രവിച്ചും സൈന്യനിരയിൽ നീളെ തൂക്കിക്കൊണ്ടു നടന്നു. ദീനദീനമായി നിലവിളിച്ചപേക്ഷിച്ചിട്ടും വിട്ടില്ല. "അയ്യോ! ഞങ്ങളുടെ കാതുംമൂക്കും മുറിച്ചുകളയരുതേ—ശ്രീരാമനാണ—അരുതെ" എന്ന് ഒടുവിൽ അ-

വർ നിലവിളിക്കൂട്ടി. ഇതുകേട്ട്, കരുണാകലനായ ലക്ഷ്മണൻ കുരങ്ങന്മാരെ അരികിൽവിളിച്ച് പാവപ്പെട്ട ആ ദൂതന്മാരെ കെട്ടഴിച്ചുവിട്ടുവിച്ചു. എന്നിട്ട് അവരെനോക്കിപ്പറഞ്ഞു. ഇതാ ഈ എഴുത്ത് നിങ്ങൾ രാവണനെ ഏല്പിക്കണം:എടാ കുലഘാതക! ലക്ഷ്മണന്റെ വിജ്ഞാപനം വായിച്ചു മനസ്സിലാക്കുക എന്നു ഉദ്ബോധിപ്പിക്കയും വേണം. കൂടാതെ, ഉദാരമായ എന്റെ ഒരു സന്ദേശം മൂഢനായ അവനോടു വാക്കാൽ പറയേണ്ടതുമുണ്ട്. അതിങ്ങനെയാണ്. "രാവണാ! ദേവിയെ കൊണ്ടുവന്ന് രാമചന്ദ്രന്റെ കാൽക്കൽവച്ചു വണങ്ങുക. അല്ലാത്തപക്ഷം നിന്റെ കഴുത്തു അതിലേക്കു ഉത്തരവാദം ചെയ്യേണ്ടിവരും."

ദൂതന്മാർ പാദനമസ്കാരംചെയ്തു് ലക്ഷ്മണന്റെ ഗുണഗണങ്ങളും കീർത്തിച്ചു പുറപ്പെട്ടു. രാമയശസ്സു പാടിപ്പാടി നടന്ന് ലംകയിലെത്തി രാവണനെ നമസ്കരിച്ചു. മന്ദഹാസപൂർവ്വം ലംകേശ്വരൻ ചോദ്യംചെയ്തു— ശുക! നിങ്ങൾക്കു കുശലമല്ലേ? വിഭീഷണന്റെ സ്ഥിതിഗതികൾ എങ്ങനെയിരിക്കുന്നു? മരണവാതിൽ കടക്കാൻ ഇനി അവന് അധികതാമസമില്ല. മൂഢൻ ലംകയുപേക്ഷിച്ചു പോയി. ഇവിടെ അവൻ രാജാവായിരുന്നു. എന്നാൽ ഇപ്പോൾ അവന്റെ അവസ്ഥയെന്തു്? കാൽകീഴ് കിടന്നു ചവിട്ടുകൊള്ളുന്ന ഒരു നികൃഷ്ടപ്പുഴുവിന്റെ വിലയേയുള്ളൂ അതുപോകട്ടെ ആ കുരങ്ങപ്പടയുടെ ബലവും സംഖ്യയും കേൾക്കട്ടെ. ദയാശീലനായ സമുദ്രം മുക്കിക്കൊല്ലാതെ വിട്ടാലും കഷ്ടകാലത്തിന് അവർ ഇവിടെ വന്നുകളപ്പെട്ടും; ഹേ! ആ താപസന്മാരുടെ കഥയെങ്ങനെയിരിക്കുന്നു? എന്നെപ്പേടിച്ച് അവരുടെ മനസ്സ് കിടുകിട വിറയ്ക്കുകയാവാം"

നിങ്ങളെ കണ്ടമാത്രയിൽ അവർവന്ന് അഭയം വീണിരിക്കാം — അല്ലേ? — അതോ എന്റെ യശോവിലാസം കേട്ടപ്പോൾ, ഓടിമറഞ്ഞുകളഞ്ഞുവോ? എന്തേ മിണ്ടാത്തതു്! ശത്രുവിന്റെ തേജോബലങ്ങളെക്കുറിച്ച് നിങ്ങൾ ഒന്നും പറകയില്ലേ? ബുദ്ധി ഭ്രമിച്ചിരിക്കുന്നതുപോലെ തോന്നുന്നല്ലോ? കാരണം?

ദേവ! ദയചെയ്യണേ! കോപിക്കരുതേ! ഉദ്ധതമായ ഈ ചോദ്യത്തിനു കോപോത്തേജകമാണു മറുവടി. സദയം ശ്രദ്ധിക്കണേ! — അവിടത്തെസഹോദരൻ രാമപക്ഷത്തിൽ ചേർന്ന നിമിഷത്തിൽ രാമൻ അവനെ രാജകീയതിലകം തൊടുവിച്ചു. ഞങ്ങൾ കുരങ്ങുരൂപംധരിച്ച് അവിടെ കടന്നുകൂടി. ഏതുവിധത്തിലോ അവർ അതു മനസ്സിലാക്കിപ്പിടികൂടി. ഉടനേ കെട്ടിമുറുക്കിക്കൊണ്ടു നടന്ന് പലവിധത്തിൽ ഹിംസിക്കയും അപമാനിക്കയുംചെയ്തു. കാതും മൂക്കും കണ്ടിക്കാൻ കത്തിയെടുത്തപ്പോൾ "അയ്യോ! രാമനാണ, അരുതേ അരുതേ" എന്നു ഞങ്ങൾ നിലവിളിക്കകൊണ്ട് വിട്ടയച്ചു. പ്രഭോ

അങ്ങ് രാമന്റെ സൈന്യസംഖ്യ ചോദിക്കുന്നു. നൂറുകോടി മുഖം കൊണ്ടു പറഞ്ഞാലും അവസാനിക്കയില്ല. വികടാനനന്മാരും വിശാലദേഹന്മാരുമായ ഭയങ്കരഭല്ലൂകങ്ങളും കപികളും പല നിറത്തിലും തരത്തിലും നില്ക്കുന്നു. ഇവിടെവന്നു ലങ്കയുംചുട്ട് കൊച്ചുതിരുമേനിയുടെ കഥയുംകഴിച്ചുപോയ ആ കുരങ്ങൻ, ആക്കൂട്ടത്തിൽവച്ച് അല്പദേഹനുമശക്തനുമാണെന്നറിയുമ്പോൾ മററുള്ളവരുടെ കഥ ഊഹിക്കരുതോ! പലപല നാമങ്ങളോടുകൂടിയ യുദ്ധവീരന്മാർ, കഠിനകരാളന്മാർ, അനവധി ആനകളുടെ ശക്തിയുള്ള മഹാകായന്മാർ, ആവൂ! എത്രയെത്ര!

ദ്വിവിദൻ, മൈന്ദൻ, നളൻ, നീലൻ, അംഗദൻ തുടങ്ങിയ കപിവീരന്മാർ, ദധിമുഖൻ കേസരി കുമുദൻ ഗവൻ ബലസിന്ധുവായ ജാംബവാൻ മുതലായ ഭല്ലൂകശ്രേഷ്ഠന്മാർ ഇവർ ഓരോരുത്തരും സുഗ്രീവനു സമന്മാരാണ്. അവരുടെ സംഖ്യ പരിഗണിക്കാവതല്ല. രാമകൃപയാൽ ആഭൂഷിതരായ അവരുടെ ശക്തിക്ക് അതിരില്ല. ത്രൈലോക്യത്തെ അവർ തൃണംപോലെ ഗണിക്കുന്നു.—ഹേ രാവണ! സേനാനാഥന്മാർ ആകെ പതിനെട്ടു പത്മമാണെന്നു പറയുന്നതു കേട്ടു. പ്രഭോ! കോപിക്കരുതേ! സത്യം പറഞ്ഞാൽ, അക്കൂട്ടത്തിൽ, അങ്ങേ കീഴടക്കാൻ ശക്തിയില്ലാത്ത ഒരു കൊച്ചുകുരങ്ങു പോലുമില്ല. എല്ലാവരും ക്രോധാന്ധന്മാരായി കൈകൾ ഞെരിച്ചട്ടഹസിക്കുന്നു - ഹാ! മത്സ്യവ്യാളാദിജന്തുസംകുലമായ ഈ സമുദ്രം കുടിച്ചുവററിച്ചോ, അഥവാ മരങ്ങളും മലകളും പുഴക്കിയെടുത്തെറിഞ്ഞു നികത്തിയോ, കടന്നുചെന്ന് ലങ്കേശന മർദ്ദിച്ചു മറിച്ചു മണ്ണിലിട്ടുരുട്ടാൻ രാമചന്ദ്രൻ ഞങ്ങൾക്കു കല്പനതരുന്നില്ലല്ലോ - കഷ്ടം!" ഇതാണ് കുരങ്ങന്മാരുടെ തർജ്ജനഭാഷണം. ലങ്കയെ ഒരു വായാക്കിയടക്കി വിഴുങ്ങിക്കളയാനെന്നപോലെ ഓരോരുത്തനും ഉന്നദിക്കയും ഉൽപ്ലവിക്കയും ചെയ്യുന്നു.

കപികളും ഭല്ലൂകങ്ങളും പ്രകൃത്യാ ശൂരന്മാരാണ്. പോരെങ്കിൽ അവരുടെ നായകത്വം വഹിക്കുന്നതു ശ്രീരാമനത്രെ. പ്രഭോ! യുദ്ധത്തിൽ നൂറുനൂറായിരം കാലന്മാർ എതിർചെന്നാലും കീഴടക്കാനുള്ളശക്തി ആ വാനരന്മാർക്കുണ്ട്. രാമന്റെ തേജോബലവിവേകാദിഗുണങ്ങൾ വർണ്ണിക്കാൻ അസംഖ്യം ആദിശേഷന്മാർ ആരംഭിച്ചാലും അവസാനിക്കയില്ല. മദ്ധ്യസ്ഥമായ ലവണസമുദ്രം, വേണ്ടിവന്നാൽ, ഇതുപോലെ നൂറെണ്ണം, വറട്ടി വററിക്കുന്നതിന് ഒരേഒരു രാമബാണം മതിയാകും. എങ്കിലും നയസാഗരനായ രാമൻ സാഗരലംഘനവിഷയത്തിൽ വിഭീഷണന്റെ അഭിപ്രായം ചോദിക്കയുണ്ടായി. മാർഗ്ഗദാനംചെയ്യാൻ സമുദ്രത്തോട് അഭ്യർത്ഥിക്കണമെന്ന് അദ്ദേഹം പറഞ്ഞതിനെ രാമചന്ദ്രൻ അനുസരിക്കയും ചെയ്തു.

ഈ നിവേദനംകേട്ട് രാവണൻ ചിരിച്ചു.—"ശരി കുരങ്ങന്മാരോടുള്ള സംസർഗ്ഗത്താൽ, ആ മൂഢൻെറയും ബുദ്ധിപകച്ചു. അവൻ ആ ഭീരു വിഭീഷണൻെറ വാക്കു വിശ്വസിച്ചു വകതിരവില്ലാത്ത ഒരു കുട്ടിയെപ്പോലെ, സമുദ്രത്തോട്ടു വഴിയപേക്ഷിക്കയാണല്ലോ ചെയ്തതു്. സമുദ്രം വഴിയൊഴിയുക സംഭവിക്കത്തക്ക കാര്യമോ? മൂഢ! നീ കേവലം അസാരനായ ഒരു വഞ്ചകനെ സ്തുതിക്കുന്നു. ശത്രുവിൻെറ വീര്യബലവിവേകങ്ങളെല്ലാം നല്ലപോലെ ഞാൻ അളന്നുവച്ചിരിക്കയാണ്. വിഭീഷണനെപ്പോലെ ഭീതനും വിവേകഹീനനുമായ മന്ത്രിയുമായി കാര്യാലോചനചെയ്യുന്ന ഏതൊരുത്തനും ലോകത്തിൽ വിജയവിഭൂതികൾ ഉണ്ടാകുമോ?"

ദുഷ്ടദശകണ്ഠൻെറ ജല്പനങ്ങൾ ദൂതനു രസിച്ചില്ല. ലക്ഷ്മണൻെറ എഴുത്തുകൊടുക്കാൻ അവസരം അതുതന്നെയെന്നുകരുതി അവൻ പറഞ്ഞു.—"പ്രഭോ! ഇതാ! രാമസോദരൻെറ കത്താണ്. വിജ്ഞേയങ്ങളായ സംഗതികൾ പലതും ഇതിലുണ്ടാവും; സശ്രദ്ധം വായിച്ചുനോക്കുക."

രാവണൻ ചിരിച്ചു. ഇടതുകൈകൊണ്ട് ആ എഴുത്തുവാങ്ങീട്ട്: വായിച്ചുകേൾപ്പിക്കാൻ സമീപസ്ഥിതനായ മന്ത്രിപാശനെ ഏല്പിച്ചു: അവൻ വായിക്കയാണ്:—

"മൂഢ! ദുർവിചാരങ്ങൾ നീക്കി മനസ്സിനെ നന്നാക്കൂ. കുലനാശം പ്രവൃത്തിപ്പിക്കരുത്. ത്രിമൂർത്തികൾതന്നെ നിന്നെസ്സഹായിക്കുന്നതായാലും രാമകോപത്തിൽനിന്നു രക്ഷിക്കാൻ സാധിക്കയില്ല. അഭിമാനമകററി അനുജനെപ്പോലെ, രാമപാദപത്മത്തിലെ മധുകരമായി ഭവിക്കൂ, എടാ ഖല! ഈ ഉപദേശത്തെ നിരാകരിക്കുന്നതായാൽ, നീയും നിൻെറ സർവ്വവംശവും രാമശരാഗ്നിക്കു ശലഭം."

രാവണനു ഉള്ളിൽ ഒരു നടുക്കം ഉണ്ടായി. എങ്കിലും പുറമേ ചിരിച്ചുകൊണ്ട്, എല്ലാവരും കേൾക്കെ അവൻ പറഞ്ഞു. "ആകാശത്തിൽ പിടിച്ചു തൂങ്ങാൻ ആഗ്രഹിക്കുന്നവർ നിരാശ്രയനായി ഭൂമിയിൽ വീഴുകതന്നെചെയ്യും. ഒരു ലഘുതാപസൻെറ അല്പസാരമായ ജല്പനം എത്ര കഥയുള്ളതാകും!"

ശുകൻ പറഞ്ഞു—പ്രഭോ! ആ ലിഖിതത്തിലെ ഓരോവാക്കും സത്യമാണ്. സഹജമായ അഭിമാനം ഉപേക്ഷിച്ച് താങ്കൾ വിവേകിയായി ഭവിക്കുക! കോപിക്കാതെ ഞാൻ പറയുന്നതു കേൾക്കണം. രാമചന്ദ്രനോടുള്ള വിരോധത്തെ തീർക്കുക! ലോകപ്രഭുവാണെങ്കിലും രഘുപതി കോമളസ്വഭാവനാണ്. കണ്ടു തൊഴുതപേക്ഷിച്ചാൽ കരുണചെയ്യും. ചെയ്തുപോയ അപരാധങ്ങളെല്ലാം ക്ഷമിക്കും. പ്രഭോ! ഞാൻ ഒന്നുമാത്രം പറയുന്നു- അതു ചെയ്യുക. ജാനകിയെ രഘുനാഥനു തിരികെ കൊടുക്കുക."

ദേവിയെ നൽകണമെന്നുള്ള വചനം രാവണന്നു സഹിച്ചില്ല. സാധുദൂതനെ അവൻ കാൽകൊണ്ടു് ഒരു പ്രഹരം ഏൽപിച്ചു. ശുകൻ പിന്നെ നിമിഷംപോലും അവിടെ താമസിക്കാതെ, വണങ്ങി വാങ്ങിപ്പോയി, കൃപാനിധിയുടെ സന്നിധിയെ പ്രാപിച്ചു. ഭക്തിപൂവ്വം സാഷ്ടാംഗം നമസ്കരിച്ചു് സവ്വൃത്താന്തങ്ങളും ഉണർത്തിച്ചു നിന്നപ്പോൾ, രാമകൃപയാൽ അവന്റെ രാക്ഷസത്വം നീങ്ങി സ്വന്തരൂപം വിളങ്ങി. ഹേ ഭവാനീ! ശുകൻ അഗസ്ത്യശാപത്താൽ രാക്ഷസനായിഭവിച്ച ഒരു മഹർഷിയായിരുന്നു. മുനിസദൃശമായ വിവേകവും, വിജ്ഞാനവും അവനുണ്ടായിരിക്കാൻ കാരണം അതാണു്. ഭഗവദനുഗ്രഹത്താൽ ഇപ്പോൾ ശാപമുക്തി ലഭിച്ച ശുകൻ വന്ദിച്ചു വാങ്ങിപ്പോയി, തന്റെ ആശ്രമത്തെ പ്രാപിക്കയും ചെയ്തു.

മാർഗ്ഗദാനത്തിനായി രഘുപതി ചെയ്ത അഭ്യർത്ഥനം ജലമതിയായ സമുദ്രം വകവച്ചില്ല. ദിവസങ്ങൾ മൂന്നു കഴിഞ്ഞു. രാമചന്ദ്രൻ കോപകലുഷിതനായിപ്പറഞ്ഞു. ഇവൻ ഒന്നു ഭയപ്പെടാതെ എന്റെ അഭീഷ്ടത്തെ നൽകുമെന്നു തോന്നുന്നില്ല. ലക്ഷ്മണ! അമ്പും വില്ലും കൊണ്ടുവരൂ. ബാണാഗ്നിയാൽ സമുദ്രജലത്തെ ഞാൻ വററി വററിക്കുന്നുണ്ടു്. ശഠനോടു വിനയവും കള്ളനോടു കരുണയും കൃപണനോടു് ഉദാരതയും, കാണിക്കുന്നതു വിളനിലത്തിൽ മണൽ വിതയ്ക്കുന്നതുപോലെ നിഷ്ഫലമാണു്. സംസാരിയോടു് ആത്മജ്ഞാനവും ലോഭിയോടു വൈരാഗ്യമാർഗ്ഗവും ക്രോധിയോടു ശമവും ഉപന്യസിക്കുന്നതും കാമിയോടു ഹരികഥ ഉപദേശിക്കുന്നതും അതുപോലെതന്നെ” ഇങ്ങനെ പ്രസ്താവിച്ചുകൊണ്ടു ഭഗവാൻ വില്ലു വാങ്ങി കുലയേററി ഉഗ്രമായ ഒരു ശരമെടുത്തു തൊടുത്തു. ഈ ആരംഭം ലക്ഷ്മണന്നു വളരെ സന്തോഷമായി. അസ്ത്രത്തിന്റെ ദീപ്തിയാൽ സമുദ്രജലം തിളച്ചുതുടങ്ങി. മകരനക്രമത്സ്യാദി ജലജന്തുക്കൾ ചൂടുപിടിച്ചു പിടഞ്ഞു. സമുദ്രം സംഭ്രാന്തനായി അഭിമാനം ഉപേക്ഷിച്ചു ബ്രാഹ്മണരൂപത്തിൽ പ്രത്യക്ഷനായി വന്നു. ഒരു സുവർണ്ണതാലത്തിൽ വിലയേറിയ രത്നങ്ങൾ നിറച്ചു രാമപാദങ്ങളിൽ കാഴ്ചവച്ചു തൊഴുതുനിന്നു. വാഴ എത്രയോ നല്ല തടമെടുത്തു വെള്ളമൊഴിച്ചു വളർത്തിയാലും കന്നുകൾ മുറിച്ചു കളയാതെ ഫലത്തെ തരുന്നില്ലല്ലോ. നീചന്മാരോടു “മർദ്ദനംഗുണവർദ്ധനം” എന്ന രീതിയിൽ പെരുമാറുകതന്നെ നന്നു്. അനുനയവാക്കുകളോ അഭ്യർത്ഥനങ്ങളോ അവർ വകവയ്ക്കുന്നില്ല.

ഭയാകുലനായ സമുദ്രം പ്രഭുപാദങ്ങളെ ഗ്രഹിച്ചു പറഞ്ഞു—“രഘുനാഥ! എന്റെ അപരാധം ക്ഷമിച്ചാലും! വെള്ളവും മണ്ണും കാററും തീയും ആകാശവുമെല്ലാം സ്വഭാവേന ജഡപ്രകൃതികളാണു്.

ഇവ ഭവൽപ്രേരിതയായ മായയിൽനിന്നുണ്ടായവയാണെന്നു വേദം പറയുന്നു. ഓരോന്നും ആത്മരക്ഷണത്തിനു പ്രഭുനിയമത്തെ ലംഘിക്കാതെ അനുവർത്തിക്കത്തന്നെ വേണം. എന്നാലും ഇപ്പോൾ ഇപ്രകാരം ഒരു പാഠം പഠിച്ചതു ഉചിതമായി. ആദിയിൽ നിഷ്കൃഷ്ടയായി എന്റെ അതിരു നിർണ്ണയിച്ചതും അവിടുന്നുതന്നെ. ചെണ്ട, അവിവേകി, നീചൻ, ഹിംസ്രമൃഗം, ദുർവൃത്തയായസ്ത്രീ, ഇവരെല്ലാം മുറയ്ക്കു തല്ലുകൊള്ളാൻ അവകാശപ്പെട്ടവരാണ്. പ്രഭുപ്രഭാവം എന്നെ ശോഷിപ്പിച്ചു നാമാവശേഷനാക്കാൻ പര്യാപ്തമാണ്. കപികൾക്കു കാൽനടപോകാൻ കഴിവുണ്ടാകയും ചെയ്യും. എന്നാൽ ഭഗവദാജ്ഞ അഭേദ്യയും, സ്ഥിരയുമാണെന്നു വേദങ്ങൾ സമ്മതിക്കുന്നു. തിരുമനസ്സിൽ അതു ചിന്തിച്ചു നോക്കി യുക്തമെന്നു തോന്നുന്നതു ചെയ്താലും!"

വിനീതമായ ഈ വചനം കേട്ടു ഭഗവാൻ പുഞ്ചിരി തൂകി:— "പിതാവെ! കപികൾക്കു നിർബാധമായി മറുകര കടക്കാൻ ഒരു മാർഗ്ഗം നിർദ്ദേശിക്കുമോ?"

"നാഥ! ഈ സംഘത്തിൽ നീലനെന്നും നളനെന്നും പേരായ രണ്ടു വാനരസഹോദരന്മാരുണ്ട്. ബാല്യം മുതല്ക്കേ അവർ ഒരു മുനിയുടെ ശിക്ഷയിൽ വളൎന്നവരാണ്. അങ്ങേ പ്രഭാവത്താൽ എത്ര വലിയ പർവ്വതവും അവരുടെ കൈകൊണ്ടു തൊട്ടാൽ അതു കടൽവെള്ളത്തിൽ പൊന്തിക്കിടക്കും. ഞാനും പ്രഭുവിലുള്ള ആദരാതിശയംനിമിത്തം അതിലേക്കു കഴിയുന്ന ഒത്താശകൾ ചെയ്യാവുന്നതാണ്. ഇപ്രകാരം അചിരേണ ഒരു സേതു സമുദ്രത്തിൽ ബന്ധിക്കുന്നതിനു ആങ്ങേക്കു സാധിക്കും. ഈ അത്ഭുതകർമ്മത്തിന്റെ യശോവീചികൾ മൂന്നു ലോകത്തിലും വ്യാപിക്കുകയും ചെയ്യും. സ്വാമിൻ! നിന്തിരുവടി സന്ധാനം ചെയ്ത ഈ ബാണം ഉത്തരതീരത്തിൽ അധിവസിക്കുന്ന ഒരു കൂട്ടം പാപികളെ നിഗ്രഹിക്കാനായി പ്രയോഗിച്ചാലും.!"

സമുദ്രത്തിന്റെ അഭ്യൎത്ഥന അനുവദിച്ചു. ഭഗവാൻ ബാണം പ്രയോഗിച്ച്, ഉത്തരതീരവാസികളായ ഖലന്മാരെ നിഗ്രഹിച്ചു. അന്നുമുതൽ ആ ഭൂഭാഗം ശോഭനമായി പരിലസിക്കയും ചെയ്തു.

രാമചന്ദ്രന്റെ അത്ഭുതവിക്രമംനോക്കി സന്തുഷ്ടനായ സമുദ്രം മനഃശങ്കകൾ നീങ്ങി സമാഹിതനായി; അനന്തരം സകല ചരിത്രങ്ങളും പ്രഭുവിനെ അറിയിച്ച് പാദവന്ദനം ചെയ്തു വിടവാങ്ങി സ്വഭവനത്തിലെത്തിവസിച്ചു. രഘുരാജൻ സമുദ്രത്തിന്റെ ഉപദേശമനുസരിച്ചു പ്രവർത്തിക്കാനും നിശ്ചയിച്ചു.

തുളസീദാസൻ കലികാലകളങ്കനാശനമായ രാമചരിതം യഥാമതി ഗാനംചെയ്തു. രഘുപതിയുടെ ഗുണഗണങ്ങൾ സുഖായതനങ്ങളാകുന്നു.

നങ്ങളാണ്. സംശയദമനത്തിനും വിഷാദശമനത്തിനും ഉപകരിക്കുന്നവയാണ്. മനഃശ്ശുദ്ധിയുള്ള സുജനങ്ങൾ മററുള്ള അഭിലാഷങ്ങളും പ്രത്യാശകളുമെല്ലാം ത്യജിച്ച്, എപ്പോഴും ഈ ചരിതംതന്നെ പാടും-അല്ലെങ്കിൽ പാടുന്നതുകേട്ടു കൊണ്ടിരിക്കും.

രാമ കഥാശ്രവണം സകല സുമംഗലങ്ങളെയും നൽകുന്നു. ഭക്തിപൂർവ്വം അതിനെ ശ്രവിക്കുന്നവർ യാനപാത്രത്തിൻെറ സഹായം കൂടാതെ സംസാരസമുദ്രത്തെ കടക്കുകയും ചെയ്യുന്നു.

സുന്ദരകാണ്ഡം സമാപ്തം.

# തുളസീദാസരാമായണം

## ലങ്കാകാണ്ഡം.

---

കാമാരിസേവ്യനും, സംസാരഭയശമനനും കാലമത്തേഭസിംഹവും. യോഗിശ്രേഷ്ഠനും, ജ്ഞാനമാത്രഗമ്യനും നിർഗ്ഗുണനെങ്കിലും ഗുണനിധാനവും, നിർവ്വികാരനും മായാതീതനും, അജിതനും ദേവന്മാക്കും ഈശ്വരനും ദുഷ്ടനിഗ്രഹതൽപരനും ബ്രാഹ്മണദൈവതവും മേഘവർണ്ണനും രാജരൂപം ധരിച്ച ദേവനുമായ താമരപ്പൂക്കണ്ണൻ രാമചന്ദ്രനെ ഞാൻ വന്ദിക്കുന്നു.

ശംഖചന്ദ്രധവളമായ ശരീരശോഭ വീശി, അത്യന്തം സുന്ദരനായി പുലിത്തോലുമുടുത്ത്, ഘോരങ്ങളായ കാളസർപ്പങ്ങളെ അലംകാരമായി ധരിച്ച്, ഗംഗയെയും ചന്ദ്രനെയും ഓമനിച്ചുകൊണ്ട് കലികാലപാപശമനനായും കല്യാണകല്പവൃക്ഷമായും വിളങ്ങുന്ന ഗുണനിധിയും കാമശത്രുവുമായ കാശീശനെ—ഭജനീയനായ പാർവ്വതീവല്ലഭൻ ശംകരനെ–ഞാൻ സേവിക്കുന്നു.

സജ്ജനങ്ങൾക്കു പരമദുർല്ലഭമായ മോക്ഷത്തെ നൽകുന്നവനും, ദുർജ്ജനങ്ങളെ കർക്കശമായി പീഡിപ്പിക്കുന്നവനുമായ ശംഭു എനിക്കു മംഗളത്തെ ചെയ്യട്ടെ.

അല്ലയോ മനസ്സേ! നീ കാലവില്ലിന്മേൽ, ലവം, നിമിഷം, ഘടിക മുഹൂർത്തം, ദിവസം, മാസം വർഷം, യുഗം കല്പം, ഇത്യാദിബാണങ്ങൾ തൊടുത്ത്, സർവ്വദാ ഏവി കളിയ്ക്കുന്ന രാമചന്ദ്രനെ ഭജിക്കാത്തതെന്തുകൊണ്ട്?.

സമുദ്രത്തിൻെറ പ്രബോധനമനുസരിച്ച് ഭഗവാൻ മന്ത്രിമാരെ നോക്കി—"എന്തേതാമസം? ക്ഷണത്തിൽ സേതു ബന്ധിക്കുക. സൈന്യം മറുകരകടക്കട്ടെ;"—എന്നു കല്പിച്ചു.

ജാംബവാൻ കൈകൾക്കൂപ്പിപ്പറഞ്ഞു—,ഭഗവൻ! ഭാനുകുലകേതോ! മനുഷ്യർക്കു സംസാരസമുദ്രം കടക്കുന്നതിനുള്ള സേതുവാണല്ലോ നിന്തിരുവടിയുടെ തിരുനാമം—പിന്നെ ഈ ചെറിയ ജലാശയം കടന്നു കയറുന്നതിന് എന്തു വിഷമതയുള്ളു?"

ഹനുമാൻ:—പ്രഭോ! അങ്ങേ പ്രതാപബഡവാഗ്നിയിൽ ഒരിക്കൽ ഈ സമുദ്രം മുഴുവൻ വററിപ്പോയതാണ്. പിന്നീട്ട് അങ്ങേ ശത്രുക്കളുടെ വിധവകൾവാർത്ത അശ്രുപ്രവാഹത്താൽ രണ്ടാമതും നിറഞ്ഞിരിക്കുന്നു. ഉപ്പിൻെറ ചുവ ഇതിൽ കാണുന്നത് അതുകൊണ്ടാണ്.

ഹനൂമാന്റെ സാലംകാരവാഗ്വിലാസത്താൽ സന്തുഷ്ടരായ കപികൾ ഭഗവാന്റെ തിരുമെയ്യിൽ ദൃഷ്ടിപതിപ്പിച്ചു. സഹോദരന്മാരായ നീലനെയും നളനെയും ജാംബവാൻ അരികിൽ വിളിച്ച്, അവരുടെ കർത്തവ്യത്തെ ഉദ്ബോധിപ്പിക്കയും രാമപ്രതാപത്തെ ഉള്ളിൽ സ്മരിച്ചുകൊണ്ട് ഉദ്യമിക്കുന്നതായാൽ സേതുബന്ധനത്തിനു പ്രയാസം ഉണ്ടാകയില്ല എന്നു ഉപദേശിക്കയും ചെയ്തു. അനന്തരം മററു കപികളെ നോക്കി 'സഹോദരന്മാരെ! എനിക്കു നിങ്ങളോടു അഭ്യർത്ഥിക്കാൻ ഒരു സംഗതിയേയുള്ളു. രാമപാദസ്മരണ കൈവെടിയാതെ നിങ്ങൾ പ്രവർത്തിക്കണമെന്നുമാത്രം. അങ്ങനെ ചെയ്താൽ ഈ മഹാരംഭം കേവലം ഒരു വിളയാട്ടുപോലെ, ലഘുവായി നിങ്ങൾക്കു നിറവേററാം. ഹേ! മർക്കട ഭല്ലൂകവീരന്മാരേ! ഉത്സാഹപൂർവ്വം ഉടനെ പുറപ്പെടുവിൻ! പർവ്വതങ്ങളും പാദപങ്ങളും പുഴക്കിയെടുത്തുകൊണ്ടുപോരുവിൻ!

നിയോഗം കേൾക്കാത്ത താമസമായിരുന്നു. വാനരസംഘം പുറപ്പെടുകയായി—"രഘുരാജന്റെ പ്രതാപസമൂഹം ജയിക്കുന്നു." എന്നുദ്ഘോഷിച്ചുകൊണ്ട് ദിഗന്തങ്ങളിലേക്കു കുതിച്ചു. അചിരേണ അത്യുന്നതങ്ങളായ വൃക്ഷങ്ങളും പർവ്വതങ്ങളും സമുദ്രതീരത്തിൽ ശേഖരിച്ചുകഴിഞ്ഞു. ശില്പിസഹോദരന്മാർ അവയെ യഥായഥം പടുത്തു് സേതുബന്ധനവും തുടർന്നു.

മർക്കടന്മാർ മഹത്തരങ്ങളായ ഗിരികൾ പുഴക്കിയെടുത്തു് ചിമ്മികൊണ്ടുവന്നു് അപ്പോഴപ്പോൾ കൊടുത്തുകൊണ്ടിരുന്നതു്, നളനും നീലനും വെറും കളിപ്പന്തുകൾപോലെ നിഷ്പ്രയാസം വാങ്ങി കടലിൽ പടുത്തു; സേതുവിന്റെ സുന്ദരമായ ബന്ധനചാതുര്യം നോക്കി ഭഗവാൻ പുഞ്ചിരിതൂകി പറഞ്ഞു.—"സേതുസ്ഥാനം പരമരമ്യവും സുന്ദരവുമാണു്. ആർക്കും ഇതിന്റെ മഹിമാതിശയം വർണ്ണിക്കാവതല്ല.

ഇവിടെ ഒരു ശിവലിംഗം പ്രതിഷ്ഠിച്ചാൽ കൊള്ളാമെന്നു് എനിക്കു അനല്പമായ ആഗ്രഹമുണ്ട്." അരുളപ്പാടു കേൾക്കവേ, സുഗ്രീവൻ നാലുദിക്കിലേക്കും ദൂതന്മാരെ നിയോഗിച്ച് മുഖ്യമഹർഷിമാരെ ആനയിച്ചു; ഭഗവാൻ യഥാവിധി ശിവലിംഗപ്രതിഷ്ഠകഴിച്ച് പുഷ്പാദികളാൽ പൂജിച്ചശേഷം ഉപന്യസിക്കയാണ്. "സ്നേഹിതന്മാരെ! ശിവനെപ്പോലെ എനിക്കു പ്രിയനായി മററാരുമില്ല. എന്റെ ദാസനാണെന്നു ഭാവിക്കുന്ന ഏതൊരുത്തനും ശിവദ്രോഹിയാണെങ്കിൽ അവനു സ്വപ്നത്തിലും എന്റെ ദർശനം ലഭിക്കയില്ല. ശങ്കരവിമുഖനായി എന്നിൽ ഭക്തിയെ ചെയ്യുന്നവൻ മൂഢനും മന്ദബുദ്ധിയുമാണു്.

ശങ്കരദാസനായി എന്നെ ദ്രോഹിക്കയോ ശങ്കരദ്രോഹിയു

യി എന്നെ സ്നേഹിക്കയോ ചെയ്യുന്നവൻ കല്പാവധിഘോരനരകത്തെ ഭുജിക്കുന്നു. രാമേശ്വരദശ്നം ലഭിക്കുന്ന സുകൃതി, ദേഹംത്യജിച്ച് എൻെറ ധാമത്തെത്തന്നെ പ്രാപിക്കുന്നതാണ്. ഗംഗാജലം കൊണ്ടുവന്ന് രാമേശ്വരനു അഭിഷേകം കഴിക്കാൻ ഭാഗ്യമെത്തുന്ന മനുഷ്യൻ ആവൃത്തിഹീനമായ സായുജ്യപദത്തിനു അർഹനാകുന്നു. അകാമനും അകളങ്കനുമായി എന്നെ ഭജിക്കുന്നവന് ശംകരൻ അക്ഷയഭക്തിയെ ദാനം ചെയ്യുന്നു. എന്നാൽ നിബദ്ധമായ ഈ സേതുവിൻെറ ദശ്നം, സംസാരസമുദ്രത്തെ നിഷ്പ്രയാസം കടത്തുന്നതാണ്."

ഭഗവദ്വചനങ്ങൾ ശ്രോതാക്കളെ ആകമാനം ആഹ്ലാദചിത്തവൃത്തികളാക്കി; മുനിമാരെല്ലാം അനുജ്ഞ വാങ്ങി സ്വസ്വാശ്രമങ്ങളിലേക്കു മടങ്ങി; ഭദ്രേ ഭവാനീ! രാമദേവൻെറ രീതി ഇതാണ്- അദ്ദേഹം എപ്പോഴും ഭക്തന്മാരിൽ ദയാലുവാണ്. രാമകൃപയാൽ നീലനും നളനും ഏററവും യശസ്കരമായ വിധത്തിൽ സേതുബന്ധനകർമ്മം നിർവ്വഹിച്ചു. മലകളും പാറകളും സ്വഭാവേന വെള്ളത്തിൽ മുങ്ങുന്നതും മററുള്ളവയെ മുക്കുന്നതുമാണെങ്കിലും സമുദ്രത്തിൽ പൊങ്ങുതടികൾപോലെ പൊന്തിയാണു കിടന്നത്. അതിനുകാരണം സമുദ്രത്തിൻെറ ശക്തിയൊ കല്ലിൻെറ മഹിമയൊ വാനരന്മാരുടെ സാമത്ഥ്യമോ അല്ല.

വെള്ളത്തിൽ പാറകൾ നീന്തിനിൽക്കുന്ന ഒരു സേതു സമുദ്രത്തിൽ തീൎന്നതു് ശ്രീരഘുപതിയുടെ പ്രതാപവൈശിഷ്ട്യത്താൽ മാത്രമാണ്. ഈദൃശപ്രഭാവനായ രഘുപതിയെ ഉപേക്ഷിച്ച് മററു ദേവന്മാരെ സേവിക്കുന്നതു എത്രയൊ മൌഢ്യമായിരിക്കും!

സേതു, സുദൃഢമായി ബന്ധിച്ചു കഴിഞ്ഞപ്പോൾ ഭഗവാന് സന്തോഷമുണ്ടായി. മക്കടഭട സമൂഹത്തിൻെറ ഗജ്ജനസമ്മിശ്രമായ യാത്രാകോലാഹലം വാചാമഗോചരമെന്നേ പറവാനുള്ളു. സൂയ്യകുലകേതു സേതുപ്രാന്തത്തിൽ ഒരു ഭാഗത്തുനിന്ന്, അഗാധമായ ആലയാഴിയിലെക്കു നോക്കി;—ആ ക്ഷണത്തിൽ ജലജന്തുക്കളെല്ലാം കരുണാനിധിയെ കാണുന്നതിനുള്ള അഭിലാഷത്താൽ, വെള്ളത്തിൻെറ മുകളിൽ തലപൊന്തിച്ചു നിരന്നുനിലയായി. പല ജാതിമകരങ്ങൾ, നക്രങ്ങൾ, മത്സ്യങ്ങൾ, വ്യാളങ്ങൾ, തുടങ്ങി നൂറു യോജന പരപ്പുള്ള മഹാകായങ്ങളായ ജന്തുക്കൾ ഒരണിക്കു നിൽക്കുന്നു. അതിനു പുറകിലായി മുന്നണിമുഴുവൻ ഒരു വായിലടക്കത്തക്ക വലിപ്പമുള്ള മറെറാരു സംഘം ജന്തുക്കൾ നിരന്നിരിക്കുന്നു. അവറെറയും വിഴുങ്ങത്തക്കവണ്ണം വമ്പിച്ച ഒരു സംഘം അതിനു പുറകിൽ കാണപ്പെടുന്നു. ഇവയെല്ലാം പ്രഭുവിൻെറ തിരുമെയ്യിൽനിന്നും ദൃഷ്ടിയിളക്കാൻ കഴിവില്ലാതെ, സമാന സന്തോഷത്തുന്ദിലങ്ങളായി മേളിച്ചു

സുഖിക്കുന്നു. ഹരിരൂപ ദർശനസുഖത്തിൽ മഗ്നങ്ങളായ ജന്തുക്കൾ നിബിഡമായി നിരന്നുനിന്ന ആ അവസരത്തിൽ സമുദ്രജലത്തിന്റെ കണികപോലും കാണ്മാൻ കഴിവില്ലായിരുന്നു.

നായകന്റെ നിയോഗപ്രകാരം സൈന്യങ്ങൾ മറുകരയിലേക്കു തിരിക്കയായി; ആ മഹാസംഘത്തിന്റെ വൈപുല്യം ആർക്കുതന്നെ വർണ്ണിക്കാം? സേതുവിൽത്തിങ്ങി കൊള്ളാതെയായിട്ട്, കപികളിൽ പലരും, ആകാശത്തിൽ കുതിച്ചും ജലജന്തുക്കളുടെ മുതുകിൽ കയറിത്തിരിച്ചും മറുകര ചേരേണ്ടിവന്നു.

വാനരന്മാരുടെ സേതുതരണ കോലാഹലങ്ങൾ ഭഗവാൻ ഭ്രാതൃസമേതനായി കൌതുകത്തോടേനോക്കി മന്ദഹാസം തൂകിത്തൂകി സംഘത്തെ പിന്തുടർന്നു. സേനാനായകന്മാരുടെ സംഖ്യതന്നെ ഗണനാതീതമായിരുന്നു. ദക്ഷിണ തീരത്തിലെത്തി ഭഗവാൻ കൂടാരമടിച്ചശേഷം സൈന്യങ്ങൾ യഥേഷ്ടം ഉദ്യാനങ്ങളിൽ കടന്ന് ഫലമൂലങ്ങൾ ഭക്ഷിച്ചുകൊൾവാൻ അനുജ്ഞകൊടുത്തു. നിമിഷത്തിനകം വാനരന്മാരെല്ലാം നാലുദിക്കുകളിലേക്കും പാഞ്ഞു. സകലവൃക്ഷങ്ങളും രാമഹിതമറിഞ്ഞ് ഋതുഭേദം നോക്കാതെ, ഫല ഭൂയിഷ്ഠങ്ങളായി പരിലസിച്ചു. കപികൾ മധുരഫലമൂലങ്ങൾ ഭുജിച്ചു സന്തൃപ്തരായ ഉടനേ വൃക്ഷങ്ങൾ പിടിച്ചുലയ്ക്കാനും ഒടിക്കാനും തുടങ്ങി. പർവ്വതശിഖരങ്ങളും പാറകളും പുഴക്കിയെടുത്ത് ലങ്കയെ ലക്ഷ്യമാക്കി എറിഞ്ഞു. വഴിയിലെങ്ങാൻ വല്ല രാക്ഷസനെയും കണ്ടാൽ പിടികൂടി കിഴുക്കി ഉന്തിയാടിച്ച് നാണംകെടുത്തി മൂക്കും കാതും കടിച്ചെടുത്ത് പ്രഭുവിന്റെ അപദാനങ്ങളും വർണ്ണിച്ചു കേൾപ്പിച്ചു വിട്ടയയ്ക്കും. ഇങ്ങനെ കാതും മൂക്കും പോയവരെല്ലാം രാവണനോടു ചെന്നു സങ്കടം പറഞ്ഞു. കടലിൽ ചിറകെട്ടി കടന്നുകയറിയ വൃത്താന്തങ്ങളും വിസ്തരിച്ചു കേട്ടപ്പോൾ, ആ ഭയങ്കരൻ സംഭ്രാന്തനായിച്ചാടിയെഴുന്നേററു —"എന്ത് ? കടലിൽ ചിറയിട്ടുവോ ? നദികളും നദങ്ങളും സമ്മേളിച്ച അഗാധജലധിയിൽ! ആഴത്തിലാഴത്തിൽ ചെളിക്കെട്ടുകൾ നിറഞ്ഞ മഹാസിന്ധുവിൽ!! ജലനിധാനമായ സരിൽപതിയിൽ!!!"

തന്റെ ആശങ്ക അസ്ഥാനത്തിലാണെന്നും വസ്തുതഃസേതു ബന്ധിച്ചിരിക്കുന്നുവെന്നും ഒടുവിൽ മനസ്സിലായപ്പോൾ, വ്യാകുലമനഃസ്ഥിതിയോടെ മന്ദഹാസം തൂകി അവൻ കൊട്ടാരത്തിലേക്കു തിരിച്ചു. ഭർത്താവിന്റെ ആഗമനവും സേതുബന്ധനവൃത്താന്തവും അറിഞ്ഞ മണ്ഡോദരി വേഗത്തിൽ രാവണന്റെ കൈപിടിച്ച് തന്റെ മുറിയിൽ കൊണ്ടുപോയി ഇരുത്തി; സാഷ്ടാംഗം നമസ്കരിച്ചു വസ്ത്രാഞ്ചലവുമൊതുക്കി വിനീതയായി നിന്ന് മധുരസ്വരത്തിൽ പറഞ്ഞു. "നാഥ! കോപിക്കാതേ സാവധാനം എന്റെ വാക്കു

ട്ടു

കൾ കേൾക്കണം.” ബുദ്ധികൊണ്ടോ ബലംകൊണ്ടോ കീഴടക്കാൻ സാധിക്കുന്ന ഒരാളോടേ യുദ്ധമാവൂ. രാമചന്ദ്രൻ അങ്ങേക്ക് എതിർക്കത്തക്ക ഒരു ശത്രുവല്ല. ‘എന്റെ ജീവനാഥനും രാമനും തമ്മിൽ മിന്നാമിനുങ്ങും സൂര്യനുംപോലെയുള്ള അന്തരമുണ്ട്. ബലശാലികളായ മധുകൈടഭന്മാരെക്കൊന്നവൻ, വീരഹിരണ്യാക്ഷനെ വധിച്ചവൻ, ബാലിയെ ബന്ധിച്ചവൻ, കാർത്തവീര്യനെ സംഹരിച്ചവൻ; അവൻതന്നെയാണ് ഭൂഭാരഹരണത്തിന് ഇപ്പോൾ രാമനായി അവതരിച്ചിരിക്കുന്നതു്.’ പ്രഭോ! അവനോട്ട് വിരോധം തുടങ്ങരുതേ. കാലത്തിനും കർമ്മത്തിനും ഗുണങ്ങൾക്കും ജീവനുതന്നെയും ആധാരഭൂതനാണവൻ.

രാമപാദങ്ങളിൽ നമസ്കരിച്ച് സീതയെ തിരികെ കൊടുക്കുക. അനന്തരം സിംഹാസനം മൂത്തപുത്രനു നൽകി വനത്തിൽ പോയി രഘുപതിയെ ഭജിക്കുക! പ്രാണനാഥ! രാമൻ ദീനദയാലുവാണ്. അപരാധങ്ങൾ ഗണിക്കാതെ അഭയം നൽകുന്നവനാണ്. അങ്ങേക്ക് ഇവിടേ സാധിക്കേണ്ടതെല്ലാം സാധിച്ചുകഴിഞ്ഞു. ദേവാസുരന്മാരെ, എന്നല്ല, സകല ചരാചരങ്ങളേയും ജയിച്ചു. ഹേ! ദശകണ്ഠ! വാർദ്ധകവയസ്സിൽ രാജാക്കന്മാർ സിംഹാസനമൊഴിഞ്ഞു് വനത്തിൽ പോയി വിശ്രമിക്കണമെന്നാണ്, വേദവിധിയും—അവിടെ, സകല ലോകങ്ങളുടേയും കർത്താവും ഭർത്താവും, സംഹാരകർത്താവുമായ ആ ഭക്തദാസനെ—രഘുനാഥനെ—മമത്വവും മദവുംഉപേക്ഷിച്ചു ഭജിക്കുക. മഹർഷിമാർ ക്രൂരതപശ്ചര്യകൾ ആർക്കുവേണ്ടി ആചരിക്കുന്നുവോ, ആരെ ഉദ്ദേശിച്ചാണോ രാജാക്കന്മാർ സിംഹാസനം ഉപേക്ഷിച്ചു സന്യസിക്കുന്നതു്; ആ പരമാത്മസ്വരൂപനാണ് ഈ കോസലേശൻ. നിന്നിൽ കരുണചെയ്യാൻ ഇവിടെ എഴുന്നള്ളിയിരിക്കുന്ന രാമചന്ദ്രൻ. നാഥ! എന്റെ ഉപദേശത്തെ അനുസരിക്കുക! അങ്ങേക്കു ത്രിഭുവനപാവനമായ യശസ്സ് ലഭിക്കും.

ഈ അഭ്യർത്ഥനയോടുകൂടി മണ്ഡോദരി ദേഹം വിറച്ചു കണ്ണുനീരൊഴുക്കിക്കൊണ്ട്, ഭർത്താവിന്റെ പാദങ്ങളെ ഗ്രഹിച്ചു. “നാഥ രഘുനാഥപാദങ്ങളെ ഭജിക്കുക, ശ്രേയസ്സിനു ഒരിക്കലും ഉലവുണ്ടാകയില്ല.”

ഖലപ്രമാണി രാവണൻ മയപുത്രിയെ സാദരം പിടിച്ചെഴുന്നേല്പിച്ചു്, തന്റെ പ്രതാപങ്ങളെ വിസ്തരിക്കാൻ തുടങ്ങി; “പ്രിയെ കേൾക്കു! നീ അർത്ഥമില്ലാത്ത ഭയത്തിനധീനയായിരിക്കുന്നു. എന്നെപ്പോലെ ഒരു വീരയോധൻ ഈ ഭുവനത്തിലുണ്ടോ? വരുണൻ കുബേരൻ, പവനൻ, പാവകൻ, കാലൻ എന്നു വേണ്ടാ അഷ്ടദിക്പാലന്മാർഎല്ലാം-എന്റെ ഭുജബലത്തിനടിമകളല്ലേ? ദേവദൈത്യമനു

ഷ്യവർഗ്ഗം സമസ്തവും എന്റെ കല്പനക്കീഴിലല്ലേ? നിന്റെ ഈ ഭയങ്ങൾക്കു കാരണം എവിടെനിന്നുണ്ടായി?—"

അനുനയവാക്കുകളാൽ രാവണൻ അവളെ ആശ്വസിപ്പിക്കാൻ കഴിയുന്നതെല്ലാം ചെയ്തു. അനന്തരം ഉദ്ധതനായി ആസ്ഥാനമണ്ഡപത്തിൽ ചെന്നു് ഞെളിഞ്ഞിരിപ്പായി. രാവണന്റെ അഭിമാനം അവന്റെ നാശത്തിനാണെന്നു മണ്ഡോദരിക്കു ബോധമുണ്ടായിരുന്നു. സഭാസ്ഥിതന്മാരെ നോക്കി രാവണൻ, ആസന്നനായ ശത്രുവിനോടു യുദ്ധമാരംഭിക്കേണ്ട ക്രമത്തെപ്പററി അഭിപ്രായം ചോദിച്ചു. അവർ പറകയാണു്—"പ്രഭോ! എപ്പോഴും ഇങ്ങനെ ചോദിക്കുന്നതിന്റെ അർത്ഥമെന്തു്? ആലോചിച്ചുനോക്കി, ഭയകാരണം വ്യക്തമായി അരുളിച്ചെയ്യണം. മനുഷ്യരും കുരങ്ങന്മാരും നമ്മുടെ നിത്യഭക്ഷണമാണല്ലോ.

ഈ ദുർവ്വചനങ്ങൾകേട്ടു സഹിക്കാതെ പ്രഹസ്തൻ കൈകൾ കൂപ്പിപറഞ്ഞു.—"പ്രഭോ! നീതിവിരുദ്ധമായി പ്രവർത്തിക്കരുതേ. അങ്ങേ മന്ത്രിമാർ അല്പമെങ്കിലും പ്രജ്ഞയുള്ളവരല്ല. രാജാവിന്റെ പ്രീതിയെ മാത്രം അവർ ഉദ്ദേശിക്കുന്നു. അതു തെല്ലും ശ്രേയസ്കരമായ മാർഗ്ഗമല്ല. ഒരൊററക്കുരങ്ങനാണു് കടൽ ചാടിക്കടന്നു് ഇവിടെ വന്നതു്. അവൻ എന്തെല്ലാം കാട്ടിക്കൂട്ടിയെന്നു ഞാൻ വിശേഷിച്ചു പറയേണ്ട ആവശ്യമില്ല. ഹേ മന്ത്രിമാരേ! അപ്പോൾ നിങ്ങൾക്കു വിശപ്പുണ്ടായില്ലേ.? പട്ടണത്തിനു തീകൊളുത്തിയ അവസരത്തിൽ അവനെപ്പിടിച്ചു വിഴുങ്ങിക്കളയാമായിരുന്നില്ലേ? എന്തുകൊണ്ടതുചെയ്തില്ല? കാതിനു മധുരവും കാര്യത്തിൽ വിധുരമായ ഉപദേശങ്ങളാണു് നിങ്ങൾ, മന്ത്രിമാർ പ്രഭുവിനു നൽകുന്നതു്.? ഭോ, രാജേശ്വര! സമുദ്രത്തിൽ നിർബാധമായിച്ചിറകെട്ടി, സേനയുമായി കടന്നുവന്നു്, സുബേലത്തിൽ വസിക്കുന്ന രാമൻ നമുക്കു പിടിച്ചുവിഴുങ്ങത്തക്ക ഒരു സാധാരണമനുഷ്യനോ? ചിന്തിച്ചുനോക്കുക. മന്ത്രിമാർ മുഖസ്തുതിചെയ്യുന്ന അന്ധന്മാരാണു്. പ്രഭോ എന്റെ വാക്കുകളെ സാദരം ശ്രദ്ധിക്കണമെ! അഭിമാനത്താൽ എന്നെ ഒരു ഭീരുവായി കരുതരുതേ. പ്രിയവാക്കു പറവാനും കേൾക്കാനും ഇഷ്ടമുള്ള ആളുകൾ ലോകത്തു ധാരാളം. എന്നാൽ കാതിനു രുചിതോന്നാത്ത ഹിതവാക്കു പറയുന്നവരും കേൾക്കുന്നവരും വളരെ തുച്ഛം. പ്രഭോ! ഇവിടെ പരമമായ അങ്ങേ കർത്തവ്യം ഞാൻ ഉണർത്തിക്കുന്നു. ആദ്യമായി ഒരു ദൂതനെ അയച്ചറിയിച്ചു് സീതയെ തിരിയെ കൊടുക്കുക! അനന്തരം, രഘുപതിയുടെ പ്രീതി സമ്പാദിക്കാൻ സർവ്വാത്മനാ ശ്രമിക്കുക.

ഭാര്യയെ ലഭിച്ചുകഴിഞ്ഞാൽ, രാമൻ പിന്തിരിയുകയാണെങ്കിൽ അപ്പോഴേ ബാധതീരു. അല്ല, മുന്നോക്കമാണെന്നുകണ്ടാൽ

മുഖത്തോടുമുഖം എതിൎത്തു പോരാടാൻ സന്നദ്ധനാവുക! താത! രണ്ടു പ്രകാരത്തിലായാലും എൻെറ ഉപദേശം യശസ്കരമാണ്."

ഈ നിവേദനത്താൽ ദശകണ്ഠൻ കുപിതനായി പുത്രനെ നോക്കി—"ശഠ! ഈദൃശമായ ഉപദേശതത്വം ആരാണു നിന്നെ പഠിപ്പിച്ചവൻ? ഇപ്പോൾ മുതൽ എനിയ്ക്കു സംശയം തോന്നുന്നു. ഒരു മുളയിൽനിന്ന് അസാരമായ ഈറൽ ഉൽഭവിക്കുമോ?"

പിതാവിൻെറ അന്ധവും അസാരവുമായ പരുഷവാക്കുകൾ പ്രഹസ്തനു ദുഃസഹമായിരുന്നു. "കാലവശഗന് ഔഷധംപോലെയാണ് ഈയാൾക്കു ഹിതോപദേശം" എന്ന് അവൻ തന്നത്താൻ പറഞ്ഞു, ക്ഷണേന ഭവനത്തിലേക്കു പോകയും ചെയ്തു. രാവണൻ സായംകാലം സമീപിച്ചതുകണ്ട്, മന്ത്രിസഭ പിരിച്ചയച്ചിട്ട്, ഔദ്ധത്യത്തോടെ തൻെറ കൈകൾ ഇരുപതും നോക്കി നോക്കി കൊട്ടാരത്തിലേക്കു തിരിച്ചു. അതിവിചിത്രമായ അങ്കണത്തോടുകൂടിയ ഒരു മണിമാളിക, ലങ്കാശിഖരത്തിൽ കെട്ടപ്പെട്ടിരുന്നതിനുള്ളിൽ കടന്ന് ഒരാസനത്തിൽ ഇരിപ്പായി. അപ്പൊഴേക്കു സദിരുതുടങ്ങാൻ ഗായകന്മാരും നടിമാരുമെല്ലാം ഹാജരായി; കിന്നരഗന്ധൎവ്വസംഘങ്ങൾ വീണ മൃദംഗം കൈമണി മുതലായവയാൽ അനുധ്വനിമുഴക്കിപ്പാടി; സുന്ദരിമാരായ അപ്സരസ്സുകൾ രുചിരമായി നടമാടി.

ഇവിടെ അവൻ അനുഭവിച്ച സുഖസാമഗ്രികൾ, ഇന്ദ്രസമ്പത്തിനെ ശതഗുണം അതിശയിച്ചതായിരുന്നു. ഉഗ്രശത്രു, സൈന്യസഹായനായി രാജധാനിയിൽ കടന്നു പാളയം അടിച്ചിരിക്കുന്ന അവസരത്തിൽ എത്ര പ്രബലനായാലും ഭയശങ്കകൾക്കു അടിമപ്പെട്ടുപോകും. എന്നാൽ ദശകണ്ഠൻതെല്ലും കുലുങ്ങിയില്ല.

സുബേലാചലത്തിൽ പാളയമടിച്ച ഭഗവാന് അധിവാസയോഗ്യമായ ഒരു സ്ഥാനം ലക്ഷ്മണൻ സജ്ജീകരിച്ചു. അത്യുന്നതവും സുന്ദരവും സമതലവും സുഭഗവുമായ ഒരു കൊടുമുടിയുടെ മുകളിൽ തളിരും പൂവും ഇടകലൎത്തി ഒരു തല്പമുണ്ടാക്കി അതിന്മേൽ മൃദുത്വവും ഭംഗിയുമുള്ള ഒരു മാന്തോൽ വിരിച്ചു. കൃപാനിധി വിശ്രമാൎത്ഥം അതിന്മേൽ ഉപവേശിച്ചു.

സുഗ്രീവൻെറ മടിയിൽ ശിരസ്സുചേൎത്തു ഇടതു വലതു ഭാഗങ്ങളിൽ അമ്പും വില്ലും നിക്ഷേപിച്ചിരുന്നു. കരകമലത്താൽ ബാണങ്ങൾ എടുത്തു തേച്ചും തുടച്ചും കാതുകളാൽ വിഭീഷണൻെറ മന്ത്രങ്ങൾ ശ്രദ്ധിച്ചുമിരുന്നു. അംഗദനും ഹനുമാനും പാദപത്മങ്ങൾ തലോടിക്കൊണ്ടിരുന്നു. ലക്ഷ്മണൻ ചാപബാണതൂണീരധരനായി പുറകിൽ കാവൽ നിന്നു.

കരുണാശീലനും ഗുണധാമവുമായ രാമചന്ദ്രന്റെ ആസന്നക്രമം ഇതായിരുന്നു. ഈ നിലയിൽ അദ്ദേഹത്തെ ധ്യാനിക്കാൻ ഭാഗ്യമെത്തുന്നവർ ധന്യധന്യന്മാരായി ഭവിക്കുന്നു.

കിഴക്കുദിക്കിൽ ഉദിച്ചുയരുന്ന ചന്ദ്രനെ നോക്കി ശ്രീഭഗവാൻ സമീപസ്ഥിതന്മാരോടു പറഞ്ഞു.—"അതാ! ചന്ദ്രനാമാവായ ധീരസിംഹം! പൂർവ്വപർവ്വത ഗുഹയിൽ നിന്നും പ്രതാപ തേജോബലങ്ങൾക്കു നിധാനമായ ആ കേസരി ശ്രേഷ്ഠൻ, ഇരുൾകെട്ടാകുന്ന കൊലയാനകളുടെ മസ്തകങ്ങൾ പിളന്ന്, മുത്തു രത്നങ്ങളെ തന്റെ സഞ്ചാരസ്ഥാനമായ ഗഗനവനത്തിൽ നക്ഷത്രരൂപേണ വിതറിയിരിക്കുന്നു. അവ യാമിനീകാമിനിയുടെ അലംകാരമണികളായി വിളങ്ങുന്നു. എന്നാൽ ചന്ദ്രനിൽ കാണുന്ന ആ കളങ്കം എന്താണെന്നു നിങ്ങളിൽ ഓരോരുത്തരുടെയും അഭിപ്രായം കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

"രാമചന്ദ്ര"! അതു ഭൂമിയുടെ ഛായ സംക്രമിച്ചുണ്ടായതാണെന്നാണു് എന്റെ അഭിപ്രായം." എന്നു സുഗ്രീവൻ പറഞ്ഞു. മറ്റൊരുത്തൻ:— പ്രഭോ! രാഹുവിന്റെ ആക്രമണത്തിൽ പററിയ മുറിവിന്റെ തഴമ്പായിരിക്കാമതു്. മൂന്നാമൻ:— സ്വാമിൻ! ബ്രഹ്മദേവൻ രതിയുടെ മുഖം നിർമ്മിച്ചപ്പോൾ, ചന്ദ്രബിംബത്തിൽ നിന്നും സാരഭാഗം കുറച്ചെടുത്തുചേർത്തു; ആ വിള്ളലിൽകൂടി ആകാശം കാണപ്പെടുന്നതുകൊണ്ടാണു്, ഇരുൾനിറം നമുക്കു തോന്നുന്നതു്.

ഭഗവാൻ:—ഇതൊന്നുമല്ല, വിഷമാണു്. തന്റെ സഹോദരമായ വിഷത്തെക്കുറിച്ചു ചന്ദ്രനു വളരെപ്പക്ഷമാണു്. അതുനിമിത്തം സ്വന്തം ഉരസ്സിൽതന്നെ ചേർന്നിരുന്നുകൊൾവാൻ അതിനെ അനുവദിച്ചിട്ടുണ്ടു്. ആ വിഷദീപ്തി കലർന്നിയ കിരണങ്ങൾ പരത്തി വിരഹാർത്തരായ സ്ത്രീപുരുഷന്മാരെ ശീതകിരണൻ ദുഃഖിപ്പിക്കുന്നു.

ഹനൂമാൻ പറഞ്ഞു:—"പ്രഭോ ചന്ദ്രനിൽ കാണുന്ന കാളിമയെന്താണെന്നു് അടിയനറിയിക്കാം. ചന്ദ്രൻ തിരുവടിയുടെ പ്രിയ ദാസനാണു്. രാമരൂപത്തെ എപ്പോഴും ഹൃദയത്തിൽ ആവാഹിച്ചു വച്ചിരിക്കുന്നതിന്റെ പ്രതിഭാസമത്രേ ഇരുൾ നിറത്തിൽ കാണുന്നതു്.

മാരുതിയുടെ വാക്കുകൾകേട്ടു് വിജ്ഞാനിയായ വിഭു മന്ദഹസിച്ചു. അനന്തരം ദക്ഷിണദിക്കിലേക്കു നോക്കി—"വിഭീഷണ! എന്താണതു്? തെക്കുദിക്കിൽ നോക്കൂ! മേഘങ്ങൾ ഉരുക്കൂടി മിന്നൽപിണരുകൾ വീശുന്നു. കാർമേഘപടലത്തിനുള്ളിൽ മധുരമധു

രമായ ദൂരഗർജ്ജനം മുഴങ്ങുന്നു. മഴപെയ്യുമെന്നാണു തോന്നുന്നതു്. അഥവാ കൽമഴ വീഴാനും ഇടയാവാം."

"പ്രഭോ! കാറുമില്ല മഴയുമില്ല. മിന്നൽ വീശുന്നതുമില്ല. ലങ്കാശിഖരത്തിന്റെ മുകളിൽ രാവണനു് ഒരു മാളികയുണ്ടു്. അതിന്നുള്ളിലാണു് അവന്റെ നാടകസഭ. ഗന്ധർവ്വകിന്നരാദികളുടെ സിദ്ധരോടുകൂടെ ദേവസ്ത്രീകളുടെ നടനം കണ്ടുരസിക്കാൻ അവൻ സജ്ജീകരിച്ചിരിക്കുന്ന രംഗം ആ മാളികയാണു്. ഇപ്പോൾ അവിടെ നാടകം നടക്കുന്നു. രാവണന്റെ തലയ്ക്കുമേലേ പിടിച്ചിരിക്കുന്ന കുടയുടെ കറുപ്പാണു് മേഘമണ്ഡലംപോലെ കാണപ്പെടുന്നതു്. മണ്ഡോദരിയുടെ കാതുകളിൽ തൂങ്ങുന്ന താടങ്കങ്ങളുടെ പ്രഭാവീചികൾ വിദ്യുത്തുകൾപോലെ തോന്നുന്നു. മൃദംഗാദി വാദ്യസമ്മിളിതധ്വനിയാണു് മേഘങ്ങളുടെ ദൂരഗർജ്ജനശങ്കയെ ജനിപ്പിക്കുന്നതു്."

രാമചന്ദ്രൻ പുഞ്ചിരിതൂകി സൂക്ഷിച്ചുനോക്കി; രാക്ഷസരാജന്റെ ഉദ്ധതമായ ഇരിപ്പുകണ്ടു്, വില്ലു കുലയേററി ഒരു ശരം പ്രയോഗിച്ചു. രാവണന്റെ കുടയും കിരീടവും മണ്ഡോദരിയുടെ കർണ്ണാഭരണവുമെല്ലാം ഒരു നിമിഷത്തിൽ അററു നിലംപതിച്ചുകഴിഞ്ഞു. എല്ലാവരും കാൺകെയാണു് മുറിഞ്ഞുവീണതെങ്കിലും രഹസ്യം ആൎക്കും മനസ്സിലായില്ല. എന്തൊരു മറിമായമാണെന്നു രാവണൻ അതിശയിച്ചു. അത്ഭുതബാണം കൃത്യം നടത്തി മടങ്ങിവന്നു് രഘുരാജന്റെ ആവനാഴിയിൽ വീഴുകയുംചെയ്തു. രസഭംഗവും സംഭവത്തിന്റെ അസാംഗത്യവും നിമിത്തം രാവണസഭ വല്ലാതെ വിഷമിച്ചു.

"ഭൂകമ്പമുണ്ടായില്ല കൊടുങ്കാററടിച്ചില്ല. ആയുധങ്ങളൊന്നും കടന്നുവന്നതായി കണ്ടതുമില്ല എന്തൊരത്ഭുതം" എന്നു് ഓരോരുത്തനും വിചാരിച്ചു. ഏതായാലും ഇതു ഭയങ്കരമായ ഒരു ദുൎന്നിമിത്തത്തിന്റെ സൂചനതന്നെ എന്നു വ്യാഖ്യാനിക്കയുംചെയ്തു.

സദസ്യന്മാർ ഭയപ്പെട്ടുവെന്നുകണ്ടപ്പോൾ രാവണൻ പുഞ്ചിരിതൂകിക്കൊണ്ടു് തക്ക ഒരു സമാധാനം കണ്ടുപിടിച്ചു പറഞ്ഞു. "എന്റെ തലകൾപോയ അവസരങ്ങൾ ഉണ്ടായിട്ടുണ്ടു്. അന്നും എനിക്കു ഹാനിയൊന്നും പററിയില്ല. ഇപ്പോൾ കിരീടത്തിന്റെ അററമല്ലേ മുറിഞ്ഞുള്ളു. അതിൽ ദുശ്ശകുനത്വം ആരോപിക്കാനെന്തിരിക്കുന്നു? സദസ്യരേ! നിങ്ങൾ തെല്ലും മനോഭംഗപ്പെടാതെ അവരവരുടെ വീടുകളിൽപോയി ഉറങ്ങുവിൻ!"

എല്ലാവരും നമസ്കരിച്ചു് അവരവരുടെ ഭവനങ്ങളിലേക്കുപോയി. എന്നാൽ, മണ്ഡോദരിക്കു് കാതില മുറിഞ്ഞുവീണ നിമിഷംമുതൽ വല്ലാത്ത ഒരസ്വാസ്ഥ്യം മനസ്സിൽ കടന്നുകൂടി. കരതലം

മുകളിതമാക്കി സജലനയനയായി അവൾ പറഞ്ഞു. പ്രാണേശ സാവധാനം എന്റെ പ്രാർത്ഥന കേൾക്കേണമേ! രാമനോടുള്ള വിരോധം പരിഹരിക്കണമേ! രാമൻ സാധാരണ മനുഷ്യനാണെന്നു കരുതരുത്. പ്രഭോ എന്റെ വാക്കു വിശ്വസിക്കുക. രഘുവംശമണി വേദത്തിൽ നിഷ്കൃഷിച്ചിരിക്കുന്നതുപോലെ അവയവംപ്രതി ലോകകല്പനചെയ്തു വിളങ്ങുന്ന വിശ്വരൂപനാണ്.

അവന്റെ പാദങ്ങൾ പാതാളവും ശിരസ്സ് സത്യലോകവുമാണ്. മദ്ധ്യസ്ഥങ്ങളായ മററുലോകങ്ങളും ഓരോ അവയവങ്ങളായി സ്ഥിതിചെയ്യുന്നു. പുരികക്കളികൾ അനാദ്യന്തമായ കാലമാകുന്നു. സൂര്യഭഗവാനാണു കണ്ണുകൾ; തലമുടി മേഘമാലയാണ്. സാക്ഷാൽ ആശ്വിനേയന്മാരത്രെ നാസിക. രാവും പകലും ഉന്മീലനനിമീലനങ്ങളാണെന്നു പറയപ്പെടുന്നു. ദിക്കുകൾ പത്തും കാതുകളും വായുഭഗവാൻ ശ്വാസവായുവുമാണ്, വാക്കുകൾ ഛന്ദസ്സുകൾ തന്നെ- അധരം ലോഭമാണ്. വീരപ്പല്ലുകൾ യമധർമ്മൻ. ഹാസം മഹാമായാദേവി; കൈകളെട്ടും അഷ്ടദിക്പാലന്മാർ അഗ്നിദേവനത്രെ മുഖം; നാവു വരുണനാണത്രെ; സൃഷ്ടിസ്ഥിതിസംഹാരങ്ങൾ ഇച്ഛാശക്തിയാണ്. രോമങ്ങൾ വൃക്ഷലതാദികളും അസ്ഥികൾ പർവ്വതങ്ങളുമാകുന്നു. രക്തധമനികൾ നദികളാണ്. സപ്തസമുദ്രങ്ങൾ ഉദരവും പിൻഭാഗം നരകവും. ഇങ്ങനെ ലോകങ്ങളെല്ലാം പ്രഭുവിന്റെ പലവിധത്തിലുള്ള അവയവപ്രകടനമാകുന്നു.

ആ ദേവന്റെ അഹംകാരം ശിവനും ബുദ്ധി ബ്രഹ്മാവും മനസ്സ് ചന്ദ്രനും ചിത്തം മഹത്തത്വവുമാണ്. അവൻ മനുഷ്യാദിജീവികളിൽ അധിവസിക്കുന്നുവെന്നു മാത്രമല്ല ചരാചരരൂപനായി വിളങ്ങുകയും ചെയ്യുന്നു. പ്രാണേശ! ഈ വസ്തുത വിചാരിച്ചുനോക്കി പ്രഭുവിനോടുള്ള വൈരം ത്യജിക്കുക! രഘുരാജപാദപത്മങ്ങളെ ഭക്തിപൂർവ്വം ആരാധിക്കുക! എന്നാൽ ഒരിക്കലും എന്റെ സൌഭാഗ്യസമ്പത്തു ക്ഷയിക്കയില്ല.” പത്നിയുടെ ഈ ദുശനിവേദനം കേട്ടു രാവണൻ ചിരിച്ചു. ഭദ്രേ! മോഹമഹിമ അതിശയംതന്നെ. സ്ത്രീസ്വഭാവത്തെ കവികൾ വർണ്ണിച്ചിട്ടുള്ളതെത്ര വാസ്തവം? സാഹസം, അനൃതം, ചാപല്യം, മായാമോഹം, ഭയം, അവിവേകം, അശൌചം, കാർപ്പണ്യം, ഇങ്ങനെ എട്ടുദോഷങ്ങൾ പ്രായേണ സ്ത്രീഹൃദയത്തെ എപ്പോഴും ബാധിച്ചിരിക്കുമത്രെ. പ്രിയേ! നീ ശത്രുവിൽ സർവ്വവിധപ്രഭാവങ്ങളേയും പ്രഖ്യാപിച്ചു ഏറെ ഭയങ്കരമായ ഒരു ചരിത്രം എന്നെ കേൾപ്പിച്ചു. എന്നാൽ അതിൽനിന്നും നിനക്കെന്നെക്കുറിച്ചുള്ള സഹജമായ കരുണാതിശയം ഞാൻ കാണുന്നു. ശരിക്കു ധരിക്കുകയും ചെയ്യുന്നു. ഓമനേ! നിന്റെ സാമർത്ഥ്യം സമ്മതിക്കുകതന്നെ വേണം. ശത്രുവിനെ വർണ്ണിക്കുക എന്ന വ്യാജേന നീ എ

ന്റെ പ്രഭുത്വത്തെ പ്രശംസിക്കയാണു ചെയ്തതു്. നിന്റെ വാക്കുകൾ ഗൂഢാർത്ഥങ്ങളാണു്. കേൾക്കുമ്പോൾ ഭയങ്കരങ്ങളായിത്തോന്നുമെങ്കിലും, ധരിക്കുമ്പോൾ സുഖദങ്ങളായിരിക്കും.”

മണ്ഡോദരി ഈ വാക്കുകൾക്കു മറുപടി പറഞ്ഞില്ല. കാലവശത്തിലേക്കാകർഷിക്കുന്ന ആ മതിഭ്രമം വിധിവിഹിതമാണെന്നുതന്നെ അവൾ ധരിച്ചു. സ്വതേ നിർഭയനായ രാവണൻ ഇപ്രകാരം അഭിമാനദുഷ്ടങ്ങളായ വിവിധജല്പനങ്ങളാൽ രാത്രി കഴിച്ചിട്ടു് മദാന്ധനായി പ്രഭാതത്തിൽ മന്ത്രസഭയിൽ പ്രവേശിച്ചു. മേഘമാല അമൃതധാര വർഷിച്ചാലും മുളകൾ പുഷ്പിക്കയില്ല. ഫലിക്കയുമില്ല. അതുപോലെ ബ്രഹ്മദേവൻതന്നെ ഗുരുവായിവന്നു് ഉപദേശിച്ചാലും മൂർഖഹൃദയം ഉണരുകയില്ല; * രാമചന്ദ്രനും പ്രഭാതത്തിൽ മന്ത്രിമാരെ വരുത്തി അനന്തരകരണീയത്തെക്കുറിച്ചു് അവരവരുടെ അഭിപ്രായം ചോദിച്ചു. ഉടനേ ജാംബവാൻ ശിരസ്സുകുനിച്ചു വണങ്ങിപ്പറഞ്ഞു. “സർവജ്ഞനും സർവാന്തര്യാമിയുമായ ഭഗവാനേ സർവരൂപ! നിർവിശേഷ! അടിയന്റെ അല്പബുദ്ധിയിൽ തോന്നുന്നതു യുദ്ധമേൽക്കുംമുമ്പേ ബാലികുമാരനെ സന്ദേശവാഹകനായി രാവണസവിധത്തിലേക്കു ഒന്നയയ്ക്കണമെന്നാണു്.” ഈ അഭിപ്രായം യുക്തമെന്നുതന്നെ മററു വാനരപ്രമാണികളും സമ്മതിക്കയാൽ ഭഗവാൻ അംഗദനെ നോക്കി—“വത്സ! നീ ബുദ്ധിശാലിയും ബലവാനും ഗുണനിധിയുമാണെന്നറിയാം. എന്റെ കാര്യമായി രാവണസഭയിലേക്കു ഒന്നു പോയ്‌വരിക. വിസ്തരിച്ചൊന്നും നിന്നോടു പറയണമെന്നില്ല. കാര്യാദികളിൽ നിനക്കുള്ള ചാതുര്യം എനിക്കു ബോദ്ധ്യമാണു്. നമ്മുടെ അഭിമതങ്ങൾക്കു് ശത്രു അനുസരിക്കത്തക്ക വിധത്തിലായിരിക്കണം നിന്റെ നിവേദനം” എന്നു കല്പിച്ചു.

അംഗദൻ സ്വാമികല്പന ശിരസാ വഹിച്ചു് പാദനമസ്കാരം ചെയ്തു. “പ്രഭോ! രാമചന്ദ്ര! നിന്തിരുക്കരുണാകടാക്ഷപാത്രമാകുന്നവൻ ഗുണഗണരത്നാകരമാണു്. കാര്യസാദ്ധ്യത്തിനായി ഇപ്പോൾ നിന്തിരുവടി ആത്മസിദ്ധികളെല്ലാം ഈ അല്പസാരനിൽ സദയം അർപ്പിച്ചിരിക്കുന്നു.” എന്നുണർത്തിച്ചുനില്ക്കവെ, ഈ സദ്വിചാരം ബാലികുമാരന്റെ ഹൃദയത്തെ ഹർഷിതമാക്കി ശരീരത്തിൽ രോമാഞ്ചമണിയിച്ചു.

---

* ഈ ഭാഗത്തു്, മൂലഗ്രന്ഥത്തിൽ വിസ്തൃതമായ ഒരു ‘ക്ഷേപകം’ ചേർത്തിട്ടുണ്ടു്. രാവണൻ മന്ത്രസഭയിലിരുന്നു് വാനരസൈന്യത്തിന്റെ വൈപുല്യം നോക്കി അത്ഭുതപ്പെടുന്നതും, ശുകസാരണന്മാർ അടുത്തുനിന്നു് വാനരനായകന്മാരെ പ്രത്യേകം നിർദ്ദേശിച്ചു പറഞ്ഞുകൊടുക്കുന്നതുമാണു് അതിൽ വർണ്ണിച്ചിരിക്കുന്നതു്. ഇംഗ്ലീഷുതർജ്ജമയിൽ മററു ക്ഷേപകങ്ങൾ എന്നപോലെ ഇതും ഉപേക്ഷിക്കപ്പെട്ടിരിക്കകൊണ്ടു കഥയിൽ പൊരുത്തക്കേടു് ഇല്ലായ്കകൊണ്ടും ഇവിടെയും വിവർത്തനം ചെയ്യുവാൻ മുതിർന്നിട്ടില്ല.

തൃപ്പാദങ്ങളിൽ വീണ്ടും നമസ്കരിച്ച് സദസ്യരേയും വണങ്ങി അംഗദൻ പുറപ്പെട്ടുകയായി. രാമപ്രതാപത്താൽ ഹൃദയം പൂരിപ്പിച്ചുകൊണ്ട് നിർഭയനായ ആ യുദ്ധവീരൻ ലങ്കയിൽ പ്രവേശിച്ചപ്പോൾ അവിടെ കളിയാടിനിൽക്കുന്ന രാവണപുത്രനെ കണ്ടുമുട്ടി. തുല്യബലന്മാരും തരുണന്മാരുമായ അവർ തമ്മിൽ വാക്കിനുവാക്കു പറഞ്ഞു തമ്മിലിടഞ്ഞു. രാക്ഷസൻ ചവിട്ടാനായി കാൽ പൊക്കിയതുനോക്കി അംഗദൻ അതിൽ പിടികൂടി വട്ടം ചുഴററിയെടുത്തു നിലത്തൊരടികൊടുത്തു: അപ്പൊഴേ കഥകഴിഞ്ഞു. നോക്കിനിന്ന രാക്ഷസന്മാരാരും, അതിൽതന്നെ യുദ്ധവീരന്മാർപോലും, അങ്ങിങ്ങൊഴിഞ്ഞതല്ലാതെ ഒരക്ഷരം ശബ്ദിച്ചില്ല. തമ്മിൽതാൻ വല്ലതും മന്ത്രിക്കാനും അവക്കു ധൈര്യമുണ്ടായില്ല. നാട്ടുകാരെല്ലാം ഗ്രഢം ഗ്രഢം തമ്മിൽതമ്മിൽ "മുമ്പു ലങ്കയ്ക്കു തീവച്ച ആ കുരങ്ങൻ രണ്ടാമതും വന്നിരിക്കുന്നു. നമുക്കിനി എന്താണാവോ ഗതി" എന്നു മന്ത്രിച്ച് ഭയവിചാരവിഹ്വലന്മാരായി. അംഗദനു ചോദിക്കാതെതന്നെ രാജധാനിയിലേക്കു ചിലർ വഴികാണിച്ചു. ഏതൊരു രാക്ഷസനിൽ അംഗദൻെറ ദൃഷ്ടി പതിച്ചോ അവൻ അപ്പൊഴേ അവിടെനിന്നൊഴിഞ്ഞുകഴിഞ്ഞു. അനന്തരം ധീരവീരനായ ബാലികുമാരൻ രാമപാദസാരസങ്ങളെ ഹൃദയസരസ്സിൽ വികസിപ്പിച്ചുകൊണ്ട് അലക്ഷ്യമായി ഇടംവലം നോക്കിനോക്കിസ്സിംഹത്തെപ്പോലെ നടന്ന് രാവണൻെറ ആസ്ഥാനമണ്ഡപദ്വാരത്തിൽ എത്തി.

ഒരു രാക്ഷസൻ ബദ്ധപ്പെട്ടുചെന്ന് വൃത്താന്തം രാവണനെ അറിയിച്ചു. അവൻ നിരാദരഭാവത്തോടെ "ആര്, ഒരു കുരങ്ങനോ? ഉടനെ അവനെ നമ്മുടെ മുമ്പാകെ ഹാജരാക്കട്ടെ." എന്നു കല്പനയായി. അനവധിരാക്ഷസന്മാർ ഓടിഎത്തി രാമദൂതനെ കൂട്ടിക്കൊണ്ടുവന്നു. അവിടെ രാവണൻ ജീവനുള്ള മഷിമലപോലെ സിംഹാസനത്തിൽ ഇരിക്കുന്നതും, ശിരസ്സുകൾ കൊടുമുടികൾപോലെ, മുഖദ്വാരങ്ങൾ ഗുഹപോലെ, ഭുജങ്ങളെല്ലാം വൃക്ഷങ്ങൾപോലെ രോമങ്ങൾ ലതാദികൾപോലെ, വിളങ്ങുന്നതുംനോക്കി, ശക്തനും ധൈര്യശാലിയുമായ അംഗദൻ അല്പവും കുലുങ്ങാതെ സഭയിൽ പ്രവേശിച്ചു. സദസ്യന്മാർ അമ്പരന്ന് എഴുനേൽക്കയായി. രാവണൻെറ ഹൃദയം ക്രോധകലുഷിതമായി.

മദിച്ച ആനക്കൂട്ടത്തിൽ ബലിഷ്ഠസിംഹംപോലെ പ്രവേശിച്ച അംഗദൻ രാമധ്യാനവിശുദ്ധമായ ഹൃദയത്തോടെ സഭയെ വന്ദിച്ചശേഷം ഒരാസനത്തിൽ ഉപവേശിച്ചു.

"വാനരനീ ആര്?" എന്നു രാവണൻ ചോദിച്ചു. അംഗദൻ പറകയാണ്. 'രാക്ഷസരാജ! ഞാൻ രാമചന്ദ്രൻെറ ദൂതൻ നിനക്കു ഹിതമായ ചിലതു് ഉപദേശിക്കാൻ വന്നിരിക്കയാണ്,

എന്റെ അച്ഛനും നീയും തമ്മിലുള്ള ബന്ധുത്വം പ്രമാണിച്ച് എനിക്കതിനു കടമയുണ്ട്. വിശേഷിച്ചും നീ ഉത്തമ കുലത്തിൽ ജനിച്ചവൻ. പുലസ്ത്യമഹർഷിയുടെ പൌത്രൻ ബ്രഹ്മശങ്കരന്മാരെപ്പൂജിച്ച് വരം വാങ്ങി നീ നിരൂപിച്ചതെല്ലാം സാധിച്ചു. ഇന്ദ്രാദിലോകപാലന്മാരേയും ഭൂതലരാജന്മാരെയും ജയിച്ചു. എന്നാലിപ്പോൾ രാജത്വാഭിമാനത്താൽ മതി മറന്നിട്ടോ, മായാമോഹത്തിൽ ആഴ്ന്നുപോയിട്ടോ, ജഗദംബയായ ദേവിയെ നീ അപഹരിച്ചു. അതു സാഹസമായിപ്പോയി. എങ്കിലും സ്നേഹപൂർവ്വം ഒരു പരിഹാരമാർഗ്ഗം ഞാൻ പറഞ്ഞുതരാം. നിന്റെ അപരാധം പ്രഭു ക്ഷമിക്കാതിരിക്കയില്ല. പല്ലുകളുടെ ഇടയിൽ ഒരു പുല്ക്കൊടി ചെലുത്തിവച്ച് കഴുത്തിൽ ഒരു കോടാലിയും തൂക്കി, പുരജനങ്ങളോടും, പത്നിയോടും കൂടി സീതാ ദേവിയെ മുൻ നടത്തി പ്രണതപാല! രഘുവംശരത്നമേ! എന്നെ രക്ഷിച്ചാലും, രക്ഷിച്ചാലും എന്നു വിളിച്ചുകൊണ്ട് നിശ്ശങ്കം പുറപ്പെട്ടു ചെന്നാൽ ആർത്തനാദം കേൾക്കുംപോൾ ദയാനിധി നിനക്കഭയം തരും.

"കപികീട! ഓർത്തുനോക്കിസ്സംസാരിക്കൂ! ഞാൻ ദേവന്മാരുടെ കുലശത്രുവാണെന്നുള്ള വസ്തുത നീ അറിയുന്നില്ല. മൂഢ! നിന്റെ പേരെന്ത്? നിന്റെ അച്ഛന്റെപേരും പറയൂ; കേൾക്കട്ടെ. നീ സ്നേഹബന്ധം അപേക്ഷിക്കുന്നതു് ഏതു വഴിക്കാണെന്ന് എന്നെ മനസ്സിലാക്കൂ." എന്നു പറഞ്ഞു. "എന്റെ പേർ അംഗദനെന്നാണ്. ഒരു കാലത്ത് നിന്റെ ബന്ധുവായിരുന്ന ബാലിയുടെ മകനാണു ഞാൻ" അംഗദന്റെ വാക്കുകൾ കേട്ട് രാവണന് സങ്കോചമുണ്ടായി. "വാനര! ബാലിയോടു ഞാൻ ബന്ധുത്വത്തിൽ വർത്തിച്ചിരുന്നു; ശരിതന്നെ. എന്നാൽ ആ ബാലിയുടെ മകനാണെങ്കിൽ നീ ജനിച്ചതു് കുലത്തെ നശിപ്പിക്കാനുള്ള ഒരഗ്നിയായിട്ടാണ്. നിന്നെ വഹിച്ച ഗർഭപാത്രവും വൃഥാവിൽ ആ ക്ലേശം സഹിച്ചതു്. എന്തുകൊണ്ട്? ഒരു താപസന്റെ ദൂതനാണെന്ന് നീ സ്വയം സമ്മതിക്കുന്നുവല്ലൊ. അതിരിക്കട്ടെ, ബാലിക്കു കുശലം തന്നെയല്ലെ?" അംഗദൻ ഇതു കേട്ടു ചിരിച്ചു. "സ്നേഹിതാ! ഇനിയൊരു പത്തു ദിവസത്തിനകം നിനക്കു പോയി ബാലിയെക്കാണാം. പഴയ സ്നേഹിതനല്ലെ? ആശ്ലേഷാദികളെല്ലാം ചെയ്തു് താനേ തന്നെ കുശലം ചോദിച്ചറിഞ്ഞോളൂ. രാമനോടു വിരോധിച്ചാലുണ്ടാകുന്ന കുശലത്തിന്റെ അവസ്ഥ അദ്ദേഹം നിനക്കു പറഞ്ഞു തരും. എടാ ശഠ! രഘുരാജനെ സേവിക്കാത്ത ഹൃദയം ആർക്കുണ്ടോ അവൻ ആത്മ ശത്രുവാണെന്നു ധരിച്ചുകൊൾക,

"രാവണ! ഞാൻ കുലത്തെ നശിപ്പിക്കുന്നവനാണെന്നു നീ പറഞ്ഞതു ശരി. നീ കുലത്തെരക്ഷിക്കുന്നവൻതന്നെ. കഷ്ടം! നിന്നെ അന്ധനെന്നോ ബധിരനെന്നോ എങ്ങനെയാ പറക? നിനക്കുകണ്ണും കാതും ഇരുപതുവീതമുണ്ടല്ലോ. ഞാൻ കുലത്തെ കളങ്കപ്പെടുത്തിയെന്നോ നീ പറഞ്ഞതു്? ശിവനും ബ്രഹ്മാവും, ദേവമുനിസംഘവും, കാലിണസേവിക്കാനാഗ്രഹിക്കുന്ന ആ പരമപുരുഷൻെറ ദൌത്യം വഹിച്ചെന്നുള്ളതാണോ നീ എന്നിൽ കണ്ടറിഞ്ഞ കളങ്കം? ദുഷ്ട! ഈദൃശമനോഭാവത്തിനു് നിൻെറ ഹൃദയം പൊട്ടിത്തെറിയ്ക്കേണ്ടതാണു്."

കണ്ണുകഠിനങ്ങളായ ഈ വാക്കുകൾ രാവണനു സഹിച്ചില്ല. അവൻ തുറിച്ചു മിഴിച്ചുനോക്കീട്ടു്- ഖല! നിൻെറ ഈ ദുർവ്വചനങ്ങളെല്ലാം സഹിക്കുന്നതു് ഞാൻ നീതിജ്ഞനും ധർമ്മനിഷ്ഠനുമാകകൊണ്ടാണു് എന്നുഗർജ്ജിച്ചു. അംഗദൻ ചിരിച്ചുപോയി. എന്നിട്ടുപറകയാണു്. "സ്നേഹിത! പരദാരങ്ങളെ മോഷ്ടിക്കാൻ പുറപ്പെട്ടതിൽ നീ പ്രകടിപ്പിച്ച ധർമ്മനിഷ്ഠയെക്കുറിച്ചു ഞാൻ കേട്ടിട്ടുണ്ടു്. ദൂതന്മാരോടും കാവൽക്കാരോടും കാണിച്ചിട്ടുള്ള കരുണയും, ക്ഷമയും എനിക്കറിയാം. വിശേഷിച്ചും സഹോദരയുടെ കാതും മൂക്കും അറുത്ത കഥ അറിഞ്ഞപ്പോൾ, ധർമ്മവിചാരത്താൽ ആ കുററം ക്ഷമിച്ചു മാപ്പുകൊടുത്തതായും അറിയാം; പ്രഭോ! നിൻെറ നീതിനിഷ്ഠ ലോകമെങ്ങും പ്രസിദ്ധമാണു്. ഇപ്പോൾ നിന്നെ നേരിൽ ഒന്നുകാണാൻ ഇടയായതു മഹാഭാഗ്യം."

എടാ! ജളജന്തുവേ! നിൻെറ ജല്പനം മതിയാക്കൂ! ലോകപാലബലമാകുന്ന മുഴമതിക്കു രാഹുക്കളായ എൻെറ ബാഹുക്കളെ നോക്കൂ! ആകാശസരസ്സിലെത്താമരയിൽ അരയന്നം എന്നപോലെ എൻെറ കരകമലത്തിൽ ശംഭുസഹിതമായ കൈലാസം ഒരിക്കൽ ശോഭിച്ചിട്ടുണ്ടു്.

അംഗദ! നിങ്ങളുടെ കൂട്ടത്തിൽ ആരാകിലൊരുത്തൻ എന്നോടു തുല്യയോദ്ധാവായി ഉണ്ടോ? പറയൂ! നിൻെറ സ്വാമിയായ രാമൻ ഭാർയ്യാവിരഹത്താൽ ബലഹീനനായിത്തീൎന്നു. അവൻെറ അനുജനും ദുഃഖാധിക്യത്താൽ ഒന്നിനുമാളല്ലാതെയായി. നീയും സുഗ്രീവനും വംശദ്രോഹത്താൽ തേജോഹീനന്മാരാണു്. എൻെറ അനുജൻ വിഭീഷണൻ അവിടെവന്നുചേൎന്നിട്ടില്ലേ? അവൻ ഭീരുക്കളിൽ അഗ്രഗണ്യനാണു്. വയോവൃദ്ധനായ മന്ത്രി ജാംബവാൻ യുദ്ധക്കളത്തിലിറങ്ങാൻ പോലും ഇപ്പോൾ ശക്തനല്ല. പിന്നെ നളനും നീലനുമാണുള്ളതു്. അവർക്കു ശില്പകർമ്മത്തിൽ മാത്രം സാമർത്ഥ്യമുണ്ടെന്നു സമ്മതിക്കാം. എന്നാൽ ഒരു കർമ്മനെ

ഇതിൽനിന്നു വ്യത്യസ്തമായിപ്പറവാനുണ്ട്. ഇവിടെവന്നു ലങ്കയ്ക്കു തീകൊളുത്തിപ്പോയില്ലെ? അവൻ മഹാബലശാലിതന്നെ."

ഇതുകേട്ടു അംഗദൻ ഹസിച്ചുകൊണ്ടു ചോദിച്ചു. "രാജാവേ! താങ്കളുടെ രാജധാനി കേവലം ഒരു കുരങ്ങൻ വന്നു ചുട്ടുവെന്നതുവാസ്തവം തന്നെയോ? അല്പജന്തുവായ മരഞ്ചാടിയ്ക്കു് അതു സാധിച്ചുവോ? കേട്ടാൽ അതു സത്യമെന്ന് ആരു പറയും? ഹേ, രാവണ! മഹായുദ്ധവീരനെന്നു താങ്കൾ ഇവിടെപ്പുകഴ്ത്തിപ്പറഞ്ഞ ആ കുരങ്ങൻ സുഗ്രീവൻെറ കല്പന നടത്തുന്ന താഴ്ന്ന തരം ഓട്ടക്കാരിൽ ഒരുവനാണ്. വേഗത്തിൽ ഓടാനല്ലാതെ യുദ്ധത്തിന് അവനെ കൊള്ളുകയില്ല. വല്ല വൎത്തമാനവും അറിഞ്ഞുവരാൻ മാത്രമേ ഞങ്ങൾ അവനെപ്പറഞ്ഞയയ്ക്കാറുള്ളു. ലങ്കേശ്വര! ആ കുരങ്ങൻ പട്ടണത്തിനു തീ കൊളുത്തിയതു വാസ്തവമോ? അങ്ങനെ ചെയ്യണമെന്നു സ്വാമി കല്പനയില്ലായിരുന്നുവല്ലോ. ശരി, ഇതുവരേയും അവൻ സുഗ്രീവൻെറ കൺവെട്ടത്തുചെല്ലാതെ ഭയപ്പെട്ടു് ഒളിവിൽനിൽക്കുന്നതു് ഇതുകൊണ്ടായിരിക്കാം. പ്രഭുവേ, താങ്കളുടെ പ്രഭാവം ഇപ്പോൾ എനിക്കു മനസ്സിലാകുന്നു. താങ്കൾ പറഞ്ഞതു പരമാൎത്ഥമാണ്. അല്പംപോലും എനിക്കതിൽ പരിഭവമില്ല. ഒരുത്തനും തന്നെ ഞങ്ങളുടെ കൂട്ടത്തിൽ താങ്കൾക്കു സമനായി ഇല്ല. പ്രീതിയും വിരോധവും സമന്മാരിൽ ഭാവിക്കുന്നതു് സാരവത്തായ ഒരു നയമാണ്. സിംഹം ഒരു തവളയെക്കൊന്നാൽ അതൊരു വീരകൃത്യമായി വല്ലവരും ഗണിക്കുമോ? നീ എത്രയോ ദ്രോഹിയായാലും ശരി, നിന്നെക്കൊല്ലുന്നതുകൊണ്ടു് രാമചന്ദ്രനു ലഘുത്വമല്ലാതെ ഗൌരവമില്ല. എങ്കിലും, ക്ഷത്രിയജാതിയുടെ രോഷം തടുക്കത്തക്കതല്ല." രാവണൻ ഹസിച്ചുകൊണ്ട്—"ഹേ വാനര! കുരങ്ങിനു ജന്മസിദ്ധമായി ഒരു വിശിഷ്ടഗുണമുണ്ടു്. അതിനെ തീററിപ്പോററുന്നവൻെറ ഹിതത്തിനു് വേണ്ടി പലേ ഉപായങ്ങളും അതു പ്രവൎത്തിക്കും. യജമാനൻെറ കല്പന കേൾക്കുമ്പോൾ ലജ്ജയില്ലാതെ കീഴ്മേൽ മറിയുന്ന കുരങ്ങുകളുടെ നന്ദിയെ പ്രശംസിക്കതന്നെ വേണം. തുള്ളുകയോ ചാടുകയോ മററെന്തെല്ലാമോ ചെയ്തു് കാഴ്ചക്കാരെ സന്തോഷിപ്പിച്ചിട്ടു് സ്വാമിയുടെ ഹിതത്തെ അതു നിറവേററുന്നു. ഹേ അംഗദ! നിൻെറ വൎഗ്ഗക്കാരെല്ലാം സ്വാമിഭക്തിയുള്ളവരാണ്. അതുകൊണ്ടു് ഇപ്പോൾ നീ ചെയ്ത രാമസ്തുതിയിൽ എനിക്കത്ഭുതം തോന്നുന്നില്ല. നിൻെറ കടുവചനങ്ങളെ സാരഗ്രഹണം ചെയ്തു് തിരസ്കരിക്കാനുള്ള വിവേകം എനിക്കില്ലാതില്ല." എന്നു പറഞ്ഞു. അംഗദൻ "പ്രഭോ! താങ്കളുടെ ഗുണവിശേഷത്തെപ്പററി പരമാൎത്ഥമായി ഹനുമാൻ എന്നോടു പറഞ്ഞിട്ടുണ്ടു്. പൂങ്കാവഴിച്ചു; പുത്രനെക്കൊന്നു; പട്ടണം ചുട്ടു, ഇതൊക്കെയായിട്ടും താങ്കൾ

അവനെ ഒരു ഉപദ്രവവും ചെയ്തില്ലത്രേ. അത്രത്തോളം മഹാമനസ്കത താങ്കൾക്കുണ്ടെന്നുള്ള ബോധത്താലാണ് ഞാനും ചിലതൊക്കെ തുറന്നു പറവാൻ ധൈര്യപ്പെട്ടത്. ഇപ്പോഴും ആകട്ടെ, ഒരു കുരങ്ങൻ എന്തെല്ലാം ദുർഭാഷണങ്ങൾ ചെയ്താലും താങ്കൾക്കു ലജ്ജയോ കോപമോ വ്യസനമോ ഉണ്ടാകയില്ലെന്നു എനിക്കു അനുഭവത്തിൽ ബോദ്ധ്യപ്പെടുകയും ചെയ്തു."

ശത്രുവായ അംഗദൻ വക്രോക്ത്യലംകാരവില്ലിൽ തൊടുത്തയച്ച വാഗസ്ത്രവഹ്നിയാൽ ഹൃദയമുരുകി ദ്രഹിച്ച രാവണൻ ഉത്തരംകിട്ടാതെ, വെളിയിൽ തുറുത്തിയ ദംഷ്ട്രകളാകുന്ന ചവിണകൊണ്ട് പിന്നീട് വളരെപ്പുണ്ണിപ്പെട്ടു പൊക്കിപ്പുറപ്പെടുവിച്ചവയാണോ എന്നു തോന്നുമാറു്, "എടാ! കുരങ്ങേ! നിന്റെ സാമർത്ഥ്യംനോക്കിയതിൽ സ്വന്തം അച്ഛന്റെ കഥ കഴിക്കത്തക്കമഹത്വം അതിനുണ്ടെന്നു സിദ്ധാന്തന്നെ." എന്നിങ്ങനെ ചില വാക്കുകൾ ഉച്ചത്തിൽ ഉച്ചരിച്ച് ഉറക്കെച്ചിരിച്ചു.

അംഗദൻ:—എടാ! ദുരഭിമാനിയായ അധമ! അച്ഛന്റെ മരണഹേതുവായി ഭവിച്ചതുപോലെ ഇപ്പോൾ ഞാൻ നിന്റെ മരണഹേതുവായും ഭവിച്ചേനെ. ചിലതെല്ലാം വിചാരിച്ചടങ്ങുകയാണ്. മഹാത്മാവായ ബാലിയുടെ സൽക്കീർത്തിക്കു നീ ഭാജനമാകകൊണ്ട് ഇപ്പോൾ കൊല്ലുന്നില്ല. ഹേ രാവണ! എനിക്കു ഒരു സംശയമുള്ളതു പറഞ്ഞുതരുമോ? ലോകത്തിൽ ആകെ എത്ര രാവണന്മാരുണ്ട്? അഥവാ, ഞാൻ കേട്ടിട്ടുള്ള രാവണന്മാരുടെ പേരുകൾ പറയാം. കേൾക്കു! ഒരുത്തൻ മഹാബലിയെ ജയിക്കാൻ പാതാളത്തിൽ ഇറങ്ങിച്ചെന്നു. അവിടെ കുട്ടികൾ അവനെപ്പിടിച്ചു കുതിരാലയത്തിൽ കെട്ടിയിട്ടു ക്രുത്തുതുള്ളിക്കയും മഹാബലി അറിഞ്ഞുവന്നു സദയം വിട്ടയയ്ക്കയും ഉണ്ടായിട്ടുണ്ട്. മററൊരുരാവണൻ കാർത്തവീര്യചക്രവർത്തിയുടെ മുമ്പിൽ ചെന്നകപ്പെട്ടു. അദ്ദേഹം അവന്റെ വികൃതരൂപം കണ്ട് ഒരു വിശേഷജന്തുവായി കല്പിച്ചുപിടിച്ചു കെട്ടിക്കൊണ്ടുപോയി കാഴ്ചബംഗ്ലാവിലിട്ടിരുന്നു. ഒടുവിൽ പുലസ്ത്യമഹർഷിയാണ് ചെന്നു വീണ്ടുകൊണ്ടുപോന്നത്. മൂന്നാമതൊരുത്തൻ, എനിക്കതു പറവാൻതന്നെ നാണമാകുന്നു. ബാലിയുടെ കക്ഷക്കുഴിയിലകപ്പെട്ടു കഷ്ടപ്പെട്ടു. ഹേ ലങ്കേശ്വര! കോപിക്കാതെ പറഞ്ഞാലും! ഇപ്പറഞ്ഞ രാവണന്മാരിൽ ആരുടെ വേഷമാണ് താങ്കൾ?

രാവണൻ:—ശഠ! എന്റെ മാഹാത്മ്യം നിനക്കജ്ഞാതമാണ്- ഭുജലീലയേക്കുറിച്ചു കൈലാസത്തോടും ശൂരത്വത്തെപ്പററി പരമശിവനോടും ചോദിച്ചാൽ അവർ പ്രശംസിക്കുന്നത് ആരൊരുത്തനെയോ ആ ബലശാലിയായ രാവണനാണ് ഞാൻ. ശി

വണ്ണെത്തപസ്സചെയ്ത കാലത്തു് ഞാൻ പൂക്കൾക്കു പകരം പലേ പരിവൃത്തി സ്വന്തം കൈകൊണ്ടു തലകളറുത്തിട്ടു പൂജിച്ചിട്ടുണ്ടു്. എൻെറ ഭുജവിക്രമം ലോകപാലന്മാൎക്കെല്ലാം പരിചയമാണു്. ഇന്നും അവരുടെ നെഞ്ചിടിപ്പു മാറീട്ടില്ല. യുദ്ധത്തിലെതിരിത്ത അവസരങ്ങളിൽ ദിഗ്ഗജങ്ങൾ എൻെറ നെഞ്ചിൻെറ കാഠിന്യം മനസ്സിലാക്കാതിരുന്നിട്ടില്ല. മുമ്പെങ്ങും മുനപോലും ചതുങ്ങാത്ത അവയുടെ കൊമ്പുകൾ എൻെറ നെഞ്ചിൽ തട്ടി പച്ചക്കിഴങ്ങുപോലെ മുറിഞ്ഞുപോയിട്ടുണ്ടു്.

ഈ ഭൂഗോളമാകട്ടെ എൻെറ സഞ്ചാരത്താൽ ചെറുതോണി ആന കയറിയാൽ എങ്ങനെയോ അതുപോലെ ഇളകി വിറകൊണ്ടു. ഈദൃശ പ്രതാപശാലിയാണു് രാവണൻ- വ്യാജജല്പക! കേൾക്കാൻ നിനക്കു കാതുകളില്ലയോ? നീ ഒരു സാധാരണ മനുഷ്യനെ പ്രശംസിക്കുന്നു. മഹാരാവണനെ ലഘുപ്പെടുത്തിസംസാരിക്കയും ചെയ്യുന്നു. എട! കപിബർബ്ബര! മാനഹീനനായ ഖല! ഇപ്പോൾ അല്പാല്പം നിനക്കു മനസ്സിലായ വരുന്നുണ്ടോ?"

അംഗദൻ കുപിതനായി പറഞ്ഞു:— ദുരഭിമാനിയായ അധമ! നിൻെറ നാവടക്കുക! ദുഷ്ട! സഹസ്രബാഹുവിൻെറ ഭുജവനത്തിനു കാട്ടുതീയും നിരവധിരാജാക്കന്മാർ പലേപരിവൃത്തിമുങ്ങിമരിച്ച സമുദ്രത്തിരമാലയുമായ പരശ്വായുധം കയ്യിൽ ധരിക്കുന്ന മഹാത്മാവുപോലും, ഏതൊരുദേവൻെറ ദൎശനമാത്രത്തിൽ ഹതഗൎവ്വനായി അഭയം പ്രാപിച്ചുവോ ആ പുണ്യപുരുഷൻ കേവലം ഒരു മനുഷ്യനെന്നു് എങ്ങനെഗണിക്കാം? രാമചന്ദ്രൻമനുഷ്യനോ? മൂഢ! കാമദേവൻ സാധാരണ ഒരു വില്ലാളിയോ?അതുപോലെ ഗംഗാനദി കാമധേനു, കല്പവൃക്ഷം, അന്നദാനം, ഇവയെല്ലാം അതതു ജാതിയിൽപ്പെട്ട മററുള്ളവപോലെയാണോ? അമൃതം സാധാരണ ഒരു ദ്രവമാണോ? ഗരുഡനും അനന്തനും സാമാന്യപക്ഷിയും സൎപ്പവുമാണോ? ചിന്താരത്നത്തെ മററുരത്നങ്ങളെപ്പോലെയും വൈകുണ്ഠത്തെ മററു ലോകങ്ങളെപ്പോലെയും ഗണിക്കാമോ? രഘുപതിയിലുള്ള അകുണ്ഠയായ ഭക്തി സാമാന്യമായ ഒരനുഗ്രഹമാണോ?

എടാ ബുദ്ധിഹീന! ഒരു സംഗതി വിചാരിച്ചു നോക്കുക. ഹനുമാൻ ഇവിടെ വന്നു് പൂങ്കാവഴിച്ചു്, അക്ഷനേയും വധിച്ചു് സൈന്യനാശവും ചെയ്തു് ലങ്കയും ദഹിപ്പിച്ചു നിർബാധമായി കടന്നുപോയില്ലേ.? ആരുടെ അനുഗ്രഹശക്തിയാലാണു് അതു സാധിച്ചതു്.

ലക്ഷ്മീശ്വര! കേൾക്കു! ദുർമനസ്സെല്ലാം കളഞ്ഞു് കൃപാനിധിയായ രഘുരാജനെ ഭജിക്കു! മൌഢ്യത്താൽ രാമദ്രോഹം നീ വിചാരിക്കുന്നുവെങ്കിൽ, ഈശ്വരന്മാരായ ബ്രഹ്മശങ്കരന്മാർപോലും നിന്നെ രക്ഷിക്കാൻ സമൎത്ഥരാകയില്ല. അൎത്ഥമില്ലാത്ത

വ്യാമോഹങ്ങളെ അഭിമാനിച്ചു നശിക്കരുതു്. മൂഢ! രാമനോടു പിണങ്ങിയാലുള്ള അനുഭവം പറയാം. യുദ്ധക്കളത്തിൽ അററുവീഴുന്ന നിൻെറ തലകരം പെറുക്കി കപികളും ഭല്ലൂകങ്ങളും പന്തടിച്ചുകളിക്കാൻ ഇടയാകും. രഘുപതി കുപിതനായി പോക്കളത്തിൽ ഇറങ്ങുമ്പോരം, കരാളമായ ശരനികരത്തിൻെറ ബലവേഗങ്ങരം കാണാവുന്നതാണു്. രാവണപ്രഭോ! ഇനിയും നീ വിവേകപൂവ്വം ഉദാരനായ ഭഗവാനെ ഭജിക്കാതെ, ദുരഭിമാനത്തിൽ മുഴുകിക്കഴിക്കാനാണോ ഭാവം?

ഈ വാക്കുകരം രാവണൻെറ കോപാഗ്നിക്കു് ആജ്യാഹൂതിയായിഭവിച്ചു. ക്ഷുബ്ധനായി അവൻ പറഞ്ഞു:—"വാനര! എൻെറ അനുജൻ കുംഭകണ്ണനെ കേട്ടിട്ടില്ലേ? മകൻ ഇന്ദ്രജിത്തിൻെറ പ്രസിദ്ധിയും നിൻെറ കാതുകരംക്കു വിഷയീഭവിച്ചിട്ടില്ലേ? വിശ്വവിജയിയായ എൻെറ വിക്രമപ്രപഞ്ചവും കേവലം നിനക്കു അജ്ഞാതമാണോ?

ശഠ! നിൻെറ സ്വാമി കുരങ്ങന്മാരെച്ചേത്തു കടലിൽ ചിറകെട്ടിയതു് ഒരു മഹാകായ്യമോ? അതിൽ പ്രഭുത്വമെന്തിരിക്കുന്നു! പക്ഷികരം കൂട്ടമായിപ്പറന്നു കടൽ കടക്കുന്നില്ലേ? അവയ്ക്കു ശൂരത്വം കല്പിക്കാനുണ്ടോ? എടാ കുരങ്ങേ! ബലജലപൂണ്ണമായ എൻെറ ഭുജസാഗരത്തിൽ എത്ര സുരനരവരശൂരന്മാർ മുങ്ങിമരിച്ചു? അഗാധവും അപാരവുമായ ഈ ഭുജസമുദ്രങ്ങരം ഇരുപതും ലംഘിക്കാൻ ശക്തനായി ആരൊരുത്തൻ ത്രൈലോക്യത്തിൽ ജനിച്ചു? മൂഢ! ഇന്ദ്രാദിദിക്പാലന്മാരാണു് കുടവുമെടുത്തുവന്നു് എനിക്കു വെള്ളംകോരുന്നതു്. അതൊന്നുമറിയാതെ നിൻെറ ക്ഷുദ്രരാജാവിൻെറ കീത്തികരം നീ വണ്ണിക്കുന്നു. ആ വണ്ണനയിൽനിന്നു ഗ്രഹിക്കാവുന്നതുപോലെ ഒരു യുദ്ധവീരനായിരുന്നു നിൻെറ സ്വാമിയെങ്കിൽ സമാധാനത്തിനു ദൂതനെ അയയ്ക്കേണ്ടകായ്യമുണ്ടോ? ശത്രുവിനോടു സന്ധിപറവാൻ അവനു ലജ്ജ തോന്നുന്നില്ലയോ? ജളവാനര! കൈലാസമാഹ്രിയായ ഈ ഭുജദണ്ഡത്തെ നോക്കിയതിനുശേഷം, ആവശ്യമാണെങ്കിൽ നിൻെറ സ്വാമിയുടെ കീത്തനങ്ങരം പാടുക.

സ്വന്തശിരസ്സുകളെ സന്തുഷ്ടിയോടെ അപ്പോഴപ്പോരം വെട്ടി പരമേശസമക്ഷം അഗ്നിയിലാഹൂതിചെയ്യു ഈ രാവണനു സദൃശനായ ഒരു ശൂരൻ ലോകത്തിലാരു്? തീയിൽകിടന്നു വേകുന്ന ഫാലഫലകത്തിൽ എൻെറ മരണം ഒരു മനുഷ്യൻെറ കയ്യാലാണെന്നു് എഴുതിയിരുന്നതു ഞാൻ വായിച്ചു. ഉടനെ ചിരിച്ചുപോയി. വിധിഗീരുകരം സത്യമല്ലെന്നു് എനിക്കറിയാമായിരുന്നു. അതോത്തിട്ടു് ഇപ്പോഴും ഭയം തോന്നുന്നില്ല, ബ്രഹ്മ

വു വാർദ്ധക്യത്താൽ ബുദ്ധി മന്ദിച്ചിരുന്നപ്പോൾ എഴുതിയതാണു്. ആരു വകവയ്ക്കുന്നു? വാനര! എന്റെ ശൂരത്വം നിനക്കിപ്പോൾ ബോദ്ധ്യം വന്നുവോ? എന്റെ ബലവീര്യങ്ങളിപ്രകാരമിരിക്കെ അന്യനായ ഒരു യുദ്ധവീരനെ വൎണ്ണിക്കാൻ നിനക്കു ലജ്ജയില്ലയോ?

അംഗദൻ:—പണ്ടു്കതികണ്ടു! നിന്നെപ്പോലെ ലജ്ജാലുവായ ഒരുവൻ ലോകത്തിലില്ല. ആ സ്വഭാവം നിനക്കു പ്രകൃതിസിദ്ധമാണെന്നു തോന്നുന്നു. എന്തെന്നാൽ ആത്മഗുണങ്ങൾ ഒരിക്കലും നിന്റെ മുഖത്തുനിന്നും പുറപ്പെട്ടുന്നില്ല. എപ്പോഴും തലകളുടെയും ആ മലയുടെയും കഥയാണോൎമ്മ. അതുകൊണ്ടായിരിക്കാം, ഒരിരുപതുപ്രാവശ്യം അതേക്കുറിച്ചു് എന്നോടിപ്പോൾ പറഞ്ഞതു്. സഖേ! താങ്കൾ കാൎത്തവീൎയ്യനേയും ബലിയേയും ബാലിയേയും ജയിച്ചപ്പോൾ പ്രയോഗിച്ച കയ്യുകളുണ്ടല്ലോ. അതിനെ ഹൃദയത്തിൽ ദൃഢമായി ഉറപ്പിക്കുക. ദുൎജ്ജല്പനമെല്ലാം മതിയാക്കൂ. താനേ കഴുത്തറുക്കുന്ന ഒരുത്തൻ ശൂരനാണെങ്കിൽ, ദേഹംമുഴുവൻ ക്ഷണംക്ഷണം നുറുക്കിക്കാണിക്കുന്ന ഐന്ദ്രജാലികനോ? എന്തൊരു ശൂരനായിരിക്കണം. ശലഭങ്ങൾ തീയിൽചാടിദ്ദഹിക്കുന്നു. കഴുതകൾ കനക്കെബ്ഭാരം ചുമക്കുന്നു. അവയ്ക്കൊക്കെ ശൂരത്വമെവിടെ? ഇത്രയൊക്കയേ നിന്റെ കഴുത്തറുപ്പിലും മല ചുമപ്പിലും ശൂരത്വമാരോപിക്കാനുള്ളു.

രാവണ! ഇനിയെങ്കിലും ആത്മപ്രശംസയും അഭിമാനവുമുപേക്ഷിച്ചു് എന്റെ ഉപദേശം കേൾക്കുക! ഞാൻ കേവലം സന്ധി ആലോചിക്കാൻ വന്ന ദൂതനല്ല. ഭഗവാൻ മറ്റൊരു സദുദ്ദേശത്തോടുകൂടി എന്നെ അയച്ചതാണു്. കുറുനരിയെക്കൊല്ലുന്നതുകൊണ്ടു് സിംഹത്തിനു പ്രശസ്തിയില്ലെന്നു് ആ കൃപാനിധി പലപ്രാവശ്യം എന്നോടരുളിച്ചെയ്കയുണ്ടായി. ആ അരുളപ്പാടിനെ മാനിക്കകൊണ്ടത്രേ നിന്റെ കഠിന വിചനങ്ങൾ ഞാൻ ക്ഷമിച്ചതു്. അല്ലെങ്കിൽ പത്തുതലകളും അടിച്ചുടച്ചുതള്ളി, യോഷാഭൂഷണമായ ദേവിയേയുംകൊണ്ടു ഞാൻ പോയ്ക്കഴിഞ്ഞേനെ. അധമനായ ദേവഘാതക! നിന്റെ ബലവീൎയ്യം എനിക്കു നല്ലവണ്ണമറിയാം. രഘുപതി അകലുന്ന അവസരം കാത്തിരുന്നു ദേവിയെ മോഷ്ടിച്ചുകൊണ്ടുപോന്ന ആളല്ലേ? രാക്ഷസ! അസാമാന്യശ്വിഷ്ഠനാണുനീ. ഞാനോ രാമദേവന്റെ ദൂതനുമാണു്. ഭഗവാനായ രാമചന്ദ്രനെ ശങ്കിച്ചില്ലായിരുന്നെങ്കിൽ, നിന്നെ ഞാൻ കണ്ടമാത്രയിൽ ഇവിടെച്ചില പ്രദൎശനമെല്ലാം നടന്നേനെ. നിന്നെഅടിച്ചു നിലത്താക്കി, സേനകളെപ്പൊടിച്ചു് പട്ടണവും നശിപ്പിച്ചു്, മണ്ഡോദരിയോടുകൂടി ദേവിയെകൊണ്ടു പോകുമായിരുന്നു.

അങ്ങനെ ചെയ്തിരുന്നെങ്കിൽത്തന്നെ എനിക്കൊരു മേന്മയുമാശിക്കാനില്ല. ചത്തവൻെറ കഴുത്തറുക്കുന്നതിൽ വീര്യം കാട്ടാനെന്തുള്ളൂ.? ഭ്രഷ്ടൻ, കാമവശൻ, കൃപണൻ, വിമൂഢൻ, അതിദരിദ്രൻ, കീർത്തിഹീനൻ, അതിവൃദ്ധൻ, എപ്പോഴും രോഗാധീനനായവൻ, സദാകോപശീലൻ, രാമവിമുഖൻ, അഥവാ വേദത്തെയും സജ്ജനത്തെയും വിരോധിക്കുന്നവൻ, സ്വന്തം ദേഹംമാത്രം നോക്കുന്നനിർദ്ദയൻ, ഏഷണിക്കാരൻ, ഇവർ പന്ത്രണ്ടുപേരും ജീവച്ഛവങ്ങളാണെന്നു പറയപ്പെടുന്നു. രാവണ! ഈ വിചാരത്താൽ നിന്നെ ഇപ്പോൾ കൊല്ലുന്നില്ല. എങ്കിലും ഇനി എൻെറ കോപത്തെ വർദ്ധിപ്പിക്കരുത്."

ഉദ്ധതവാക്കുകൾ കേട്ടു രാവണൻ ക്രുദ്ധനായിപ്പറഞ്ഞു. കണ്ടാൽ ചെറുതെങ്കിലും നീ വലിയ വാക്കുകൾ ഉച്ചരിക്കുന്നു. എടാ മരഞ്ചാടി! ആരുടെ ബലവീര്യത്തെക്കുറിച്ചു നീ കഠിനമായി സ്തുതിപാടുന്നുവോ അവൻ, ബുദ്ധിയോ ബലമോ തേജസ്സോ പ്രതാപമൊ ഉള്ളവനല്ല. ഗുണഹീനനും മാനഹീനനുമാണെന്നു കണ്ടിട്ട് അച്ഛൻ അവനെ കാട്ടിലേക്കുതള്ളി. അതൊരുമഹാ ദുഃഖമാണവന്. അതിൻെറകൂടെ ഭാര്യയെ വേർപെട്ട ദുഃഖവുമായി. എന്നെക്കുറിച്ചുള്ള ഭയം രാപ്പകൽ മനസ്സിനെ അലട്ടുകയും ചെയ്യുന്നു, എത്ര ദീനനാണവനെന്നുനോക്കൂ! നീ അവൻെറ ബലത്തെ അഭിമാനിക്കുന്നു. എന്നാൽ അതുപോലെയുള്ള അസംഖ്യം മനുഷ്യരെ എൻെറ ആളുകൾ രാപ്പകൽ പിടിച്ചു ഭക്ഷിക്കുന്നു. മൂഢ! മിത്ഥ്യാബോധംനീക്കി ഇനിയെങ്കിലും ഉണരുക!"

രാക്ഷസൻ ഉപന്യസിച്ച ഭഗവദ്ദൂഷണം അംഗദൻെറ കോപത്തെ ജ്വലിപ്പിച്ചു. ഹരിഹരനിന്ദകൾ കേട്ടാൽത്തന്നെ ഗോഹത്യയ്ക്കു തുല്യമായ പാപമുണ്ടെന്നാണല്ലൊ പ്രമാണം. ക്രുദ്ധനായ ബാലിപുത്രൻ കടകടപല്ലുകടിച്ചുകൊണ്ടു ആ ദുഷ്ടനെ എത്തിപ്പിടിച്ചു തള്ളി നിലത്തിട്ടുരുട്ടി. ഭൂമി വിറച്ചുപോയി. സഭയിലിരുന്നവരെല്ലാം ഭയക്കൊടുങ്കാററടിച്ചുപറത്തിയപോലെ ഓടിമറഞ്ഞു. രാവണൻ ഒരുവിധത്തിൽ എഴുന്നേററിരുന്നുവെങ്കിലും കിരീടങ്ങൾ ഊരിവീണുകിടന്നു. നാലാറെണ്ണം അവൻ എടുത്തു തലയിൽ വച്ചുറപ്പിച്ചതിനിടയ്ക്കു് ബാക്കി അംഗദൻ കൈക്കലാക്കിബ് ഭഗവൽ സമീപത്തിൽ വീഴട്ടെയെന്നു സങ്കല്പിച്ചെറിഞ്ഞു. ആകാശത്തിൽക്കൂടി കത്തിജ്വലിച്ചു ചെല്ലുന്ന ആ മകുടങ്ങൾ കണ്ടിട്ടു് കുരങ്ങന്മാർ "ഹാ ഹാ! ഇതാ പകൽ നക്ഷത്രങ്ങൾ എറിഞ്ഞുവീഴുന്നു. അഥവാ, കുപിതനായ രാവണൻ പ്രയോഗിച്ച നാലു വജ്റായുധങ്ങൾ എറിഞ്ഞുവരുന്നു" എന്നു നിലവിളിക്കൂട്ടി ഓട്ടം തുടങ്ങി. പ്രഭു ഉടനേ പുഞ്ചിരിതൂകിപ്പറഞ്ഞു. "ആരും ഭയപ്പെടരുതു്. എറിഞ്ഞുവരുന്ന

തു് നക്ഷത്രവും വജ്റവും കേതുവും രാഹുവുമൊന്നുമല്ല. അംഗദൻ അപഹരിച്ചയച്ച രാവണകിരീടങ്ങളാണ്."

ഇത്രയും കേട്ടപ്പോൾ ഹനുമാൻ കുതിച്ചുചാടി മകുടങ്ങൾ നാലും കയ്യിലാക്കിക്കൊണ്ടുവന്നു സ്വാമിപാദങ്ങളിൽ സമർപ്പിച്ചു. കപികളെല്ലാം കൌതുകത്തോടെ നോക്കി. സൂര്യനെപ്പോലും അതിശയിക്കുന്ന കാന്തിപൂരത്താൽ അവ വിളങ്ങിക്കൊണ്ടിരുന്നു.

മറിഞ്ഞു വീണതും മകുടങ്ങൾ പോയതും സഹിക്കാഞ്ഞ് കോപാന്ധനായ രാവണൻ "കുരങ്ങനെ പിടിക്കുവിൻ! തല്ലുവിൻ! കൊല്ലുവിൻ! എന്ന് ഉച്ചത്തിൽ അട്ടഹസിച്ചു. അംഗദനു ചിരിവന്നു. രാവണൻ പിന്നെയും വിളിച്ചുപറകയാണ്. വീരയോദ്ധാക്കൾ ഉള്ളവരെല്ലാം ഉടനേ പുറപ്പെട്ടുക. ഭല്ലൂകങ്ങളെയും കപികളെയും ഒക്കെപ്പാടെ പിടിച്ചു വിഴുങ്ങണം. ലോകത്തിൽ ഒരെണ്ണംപോലും ശേഷിക്കരുത്. എന്നാൽ ആ താപസസഹോദരന്മാരെ കൊല്ലാതെ കൊണ്ടുപോരികയും വേണം. അംഗദൻ അമർഷകലുഷിതനായിപ്പറഞ്ഞു. രാവണ! ഈവിധംനിരർത്ഥവാക്കുകൾ പുലമ്പാൻനിനക്കു ലജ്ജയില്ലയോ. കുലഘാതക! നീ തന്നത്താൻ കഴുത്തറുത്തു മരിക്കുക! രഘുപതിയുടെ ബലം കണ്ടിട്ട് നിൻെറ ഹൃദയം പിളക്കുന്നില്ലയോ? പെൺകള്ള! കൊലപാതക! ദുഷ്കർമ്മങ്ങൾ ഉരുക്കൂട്ടിയ പിണ്ഡമേ! കാലപുരത്തിൻെറ വാതൽ കടക്കാറായിട്ടും, എടാ ബുദ്ധിഹീന! കാമലമ്പട! നീ ദുർവ്വാദങ്ങൾ ജല്പിക്കുന്നുവല്ലോ. ദുഷ്ട! മനുഷ്യഭക്ഷക! കാലപാശം നിൻെറ കഴുത്തിൽ ചുററിക്കഴിഞ്ഞു. താമസിയാതെ വാനരന്മാരുടെ കയ്യിൽ നിന്നെ കിട്ടുമ്പോൾ ഇതിൻെറ ഫലമെല്ലാം അനുഭവപ്പെടും. രഘുരാജനെ മനുഷ്യനാക്കിപ്പറയുന്ന നിൻെറ നാവു പിഴുതു വീഴാത്തതല്ലോ അത്ഭുതം! അചിരേണ അതു ശിരസ്സോടുകൂടെ യുദ്ധക്കളത്തിൽ പതിക്കുമെന്നുള്ളതിനു സംശയമില്ല.

രാക്ഷസ! ഏകശരത്താൽ ബാലിയെ വധിച്ച ആ തിരുവടി മനുഷ്യനാണെന്നെങ്ങനെ പറയാം? കണ്ണുകളിരുപതുണ്ടെങ്കിലും നീ അന്ധനതന്നെ. മൂഢ! നിൻെറ ജന്മം ധിക്കരിക്കപ്പെടണം. രാമബാണങ്ങൾ നിൻെറ ചോരകുടിക്കാൻ ദാഹിച്ചിരിക്കയാണ്. ആ തിരുമേനിയെ ശങ്കിച്ച് നിന്നെ ഞാനിപ്പോൾ വിട്ടതൽ ചെയ്യുന്നു.

ദശകണ്ഠപ്പെരുമാളെ! നിൻെറ പല്ലുകൾ മുന്നൂററിരുപതും തറയിലാക്കാൻ എനിക്ക് കരുത്തില്ലായ്കയല്ല. എന്നാൽ അതിലേക്കു സ്വാമികല്പനയില്ല. കല്പന കിട്ടിയരുന്നെങ്കിൽ നിൻെറ തലകൾ പത്തും പറിച്ച്, ലങ്ക കുത്തിയെടുത്ത് സമുദ്രത്തിലും മറിച്ച്, ഞാൻ മടങ്ങിപ്പോയേനേ. അത്രയ്ക്കു രോഷം എനിക്കു തോന്നുന്നുണ്ട്. ല

കയാകുന്ന അത്തിപ്പഴം അതിനകത്തെ കൃമിയാകുന്ന നിന്നോടുകൂടി ഇതിനുമുമ്പ് ഈ വാനരൻ ഭക്ഷിക്കുമായിരുന്നു. എന്തുചെയ്യാം! ദയാനിധി അനുവാദം തന്നില്ല.”

അംഗദന്റെ വാഗ്ലംകാരംകേട്ടു് രാവണൻ മന്ദഹാസംതൂകി. “എടാ മൂഢക്കുരങ്ങ! ഇത്തരം വ്യാജങ്ങൾ ജല്പിക്കാൻ നിന്നെ ആരു പഠിപ്പിച്ചു. ബാലിക്കു ഇതൊന്നും വശമില്ലായിരുന്നുവല്ലോ. താപസന്മാരുടെ കൂട്ടുകെട്ടിൽനിന്നും പാഠമായതായിരിക്കാം.

“രാവണ! പരീക്ഷിച്ചോളൂ! നിന്റെ പത്തു നാക്കും ഇരുപതു കൈയും ഇപ്പോൾ പറിച്ചു നിലത്തിട്ടു കാണിച്ചില്ലെങ്കിൽ ഞാൻ വ്യാജജല്പകൻ തന്നെ എന്നുദ്ഘോഷിച്ചിട്ടു് അംഗദൻ രാമപ്രഭാവത്തെ സ്മരിച്ചു. തൽക്ഷണംതന്നെ കോപകലുഷിതനായി ഒരു കാൽ ഉറപ്പിച്ചൂന്നിനിന്നു്, സഭാസ്ഥിതന്മാരെ നോക്കിപ്പറഞ്ഞു. ദുഷ്ടന്മാരെ! നിങ്ങളിലാരോ എന്റെ കാൽ തറയിൽ നിന്നു തള്ളി ഇളക്കാമെങ്കിൽ രാമചന്ദ്രൻ തോററൊഴിഞ്ഞു് സീതയേയും വെടിഞ്ഞു പോകുമെന്നു ഞാൻ സമ്മതിക്കാം.”

ഈ ഔദ്ധത്യം രാവണനു സഹിച്ചില്ല. അവൻ വീരയോദ്ധാക്കളെയെല്ലാം വിളിച്ച് കപിശ്രേഷ്ഠനെ കാലിൽ പിടിച്ചു പൊക്കിത്തള്ളിമറിച്ചിടുവാൻ ആജ്ഞാപിച്ചു. ഇന്ദ്രജിത്തു തുടങ്ങിയുള്ള ബലശാലികളായ പടയാളികൾ പലരും ഉത്സാഹത്തോടെ എഴുന്നേററു ചെന്നു് സർവ്വശക്തിയും പ്രയോഗിച്ച് പഠിച്ച ഉപായങ്ങളൊക്കെ നോക്കി; കാൽ വരവണ്ണംപോലും ഇളകിയില്ല. അവർ തലയും കുമ്പിട്ടു നാണിച്ചു പിൻവാങ്ങിച്ചെന്നിരിപ്പായി. ഉടനേ മററു ചില വീരന്മാർ വീരവാദങ്ങളും പൊഴിച്ചു വന്നു പരീക്ഷയിൽ ചേർന്നു. അതും വിഫലമായിത്തന്നെ പര്യവസാനിച്ചു. കപടയോഗിയുടെ ഹൃദയത്തിൽ രൂഢമൂലമായി നിലകൊണ്ടിരിക്കുന്ന മോഹവിടപി എന്നപോലെ, അംഗദപാദം അല്പംപോലും ചലിച്ചില്ല.

കോടി വിഘ്നങ്ങൾ സംഭവിച്ചാലും സാധുഹൃദയം നീതിപഥത്തിൽനിന്നു ലവലേശം ഇളകുകയില്ല. അത്രമാത്രമേ അംഗദപാദത്തിനും ഇളക്കമുണ്ടാകുന്നുള്ളുവെന്നു കണ്ടു് രാക്ഷസന്മാർ ലജ്ജിച്ചു. അവരുടെ അഹങ്കാരമെല്ലാം ശമിച്ചു. ഒടുവിൽ രാവണൻ തന്നെ ബല പരീക്ഷയ്ക്കെഴുന്നേററിറങ്ങി കാലിൽ വന്നു പിടിച്ചയുടനേ അംഗദൻ ഹസിച്ചു കൊണ്ടു്, “രാക്ഷസരാജാവേ! എന്റെ പാദങ്ങളെ ഗ്രഹിച്ചാൽ നിനക്കെന്തൊരു രക്ഷയാണു്. പോയി രാമചന്ദ്രന്റെ കാൽ പിടിക്കാൻ മടിക്കുന്നതെന്തു്? എന്നു ചോദിച്ചു. രാവണൻ ലജ്ജിച്ചു പോയി. മദ്ധ്യാഹ്നചന്ദ്രനെപ്പോലെ അവന്റെ മുഖം വിളറി. അങ്ങനെ തേജസ്സും അഭിമാനവും ക്ഷയിച്ചു പിന്തിരിഞ്ഞു ചെന്നു് സർവസമ്പത്തുകളും

പോയ്പോയവനെപ്പോലെ വിഷാദിച്ചു, തലതാഴ്ത്തി സിംഹാസനത്തിലിരുന്നു-

ജഗദാധാരഭൂതനും പ്രണതപാലനുമായ രഘുപതിയിൽ വിമുഖനായവന്നു മനോവിശ്രാന്തി എങ്ങനെ ഭവിക്കും? ഹേ പാർവതി രാമചന്ദ്രന്റെ പുരികക്കളികളാണ് ഈ വിശ്വത്തെച്ചമയ്ക്കുന്നത്. അതിനെ അഴിക്കുന്നതും അവതന്നെ. തന്തിരുവടി ഒരു പുൽക്കൊടി വജ്റായുധമാക്കും. വജ്റായുധം പുൽക്കൊടിയാക്കാനും അവിടേക്കു കഴിയും. ആ ഭഗവാന്റെ ദൂതനുണ്ടോ ബലപരീക്ഷയിൽ തോൽക്കുന്നു.

അംഗദൻ പിന്നെയും പല നീതികൾ ഉപദേശിച്ചു നോക്കി. കാലമടുത്തിരുന്നതു കൊണ്ട് രാവണന്റെ കാതിൽ കടന്നില്ല. ശത്രുവിന്റെ അഹംകാരം അടക്കി സ്വാമിയുടെ യശസ്സും പുകഴ്ത്തിയശേഷം, ബാലിപുത്രൻ രാവണനോട്, ദുഷ്ടാ! നിന്നുക്കു വേണ്ടി ഇതിലധികം ഇപ്പോൾ ക്ലേശിക്കണമെന്നു വിചാരിക്കുന്നില്ല. യുദ്ധക്കളത്തിൽ നിന്നെ ഇഷ്ടംപോലെ മഥിക്കാൻ എനിക്കവസരം കിട്ടുമല്ലോ. എന്നു പറഞ്ഞു പിൻവാങ്ങി രാമസവിധത്തിലേക്കുപോയി. രാവണന്ന്, ആദിയിൽ അംഗദൻ പുത്രനെ വധിച്ചതറിഞ്ഞപ്പോൾ മുതൽക്കേ മനസ്സിടിവും, സംകടവുമുണ്ടായിരുന്നു. ബലപരീക്ഷ കഴിഞ്ഞപ്പോൾ രാക്ഷസന്മാരുമെല്ലാം വ്യാകുലന്മാരായി ഭവിച്ചു.

ശത്രുബലത്തെ ധർഷിച്ച് ഹർഷിതനായി പുറപ്പെട്ട ബല പുഞ്ജമായ ബാലിപുത്രൻ, സജലനയനനും പുളകപല്ലവിതനുമായിച്ചെന്ന് രാമപാദകഞ്ജങ്ങളെ ഗ്രഹിച്ചു. രാവണനാകട്ടെ, സായാഹ്നസന്ധ്യ സമീപിക്കുന്നുവെന്നു കണ്ടു് ഭവനത്തിലേക്കു പോയി. മണ്ഡോദരി വസ്തുതകളെല്ലാം ഗ്രഹിക്കയാൽ ഭർത്താവിനെ ഉപചരിച്ച് വീണ്ടും ഉപദേശരൂപത്തിൽ പറഞ്ഞു.

കാന്ത! ദുർവിചാരങ്ങളെല്ലാം ത്യജിക്കുക. രാമനോടു യുദ്ധം ചെയ്യുന്നതു താങ്കൾക്കു ശുഭമല്ല. അവന്റെ അനുജൻ വിൽക്കോടി കൊണ്ടു വരച്ചിരുന്ന ഒരു * ചെറുരേഖ ലംഘിക്കാൻ ലങ്കേശനായ താങ്കൾക്കു കഴിഞ്ഞില്ല. അത്രയ്ക്കു ശക്തിയുള്ളവനെന്നു മനസ്സിലാക്കണം. പ്രിയതമ! ഒരെളിയ ദൂതൻ ഇവിടെ വന്നു ചെയ്ത വീരപ്രവൃത്തികൾ ഓർത്താൽ രാമനെയുദ്ധത്തിൽ ജയിക്കാ

* ലക്ഷ്മണൻ പിരിഞ്ഞു പോയപ്പോൾ രാക്ഷസന്മാർ ആക്രമിക്കാതെ സീതക്കു ചുററി വരച്ചിരുന്ന രേഖയാണിവിടെ സൂചിപ്പിച്ചതു്. സീതാപഹരണ ഘട്ടത്തിൽ ഈ കഥ പ്രസ്താവിച്ചിട്ടില്ലെന്നുള്ളതു വിസ്മരിച്ചു പോക കൊണ്ടായിരിക്കാം തുളസി സൂചനമാത്രം ഇവിടെ കൊടുത്തതെന്നും സംസ്കൃത രാമായണത്തിൽ രേഖയെപ്പററി പ്രസ്താവമുണ്ടെന്നും ഇംഗ്ലീഷു തർജ്ജിമക്കാരൻ പറയുന്നു.

ൻ താങ്കൾക്കു സാദ്ധ്യമല്ലെന്നു സ്പഷ്ടമാകും. നോക്കുക! ആ കപികേസരി, നിശ്ശങ്കം കടൽ ചാടി ലങ്കയിൽവന്ന് കാവൽക്കാരെയും അക്ഷനെയും കൊന്ന് ഉപവനവുമഴിച്ചു പട്ടണവും ഭസ്മമാക്കിയല്ലോ? താങ്കൾക്കുപിന്നെ ബലഗർവ്വത്തിനു സ്ഥാനമേതു്?

ഭർത്താവേ മിഥ്യാജല്പനങ്ങൾ മതിയാക്കി എന്റെ വാക്കുകൾ അല്പമെങ്കിലും മനസ്സിൽ ധരിക്കണമെ. രാമൻ മനുഷ്യനാണെന്നു കരുതരുതു്. സകലചരാചരഗുരുവും സർവ്വശക്തനുമാണവൻ. രാമബാണത്തിന്റെ പ്രതാപം മാരീചനറിഞ്ഞിരുന്നു. അവൻ പറഞ്ഞുതന്നിട്ടും താങ്കൾ അതു തൃണവൽഗണിച്ചുകളഞ്ഞു. ഒരു ദൃഷ്ടാന്തം ഓർക്കുക. ജനകസഭയിൽ അനേകം രാജാക്കൾ ചേർന്ന കൂട്ടത്തിൽ ഗർവ്വാഭിമാനത്തോടുകൂടെ താങ്കളും സന്നിഹിതനായിരുന്നില്ലെ? ധനുർഭഞ്ജനംചെയ്തു ജാനകിയെ വിവാഹിച്ച വീരപുരുഷനാരാണു്? അന്നവനെ യുദ്ധത്തിൽ കീഴടക്കാൻ തുനിയാഞ്ഞതെന്തുകൊണ്ടു്? രഘുപതിയുടെ കരബലത്തിന്റെ രുചി ഇന്ദ്രപുത്രനായ ജയന്തൻ അല്പം അറിഞ്ഞിട്ടുണ്ടു. അഭയമപേക്ഷിക്കയാൽ ജീവൻ കിട്ടിയെങ്കിലും ഒരു കണ്ണു പൊയ്പ്പോയില്ലെ? പിന്നിടു താങ്കൾ നേരിൽ അറിഞ്ഞിട്ടുള്ളതാണല്ലൊ ശൂർപ്പണഖയുടെ അംഗഭംഗചരിത്രം. ഇതൊക്കെയായിട്ടും മനസ്സിനൊരുണർവുണ്ടാകാത്തതാണത്ഭുതം!

പ്രഭോ! വിരാധനെയും ഖരദൂഷണാദികളെയും നിഗ്രഹിച്ചതും ലീലയായി കബന്ധനെ വധിച്ചതും ഏകശരത്താൽ ബാലിയെ കാലന്നുക്കയച്ചതും ഈ രഘുപതിയാണ്. ഇപ്പോൾ കളിക്കൂത്തുപോലെ സമുദ്രത്തിൽ ചിറകെട്ടിക്കപിസേനയുമായ കടന്നുവന്ന് സുബേലപർവ്വതത്തിൽ പാളയമടിച്ചിരിക്കുന്നു. ഇതൊക്കെയായിട്ടും കരുണാസിന്ധുവായ സൂര്യവംശമണി താങ്കളുടെ ഹിതത്തേ ഉദ്ദേശിച്ച് ഒരു ദൂതനേപ്പറഞ്ഞയച്ചില്ലെ? ആനക്കൂട്ടത്തിൽകടന്ന കേസരിയെപ്പോലെ ആ വീരദൂതൻ സഭാമദ്ധ്യത്തിൽവച്ച് താങ്കളുടെ ബലത്തെ ധർഷണം ചെയ്കയുണ്ടായില്ലെ? ലങ്കേശ്വര! ഹനുമാനെയും അംഗദനെയുംപോലെയുള്ള വീരമൂർത്തികൾ രഘുരാജന്റെ ദാസ്യംവഹിക്കുന്നതു കണ്ടിട്ടും, ആ മഹാത്മാവു മനുഷ്യനാണെന്നു താങ്കൾ ഉരുക്കഴിക്കുന്നതെന്തുകൊണ്ടു്? മാനമദഗർവ്വം താങ്കളുടെ മസ്തിഷ്കത്തെ മലിനപ്പെടുത്തിക്കളഞ്ഞു.

പ്രിയതമ! രാമനോടു വൈമുഖ്യം ഭാവിച്ചാൽ മനസ്സു മൃത്യുവിനധീനമായി ബോധം മായുന്നു. മൃത്യുവിന്റെ പ്രഹരം കയ്യിൽ ദണ്ഡുയർത്തിയാണെന്നൊരു മിഥ്യാബോധമുണ്ടു്. സൂക്ഷ്മം അങ്ങനെയല്ല. മനസ്സിലെ ധർമ്മവും ബുദ്ധിയും ബലവും വിവേകവും അപഹരിച്ച്, ജീവിയെ നശിപ്പിക്കയാണ് അതു ചെയ്യുന്നതു്. രാജാവേ ഒരുത്തനു മൃത്യു സമീപസ്ഥമായാൽ അവൻ താങ്കളെപ്പോലെ ഭ്രാന്ത

ചിതനായി ഭവിക്കുന്നു. പ്രഭോ! താങ്കളുടെ രണ്ടുപുത്രന്മാരെ വധിച്ചു. പട്ടണം ചുട്ടുകരിച്ചു. ഇനിയെങ്കിലും സീതയെ കൊടുത്തുകളയുക. കൃപാനിധിയെ ഭജിക്കുക! വിമലയശസ്സ സമ്പാദിക്കുക!

ക്രൂരന്മുപോലെ മൂൎച്ചയേറിയ ഈ വാക്കുകൾ കേട്ടിട്ട് രാവണൻ മിണ്ടാതെ നേരം പ്രഭാതമായതുനോക്കി നേരേ മന്ത്രസഭയിലേക്കു പോയി. അവിടെ സിംഹാസനത്തിന്മേൽ ആരോഹിച്ചപ്പോൾ, ഹൃദയം അഭിമാനസംശ്ലിഷ്ടമായി. സൎവ ഭയങ്ങളും അവൻ മറന്നു. അങ്ങനെയിരിക്കെ, ദയാലുവായ ഖരാരി അംഗദനെ അരികിൽവിളിച്ച് വാത്സല്യപൂൎവം തഴുകിസ്സമീപത്തു പിടിച്ചിരുത്തിപ്പുഞ്ചിരിതൂകിപ്പറഞ്ഞു. "ബാലികുമാര! എനിക്കു ചിലതു ചോദിക്കാനുണ്ട്. ഉള്ളതുപോലെ എന്നോടു പറയണം. വത്സ! രാക്ഷസപ്പരിഷയെല്ലാം പരിവൃഢനാണല്ലോ രാവണൻ. അവന്റെ കൈയൂക്ക് ലോകപ്രസിദ്ധവുമാണ്. ആ സ്ഥിതിക്ക് ഈ നാലു കിരീടങ്ങൾ അപഹരിച്ചു നീ എനിക്കയച്ചതെങ്ങനെ? ഏതു കൌശലത്താൽ നീ അവ കൈക്കലാക്കി."

അംഗദൻ:—ദേവദേവ! അവ രാവണന്റെ കിരീടങ്ങളല്ല. രാജാക്കന്മാൎക്കു പ്രസിദ്ധമായ ചതുരുപായങ്ങളാണ്. സാമം, ദാനം, ഭേദം, ദണ്ഡം ഇവ നാലും രാജഹൃദയത്തെ വിളക്കിക്കൊണ്ടിരിക്കുന്നതായി വേദം പറയുന്നു. രാജനീതിയും രാജധൎമ്മവും അധിവസിക്കുന്ന തൃപ്പാദസ്ഥാനം മനസ്സിലാക്കി സ്വസ്വാമിയെസ്സേവിക്കാൻ അവളങ്ങോട്ടു പോന്നതാണ്. ഭഗവാനേ! ധൎമ്മഹീനനും പ്രഭുപദവിമുഖനും കാലവശനുമായ ദശകണ്ഠനെ പിരിഞ്ഞ് പ്രസ്തുതഗുണങ്ങൾ തിരുവടിയെ ശരണംപ്രാപിച്ചിരിക്കുന്നു."

പരമചതുരമായ ഈ നിവേദനം കേട്ട് രഘുപതി സന്തോഷിച്ചു. അംഗദൻ അതിനെ തുടൎന്നു കോട്ടയിൽനിന്നും ലഭിച്ച വൎത്തമാനങ്ങളെല്ലാം തിരുമനസ്സറിയിക്കയുംചെയ്തു. നാലു ഗോപുരവാതുക്കലും ശത്രുക്കളെ എതിൎക്കുന്നതിനു തക്കവിധത്തിൽ സൈന്യവിഭാഗം ചെയ്യേണ്ട ക്രമങ്ങളെക്കുറിച്ചാലോചിച്ചു നിശ്ചയിക്കാൻ ഉടനേ ഭഗവാൻ മന്ത്രിമാരോടു കല്പിച്ചു. കല്പനയനുസരിച്ച് കപികളുടെയും ഭല്ലൂകങ്ങളുടെയും നായകന്മാരും വിഭീഷണനും യോഗംകൂടി രാമചന്ദ്രസ്മരണയോടെ സൈന്യത്തെ യഥായോഗ്യം നാലായിപ്പകുത്തു. സേനാനികൾ രാമപ്രതാപത്തെ പുരസ്കരിച്ചു മംഗളഗാനം പാടിയശേഷം ആക്രമണത്തിനു സൈന്യങ്ങൾക്കു കല്പനകൊടുത്തു. കല്പന കാത്തുകാത്തുനിന്ന കപികളും ഭല്ലൂകങ്ങളും സിംഹങ്ങളെപ്പോലെ അലറി മുന്നോട്ടുകുതിച്ചു. അനന്തരം ഹൎഷിതന്മാരായ ഭഗവൽപാദാരവിന്ദങ്ങൾ വണങ്ങിപ്പോയി, കൈകളിൽ ഗിരിശിഖരങ്ങളുമേന്തി "ജയരഘുവീര! കോസലധീര! എന്നു പാടിയും അഹങ്കാര

ത്താൽ ഗർജ്ജിച്ചും തർജ്ജിച്ചും ഉത്സാഹത്തോടെ പുറപ്പെട്ടു. ആക്രമം കടക്കാൻ കഴിയാത്ത ഒരു പ്രബലദുർഗ്ഗമത്രേ ലംകയെന്നറിഞ്ഞിരുന്നിട്ടും പ്രഭുമാഹാത്മ്യത്തിലുള്ള വിശ്വാസത്താൽ കപികൾ തെല്ലും ഭയപ്പെട്ടില്ല. വീരശൂരന്മാരായി അവർ മേഘാവരണംപോലെ ദിക്ചക്രത്തെ മറച്ചും സിംഹനാദപ്പെരുമ്പറകൾ ഘോഷിച്ചും,

ജയരാമചന്ദ്രജയജയസോദരാനുഗത!

ജയസൂര്യപുത്രകപികുലപാലനാഭിരത! എന്നുപാടിയും യാത്രചെയ്തു. ലംകാവാസികൾ പരിഭ്രാന്തരായി ഉഴന്നു. രാവണനാകട്ടെ. ഈ ആഗമനവൃത്താന്തം കേട്ട്. അഹംഭാവത്തോടെ, "കപികൾക്കത്രെ ധിക്കാരം വന്നുപോയോ" എന്നു പറഞ്ഞു മന്ദഹാസം തൂകി സ്വഭടന്മാരെ അരികിൽവിളിച്ചു. "ഇക്കുരങ്ങന്മാർ കാലവശന്മാരായിവന്നു ചാടിയിരിക്കുന്നു. നമ്മുടെസൈന്യങ്ങൾ വിശപ്പുസഹിക്കാതെ വിഷമിച്ചിരിക്കുന്ന ഘട്ടത്തിൽ ദൂരത്തെങ്ങും അന്വേഷിച്ചു നടക്കാൻ ഇടയാക്കാതെ ആഹാരം വീട്ടിൽതന്നെ ദൈവം എത്തിച്ചുതന്നു. എന്നുച്ചരിച്ച് അലറിച്ചിരിച്ചു പറകയാണ്. സുയോധന്മാരേ! നിങ്ങൾ നാലുവഴിക്കും ഇറങ്ങി യഥേഷ്ടം കുരങ്ങന്മാരെ പിടിച്ചു ഭക്ഷിച്ചുകൊള്ളാം."

ഹേ പാർവ്വതി! ഉറക്കത്തിൽ കാലുകൾ മോലോട്ടാക്കി മലർന്നു കിടക്കുന്നപൂഴ്ചി ആകാശം വീണാലും ആ ചെറുകാലുകൾ താങ്ങിക്കൊള്ളുമെന്നു വ്യാമോഹിക്കുന്നു. അതുപോലെയാണ് രാവണന്റെ ദുരഭിമാനം.

രാക്ഷസന്മാരാകട്ടെ, രാജകല്പനയനുസരിച്ചു യുദ്ധത്തിനു തയാറായി. ശൂലം, വാൾ വെണ്മഴു മുൾത്തടി, ഇരുമ്പുലക്ക കവിണമുതലായ ആയുധങ്ങളുമെടുത്ത്, ചിലർ കൊട്ടുമുടികളും അടർത്തുപിടിച്ച്, പുറപ്പെട്ടു. പക്ഷിവിശേഷങ്ങൾ ഖനികളിൽ ചുവപ്പുരത്നങ്ങൾ കുന്നിച്ചു കിടക്കുന്നതു നോക്കി മാംസബുദ്ധ്യാ പറന്നുചെന്നു കൊത്തിച്ചുണ്ടുപൊട്ടുംപോൾ, തങ്ങളുടെ ചാപല്യം മനസ്സിലാകും അതുപോലെ രാക്ഷസന്മാരും വ്യാമോഹത്താൽ യുദ്ധത്തിനൊരുങ്ങിയതാണ്.

രണധീരന്മാരായ അസംഖ്യം രക്ഷസ്സുകൾ, ശരചാപാദ്യായുധപാണികളായി യുദ്ധക്കോട്ടകളിൽ കടന്നു കയറി. ആ കോട്ടകൾ ഇടതിങ്ങിയ മേഘപടലത്തിനിടയ്ക്ക്, മഹാമേരുശൃംഗങ്ങൾപോലെ ശോഭിച്ചിരുന്നു. പറകളും പലവിധങ്ങളായ മററു വാദ്യങ്ങളും ഉച്ചത്തിൽമുഴങ്ങി. ആ ധ്വനികേട്ടുകേട്ടു യുദ്ധവീരന്മാരുടെ മനസ്സിനാപ്രസരിപ്പു തുടങ്ങി. കേവലം ഭീരുക്കൾക്കുപോലും ചൊടിപ്പും ഉറപ്പും ഉണ്ടാകത്തക്കവണ്ണം അത്ര ഉച്ചത്തിലും മെച്ചത്തിലുമായിരുന്നു വാദ്യഘോഷണങ്ങൾ. വിശാലദേഹന്മാരായ സുഭടഭല്ലൂകന്മാർ മുന്നണിയിൽ

നിൽക്കയാൽ പിന്നണിയിൽനിന്ന കപികളെ മറച്ചു. തൂക്കായുള്ള കോട്ടപ്പുറങ്ങളുടെ ഔന്നത്യം ഗണിക്കാതെ പാറകൾ ഇടിച്ചിടിച്ചിട്ട് യഥേഷ്ടം അവർ മുന്നോട്ടു കടന്നു. ക്രുദ്ധന്മാരായ കപിരാക്ഷസ ഭടന്മാർ കടകടപ്പല്ലുഞെരിച്ചു ചുണ്ടുകളും കടിച്ചുകൊണ്ട്, ഒരുപക്ഷം രാമപരമായും, മറുപക്ഷം രാവണപരമായും ജയഗീതങ്ങൾ പാടി യുദ്ധമാരംഭിച്ചു. രാക്ഷസന്മാർ കൊടുമുടികൾ അടർത്തെറിയുമ്പോൾ, കപികൾ അവററ ചാടിപ്പിടിച്ച് തിരിച്ചെറിയുന്നു.

പ്രചണ്ഡന്മാരായ മർക്കടഭല്ലൂകവീരന്മാർ അദ്രിഖണ്ഡങ്ങളെടുത്ത് കോട്ടയെ ലാക്കാക്കി പ്രഹരിക്കുന്നു. അടുത്തു മുട്ടുകി ശത്രുവിനെ കാലിൽ തൂക്കി നിലത്തടിച്ചും, തോറേറാടാൻ സമ്മതിക്കാതെ തട്ടുത്തു പിടിച്ചും പൊരുതുന്നു. ആയംനോക്കിനോക്കി ഒററച്ചാട്ടത്തിന് കോട്ടയുടെ മുകളിൽ കയറുന്നു. ഭല്ലൂകപ്ലവംഗേശന്മാർ പ്രവേശിച്ച ഭവനങ്ങളിൽ രാമയശോഗാനധ്വനി നിരന്തരമായി മുഴങ്ങുന്നു.

ഓരോ വാനരനും ഓരോ രാക്ഷസനെപ്പിടിക്കൂടി നെഞ്ചിൽചേത്തുവച്ച് കോട്ടയുടെ മുകളിൽ വന്ന് കമഴ്ന്നു താഴോട്ടു മറിയുന്നു. അടിയിൽ അകപ്പെട്ടുകകൊണ്ട് രാക്ഷസൻെറ കഥ അപ്പോഴേ കഴിഞ്ഞുകൂടുന്നു.

രാമമാഹാത്മ്യത്താൽ ബലിഷ്ഠന്മാരായ കപികൾ രാക്ഷസയോധന്മാരെ നിശ്ശേഷംജയിച്ച് കോട്ടയുടെ മുകൾപരപ്പിൽ കയറി. അചിരേണ അവിടമെല്ലാം പ്രതാപദിവാകരൻ രഘുനാഥൻെറ യശോഗാനധ്വനിയാൽ മുഖരിതമായി. രാക്ഷസന്മാർ കൊടുങ്കാററിലകപ്പെട്ട മേഘസമുദയംപോലെ പറന്നു മറഞ്ഞു. ഹാ ഹാശബ്ദം പട്ടണത്തിലെങ്ങും നിറഞ്ഞു. സ്ത്രീകളും കുട്ടികളും ആത്തരായി നിലവിളിക്കൂട്ടി. മൃത്യുമുഖത്തിൽ രാജ്യത്തെത്തള്ളിമറിച്ച രാജാവായ രാവണനെ എല്ലാവരും ഒത്തൊരുമിച്ചു പഴിച്ചു. സൈന്യങ്ങൾ തോറ്റൊഴിച്ച വത്തമാനം അറിഞ്ഞയുടനേ രാവണൻ രോഷാന്ധനായി യോധപന്മാരെ നോക്കിപ്പറഞ്ഞു. "യുദ്ധത്തിൽ ആരൊരുത്തൻ പിന്തിരിയുന്നുവോ അവനെ നാം നമ്മുടെ കരാളഖഡ്ഗത്തിന് ഇരയാക്കുന്നതാണ്. തരുന്നതെല്ലാം വാങ്ങി വിഴുങ്ങി ഇഷ്ടഭോഗങ്ങളും അനുഭവിച്ചിട്ട്, ഇപ്പോൾ യുദ്ധക്കളത്തിൽ സ്വന്തം രക്ഷയെ മാത്രം നിങ്ങൾ നോക്കുന്നുവോ".

ഉഗ്രമായ അനുശാസനം ഭടന്മാക്ക് ഭയത്തെയും ലജ്ജയെയും ഉണ്ടാക്കി. അവർ ചീറിച്ചിനത്ത് ജീവിതാശ നിശ്ശേഷം ഉപേക്ഷിച്ച് പാഞ്ഞെത്തു, ശത്രുക്കൾക്കഭിമുഖമായിനിന്നു പൊരുതുമരിക്കുന്നതാണ് വീരന്മാക്ക്ഴക്" എന്നു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

ഈ സംരംഭത്തിൽ രാവണഭടന്മാർ, വിവിധായുധപാണികളായി മുന്നിട്ട്, പ്രചണ്ഡപരിഘപ്രാസപ്രയോഗത്താൽ ഓരോരുത്തനെയായി ഭല്ലൂകകപിസംഘങ്ങളെ നിശ്ശേഷം പരാജിതരാക്കി,

ഹേ പാർവ്വതി! വാനരന്മാർ ആദ്യമേ വിജയലക്ഷ്മിയെ വരിച്ചുകഴിഞ്ഞു. എങ്കിലും ഇപ്പോൾ ഭയാതുരന്മാരായി പലായനം ചെയ്തു. അംഗദനെവിടെ? ഹനുമാനെവിടെ? നളനും നീലനും ഏതുവഴി പോയി! ബലശാലിയായ വിവിദനും എവിടെ? എന്ന് ഓരോരുത്തൻ ചോദിക്കയായി; ഇതുകേട്ട് സ്വപക്ഷക്കാൎക്കു സങ്കടം ഭവിച്ചിരിക്കുന്നുവെന്ന് ഹനുമാനു മനസ്സിലായി. എന്നാൽ ആ ബലശാലി പടിഞ്ഞാറേ കോട്ടവാതുക്കൽ അകപ്പെട്ടുപോയി, വിശ്വവിജയിയായ മേഘനിനാദനാണ് അപ്പടം രക്ഷിച്ചിരുന്നത്. ഭേദിച്ചു കടന്നുകയറാൻ സാധിക്കാത്തവിധം ദുർഗ്ഗദ്വാരം പ്രബലവുമായിരുന്നു. ഹനുമാന്റെ ഹൃദയം കോപശങ്കാകലുഷിതമായി. ആ മഹാശക്തൻ പ്രളയകാലത്തെ ഇടിനാദം പോലെ അലറിച്ചീറി മേലോട്ടുകുതിച്ച് കോട്ടയുടെ മുകൾപ്പാട്ടിലെത്തി. ഉഗ്രമായ ഒരു പർവ്വതവും കയ്യ്ക്കലേന്തി വിക്രമിയായ് മേഘനാദനോടണഞ്ഞു. അരക്ഷണത്തിനകം തേരാളിയെക്കൊന്ന് തേരും പൊടിപെടുത്തിട്ട് ഊക്കോടെ നെഞ്ചിൽ ഒരു ചവിട്ടേൽപ്പിച്ച്, അവനെ മലർത്തി; ബോധരഹിതനായി വീണ രാവണപുത്രനെ മറ്റൊരു തേരാളി ക്ഷണേന തേരിലേററി കൊട്ടാരത്തിനുള്ളിലേക്കു കൊണ്ടുപോകയും ചെയ്തു.

കോട്ടയ്ക്കുള്ളിൽ ഹനുമാൻ കടന്നു കയറിയ വർത്തമാനം അംഗദൻ അറിഞ്ഞു. യുദ്ധവിദഗ്ദ്ധനായ ആ വീരൻ സ്വസഖാവിന്റെ ഖേലനങ്ങളിൽ പങ്കുകൊള്ളാനായി മതിൽ ചാടി പുറകേ എത്തി. യുദ്ധപ്രസരിപ്പും കോപമൂർച്ഛനവും കലർന്ന ആ വീരയോദ്ധന്മാർ ഭഗവൽപാദാരവിന്ദസ്മരണയോടുകൂടി കോസലപതി ജയിക്കട്ടെ എന്നു ഗർജ്ജിച്ചുകൊണ്ടു രാജകൊട്ടാരം ഒരെടുപ്പുപോലും ശേഷിക്കാത്തവിധത്തിൽ ഇടിച്ചു നിരത്തി. രാവണൻ ഭയവിഹ്വലനായി നടുങ്ങി. സ്ത്രീകളെല്ലാം നെഞ്ചിലടിച്ച് "ഹാ! നാശകാരന്മാരായ ആ കുരങ്ങന്മാർ രണ്ടുപേരും ഇതാ ഒരുമിച്ചുവന്നു" എന്നു നിലവിളിച്ചു. അംഗദനും ഹനുമാനും ആ സ്ത്രീകൾക്കു ഭയം തോന്നത്തക്കവണ്ണം ചില വാനരഗോഷ്ഠികൾ കാട്ടി. അനന്തരം രാമചന്ദ്രയശോഗാനത്താൽ അന്തരിക്ഷാന്തരം പരിശുദ്ധമാക്കിച്ചെന്നു രണ്ടു സ്വർണ്ണസ്തംഭങ്ങൾ കരസ്ഥമാക്കി. 'നമുക്കിനി സംഹാരക്രിയ ആരംഭിക്കതന്നെ' എന്നു ഉദ്ഘോഷിച്ച് ഉത്തരക്ഷണത്തിൽ ശത്രുസൈന്യത്തിൽ കടന്നു 'രാമനെ ഭജിക്കാത്തതിന്റെ ഫലം ഇതാ' എന്നു വിളിച്ചുകൂട്ടി ചവിട്ടും അടിയും തൊഴിയുമായി മർദ്ദനകർമ്മം തുടങ്ങി.

ഹനൂമദംഗദന്മാർ ഓരോരുത്തനെയായി മർദ്ദിച്ച് തല വെട്ടിച്ചുഴററി ഉടഞ്ഞ തൈർകലംപോലെ രാവണൻെറ കാൽക്കൽ ചെന്നു വീഴത്തക്കവണ്ണം എറിഞ്ഞു. പ്രമുഖ്യനായ ഒരു രാക്ഷസനെ കിട്ടിയാൽ ഉടനേ കാലിൽ തൂക്കി ഭഗവൽസന്നിധിയിലേക്ക് എറിയുകയായി. വിഭീഷണൻ അവൻെറ പേർ ഭഗവാനോടു പറയുകയും കൃപാനിധി സ്വപദം അവനു നൽകുകയുമായി ഇങ്ങനെ മനുഷ്യഭോജികളായ ആ ഖലന്മാർക്കു മുനിമാർപോലും യാചിക്കുന്ന പരമപദം ലഭിക്കാൻ ഇടയായി. ഹേ പർവ്വതപുത്രീ, രാമൻ മൃദുലഹൃദയനും കരുണാനിലയനവുമാണ്- ശത്രുനിലയിലെങ്കിലും എപ്പോഴും തന്നെ സ്മരിക്കുന്നവരാണല്ലോ എന്നു കരുതി അവിടുന്ന് ആ ദുഷ്ടന്മാർക്കു പരഗതി നൽകിയതാണ്. പ്രിയേ! ഇത്രമാത്രം കരുണ മററെവിടെ കാണാൻ കഴിയും? പ്രഭുവിനെ അറിയുന്ന ക്ഷണത്തിൽ സകല മോഹങ്ങളും ത്യജിച്ച് തൃപ്പാദഭജനം ആചരിക്കാത്തവൻ മഹാദുർഭഗനും നിർഭാഗ്യനുമാണെന്നുള്ളതിൽ സംശയമെന്ത്?

രഘുരാജൻ ഹർഷപുരസ്സരം സമീപസ്ഥിതന്മാരെ നോക്കി. "അംഗദനും ഹനൂമാനും കോട്ടയെ ലംഘിച്ച് അകത്തു പ്രവേശിച്ചിരിക്കുന്നു. ലങ്ക ഇപ്പോൾ രണ്ടു മന്ദരപർവ്വതം തൂക്കിയിട്ടു കടയുന്ന പാലാഴിപോലെ ആയിരിക്കയാണ്" എന്നരുളിച്ചെയ്തു.

വായുവിൻേറയും, ബാലിയുടേയും സുകൃതപരിപാകങ്ങൾ, ഭുജബലത്താൽ ശത്രുസമൂഹത്തെ മർദ്ദിച്ചു തള്ളി. ആദിത്യാസ്തമയം അടുത്തപ്പോൾ ദേഹക്ലേശങ്ങൾ കൂട്ടാക്കാതെ കുതിച്ചുചാടി ഭഗവൽസന്നിധാനത്തിലെത്തിത്തൊഴുതു. തൻെറ പോർവീരന്മാർ നിർബാധമായി തിരിച്ചെത്തുകയാൽ സന്തുഷ്ടനായ ഭഗവാൻ അമൃതു തളിച്ചതുപോലെ അവരിൽ കരുണാകടാക്ഷം തൂകി. തൽക്ഷണം സകല ക്ലേശങ്ങളും ക്ഷീണങ്ങളും മാറി അവർ പരമസുഖത്തിൽ മുഴുകി. യുദ്ധക്കളത്തിൽനിന്നും അംഗദനും ഹനൂമാനും പോയി എന്നറികയാൽ, ഭല്ലൂകകപിപ്രധാനന്മാർ പലരും പിന്തിരിഞ്ഞുപോന്നു. രാക്ഷസന്മാരും രാത്രി മുഴുവൻ വിശ്രമിച്ചു ബലവേഗങ്ങൾ പുനഃസ്ഥാപിച്ചുകൊണ്ടു പുലർകാലത്തിൽ രാവണസ്തുതിമംഗളം പാടി പുറപ്പെട്ടു. അക്ഷമന്മാരായി വാനരവീരന്മാരുമടുത്തു. ഭടന്മാർ തമ്മിൽ കൂട്ടിമുട്ടുന്ന ദിക്കിലെല്ലാം പല്ലുകളുടെ കടകടശബ്ദം കേൾക്കപ്പെട്ടു. ഇരുകക്ഷിയിലുമുള്ള വീരയോധന്മാർ പരാജയം എന്ന ശബ്ദംപോലും അറിയാത്തവരെപ്പോലെ ദൃഢനിശ്ചയത്തോടെ പോർതുടങ്ങി. മഷിക്കറുപ്പുള്ള രാക്ഷസന്മാരും വെളുപ്പു മുതലായ പല വർണ്ണങ്ങളോടുകൂടിയ വാനരന്മാരും, ഒരുപോലെ ബലശാലികൾ കലന്ന്, കോപിച്ചു നടത്തിയ യുദ്ധം, ശരന്മേഘങ്ങളും വർഷമേഘങ്ങളും അന്യോന്യമെതിരായ കൊടുംകാററടിയുമൂലം ഉയർക്കോ

ടെ തമ്മിലിടയുന്നതുപോലെ കാണപ്പെട്ടു. ക്രമേണ രാക്ഷസപ്പട യ്ക്കിളക്കം പിടിച്ചു. അതുകണ്ടു് നായകന്മാരായ അകമ്പനനും അതികായനും, മായാപ്രയോഗത്താൽ ഒരു പുതിയ പ്രദൎശനം നടത്തി. ഒരു നിമിഷത്തിനകം യുദ്ധക്കളത്തിൽ കൂരിരുൾ നിറഞ്ഞു. ചോരയും, കല്ലും ധൂളിയും മഴപോലെ ചൊരിഞ്ഞു. ചുററും തിങ്ങിയ അന്ധകാരത്താൽ മിഴികൾ അന്ധങ്ങളായപ്പോൾ കുരങ്ങന്മാർ കുഴങ്ങി. അടുത്തടുത്തു നിന്നവൎക്കും അന്യോന്യം കാണ്മാൻ പാടില്ലാതെ പരുങ്ങി പരിഭ്രമജന്യങ്ങളായ ക്രുക്കിവിളികൾ സൎവ്വത്ര മുഴങ്ങി.

മൎമ്മങ്ങൾ മനസ്സിലാക്കിയ ഭഗവാൻ ആ ദുരവസ്ഥയുടെ രഹസ്യങ്ങളെല്ലാം അംഗദനെയും ഹനൂമാനെയും ധരിപ്പിച്ചു. തൽക്ഷണംതന്നെ ആ വീരന്മാർ രോഷാന്ധരായി മുന്നോട്ടു കുതിച്ചു. കൃപാനിധി മന്ദഹസിച്ചുകൊണ്ടു വില്ലെടുത്തു കുലയേററി പാവകാസ്ത്രപ്രയോഗം ചെയ്തു. ദിഗന്തങ്ങൾ പ്രകാശം വീശി തെളിഞ്ഞു; ജ്ഞാനോദയത്താൽ സന്ദേഹങ്ങളെന്നപോലെ ഇരുൾകെട്ടുകൾ നിശ്ശേഷം മറഞ്ഞു. വെളിച്ചം കിട്ടിയപ്പോൾ ഭല്ലൂകകപിസംഘങ്ങൾ ശ്രമവും ഭയവും നീങ്ങി ഉത്സാഹത്തോടെ മുന്നോട്ടണഞ്ഞു. അംഗദനും ഹനൂമാനും യുദ്ധക്കളത്തിലിറങ്ങി ഗൎജ്ജിച്ചു. രാക്ഷസരെല്ലാം ജീവനും കൊണ്ടു പാഞ്ഞു; കപികൾ കാന്ദിശീകന്മാരെ പ്പോകാനയയ്ക്കാതെ തടുത്തുപിടിച്ചു്, അത്ഭുത അടവുകൾ കാട്ടി നിലത്തടിയ്ക്കുയോ കാലിൽതൂക്കി കടലിലെറിഞ്ഞു്, മത്സ്യങ്ങൾക്കും മുതലകൾക്കും വ്യാളങ്ങൾക്കും ആഹാരമാക്കുകയോ ചെയ്തു. ചിലർ നിശ്ശേഷം മരിച്ചു: ചിലർ മുറിവേററു വീണു; ശേഷിച്ചവർ ജീവനുംകൊണ്ടു കോട്ടയിൽ കടന്നു വാതിലടച്ചു. ശത്രുസൈന്യത്തിന്റെ പരാജയത്താൽ ആഹ്ലാദിതന്മാരായ മൎക്കടഭല്ലൂകഭടന്മാർ ഉദ്ധതന്മാരായി ഉച്ചൈസ്തരം ഗൎജ്ജിച്ചു.

അന്നത്തെ യുദ്ധം അവസാനിച്ചു. രാത്രി അണയുന്നുവെന്നു കണ്ടു്, വാനരപക്ഷത്തിലെ നാലു സൈന്യവിഭാഗങ്ങളും തിരിച്ചു വന്നു രാമസവിധത്തിൽ ചേൎന്നു. ഭഗവൽകൃപാകടാക്ഷങ്ങളിൎന്നിലാവിൽ കുളിച്ചപ്പോൾ അവരെല്ലാവരും ഖേദസാദങ്ങളിൽനിന്നു വിമുക്തന്മാരായി സുഖിച്ചു.

രാവണൻ മന്ത്രിപ്രധാനന്മാരെ വരുത്തി ആലോചന നടത്തി. കപികൾ തന്റെ സൈന്യത്തിൽ പകുതിയും നഷ്ടപ്പെടുത്തിയ സങ്കടങ്ങളും പ്രകാരങ്ങളുമെല്ലാം അറിയിച്ചു് അനന്തരകരണീയമെന്തെന്നു ചിന്തിച്ചു കല്പിക്കാൻ ആജ്ഞാപിച്ചു. ഇതുകേട്ടു രാവണന്റെ മാതാപിതാക്കന്മാരുടെ ഉപദേഷ്ടാവായ മഹാവൃദ്ധൻ മാല്യവാൻ ശാന്തസ്വരത്തിൽ ചില പരിശുദ്ധനീതിവാക്കുകൾ പറഞ്ഞു. വത്സ! രാവണ! സാരമായ എന്റെ ഉപദേശം കേൾക്കു

അതനുസരിച്ചു പ്രവൎത്തിച്ചാൽ ഫലം ശോഭനമായിരിക്കും. സീതാദേവിയെ അപഹരിച്ച് ഇവിടെ കുടിയേററിയതുമുതൽ വാക്കിനു വിഷയമല്ലാത്ത വിധത്തിലുള്ള ദുശ്ശകുനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. രാക്ഷസരാജ! നീ ഒരുവസ്തുത മനസ്സിലാക്കിയാൽ കൊള്ളാം. വേദങ്ങളും പുരാണങ്ങളും യാവനൊരുത്തൻെറ യശസ്സിനെ ഗാനം ചെയ്യുന്നുവോ, അവനോടുള്ള വൈമുഖ്യം സുഖകരമായി ഭവിക്കയില്ല.

യാവനൊരുത്തനാണോ ഹിരണ്യാക്ഷനേയും ഹിരണ്യകശിപുവിനെയും പിളൎന്നത്, ബലശാലികളായ മധുകൈടഭന്മാരെ നിഗ്രഹിച്ചതു, കൃപാസിന്ധുവായ ആ ഭഗവാൻെറ അവതാരമാണ് രാമചന്ദ്രൻ. ഖലബലദഹനനും കാലരൂപനുമാണദ്ദേഹം. ഘനബോധനും ഗുണനികേതവുമാണ്. ബ്രഹ്മശംകരഭജനീയനായ ആ ഭഗവാനെ എതിൎക്കാൻ ആൎക്കു സാധിക്കും? രാജാവേ, വൈരമെല്ലാം ഉപേക്ഷിച്ച് സീതയെ തിരിയെ കൊടുക്കുക; പരമഭക്തിയോടെ ആ ദയാനിധിയെ ഭജിക്കുക".

മാല്യവാൻെറ വാക്കുകൾ ക്രൂരമ്പുകൾ പോലെ രാവണൻെറ കാതുകളിൽ തറച്ചു. അവൻ രോഷത്താൽ തുറിച്ചുനോക്കി. "ദുൎഭഗ! നിന്ദ്യമായ തൻെറ ഉപദേശവുംകൊണ്ടു പോകൂ വെളിയിൽ! വൃദ്ധനാണെന്നു കരുതി ക്ഷമിയ്ക്കുയാണ്. അല്ലെങ്കിൽ ഇക്ഷണത്തിൽ കഥകഴിച്ചേനെ; പൊയ്ക്കൊള്ളൂ! ഇനി ഒരിക്കലും എൻെറ കൺവെട്ടത്തു വരരുത്" എന്നു ഭത്സിച്ചുപറഞ്ഞു. 'ഇവൻ കൃപാനിധിയുടെ കയ്യാൽ മരിക്കാൻ ആഗ്രഹിക്കുന്നു' എന്നനുമാനിച്ചുകൊണ്ട് മാല്യവാൻ ചില നീരസവാക്കുകളും ഉച്ചരിച്ച്, അവിടെ നിന്നും എഴുന്നേററുപോയി. ഉടനേ മേഘനാദൻ ക്രുദ്ധനായി പറഞ്ഞു. അച്ഛ! നാളെ നടക്കാൻപോകുന്ന കൌതുകങ്ങൾ നോക്കിക്കൊൾക! വാക്കിൽ ഞാൻ ചുരുക്കുന്നു. പ്രവൃത്തിയിൽ ഒട്ടും പിന്നോക്കമല്ലെന്നു തെളിയിച്ചുതരാം" മകൻെറ വീരവചനങ്ങൾ കേട്ട് സന്തുഷ്ടനായ രാവണൻ അവനെ പ്രീതിപൂർവം പിടിച്ചണച്ചു മടിയിലിരുത്തി. രഹസ്യങ്ങളായ പലകാൎയ്യങ്ങളും അന്യോന്യം പറഞ്ഞു പറഞ്ഞിരിക്കേ നേരം പ്രഭാതമായി. കപികൾ പുറപ്പെട്ടുവന്ന് ഗോപുരവാതിലുകൾ നാലും രോധിച്ചു കോട്ടവളഞ്ഞു. പട്ടണത്തിലെല്ലാം രാക്ഷസന്മാരുടെ ആയുധധാരണങ്ങളും യുദ്ധപ്രസ്ഥാനങ്ങളും കോട്ടമേൽ നിന്നു താഴോട്ടുള്ള പൎവ്വതശിഖരപ്രഹരങ്ങളും കലാകോലാഹലമായി. അനവധി രാക്ഷസന്മാർ ദുൎഗ്ഗാഗ്രത്തിൽ സ്ഥലംപിടിച്ചു നിന്ന് പൎവ്വതശിഖരങ്ങൾ വൎഷിച്ചുകൊണ്ടിരുന്നു. പലവിധത്തിലുള്ള ഏറായുധങ്ങൾ അന്തരിക്ഷത്തിൽ പറന്നു. ആയുധവീഴ്ച വജ്രപാതം പോലെയും, അവയെ പ്രയോഗിക്കുമ്പോഴുള്ള

ശബ്ദങ്ങൾ, പ്രളയഘനഗർജ്ജനംപോലെയും ഇരുന്നു. മർക്കടന്മാർ സന്നദ്ധരായി രാക്ഷസന്മാരോടു കൈക്കുമെയ്യൂടുത്തുതടുത്തു. ശരീരങ്ങൾ കഷണംകഷണം നുറുങ്ങിയെങ്കിലും ക്ഷീണിക്കാതെ ശത്രുക്കൾ നിൽക്കുന്ന ദുർഗ്ഗഭാഗങ്ങളിലേക്ക് ശൈലങ്ങൾ പുഴക്കിയെടുത്തെറിഞ്ഞു.

വാനരന്മാർ രണ്ടാമതും കോട്ട ആക്രമിച്ചുവെന്ന വർത്തമാനം കേട്ട്, ക്രുദ്ധനായ മേഘനാദൻ ശത്രുക്കളെ നേരിൽ എതിർക്കുന്നതിനായി സധൈര്യം വാദ്യമേളത്തോടെ പുറപ്പെട്ടുവന്നു. എന്നിട്ട് ഉദ്ധതസ്വരത്തിൽ പറകയാണ്. ലോകവിഖ്യാതവില്ലാളികളായ ആ കോസലരാജകുമാരസഹോദരന്മാർ എവിടെ? നളനും നീലനും എങ്ങോട്ടുമറഞ്ഞു! ദ്വിവിദനും സുഗ്രീവനും പൊയ്യൊളിഞ്ഞുവോ? സർവ്വാധികബലശാലികളായ അംഗദനെയും ഹനൂമാനെയും കാണുന്നില്ലല്ലോ. ആ ഭ്രാതൃദ്രോഹി എവിടെ? വിഭീഷണൻ? കണ്ടുകിട്ടിയെങ്കിൽ ആ ദുഷ്ടനെ ഇപ്പോൾ ഈ നിമിഷത്തിൽ—ഞാൻനിഗ്രഹിക്കുമായിരുന്നു.” ഈദൃശവീരഭാഷണങ്ങളോടുകൂടി സകോപനായ ആ ശൂരൻ ഉഗ്രബാണങ്ങൾ തൊടുത്ത് കാതോളം വലിച്ചുപ്രയോഗിച്ചു. അവ ചിറകുള്ള അസംഖ്യം സർപ്പങ്ങളെന്നപോലെ ചീറിപ്പാഞ്ഞ് യുദ്ധക്കളത്തിൽ നടന്നു. ബാണാഹതന്മാരായ വാനരന്മാർ വീഴുന്നതേ എവിടെയും കാണ്മാനുള്ളൂ. ഇന്ദ്രജിത്തിനെ എതിർക്കാൻ ഒരുത്തൻ പോലും ധൈര്യപ്പെട്ടില്ല. കപികളും ഭല്ലൂകസംഘവും ഭയവ്യാകുലന്മാരായി പലായനം ചെയ്തു. യുദ്ധത്തിലുള്ള ആശപോലും അവർ വിസ്മരിച്ചുപോയി. മരിച്ചുവീണുകിടക്കുന്നതൊഴികെ, ഒരൊററ വാനരത്തെയോ, അച്ഛഭല്ലത്തെയൊ യുദ്ധക്കളത്തിൽ കണ്ടില്ല. മേഘനാദൻ ഓരോകുറി പത്തുപത്തു ബാണങ്ങൾ പ്രയോഗിച്ചു വീരശൂരന്മാരെയെല്ലാം മണ്ണുകപ്പിച്ചു. അനന്തരം അത്യുദ്ധതനായിസിംഹനാദം ചെയ്തു ഗർജ്ജിച്ചു. സ്വപക്ഷക്കാർക്ക് സംഭവിച്ച പരാഭവംകണ്ട്, കോപവേപിതനായമാരുതികാലനെപ്പോലെ പാഞ്ഞുവന്ന് ഒരുപെരുമല ഇളക്കിപ്പൊക്കി മേഘനാദനെ എറിഞ്ഞു. മലയുടെ വരവുകണ്ട്, രാവണപുത്രൻ ആകാശത്തിൽ ഉയന്നൊഴിഞ്ഞുകളഞ്ഞു. തേരും കുതിരകളുമെല്ലാം തവിടുപൊടിയായി. നേരിൽ യുദ്ധത്തിനെതിർക്കാൻ ഹനൂമാൻ വീണ്ടും വീണ്ടും ശ്രമിച്ചുവെങ്കിലും രാവണപുത്രൻ അടുക്കാൻ ഇടകൊടുക്കാതെ ഒഴിഞ്ഞൊഴിഞ്ഞുനിന്നു. ഉടനേ മർമ്മംമനസ്സിലാക്കി, വേഗത്തിൽ ഭഗവാൻെറസമീപത്തിൽചെന്ന് അധിക്ഷേപവാഗ്ബാണങ്ങൾ വർഷിച്ചശേഷം, ഉഗ്രമായ അസ്ത്രശസ്ത്രപ്രയോഗം ആരംഭിച്ചു. പ്രഭു കൌതുകത്തോടുകൂടി നിഷ്പ്രയാസം അവററെ ശകലിച്ചു ദൂരീകരിച്ചു. ആ ദിവ്യപ്രഭാവം മേഘനാദനെ വല്ലാതെ ഭയപ്പെടുത്തി. ഗത്യന്തരം കാണായ്കയാൽ വിഷണ്ണ

നായി ആ യുദ്ധവീരൻ സർപ്പക്കുട്ടി ഗരുഡനെ പേടിപ്പിക്കാൻ നാവു തുറുത്തുന്നതുപോലെ വിശ്വരൂപനായ ഭഗവാനോടു പലവിധത്തിലുള്ള മായകൾ പ്രയോഗിക്കാൻ തുടങ്ങി.

യാവനൊരുത്തന്റെ പ്രബലമായയിൽ ശിവനും ബ്രഹ്മാവും എല്ലാ സ്ഥൂലസൂക്ഷ്മപ്രപഞ്ചങ്ങളും മോഹവിവശരായി ഭവിക്കുന്നുവോ, ആ മഹാത്മാവിനോടാണ് മന്ദമതിയായ ഇവൻ തന്റെ ലഘുമായകളാരംഭിച്ചതു്.

ക്ഷണേന അവൻ ആകാശത്തിൽ ഉയൎന്നുനിന്നു്, തീക്കൊള്ളികൾ വർഷിക്കയും ഭൂതലത്തിൽ ജലപ്രളയം പ്രകടിപ്പിക്കുകയും ചെയ്തു. പിശാചപിശാചികൾ നാനാരൂപത്തിൽ ആവിർഭവിച്ചു് "ഇവനെ കഷണം കഷണം കീറുവിൻ! കൊല്ലുവിൻ!" എന്നുദ്ഘോഷിച്ചുകൊണ്ടു ചുററിക്കളിച്ചു. ചോരയും ചലവും മലവും തലമുടിയും എല്ലുകളും ഒരിടത്തു്. മററിടത്തു് കല്ലുകളും ചാമ്പലും, ഇങ്ങനെ വർഷങ്ങളും തുടങ്ങി. ധൂളിവർഷം ദിക്കുകളെ മൂടിയടച്ചു്, മുഖത്തിനെതിരേ പിടിക്കുന്ന സ്വന്തം കൈപോലും കാണാൻ പാടില്ലാത്ത വിധത്തിൽ ഇരുളടച്ചു. വാനരന്മാർ വശംകെട്ടു വിഷമിച്ചുപോയി. ഇത്തരത്തിലായാൽ എല്ലാവരും നശിക്കയല്ലാതെ രക്ഷാമാർഗ്ഗമില്ലെന്നും നിശ്ചയിച്ചു. ഭഗവാൻ ക്ഷുദ്രമായ ഈ പ്രദർശനം നോക്കി മന്ദഹസിച്ചു. കപിസംഘങ്ങൾ ഭീതന്മാരായി ഭവിച്ചിരിക്കുന്നുവെന്നു മനസ്സിലാക്കിയ ദയാനിധി ക്ഷണത്തിൽ മായാഹരമായ ഒരു ബാണം പ്രയോഗിച്ചു. ആദിത്യോദയത്തിൽ അന്ധകാരപടലിപോലെ രാക്ഷസമായകൾ മറഞ്ഞൊഴിഞ്ഞുപോയി. ഉത്തരക്ഷണത്തിൽ കരുണാമൃതനിഷ്യന്ദിയായ ഒരു കടാക്ഷത്താൽ ഭഗവാൻ വാനരന്മാരെ അനുഗ്രഹിച്ചു. അപ്പോൾ അവൎക്കുണ്ടായ ആശ്വാസവും ഉത്സാഹവും എന്തു പറയട്ടെ! യുദ്ധക്കളത്തിലേക്കുള്ള അവരുടെ പ്രസരിപ്പു് കടിഞ്ഞാണിട്ടു പിടിച്ചാലും നിൽക്കാത്ത വിധത്തിലായി.

ലക്ഷ്മണൻ അഗ്രജന്റെ അനുജ്ഞ വാങ്ങി വില്ലും അമ്പും ധരിച്ചു് അംഗദൻ മുതലായ ചില അനുയായികളോടുകൂടി ക്രുദ്ധനായി യുദ്ധക്കളത്തിലേക്കു പുറപ്പെട്ടു. താമരയിതൾപോലെയുള്ള കണ്ണുകളും വിസ്തൃതമായ നെഞ്ചും ദ ർഘബാഹുക്കളും, ഹിമാലയസദൃശമായ ശ്വേതാരുണവർണ്ണവും കലൎന്ന കുമാരന്റെ സൌഭാഗ്യം നയനാനന്ദകരമായി വിളങ്ങി. രാവണൻ ഈ സംരംഭം കണ്ടു് നിയോഗിച്ചയച്ച വീരയോധന്മാർ, അസ്ത്രശസ്ത്രപാണികളായി പുറപ്പെട്ടുവന്നു. വാനരന്മാർ മലകളും മരങ്ങളുമായുധമാക്കി 'ജയരാമ'ധ്വനികളും മുഴക്കി മുന്നിട്ടുവന്നെതിരിട്ടു. ഇരുകക്ഷിയും ശരിക്കുശരിയായി വളരെ നേരം പൊരുതു. ജയിക്കണം ജയിക്കണമെന്നുള്ള ഇച്ഛ ഓരോരു

ത്തക്കും ഉണ്ടായി. ശിലകളും ഗിരികളും വാരി വർഷിച്ചശേഷം വാനരന്മാർ കൈക്കമെയ്യൂട്ടത്തു്, മുഷ്ടികൾ ചുരുട്ടിക്കുത്തിയും ചവിട്ടിയും കടിച്ചും പൊടിച്ചും സംഹരിക്കാൻ തുടങ്ങി.—“പിടി! പിടി! കൊല്ല്! കൊല്ല്! കഴുത്തുകൊയ്യു്! കൈവെട്ടു്” എന്നു വിളികൾ നവഖണ്ഡങ്ങളിലും മുഴങ്ങി. പ്രചണ്ഡങ്ങളായ കബന്ധങ്ങൾ അവിടെയവിടെ ഓടിനടന്നു. യുദ്ധക്കാഴ്ച കാണാൻ ആകാശത്തിൽ നിന്നിരുന്ന ദേവന്മാർ ഇടയ്ക്കിടെ ഖേദിയ്ക്കയും ഇടയ്ക്കിടെ മോദിയ്ക്കയും ചെയ്തു.

അല്പമെങ്കിലും താഴ്ന്ന പ്രദേശങ്ങളെല്ലാം രക്തക്കുളങ്ങളായി. പ്രേതധൂമം ചിതയെയെന്നപോലെ ധൂളിപടലം ഭൂഭാഗത്തെ മൂടി. മുറിവേററ യുദ്ധവീരന്മാർ പുഷ്പിച്ച കിംശുകവൃക്ഷംപോലെ വിളങ്ങി. ലക്ഷ്മണനും മേഘനാദനും ക്രോധവിവശന്മാരായി അന്യോന്യം യുദ്ധം തുടങ്ങി. എതിരാളിയെ കീഴടക്കാൻ സാദ്ധ്യമാകയില്ലെന്നു രണ്ടുപേക്കും തോന്നി. രാക്ഷസൻ വ്യാജതന്ത്രങ്ങൾ ബലാൽകാരേണ പ്രയോഗിച്ചു് അധർമ്മയുദ്ധം ആരംഭിച്ചതുകണ്ട ശേഷാംശഭൂതൻ രോഷാന്ധനായി അവൻെറ തേരും തേർക്കുതിരകളേയും ശകലിച്ചു വീഴ്ത്തി. അവനെ നാനാപ്രകാരത്തിൽ പ്രഹരിച്ചു ജീവച്ഛവംപോലെ ക്ഷീണിപ്പിക്കയും ചെയ്തു. ഇനി ഇവൻ എന്നെ നിഗ്രഹിച്ചേക്കും എന്നു് ഇന്ദ്രജിത്തിനു തോന്നി. ആത്മരക്ഷയെ ഉദ്ദേശിച്ചു ക്ഷണത്തിൽ വീരഘ്നമായ തൻെറ വേലെടുത്തു ലക്ഷ്മണൻെറ നെഞ്ചു നോക്കിയെറിഞ്ഞു. ഉഗ്രമായ ആയുധാഘാതത്താൽ കുമാരൻ മൂർഛിച്ചു വീണുപോയി. ഇനി ഭയപ്പെടേണ്ടല്ലോ എന്നു കരുതി ദുഷ്ടരാക്ഷസൻ കുമാരൻെറ ഇളംപൂമെയ് പൊക്കിയെടുക്കാനായി അടുത്തു. അവനെന്നല്ല, അവനെപ്പോലെയുള്ള നൂറുകോടി യോദ്ധാക്കന്മാർ ശ്രമിച്ചിട്ടും ബാലമാത്രംപോലും തറയിൽനിന്നുയർത്താൻ സാധിച്ചില്ല. അത്ഭുതമല്ല, ജഗദാധാരഭൂതനായ അനന്തനെയുണ്ടോ ഒരു ജീവി പൊക്കാൻ ശക്തനാകും? ഒടുവിൽ എല്ലാവരും ‘മഞ്ഞളിച്ചു’ തിരിച്ചു പോരികതന്നെ ചെയ്തു.

ഭവാനി! കേൾക്കു! കോപാനലനിൽ പതിനാലുലോകവും ആഹുതിക്കാൻ ശക്തിയുള്ള ആ മഹാത്മാവിനെ, ദേവമനുഷ്യാദി സകല ചരാചരങ്ങളും ആരാധിക്കുന്ന ആ ജഗദീശനെ, യുദ്ധത്തിൽ ജയിക്കാൻ ആൎക്കു സാധിക്കും? രാമകൃപ ആരിലുണ്ടോ അവനു മാത്രമേ ഈ തത്വബോധം ഉദിക്കയുള്ളൂ. ആദിത്യാസ്തമയമായിയെന്നു കണ്ടു് ഇരുകക്ഷികളും യുദ്ധം മതിയാക്കി അവരവരുടെ സൈന്യങ്ങളെ താവളങ്ങളിലേക്കു നയിച്ചു. വ്യാപകബ്രഹ്മരൂപനായ രാമചന്ദ്രൻ, അജിതനും ഭുവനേശ്വരനുമായ ആ കരുണാകരൻ, അനുജനെ കാണായ്കകൊണ്ടു ശങ്കിതനായി ലക്ഷ്മണനെവിടെ എന്നു ചോദിച്ചു.

ഹനൂമാൻ കുമാരനെ എടുത്തു് തൃപ്പാദപത്മങ്ങളിൽ സമർപ്പിച്ചു തൊഴുതുനിന്നു. എന്തൊരവസ്ഥാന്തരമാണു്; കുമാരൻ മരിച്ചുപോയതുപോലെ കാണപ്പെട്ടു. ഭഗവാനുണ്ടായ ആധി അവർണ്ണനീയമെന്നേ പറയാവൂ. ഉടനേ ജാംബവാൻ പറഞ്ഞു. വൈദ്യനായ സുഷേണൻ ലങ്കയിൽ താമസിക്കയല്ലേ? അവനെ ഉടനേ വരുത്താൻ ആളെ അയയ്ക്കണം." കേട്ടമാത്രയിൽ ഹനൂമാൻ ലഘുരൂപംധരിച്ചു ലങ്കയിൽ കടന്നു്, സുഷേണനെ വാസഭവനത്തോടുകൂടി കുത്തിയെടുത്തു തിരുമുമ്പിൽ ഹാജരാക്കി.

സുഷേണൻ രാമപാദങ്ങളിൽ വണങ്ങിയശേഷം, ഹനൂമാനോടു് ഒരു മലയുടെ പേരുപറഞ്ഞു് അതിലുള്ള ചില ഔഷധങ്ങൾ പറിച്ചുകൊണ്ടുവരുവാൻ ആജ്ഞാപിച്ചു. തൃപ്പാദപത്മങ്ങളെ ഹൃദയത്തിൽ ദൃഢമായി ധ്യാനിച്ചു് ആത്മബലങ്ങളെ ഭാഷിച്ചുകൊണ്ടു വായുപുത്രൻ ഉടനേ പുറപ്പെടുകയായി. ഇക്കഥ ഒരു ദൂതൻമുഖേന രാവണനു മനസ്സിലായി. അവൻ ഉടനേ പുറപ്പെട്ടു കാലനേമിയുടെ ഭവനത്തിൽ ചെന്നു. രാമദൂതന്റെ യാത്ര മുടക്കുന്നതിനാണു് താൻ വന്നിരിക്കുന്നതെന്നു പറഞ്ഞപ്പോൾ കാലനേമി, തലയറഞ്ഞുകരഞ്ഞു. പ്രഭോ! അങ്ങേ കൺവെട്ടത്തുവച്ചു ലങ്ക ചുട്ടുപൊട്ടിച്ച ആ മഹാവീരന്റെ മാർഗ്ഗം എങ്ങനെ മുടക്കാനാണു്? ഇനിയെങ്കിലും ആത്മഹിതം നോക്കി രാമചന്ദ്രനെ ഭജിക്കുകയും ഈവിധ ദുർവ്വിധങ്ങളിൽനിന്നു വിരമിക്കയും ചെയ്താൽ കൊള്ളാം. നീലത്താമരപോലെ ശ്യാമനും നയനാഭിരാമനുമായ രാമനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചു് അഹംകാരമദമമതകളെ ഉപേക്ഷിച്ചാലും! സ്വാമിൻ! മഹാമോഹനിദ്രയിൽനിന്നു വിരമിച്ചാലും! കാലവ്യാളഭക്ഷകനായ ആ വിശ്വരൂപനെ സ്വപ്നത്തിൽപോലും ജയിക്കാൻ സാധിക്കുമോ? എന്തൊരു വ്യാമോഹം!

രാവണൻ ഈ സദുപദേശം സഹിക്കാതെ കോപിക്കുന്നതുകണ്ടു കാലനേമി അനുസരണഭാവം കാട്ടിനിന്നു. ആ ദുഷ്ടന്റെ കയ്യാൽ മരിക്കുന്നതിൽഭേദം രാമദൂതൻ നിഗ്രഹിക്കുന്നതാണെന്നു് അവൻ നിശ്ചയിച്ചു. ഈ വിചാരത്തോടുകൂടി അപ്പോഴെ പുറപ്പെട്ടുപോയി. അരനിമിഷത്തിനകം ഹനൂമാന്റെ സഞ്ചാരമാർഗ്ഗത്തിലെത്തി. അവിടെ ഒരു സരസ്സും ആശ്രമവും പൂങ്കാവുമെല്ലാം മായാപ്രയോഗത്താൽ നിർമ്മിച്ചു മുനിവേഷംധരിച്ചിരിപ്പുമായി. ഈ മുന്യാശ്രമപ്രദേശത്തെ ഹനൂമാൻ ആശാഭരിതനായി നോക്കി. "ആ കാണുന്നതു് ഒരു പുണ്യാശ്രമമല്ലേ? മഹർഷിയെ കണ്ടുതൊഴുതു ജലപാനവും ചെയ്തു വിശ്രമിച്ചു യാത്ര തുടരാം" എന്നിങ്ങനെ വിചാരിച്ചു പതുക്കെ താഴത്തിറങ്ങി ആശ്രമത്തിൽ കടന്നുചെന്നു. രാക്ഷസമുനി മായാപതിയുടെ ദൂതനെത്തന്നെ മായാശക്തിയാൽ

മോഹിപ്പിക്കാമെന്നുള്ള വ്യാമോഹത്തിൽ മുഴുകി ഇരിക്കയായിരുന്നു. ഭക്തിപൂർവ്വം പാദനമസ്കാരം ചെയ്ത വായുപുത്രനെ നോക്കി, രാമയശസ്സുകൾ പാടിക്കൊണ്ട് ആ ദുഷ്ടൻ പറഞ്ഞു—"വത്സ! ഞാൻ ഇവിടെത്തന്നെ വസിക്കയാണെങ്കിലും ജ്ഞാനദൃഷ്ടിയാൽ സകല വസ്തുതകളും അറിയാം. ലങ്കയിൽഇപ്പോൾ രാമരാവണയുദ്ധം ഘോരമായി നടക്കുന്നു. വിജയം രാമചന്ദ്രനുതന്നെയെന്നു നിസ്സംശയമാണ്".

ഈ ധന്യവാദത്തെ വിശ്വസിച്ച ഹനുമാൻ ദാഹം ശമിപ്പിക്കാൻ കുറച്ചു ജലം നൽകണമെന്ന് ആവശ്യപ്പെട്ടു. കപടരാക്ഷസൻ സന്തോഷത്തോടെ തൻെറ കമണ്ഡലുവെടുത്ത് അതിലെ ജലം ആവശ്യംപോലെകുടിച്ചുകൊള്ളാൻഅനുവദിച്ചു. ആ അല്പജലം തെല്ലും മതിയാകയില്ലെന്ന് ആഞ്ജനേയൻ അറിയിച്ചതുകേട്ട കാലനേമി പറഞ്ഞു—"എങ്കിൽ പൊയ്കയിലേക്കു പോയി ഇഷ്ടംപോലെ ജലപാനവും സ്നാനവും കഴിച്ചുവരിക. ഞാൻ ഒരു മന്ത്രം ഉപദേശിച്ചുതരാം. അതു ഗ്രഹിച്ചാൽ ജ്ഞാനോദയം ഉണ്ടാകുന്നതാണ്"

ഹനുമാൻ പൊയ്കയിൽ ചെന്നിറങ്ങി. ഉടനേ ഒരു മഹാമത്സ്യം വന്നു കാലിൽ പിടികൂടിയതു കണ്ടു ഭ്രമാകുലനായി അതിനെ നിഗ്രഹിച്ചു. ഉത്തരക്ഷണത്തിൽ ഒരപ്സരഃസുന്ദരി വിമാനസ്ഥയായി ആകാശത്തിലേക്കുയൎന്നു. അവൾ ഹനുമാനെ നോക്കി കപീശ്വര! നിൻെറ ദൎശനത്താൽ പാപശാന്തി വന്നു മുനിശാപത്തിൽനിന്നു ഞാൻ മുക്തയായി.

നീ ഇനിയൊരുവസ്തുത ധരിക്കേണ്ടതുണ്ട്. ആശ്രമത്തിലിരിക്കുന്നവൻ ഘോരനിശാചരനാണ്. മുനിയാണെന്നു ഭ്രമിക്കരുത്. എൻെറ വാക്കിൽ അസത്യശങ്ക വേണ്ടാ" എന്നുപറഞ്ഞു മറഞ്ഞുപോയി.

ഹനുമാൻ കാലനേമിയുടെ അടുക്കലേക്കു തിരിച്ചുവന്നു. 'മഹർഷെ ആദ്യമായി എൻെറ ദക്ഷിണ സ്വീകരിക്കുമോ? അതിനുശേഷം മതിയാകും മന്ത്രോപദേശം' എന്നു പറഞ്ഞതും വാൽവളച്ച് അവൻെറ തലയിൽ ചുററിമുറുക്കിത്തറയിലടിച്ചതും ഏകപദേ കഴിഞ്ഞു. അപ്പോൾ കാലനേമിയുടെ നിജരൂപം പ്രകടിച്ചുപോയി. അവൻ രാമമന്ത്രങ്ങൾ ഉച്ചരിച്ചുകൊണ്ട് കാലസദനത്തിലേക്കു യാത്രയുമായി. ഹർഷിതനായ ഹനുമാൻ തൻെറ മാർഗ്ഗത്തെ തുടൎന്നു; സുഷേണനാൽ നിർദ്ദേശിക്കപ്പെട്ട ഔഷധിമല കണ്ടുപിടിച്ചു എങ്കിലും ഔഷധികളെ തിരിച്ചറിയുന്നതിനു സാധിച്ചില്ല. സമയം അതിക്രമിച്ചേക്കും എന്നുള്ള വ്യസനത്താൽ പെട്ടെന്നു ആ മലതന്നെ പുഴക്കിഎടുത്തു കയ്യിലാക്കി മടങ്ങി പോരുകയായി. അയോദ്ധ്യയുടെ മേൽഭാഗത്തു എത്തിയസമയം, നിദ്രാഹീനനായി വസിച്ചിരുന്ന ഭരതനു അതൊരു അത്ഭുതക്കാഴ്ചയായി തോന്നി. മലയും

കൊണ്ടു ആകാശത്തിൽക്കൂടി പോകുന്നവൻ ഒരു ഉഗ്രരാക്ഷസനായിരിക്കുമെന്നുകരുതി കൂരില്ലാത്ത ഒരമ്പു് വളരെ ശക്തിയോടുകൂടി പ്രയോഗിച്ചു. രഘുപതെ, രാമ,രാമ! എന്നു ഒരു ഉച്ചശബ്ദം ആകാശത്തിൽ മുഴങ്ങി. സാധു! രാമദൂതൻ, മൂർച്ഛിതനായി താഴെ വീഴുകയുംചെയ്തു. പ്രിയതരമായ ആ ശബ്ദം ഭരതനു ഉൽക്കണ്ഠയേയും ഉൽശങ്കയേയും ഉളവാക്കി. കുമാരൻ അത്യാതുരനായി ഓടി സമീപത്തുചെന്നു നോക്കി. പാവം! ഒരു കുരങ്ങനാണു് അവശതപൂണ്ടു മുറിപ്പെട്ടുകിടക്കുന്നതെന്നു മനസ്സിലായപ്പോൾ, വേഗം എടുത്തു മാറത്തണച്ചുവച്ചു; ബോധമുണ്ടാക്കാൻ കഴിയുന്ന ശ്രമങ്ങളെല്ലാം ചെയ്തു. ഫലം ഒന്നുംഉണ്ടായില്ല. ഭരതൻെറ മുഖം വാടി. എന്താ ചെയ്ക! ഒടുവിൽ വ്യസനാക്രാന്തനായി കണ്ണുനീർ തൂകിത്തൂകി ഇപ്രകാരം പ്രാൎത്ഥിച്ചു. ഹാ കഷ്ടം! എന്നെ രാമചന്ദ്രൻെറ വിരോധിയാക്കാൻ ഹേതുഭൂതമായ ആ ദുർവിധിതന്നെ ഇപ്പോൾ ഈ ദാരുണദുഃഖവും വരുത്തിവച്ചു. എന്നാൽ രാമപാദകമലത്തിൽ അകളങ്കമായ ഭക്തിവിശ്വാസം വാക്കിലും മനസ്സിലും പ്രവൃത്തിയിലും എനിയ്ക്കുണ്ടെങ്കിൽ, ആ തിരുമേനിക്കു് അണുമാത്രമെങ്കിലും എന്നിൽ ആനുകൂല്യം ഉണ്ടെങ്കിൽ, ഹെ, വാനരാ നിൻെറ വേദനയും ക്ലേശവുമെല്ലാം നിശ്ശേഷം ശമിക്കട്ടെ."

ഈ വാക്കുകൾ ഉച്ചരിച്ചുകഴിഞ്ഞ ക്ഷണത്തിൽ "കോസലപതെ ജയജയ" എന്നു സ്തോത്രംപാടി രാമദൂതൻ എഴുന്നേററിരുന്നു. ഭരതൻ ഹൃദയത്തിൽ അടങ്ങാത്ത പരമാനന്ദത്തിൽമുഴുകി, ആനന്ദബാഷ്പധാരകൾ ഒഴുകി, പുളകപല്ലവിതനായി. അനന്തരം, ഭഗവാനെ ധ്യാനിച്ചുകൊണ്ടു ആ ഭക്തോത്തമനെ മാറിൽചേൎത്തു ആശ്ലേഷിച്ചു. "സ്നേഹിതാ! സുഖനിധാനമായ തിരുമേനിയ്ക്കും അനുജനം ലോകമാതാവായ ദേവിയ്ക്കും കുശലമല്ലേ? എന്നു ചോദിച്ചു. ഹനൂമാൻ ആദിമുതൽ സകലവൃത്താന്തങ്ങളും സംക്ഷിപ്തമായി പറഞ്ഞു; സീതാപഹരണം സേതുബന്ധനം രാവണയുദ്ധം മുതലായ ഗൌരവമുള്ള സംഭവങ്ങൾ കേട്ടപ്പോൾ ഭരതൻെറ ഹൃദയം ദുഃഖതരളിതമായി. "കഷ്ടം! എൻെറ ദൈവഗതി നോക്കുക! പ്രഭുവിനു ആപത്തിൽ ഒരു സഹായവും ചെയ്വാൻ സംഗതിയാകാത്ത ഈ ജന്മംകൊണ്ടു് എന്തൊരുപ്രയോജനമാണു്." ഇങ്ങനെവിലപിച്ചു എങ്കിലും അതു് ദുഃഖപ്രകടനത്തിനുള്ള അവസരമല്ലെന്നുള്ള ബോധത്താൽ, ധീരനായ കുമാരൻ വ്യാകുലത അടക്കിക്കൊണ്ടു് ഹനൂമാനെ നോക്കി "മഹാത്മാവേ, താങ്കളുടെ ഈ താമസം ആപൽക്കരമായേക്കുമൊ എന്നു ഞാൻ സംശയിക്കുന്നു. നേരം പ്രഭാതമായാൽ പ്രയത്നമെല്ലാം പാഴിലാകാൻ മതി. ഒരു സൌകൎയ്യം ഞാൻ ചെയ്യാം. ആ മലയോടുകൂടി ഇതാ എൻെറ അമ്പിൻെറ മുനു

യിൽ കയറിയിരിക്കുക അരക്ഷണത്തിനകം കൃപാനിധിയുടെ സമീപത്തിലെത്തും" എന്നുപറഞ്ഞു. ഈ വാക്കുകൾ ഹനൂമാന്റെ ഹൃദയത്തെ അഭിമാനവികസിതമാക്കി. എന്റെ ഈ ഭാരവുംകൊണ്ട് ഇദ്ദേഹത്തിന്റെ അമ്പു പായുമോ? എന്നൊരു തോന്നൽ ഉണ്ടായിരുന്നെങ്കിലും രാമമാഹാത്മ്യത്തെ വിചാരിച്ചു വിനീതനായി, അഞ്ജലികൂപ്പി പ്രഭോ! അങ്ങേ പ്രതാപം എന്റെ ഹൃദയത്തിൽ പ്രതിഷ്ഠിതമായാൽ മാത്രംമതി; ബാണവേഗത്തിൽ യാത്രചെയ്യുവാൻ എനിയ്ക്കു സാധിക്കും." എന്നുണർത്തി യാത്രവഴങ്ങി തിരിച്ചു. അന്തരിക്ഷത്തിൽക്കൂടി പാഞ്ഞുപോരുന്നതിന്നിടയ്ക്കു, ഭരതന്റെ ബാഹുബലത്തേയും ശീലഗുണത്തേയും പ്രഭുപാദപത്മങ്ങളിലുള്ള അപാരഭക്തിയേയും മനസാ അഭിനന്ദിക്കാതെ കഴിഞ്ഞില്ല.

ഈ അവസരത്തിൽ ഭഗവാൻ ലക്ഷ്മണന്റെ കിടപ്പുകണ്ട്, സാധാരണ മനുഷ്യരെപ്പോലെ വിലപിക്കയായിരുന്നു. രാത്രി പകുതി കഴിഞ്ഞു. എന്നിട്ടും ഹനൂമാനെ കാണാതെയായപ്പോൾ അനുജനെ എടുത്തു മാറത്തണച്ചുകൊണ്ട് "വത്സാ! എന്റെ ലഘുവായ ദുഃഖംപോലും കണ്ടാൽ നീ സഹിച്ചിട്ടില്ല. അത്ര മൃദുലമാണ് നിന്റെ സ്വഭാവം. എനിക്കുവേണ്ടി അച്ഛനമ്മമാരേയും വീടും ഉപേക്ഷിച്ചു കാട്ടിലെ മഞ്ഞും മഴയും വെയിലും എല്ലാം നീ സഹിച്ചു; പ്രിയസഹോദരാ! ഇപ്പോൾ ആ സ്നേഹം എവിടേ? ഞാൻ വ്യസനിക്കുന്നതുകണ്ടിട്ട് നിനക്ക് അനക്കമേ ഇല്ലല്ലോ- ഹാ കഷ്ടം! വനവാസം സഹോദരനാശത്തിനു ഹേതുഭൂതമാകുമെന്നുള്ള മുന്നറിവു കിട്ടിയെങ്കിൽ അച്ഛന്റെ കല്പന ഒരിക്കലും ഞാൻ അനുസരിക്കയില്ലായിരുന്നു. പുത്രൻ, ഭാര്യ, ധനം, ഭവനം, പരിവാരം ഇവ മാറി മാറി എവിടേയും ഉണ്ടാകും. എന്നാൽ ഒരു യഥാർത്ഥസഹോദരനെ കിട്ടുകയില്ല. ആ വാസ്തവം ഓർത്തിട്ടെങ്കിലും വത്സാ! നീ കണ്ണുതുറക്കൂ! നിന്നോടുകൂടാതെ ഞാൻ ജീവിച്ചാൽ ചിറകററ പക്ഷിയുടേയും ഫണാമണിപോയ സർപ്പത്തിന്റേയും, തുമ്പിക്കയ്യററ ആനയുടേയും കഷ്ടാൽകഷ്ടതരമായ അവസ്ഥ ഞാൻ അനുഭവിക്കേണ്ടിവരും. ദൈവം എന്റെ ജീവനെ അപഹരിക്കാൻ മടിക്കയാണെങ്കിൽ, ഒരു സ്ത്രീയെച്ചൊല്ലി പ്രിയസഹോദരനേ ബലികഴിച്ച ഈ പാപി അയോദ്ധ്യാവാസികളുടെ മുഖത്തു എങ്ങിനെനോക്കും? ഇതേക്കാൾ ജനങ്ങളുടെ അപവാദം സഹിക്ക ആയിരുന്നു നന്ന്- ആകെ നോക്കിയാൽ ഒരു സ്ത്രീയുടെ നഷ്ടം അത്ര കാര്യമായി ഗണിക്കത്തക്കതല്ല. ഹാ, ഹാ! സഹോദര! നിന്റെ ഈ ദയനിയാവസ്ഥകണ്ട് സഹിക്കത്തക്കവണ്ണം അത്ര കഠിനവും നിഷ്ഠുരവും ആണല്ലൊ എന്റെ ഹൃദയം. നിന്റെ അമ്മയ്ക്കു നീ ഏകപുത്രൻ, ആ സാധ്വിയുടെ പ്രാണങ്ങൾക്ക് ഏകാശ്രയവുമാണ്. എന്നിട്ടുംഎനിക്കു സർവ്വസുഖദനാ

ണൊന്നു് അറികകൊണ്ടു് ആ അമ്മ നിന്നെ കയ്യുംപിടിച്ചു എന്നെ ഏല്പ്പിച്ചു. ഇനി അവർ ചോദിക്കുമ്പോൾ ഞാൻ എന്തുത്തരം പറയും? അനുജാ! നീ ഉണൎന്നെഴുന്നേററു എന്നെ ആശ്വസിപ്പിക്കാത്തതെന്തു്?" എന്നിങ്ങനെ പലവിധത്തിൽ ശോകവിമോചനനായ ഭഗവാൻ പരിദേവനംചെയ്തു, താമരപ്പൂക്കൺകളിൽനിന്നു് അശ്രുക്കൾ ധാരധാരയായി പെയ്തു. ഹേ ഭവാനി! രഘുരാജൻ ഏകനും അഖണ്ഡനും ആണു്. ഭക്തന്മാരെ അനുഗ്രഹിക്കാൻവേണ്ടി മാത്രം അവിടുന്നു മനുഷ്യഭാവം അംഗീകരിക്കുന്നു എന്നേയുള്ളു.

പ്രഭുവിൻെറ വിലാപവിധങ്ങൾകേട്ടു് പ്ലവങ്ഗമന്മാർ സന്നധൈൎയ്യന്മാരായി ദുഃഖിച്ചു. തദവസരത്തിൽ കരുണരസമദ്ധ്യത്തിൽ വീരരസംചേൎന്നപോലെ ഹനുമാൻ അവിടെ ആവിൎഭവിക്കയുണ്ടായി. അത്യന്തം കൃതജ്ഞനും വിജ്ഞനും ആയ പ്രഭു, സന്തോഷപൂൎവ്വം ആ ഭക്തനെ എതിരേററു മാനിക്കയും ഉത്തരക്ഷണത്തിൽ സുഷേണൻ ഔഷധിപ്രയോഗത്താൽ ലക്ഷ്മണനെ ഉണൎത്തുകയും ചെയ്തു. ഉത്സാഹത്തോടെ എഴുന്നേററുനിന്ന അനുജനെ ദയാനിധി അണച്ചുപിടിച്ചു് ആശ്ലേഷിച്ചു. ഭല്ലൂകകപിവ്രാതങ്ങളും ഭയാശങ്കകൾ നീങ്ങി ആഹ്ലാദസമുദ്രത്തിൽ മുഴുകി. ഹനുമാൻ സുഷേണനെ ഇങ്ങോട്ടു ആനയിച്ചപ്രകാരംതന്നെ എടുത്തുകൊണ്ടുപോയി ലങ്കയിലാക്കി തിരിച്ചുപോന്നു. ഈ വസ്തുതകളറിഞ്ഞപ്പോൾ രാവണനുണ്ടായ സങ്കടം വൎണ്ണിക്കാവതല്ല. ഭ്രാന്തനേപ്പോലെ താനേതന്നെ തലയ്ക്കിട്ടറഞ്ഞു; ഈ വ്യാകുലാവസ്ഥയിൽ ഉഴറിച്ചെന്നു് കുംഭകൎണ്ണൻെറ ഉറക്കറയിൽ കടന്നു. വളരെ പ്രയാസങ്ങളെല്ലാംകഴിച്ചു ഒരു വിധത്തിൽ ആ മഹാകായനെ ഉണൎത്തി. സാക്ഷാൽ കാലൻെറതന്നെമൂൎത്തിഭേദമൊ എന്നു ശങ്കിക്കത്തക്കവണ്ണം എഴുന്നേററിരുന്ന കുംഭകൎണ്ണൻ ജ്യേഷ്ഠനെനോക്കി—"പ്രഭോ! അങ്ങേടെ മുഖം ഇത്ര ദുഃഖിതമാവാൻ കാരണമെന്തു്?" എന്നു ചോദ്യംചെയ്തു. രാവണനാകട്ടെ, ദുരഭിമാനത്താൽ സീതയെ അപഹരിച്ച പ്രബന്ധങ്ങളെല്ലാം അറിയിച്ച ശേഷം, തനിക്കകെപ്പെട്ട ആപത്തുകാളെ സംഗ്രഹിച്ചു പറകയായി. സഹോദരാ! കപികൾ നിശാചരസൈന്യത്തെ ഒട്ടധികം സംഹരിച്ചുകളഞ്ഞു. വീരയോധന്മാരിൽ പലരേയും നിഗ്രഹിച്ചുകഴിഞ്ഞു. ദേവശത്രുക്കളായ ദുൎമ്മുഖൻ, അതികായൻ, അകമ്പനൻ, മഹോദരൻ തുടങ്ങിയ ആ ധീരന്മാരെല്ലാം യുദ്ധക്കളത്തിൽ മറിഞ്ഞു."

രാവണൻെറ ഈ നിവേദനം കുംഭകൎണ്ണനു സമ്മതമായില്ല. അവൻ രൂക്ഷഭാവത്തോടേപറഞ്ഞു:—ശഠബുദ്ധേ! ലോകാംബയായ ദേവിയെ താങ്കൾ അപഹരിച്ചുവോ? എന്നിട്ടാണോ സുമംഗലസ്ഥി

ത്. ആഗ്രഹിക്കുന്നത്? ലംകേശ! താങ്കൾ തീരെ വിചാരശൂന്യമായി പ്രവൎത്തിച്ചുകളഞ്ഞു, ഇനി ഇപ്പോൾ എന്നെ എന്തിനുണൎത്തി? ജ്യേഷ്ഠാ! ഞാൻ നല്ലതു പറയാം; വേഗത്തിൽ ഈ ദുരഭിമാനമെല്ലാം ഉപേക്ഷിച്ചു രാമനെ ഭജിയ്ക്കുക. എങ്കിലേ മംഗളമുള്ളു. രാമൻ മനുഷ്യനല്ല. ഹനുമാനേപ്പോലെ ഒരാജ്ഞാകിങ്കരനുള്ള ആൾ കേവലം മനുഷ്യനാകുന്നതെങ്ങനെ? കഷ്ടം! മൂഢമൂഢമായിപ്പോയി താങ്കളുടെ പ്രവൃത്തി. മുൻകൂട്ടി എന്നെ ഒന്നു ഉണൎത്തായിരുന്നല്ലോ. ജളപ്രഭോ! താങ്കൾ വിരോധിച്ചതു് ബ്രഹ്മശങ്കരാദിദേവന്മാർ ഭക്തിപൂൎവ്വം സേവിക്കുന്ന പുണ്യപുരുഷനേയാണ്. രാമന്റെ വസ്തുതകളെല്ലാം നാരദമുനി ഒരിക്കൽ എന്നോടു പറകയുണ്ടായി. ഇപ്പോൾ സമയം വന്നതുകണ്ടു് താങ്കളെ അറിയിക്കയാണ്. ജ്യേഷ്ഠാ! ഇനി വേഗത്തിൽ എന്നെ ആശ്ലേഷിച്ച് അനുഗ്രഹിക്കുക. ഞാൻ താപത്രയമോചനനും താപിഞ്ഛശ്യാമനുമായ രാമചന്ദ്രനെകണ്ടു കണ്ണുകൾക്ക് സാഫല്യം വരുത്താൻ യുദ്ധക്കളത്തിലേക്കു പോകുന്നു.

ഭഗവാന്റെ രൂപഗുണങ്ങൾ ഹൃദയത്തിൽ സ്ഫുരിക്കയാൽ ക്ഷണനേരത്തേക്കു കുംഭകൎണ്ണൻ ബാഹ്യസ്ഥിതിഗതികൾ മറന്ന്, അന്തൎല്ലീലനായിരുന്നുപോയി. ഉദ്ബുദ്ധനായ ഉടനേ ആവശ്യപ്പെട്ട പ്രകാരം അനവധി മഹിഷങ്ങളേയും ഒരു കോടി കുംഭങ്ങൾ നിറയെ മദ്യവും രാവണൻ വരുത്തി കൊടുത്തു. മഹിഷാഹാരവും മദിരാപാനവും കഴിഞ്ഞു വീരരസമത്തനും നിൎഭയനുമായ കുംഭകൎണ്ണൻ, ഇടിപോലെ ഗൎജ്ജിച്ചുകൊണ്ടു്; കോട്ടയിൽനിന്നും ഇറങ്ങി പുറപ്പെട്ടു. യുദ്ധക്കളത്തിൽ അടുത്തപ്പോൾ വിഭീഷണൻ വേഗം തന്നെ സമീപത്തുചെന്ന് ആചാരപ്രകാരം തന്റെ നാമം ഉച്ചരിച്ചു നമസ്കരിക്കയും കുംഭകൎണ്ണൻ അനുജനേ രാമഭക്തനാണെന്നറികയാൽ വാത്സ്യല്യപൂൎവ്വം പിടിച്ചെഴുന്നേല്പിച്ചു മാറിൽ ചേൎത്തു തഴുകുകയും ചെയ്തു. സഹോദരസ്നേഹത്തിന്റെ കുളൎമ്മയുള്ളതനുസ്പൎശസുഖം സ്വല്പനേരം രണ്ടാളും അനുഭവിച്ചു. അനന്തരം വിഭീഷണൻ വിനീതനായി പറഞ്ഞു. ജ്യേഷ്ഠാ! ഞാൻ ഹിതവാക്കുകൾ ഉപദേശിക്കവേ രാവണപ്രഭു കോപിച്ചു പാദത്താൽ എന്നെ പ്രഹരിക്കയുണ്ടായി. എനിക്കതു ദുസ്സഹമായിത്തോന്നുകയാൽ ഞാൻ രഘുപതിയെ വന്നു ശരണം പ്രാപിച്ചു. ആ തിരുമേനി എന്നേ ഭക്തനും ദീനനുമാണെന്നറിഞ്ഞു കരുണയോടേ സ്വീകരിക്കയും ചെയ്തു. ഇതുകേട്ടു് കുംഭകൎണ്ണൻ കരുണയോടെ "സഹോദരാ! രാവണൻ കാലവശനാകകൊണ്ടു് എത്രഹിതമായ ഉപദേശവും ആ ദുഷ്ടന്റെ കാതിൽ കടക്കുകയില്ല. • നീ രാക്ഷസകുലഭൂഷണമാണ്. ധന്യധന്യന്മാരിലും ധന്യനാണ്. ശോഭാസുഖസാഗരമായ രഘുപതിയെ ഭജിക്കകൊണ്ടു ബന്ധുക്കൾക്കും വംശത്തിനും നീ ഒരു ജീ

വശക്തി വീശിവിളങ്ങുന്നു. നിൻെറ ഭജനം മനസാ വാചാ കമ്മണാ നിഷ്കപടമായിട്ടുള്ളതാണെന്നും എനിക്കറിയാം. എന്നാൽ പോകുക എനിക്കിവിടെ ബന്ധുശത്രുക്കളെ അറിഞ്ഞു പെരുമാറാൻ നിർവ്വാഹമില്ല." ഇത്രയും പറഞ്ഞിട്ടു കാലവശഗനായി നിന്നു.

വിഭീഷണൻ വിടവാങ്ങിച്ചെന്ന്, ത്രൈലോക്യനാഥനായ ഭഗവാനെ വണങ്ങി "നാഥാ! പവ്വതാകാരനായ കുംഭകണ്ണൻ ഇതാ പോരിനായി വന്നിരിക്കുന്നു. ആൾ മഹാ രണധീരനാണ്:" എന്നുണത്തിച്ചു. കേട്ടതീൎന്നു ഉടനെ ബലശാലികളായ കപികൾ കുതിച്ചുചാടി. ബാക്കി കേൾക്കാൻ തന്നെ അവക്കു ക്ഷമയുണ്ടായില്ല. കിലുകില ശബ്ദം പുറപ്പെടുവിച്ചു, പല്ലുകൾ ഇറുമ്മിക്കൊണ്ടു് മലകളും മരങ്ങളും ഇളക്കി പുഴക്കി ആ മഹാകായനെ ലാക്കാക്കി പ്രഹരംതുടങ്ങി. കോടികൊടി പവ്വതങ്ങൾ ഒരേസമയത്തു് കുംഭകണ്ണൻെറ ശരീരത്തിൽ വീണു കൊണ്ടിരുന്നു. പുഷ്പബീജങ്ങളേററ മത്തഗജത്തെ പോലെ അവൻ അല്പമെങ്കിലും കൂട്ടാക്കുകയോ സ്ഥാനത്തു നിന്നു ഇളകുകയോ ചെയ്തില്ല. ഇതുകണ്ടു ക്രുദ്ധനായ ഹനുമാൻമുഷ്ടിയാൽ ഒരു പ്രഹരം ഏൽപിച്ചു. രാവണാനുജൻ തറയിൽവീണു തലതല്ലിപ്പോയി. പെട്ടെന്നെഴുന്നേററു പ്രകാരം ഹനുമാനെയും ഒരു തീവ്രപ്രഹരം സമ്മാനിക്കയുണ്ടായി. വായുപുത്രൻ വട്ടംചുററിത്തിരിഞ്ഞു നിലംപതിച്ചു. മററുള്ളവാനരപ്രധാനന്മാരേയും കുംഭകണ്ണൻ അമ്മാറിമ്മാറുതല്ലി തള്ളിമറിച്ചുവീഴ്ത്തി ശേഷിച്ച വാനരപ്പട ഒരുത്തൻപോലും തിരിഞ്ഞുനിൽക്കാതെ ജീവനും കൊണ്ടോടിപ്പാഞ്ഞു.

തല്ലുകൊണ്ടു മൂർഛിച്ചകൂട്ടത്തിൽ അംഗദാദികളും ഉൾപ്പെട്ടു. സുഗ്രീവൻപോലും മോഹിച്ചുപോയി. രാജാവിനെ ബന്ധിച്ചാൽ മതിയാകുമെന്ന വിചാരത്താൽ കുംഭകണ്ണൻ സുഗ്രീവനെ തൂക്കികക്ഷത്തിലാക്കി നടന്നു; ലങ്കയിൽ കൊണ്ടുപോയി രാവണനു അടിയറവയ്ക്കണമെന്നായിരുന്നു അവൻെറ അഭിലാഷം.

ഹേ ഭവാനീ! രാമചന്ദ്രൻ നരലീലകൾ ചെയ്യുന്നതു് സപ്പസംഘത്തിൽ ഗരുഡൻ ചേൎന്നു കളിയാടുന്നതുപോലെയാണ്. ഭ്രൂഭംഗത്താൽ കാലനെപ്പോലും സംഹരിക്കാൻകഴിവുള്ള അവിടേക്കു് ഈ ദുശ്ശലഘുകലഹങ്ങളിൽ ഭാഗഭാക്കാകേണ്ട കാര്യമുണ്ടോ എന്നാണെങ്കിൽ അതിനുകാരണം പറയാം. നിമ്മലയശസ്സു വീശി ലോകാപരിശുദ്ധമാക്കുന്നതിനും യശോഗായകന്മാരെ സംസാരസമുദ്രം കടത്തുന്നതിനും ലീലകൾ ആവശ്യമാണ്.

അല്പസമയം കഴികെ ഹനുമാൻ മൂർഛയിൽനിന്നും ഉണൎന്നു്, സുഗ്രീവൻ എവിടെ എന്നു അന്വേഷിക്കയായി; അതേസമയത്തു സുഗ്രീവനും കണ്ണുകൾ മിഴിച്ചു കഥകളെല്ലാം ധരിച്ചിട്ടു കുംഭക

ണ്ണന്റെ പിടിയിൽനിന്നും തെററിച്ചാടി അവന്റെ മൂക്കും കാതുകളും പറിച്ചു ഗർജ്ജിച്ചുകൊണ്ട് ആകാശത്തിലേക്കു പൊങ്ങി. എന്തുകഥ? സുഗ്രീവനു ജീവനുണ്ടെന്നുള്ള വിചാരമേ കുംഭകർണ്ണനുണ്ടായില്ല. അവൻ പെട്ടെന്നു അമ്പരന്നു കാലിലെത്തി പിടികൂടി നിലത്തടിച്ചു. സൂര്യപുത്രൻ മെയ്ച്ചുരുക്കോടെ എഴുന്നേററു പകരം ഒരു പ്രഹരം ഏല്പിച്ചിട്ടു വായുവേഗത്തിൽ തെററി മാറി. "കൃപാനിധി ജയിക്ക ജയിക്ക" എന്നുദ്ഘോഷിച്ചു പോയി പ്രഭുസമീപത്തെ പ്രാപിച്ചു. മൂക്കും കാതുകളും പൊയ്പ്പോയ വസ്തുത മനസ്സിലായപ്പോൾ, കുംഭകർണ്ണൻ കുണ്ഠിതവും കോപവും സഹിക്കവയ്യാതെ യുദ്ധക്കളത്തിലേക്കുതന്നെ നടന്നു. കപികളെല്ലാം ഭീഷണകലുഷരോഷമായ ആ മഹാസത്വത്തെ നോക്കി ഭയാക്രാന്തന്മാരായി ഉഴന്നു നിന്നു.

ഒടുവിൽ പ്രാഗത്ഭ്യത്തോടെ "ജയജയരഘുവംശമണേ" എന്ന് പാടിച്ചാടിയടുത്തു മലകളും മരങ്ങളും ഇളക്കി എടുത്ത് ഏറു തുടങ്ങി; കരാളകാലനെപ്പോലെ യുദ്ധക്രുദ്ധനായ കുംഭകർണ്ണൻ അഭിമുഖമായി ചെന്നു കുരങ്ങന്മാരെ കോടിക്കണക്കിനു വാരിവാരി വിഴുങ്ങി. ഈ പ്രദർശനം, വെട്ടുക്കിളികളെ കുത്തിവാരി പർവ്വതഗുഹയിൽ അടയ്ക്കുന്നതുപോലെയിരുന്നു. ദേഹംകൊണ്ടു മർദ്ദിച്ചും കൈകളാൽ ഞെരടിപ്പൊടിച്ചും അനവധി എണ്ണത്തെക്കൊന്നു. വയററിലകപ്പെട്ട അനേകർ, മൂക്കിൽക്കൂടിയും കാതിൽക്കൂടിയും പുറത്തുപോന്നു. വായിൽക്കൂടിതന്നെ ചിലരൊക്കെ തപ്പിപ്പിഴച്ചു. യുദ്ധമദമത്തനായ ആ പ്രബലരാക്ഷസൻ, വിശ്വം മുഴുവൻ തന്റെ സംഹാരക്കളമായി ഗണിക്കുന്നതുപോലെ അഹംകരിച്ചു. ശേഷിച്ച കപികൾ തിരിഞ്ഞുനോക്കാതെതന്നെ ജീവനുംകൊണ്ടോടി. കൂട്ടരുടെ കഥകൾ കാൺമാനോ കേൾക്കാനോ അവർ കണ്ണും കാതും അയച്ചില്ല. രാക്ഷസന്മാരാകട്ടെ, തങ്ങളുടെ നായകൻ കപികളെ തുരത്തി എന്നു കണ്ടപ്പോൾ, ചിതറിപ്പോയ സൈന്യങ്ങളെയെല്ലാം കൂട്ടിച്ചേർത്തുകൊണ്ടു അണയത്തുവന്നു.

ഭഗവാൻ സ്വസൈന്യത്തിന്റെ അണികൾ ഭിന്നിച്ചതും, ശത്രുക്കളുടെ സൈന്യങ്ങൾ ഒന്നിച്ചതും നോക്കി സുഗ്രീവനോടും ലക്ഷ്മണനോടും വാനരസേനയെ സംഘടിപ്പിക്കാൻ ആജ്ഞാപിച്ചു. താൻ തന്നെ ദുഷ്ടശത്രുക്കളുടെ ബലം ഒന്നു പരീക്ഷിക്കാമെന്നും കല്പിക്കയുണ്ടായി. അനന്തരം കൈതലത്തിൽ വില്ലും കടിതടത്തിൽ അമ്പുറയും ധരിച്ച് അരികുല ദലനം ചെയ്യാൻ സന്നദ്ധനായി അടുത്തു പ്രാരംഭത്തിൽ മുഴക്കിയ ധനുഷ്ടങ്കാരശബ്ദത്താൽ ശത്രുക്കളുടെ ചെകിടടഞ്ഞു. തൽക്ഷണം ഭയങ്കര ശരങ്ങളെ ലക്ഷക്കണക്കിനു ധനുസ്സിൽ സന്ധാനം ചെയ്ത് പ്രയോഗിക്കാൻ തു

ടങ്ങി. അവ ഓരോന്നും ചിറകുള്ള കാളസർപ്പത്തെപ്പോലെ ചീറിപ്പാറിപ്പാഞ്ഞു. നാനാദിക്കുകളും നാരാചകോടികളാൽ നിറഞ്ഞു. രാക്ഷസപ്രമാണികൾ ലക്ഷോപലക്ഷം ചത്തു മറിഞ്ഞു. കാലും, തലയും നെഞ്ചും കയ്യും നുറുങ്ങിനുറുങ്ങി വീണു. അസംഖ്യം അസംഖ്യം യുദ്ധവീരന്മാർ ശതശഃശകലീകൃതരായി. മുറിവേറ്റുകൂന്നവർ പിടച്ചടിച്ചു നിലം പതിച്ചാലും കൂട്ടാക്കാതെ എഴുന്നേററു വീണ്ടും പൊരുതു; അമ്പുകൾ തുളഞ്ഞുകയറുന്ന ശബ്ദം ബ്ലീം ബ്ലീം എന്നു മുഴങ്ങി. രാമബാണങ്ങളുടെ ഘോരത മനസ്സിലായപ്പോൾ പലരും ഒഴിഞ്ഞു തുടങ്ങി. തലകൾ അററു തെറിച്ചിട്ടും പ്രചണ്ഡശരീരങ്ങൾ മുന്നോട്ടു തന്നെ പാഞ്ഞു. "പിടിക്കിൻ പിടിക്കിൻ! കൊല്ലുവിൻ കൊല്ലുവിൻ!" എന്നു അററററു വീഴുന്ന തലകൾ ശബ്ദിച്ചു കൊണ്ടിരുന്നു.

വികടകുടിലന്മാരായ രാക്ഷസഭടന്മാരെല്ലാം ക്ഷണനേരത്തിനകം പ്രഭുവിന്റെ ബാണങ്ങൾക്കു ഇരയായിക്കഴിഞ്ഞു. ബാണങ്ങൾ ഒന്നൊഴിയാതെ തിരിച്ചുവന്നു തൂണീരത്തിൽ നിറഞ്ഞു. സൈന്യനാശം നോക്കി കുപിതനായ കുംഭകർണ്ണൻ ഗംഭീരസിംഹനാദം മുഴക്കിക്കൊണ്ടു ഉരുക്കൻമലകൾ പുഴക്കി മർക്കടസംഘത്തെ ലാക്കാക്കി എറിഞ്ഞു. അവയെ ബാണഗണത്താൽ ഭഗവാൻ ധൂളിപ്പിച്ചു പറത്തിക്കളഞ്ഞു. ധനുസ്സു വീണ്ടും സജ്ജമാക്കി അനവധി ദുർവ്വാരശരങ്ങൾ പ്രയോഗിച്ചവ, വമ്പുററ കാർമ്മേഘത്തിൽ മിന്നൽപിണർ അന്തർഭവിച്ചു മറയുന്നതുപോലെ, കുംഭകർണ്ണശരീരത്തിൽ തുളഞ്ഞുകടന്നുപാഞ്ഞു. കറുകറുത്ത അവന്റെ ദേഹത്തിൽനിന്നുള്ള ചോരയൊഴുക്കു മഷിമലയിൽ കുത്തിയൊലിച്ചിറങ്ങുന്ന ചുവന്ന ധാതുദ്രവംപോലെയിരുന്നു. ശത്രുവിന്റെ ക്ഷീണാവസ്ഥ തക്കമാക്കി വാനരന്മാർ മെല്ലെമെല്ലെ മുന്നോട്ടടുത്തു. അവർക്കു് അത്രയ്ക്കു ധൈര്യംവന്നല്ലോ എന്നോർത്തിട്ടു കുംഭകർണ്ണൻ ചിരിച്ചുപോയി. ഉന്മത്തനായ ഗജേന്ദ്രനെപ്പോലെ ഉച്ചത്തിൽ ഗർജ്ജിച്ചുകൊണ്ടു് ആ മഹാശക്തൻ കപികളെ കോടിക്കണക്കിനു പിടികൂടി, രാവണനാമത്തിൽ ശപഥംചൊല്ലി തറയിലറഞ്ഞു. അവരെല്ലാം ചെന്നാക്കണ്ട ആട്ടിൻകൂട്ടംപോലെ പരിഭ്രമിച്ചു പാഞ്ഞു. അതിനിടയ്ക്കു ഭഗവാനെച്ചൊല്ലി, "പ്രഭോ വാനരരാജ്യത്തെ വരട്ടി നശിപ്പിക്കുന്ന ക്ഷാമബാധയാണ് ഈ രാക്ഷസൻ. കാരുണ്യമേഘമേ! നിന്തിരുവടി വർഷിച്ചാലും! രക്ഷിച്ചാലും! ഖരഹര! പ്രണതാർത്തിഹര!" എന്നിങ്ങനെ നിലവിളിച്ചു. ഈ ദയനീയവിലാപംകേട്ടു ബലശാലിയായ രഘുപതി സ്വസൈന്യത്തെ പിന്നണിയിലാക്കി മുതിർന്നുകയറി യുദ്ധമാരംഭിച്ചു. വില്ലുകുഴിയെ കുലച്ചു നൂറുശരങ്ങൾ ഒരുമിച്ചു തൊടുത്തയച്ചു. അവ നൂറും ശരീരത്തിൽ തുളഞ്ഞുകയറുകയാൽ

ക്രോധാന്ധനായ കുംഭകർണ്ണൻ പ്രചണ്ഡബലവേഗങ്ങൾ പ്രകടിപ്പിച്ചടുത്തു. ഭൂമിതന്നെ കിടുകിടെ വിറച്ചുപോയി. അവൻ ഒരു വലിയമല പുഴക്കി വലതുകയ്യാലാക്കിയതുനോക്കി ഭഗവാൻ ആ കൈ മുറിച്ചു നിലത്തിട്ടു. കൂട്ടാക്കാതെ, ഇടതുകയ്യിൽ മലയും തൂക്കി അവൻ അടുത്തു. ഉത്തരക്ഷണത്തിൽ ആ കയ്യും മുറിക്കപ്പെട്ടു. ഇങ്ങനെ കൈകൾ രണ്ടും അററപ്പോൾ അവന്റെ നില ചിറകററ മന്ദരമലപോലെയായി. ത്രൈലോക്യംമുഴുവൻ വിഴുങ്ങിക്കളയുമോ എന്നു ശങ്കിക്കത്തക്കവണ്ണം പ്രഭുവിനെ അത്യുഗ്രമായി നോക്കി വായും പിളർന്ന് അലറിക്കുതിക്കവേ, ആകാശസ്ഥന്മാരായ ദേവാദികൾ ഭയപ്പെട്ടു് ഹാഹാകാരം മുഴക്കി. രഘുരാജൻ അവന്റെ പിളർന്നവായിൽ ക്രൂരമ്പുകൾ എയ്തെയ്തു നിറച്ചു. എന്നിട്ടും ഭൂമിയിൽ വീഴാതെ ആ ബലശാലി, മൂർത്തിമത്തായ കാലതൂണിപോലെ അഭിമുഖം പാഞ്ഞടുക്കുന്നതു നോക്കി കരുണാനിധി ഒരു തീവ്രശരത്താൽ അവന്റെ ശിരസ്സു ദേഹത്തിൽനിന്നും വേർപെടുത്തി വീഴ്ത്തി.

മുറിക്കപ്പെട്ട ശിരസ്സു രാവണന്റെ കാൽക്കലാണു പോയിവീണതു്. അവൻ സൂക്ഷിച്ചുനോക്കി ഹാ! എന്നലറി ഫണാമണിപോയ സർപ്പത്തെപ്പോലെ നിന്നുപോയി. ശിരസ്സുപോയിട്ടും കുംഭകർണ്ണന്റെ ശരീരം ഭൂമി കുലുങ്ങത്തക്കവണ്ണം മുമ്പോട്ടു പാഞ്ഞുകൊണ്ടിരുന്നു. ദയാനിധി തൽക്ഷണം അതിനെ രണ്ടായിപ്പിളർന്നു. മാനത്തുനിന്നു മല എന്നപോലെ അതു യുദ്ധക്കളത്തിൽ വീണു്, കപികളും ഭല്ലൂകങ്ങളും രാക്ഷസന്മാരും അസംഖ്യം അടിപെട്ടു മരിച്ചു. പിളർന്നശരീരത്തിൽനിന്നും ഒരു തേജസ്സ് ഉയർന്നുചെന്നു ഭഗവാന്റെ മുഖപങ്കജത്തിൽകടന്നു. അതുകണ്ടിട്ടു ആകാശചാരികൾ അത്ഭുതപരതന്ത്രരായി. ദേവന്മാർ ദുന്ദുഭികൊട്ടി ജയജയശബ്ദം ഘോഷിച്ചു് മലർമഴ തൂകി. ഒടുവിൽ എല്ലാവരും ഭഗവാനെ വണങ്ങി സ്വാവസങ്ങളിലേക്കു മടങ്ങി. ഈ അവസരത്തിൽ ദേവമുനിയായ നാരദൻ ആകാശത്തിൽ എഴുന്നള്ളിവന്നു് ഭഗവദപദാനങ്ങളെ വാഴ്ത്തിസ്തുതിച്ചു. വീരരസപ്രവണമായ ആ സ്തോത്രത്താൽ പ്രഭു സന്തുഷ്ടനായി. മഹർഷിയാകട്ടെ, അനുവാദവും അനുഗ്രഹവും വാങ്ങി മടങ്ങിപ്പോയപ്പോൾ, ഭഗവാനെ നോക്കി "സ്വാമിൻ! ശേഷിച്ച ദുഷ്ടന്മാരെയും ക്ഷണത്തിൽ നിഗ്രഹിക്കണമെ" എന്നഭ്യർത്ഥിക്കയുണ്ടായി. രഘുരാജൻ സമരാങ്ഗണത്തിൽ നിരന്തരം വിളങ്ങിനിന്നു.

അതുലബലശാലിയായ രഘുപതി, മുഖകമലത്തിൽ സ്വേദബിന്ദുക്കളും പൂമേനിയിൽ ശോണിതകണങ്ങളും അണിഞ്ഞു്, ചാപബാണങ്ങളും കൈകളിൽ ധരിച്ചു്, ഭല്ലൂകകപിവൃന്ദത്താൽ പരിവൃതനായി സൌന്ദര്യലക്ഷ്മിയുടെ കളിനിലംപോലെ സമരാങ്ഗണത്തി

ൽനിന്നു

ൽ ശോഭിച്ചു. ആ പരമപുരുഷന്റെ അപ്പോഴത്തെ സൌകുമാര്യം വൎണ്ണിക്കുന്നതിന് അനേക നാവുകളുള്ള ആദിശേഷനാലും സാദ്ധ്യമല്ലെന്നു തുളസി പറയുന്നു.

രാക്ഷസന്മാർ അധമന്മാരും മലനിധാനങ്ങളുമായിരുന്നിട്ടും തന്തിരുവടി സ്വധാമത്തെ അവൎക്കു ദാനംചെയ്തുവല്ലോ. ഹേ ഭവാനി! ശ്രീരാമചന്ദ്രനെ ഭജിക്കാത്ത നരന്മാർ എത്ര മന്ദമതികൾ!

ദിവസാവസാനത്തിൽ ഇരുകക്ഷിസൈന്യങ്ങളും പിന്തിരിഞ്ഞു പിരിഞ്ഞുപോയി. യുദ്ധശ്രമത്താൽ സകല പോർവീരന്മാരുടെയും ശക്തി ക്ഷയിച്ചിരുന്നു. എന്നാൽ വാനരന്മാൎക്ക്, ഇന്ധനസംകലനത്താൽ അഗ്നിയെന്നപോലെ ഭഗവാന്റെ കരുണാകടാക്ഷമേററു ബലവേഗങ്ങൾ വീണ്ടും ജ്വലിച്ചു. രാക്ഷസന്മാരാകട്ടെ, ആത്മപൌരുഷത്തെ സ്വയം പ്രഖ്യാപനംചെയ്യുന്നവന്റെ സുകൃതംപോലെ, രാപ്പകൽ ക്ഷയത്തെത്തന്നെ പ്രാപിച്ചു. രാവണപ്രഭു അനുജന്റെ ശിരസ്സെടുത്തു മടിയിൽ വച്ചുകൊണ്ട് ദീനദീനം വിലപിക്കയായിരുന്നു. കുംഭകൎണ്ണപത്നിമാരും എത്തിക്കൂടി, ഭൎത്തൃബലവീൎയ്യങ്ങളെ ഉരുക്കഴിച്ചും ദുൎവ്വിധിയെപ്പഴിച്ചും നെഞ്ഞിലലച്ചു നിലവിളിച്ചു. ഈ അവസരത്തിൽ മേഘനാദൻ അവിടെ കടന്നുചെന്നു. പിതാവിന്റെ ദീനതപംകണ്ടു് ധീരധീരനായ അവൻ വീരപ്രതിജ്ഞകളാൽ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. "അച്ഛ! വൃഥാ വ്യസനിക്കരുതു്. എന്റെ വീൎയ്യശൌൎയ്യങ്ങൾ നാളെ യുദ്ധക്കളത്തിൽ കാണാം. വെറുതെ ഇപ്പോൾ വമ്പുപറയേണ്ട ആവശ്യമില്ലല്ലോ. ഇഷ്ടദേവതാപ്രസാദത്താൽ എനിക്കു പ്രവരമായ ഒരു രഥം ലഭിച്ചിട്ടുണ്ടു്. അക്കഥ ഇതുവരെ അച്ഛനെ അറിയിച്ചില്ല. ശത്രുക്കളാരും എന്നോടു എതിർനില്ക്കാൻ സാധിക്കയില്ല."

പിതാവും പുത്രനും തമ്മിൽ യുദ്ധകാൎയ്യങ്ങൾ സംഭാഷിച്ചുകൊണ്ടിരിക്കെ നേരം പ്രഭാതമായി. വാനരന്മാർ നാലു ഗോപുരവാതുക്കലും വന്നു് എതിൎപ്പുകൾ ആരംഭിക്കയും ആയി. കൃതാന്തഘോരന്മാരായ കപിഭല്ലുകങ്ങൾ ഒരുഭാഗത്തും അതിശയരണധീരന്മാർ രക്ഷസ്സുകൾ മറുഭാഗത്തും തുല്യമായി നിന്നു പോരാടി. ജയം വേണം വേണം എന്നു് ഓരോരുത്തനും ഉറച്ചു. ഹേ അചലാത്മജെ! ആ കല്പാടെ ആ യുദ്ധം അവൎണ്ണനീയമെന്നേ പറയാവൂ!

മേഘനാദൻ മായയെ നിൎമ്മിച്ചു് തന്റെ അനുഗ്രഹീതരഥത്തിൽ ആകാശത്തിൽ പൊങ്ങി, പ്രളയഘനനാദംപോലുള്ള ഗൎജ്ജിച്ചു. ആ ശബ്ദം കപിദലത്തെ ദലിതഹൃദയമാക്കി. പലതരത്തിലുള്ള അസ്ത്രശസ്ത്രങ്ങൾ—വജ്രം, ശക്തി, ശൂലം, പരിഘം, ബാണം, കൃപാണം, പരശു, പ്രചണ്ഡപാഷാണം, ഇത്യാദിയും അസംഖ്യമസംഖ്യം ശരങ്ങളും-പേമഴപോലെ ആകാശത്തിൽനിന്നും പെ

ഴിഞ്ഞു. ഭാദ്രപദമാസമഘനക്ഷത്രത്തിലെ ഘനവൃഷ്ടിയാലെന്ന പോലെ, സായകങ്ങളാൽ ദിക്കുകൾ ഇരുളടഞ്ഞു. "പിടി! പിടി! കൊല്ലുകൊല്ലു്" എന്ന ശബ്ദം നിരന്തരമായി കപികളുടെ കണ്ണങ്ങളിൽ മുഴങ്ങി. അവർ അസ്ത്രപ്രയോഗങ്ങൾ സഹിക്കവെയ്യാതെ കുണ്ഠിതപ്പെട്ടു കുഴങ്ങി. പ്രഹരകർത്താവാരാണെന്നു കണ്ടുപിടിക്കാനും കഴിവുണ്ടായില്ല. വിഭ്രമത്താൽ മലകളും മരങ്ങളും കൈയിലാക്കി യുയന്നു് ആകാശത്തിൽ അന്വേഷണംനടത്തി. ആരെക്കാണുന്നു! മനോഭംഗത്തോടെ മടങ്ങുകതന്നെ വേണ്ടിവന്നു. രാക്ഷസനാകട്ടെ മായാശക്തിയാൽ, കുഴിയും, വഴിയും, കരയും, ജലവും, മലയും, ഗുഹയും ആകപ്പാടെ ശരപഞ്ജരങ്ങളാക്കിത്തീർത്തു. വാനരന്മാക്കു് എങ്ങോട്ടു പോകണമെന്നും എന്തുചെയ്യണമെന്നും വകതിരിഞ്ഞില്ല. വശംകെട്ടു്, ഇന്ദ്രധ്വജാദികളായ പവ്വതങ്ങൾപോലെ നിലത്തുവീണു. ഹനുമാൻ, അംഗദൻ, നളൻ, നീലൻ തുടങ്ങി സകല വാനരപ്രധാനന്മാരും പരവശരായി. അനന്തരം സുഗ്രീവവിഭീഷണന്മാരെയും ലക്ഷ്മണനേയും അസ്ത്രപ്രഹരത്താൽ കീറിമുറിച്ചു ക്ഷീണിപ്പിച്ചു വീഴ്ത്തി. ഭഗവാനോടായി, പിന്നത്തെ പ്രയോഗം. ബാണങ്ങൾ തിരുമെയ്യിൽ പതിച്ചയുടനെ നാഗങ്ങളായി മാറിച്ചുററി ബന്ധിക്കാൻതുടങ്ങി. ആത്മാവശനും അനന്തനും അദ്വയനും അവികാരിയുമായ തിരുമേനി, ലോകനാടകനടനസൂത്രധാരൻ, സവ്വദാസ്വതന്ത്രനായിരിക്കുന്ന ഭഗവാൻ രാമചന്ദ്രൻ, നാഗബന്ധത്താൽ ക്ഷീണിച്ചതുപോലെ ഭാവിച്ചു. യുദ്ധശോഭയെ വിസ്തരിക്കാൻവേണ്ടി മാത്രമാണു് അവിടുന്നു നാഗപാശബന്ധനം അനുവദിച്ചതു്.

ഹേ ഭവാനി! യാതൊരുത്തന്റെ നാമജപത്താൽ യോഗികൾ സംസാരബന്ധത്തെ അഴിക്കുന്നുവോ, വിശ്വനിവാസനായ ആ പ്രഭുവിനെ ബന്ധിക്കാൻ ഇന്ദ്രജിത്തിനു സാധിക്കുമോ? വല്ലഭേ! സഗുണാവസ്ഥയിൽ രാമചന്ദ്രൻ അനുഷ്ഠിക്കുന്ന ലീലകൾ ബുദ്ധിക്കോ ശക്തിക്കോ വാക്കിനോ വിഷയമല്ല. ഈ വിചാരത്താലത്രേ പരമവിരാഗികൾ തക്ക്ലേശംപോലുമില്ലാതെ കേവലഭജനം ആചരിക്കുന്നതു്.

മേഘനാദൻ ഇപ്രകാരം ശത്രുപക്ഷത്തിലുള്ളവരെയെല്ലാം അവശസ്ഥിതിയിൽ അകപ്പെടുത്തിക്കഴിഞ്ഞപ്പോൾ ദുവ്വാക്കുകളും പുലമ്പിക്കൊണ്ടു പ്രത്യക്ഷനായിവന്നു. ജാംബവാൻ ബാണബാധയേൽക്കാതെ സ്വസ്ഥനായി സ്ഥിതിചെയ്യുകയായിരുന്നു ഇന്ദ്രജിത്തിന്റെ നിന്ദാവാക്കുകൾകേട്ടു ക്രുദ്ധനായ വൃദ്ധൻ "ദുഷ്ട! പോരിനു ശക്തനാണെങ്കിൽ വരിക" എന്നു വീരവാദം ചെയ്തു. വിജയക്കൊടിയുയത്താൻ കൈയുമുയത്തിവന്ന രാവണപുത്രനു് ഈ ഭത്സനം സഹിക്കുമോ? അവൻ കോപത്തീജ്വാലകൾ കത്തിജ്വലിക്കുന്ന മുഖ

ത്തോടെ നോക്കി, "കിഴട്ടുകള്ളാ! നിൻെറ വയസ്സേററം കരുതിയാ ണ് ഞാൻ ഉപദ്രവിക്കാഞ്ഞത്. ഈ പോരിനുവിളിതന്നെ എനി ക്കു അപമാനകരമാണ്" എന്നു ഗജ്ജിച്ച് ഘോരമായ തൻെറ ത്രി ശൂലമെടുത്തു പ്രയോഗിച്ചു. ജാംബവാൻ കൈകൊണ്ടതിനെ എ ത്തിപ്പിടിച്ചിട്ട് മുന്നോട്ടു പാഞ്ഞുകയറി എതിരാളിയുടെ നെഞ്ചിൽ പ്രചണ്ഡമായ ഒരു പ്രഹരം സൽകരിച്ചു. താങ്ങാൻ ശക്തനാകാ തെ ദേവഘാതിയായ ഇന്ദ്രജിത്ത് മോഹാലസ്യപ്പെട്ടു വീണുപോയി. വൃദ്ധൻ അവനെ കാലിൽ തൂക്കിയെടുത്ത് ഒരു ബലപ്രദശ്നക്കളി പോലെ വട്ടംചുഴററി നിലത്തടിച്ചു. എന്തെല്ലാമായിട്ടും വരപ്രസാ ദമഹിമയാൽ അവനു മരണം സംഭവിച്ചില്ല. ഒടുവിൽ ജാംബവാ ൻ നൈരാശ്യത്തോടെ കാലിൽത്തന്നെ തൂക്കിയെടുത്ത് ലങ്കയിലേ ക്ക് ഒരേറുകൊടുത്തു.

ഈ അവസരത്തിൽ ദേവമുനിവൃന്ദത്തിൻെറ പ്രാത്ഥനയനു സരിച്ച്, സാക്ഷാൽ വൈനതേയൻ, രാമസവിധത്തിലെത്തി. തൽ ക്ഷണംതന്നെ വാനരരാഘവന്മാരെ ബന്ധിച്ചിരുന്ന അസ്ത്രനാഗങ്ങ ളെയെല്ലാം കൊത്തിവിഴുങ്ങി ഇന്ദ്രജിത്തിൻെറ മായാപ്രബന്ധം നശി പ്പിച്ചു. വാനരന്മാർ ഹഷാകുലന്മാരായി എഴുന്നേൽക്കുകയും ചെ യ്തു. പ്രതികാരബുദ്ധിയോടുകൂടി ആ വീരന്മാർ തെല്ലും താമസിയാ തെ മലകളും വൃക്ഷങ്ങളും പാറകളും ധരിച്ചു പോക്കളത്തിലടുത്തു. രാക്ഷസന്മാർ വികലന്മാരായി ഓടി കോട്ടയിൽ കയറി ഒളിച്ചു.

മേഘനാദൻ മൂർഛയിൽനിന്നുണന്നപ്പോഠം ലജ്ജകൊണ്ടു പി താവിൻെറ മുഖത്തുനോക്കാൻ ശക്തനാകാതെ വഷമിച്ചു. ആരാ ലും ജയിക്കപ്പെടാതിരിക്കത്തക്ക ഒരു മഹാ യാഗം ഉടനേ ചെയ്യണ മെന്നു നിശ്ചയിച്ച്, നിഗ്ഗൂഢമായ പവ്വതഗുഹയിൽ പ്രവേശിച്ചു. വിഭീഷണൻ ഈ ഗൂഢാലോചന മനസ്സിലാക്കി, ക്ഷണേന പ്രഭു വിനെ വണങ്ങി," ഭഗവാനെ! മേഘനാദൻ അപാവനമായ ഒരു സവനം ആരംഭിക്കുന്നു. നിവ്വിഘ്നമായി അതു നിറവേറിയാൽ, ദേ വഹതകനായ ആ ദുഷ്ടനെ ജയിക്കാൻ സാധിക്കയില്ല" എന്നുണ ത്തിച്ചു. ഈ നിവേദനത്താൽ അത്യതിശയം സന്തോഷിച്ച രഘു പതി അംഗദാദികപിവരന്മാരെ നോക്കി, "ബന്ധുക്കളെ! നിങ്ങഠം ലക്ഷ്മണനുമായിച്ചെന്ന്, രാവണപുത്രൻെറ യാഗത്തെ ധ്വംസിക്കു വിൻ." ലക്ഷ്മണ! അവനെ വധിക്കേണ്ട ഭാരം നിന്നിലാണിരിക്കു ന്നത്. ദേവന്മാരുടെ ഭയാവസ്ഥകണ്ടിട്ട് എനിക്കു വ്യസനം തോ ന്നുന്നു. ബലംകൊണ്ടോ ബുദ്ധ്യുപായത്താലോ ഏതുവിധത്തിലും സഹോദര! നീ അവൻെറ കഥ അവസാനിപ്പിക്കണം. സേനയോ ടൊരുമിച്ച് ജാംബവാനും സുഗ്രീവനും വിഭീഷണനും മൂന്നാമം പോ രട്ടെ" എന്നു കല്പിച്ചു. ഈ അനുശാസനം ശിരസാവഹിച്ചുകൊ

ണ്ടു് രണധീരനായ ലക്ഷ്മണൻ അമ്പും വില്ലും തൂണീരവും എല്ലാം സജ്ജമാക്കി പ്രഭുപ്രതാപത്തെയും സുദൃഢമായി മനസ്സിൽ പ്രതിഷ്ഠിച്ചു. "ശത്രുവിനെ വധിക്കാതെ ഇത്തവണ ഞാൻ മടങ്ങുകയാണെങ്കിൽ, മേലാൽ ആരും എന്നെ രഘുപതിദാസൻ എന്നു വിളിക്കേണ്ട. ആറു ശങ്കരന്മാർതന്നെ വന്നു് അവനു് സഹായിച്ചാലും രാമനാമത്തിൽ ഞാൻ അവനെ നിഗ്രഹിക്കതന്നെ ചെയ്യും" എന്നിങ്ങനെ ഘനനാദംപോലെ ഗംഭീരശബ്ദത്തിൽ പ്രഖ്യാപനം ചെയ്തു് രാമപാദപത്മങ്ങളും വണങ്ങി, ആദിശേഷഭ്രതൻ പുറപ്പെട്ടു. അംഗദൻ നളൻ നീലൻ മൈന്ദൻ വീരവീരനായ ഹനുമാൻ, ഇവർ കുമാരനെ അനുഗമിച്ചു. എല്ലാവരുമായിക്കടന്നു കയറി ഹോമസ്ഥലത്തെത്തിയപ്പോൾ മേഘനാദൻ മഹിഷമാംസവും രക്തവും ആഹുതിചെയ്തു ചെയ്തിരിക്കുന്നു. അവന്റെ നിഷ്ഠ വിധ്വംസിക്കാൻ പലപ്രകാരത്തിലും അവർ ശ്രമിച്ചുനോക്കി. തെല്ലുപോലും ഇളകിയില്ല. എങ്കിൽ മറെറാരു കൌശലം പ്രയോഗിക്കാമെന്നു കരുതി മുഖസ്തുതികൾ തട്ടിവിട്ടു. ഇന്ദ്രവിജയിയും ലോകൈകവീരനുമായ ഒരു മഹാപുരുഷനു് യാഗവും തപസ്സും ഒന്നും ആചരിക്കേണ്ട ആവശ്യമില്ലെന്ന അർത്ഥത്തിൽ പുകഴ്ത്തിപ്പറകയായി. അതുകൊണ്ടും ഫലമുണ്ടാവില്ലെന്നു കണ്ടു് കടന്നു കയറി തലമുടിക്കു പിടികൂടി. നിഷ്ഠ താനേ ഇളകിപ്പോയി. അവൻ ഊക്കോടെ കാൽവലിച്ചു ചവിട്ടി വാനരന്മാരെ പായിച്ചു സംഹരിക്കാൻ ത്രിശൂലവും തുള്ളിച്ചുകൊണ്ടു് ലക്ഷ്മണന്റെ സമീപംവരെ പിൻതുടരുകയും ചെയ്തു. ഘോരശബ്ദത്തിൽ വീണ്ടും വീണ്ടും ഗർജ്ജനം മുഴക്കി ക്രോധാവേശനായി അടുത്ത ആ ദുഷ്ടനെ അംഗദനും ഹനുമാനും ഒരുമിച്ചു ചെന്നെതിർത്തു. അവൻ രണ്ടാളേയും ശൂലം നെഞ്ചിൽകുത്തി നിലത്തു വീഴ്ത്തി. അനന്തരം ആ പ്രചണ്ഡശൂലത്തെ പ്രഭുവിന്റെനേക്കുതന്നെ പ്രയോഗിച്ചു. അവിടുന്നു് നിഷ്പ്രയാസം അതിനെ രണ്ടായി ഖണ്ഡിച്ചിട്ടതിനിടയ്ക്കു്, യുവരാജാവും ഹനുമാനും എഴുനേററു് ക്രോധത്തോടെ പ്രഹരങ്ങൾ തുടങ്ങി. വരപ്രസാദമുള്ള മേഘനാദനു് ആഘാതക്ഷതങ്ങൾ ഹാനിയെച്ചെയ്തില്ല. രണ്ടാമതും ആ വീരന്മാർ കഴിയുന്നത്ര ധ്വംസിച്ചുനോക്കി. അവൻ അത്തരത്തിൽ വധിക്കപ്പെടത്തക്കവനല്ലെന്നു് ഒടുവിൽ മനസ്സിലായി; അടങ്ങാത്ത രോഷത്തോടെ വീണ്ടും അലറിച്ചീറിയടുത്ത അവനെ ലക്ഷ്യമാക്കി ലക്ഷ്മണൻ പ്രഘോരമായ ഒരു സായകം പ്രയോഗിച്ചു. വജ്രസമാനം പാഞ്ഞണയുന്ന ബാണം കണ്ടു് രാവണപുത്രൻ മായയാൽ മറഞ്ഞുകളഞ്ഞു. മറവിൽതന്നെ നിന്നും ഇടയ്ക്കിടെ പല രൂപത്തിൽ വെളിപ്പെട്ടുവന്നു മറഞ്ഞും യുദ്ധം നടത്തിക്കൊണ്ടിരുന്നു. ആയുധങ്ങളും പർവ്വതങ്ങളും പലവാറു പ്രയോഗിച്ചവയെല്ലാം ല

ക്ഷ്മണൻ ശകലിച്ചുകളഞ്ഞു. കപികളും ഇന്ദ്രാദിദേവന്മാരും പ്രശംസാവാണികൾ മൊഴിഞ്ഞു. ശത്രു അജയ്യനാണെന്നു കാൺകയാൽ കപികൾ ഭയവിഹ്വലരായിച്ചമഞ്ഞു. അങ്ങനെനിൽക്കേ, ആദിശേഷാവതാരഭൂതനായ കുമാരൻ, കോസലേശപ്രതാപത്തെ ധ്യാനിച്ചുകൊണ്ട്, ഇവനെ ഞാൻ എത്രസമയമായി കുത്തുതുള്ളിക്കുന്നു എന്നുള്ള കാലുഷ്യത്തോടെ തൻെറ സകലശക്തിയും ഉപയോഗിച്ച് ഒരു ബാണം തൊടുത്തയച്ചു. അതു ശരിക്കുപാഞ്ഞു ശത്രുവിൻെറ നെഞ്ചുപിളൎന്നു കടന്നുപോയി. ഭാഗ്യഹീനനായ മേഘനാദൻ അലറിവിറച്ചു ഭൂമിയിൽ വീണു. മരണസമയത്ത് കപടങ്ങളെല്ലാം ത്യജിച്ച്. രാമ! രാമാനുജ! എന്നുച്ചരിച്ചുകൊണ്ടു ദേഹത്യാഗം ചെയ്തു. “മേഘനാദ! നിൻെറ മാതാവു സുകൃതിനിതന്നെ സംശയമില്ല” എന്ന് അംഗദനും ഹനുമാനും ശ്ലാഘിച്ചു. അനന്തരം ആ മൃതശരീരം ഹനുമാൻ എടുത്ത് ലങ്കാദ്വാരത്തിൽ നിക്ഷേപിച്ചു പോരികയും ആയി.

ഇന്ദ്രജിത്തിൻെറ മരണവാൎത്ത കേട്ട മാത്രയിൽ, സുരന്മാരും ഗന്ധൎവ്വന്മാരും വിമാനങ്ങളിൽ കയറി രഘുനാഥയശസ്സിനെ ഗാനം ചെയ്തുകൊണ്ട് ആകാശത്തിലെത്തി ദുന്ദുഭി ശബ്ദം ഉദ്ഘോഷിച്ചു പൂമഴ തൂകി. ഹേ! അനന്തമൂൎത്തേ! ജഗൽ പാവനകീൎത്തേ! ജഗദാധാര! ജയിച്ചാലും ജയിച്ചാലും! നിന്തിരുവടി തന്നെ സൎവ്വദേവന്മാൎക്കും പ്രഭുവായി വിളങ്ങുന്നു” ഇങ്ങനെ ലക്ഷ്മണസ്തോത്രങ്ങൾ പാടി അനുനന്ദിച്ചശേഷം മടങ്ങിപ്പോയി. വിജയലക്ഷ്മിയാൽ ആശ്ലിഷ്ടനായ കുമാരൻ കൃപാനിധിയുടെ സമീപത്തിലെത്തി തൊഴുതു.

മകൻെറ മരണ വൃത്താന്തം കേട്ട നിമിഷത്തിൽ രാവണൻ പ്രജ്ഞയററു നിലത്തുവീണു പോയി. മണ്ഡോദരി ആധിസഹിയ്ക്കാതെ നെഞ്ചിലറഞ്ഞു മകൻെറ പേരു പറഞ്ഞു പറഞ്ഞു കരഞ്ഞു. പുരവാസികളും വ്യാകുലിതന്മാരായി ദുഃഖത്തിൽ മുഴുകി ഐകകണ്ഠ്യേന രാവണൻെറ അവിവേകത്തെ ദൂഷിക്കയും പഴിക്കയുംചെയ്തു.

ആപത്തുകൾക്കെല്ലാം കാരണഭൂതൻ താനാണല്ലോ എന്ന വിചാരത്താൽ, രാവണൻ രാജസ്ത്രീകളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. “സാധ്വിമാരെ! പ്രാപഞ്ചിക വസ്തുക്കൾ നശ്വരരൂപങ്ങളാണെന്നുള്ള വസ്തുത വിചാരിച്ചു നോക്കി, ദുഃഖത്തെ പരിഹരിക്കുവിൻ” എന്നിങ്ങനെ അദ്ധ്യാത്മതത്വങ്ങൾ ഉപന്യസിക്കാൻ തുടങ്ങി. പ്രവൃത്തിയിൽ മന്ദനെങ്കിലും അവൻെറ വാക്കുകൾ പരിശുദ്ധങ്ങളും ഹിതങ്ങളുമായിരുന്നു. ഇങ്ങനെ ധാരാളമാളുകളെ ലോകത്തുകാണാം. മധുരവും മനോഹരവുമായ വിധത്തിൽ ഉപദേശി

ക്കും. എന്നാൽ പ്രവൃത്തി രൂപത്തിൽ ഉദാഹരിക്കുന്നവർ ചുരുക്കമായിരിക്കും.

രാത്രികഴിഞ്ഞുകൂടി പ്രഭാതമായപ്പോൾ, ഭല്ലൂകകപി വൃന്ദങ്ങൾ ഗോപുരദ്വാരങ്ങളിൽഎത്തിഉപരോധനമാരംഭിച്ചു. രാവണൻതന്റെ യുദ്ധവീരന്മാരെ വിളിച്ചു പറഞ്ഞു. "പോർക്കളത്തിൽ ഇറങ്ങാൻ ഭയമുള്ളവരുണ്ടെങ്കിൽ, ഇപ്പോഴെ ഒഴിഞ്ഞു പൊയ്ക്കൊള്ളണം. ശത്രുവിന്റെ മുമ്പിലിറങ്ങീട്ട് തിരിഞ്ഞോടി എന്ന അപവാദം വലിച്ചു വയ്ക്കരുത്. ഞാൻ സ്വന്തം ഭുജബലത്തെ വിശ്വസിച്ചാണ് യുദ്ധം നടത്തിപ്പോരുന്നതു. ഏതൊരു എതിരാളി വന്നാലും നിലയ്ക്കു നിൽക്കാമെന്നുള്ള കരുത്തും ഉറപ്പും എനിക്കുണ്ട്" ഈ പ്രസ്താവനയോടുകൂടി രാവണൻ വായുവേഗത്തേയും ജയിക്കുന്ന തന്റെ രഥം സജ്ജമാക്കി സകലവിധയുദ്ധ വാദ്യങ്ങളും പ്രചണ്ഡമായി മുഴക്കി യാത്ര ആരംഭിച്ചു. നിസ്തുലബലശാലികളായ വീരയോദ്ധാക്കൾ മഷിമയമായ ഒരു പെരുമലപോലെ അണിനിരന്നു നടന്നു. പുറപ്പാടിൽ അനവധിദുഃശകുനങ്ങൾ ഉണ്ടായിയെങ്കിലും; ഭുജബല പ്രമത്തനായ രാവണൻ വകവച്ചില്ല. ശകുനത്തിന്റെ ശുഭാശുഭങ്ങൾ നോക്കണമെന്നുള്ള വിചാരം പോലും അവന്റെ ഗർവ്വിഷ്ഠതയ്ക്കൂടിയിലായിരുന്നു. ആയുധങ്ങൾ പിടിവിട്ടു തറയിൽ വീണു. യുദ്ധവീരന്മാർ തേരിൽ നിന്നും മറിഞ്ഞുപോയി. ആനകളുടെ അല: കേട്ടു കുതിരകൾ അണി തെറ്റി വിരണ്ടോടി. കുറുനരികളും കഴുകുകളും മരത്തവളുകളും പരുഷശബ്ദം പുറപ്പെടുവിച്ചു. നായ്ക്കൾ ദയനീയസ്വരത്തിൽ മോങ്ങി. കാലദൂതന്മാരോ എന്നു തോന്നുമാറു മൂങ്ങകൾ പരമവിലക്ഷണമായ ഭയങ്കര ശബ്ദം പുറപ്പെടുവിച്ചു.

രാവണനെങ്ങനെ ശുഭശകുനം ഭവിക്കും? സ്വപ്നത്തിലെങ്കിലും മനോവിശ്രാന്തിയുണ്ടാകുന്നതു് എങ്ങനെ? എപ്പോഴും അവന്റെ മനസ്സ് ഭൂതദ്രോഹത്തിലല്ലേ വ്യാപരിക്കുന്നതു്? പോരെങ്കിൽ മോഹവശനും കാമരതനും രാമവിമുഖനുമാണല്ലോ.

അണിയണിയായി നിരന്ന ചതുരംഗസംകലമായ രാക്ഷസസൈന്യം അവധിയില്ലാതവണ്ണം പുറപ്പെട്ടു. വിവധവണ്ണത്തിൽ കൊടിമരങ്ങളും കൊടികളും വിളങ്ങുന്ന വാഹനങ്ങൾ മാരുതനീതങ്ങളായ മഴമേഘങ്ങൾപോലെ സഞ്ചരിക്കുന്ന മത്തഗജങ്ങൾ, സംഘംചേർന്ന മായായുദ്ധവിശാരദന്മാരായ ദൈത്യന്മാർ പല വർണ്ണത്തിൽ എന്നുവേണ്ട വീരവസന്തസേനയുടെ അണിച്ചാർത്തുപോലെ ആ വാഹിനീമോഹനവൈചിത്ര്യം നടമാടി ശോഭിച്ചു. ഈദൃശ പ്രഭാവത്തോടെ രാക്ഷസസേന സഞ്ചരിച്ചപ്പോൾ അഷ്ടദിഗ്ഗജങ്ങൾ നടുങ്ങി. അബ്ധികളേഴും കലങ്ങി. പർവ്വതകു

ലങ്ങൾ കലുങ്ങി. പൊടിക്കൂട്ടം ആകാശത്തിൽ പരവി ആദിത്യനെ മറച്ചു. കാററിൻെറ വീശൽനിലച്ചു. ഭൂമിതന്നെയും വ്യാകലിതമായി ഭവിച്ചു. പണവധ്വനി, മഹാപ്രളയഘനഗർജ്ജനം പോലെ മുഴങ്ങി. ഭേര്യാദിവാദ്യങ്ങളും ശൂരജനസുഖദമാകുംവണ്ണം ഘോഷിച്ചു. വീരന്മാർ അവരവരുടെ ബലപൌരുഷങ്ങൾക്കനുസരിച്ച വിധത്തിൽ ഏകപദേസിംഹനാദം പുറപ്പെട്ടുവിച്ചു. ഉടനെ രാവണൻ അനുചരന്മാരെനോക്കി:—വീരയോദ്ധാക്കളെ! നിങ്ങൾകപിഭല്ലൂകസംഘത്തെ മർദ്ദിച്ചുകൊൾവിൻ. രാജകുമാരസഹോദരന്മാരെ ഞാൻതന്നെ നിഗ്രഹിക്കാം' എന്നു പറഞ്ഞുകൊണ്ടു സേനയെ സമ്മുഖമായി നയിച്ചു.

കപികൾ ഈ വൃത്താന്തം ധരിച്ചു ക്ഷണത്തിൽ "രഘുനാഥോരക്ഷതു" എന്നുദ്ഘോഷിച്ചു മുന്നോട്ടു കുതിക്കുകയായി. വിപുലന്മാരും ഭയങ്കരന്മാരുമായ അവർ സാക്ഷാൽ മൃത്യുവിൻെറ അവതാരങ്ങളൊ എന്നു തോന്നുമാറു്, പലേ നിറത്തിലുള്ള സപക്ഷപർവ്വതങ്ങളെപ്പോലെ ആകാശത്തിൽക്കൂടി പാഞ്ഞടുത്തു. നഖവും പല്ലും മലയും മരവുംതന്നെ ആയുധങ്ങളാക്കി. രാവണഗജകേസരിയായ രാമചന്ദ്രൻെറ യശസ്സുകളും പാടി നിർഭയന്മാരായി വിളങ്ങി. ഇരുകക്ഷികളും ജയജയകാരം ഉദ്ഘോഷിച്ചടുത്തു, തക്കതക്ക ജോടിയെത്തടുത്തു്, ഇവർ രാമചന്ദ്രനേയും അവർ രാവണനേയും വാഴ്ത്തി, വാഴ്ത്തി യുദ്ധം നടത്തി.

രാവണൻ തേരിലിരിക്കുന്നതും ഭഗവാൻ തറയിൽ കാലൂന്നി നിൽക്കുന്നതും കണ്ടു് വിഭീഷണൻ അധീരനായി. അനല്പമായ സ്നേഹത്താൽ സന്ദിഗ്ദ്ധമനസ്കനായി വണങ്ങിപ്പറഞ്ഞു. സ്വാമിൻ, നിന്തിരുവടിക്കു രഥമില്ലല്ലോ. പാദരക്ഷപോലുമില്ല. ഈ നിലയിൽ ഒരു വീരശത്രുവോടു് യുദ്ധം എങ്ങനെ ചെയ്യും" കൃപാനിധി മന്ദഹാസം തൂകി. "സ്നേഹിതാ? ഈ കാണപ്പെടുന്നതല്ല ഒരു വീരയോദ്ധാവിൻെറ പരമാർത്ഥരഥം. വിജയത്തെ നിശ്ചയമായും നൽകുന്ന മറെറാരു തരം രഥമുണ്ടു്. അതിൻെറ ചക്രങ്ങൾ പൌരുഷവും ശൂരതയുമാണു്. ദൃഢമായ സത്യവും ശീലവും ധ്വജപതാകകൾ; കുതിരകളായി കല്പിക്കേണ്ടതു ബലം, വിവേകം, ദമം, പരഹിതതൽപരത, ഈ ഗുണങ്ങളെ; ക്ഷമയും, ദയയും, സമതയും, കുതിരകോപ്പുകൾ; ഈശഭജനം സാരഥി; വൈരാഗ്യം പരിച; മനഃപ്രസാദം ഖഡ്ഗം; ദാനം വെണ്മഴു; ജ്ഞാനം പ്രചണ്ഡശക്തി; പരമായ വിജ്ഞാനം, അജയ്യകോദണ്ഡം, സംയമനിയമങ്ങൾ, വിവിധ ബാണങ്ങൾ; അമലവും അചലവുമായ മനസ്സ്, തൂണി; ബ്രാഹ്മണപാദപൂജനം അഭേദ്യകവചം; ഒക്കെയായില്ലെ? ഇപ്പറഞ്ഞവയ്ക്കു സമം വിജയോപായ സാമഗ്രികൾ വേറെയില്ല." ധർമ്മമയമായ ര

ഥത്തിൽ സ്ഥിതിചെയ്യുന്ന യോദ്ധാവിനെ കീഴടക്കുന്നതിനുള്ള ശക്തി ആൎക്കുണ്ടു്. മഹാഘോരമായ സംസാരശത്രുവെത്തന്നെയും ജയിക്കാൻ അവനു കഴിയും; സ്നേഹിതാ വൃഥാശങ്കവേണ്ട?" എന്നരുളിച്ചെയ്തു. വിഭീഷണൻ ആനന്ദവിവശനായി കാലുപിടിച്ചു് തൊഴുതു "കൃപാസുഖപുഞ്ജമേ! രഘുരാമചന്ദ്ര! അജ്ഞനായ ഈ ദാസന്റെ ബോധനത്തിനായി തിരുവടി ഈ വാഗലങ്കാരം ഉപയോഗിച്ചതാണല്ലോ." എന്നുണൎത്തിച്ചുനിന്നു.

ഒരു ഭാഗത്തു രാവണന്റെ അനുചരന്മാരും മറു ഭാഗം ഹനുമാനും, അംഗദനും, രാക്ഷസസൈന്യത്തോടു് മററു വാനരന്മാരും അവരവരുടെ സ്വാമിയുടെ നാമത്തിൽ ശപഥംചെയ്തു എതിരിട്ടു. യുദ്ധംകാണ്മാൻ ബ്രഹ്മാവും ദേവസിദ്ധമുനിസംഘങ്ങളും ആകാശത്തിൽ വന്നു നിരന്നു. ഹേ ഭവാനി! ഞാനും അവരോടൊരുമിച്ചു് നിന്നു രണരംഗത്തിലെ രാമചരിതങ്ങൾ കാൺകയുണ്ടായി. ഇരുകക്ഷിയിലുമുള്ള വീരന്മാർ സമരരസകുതുകികളായി ഭവിച്ചു. രാമബലത്താൽ വിജയം മിക്കവാറും വാനരന്മാൎക്കു തന്നെ ലഭിച്ചു. എന്തൊരുബഹളമാണപ്പോൾ യുദ്ധക്കളത്തിൽ!! വീരവാദങ്ങൾ മുഴക്കിക്കൊണ്ടു് ചണ്ഡയുദ്ധത്തിനടുക്കുന്നു. ശത്രുവിനെ മർദിച്ചു ഭൂമിയിൽ തള്ളിമറിക്കുന്നു. അടിക്കുന്നു. കടിക്കുന്നു. പിടിക്കുന്നു. കാലുകളിൽ തൂക്കിയെടുത്തു ഭൂമിയിലടിക്കുന്നു. കപികൾ രക്ഷസന്മാരെ കുഴിച്ചിട്ടു മണ്ണുമൂടുന്നു. എന്തിനധികം? യുദ്ധക്രൂർദ്ധന്മാരായ കപിവീരന്മാർ ഭയങ്കര കാലമൂൎത്തിയുടെ പ്രതിഭാസങ്ങൾപോലെ കാണപ്പെട്ടു

അതെ. വാനരന്മാർ, രക്തഭൂഷിതശരീരന്മാരായ പ്രബലരാക്ഷസന്മാരെ മൎദ്ദിച്ചും ഘനഘോരമായി ഗർജ്ജിച്ചും കൃതാന്തപ്രതിമന്മാരായി നിലകൊണ്ടു. അവരുടെ യുദ്ധക്രമചാതുരികൾ വിശേഷിച്ചു വൎണ്ണിക്കവയ്യാ. പ്രഹരിക്കുക, നഖങ്ങളാൽ മാന്തുക, കടിച്ചുകീറുക, ചവിട്ടിയമൎത്തുക, ഇടയ്ക്കിടെ ഭയങ്കരശബ്ദങ്ങൾ പുറപ്പെടുവിക്കുക, ഈ വിധത്തിൽ ബലവും ഛലവും ഒരുപോലെ ഉപയോഗിച്ചു് ദുഷ്ടസംഹാരം തുടങ്ങി. ചിലരുടെ കവിളുകൾ വലിച്ചുപിളൎന്നിട്ടു; ചില രാക്ഷസന്മാരുടെ വയറു കീറി കുടർമാലകളെടുത്തു കഴുത്തിലിട്ടു. നരസിംഹമൂൎത്തി പല ദേഹമെടുത്തുവന്നു് യുദ്ധക്കളത്തിൽ കളിയാടുന്നതുപോലെ അപ്പോൾ കാണികൾക്കു തോന്നി. പിടിയ്ക്കുക്? പ്രഹരിക്കു്? കീറു്! കൊല്ലു്! എന്നീ ഘോരശബ്ദങ്ങൾ ആകാശത്തിലും ഭൂമിയിലും നിരന്തരം മുഴങ്ങി. "രാമരാമ! ജയ! ജയ!" തൃണശകലത്തെ വജ്രായുധമാക്കാനും വജ്രായുധത്തെ തൃണപ്രായമാക്കിത്തീൎക്കാനും അവിടേക്കു കഴിയുമല്ലോ.

തന്റെ സേനാദലം വിചലിക്കുന്നതുനോക്കി കുപിതനായ ദശകണ്ഠൻ പത്തു കൈകളിൽ വില്ലും മററു പത്തിലും അമ്പുകളും ധരിച്ചു തേരിൽ കയറി അടുത്തു. തിരിഞ്ഞു വരുവിൻ വരുവിൻ എന്നു ഭയദ്രുതന്മാരെ അനുശാസിക്കയും ആയി. വാനരന്മാർ ഭയപ്പെടാതെ സംഘം തികഞ്ഞുപാഞ്ഞുകയറിവന്നു മലകളും മരങ്ങളും പാറകളും പുഴക്കി ഒന്നായ്പാടേ എറിഞ്ഞു. രാവണന്റെ വജ്റതുല്യശരീരത്തിൽ ഏററ മാത്രയിൽ അവയെല്ലാം ശകലീഭൂതമായി ധൂളിച്ചുപോയി. രണദുർമ്മദനായ അവൻ തേരുമുറപ്പിച്ചു തെല്ലുമിളകാതെ മലപോലെതന്നെ നിലകൊണ്ടു. അനന്തരം പ്രചണ്ഡകോപത്തോടുകൂടി വാനരപ്രധാനന്മാരെ അമ്മാറിമ്മാറു തല്ലിത്തകൎക്കാൻ തുടങ്ങി. പ്രാണഭയത്താൽ അവരെല്ലാം പിന്തിരിഞ്ഞു പാഞ്ഞു. അംഗദാ, ഹനുമാനേ! രക്ഷിക്കണെ, രക്ഷിക്കണെ! ഭഗവനേ! രാമചന്ദ്ര! അഭയം തരണെ! ഈ കാലൻ ഞങ്ങളെ വിഴുങ്ങിക്കളയുമേ. എന്നു നിലവിളി കൂട്ടുകയും ചെയ്തു.

വാനരസംഘത്തിന്റെ പലായനം രാവണനെ ആഹ്ലാദിപ്പിച്ചു. അവൻ വില്ലുകൾ പത്തിലും സായകസന്ധാനം ചെയ്തു ഏകപദേ പ്രയോഗിക്കാൻ തുടങ്ങി. ബാണങ്ങൾ പാമ്പുകളെപ്പോലെ ചീറിപ്പാഞ്ഞു നടന്നു. അരനിമഷത്തിനകം ആകാശവും ഭൂമിയും ശരപൂരിതമായി. യുദ്ധക്കളത്തിൽ ആൎത്തനാദകോലാഹലം മുഴങ്ങി. കപികളും ഭല്ലൂകങ്ങളും ഇളകിയുഴറി. രഘുവീര! ആൎത്തബന്ധോ കരുണാസിന്ധോ, ഹരെ ജനരക്ഷകാ എന്നിങ്ങനെ നിലവിളികൂട്ടിപ്പലവഴിയ്ക്കും ഓടി.

കപികടകത്തിന്റെ വിചലനം കാങ്കെയാൽ ലക്ഷ്മണൻ കോപത്തോടെ വില്ലും ആവനാഴിയും ധരിച്ചു് ഭഗവൽപാദങ്ങൾ വണങ്ങി, ഒരുങ്ങിവന്നു രാവണനെ ചെറുത്തു. ദുഷ്ട! നീ വാനരഭല്ലൂകസംഘത്തെ സംഹരിക്കുന്നുവോ? ഇതാ നോക്കു! നിന്റെ കാലൻ യുദ്ധസന്നദ്ധനായി വന്നുനിൽക്കുന്നു!! ഇതുകേട്ടു് രാവണൻ "എടാ എന്റെ പുത്രനെ വധിച്ചവൻ നീയല്ലയോ? നിന്നെ ഇവിടെ അന്വേഷിച്ചിരിക്കയാണു് ഇന്നുതന്നെ നിന്റെ കഥകഴിച്ചു് പുത്രശോകം ഞാൻ അടക്കും." എന്നു ഗർജ്ജിച്ചുകൊണ്ടു് പ്രചണ്ഡബാണഗണങ്ങൾ വർഷിച്ചു. അവയെല്ലാം ലക്ഷ്മണൻ ശതശഃ ശകലിച്ചുകളഞ്ഞു. പിന്നേയും കോടികോടി ആയുധങ്ങൾ രാവണൻ പ്രയോഗിച്ചതെല്ലാം കുമാരൻ എണ്ണമെണ്ണിപ്രായമായി നുറുക്കി. ചില ബാണങ്ങളാൽ ശത്രുവിന്റെ തേരു ശകലിച്ചു് തേരാളിയെ വധിക്കയും ചെയ്തു. അനന്തരം തുരുതുരുബാണങ്ങൾ രാവണന്റെ ഓരോ ശിരസ്സിലും എയ്തുതറച്ചുനിറുത്തി. അതുകണ്ടാൽ ഒരു ഉഗ്രപൎവ്വതത്തിന്റെ കൊടുമുടികളിൽ പാമ്പുകൾ തുളയുണ്ടാക്കാൻ പുണ്ണി

യെടുക്കുകയാണോ എന്നു തോന്നിപ്പോകും. കൂടെ ഒരു നൂറുബാണങ്ങൾ കുമാരൻ ഉരഃസ്ഥലത്തിലും പ്രയോഗിക്കയാൽ, രാവണൻ ബോധരഹിതനായി വീണുപോയി. ഉണൎന്നയുടനെ ആ പ്രബലൻ തന്റെ ബ്രഹ്മദത്തമായ ശക്തിയെടുത്തു ക്രോധത്തോടെ പ്രയോഗിച്ചു. ആ മഹാശക്തി ആൎക്കുതന്നെ തടുക്കാം! ശരിയ്ക്കു നെഞ്ചിൽതന്നെ വന്നു തറയ്ക്കുകയാൽ അനന്താംശഭൂതൻ മൂൎഛിച്ചുപോയി. രാവണപ്രഭു ഗവ്വിച്ചടുത്തു്, കുമാരന്റെ ശരീരം എടുത്തു പൊക്കാൻ ശ്രമിച്ചു. ഫലപ്പെട്ടില്ല. അണുവളവുപോലും അതു ചലിച്ചില്ല. എന്തൊരാശ്ചൎയ്യം! ചരാചരനിബിഡമായ ഈ ബ്രഹ്മാണ്ഡം ഒരു മണൽത്തരിപോലെ ഏകഫണാഗ്രത്തിൽ വഹിക്കുന്ന ഭുവനധരനാണെന്നു ധരിക്കാതെ മൂഢരാവണൻ കുമാരനെ പൊക്കിയെടുത്തുകൊണ്ടുപോകാൻ ഉദ്യമിച്ചുവല്ലോ! ദൈവഹതകനു വിവേകമെവിടെ?

കണ്ടുനിന്നകാററിൻ മകൻ കനക്കേ ഗജ്ജിച്ചു് കഠോരവചനങ്ങളും ഉച്ചരിച്ചു പാഞ്ഞടുത്തു. രാവണൻ മുഷ്ടിചുരുട്ടി മാറിൽതന്നെ ഉരുഘോരമായ ഒരുപ്രഹാരം കൊടുത്തു. അതേററിട്ടു് ഹനുമാൻ മുട്ടുകുത്തിയതല്ലാതെ നിലത്തുവീണില്ലാ: കുപിതനായി അവിടെനിന്നെഴുന്നേററതും പകരം രാവണനെ പ്രഹരിച്ചതും ഒരുമിച്ചു കഴിഞ്ഞു. വജ്റഘാതമേററവന്മലപോലെ അവൻ മോഹിച്ചുവീണുപോയി. ബോധം വന്നപ്പോൾ ബഹുമാനത്തോടേ ഹനുമാന്റെ ബലാതിശയത്തെ പ്രശംസിച്ചു. ഹനുമാൻ ഹസിച്ചു, "എടാ സുരദ്രോഹി. നീ ഈ അടികൊണ്ടിട്ടു മരിച്ചില്ലയോ! എങ്കിൽ എന്റെ ബലവും പൌരുഷവും ധിക്കരിക്കപ്പെടണം" എന്നു ഭത്സിച്ചു്, ലക്ഷ്മണനേ കയ്യിലെടുത്തു നടന്നു. രാവണൻ വിസ്മയാകുലനായി നോക്കിനിന്നുപോയി. ഭഗവാൻ ലക്ഷ്മണന്റെ കിടപ്പുകണ്ടു മരിച്ചില്ലെന്നു മനസ്സിലായപ്പോൾ മുഖം തൃക്കൺപാൎത്തുകൊണ്ടു സൌമിത്രെ! എന്തൊരുവിഡംബനമാണിതു്. നീ കൃതാന്തഭക്ഷകനും ദേവരക്ഷകനുമാണല്ലോ" എന്നരുളിച്ചെയ്തു. ഈ വാക്കുകൾ ശ്രവിച്ചമാത്രയിൽ കുമാരൻ സുഖശരീരനായി എഴുന്നേററു. രാവണന്റെ കരാളശക്തി ഉരസ്സിൽനിന്നും മോചിച്ചു് ആകാശത്തിൽ ഉൽപതിച്ചു മറഞ്ഞു.

വീണ്ടും ലക്ഷ്മണൻ ചാപബാണങ്ങൾ ധരിച്ചു് സന്നദ്ധനായി ശത്രുവിനെനോക്കിച്ചെന്നു: അചിരേണയുദ്ധവും പ്രവൃത്തമായി. കുമാരൻ തുനിവോടേ അടുത്തുപൊരുതി, തേരുപൊടിച്ചു് തേരാളിയേയും വധിച്ചു. നൂറുബാണങ്ങൾ രാവണന്റെ നെഞ്ചിലും ഏല്പിക്കയാൽ വിവശനായ അവൻ ബോധരഹിതനായി ഭൂമിയിൽ പതിച്ചു. തൽക്ഷണം മറെറാരുതേരാളി അവനെ തേരിലെടുത്തിട്ടു

ലങ്കയിൽക്കൊണ്ടുപോയി. ലക്ഷ്മണൻ വിജയലക്ഷ്മിയോടേമടങ്ങി രാമസവിധത്തിലേക്കും യാത്രയായി.

രാവണൻ ഉണൎന്നെഴുന്നേററയുടനെ ഒരു യാഗം നടത്താനുള്ള ആരംഭമായി. മൂഢൻ രഘു തിയെ വിരോധിച്ചു- എന്നിട്ടും ജയം വേണമെന്നാഗ്രഹിക്കാതിരിക്കുന്നില്ല. കഷ്ടം മഹാധൃഷ്ടനും അത്യജ്ഞനുംതന്നെ.

വിഭീഷണൻ വൃത്താന്തമറിഞ്ഞക്ഷണത്തിൽ ഭഗവൽ സമീപത്തിലെത്തി 'നാഥ! രാവണൻ ഒരു യാഗമാരംഭിക്കുന്നു. അതു കഴിഞ്ഞുകൂടിയാൽ കാലഭയം അവനുണ്ടാകയില്ല. വേഗത്തിൽ അടിച്ചു മുടക്കുവാൻ വീരന്മാരെനിയോഗിച്ചാലും' എന്നുണൎത്തിച്ചു. ഭഗവാൻ രാത്രിമുഴുവൻ ക്ഷമിച്ചിട്ട് പ്രഭാതത്തിൽ സ്വഭടന്മാൎക്കു കല്പനകൊടുത്തു. ഹനുമദംഗദപ്രഭൃതികൾ കുതുകികളായി ഓടിച്ചാടി കോട്ടമതിൽ കയറി രാവണഭവനത്തിൽ കടന്നുചെന്നു. യാഗനിൎവ്വണത്തിൽ വ്യാപൃതനായി ധ്യാനത്തിലിരിക്കുന്ന ആ ദുഷ്ടനെ കണ്ടപ്പോൾ അംഗദൻ കോപത്തോടുകൂടി "എടാ ലജ്ജയില്ലാത്തവനേ! യുദ്ധക്കളത്തിൽനിന്നും തോറേറാടിവന്ന് ബകധ്യാനം ആരംഭിച്ചിരിക്കയാണൊ?" എന്ന് ഭൎത്സിച്ചുകൊണ്ട് ഒരു പാദപ്രഹരം സമ്മാനിച്ചു. സ്വാൎത്ഥപരായണനായ അവനു കുലുക്കമേ ഉണ്ടായില്ല. വാനരന്മാർ ഈ ധൃഷ്ടതസഹിക്കാതെ നഖരദന്താങ്ങളാൽ പിളൎക്കാനും തൊഴിക്കാനും തുടങ്ങി. അവൻെറ റാണിമാരെയെല്ലാം നിർദ്ദയം പിടിച്ച് വലിച്ചു പുറത്തിറക്കി. അവരുടെ ദീനപ്രലാപം കേട്ടപ്പോൾ രാവണൻെറ ധൈൎയ്യമഴിഞ്ഞു. ക്രുദ്ധനായി കൃതാന്തനെപ്പോലെ എഴുന്നേററു ചാടി കൈക്കെത്തിയ ഒരു കുരങ്ങനെ കാലിൽ തൂക്കിഎറിഞ്ഞു. എന്നാലും യാഗം മുടക്കുകയാൽ ആവർ എടുത്തവിദ്യ ഫലിച്ചല്ലോ എന്നവിചാരം അവനെ ഭഗ്നാശയനാക്കി.

കാൎയ്യം കൈവന്നു എന്ന കൌതുകത്തോടുകൂടി കപികളെല്ലാം രഘുരാജസവിധത്തിലേക്കു പോന്നു. രാവണൻ ജീവിതാശയുമുപേക്ഷിച്ച് ചിന്താന്ധനായി യാഗശാലവിട്ട് പുറത്തിറങ്ങുകയും ചെയ്തു.

യാത്രയിൽ അനവധി ഭയങ്കരദുഃശകുനങ്ങൾ അവനുണ്ടായി. കഴുകുകൾ പറന്നുവന്നു ശിരസ്സുതോറുമിരുന്നു. കാലവശനാകകൊണ്ട് ശകുനഫലം ഗണിക്കാതെ യുദ്ധയാത്രയ്ക്കൊരുങ്ങുവാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു. രാക്ഷസസൈന്യം അവസാനമില്ലാതെ തിക്കിത്തിരക്കി, ഹസ്ത്യശ്വാദിചതുരംഗപരിവൃതമായിത്തന്നെ പുറപ്പെടുകയായി. ഒക്കപ്പാടെ ആ ഖലസമൂഹം ജ്വലനജ്വാലനോക്കിയടുക്കുന്ന ശലഭങ്ങളെപ്പോലെ പ്രളവിനഭിമുഖമായി

ച്ചെന്നു. ആകാശത്തിൽ ആഗതന്മാരായ ദേവാദികൾ ഭഗവാനെ സ്തുതിച്ചുകൊണ്ട്, "സ്വാമിൻ ഈ ദുഷ്ടൻ ഞങ്ങൾക്കു ദാരുണദുഃഖങ്ങൾ വരുത്തിവെച്ചു; ഇവനോടുള്ള കളി ഇനി മതിയാക്കണേ. സീതാദേവി ദുഃഖസമുദ്രത്തിൽ മുങ്ങിത്താഴാറായിരിക്കുകയാണേ." എന്നു ണർത്തിച്ചു. ദേവീദുഃഖപ്രസംഗം അവരുടെ സ്വാർത്ഥത്തെത്തന്നെ ഉച്ചരിക്കുന്നതാണെന്നു മനസ്സിലാക്കി ഭഗവാൻ മന്ദഹാസംതൂകി. അനന്തരം വേഗത്തിൽ എഴുന്നേററു ബാണങ്ങളെല്ലാംതേച്ചുമിനുക്കി, അവിടവിടെ ആകാശപുഷ്പത്താൽ അലംകൃതമായ ജടാജൂടവും ശിരസ്സിൽ ഉറപ്പിച്ചുകെട്ടി, ഇളംചുവപ്പാൽ തിളങ്ങുന്ന കണ്ണുകളോടുകൂടി, മേഘശ്യാമളനായി, ലോകമോഹനസൌന്ദൎയ്യധാര വർഷിച്ചുകൊണ്ട് മരവുരിയാടകെട്ടു കച്ചയിൽ ആവനാഴി തൂക്കി, ഉദ്ദണ്ഡമായ വൈഷ്ണവകോദണ്ഡവും കൈയ്യിൽധരിച്ചു സന്നദ്ധനായിനിന്നു.

കരകമലത്തിൽ ശാർങ്ഗവും കടിതടത്തിൽ ബാണാകരമായ നിഷംഗവും വഹിച്ച് പീനഭുജദണ്ഡത്തോടും ഭൂദേവപാദാങ്കിതമനോഹരവക്ഷഃസ്ഥലത്തോടും വിളങ്ങിനിന്നപ്രഭു, വില്ലിൽ ഞാണേററാൻ തുടങ്ങിയപ്പോൾ ദിഗ്ഗജങ്ങളും ആദികൂൎമ്മവും ആദിശേഷനും ശൈലസാഗരങ്ങളും മേദിനിതന്നേയും ഇളകിവിറച്ചു. എന്നു തുളസി പറയുന്നു.

ഈദൃശപ്രഭാവാതിശയം കൺകുളിർക്കെ കണ്ട ദേവന്മാർ, പൂക്കൾവാരി പെരുമഴപോലെ ചൊരിഞ്ഞു. "ജ്ഞാനബലധാമഃ! ഗുണഗണനിലയന, ഭൂഭാരവിലയന! ജയിക്കജയിക്ക" എന്നു വാഴ്ത്തുകയും ചെയ്തു.

രാക്ഷസസൈന്യം സംഖ്യയില്ലാതവണ്ണം വന്നുവന്നടുത്തു. വാനരന്മാർ പ്രളയകാലമേഘപാളിപോലെ അഭിമുഖം ചെന്നെതിൎത്തു. ഖഡ്ഗങ്ങളും ശൂലങ്ങളും ശക്തികളും മിന്നൽപിണരുകൾപോലെ പത്തുദിക്കുകളിലും തിങ്ങി. ഗജരഥതുരഗങ്ങളുടെ ഘോരാരവം മേഘഗൎജ്ജനംപോലെ മുഴങ്ങി. അന്തരിക്ഷത്തിൽ പൊങ്ങിവിളങ്ങിയ കപിലാംഗുലങ്ങൾ സുന്ദരമായ ഇന്ദ്രധനസ്സ് ഉദയംചെയ്തുപോലെ വിളങ്ങി. രേണുപടലം മേഘങ്ങളായി ആകാശത്തിൽ ഉരുണ്ടുകൂടുകയും ബാണവൃഷ്ടികൾ ധാരാളം പൊഴികയും ചെയ്തു. ഇരുഭാഗത്തുനിന്നുമുള്ള പൎവ്വതപ്രഹരങ്ങൾ തുടരെ തുടരെ ഇടിവാളുകൾ വീഴുന്നതുപോലെയിരുന്നു. രാമചന്ദ്രൻ കുപിതനായി ബാണപ്രയോഗം തുടങ്ങിയപ്പോൾ രാക്ഷസസൈന്യം ദയനീയസ്ഥിതിയിലകപ്പെട്ടു. ബാണവിദ്ധന്മാർ, നൊന്തു വിളിച്ചുപിടച്ചുടിച്ചു വീണുതുടങ്ങി. ഭീരുജനഭീകരമായ ശോണിതനദിയിൽ ജലപ്രവാഹത്തിലെന്നപോലെ പൎവ്വതങ്ങൾ പൊന്തിയൊലിച്ചു.

അത്യന്തം അപാവനിയും ഭീരുജനഭയങ്കരിയുമായ രുധിരനദി രണ്ടു സൈന്യനിരയേയും കരകളാക്കി മദ്ധ്യേ ഒഴുകിക്കൊണ്ടിരിക്കുന്നു. തേരുകൾ അതിലെ പുഴക്കുമണലുകളാണ്; തേരുരുൾ നീർച്ചുഴികളത്രെ. ഗജാശ്വപദാദികൾ ജലജന്തുക്കളും വിവിധവാഹനങ്ങൾ നീർച്ചെടികളുമാണ്. ശരം, ശക്തി, തോമരം ഇവ സർപ്പങ്ങളാകുന്നു. ചാപങ്ങൾ തരംഗങ്ങളും ചർമ്മങ്ങൾ കമഠങ്ങളുമാണ്. മരിച്ചുവീണ യുദ്ധവീരന്മാർ തടതരുക്കൾതന്നെ. അവരുടെ മജ്ജകൾ പതയാകുന്നു. കാതരന്മാർ അതു കണ്ടാൽ ഭയപ്പെടുന്നു. വീരഭടന്മാർ അചഞ്ചലഹൃദയരായി മോദിക്കുന്നു.

ആ നദിയിൽ കുളിക്കുന്നതും കളിക്കുന്നതും ഭൂതപിശാചവേതാളങ്ങളും കരാളയോഗിനികളുമാണ്. കാകകങ്കങ്ങൾ ഭടഭുജങ്ങൾ കൊത്തിക്കൊണ്ടു പറന്നുപോകുന്നു. മററു ചിലവ കണ്ടു തടുത്തു അവറ്റെ കൊത്തിക്കീറി അപഹരിച്ചു വിഴുങ്ങുന്നു. ഇങ്ങനെ അപഹരിക്കുന്ന ഒന്നിനെനോക്കി മറെറാന്നു-"ശഠ! ഇത്രയും ഭക്ഷണസമൃദ്ധിയുണ്ടായിട്ടും നിൻെറ ദാരിദ്ര്യം ശമിച്ചില്ലയോ?" എന്നു ചോദിക്കുന്നു. മുറിവേററു സമരാങ്ഗണതടപ്രദേശത്തിൽ പകുതിഭാഗം വെള്ളത്തിലും പകുതി കരയ്ക്കുമായി കിടക്കുന്ന ഭടന്മാർ മരണോന്മുഖന്മാരെപ്പോലെ ആർത്തനാദം പുറപ്പെടുവിക്കുന്നു. കഴുകുകൾ വലനന്നാക്കുന്ന മുക്കുവരെപ്പോലെ കരകളിലിരുന്ന്, മരിച്ചവരുടെ കുടലുകൾ കടിച്ചു ചീന്തുന്നു. വള്ളത്തിൽ കയറ നദകളിൽ സവാരിചെയ്യുന്നമാതിരിയിൽ പുറത്തിരിയ്ക്കുന്ന പക്ഷികളോടുകൂടി അനവധി ശവശരീരങ്ങൾ ഒഴുകിപ്പോകുന്നു. യോഗിനികൾ തലയോട്ടികളിൽ നദീജലം പകരുന്നു. കപാലങ്ങളാൽ കര താളംപിടിച്ചുകൊണ്ടു ഭൂതപിശാചങ്ങൾ ആകാശത്തിൽ വിവിധരീതിയിൽ നൃത്തംചെയ്യുന്നു. ചാമുണ്ഡാദേവി സന്തോഷതരളയായി പാട്ടോടു പാട്ടുപാടി രസിക്കുന്നു. കുറുനരിക്കൂട്ടം ശവശരീരങ്ങളിൽ കടികൂടി ഭക്ഷണാനന്തരംവരെ മുറുമുറുക്കയും അമറുകയും പല്ലിറുമ്മുകയും ചെയ്തുകൊണ്ടിരിക്കുന്നു. ശിരസ്സില്ലാത്ത ശരീരങ്ങൾ കോടി കോടി യുദ്ധക്കളത്തിൽ നടമാടുന്നു. അററുവീണുകിടക്കുന്ന ശിരസ്സുകൾ ഇനിയും ജയജയധ്വനി മുഴക്കുന്നു. വധിച്ചും മരിച്ചും യഥാക്രമം ഒഴുക്കുകയും ഒഴിയുകയും ചെയ്യുന്ന വീരഭടന്മാരുടെ നിരന്തരസമരത്താൽ വാളും, തലയും തമ്മിലുള്ള ബന്ധം വേർപെടാൻ പഴുതില്ലാതെ തീർന്നിരിക്കുന്നു. ഭല്ലൂകകപിസംഘങ്ങൾ രാമപ്രഭാവത്താൽ രാക്ഷസസൈന്യത്തെ മർദ്ദിച്ചു തള്ളി ആററംകരിക്കുന്നു. രാമശരവിദ്ധന്മാരായ വീരരക്ഷസ്സുകളെ യുദ്ധക്കളത്തിൽ എവിടെയും കാണുന്നു.

രാക്ഷസന്മാർ അസംഖ്യമസംഖ്യം വന്നണയുന്നതുകണ്ടു അവരെ ഒന്നാകെ സംഹരിക്കണമെന്നു കരുതി ഭഗവാൻ അമാനുഷപ്രഭാ

വം പ്രകടിപ്പിച്ചു യുദ്ധം ചെയ്തു. ഏഴുദിവസം രാപ്പകൽ യുദ്ധം നിലനിന്നു. ഈ സമയമത്രയും രാമചാപത്തിലെമണി ശബ്ദിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ രാക്ഷസന്മാരെല്ലാം ഒടുങ്ങി. മണിനാദവും അടങ്ങി.

ഒരു മണിനാദം മുഴങ്ങുന്നതു് എത്രയോ സൈന്യങ്ങൾ നശിച്ചിട്ടാണു്. അതിനു് ഒരു കണക്കും കാണിക്കാം. പതിനായിരം ആനകൾ പത്തുലക്ഷം കുതിരകൾ, നൂററിഅൻപതുതേരു് - പത്തുകോടി കാലാൾ, ഇത്രയും നശിക്കുമ്പോൾ യുദ്ധക്കളത്തിൽ ഒരു കബന്ധ- നൃത്തം തുടങ്ങും. അങ്ങനെ കോടി കബന്ധങ്ങൾ നൃത്തം നടത്തുമ്പോൾ, ഒരു രണദേവതയുടെ ഉദയമുണ്ടാകും. കോടി രണദേവതകൾ ഉദയമാകുന്നസമയം രാമചന്ദ്രന്റെ വില്ലിലെ മണി ഒന്നു ശബ്ദിക്കും. ഇങ്ങനെ ഏഴുദിവസം മുഴവൻ മണിനാദം മുഴങ്ങിക്കൊണ്ടിരുന്നു. സൈന്യനാശം എത്രയെന്നു് ഏകദേശം ഊഹ്യമാണല്ലോ.

യുദ്ധക്കളം ഇത്തരത്തിൽ മിക്കവാറും ശാന്തമായപ്പോൾ രാവണൻ വിചാരിക്കയാണു്. "രാക്ഷസസേനയെല്ലാം നശിച്ചു. ഞാൻ ഏകനുമായി. കപിഭല്ലൂകങ്ങൾ സംഖ്യയിൽ കുറവില്ലാതെയുമിരിക്കുന്നു. ഇനി മായതന്നെ പ്രയോഗിച്ചാലേ രക്ഷയുള്ളൂ."

പ്രഭു വാഹനമില്ലാതെ ഭൂമിയിൽനിന്നു യുദ്ധംചെയ്യുന്നതുനോക്കി ദേവന്മാർക്കു സങ്കടം വർദ്ധിച്ചു എല്ലാവരുംകൂടി ചിന്തിച്ചു മന്ത്രിച്ചതിന്റെ ഫലമായി ദേവേന്ദ്രൻ ദിവ്യവും അനുപമവും ഉജ്ജ്വലവുമായ തന്റെ സ്യന്ദനം മാതലിവശം കൊടുത്തയച്ചു. സന്തുഷ്ടനായ ഭഗവാൻ മന്ദഹസിച്ചുകൊണ്ടു് ഇന്ദ്രരഥത്തിൽ എഴുന്നള്ളി. അതിൽ ബന്ധിച്ചിരുന്ന കുതിരകൾ നാലും അജരങ്ങളുംഅമരങ്ങളും മനോവേഗഹാരികളുമായിരുന്നു. ഭഗവാനെ രഥാരൂഢനായി കണ്ടപ്പോൾ കപികൾ പ്രസരിപ്പോടെ മുന്നോട്ടു പാഞ്ഞുകയറി. അവരുടെ ബലവേഗങ്ങൾ ദുർന്നിവാരങ്ങളാണെന്നു രാവണൻ ധരിച്ചു ക്ഷണത്തിൽ മായായുദ്ധം ആരംഭിക്കയും ചെയ്തു.

ഇതു് ഒരസത്യപ്രദർശനമാണെന്നുള്ള വസ്തുത ഭഗവാൻ മാത്രമറിഞ്ഞു. ലക്ഷ്മണനും വാനരന്മാരും സത്യമാണെന്നുതന്നെ ഭ്രമിച്ചുപോയി. രാക്ഷസസേനയിൽ അനവധി രാമലക്ഷ്മണന്മാരും സുഗ്രീവാങ്ഗദന്മാരും നിൽക്കുന്നുണ്ടെന്നു കപികൾക്കുതോന്നി. സാധുക്കൂട്ടം ഈ കാഴ്ചയാൽ വല്ലാതെ പരിഭ്രമിച്ചു. നോക്കുന്നിടത്തെല്ലാം ഭഗവാൻ ചിത്രലിഖിതനെന്നപോലെ ലക്ഷ്മണനുമായി സ്ഥിതിചെയ്യുന്നു. രാക്ഷസന്മാരെ കാണാൻപോലും കിട്ടാതെയായി. കപികളുടെ ഈ സങ്കടാവസ്ഥകണ്ടു് മന്ദഹാസം തൂകിക്കൊണ്ടു് ഭഗ

വാൻ ഒരു ശരം തൊടുത്തയച്ചു. മായാപ്രദർശനങ്ങളെല്ലാം മാഞ്ഞുമറഞ്ഞുപോയി. യുദ്ധരംഗം യഥാസ്ഥിതമായി. കപികൾക്കു പരമാനന്ദമായി.

അനന്തരം രാമചന്ദ്രൻ പരിതഃസ്ഥിതന്മാരെ നോക്കി. "ഹേ പോർവീരന്മാരേ! എന്റെ പടയാളികൾ കുറഞ്ഞൊന്നു ക്ഷീണിച്ചുവല്ലോ. ഇനി ഞങ്ങൾ രണ്ടാളും തമ്മിലുള്ള യുദ്ധം കാണുവിൻ." എന്നു ഗംഭീരസ്വരത്തിൽ ഉദ്ഘോഷിച്ചു. ബ്രാഹ്മണപാദപത്മങ്ങളും വന്ദിച്ചുകൊണ്ടു് രഥം മുന്നോട്ടു നയിച്ചു. ലങ്കേശനും കോപത്തോടെ അലറിക്കയെത്തു് അഭിമുഖമായി അടുത്തു. എന്നിട്ടു ഭഗവാനെ ഭത്സിക്കയാണു്. "താപസ! നീ എത്രാനും യുദ്ധവീരന്മാരെ വധിച്ചിട്ടുണ്ടെന്നറിയാം. അവരെപ്പോലെ എന്നെക്കരുതരുതു്. ലോകപാലന്മാരെ കാരാഗൃഹത്തിൽ ബന്ധിച്ച രാവണന്റെ യശസ്സു വിശ്വവിഖ്യാതമാണു്. ഖരദൂഷണന്മാരെയും വിരാധനെയും നീ നിഗ്രഹിച്ചു. കാട്ടാളനെപ്പോലെ മറഞ്ഞുനിന്നു പാവപ്പെട്ട ബാലിയുടെ കഥകഴിച്ചതായും അറിഞ്ഞു. എന്റെ സൈന്യനാഥന്മാരിൽ പലരും നിന്റെ ശരങ്ങൾക്കാഹാരമായിക്കഴിഞ്ഞു. കുംഭകർണ്ണനെയും മേഘനാദനെയും കൊന്നു. എന്നാൽ ഇന്നു് നീ ഒളിച്ചോടിപ്പോയില്ലെങ്കിൽ നിന്റെ യുദ്ധങ്ങളെല്ലാം ഞാനിവിടെ അവസാനിപ്പിക്കാതെ വിട്ടയയ്ക്കയില്ല. ദുഷ്ട! ഇന്നുതന്നെ നിന്നെ ഞാൻ ദണ്ഡധരനെ ഏല്പിക്കും. നീ ഇന്നെതിർനില്ക്കേണ്ടതു് ഘോരരാവണനോടാണെന്നു ഓർത്തുകൊൾക". ഈ ദുർവചനങ്ങൾ മരണവാതിലിലെ പ്രലപനങ്ങളാണെന്നു ഭഗവാൻ വ്യാഖ്യാനിച്ചു. ശരിശരി നിന്റെ പ്രഭുതകളെല്ലാം ഞാൻ കേട്ടിട്ടുണ്ടു്. സ്തുതിവാക്കുകൾ മതിയാക്കുക! ബലവീര്യം പ്രവൃത്തിയിൽ കാണിക്കൂ!

ആത്മപ്രശംസ അയശസ്കരമാണെന്നു വിധിയുണ്ടു്. നീ പ്രയത്നപ്പെട്ടു സമ്പാദിച്ച യശസ്സു ഇത്തരത്തിൽ നശിപ്പിക്കുന്നതു ശരിയല്ല. പക്ഷേ ഞാൻ നീതിയുപദേശിക്കയാണെന്നു തോന്നുന്നുണ്ടെങ്കിൽ ക്ഷമിക്കണം. ലോകത്തു മൂന്നുതരത്തിലാണു് ആളുകൾ; ചിലർ പാതിരിപോലെ, ചിലർ മാവുപോലെ, മററു ചിലർ പ്ലാവുപോലെ. പാതിരി പൂക്കുക മാത്രം ചെയ്യും. മാവിനു പൂവും കായുമുണ്ടാകും. പ്ലാവിനു് കായ് മാത്രവും കാണും. ഇതുപോലെ ചിലർക്കു് വാക്കേയുള്ളു. ചിലർക്കു് വാക്കും പ്രവൃത്തിയുമുണ്ടു്. അന്യന്മാർക്കു വാക്കേയില്ല. അവർ പ്രവൃത്തിമാത്രം ചെയ്യുന്നുള്ളു.

രാവണൻ ചിരിച്ചു. നീ എനിക്കു ജ്ഞാനം ഉപദേശിക്കുന്നുവോ? എന്നെ വിരോധിക്കാൻ ആദ്യം നിനക്കു ഭയമുണ്ടായില്ല. ഇപ്പോൾ ജീവനിൽ പ്രിയം തോന്നിത്തുടങ്ങി. അല്ലേ? എന്നു പരിഹസിച്ചുകൊണ്ടു് വജ്രതുല്യശരവരങ്ങൾ പ്രയോഗിച്ചു. ശിലീമുഖങ്ങൾ

നാനാകാരങ്ങളായി പുറപ്പെട്ട് ദിഗ്വിദിക്കുകളെ മറച്ചു. ഭഗവാൻ ഒരു ആഗ്നേയാസ്ത്രത്താൽ രാക്ഷസന്റെ ശരനികരത്തെ നിശ്ശേഷം സംഹരിച്ചുകളഞ്ഞു. രാവണൻ ചീറിക്കയർത്ത് തീവ്രമായ തന്റെ ശക്ത്യായുധമെടുത്തു പ്രയോഗിച്ചു. ഭഗവാൻ ഒരു മഹാബാണത്താൽ അതിനെ തള്ളിത്തിരിച്ചു പുറകോട്ടുതന്നെ അയച്ചു. പിന്നെയും ചക്രങ്ങളും ത്രിശൂലങ്ങളും രാവണൻ കോടിക്കണക്കിനു വാരിവർഷിക്കയായി. പുല്ലുപോലെ ഭഗവാനവറ്റെയെല്ലാം ശകലിച്ചുതള്ളുകയുമായി. എന്തിനധികം! രാവണന്റെ ആയുധങ്ങളെല്ലാം ഖലന്മാരുടെ മനോരഥംപോലെ വിഫലീഭവിച്ചു. ഉടനേ ക്രോധഭ്രാന്തനായ അവൻ നൂറുബാണങ്ങൾ മാതലിയെ ലക്ഷ്യമാക്കി പ്രയോഗിച്ചു. ആ സാധു! 'ജയരാമ' എന്നു വിവശസ്വരത്തിൽ നിലവിളിച്ചു നിലത്തു വീണുപോയി. ഭഗവാൻ കരുണാതരളിതനായി. തൽക്ഷണം സാരഥിയെ സ്വസ്ഥനാക്കി എഴുന്നേല്പിച്ചിട്ട് ദുർവ്വാരകോപദുർദ്ദൃശനായി നിലകൊണ്ടു.

രഘുപതിയുടെ ബാണങ്ങൾപോലും യുദ്ധക്രോധം സഹിക്കാതെ തൂണിയിൽനിന്നു താനേ കുതിച്ചു പൊങ്ങി. കോദണ്ഡത്തിന്റെ പ്രചണ്ഡധ്വനിയാൽ മനുജാതന്മാർ നടുങ്ങി. മണ്ഡോദരിയുടെ ഹൃദയം തുടുതുടെത്തുടിച്ചുകലങ്ങി. ആദികൂർമ്മവും അലയാഴികളും ആദിശേഷനും വിറച്ചു. ദിഗ്ഗജങ്ങൾ സംഭ്രാന്തിയോടെ, ഭൂഗോളത്തെ കൊമ്പുകളാൽ ഉറപ്പിച്ചു താങ്ങിപ്പിടിച്ചു. അതു കണ്ടിട്ടു ദേവന്മാർ കൌതുകികളായി ഹസിച്ചു. രഘുരാജൻ കാതോളം വലിച്ചയച്ച കരാളബാണങ്ങൾ ആകാശത്തെ പിളർന്നുകൊണ്ട് വ്യാളങ്ങളെപ്പോലെ പാഞ്ഞു. അവ സപക്ഷസർപ്പങ്ങളെപ്പോലെ ചീറിച്ചെന്നു രാവണന്റെ തേർക്കുതിരകളേയും തേരാളിയേയും കൊന്നു. തേരു തകർത്തു കൊടിയും മുറിച്ചുകളഞ്ഞു. ഉള്ളിൽ നടുക്കം തട്ടിയെങ്കിലും രാവണൻ അതു പുറത്തു കാണിച്ചില്ല. ക്രുദ്ധനായി മറെറാരു തേരിൽ കയറി അലറിയണഞ്ഞു് അസ്ത്രശസ്ത്രവർഷം തുടങ്ങി. അവയെല്ലാം പരദ്രോഹനിരതന്റെ മനോരഥംപോലെ വിഫലീഭവിച്ചതേയുള്ളു. പൊടുന്നനവേ അവൻ പത്തു ശൂലങ്ങൾ ഒരുമിച്ചു പ്രയോഗിച്ചു തേർക്കുതിരകൾ നാലിനെയും വീഴ്ത്തി. രഘുപതിക്കു കോപം ജ്വലിച്ചു. കുതിരകളെ ക്ഷണത്തിൽ എഴുന്നേല്പിച്ചു നിർത്തീട്ടു വില്ലു വലിച്ച് കരാളശരാവലികൾ നിഷ്കർഷയോടെ പ്രയോഗിച്ചു. പതുപ്പത്തു ബാണമെയ്തു് രാവണന്റെ ശിരഃസരോജങ്ങൾ പത്തും കൊയ്തു. ചോരച്ചാട്ടങ്ങൾ പരിസരപ്രദേശം കഴുകിക്കൂടി ആറുകളായി ഒഴുകി. മുറിക്കപ്പെട്ട രാവണകണ്ഠങ്ങളിൽ പുതിയ ശിരസ്സുകൾ മുളച്ചു. അവൻ ചോരയുമണിഞ്ഞു തുനിഞ്ഞു കയറി മുന്നോട്ടണഞ്ഞു. പ്രബല മുപ്പതു ബാണങ്ങളാൽ അവന്റെ കൈകക

ളും കണ്ഠങ്ങളും ഒരേ സമയത്തരിഞ്ഞു. അതുകളെല്ലാം അപ്പോൾ തന്നെ രണ്ടാമതും മുളച്ചുകഴിഞ്ഞു. വീണ്ടും മുറിച്ചു. വീണ്ടും മുളച്ചു. ഇങ്ങനെ പല പരിവൃത്തി കഴുത്തും കയ്യും മുറിച്ചിട്ടും രാവണൻ യഥാസ്ഥിതനായിത്തന്നെ നിന്നു. രഘുപതിക്കു ഉത്സാഹവും കൌതുകവും വിസ്മയവും വർദ്ധിച്ചു. ആകാശമണ്ഡലമെല്ലാം രാവണന്റെ ശിരസ്സുകളും ഭുജങ്ങളും വ്യാപിച്ചു. ആ കാഴ്ച, അസംഖ്യമസംഖ്യം രാഹുകേതുക്കൾ ചോരയുമൊലിപ്പിച്ചു ആകാശത്തിൽ പായുന്നതുപോലെയിരുന്നു. എന്തെന്നാൽ രാമശരങ്ങൾ ലക്ഷ്യത്തെ വെധിച്ചാലും ഭൂമിയിൽ പതിക്കാതെ സഞ്ചരിക്ക ശീലമുള്ളവയാണ്. പലേ തലകൾ ഒരേ അമ്പിൽ നിരക്കെക്കൊരുത്തു പായുന്നതുകണ്ടാൽ കുപിതസൂര്യന്റെ തീവ്രരശ്മികൾ അനവധി വിധുന്തുദന്മാരെ വഹിച്ചു സഞ്ചരിക്കയൊണോ എന്നു തോന്നും.

“സേവിച്ചോളവും കാമം വർദ്ധിച്ചുവരുമത്രേ” എന്നു പറഞ്ഞ മാതിരിയായിരുന്നു രാവണശിരസ്സുകളുടെയും അവസ്ഥ. ഭഗവാൻ എത്രയെത്ര മുറിച്ചിട്ടുവോ അത്രയത്ര വീണ്ടും മുളച്ചുകൊണ്ടിരുന്നു. ഈ സംഭവം രാവണനെ അത്യന്തം ധൈര്യപ്പെടുത്തി. മരണഭയം തനിക്കുണ്ടാകയില്ലെന്നുതന്നെ അവൻ പ്രത്യാശിച്ചു. അഭിമാനിയും കോപിയുമായ ആ ദ്രോഹി ഉൽക്കടഗർജ്ജനത്തോടെ പത്തു വില്ലുകളും വലിച്ചു പൂട്ടി, അരനിമിഷത്തിനകം രഘുരാജരഥത്തെ ശരവർഷത്താൽ മൂടി. സൂര്യബിംബത്തെ മൂടൽ മഞ്ഞു മറച്ചതുപോലെ ക്ഷണനേരത്തേക്കു തേരും കുതിരകളും കാണപ്പെടാതെയായി. ദേവകൾ ഹാഹാകാരം മുഴക്കിസ്സംഭ്രമിച്ചു. ഭഗവാൻ ശരനിരകളെല്ലാം പ്രാഗത്ഭ്യത്തോടെ ശകലിച്ചു തള്ളീട്ട്, രാവണന്റെ ശിരച്ഛേദനാഭ്യാസം ആവർത്തിക്കയായി. ഭൂമിയിലും ആകാശത്തും രാവണശിരസ്സുകൾ നിറഞ്ഞു. ആകാശസഞ്ചാരം ചെയ്യവേ ആ ശിരസ്സുകൾ ജയജയധ്വനിയോടെ “എവിടെ ലക്ഷ്മണൻ? ഹനുമാൻ? സുഗ്രീവൻ? എവിടെ രാമൻ? രാമനെവിടെ?” എന്നു ശബ്ദിച്ചുകൊണ്ടിരുന്നു. വാനരന്മാർ ഭയപ്രതാന്തരായി പുറംതിരിഞ്ഞോടി. രഘുവംശമണി പുഞ്ചിരി തൂകി നിന്ന്, ശരനിരകളാൽ അരിശിരസ്സുകൾ തുരുതുരെ അരിഞ്ഞുതള്ളി. അതുകൾ നിണവുമണിഞ്ഞു നിരക്കെ പരപ്പിൽ ചരിക്കുന്ന കോലാഹലം കണ്ടാൽ ശിരോമാലകൾ കരനികരത്തിൽ വഹിച്ച ഭദ്രകാളി ഡാകിന്യാദിഗണങ്ങളോടുകൂടി ചോരപ്പുഴയിൽ ആറാടിക്കയറി യുദ്ധരംഗദേവാലയപൂജയ്ക്കെഴുന്നള്ളിക്കയോ എന്നു തോന്നും.

രാവണൻ ഈ അവസരത്തിൽ തന്റെ പ്രചണ്ഡശക്തിയെടുത്തു പ്രയോഗിച്ചു. കാലദണ്ഡംപോലെ ആ മഹായുധം വിഭീഷണന്റെ നേർക്കണഞ്ഞു. “ഹരേ പ്രണതാർത്തിഹര! നിന്തിരുവടിയി

ലാണ് അടിയന്റെ വിശ്വാസം," എന്ന് സാധു വിഭീഷണൻ ഉച്ചരിച്ചതുകേട്ട് കൃപാനിധി മുന്നിട്ടുകയറി തിരുമെയ്യിൽ തന്നെ ആ ശക്തി പ്രഹരം ഏററു കൊണ്ടു. അല്പസമയത്തേക്കു ഭഗവാനു ബോധക്ഷയമുണ്ടായി. ഈ ലീല കണ്ട് ദേവന്മാരെല്ലാം അന്ധാളിച്ചുപോയി. സ്വാമിയുടെ ദീനാവസ്ഥയിൽ നിരാശനും കോപാന്ധനുമായ വിഭീഷണൻ ഗദയുമായി രാവണനോടടുത്തു. എടാ ഭാഗ്യഹീന! ശഠ! ദുർമ്മതേ! സുരനരനാഗദ്ധ്വംസക! മുനിഹിംസക! നീ പൂർവ്വകാലത്ത് ശിവപ്രസാദാൽ നിന്റെ ശിരസ്സ് ഹോമിക്കകൊണ്ട് ഇപ്പോഴും കോടി കോടി ശിരസ്സുകൾ പകരംകിട്ടി. അക്കാരണത്താൽ തല്ക്കാലം രക്ഷപ്പെട്ടുവെന്നേയുള്ളൂ. എന്നാലും കാലദേവത നിന്റെ ശിരസ്സിൽ നടമാടിക്കളിക്കയാണ്. മൂഢ! നീ രാമവിമുഖനായിരുന്നുകൊണ്ട് സമ്പൽസുഖങ്ങളെ ആഗ്രഹിക്കുന്നുവല്ലോ. ഇങ്ങനെ ഭത്സിച്ച് ഗദായുധം നെഞ്ചിൽത്തന്നെ പ്രഹരിച്ചു.

രാവണൻ ഞെട്ടിവിറച്ചു നിലത്തു വീണുപോയി. പത്തു മുഖങ്ങളിലൂടെയും രക്തധാര പ്രവഹിച്ചു. ക്രുദ്ധനായ അവൻ കൂട്ടാക്കാതെ എഴുന്നേററു വിഭീഷണനെ എതിരെതിർത്തു. പ്രബലന്മാരായ അവർ തമ്മിൽ ഭയങ്കരമായ ദ്വന്ദ്വയുദ്ധം നടന്നു. മഹാവിദ്വേഷത്തോടെ രണ്ടുപേരും അന്യോന്യം പ്രഹരിച്ചു. രാമബലഗർവ്വിതനാകകൊണ്ട് വിഭീഷണൻ ശത്രുവിനെ തൃണവൽഗണിച്ചുതന്നെ പൊരുതു.

ഹേ ഭദ്രാണീ! വിഭീഷണന് രാവണന്റെ നേരെ നിൽക്കാൻപോലും സ്വയം ശക്തിയില്ല. എന്നാലിപ്പോൾ രഘുരാജപ്രഭാവത്താൽ കാലനെപ്പോലെ അവനെ എതിർക്കുന്നു.

സമരം സമീക്ഷിച്ചുകൊണ്ടു ദൂരത്തു നിന്ന ഹനുമാൻ വിഭീഷണന് യുദ്ധത്തിൽ തളർച്ചയുണ്ടെന്നു മനസ്സിലാക്കിയ നിമിഷത്തിൽ, ഒരു പർവ്വതവും പുഴക്കിപ്പാഞ്ഞുവന്ന് രാവണന്റെ തേർക്കുതിരകളെയും തേരാളിയെയും തേരും പൊടിപെടുത്ത്, ആ ദുഷ്ടന്റെ ഉരസ്സിൽ ഊക്കോടെ ഒരു പ്രഹരം കൊടുത്തു. അടികൊണ്ട് ദേഹം ആകപ്പാടെ വിറച്ചുപോയി, നിലംപതിക്കാതെ നിൽക്കാൻ രാവണൻ വളരെ പണിപ്പെടേണ്ടിവന്നു. ഇതിനിടയ്ക്കു വിഭീഷണൻ തെററിമാറി രാമചന്ദ്രന്റെ സമീപത്തേക്കു പോയി. ക്രുദ്ധനായ രാവണൻ മുന്നിട്ടു നിൽക്കുന്ന ഹനുമാന്റെ നേരേ ചാടിവീണു. ഹനുമാനാകട്ടെ വാൽ താഴോട്ടു നീട്ടിയിട്ടുകൊണ്ട് ആകാശത്തിൽ കുതിക്കവേ രാവണൻ ആ വാലിൽ മുറുകെ എത്തിപ്പിടിച്ചു. അങ്ങോട്ടെന്നും ഇങ്ങോട്ടെന്നുമുള്ള ബലപരീക്ഷയിൽ ഹനുമാനുതന്നെ ജയം കിട്ടി. മഹാകായനായ രാവണൻ വാലിൽ തൂങ്ങി അന്തരീക്ഷത്തിൽ ഉൽപ്പാതി

ച്ചുപോയി. വായുപുത്രൻ ക്ഷണേന തിരിഞ്ഞണഞ്ഞു് മല്ലയുദ്ധത്തിനെതിർത്തു. സമയോദ്ധന്മാരായ അവർ കോപത്തോടേ അന്യോന്യം ഹനിച്ചും ഛലബലങ്ങൾ സർവം പ്രയോഗിച്ചും പൊന്മലയും മഷിമലയും തമ്മിലിടഞ്ഞതുപോലെ അന്തരിക്ഷത്തിൽ നിന്നു പോർ തുടങ്ങി. യുദ്ധവിദഗ്ദ്ധനായ ദശകണ്ഠനു് വളരെനേരത്തേക്കു് പരാജയമോ മനോഭംഗമോ സംഭവിച്ചില്ല. ഉടനെ ഭക്തദാസനായ ഭഗവാൻ സഹായത്തിനെത്തുകയാൽ ഹനുമാൻ എതിരാളിയെ ഒരു തീവ്രപ്രഹരമേൽപിച്ചു. രാക്ഷസൻ ഭൂമിദേവിയെ ഒന്നു ചുംബിച്ചുവെങ്കിലും നിമിഷത്തിലെഴുനേററു് സന്നദ്ധനായി നിന്നു. ദേവന്മാർ സന്തോഷത്തോടെ രണ്ടു വീരന്മാൎക്കും ജയ ജയ ശബ്ദം ആശംസിക്കയുണ്ടായി.

ഹനുമാൻെറ ദുർഘടാവസ്ഥ നോക്കി മൎക്കടന്മാർ ഉൽക്കടഗർജ്ജനം മുഴക്കി ഓടിയടുത്തു. യുദ്ധമത്തനായ രാവണൻ അവരിൽ വീരന്മാരെ പിടികൂടി തൻെറ പ്രചണ്ഡഭുജദണ്ഡങ്ങളാൽ മഥനം തുടങ്ങി. രാമകടാക്ഷമുള്ളപ്പോൾ അവൎക്കു തളൎച്ചയെവിടെ? ആ വീരന്മാർ പ്രചണ്ഡന്മാരായി വീണ്ടും ധൈൎയ്യസമേതം എതിർ ചെല്ലുന്നതുകണ്ടു രാവണൻ മായാവിദ്യതന്നെ പ്രയോഗത്തിലെടുത്തു. ക്ഷണംകൊണ്ടു മറഞ്ഞുകളഞ്ഞിട്ടു് അനേകരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. വാനരന്മാൎക്കെല്ലാം ഓരോ പ്രത്യേകരാവണൻ എതിർവന്നതുപോലെതോന്നി. രാവണസമൂഹത്തെ കണ്ടപ്പോൾ കപികൾ ശങ്കിതന്മാരായി നാലുവഴിക്കമോടി; എതിൎത്തുനിൽക്കുവാനൊരുത്തൻപോലും ധൈൎയ്യപ്പെട്ടില്ല. 'രാമ! രാമാനുജ! രക്ഷരക്ഷ' എന്നു വിളികൂട്ടുകയുമായി. ഘോരഗൎജ്ജനസമേതം കോടി കോടി രാവണന്മാർ അവരെ പിന്തുടൎന്നുചെന്നു; ദേവന്മാരുടെ കഥ ഇതേക്കാൾ കഷ്ടതരമായിത്തീൎന്നു. എന്തെന്നില്ലാത്ത സംഭ്രമത്തോടെ അവർ ദൂരദൂരം പാഞ്ഞു. പായും വഴി തമ്മിൽ തമ്മിൽ പറകയാണു്. "സഹോദര! ജയാശയെല്ലാം ഉപേക്ഷിച്ചേക്കൂ. ഒരേഒരു രാവണനല്ലേ നമ്മെയൊക്കെ നശിപ്പിച്ചതു്. ഇപ്പോളിതാ അവന്മാരെ അനവധി കാണുന്നുവല്ലോ. മലയിലെ ഗുഹകളിലെങ്ങാനും പോയി അഭയം പ്രാപിക്കയേ നിവൃത്തിയുള്ളു;" പ്രഭുവിൻെറ മഹിമയെക്കുറിച്ചറിഞ്ഞിരുന്ന ജ്ഞാനഘനന്മാരായ മുനിമാരും ശിവനും ബ്രഹ്മാവും മാത്രമേ ഇളകാതെയുള്ളു.

വികടമൎക്കടന്മാരെല്ലാം ആ മായാപ്രദർശനം സത്യമെന്നു ഭ്രമിച്ചു. കൃപാനിധേ പാഹിപാഹി എന്നു വിളികൂട്ടി പലായനം ചെയ്തു. ഹനുമാൻ, അംഗദൻ, നളൻ, നീലൻ ഇങ്ങനെ ഏതാനം വാനരന്മാർമാത്രം ധൈൎയ്യസമേതം നിന്നു പോരാടി കോടി കോടി രാവണന്മാരെ മർദ്ദിച്ചു.

സുരന്മാരുടെയും വാനരസംഘത്തിൻെറയും ഭയവിഭ്രമങ്ങൾ കണ്ട് കരുണാനിധി മന്ദഹാസപൂർവ്വം ചെറുഞാണൊലി മുഴക്കി ഒരു പ്രവരശരം തൊടുത്തയച്ചു. രാവണപ്രപഞ്ചമെല്ലാം അതോടെ അസ്തമിച്ചു. സൂര്യോദയത്താൽ ഇരുളെന്നപോലെ മായാപ്രദർശനം മുഴുവൻ ശമിച്ചു. യുദ്ധാരംഗം ഏകരാവണമായി ഭവിച്ചപ്പോൾ ദേവന്മാർ സന്തോഷപൂർവ്വം തിരിച്ചെത്തി, പ്രഭുശിരസ്സിൽ പുഷ്പങ്ങൾ വാരി വർഷിച്ചു. ഭഗവാൻ ഭുജങ്ങൾ ഉയർത്തി കപിസങ്ഘത്തോടരികെ വരുവാൻ സംജ്ഞകാണിച്ചു. ഈ സന്തോഷവർത്തമാനം സമീപത്തുനിന്നവരോടും പറഞ്ഞു് വിളിച്ചുകൂട്ടിക്കൊണ്ടു്, എല്ലാവരുമായിവന്നു. പ്രഭുബലത്താൽ പ്രബലന്മാരായ കപിഭല്ലൂകങ്ങൾ നിഃശങ്കം പാഞ്ഞുപോയി യുദ്ധക്കളത്തിൽ നിരന്നു. രാവണൻ ദേവന്മാരുടെ സന്തോഷവും പ്രശംസകളും സഹിക്കാതെ മുറുമുറുക്കുകയായി. "ഞാനിപ്പോൾ ഏകനായി ശേഷിച്ചുപോയി എന്നാണ് ഇവരുടെ വിചാരം. മൂഢന്മാരേ! നിങ്ങൾ എപ്പോഴും എനിക്കിരയാണെന്നു കരുതുവിൻ" ഇത്രയും പറഞ്ഞു് ശക്തിയോടേ കുതിച്ചു് ആകാശത്തിലുയർന്നു. ദേവന്മാർ ഹാഹാകാരംമുഴക്കി പലവഴി ഓടി. രാവണൻ അവരേനോക്കി "ജളന്മാരേ! നിങ്ങൾ എൻെറ കണ്ണുതെറ്റി എവിടെപ്പോയി രക്ഷപ്പെടും" എന്നു ഗർജ്ജിച്ചു. ദേവന്മാരുടെ സംകടാവസ്ഥനോക്കി നിന്ന അങ്ഗദൻ കുതിച്ചുപൊങ്ങി രാവണൻെറ കാലിൽ പിടികൂടി. പിടിച്ചുവലിച്ചു നിലത്തിട്ടുരുട്ടി, കാലുകൊണ്ടൊരു തൊഴിയും കൊടുത്തു്, ക്ഷണത്തിൽ പ്രഭുസമീപത്തിലേക്കുപോയി. രാവണൻ പിടച്ചുചാടി എഴുന്നേററു് ഘോരഘോരമായി ഗർജ്ജിച്ചു. ദംഭത്തോടെ വല്ലുകൾ പത്തും വളച്ചുപൂട്ടി, ശരവർഷത്താൽ ശത്രുവൃന്ദത്തെ മൂടി. അവരുടെ ഭയപ്പാടുകൾ നോക്കിനോക്കി, തൻെറ ഭുജബലത്തെ താനേതന്നെ കൊണ്ടാടി.

ഈ ധിക്കാരം തൃക്കൺപാർക്കയാൽ ഭഗവാൻ രാവണൻെറ തലകളും അമ്പും വില്ലും ഒക്കപ്പൊടെ ഒരുമിച്ചുമുറിച്ചു. എന്നാൽ അവയെല്ലാം തീർത്ഥത്തിൽ ചെയ്ത പാപംപോലെ ഉടനേ പൊട്ടിമുളച്ചു. ശത്രുവിൻെറ തലയും കയ്യും എത്ര മുറിച്ചിട്ടിട്ടും ഒടുങ്ങാത്തതു കണ്ടു്, വാനരന്മാർ ഭ്രൂണ്ടികടിച്ചുകൊണ്ടു്, ശിവശിവ! കരച്ഛേദവും ശിരഃച്ഛേദവും എത്രതവണകഴിഞ്ഞു? ഈ ദുഷ്ടൻ മരിക്കയില്ലയോ "എന്നു വിളികൂട്ടി. അംഗദൻ, ഹനുമാൻ, നളൻ, നീലൻ, വിവിദൻ, മൈന്ദൻ ഇങ്ങനെ ബലശാലികളായ കപിശ്രേഷ്ഠന്മാരെല്ലാം വൃക്ഷങ്ങളും പർവ്വതങ്ങളും പുഴക്കി എററുമേറും തുടങ്ങി. ഓരോന്നും അവൻ കൈകൊണ്ടു പിടിച്ചു് അതുകൊണ്ടുതന്നെ തിരിയെ അവരെ പ്രഹരിച്ചു. ഒരു കരങ്ങൻ എത്തിയടുത്തു് നഖത്താൽ

ശരീരം കീറിപ്പൊളിക്കുമ്പോൾ മറെറാരുത്തൻ കടന്നുകയറി കാൽകൊണ്ടു തൊഴിക്കുകയായി. നളനും നീലനും തലയിൽ ചാടിക്കയറി മുഖങ്ങളെല്ലാം നഖങ്ങളാൽ കീറിമുറിച്ചു. രക്തം പ്രവഹിക്കുന്നതുകണ്ടു രാക്ഷസനു കോപം ജ്വലിച്ചു. വാനരന്മാരെ പിടിക്കാൻ കൈകൾ ഉയർത്തിയപ്പോൾ പിടികൊടുക്കാതെ വിദഗ്ദ്ധന്മാരായ അവർ, കമലവനത്തിൽനിന്നു മധുപങ്ങളെന്നപോലെ ഉയൎന്നു പറന്നുകളഞ്ഞു. അവൻ ജാഗ്രത്തോടെ ഉയരത്തിൽ കുതിച്ച് അവരെ പിടിക്കൂടി കൈകൾ പിരിച്ചൊടിച്ചു തറയിലടിച്ചു. ഇനി മരഞ്ചാടികളുടെ കളി കണ്ടുകൂടെന്നു കരുതി, വില്ലുകൾ പത്തും വലിച്ചുപൂട്ടി ക്രൂരശരങ്ങൾ ഘോരമായി വർഷിച്ചു ഹനുമദാദി വാനരന്മാരെല്ലാം മുറിവുപററി ബോധരഹിതരായി വീണുപോയി. രാത്രി അടുത്തടുത്തു വരുന്നതുകണ്ടു് രാവണനു സന്തോഷവുമായി. കപിവീരന്മാരെല്ലാം മൂൎച്ഛിച്ചു കിടക്കുന്നതുനോക്കി രണധീരനായ ജാംബവാൻ വൃക്ഷപൎവ്വതാദ്യായുധങ്ങൾ ധരിച്ച ഋക്ഷഭല്ലൂകസേനയുമായിവന്നു. പ്രഹരങ്ങളെല്ലാം രാവണൻ ദേഹംകൊണ്ടുതന്നെ തടുക്കേണ്ടിവന്നു. ക്രോധഭാരത്തോടെ ഓരോന്നിനെ അവൻ കാലിൽതൂക്കിയെടുത്തു നിലത്തടിച്ചുതുടങ്ങി. നിൎദ്ദയമായ ഈ പ്രയോഗത്താൽ അനവധി ഭല്ലൂകന്മാരൊടുങ്ങി. സേനാനാശത്താൽ കുപിതനായ ജാംബവാൻ രാവണന്റെ നെഞ്ചിൽ ഒരു പാദപ്രഹരമേല്പിച്ചു. അവൻ ബോധമില്ലാതെ തേരിൽനിന്നു ഭൂമിയിൽ മറിഞ്ഞു. എങ്കിലും താമരയിതൾക്കൂട്ടത്തിൽ രാത്രിയിലകപ്പെട്ട മധുകരങ്ങൾപോലെ, ഓരോ ഭല്ലൂകം അവന്റെ ഇരുപതു കൈകളിലും ഇരിപ്പുണ്ടായിരുന്നു. മൂൎച്ഛിതനായ ശത്രുവിനു്, ഒരു പ്രഹരംകൂടി പാദത്താൽ കൊടുത്തിട്ടു ജാംബവാൻ പ്രഭുസമീപത്തിലേക്കു പോകനും ചെയ്തു.

ഇരുളടഞ്ഞുതുടങ്ങി. സൂതൻ കഴിയുന്ന വേഗത്തിൽ രാവണനെ തേരിൽ എടുത്തിട്ടു കൊട്ടാരത്തിലേക്കു മടങ്ങി. കപിഭല്ലൂകസംഘം മൂൎച്ഛയിൽനിന്നും ഉണൎന്നെഴുന്നേററു ഭഗവൽസമീപത്തിൽ കൂടി. ലങ്കയിൽ രാവണന്റെ കിടപ്പുകണ്ടു രാക്ഷസന്മാരെല്ലാം ഭയാകുലന്മാരായി ചുററും കൂടി.

അന്നുരാത്രിയിൽ ത്രിജട എന്ന രാക്ഷസി സീതയുടെ സമീപത്തുചെന്നു് വൃത്താന്തങ്ങളെല്ലാം പറഞ്ഞു കേൾപ്പിച്ചു. ശത്രുവിന്റെ ശിരസ്സും കയ്യും അറുത്തിട്ടിട്ടും മുളയ്ക്കുന്നു എന്ന വൎത്തമാനം സീതയ്ക്കു മഹാ മനഃശല്യമുണ്ടാക്കി. എന്നിട്ടു മ്ലാനമുഖത്തോടെ ചിന്താവിവശയായി ത്രിജടയെ നോക്കി ചോദിച്ചു. അമ്മേ! ഈ ലോകോപദ്രവിയെ സംഹരിക്കാനുള്ള ഉപായം ഇതുവരെ അമ്മ എനിക്കു പറഞ്ഞുതരാഞ്ഞതെന്തു്? രഘുരാജബാണങ്ങൾ ശിരസ്സുകൾ ഛേദിച്ചിട്ടും അ

വൻ മരിക്കുന്നില്ലയോ? സത്യത്തിൽ വിധിയുടെ ഗതി വിപരീതമായിത്തന്നെകാണുന്നു. എന്റെ ഭാഗ്യക്കേടായിരിക്കണം അവന്റെ ജീവനെ രക്ഷിക്കുന്നതു്. എന്തെന്നാൽ ഹരിപാദകമലത്തെ വേർപെട്ടു ഭാഗ്യദോഷം എന്നെ ഹനിക്കാതെ വച്ചിരിക്കുന്നുവല്ലോ. അത്ര ദുസ്സഹമായ ദുഃഖം സഹിക്കാൻ എന്നെ ശക്തിപ്പെടുത്തിയ വിധി, ലക്ഷ്മണനോടു കടുവചനങ്ങൾ ഉച്ചരിക്കാൻ പ്രേരകമായ വിധി, രഘുപതിവിരഹത്താൽ തുടരെത്തുടരെ ഹൃദയത്തിൽ തുളഞ്ഞുകയറുന്ന വിഷലിപ്തങ്ങളായ വിഷമദുഃഖശരശതങ്ങളുടെ തീവ്രവേദനസഹിച്ചുകൊണ്ടു ജീവിക്കാൻ ഇടയാക്കിയ ദുർവ്വിധി, അതേ ആ വിധിതന്നെ അവന്റെ ജീവനെ രക്ഷിക്കുന്നതെന്നു ഞാൻ സത്യം ചെയ്യാം. ദേവി ഇപ്രകാരം വിവിധം വിലപിച്ചു ഭഗവൽധ്യാനത്തോടുകൂടിയിരുന്നു. ത്രിജട പറഞ്ഞു. രാജകുമാരീ! കേൾക്കൂ! ഈ ദേവദ്രോഹി കഴുത്തും കയ്യും മുറിച്ചാൽ മരിക്കുകയില്ല. അമ്പുകൊണ്ടു നെഞ്ചു പിളൎന്നെങ്കിലേ ചാകൂ. എന്നാൽ പ്രഭു എന്തുകൊണ്ടാണു് നെഞ്ചു നോക്കി ശരം പ്രയോഗിക്കാത്തതു്. അതിനു കാരണമുണ്ടു്. എപ്പോഴും ആ നെഞ്ചിനകത്തു വൈദേഹി വസിക്കുന്നുണ്ടു്. വൈദേഹിയുടെ ഹൃദയത്തിൽ താനും തന്റെയുള്ളിൽ സകല ചരാചരങ്ങളും സ്ഥിതിചെയ്യുന്ന നിലയിൽ ഒരു ശരം രാവണന്റെ നെഞ്ചു പിളക്കുന്നതായാൽ, സർവ്വനാശമാണല്ലോ ഫലം എന്ന ഭയത്താലാണു് ഭഗവാൻ മടിക്കുന്നതു്." ഈ യുക്തിവാദം ദേവിയ്ക്കു തെല്ലൊരാശ്വാസത്തെയുണ്ടാക്കി. എങ്കിലും സ്വസ്ഥഹൃദയയാകുന്നില്ലെന്നറിഞ്ഞു് ത്രിജട പിന്നെയും പറഞ്ഞു. ജനകപുത്രീ! ആ ദുഷ്ടൻ അചിരേണ വധിക്കപ്പെടും. വ്യസനം വേണ്ടാ. ശിരസ്സുകൾ അറിഞ്ഞറിഞ്ഞു തള്ളുന്തോറും അവന്റെ ആശകളും മോഹങ്ങളും ക്ഷയിക്കും. ക്രമേണ നിന്നെക്കുറിച്ചുള്ള ധ്യാനം ഹൃദയത്തിൽനിന്നും മറയും. ആ അവസരംനോക്കി വിജ്ഞനായ രഘുപതി നെഞ്ചുപിളൎന്നു് അവനെ നിഗ്രഹിക്കുകയും ചെയ്യും. ഇത്തരത്തിൽ ദേവിയെ പല യുക്തികളാലും ആശ്വസിപ്പിച്ചിട്ടു ത്രിജട സ്വഭവനത്തിലേക്കു പോയി. സീതയുടെ ഹൃദയം ഇനിയും സ്വസ്ഥമായില്ല. രാമചന്ദ്രന്റെ രൂപശീലാദിഗുണങ്ങളെ ധ്യാനിച്ചു വിരഹഖേദത്താൽ നിശയേയും ശശിയേയും നിന്ദിക്കാൻ തുടങ്ങി. ഹാ! യുഗസമയായ രാത്രി ഒരിക്കലും ഒടുങ്ങില്ലല്ലോ. ഇത്യാദി ദുഃഖപ്രലപനങ്ങൾ ആവൎത്തിച്ചു ഹൃദയം വെന്തുവെന്തിരുന്നു. വിരഹഖേദഭാരത്തെ താങ്ങാൻ ഹൃദയം ശക്തമല്ലാതായപ്പോൾ ദേവിയുടെ ഇടതുഭാഗം കണ്ണും കയ്യും തുടിച്ചു. "ഇതു ശുഭശകുനംതന്നെ. കൃപാനിധിയെ അചിരേണ ദർശിക്കാൻ എനിക്കു സംഗതിയാകും" എന്നു ചിന്തിച്ചു കുറഞ്ഞൊന്നാശ്വസിക്കയും ചെയ്തു.

രാത്രി ഏകദേശം പകുതി കഴിഞ്ഞ സമയം രാവണന്ന ബോധം വന്നു. ഉടനേ സാരഥിയെ നോക്കി മൂഢ! ഞാനിത്ര ഭീരുവോ? യുദ്ധക്കളത്തിൽനിന്നു തേരു തിരിച്ചോടിക്കാൻ കാരണം? അധമ! ബുദ്ധിഹീന! നീ ധിക്കാര്യ്യൻതന്നെ എന്നു ഭത്സിക്കാൻ തുടങ്ങി. പാവം! അവൻ കാലുപിടിച്ചു കരഞ്ഞു സമാധാനങ്ങളുമെല്ലാം പറഞ്ഞു ഒരുതരത്തിൽ കോപം ശമിപ്പിച്ചു

നേരം പ്രഭാതമായി, രാവണൻ വീണ്ടും തേരിൽ കയറി യുദ്ധക്കളത്തിലേക്കു പുറപ്പെട്ടു. അവൻെറ വരവറിഞ്ഞപ്പോൾ ഭല്ലൂകവാനരന്മാർ പല്ലുകൾ കടകട ഞെരിച്ചു ചൊടിച്ചു ചാടി മലകളും മരങ്ങളും പറിച്ചെടുത്തു പിടിച്ചുകൊണ്ടു പാഞ്ഞടുത്തു.

കരാളകരദണ്ഡന്മാരായ അവരുടെ പ്രഹരങ്ങളേററ് രാക്ഷസഭടന്മാർ പലായനം ചെയ്തു സേനാദലത്തെ ഇങ്ങനെ വിചലിപ്പിച്ചുകററിയശേഷം, ആ ബലശാലികൾ രാവണൻെറ ചുററും കൂടി പലവിധത്തിൽ അലട്ടുകയും നഖരങ്ങളാൽ ചീന്തിമാന്തിശ്ശരീരം മുറിപ്പെടുത്തുകയും ചെയ്തു. ദുർവ്വാരമായ അവരുടെ ശക്ത്യതിശയം കണ്ടു് രാവണൻ ചിന്തിച്ചുനോക്കി, ക്ഷണത്തിൽ മറഞ്ഞുനിന്നു് മായാപ്രദർശനം ആരംഭിച്ചു. സമരാങ്ഗണം മുഴുവൻ ചില പ്രചണ്ഡസത്വങ്ങളുടെ പ്രകടനരംഗമായിത്തീർന്നു. ഭൂതവേതാളപിശാചങ്ങൾ വില്ലുമമ്പും കയ്യിൽധരിച്ചും, യോഗിനികൾ ഒരു കയ്യിൽ ഖഡ്ഗവും ചുഴററിക്കൊണ്ടു്, മററതിലിരിക്കുന്ന മനുഷ്യത്തലയോട്ടിയിൽനിന്നു രക്തം കുടിച്ചും, ആട്ടുകയും പാട്ടോട്ടു പാട്ടുപാടുകയും ചെയ്യുന്നു. പിടി! കൊല്ലു്! എന്നു് ഇടയ്ക്കിടെ അവ മുഴക്കുന്ന ശബ്ദം ചുററും മാറെറാലിക്കൊള്ളുന്നു. നായ്ക്കൾ വായുംപിളൎന്നു്, ചുററിച്ചുററി ഓടിനടക്കുന്നു. ഒക്കെപ്പാടെ കണ്ടു് കുരങ്ങന്മാർ പിന്തിരിഞ്ഞു പാഞ്ഞു. എന്നിട്ടും രക്ഷയില്ലാത്തവിധത്തിൽ തിരിയുന്ന തിരിയുന്ന ദിക്കിലെല്ലാം അഗ്നിജ്വാലകൾ അവരെ തടുത്തു. നിശ്ശേഷം ഭയവിഹ്വലന്മാരായി നില്ക്കെ, അവരുടെ പുറത്തു് മണൽമഴ അടന്നടന്നു വീണു. ഇങ്ങനെ നാലുപുറത്തുടെയും വാനരന്മാരെ ധർഷിച്ചുകൊണ്ടു് ജയപ്രമത്തനായ രാവണൻ ഘോരഘോരം ഗർജ്ജനംചെയ്തു. ലക്ഷ്മണസുഗ്രീവപ്രഭൃതികൾപോലും ചേതനയററുനിന്നുപോയി. വീരഭടന്മാരെല്ലാം ഹാ രാമരാമ! രഘുനാഥ! എന്നു ദീനസ്വരം പുറപ്പെടുവിച്ചു. പലവിധത്തിലും വാനരസേനയുടെ ബലവീര്യ്യങ്ങൾ ക്ഷയിപ്പിച്ചുകഴിഞ്ഞശേഷം, രാവണൻ, ഭഗവാനേയും അകപ്പെടുത്തണമെന്നു കരുതി മായാപ്രദർശനത്തിൻെറ രംഗമൊന്നു മാററി. വലിയ വലിയ പാറകൾ കയ്യിൽ തൂക്കി ഭയംകരാകൃതി ധരിച്ച അനവധി ഹനുമാന്മാർ, ഉടനെ അവിടെ ആവിർഭവിച്ചു. അവരെല്ലാം

വാൽപൊക്കിപ്പിടിച്ച് കടകടാപ്പല്ലുകളും ഇറുമി "കൊല്ല്! പിടി
ച്ചു ഞെരിച്ചുകള! വിടരുതാവനെ" എന്നലറിപ്പാഞ്ഞുചെന്ന്, വാ
ലുകളെല്ലാം വട്ടത്തിൽ വളച്ചുയർത്തി ഭഗവാനെ മദ്ധ്യത്തിലകപ്പെട്ടു
ത്തിക്കളഞ്ഞു.

ശ്യാമകോമളനായ രാമചന്ദ്രൻ, അനേകം ഇന്ദ്രധനസ്സുകളാൽ
വളയപ്പെട്ട ഒരു തുംഗതമാലംപോലെ വിളങ്ങി. ദേവന്മാർ ഈ
സ്ഥിതിഭേദം നോക്കി ഹർഷവിഷാദവിവശന്മാരായി ജയജയധ്വനി
മുഴക്കി. ഭഗവാനു കോപം ജ്വലിച്ചു. ഒരേ ഒരു ശരത്താൽ രാക്ഷസ
ന്റെ മായക്കൂത്തുകളെല്ലാം അസ്തമിച്ചു. സമരാങ്ഗണം യഥാസ്ഥി
തമായി. കപിഭല്ലൂകസംഘങ്ങൾ, സന്തോഷബഹളത്തോടെ വൃക്ഷ
ശിലാദ്യായുധങ്ങളും ധരിച്ചു തിരിച്ചെത്തിക്കഴിഞ്ഞു. രഘുപതി നി
ശിതശരങ്ങൾ തുരുതുരെച്ചൊരിഞ്ഞുകൊണ്ടിരുന്നു. രാവണന്റെ ശി
രസ്സുകളും ഭുജങ്ങളും വീണ്ടും യുദ്ധക്കളത്തിൽ നിരന്നു. ശിവശിവ! രാ
വണയുദ്ധത്തിലെ രാമചരിതം അനവധി ശേഷന്മാരും ശാരദകളും
നിഗമങ്ങളും കവികളും പലപല കല്പകാലം പാടിയാലും അവസാ
നിക്കുമൊ? ആ മഹാത്മാവിന്റെ ഗുണഗണത്തിൽ അല്പമാത്രം പ
റയാൻതുടങ്ങുന്ന മന്ദമതി തുളസീദാസൻ, ആകാശമണ്ഡലത്തിൽ
സ്വൈരസഞ്ചാരം ചെയ്യാൻ കരുത്തുണ്ടെന്നഭിമാനിക്കുന്ന മശകം
തന്നെ.

തലകളും കൈകളും എത്രയെത്ര അററുവീണിട്ടും ലങ്കേശൻ മ
രിച്ചില്ല. ദേവസിദ്ധമുനിസംഘങ്ങൾ പ്രഭുവിന്റെ ഈ കളികണ്ടു
ആകുലാകുലന്മാരായി ഭവിച്ചു. ലാഭത്താൽ ലോഭിയുടെ ആശകൾ
എന്നപോലെ, രാവണശിരസ്സുകൾ അററററു വീണാലുടനെ പു
ത്തൻപുത്തൻ മുളയ്ക്കുകയായി. എത്ര ശ്രമപ്പെട്ടിട്ടും, ശത്രു മരിക്കു
ന്നില്ലെന്നു കണ്ടു പ്രഭു, വിഭീഷണനിൽ ഒരു നോട്ടമിട്ടു. ഹേ രുദ്രാ
ണീ! മൃത്യുവും കാലനും ഇച്ഛയെ അനുസരിച്ചിരിക്കുന്ന പ്രഭു, ത
ന്റെ പ്രജകളിൽ ഒരുവന്റെ ഭക്തിയെ പരീക്ഷിക്കയെന്നേ ആ
നോട്ടത്തിനർത്ഥമുള്ളു. തൃക്കൺപാർത്തതുകണ്ടു വിഭീഷണൻ വിന
യപൂർവം വണങ്ങി "സുരമുനിസുഖദായക! പ്രണതപാലക! സർവ്വ
ജ്ഞ! ഇവന്റെ നാഭികുണ്ഡത്തിൽ പീയൂഷമിരിക്കുന്നു. അതുകൊണ്ട
ത്രേ മരിക്കാത്തതു്" എന്നുണർത്തിച്ചു. ഭഗവാൻ സന്തുഷ്ടനായി ക
രാളശരങ്ങൾ കയ്യിലെടുത്തു.

ഈ അവസരത്തിൽ അനവധി ദുശ്ശകുനങ്ങൾ പ്രകടിക്കയാ
യി. കുറുനരികളും, നായ്ക്കളും കഴുതകളും ക്രൂരമായി ശബ്ദിച്ചു. ലോ
കസങ്കടത്തെ നിവേദിപ്പിക്കുമാറു പക്ഷികൾ ദീനസ്വരവും പുറപ്പെ
ടുവിച്ചു. ആകാശമണ്ഡലത്തിലെങ്ങും ധൂമകേതുക്കൾ ഉദിച്ചു തെ
ളിഞ്ഞു. നാലുപുറത്തും തീജ്വാലകൾ കത്തിയെരിഞ്ഞു. പർവ്വാഗമ

നമില്ലാതെതന്നെ ആദിത്യബിംബത്തിൽ ഗ്രഹണം കണ്ടു. മണ്ഡോദരിയുടെ ഹൃദയം കഠിനകഠിനമായി വിറച്ചുകൊണ്ടു. പ്രതിമകളെല്ലാം ബാഷ്പധാര വർഷിച്ചുതുടങ്ങി. ആകാശത്തിൽ ഭയങ്കരമായി ഇടിവെട്ടി മുഴങ്ങി. കൊടുങ്കാററു ഘോരമായി വീശിയടിച്ചു. ഭൂഗോളം ആകപ്പാടെ ഇളകിവിറച്ചു. മേഘങ്ങൾ ചോരയും, തലമുടിയും, പൊടിയും വർഷിച്ചു. ആകെ അപ്പോഴുണ്ടായ ദുശ്ശകുനപ്രകാരങ്ങൾ വർണ്ണിക്കാൻ പ്രയാസം. അപരിമിതമായ ഈ ആപല്ലക്ഷണം കണ്ട് ദേവന്മാർ ഹൃദയവൈകല്യത്തോടെ ജയജയശബ്ദം ഉച്ചരിച്ചു അവരുടെ ഭയശങ്കകൾ ശമിക്കെ ധരിച്ചു ദയാനിധി മുപ്പത്തിയൊന്നമ്പുകൾ ഒരുമിച്ചു ഞാണിൽ തൊടുത്തു കാതോളം വലിച്ചു ഒരുമിച്ചു പ്രയോഗിച്ചു. കാളസർപ്പങ്ങളെപ്പോലെ അവ ചീറിപ്പാഞ്ഞണഞ്ഞു; ഒരു ശരം നാഭി പിളർന്നുകയറി അമൃതത്തെ ആഹരിച്ചതിനിടയ്ക്കു്, മററു മുപ്പതും അവന്റെ തലകളും കൈകളും അറുത്തു. അവ നിലത്തു വീഴാതിരിക്കത്തക്ക ഊക്കോടെ മുറിച്ചു വഹിച്ചുകൊണ്ടുപോയി. കൊമ്പുകൾമുറിച്ച തായ്ത്തടിപോലെ ശരീരം യുദ്ധക്കളത്തിൽ ഓടിക്കൊണ്ടിരുന്നു. പ്രചണ്ഡമായ ധാവനവേഗത്താൽ ഭൂമിതന്നെ ചാഞ്ചാടിപ്പോയി. തൽക്ഷണം പ്രഭു ആ ശരീരം രണ്ടു ഖണ്ഡമായി പിളർന്നു. "രാമനെവിടെ? വധിക്കണം എനിക്കവനെ" എന്നൊരു ഘോരഗർജ്ജനം അവന്റെ ഉള്ളിൽനിന്നും മുഴങ്ങി. ദേഹഖണ്ഡങ്ങൾ രണ്ടും വീണ സമ്മർദ്ദത്താൽ ഭൂമി നടുങ്ങുകയും നദികളും കടലുകളും കലങ്ങുകയും മലകൾ കുലുങ്ങുകയും ചെയ്തു. ദിഗ്ഗജങ്ങളും സംഭ്രാന്തങ്ങളായി ഉഴന്നു. ഭൂമിയിൽ നെട്ടുകെക്കിടന്ന ആ ശരീരഖണ്ഡങ്ങളിൽ കപികളും ഭല്ലുകങ്ങളും ചുററിപ്പററിക്കൂടി.

ശിരസ്സുകളും ഭുജങ്ങളും ഖണ്ഡിച്ച ബാണങ്ങൾ അവററെ മണ്ഡോദരിയുടെ മുമ്പിൽ നിക്ഷേപിച്ചു മടങ്ങിവന്നു് ഭഗവാന്റെ തൂണീരത്തിൽ വീണു. ദേവന്മാരുടെ ആഹ്ലാദപ്രസരം ദുന്ദുഭിനാദങ്ങൾ ആഘോഷിച്ചു. രാവണന്റെ ആത്മതേജസ്സ് ദേഹംവിട്ടുയർന്നുചെന്നു പ്രഭുവിന്റെ വദനകമലത്തിൽ ചേർന്നു. ഈ ആത്മൈക്യം കണ്ടു് ബ്രഹ്മശങ്കരന്മാർ ഹർഷിച്ചു. 'ജയരഘുവീര! പ്രബലഭുജദണ്ഡ! ഇത്യാദി മംഗളധ്വനികൾ നവഖണ്ഡങ്ങളിലും മുഴങ്ങി. ദേവമുനിവൃന്ദങ്ങൾ പുഷ്പവൃഷ്ടി തൂകിക്കൊണ്ടു്,

"കരുണാകന്ദ! മുകുന്ദ! ജയജയ! രജനീചരമദശമനമുരാരേ!
ഖലദലദാരണ! കാരണ! ജയജഗദമലസുഖാവഹ! സുരരുചിരകീർത്തേ"

ഇത്യാദി ജയഗാനങ്ങൾ പാടി ദുന്ദുഭികൾ ഉച്ചൈസ്തരം ഉദ്ഘോഷിച്ചു.

രാമചന്ദ്രൻ കോടികന്ദർപ്പദർപ്പത്തെ ഹരിക്കുന്നതായ അവയവസുഷമയോടുകൂടി യുദ്ധക്കളത്തിൽനിന്നു. കല്പകപുഷ്പങ്ങളാൽ വിരാജമാനമായ ജടാമകുടം, മിന്നൽപിണറുകൾ ഇടകലർന്ന്, നക്ഷത്രപംക്തിയാൽ അലംകൃതമായ നീലപർവ്വതംപോലെ ശോഭിച്ചു. കരകമലത്തിൽ ശരശരാസനങ്ങൾ ധരിച്ചിരുന്നു. കുങ്കുമക്കിളികൾ സുഖമായി സ്ഥിതിചെയ്യുന്ന പച്ചിലമരമോ എന്നു തോന്നുന്നതക്കവണ്ണം ശരീരത്തിലെങ്ങും ചോരത്തുള്ളികൾ തെറിച്ചിരുന്നു.

ഭഗവാൻ, കൃപാദൃഷ്ടിയുടെ വൃഷ്ടിയാൽ ദേവന്മാൎക്കഭയദാനം ചെയ്തു. വാനരഭല്ലൂകസംഘങ്ങൾ പരമസന്തോഷപരതന്ത്രന്മാരായി "ജയസുഖധാമമുകുന്ദ"ഗാനം പാടി. ഭർത്തൃശിരസ്സുകൾ മുമ്പിൽ പതിച്ചതുകണ്ടു മണ്ഡോദരി മോഹാലസ്യപ്പെട്ടു വീണുപോയി. തുല്യദുഃഖത്തോടെ വിലപിച്ച ദാസിമാർ വേഗത്തിൽ അവളെ താങ്ങിയുപചരിച്ച് പ്രേതം കിടന്ന സ്ഥലത്തേയ്ക്കു കൊണ്ടുവന്നു. ഭർത്താവിന്റെ കിടപ്പുനോക്കി അവൾ വാവിട്ടു നിലവിളിച്ചു; തലമുടി അഴിഞ്ഞു ചിതറിവീണു. ദേഹം ദുർബ്ബലമായി. ആധിയാൽ അന്ധയായ ആ സാധ്വി നെഞ്ചിലലച്ചുകൊണ്ട് ഭർത്തൃപ്രതാപങ്ങൾ വർണ്ണിച്ചു വിലപിക്കയായി. "നാഥ! നിന്റെ ബലാതിശയത്തിൽ ഭൂമണ്ഡലംപോലും കിടുകിടുത്തിരുന്നു. ആദിത്യാനലചന്ദ്രന്മാരുടെ തേജസ്സു മങ്ങിപ്പോയിരുന്നു. അനന്തനും ആദികൂൎമ്മവുംതന്നെ നിന്റെ ഭാരം പണിപ്പെട്ടാണു വഹിച്ചതു്. ഇപ്പോളിതാ ആ ശരീരം പൊടിയുംപൂശി നിലത്തുകിടക്കുന്നു. വരുണകുബേരസുരേശസമീരന്മാരിലാരും നിന്റെ നേരെനില്ക്കാൻ ധൈൎയ്യപ്പെട്ടില്ല. ഭുജബലത്താൽ നീ കാലനേയും മൃത്യുവേയും ജയിച്ചവൻ. ആ പ്രതാപശാലി ഇതാ അനാഥസ്ഥിതിയിൽ കിടക്കുന്നു. ലങ്കേശ്വര! നിന്റെ പ്രഭുത ലോകവിഖ്യാതമാണു്. പുത്രന്റെയും പരിജനങ്ങളുടേയും പ്രാബല്യവും അവർണ്ണ്യംതന്നെ. എന്തുചെയ്യാം! വിധിബലത്താൽ നീ രാമവിമുഖനായിത്തീൎന്നു. അതുനിമിത്തം ഈ ദുർഘടാവസ്ഥയിലകപ്പെടേണ്ടിവന്നു. മരിച്ചിട്ടു കരയാൻപോലും കുലത്തിലൊരുത്തൻ ശേഷിച്ചില്ലല്ലോ. ഒരുകാലത്തു് ഈ പ്രപഞ്ചമേ നിന്റെ അധികാരാതിൎത്തിയിലായിരുന്നു- ദിക്പാലന്മാരെല്ലാം മുമ്പിൽ തലകുനിച്ചു തൊഴുതുനിന്നു. ഇപ്പോഴത്തെ അവസ്ഥയോ? തലയും കയ്യുമെല്ലാം ഇതാ കുറുനരികൾ വിഴുങ്ങുന്നു അതു് ഉചിതവുംതന്നെ. രാമനെ നീ വിരോധിച്ചുവല്ലോ. കാലവശനായ ഭർത്താവേ! എന്റെ വാക്കുകൾ വകവയ്ക്കാതെ ചരാചരഗുരുവായ ജഗദീശനെ, അസുരകാനനദാവാനലനായ ഹരിയെ, നീ കേവലം ഒരു മനുഷ്യനായിക്കരുതിക്കളഞ്ഞു. ബ്രഹ്മശങ്കരാദിദേവപരിപൂജിത

നായ ആ കരുണാനിധിയേ, ഭജിക്കാതെ ധിക്കരിച്ചുകളഞ്ഞു. ജന്മനാ പരദ്രോഹരതനാകകൊണ്ടു്, പാപൌഘമയനായിരുന്നിട്ടും നിന്നെ ആ കരുണാനിധി സ്വധാമത്തിലേയ്ക്കു ഉദ്ധരിച്ചുവല്ലോ. ആ നിരാമയബ്രഹ്മത്തെ ഞാൻ നമസ്കരിക്കുന്നു.

ആഹാ! പ്രാണനാഥാ! ദ്രോഹിച്ച നിനക്കു മുനിദുൎല്ലഭമായ പരമഗതി നൽകിയ രഘുനാഥനെപ്പോലെ കരുണാനിധി ആരുണ്ടു്?

മണ്ഡോദരിയുടെ വാക്കുകൾ സുരമുനിസിദ്ധസംഘങ്ങൾക്കു കൎണ്ണാമൃതമായിത്തോന്നി. ബ്രഹ്മശംകരന്മാരും പരമാൎത്ഥവാദികളായ സനൽകുമാരാദി മഹൎഷിമാരും ബാഷ്പനിരുദ്ധനേത്രന്മാരായി ഭക്തിരസാമൃതത്തിൽ മുങ്ങി രഘുപതിയെനോക്കി സുഖിച്ചു. സ്ത്രീജനങ്ങളുടെ പരിദേവനം കേട്ടു മനസ്സലിഞ്ഞ വിഭീഷണൻ സ്ഥലത്തുചെന്നു. ജ്യേഷ്ഠന്റെ കിടപ്പുകണ്ടപ്പോൾ ആ സാത്വികന്റെ ഹൃദയം തകൎന്നുപോയി. ദുഃഖഭാരം നിയന്ത്രിക്കാൻ ശക്തനാകാതെ വിലപിക്കുന്നതുകണ്ടു് ഭഗവാൻ നിയോഗിക്കയാൽ ലക്ഷ്മണൻ പോയി സാന്ത്വനവചനങ്ങൾ പറഞ്ഞു് ഒരുവിധത്തിൽ സമാധാനപ്പെടുത്തി.

വിഭീഷണൻ വിനയപൂൎവ്വം ഭഗവൽസമീപത്തിലെത്തി വണങ്ങിനിൽക്കെ, ദയാനിധി കരുണാകടാക്ഷം തൂകിക്കൊണ്ടു് "സഖേ ശോകത്തെ പരിഹരിക്കുക. ഇനി മുറപോലെ ചരമക്രിയകൾ നടത്തുകയാണുവേണ്ടതു്" എന്നരുളിച്ചെയ്തു. കല്പനപ്രകാരം വിഭീഷണൻപോയി ദേശകാലങ്ങൾക്കനുഗുണമായ വിധത്തിൽ വിധിയനുസരിച്ചുതന്നെ ശവസംസ്കാരങ്ങളെല്ലാം വിവേകപൂൎവ്വം നിൎവ്വഹിച്ചു. മണ്ഡോദരി മററുരാജസ്ത്രീകളുമൊരുമിച്ചു് പരേതന്റെ ആത്മഗതിക്കുവേണ്ടി തിലാഞ്ജലി നൽകിയശേഷം രഘുവീരഗുണഗണങ്ങളെ മനസാ സ്മരിച്ചുകൊണ്ടു് കൊട്ടാരത്തിലേക്കു മടങ്ങി.

സംസ്കാരക്രിയകളെല്ലാം കഴിച്ചുചെന്നു വിഭീഷണൻ നമസ്കരിച്ചപ്പോൾ ഭഗവാൻ ലക്ഷ്മണനെ വിളിച്ചു "സഹോദര! സുഗ്രീവൻ, അംഗദൻ, നളൻ, നീലൻ, ജാംബവാൻ, ശീലനിധിയായ ഹനുമാൻ ഇവരുമായി നീ കൂടിച്ചെന്നു, സംഭാരങ്ങളെല്ലാം ഒരുക്കിച്ചു വിഭീഷണനെ സിംഹാസനസ്ഥനാക്കി അഭിഷേകം നടത്തുക" എന്നാജ്ഞാപിച്ചു. പിന്നെ വിഭീഷണനെനോക്കിപ്പറഞ്ഞു. "സഖേ! പിതൃവചനം മാനിക്കേണ്ടിയിരിക്കയാൽ എനിക്കു പട്ടണപ്രവേശം പാടില്ല. എന്റെ പ്രതിനിധിസ്ഥാനത്താൽ സഹോദരനെയും വാനരന്മാരെയും അയയ്ക്കുയാണു്."

ഹനുമൽപ്രഭൃതികൾ ലങ്കയിലെത്തി അഭിഷേകത്തിനു വേണ്ടതെല്ലാം ഒരുക്കി. അനന്തരം ഉചിതോപചാരപുരസ്സരം വാനരന്മാർ വിഭീഷണനെ സിംഹാസനത്തിലിരുത്തി രാജകീയതിലകം അണിയിച്ച്, സ്തുതിഗാനങ്ങൾ പാടിക്കൊണ്ട് കൈകൾകൂപ്പി അവന്റെ മുമ്പിൽ നമസ്കരിച്ചു. ക്രിയകളെല്ലാം കഴിഞ്ഞുകൂടിയയുടനേ, അവർ പുതിയ ലങ്കേശനുമായിച്ചെന്ന് രാമപാദങ്ങൾ വണങ്ങി. ദയാനിധി അമൃതമധുരങ്ങളായ പ്രിയവചനങ്ങളാൽ അവരെ സുഖിപ്പിച്ചു; എന്നിട്ട്, അഭിസംബോധനം ചെയ്തുപറഞ്ഞു. ബന്ധുക്കളെ! നിങ്ങളുടെ സഹായത്താൽ മാത്രമാണ് ഘോരശത്രുവിനെ നിഗ്രഹിച്ച് വിഭീഷണനു രാജ്യദാനം ചെയ്വാൻ എനിക്കു സാധിച്ചത്. എന്നേക്കും നിങ്ങളുടെ കീർത്തി ലോകത്തിൽ നിലനിൽക്കും. ഏതൊരു സുകൃതിയാണോ ഭക്തിപൂർവം നിങ്ങളുടെ വീരകൃത്യങ്ങൾ എന്റെ ചരിതത്തോടു സംബന്ധിപ്പിച്ചു കീർത്തിക്കുന്നത്, അവനു, അപാരമായ സംസാരസമുദ്രം നിഷ്പ്രയാസം തരണം ചെയ്വാൻ സാധിക്കും.

ഈ ധന്യവാദങ്ങൾ കേട്ടിട്ട് കപികൾക്കൊരിക്കലും തൃപ്തിവന്നില്ല. അവർ വീണ്ടും വീണ്ടും ഭഗന്മുഖത്തെ വീക്ഷിച്ചു. എല്ലാവരുമായിച്ചെന്ന് തൃപ്പാദപത്മങ്ങൾ ഗ്രഹിക്കയായി. പ്രഭു ഉടനേ ഹനുമാനെവിളിച്ചു, "വായുപുത്ര! നീ ലങ്കയിൽപോയി രാവണനിഗ്രഹവൃത്താന്തം സീതയെ അറിയിക്കണം. എന്നിട്ട് അവളുടെ കുശലം എന്നോടുവന്നു പറയുക" എന്നു കല്പിച്ചയച്ചു.

ലങ്കയിൽ കടന്നപ്പോൾ ഇത്തവണ രാമദൂതനെ സൽക്കരിക്കാൻ എത്രയാളുകൾ! രാക്ഷസന്മാരും രാക്ഷസികളും ആകെ വന്നുകൂടി ഉപചാരം ചെയ്തു കൂട്ടിക്കൊണ്ടുപോയി ദേവിയെക്കാട്ടിക്കൊടുത്തു. ദൂരത്തു വച്ചുതന്നെ ഹനുമാൻ നമസ്കരിച്ചു. രാമദൂതനാണെന്നു ക്ഷണത്തിൽ ധരിക്കയാൽ ദേവി നിശ്ശങ്കം ചോദിക്കയായി. "വത്സ! പ്രഭുവിന്റെ വൃത്താന്തങ്ങളറിയിക്കുക. കൃപാനിധി ഭ്രാതൃസൈന്യസമേതം കുശലിയായി വസിക്കയല്ലേ?" "മാതാവേ! കോസലാധീശൻ സർവഥാ കുശലവാനായിരിക്കുന്നു. രാജാവായി വിഭീഷണനെ പട്ടംകെട്ടിക്കഴിഞ്ഞു. രാവണകണ്ടകൻ കഥാവശേഷനായി.

കേട്ടമാത്രയിൽ പരമാഹ്ലാദം ദേവിയുടെ ഹൃദയപുടത്തിലടങ്ങാതെ കവിഞ്ഞുതുളുമ്പി. ശരീരം കോൾമയിർക്കൊണ്ടു. മിഴികളിൽ ആനന്ദബാഷ്പമൊഴുകി. "കപിവീര! നിനക്കു ഞാൻ എന്താണു തരേണ്ടത്! നീ അറിയിച്ച സന്തോഷവാക്കിനു വിലതീരാൻ യാതൊന്നും ഈ ത്രൈലോക്യത്തിലില്ല."

"അമ്മേ! എനിക്കിനി എന്തുവേണം? അരികുലത്തെ ഭുജബലത്താൽ ജയിച്ചുവിളങ്ങുന്ന രാമദേവനെ—ആ നിരാമയനെ—ഭാര്യസമേതനായി കണ്ടു പൂജിക്കാൻ ഭാഗ്യമെത്തുകയാൽ പതിനാലുലോകങ്ങൾക്കും ഇന്നു ഞാൻ അധിരാജനായി ഭവിച്ചുകഴിഞ്ഞു."

"പുത്ര! നിന്റെ ഹൃദയം സകലസൽഗുണങ്ങൾക്കും വിളനിലമാണ്. ഏതുകാലത്തും രഘുവംശമണിയുടെ സേവകനായി ജീവിക്കാൻ നിനക്കു സംഗതിവരട്ടെ. ഇനിയെങ്കിലും ആ ശ്യാമളപ്പൂന്തിരുമേനി ഈ കണ്ണുകളാൽ കണ്ടു് ഒന്നാസ്വദിക്കാൻ എന്തുപായമുള്ളു. സദയം പറഞ്ഞുതരാമോ വത്സ!"

ഈ വാക്കുകൾ ശ്രവിച്ചയുടനേ ഹനുമാൻ തൊഴുതുവാങ്ങിപ്പോയി. ദേവിയുടെ കുശലവും അഭിലാഷപ്രകാരവും തിരുമനസ്സറിയിച്ചു. ഭഗവാൻ വിഭീഷണനെ വിളിച്ചു്, സഖേ! ലങ്കേശ്വര! ഹനുമാനുമായി വേഗംപോയി വൈദേഹിയെ ആദരപുരസ്സരം ഇവിടെ ആനയിപ്പിക്കുക എന്നു കല്പിച്ചു. അപ്പോൾതന്നെ വിഭീഷണാദികൾ പുറപ്പെട്ടുകഴിഞ്ഞു. രാക്ഷസസ്ത്രീകൾ ദേവിയെ പരിചരിക്കാൻ സന്നദ്ധരായിനിന്നു. വിഭീഷണൻ നിയോഗിക്കയാൽ അവർ വൈദേഹിയെ കുളിപ്പിച്ചു് ദിവ്യങ്ങളായ വിവിധ വസനഭൂഷണങ്ങളണിയിച്ചു. ഇതിനിടയ്ക്കു ഒരു രുചിരശിബിക അലംകരിച്ചുകൊണ്ടുവരപ്പെട്ടു: സന്തുഷ്ടയായ വൈദേഹി സുഖധാമരാമപാദങ്ങൾ ഭക്തിപൂർവ്വം ഹൃദയത്തിൽ സ്മരിച്ചുകൊണ്ടു് അതിൽ എഴുന്നള്ളിഇരുന്നു. വേത്രധാരന്മാർ ആഹ്ലാദപൂർവ്വം അംഗരക്ഷകന്മാരായി അകമ്പടിനടന്നു. ത്രിജട, രാമസ്മരണയോടുകൂടി മററു രാക്ഷസികളുമായി ദേവിയെ അനുഗമിക്കുകയുണ്ടായി. എഴുന്നള്ളത്തുകാണാൻ കപിഭല്ലൂകസംഘങ്ങൾ അത്യുൽകണ്ഠയോടെ തിക്കിത്തിരക്കിയടുത്തു. ചൂരക്കോലുമായി ഹരിക്കാരന്മാർ അവരെ ആട്ടിയകററിത്തുരത്തി. ഭഗവാൻ മന്ദഹാസപൂർവ്വം വിഭീഷണനെനോക്കി—'സഖേ! സീത പല്ലക്കിൽനിന്നും ഇറങ്ങി കാൽനടതന്നെ പോരട്ടെ. വാനരന്മാർ അവളെ മാതൃനിർവിശേഷം മനസാ ആരാധിക്കുന്നവരാണു്. ഇഷ്ടംപോലെ കണ്ടുകൊള്ളട്ടെ.' എന്നരുളിച്ചെയ്തു. ഈ അനുവാദം കപികൾക്കു പരമാഹ്ലാദകരമായി. ദേവന്മാർ നിരർഗളമായി പുഷ്പവൃഷ്ടിതൂകി.

ഭഗവാൻ ആദ്യം തന്നെ ദേവിയുടെ മനസ്സാക്ഷിയെ പ്രകടീകരിക്കാൻ അഗ്നിപ്രവേശം ചെയ്യിക്കണമെന്നു കരുതി, ശങ്കാസൂചകങ്ങളായ ചില ദുർവ്വാക്കുകൾ ഉച്ചരിച്ചു. രാക്ഷസികൾക്കെല്ലാം ഇതു കേട്ടപ്പോൾ പരമസങ്കടം തോന്നി. അവർ ദേവിയോടൊരുമിച്ചു രാപ്പകൽ വസിച്ചുവന്നവരാണല്ലോ. ദേവിയാകട്ടെ, മനസാ

വാചാ കർമ്മണാ താൻ പരിശുദ്ധയാണെന്നുള്ള വിശ്വാസത്താൽ, പ്രഭുവചനത്തെ മാനിച്ചു ലക്ഷ്മണനെ നോക്കി "കുമാര! ഈ ധർമ്മപരീക്ഷയ്ക്കു നീ തന്നെ കർത്താവാകുക! ക്ഷണത്തിൽ എനിക്ക് ഒരഗ്നികുണ്ഡം ജ്വലിപ്പിച്ചു കാട്ടിത്തരൂ" എന്നു നിയോഗിച്ചു. വിരഹക്ലിഷ്ടവും എന്നാൽ വിവേകവിശിഷ്ടവും ധർമ്മനിഷ്ഠവുമായ ഈ നിയോഗം കേട്ടു ലക്ഷ്മണനു കണ്ണുനീർ തൂകി കയ്യും കൂപ്പി നിന്നുപോയി. പ്രഭുവിനോട് ഒരു വാക്കുപോലും ശബ്ദിക്കാൻ ശക്തനായില്ല. തന്റെ മൗനം ഭഗവാനു പ്രിയമല്ലെന്നു മനസ്സിലാകയാൽ കുമാരൻ വേഗത്തിൽ വിറകുകൾ വരുത്തി മഹത്തായ ഒരഗ്നികുണ്ഡം ജ്വലിപ്പിച്ചു. അഗ്നിജ്വാലകൾ പ്രബലതരമായി കാളിക്കത്തി വർദ്ധിച്ചു. സീതാദേവി അതു കണ്ടിട്ടും ലേശം ഭയപ്പെടാതെ സന്തോഷിക്കതന്നെ ചെയ്തു. ഞാൻ മനസാ വാചാ കർമ്മണാ രഘുനാഥനെ തിരസ്കരിക്കയോ അന്യനെ സ്മരിക്കയെങ്കിലുമോ ചെയ്തിട്ടില്ലെന്നുള്ളതു സത്യമാണെങ്കിൽ, സകലജനമനോഗതികൾക്കു സാക്ഷിഭൂതനായ കൃശാനു എനിക്കു ചന്ദനശീതളനായി ഭവിക്കട്ടെ എന്നു പ്രാർത്ഥിച്ചു. അനന്തരം,

"കോസലേശ ജയ! ശങ്കരവന്ദിത! പേശലാംഗ! തവ ചരണസരോരുഹം ആശയത്തിലഹമുരുതരഭക്തിയോടാശ്രയിച്ചു മരുവുന്നഖിലേശ്വര!" എന്ന ധ്യാനത്തോടുകൂടി സർവ്വസമക്ഷം അഗ്നിപ്രവേശം ചെയ്തു. ആശ്ചര്യം! അഗ്നിസ്പർശം ചന്ദനശീതളമായിത്തന്നെ ദേവിക്കു തോന്നി. ദേവിയുടെ നിഴലും ലോകാപവാദകളങ്കവും മാത്രം പ്രചണ്ഡജ്വാലകൾക്കാഹാരമായി. ഇത്ര ഭീകരമായ ഒരു സംഭവം പ്രഭുചരിതത്തിൽ ഇതിനു മുമ്പുണ്ടായിട്ടില്ല. സുരമുനിസിദ്ധസംഘങ്ങളെല്ലാം നിർന്നിമേഷരായി നോക്കി നിന്നു. വേദത്താലും ലോകത്താലും കീർത്തിക്കപ്പെട്ട സാക്ഷാൽ പാലാഴിപുത്രിയായ മഹാലക്ഷ്മിയെ, ജനകജാരൂപത്തിൽ അവതരിച്ചിരിക്കുന്ന ആ ശ്രീരാമപത്നിയെ, കരങ്ങളിൽ ഗ്രഹിച്ചുകൊണ്ട്, അഗ്നിഭഗവാൻ ബ്രാഹ്മണരൂപത്തിൽ പ്രത്യക്ഷപ്പെട്ടുവന്നു ദാശരഥിയുടെ തൃക്കൈകളിൽ സമർപ്പിച്ചു. വൈദേഹിയാകട്ടെ, ഭർത്താവിന്റെ വാമഭാഗത്തിൽ, നവനീലനീരജസംശ്ലിഷ്ടമായ കനകപങ്കജംപോലെ രുചിരസൗന്ദര്യലഹരി വീശി വിളങ്ങി.

ദേവയാനികൾ വിമാനയാനങ്ങളിൽ ആകാശത്തിൽ വന്നുനിരന്നു. ഹർഷിതരായ സുമനസ്സുകൾ സുമനസ്സുകൾ വർഷിച്ചു, വാദ്യവാദനം തുടങ്ങി. അപ്സരസ്സുകൾ നടമാടി. കിന്നരന്മാർ പാടി. രത്നം സ്വർണ്ണത്തോടെന്നപോലെ പ്രഭുവിനോടു ചേർന്ന ദേവിയുടെ ശോഭ അപരിമിതമായി ഭവിച്ചു. കണ്ടുകണ്ടു സന്തോഷിച്ച കപി-

ഭല്ലൂകസംഘങ്ങൾ "ജയ രഘുവീര! ജയ സുഖസാര" എന്നിങ്ങനെ വാഴ്ത്തി സ്തുതിച്ചു.

ഈ അവസരത്തിൽ ഇന്ദ്രസാരഥി, ഭഗവാൻെറ അനുജ്ഞയോടുകൂടി യുദ്ധക്കളത്തിൽ അവതരിച്ചു വണങ്ങി. സ്വാർത്ഥപരന്മാരായ ദേവന്മാരും ഒത്തൊരുമിച്ചു വന്നു പരമാർത്ഥവചനങ്ങളാൽ സ്തോത്രം തുടങ്ങി.

"ദീനബന്ധുവും ദയാലുവുമായ രഘുരാജ! ദേവനായ നിന്തിരുവടി ദേവന്മാരിൽ കരുണ കാണിച്ചു. വിശ്വദ്രോഹരതനും ഖലനും അതികാമിയുമായ രാവണൻ, ദുർമ്മാർഗ്ഗത്തിൽ പ്രവൃത്തിക്കകൊണ്ടു പാപശക്തിക്കധീനനായി കാലധർമ്മം പ്രാപിച്ചു; പ്രഭോ! നിന്തിരുവടി സർവ്വജ്ഞനും അവിനാശിബ്രഹ്മസ്വരൂപനുമാണ്. ഭേദമാകട്ടെ, വികാരമാകട്ടെ നിന്തിരുവടിക്കില്ല. എപ്പോഴും ഏകരസനും സ്വതേ ഉദാസീനനുമായി സ്ഥിതിചെയ്യുന്നു. അകളനും അഗുണനും അനവദ്യനും അനാമയനുമായും, അജിതനും അമോഘനും ഏകനും കരുണാമയനുമായും ഇരിക്കുന്നു. മത്സ്യകമഠസൂകരാകൃതികൾ സ്വീകരിച്ചതും നരഹരിവാമനഭാർഗ്ഗവവപുസ്സുകളെ ധരിച്ചതും നിന്തിരുവടിതന്നെ. ദേവന്മാർക്കു ദുഃഖം എപ്പോഴെപ്പോഴുണ്ടാകുന്നുവോ അപ്പോഴെല്ലാം അതു ശമിക്കുന്നതിനു നിന്തിരുവടി ഓരോ അവതാരമെടുത്തിട്ടുണ്ട്. എന്നാൽ പാപമൂർത്തിയും ദേവദ്രോഹിയും കാമക്രോധമദവശഗനും അതികോപിയുമായ ഈ അധമശിരോമണി രാവണന് അങ്ങേടെ പരിശുദ്ധപദം നൽകിയല്ലൊ. അതിൽ ഞങ്ങൾക്കു ആശ്ചര്യമുണ്ട്. പരമാധികാരികളാണെങ്കിലും ഞങ്ങൾ സ്വാർത്ഥരതന്മാരായി, നിന്തിരുവടിയിലുള്ള ഭക്തി വിസ്മരിക്കകൊണ്ടു ദുഃഖപ്രപാതങ്ങളിൽ അകപ്പെട്ടുകൊണ്ടേയിരുന്നു. ഇപ്പോഴാകട്ടെ, നിന്തിരുവടിയെത്തന്നെ ശരണം ഗമിച്ചിരിക്കുന്നു. കരുണചെയ്തു രക്ഷിക്കണമേ".

സുരസിദ്ധസംഘങ്ങൾ എല്ലാം ഇപ്രകാരം സ്തുതിച്ചു അഞ്ജലികളും കൂപ്പി ചുറ്റും നിൽക്കെ, ഭക്ത്യതിശയപുളകിതനായ ബ്രഹ്മാവു, സ്തോത്രകുസുമാഞ്ജലിയാൽ ഭഗവാനെ ആരാധിക്കാൻ തുടങ്ങി.

"ജയരാമസദാസുഖധാമഹരേ—രഘുനായകസായകചാപധര!
ഭവവാരണദാരണസിംഹവിഭോ—ഗുണസാഗരനാഗരനായകഭോ!
സുമബാണസഹസ്രസഹസ്രമഹാ—സുഷമാകരവിഗ്രഹവിശ്വവഹ!
സുരസിദ്ധമുനിസ്തുതപൂതകഥ!—സുയശഃപരിപാവിതദിഗ്വലയ!
ഫണിയെഖഗനായകനെന്നവിധം—ഖലരാവണനെക്കൊലചെയ്തു
(ഭവാൻ
ജനരഞ്ജനഭഞ്ജിതശോകഭയ!—ഗതകോപസദാപ്രഭുബോധമയ!

അവതാരരോദാരഅപാരഗുണ!-ക്ഷിതിഭാരവിഭഞ്ജനബോധഘന!
അജരാമര!ഏകഅനാദിഭവ!-കരുണാകരരാമനമാമിസദാ
രഘുവംശവിഭൂഷണഭൂഷണഹേ!-സുവിഭീഷണരാക്ഷസരാജപദ!
ഗുണജ്ഞാനനിധാനഅമാനഅജ!-രഘുരാമനമാമിവിഭോവിരജ!
ഭുജദണ്ഡമഹത്തരചണ്ഡബല!-ഖലവൃന്ദവധായമഹാകുശല!
സകലാശ്രിതലോകസമാനഹിത!-ഹരിധാനനമാമിരമാസഹിത!
ഭവതാരണകാരണകാര്യപര!-ഭയമോചനമാനസദോഷഹര!
ശരചാപമനോഹരതൂണധര!-ജലജാരുണലോചനഭൂപവര!
സുഖമന്ദിരസുന്ദരമാരമണ! മദമാരമഹാമമതാശമന!
അനവദ്യഅഖണ്ഡഅഗോചരഗ!-സമരൂപ!അരൂപ!സദാശയഗ!
രവിആതപഭിന്നനഭിന്നരമായ്-വിലസീട്ടവതെങ്ങനെ യത്നിധമായ്
ജഗദാന്തഭവാൻനിവസിച്ചതല്ല-ന്നിതുപാഴ്മൊഴിയല്ല മറപ്പൊരുളാം!
തവ കോമളമാനനമാദരമാ-ർന്നവ വാസരമക്ഷികളാർന്നവരും
കപിവീരർ ശേഷമഹോന്നിതരാം- കൃതകൃത്യതപോൻ ലസിപ്പവരാം
വ[illegible]ത്ര മഹാഹതജീവിതരാ-ണയിദേവശരീരികൾദൈത്യഹര!
തവഭക്തിവെടിഞ്ഞുഭവാംബുധിനീർ-ത്തിരമാലയിൽനീന്തിവല
(ഞ്ഞിടുവോർ
മയിഭിന്നദയാലുഭവാൻ കരുണാ-സുധതൂകുക പാപശരാഭരണ!
മമമാനസമോഹമദേഭ യ-പ്രവിഭേദനസിംഹ!ഭുജംഗശയ!
ഇനിമുമ്പിലെജീവിതരീതികളും-ക്ഷണമൊക്കെയകററിയതിങ്കലെഴും
സുഖമാൻകഴിഞ്ഞമഹാരുജകൾ- കള വാംഫലമെന്നതിനെക്കരുതാം
ഖലഖണ്ഡനവിശ്വമനോജ്ഞരമ-ഗിരിജേശനിഷേവിതപാദസുമ!
വരമേകുകനിങ്കലപങ്കിലമാം-വരഭക്തിമനസ്സിലെനിക്കു വരാൻ

സ്തോത്രകീർത്തനാനന്തരം ബ്രഹ്മദേവൻ പുളകിതശരീരനായി രാമവദനം നോക്കിനോക്കി തൃപ്തിവരാതെ നിന്നു.

സ്വർഗ്ഗലോകത്തുനിന്നും ദശരഥരാജൻ അപ്പോൾ അവിടെ അവതരിച്ചു. പുത്രദർശനത്താൽ ആ രാജശ്രേഷ്ഠന്റെ മിഴികളിൽ അശ്രുക്കൾ ഗളിച്ചു. രഘുപതിയും അനുജനും ഭക്തിപൂർവം പിതൃപാദങ്ങൾ നമസ്കരിച്ചു. വത്സലനായ പിതാവു ഹൃദയപൂർവം ആശിസ്സുകൾ നൽകി അനുഗ്രഹിക്കയും ചെയ്തു. "പിതാവേ! അങ്ങയുടെ പുണ്യപ്രഭാവത്താലാണ് അജയ്യനായ രാക്ഷസരാജനെ ഞാൻ നിഗ്രഹിച്ചത്" എന്നിങ്ങനെ പുത്രന്റെ ധന്യവാദം കേട്ടപ്പോൾ ദശരഥൻ സ്നേഹവിവശനായി സന്തോഷക്കണ്ണീർ ചൊരിഞ്ഞു. രോമാഞ്ചവും ശരീരത്തിൽ നിറഞ്ഞു. പിതാവിന്റെ ഭക്ത്യതിശയം വഴിപോലെ ധരിച്ച ദയാനിധി സത്വരജ്ഞാനം നൽകി അദ്ദേഹത്തെ അനുഗ്രഹിച്ചു. ഹേ ഭവാനി! ഭക്തിയുടെ മാഹാത്മ്യം വഴി

പോലെ ധരിച്ചു ദശരഥൻ, ജന്മനിവൃത്തിക്കായി മോക്ഷമപേക്ഷിച്ചതേയില്ല. ഹർഷിതനായി പലവുരു വണങ്ങി തൊഴുതു പോയി സ്വർദ്ധാമത്തെ പ്രാപിച്ചു

ഭഗവാൻ ഭാര്യാനുജസമേതനായി അവിടെ എഴുന്നള്ളിനിന്ന രമണീയക്കാഴ്ചയാൽ അപഹൃതചിത്തനായ ഇന്ദ്രൻ മെല്ലെമെല്ലെ അവതരിച്ചു വാഴ്ത്തിസ്തുതിച്ചു.

(കേക.)

പ്രണതസുഖപ്രദ! ശോഭാധാമമേ സർവ്-
ക്ഷണദാചരഹരരാഘവ ജയജയ!
മണിവില്ലമ്പാവനാഴികയെന്നിവപൂണ്ട
മന്ദാശാലങ്കാരഭൃത ഘനമോസ്തുതേ
ഭുജദണ്ഡപ്രാബല്യയശസാന്നി ധഭവാൻ
വിജയിച്ചാലുംദൂഷണാരാതെ ഖരാരാതേ!
അജയ്യലങ്കേശനെയധുനാഹനിക്കയാ-
ലജ ന്ദിത! സനാഥന്മാരായ് ത്രിദശന്മാർ
ജയരാഘവ! കരുണാകരധരാഭര-
ക്ഷയകാരകാപാരമഹിമൻ! പരാപര!
ജയമാനുഷാകൃതേമാധവ! മായാപതേ!
മയനന്ദനാവരമാരക! മനുവര!
ബലഗർവ്വിഷ്ഠനായ ലങ്കേശൻജഗദേക-
ഖലനന്യോപദ്രവരതനത്യന്തദുഷ്ടൻ
പലമാതിരിദേവമുനിമാനുഷനാഗ-
കുലനാശങ്ങൾ ചെയ്ത കാലഘോരൻ പാപിഷ്ഠൻ
സ്വകർമ്മമഹാക്രൂര ഫലത്താൽ തവബാണ-
ശകലീകൃതനായിതധുനാദയാനിധേ
പ്രഭുതയാലേ മഹാമത്തനായഹം മുന്നാ-
മഭിമാനികളിൽവച്ചഗ്രഗണ്യനായ് വാണേൻ
അധുനാതവപാദപങ്കജം ദർശിക്കയാൽ
ഗതമോഹനായ് സുഖിയായ് ഭവിച്ചിതുനാഥ.
അന്യന്മാർ ശ്രുതിഗീതനിർഗ്ഗുണബ്രഹ്മധ്യാന
ധന്യരായ്‌വസിക്കട്ടെ; വാഞ്ഛയില്ലെനിക്കതിൽ
സുന്ദരസ്വരൂപനാം കോസലേശനെത്തന്നെ
വന്ദിച്ചുപൂജിപ്പൻഞാൻ സഗുണസ്വരൂപനെ
പുണ്യപൂരുഷ! സീതാലക്ഷ്മണസമേതനാ-
യെന്നകക്കാമ്പിലെഴുന്നള്ളി വാഴണംഭവാൻ
അനപായമചഞ്ചല ഭക്തിനൽകണംപുന-

രെന്നെയുമൊരുദാസനായ് ഗണിക്കയും വേണം.
കന്ദർപ്പകോടിപ്രഭ! സുഖധാമമേരാമ-
ചന്ദ്ര! സാധുപാപഹര! സാദരംനമോസ്തുതേ
ദ്വന്ദ്വഭഞ്ജനവിഭോ! മനുജാകൃതിധര!
ചന്ദ്രശേഖരബ്രഹ്മമുഖ്യസേവിത! ഹരേ!
കരുണയോടുമെന്നെയവലോകിക്കമമ
കരണീയവുംനിയോഗിക്കുക മഹാബാഹോ!
ശരണം സർവ്വാഭീഷ്ടദായകതവചാരു-
ചരണാരുണപത്മയുഗളം സദൈവമേ.

പ്രിയവചനങ്ങളാൽ ഇപ്രകാരം പുകഴ്ത്തിനിന്ന ഇന്ദ്രനെ നോക്കി ഭഗവാൻ, 'ഹേദേവരാജ! യുദ്ധക്കളത്തിൽ കിടക്കുന്ന കപികൾ എൻെറ ഹിതത്തിനായി പ്രാണനെ ഉപേക്ഷിച്ചവരാണ്. സദയം അവക്കു ജീവദാനം ചെയ്യാലും' എന്നു കല്പിച്ചു. ഈ പ്രഭുവചനത്തിൻെറ ആന്തരാർത്ഥം ജ്ഞാനികളായ മുനികൾക്കേ അറിഞ്ഞുകൂടൂ. ത്രിഭുവനത്തെത്തന്നെ സൃഷ്ടിക്കാനോ സംഹരിക്കാനോ തനിക്കു നിമിഷത്തിൽ കഴിയുമെന്നിരിക്കെ, ഈ തുച്ഛസംഗതിയിൽ ഇന്ദ്രനെ ആശ്രയിക്കേണ്ടതുണ്ടോ? ബഹുമതി ഇന്ദ്രന് ഇരിക്കട്ടെ എന്നു കരുതിയതാണ്.

ദേവരാജൻ യുദ്ധക്കളത്തിൽ അമൃതു വർഷിച്ചു. ഉറങ്ങിയുണന്നവരെപ്പോലെ വാനരന്മാരെല്ലാം എഴുന്നേററു വന്നു പ്രഭുവിനെ വണങ്ങി നിന്നു. മരിച്ച രാക്ഷസന്മാരുടെ ശരീരത്തിലും അമൃതകണങ്ങൾ പതിക്കാതിരുന്നില്ല. എങ്കിലും, അവരാരുംതന്നെ ജീവിച്ചില്ല. ശ്രീമദ്രൂപം സുദൃഢമായി ഹൃദയത്തിലുറപ്പിച്ചു മരിക്കയാൽ അവക്കു ശരീരബന്ധമേ നശിച്ചുപോയി. എല്ലാവരും അഖണ്ഡബ്രഹ്മൈക്യം പ്രാപിച്ചു. കപിഭല്ലൂകഭടന്മാർ ദേവാംശഭൂതന്മാരാകകൊണ്ടു. അവക്കു മരണമേ ഭവിച്ചിരുന്നില്ല. രഘുപതിയുടെ ഇച്ഛയനുസരിച്ചു മരണജീവിതപ്രദർശനങ്ങൾ അവിടെ നടന്നുവെന്നേയുള്ളു.

രാമചന്ദ്രനെപ്പോലെ ദീനഹിതകാരി ആര്? ശത്രുരാക്ഷസന്മാക്കും മുക്തികൊടുത്തുവല്ലോ. വിശേഷിച്ചും, പാപമൂർത്തിയും ധൂർത്തനും ദുഷ്ടനുമായ രാവണനെ, മുനിജനങ്ങൾക്കും ലഭിക്കാത്ത പരമപദത്തിലേക്കു ഉയർത്തിയല്ലോ.

ഇന്ദ്രാദിദേവന്മാരെല്ലാം വീണ്ടും പൂമഴതൂകിത്തൊഴുതുകൊണ്ടു് വിമാനങ്ങളിൽ കയറി യാത്രയായി. ഈ അവസരംനോക്കി, സർവ്വജ്ഞനായ ത്രിപുരാരി രഘുരാജസമീപത്തെ പ്രാപിച്ചു കണ്ണുക

ളിൽ അശ്രുക്കൾ പെരുകി പുളകിതശരീരനായി കൈക്കൂപ്പിനിന്ന് ഗദ്ഗദസ്വരത്തിൽ തന്റെ പ്രാർത്ഥനകൾ ഉച്ചരിച്ചു.

"പരിപാലയ മാം രഘുകുലനായക
ധൃതവരചാപരുചിരതരസായക!
മോഹമഹാഘനപടലപ്രഭഞ്ജന!
സംശയവിപിനാനലസുരരഞ്ജന!
അഗുണസഗുണഗുണമന്ദിരസുന്ദര!
ഭ്രമതിമിരപ്രബലപ്രതാപദിവാകര!
കാമക്രോധമദഗജപഞ്ചാനന!
വസവസമമഹൃദിയാതുനിഷൂദന!
വിഷയമനോരഥകമലമഹാവന
വിപുലതുഷാരഉദാരനഖായന!
ഭവവാരിധിമന്ദരവരമന്ദിര!
വാരയ താരയ സംസൃതിമീശ്വര!
ശ്യാമഗാത്രരാജീവവിലോചന!
ദീനവത്സലനതാർത്തിവിമോചന!
മുനിരഞ്ജനഭൂമണ്ഡലമണ്ഡന!
തുളസീദാസപ്രഭോ! ത്രാസവിഖണ്ഡന!
അനുജജാനകീസഹിതമഹോ മമ
മനസി വാഴ്ക സുഖമഖിലമനോരമ!
നാഥ കോസലപുരത്തിൽ നിനക്കഭി-
ഷേകമാമളവുദാരമഹോത്സവ-
മശ്രുകാമമതിന്നവസരമിട്ടുവൻജഗ-
ദീശ! പാലയ കൃപാലയ മാമലയ!"

പരമശിവൻ നിർഗ്ഗമിച്ചുകഴിഞ്ഞപ്പോൾ ഭക്തമണിവിഭീഷണൻ തിരുമുമ്പിൽചെന്നു വണങ്ങി. സ്വാമിൻ! വിനീതമായ എന്റെ നിവേദനം ശ്രവിക്കണമേ! തിരുവടി രാവണനെ സകലസേനാദലം നിഗ്രഹിച്ചു് പാവനയശസ്സ് ഭുവനങ്ങളിൽ വിസ്തരിച്ചു. ദീനനും മലിനനും ഹീനനുമായ ഈ അടിമയിൽ കൃപാകണിക ചൊരിക്കയും ചെയ്തു. പ്രഭോ! ഈ നിലയിൽ അടിയൻ ആഗ്രഹിക്കുന്നതു് തൃപ്പാദസ്പർശനത്താൽ അടിയന്റെ ഭവനം വിശുദ്ധമാക്കണമെന്നാണ്. കുളികഴിച്ചു യുദ്ധത്തളർച്ചകളും തീർത്തു ദേശവും ഭണ്ഡാരവും കൊട്ടാരവും സമ്പത്തുമെല്ലാം നോക്കിക്കണ്ടതിനുശേഷം അയോദ്ധ്യയ്ക്കെഴുന്നള്ളാം. വാനരന്മാരെയും ഇഷ്ടംപോലെ തിരുവടിക്കു തൃപ്തിപ്പെടുത്താം. എന്റെ സകല സമ്പ

ത്തുകളും ഈ തിരുവടികളിൽ സമർപ്പിച്ചുകൊള്ളുന്നു. അയോദ്ധ്യയിലേക്കു അടിയനെക്കൂട്ടി കൊണ്ടുപോകയുംവേണം.

മൃദുലങ്ങളായ ഈ വചനങ്ങൾ കേട്ടു ഭഗവാന്റെ വിശാലമിഴികളിൽ ബാഷ്പം നിറഞ്ഞു. "വത്സ! നീ പറഞ്ഞതു വാസ്തവം. നിന്റെ ഭവനവും കോശവുമെല്ലാം എനിക്കു സ്വന്തംപോലെതന്നെ. എന്നാൽ, ഭരതന്റെ അവസ്ഥ വിചാരിക്കുമ്പോൾ നിമിഷം കല്പകാലംപോലെ തോന്നുന്നു. കുമാരൻ മുനിവേഷംധരിച്ചു കൃശശരീരനായി എപ്പോഴും എന്റെ നാമമന്ത്രം ജപിച്ചുജപിച്ചിരിക്കയാണു്. സ്നേഹിത! അവനെ എത്രയും വേഗത്തിൽ കാണുന്നതിനു് ഒരു മാർഗ്ഗം ഉണ്ടാക്കിത്തന്നാൽ ഉപകാരം. ഞാൻ ചെല്ലുന്നതു സമയംകഴിഞ്ഞതാണെങ്കിൽ സജീവനായി അവനെ കാണ്മാൻ സാധിക്കയില്ലതന്നെ" ഭഗവാൻ ഈ വാക്കുകൾ ഉച്ചരിക്കവേ, ശരീരം പുളകാങ്കിതമായി എന്നിട്ടു തുടർന്നുപറകയാണു് "വിഭീഷണ! നീ എന്നിലുള്ള സ്മരണ വിടാതെ, പല കല്പകാലം ലങ്കാധിപതിയായി വാഴുക. ഒടുവിൽ സാധുജനലഭ്യമായ എന്റെ ധാമത്തെ പ്രാപിക്കയും ചെയ്യാം."

വിഭീഷണൻ ഹർഷിതനായി തൃപ്പാദങ്ങൾ ഗ്രഹിച്ചു ഭല്ലൂകകപിസംഘങ്ങളും അമിതാഹ്ലാദത്തോടേ പ്രഭുപാദങ്ങൾ പിടിച്ചു വാഴ്ത്തിവാഴ്ത്തി നിന്നു. ഇതിനിടയ്ക്കു വിഭീഷണൻ വസ്ത്രാഭരണാദികൾ പുഷ്പകവിമാനത്തിൽ കയററിക്കൊണ്ടുവന്നു് തൃക്കാൽക്കൽ സമർപ്പിച്ചുതൊഴുതു. കൃപാനിധി വിനോദലോലമായ ഒരു മന്ദഹാസംതൂകിക്കൊണ്ടു്, 'സഖേ വിഭീഷണ! വിമാനത്തിൽ കയറൂ! എന്നിട്ട് ആകാശത്തിലുയർന്നുനിന്ന് വസ്ത്രാഭരണാദികൾ വാരി കപിസംഘത്തിൽ വിതറൂ, എന്നു കല്പിച്ചു. കല്പന അനുഷ്ഠിക്കപ്പെട്ടപ്പോൾ ഉണ്ടായ കോലാഹലം എന്തു പറയാം. ഭല്ലൂകകപിവീരന്മാർ തള്ളിത്തിക്കിക്കയറിപ്പിടിയും വലിയുമായി അവനവനിഷ്ടപ്പെട്ട സാധനങ്ങൾ കൈക്കലാക്കാൻ ശ്രമിച്ചു. പലരും രത്നങ്ങൾ തപ്പിപ്പിടിച്ചു വായിലാക്കി. ഭാര്യാനുജസമേതനായി ഭഗവാൻ നോക്കിനോക്കിച്ചിരിക്കയായി. അത്രയ്ക്കു വിനോദലോലനാണു കൃപാനിധി.

യാതൊരു പ്രഭുവിനെ ധ്യാനത്താൽ അവഗമിക്കാൻ മഹർഷിമാർക്കു സാധിക്കുന്നില്ല. വേദങ്ങളും, അതല്ല, ഇതല്ല എന്നൊക്കെപ്പറകയല്ലാതെ സ്വരൂപനിർണ്ണയം ചെയ്വാൻ സമർത്ഥങ്ങളാകുന്നില്ല. ആ പരമാത്മാവ് അപാരകാരുണ്യാതിശയത്താൽ, കപികളോടു കളിക്കൂത്തിനൊരുങ്ങി. ഹേ രുദ്രാണി! യോഗം, ജപം, ദാനം, തപസ്സ്, പലതരത്തിലുള്ള വ്രതം നിയമം ഇവയൊന്നും കേവലപ്രേമംപോലെ രാമപ്രസാദത്തിനു പര്യാപ്തമല്ല.

കപികൾ തങ്ങൾതങ്ങൾക്കു ലഭിച്ച വസ്ത്രങ്ങളും ആഭരണങ്ങളും അണിഞ്ഞൊരുങ്ങിച്ചെന്ന്, സ്വാമി രാമചന്ദ്രനെ വണങ്ങി. അവരുടെ പല ദിനുസ്സിലുള്ള വേഷമോടികൾനോക്കി ഭഗവാൻ കൗതുകാകുലനായി വളരെനേരം ചിരിച്ചു. അനന്തരം, മനസ്സലിഞ്ഞു് മൃദുമധുരചതുരമാംവണ്ണം പറഞ്ഞു. "ബന്ധുക്കളേ! നിങ്ങളുടെ സഹായത്താലത്രേ ലോകകണ്ടകരാവണനെ ഞാൻ നിഗ്രഹിച്ച് വിഭീഷണനു സിംഹാസനം കൊടുത്തതു്. ഇനി നിങ്ങൾ ചെയ്യേണ്ടതൊന്നുമില്ല. അവരവരുടെ ഗൃഹങ്ങളിൽപോയി സുഖമായി വസിക്കാം. എന്നിലുള്ള സ്മരണ വിട്ടുപോകരുതു്. ആരെയും നിങ്ങൾ ഭയപ്പെടേണ്ടതില്ല."

പ്രേമതരളിതരായ വാനരന്മാർ കൈകൂപ്പി നിന്ന് ആദരപൂർവ്വം ഉണർത്തിച്ചു- "പ്രഭോ! ഈ അരുളപ്പാട്ട് തിരുമഹാമനസ്കതയെ പ്രകടിപ്പിക്കുന്നു. ഞങ്ങളെ അത്യു വ്യാമോഹിപ്പിക്കയാണു ചെയ്യുന്നതു്. ദീനദീനരാണെന്നുള്ള അനുകമ്പയാൽ തിരുവടി ഈയുള്ളവരെ സനാഥന്മാരാക്കിച്ചെയ്തു. അങ്ങ് ത്രൈലോക്യേശൻ. സഹായം എന്ന ശബ്ദംതന്നെ ഞങ്ങൾക്കു ലജ്ജാവഹമായിരിക്കുന്നു. കേവലം ഒരു മശകം ഖഗപതിക്കു ഹിതംചെയ്യാൻ ശക്തമോ?"

കല്പനപ്രകാരം വാനരന്മാർ പിൻവാങ്ങാൻ തുടന്നുവെങ്കിലും തിരുമുഖം കാണെക്കാണെ അവർ പ്രേമപരവശരായി. ഭവനഗമനത്തിലുള്ള ഇച്ഛതന്നെ അവക്കു് അസ്തമിച്ചുപോയി. ഒടുവിൽ പ്രബലപ്രേരണയാൽ ഒരുവിധത്തിൽ യാത്രയുണർത്തി പിന്തിരിഞ്ഞുവെന്നേ പറയേണ്ടൂ. രാമരൂപം സുദൃഢമാംവണ്ണം ഹൃദയത്തിൽ ധ്യാനിച്ചുറപ്പിച്ചുകൊണ്ടു്, രാമഗുണഗാനങ്ങളും പാടി. ഹർഷവിഷാദസങ്കലിതന്മാരായി നടകൊണ്ടു.

ഭഗവാൻ ദേവിയേയും അനുജനേയും കൂട്ടി എഴുന്നള്ളിവന്ന് വിമാനത്തിൽ അധിരോഹിച്ചു. ജാംബവാൻ, സുഗ്രീവൻ, നീലൻ, നളൻ, അംഗദൻ, ഹനുമാൻതുടങ്ങിയ ഋക്ഷകപീശപ്രധാനന്മാരും, വിഭീഷണനും പ്രേമവൈവശ്യത്താൽ കണ്ണുനീരൊഴുക്കി, വാക്കുകൾ പുറപ്പെടാതെ, ഭഗവാന്റെ പൂന്തിരുമെയ്യിൽ നിന്നിമേഷം ദൃഷ്ടിയുറപ്പിച്ചുനിന്നു. അതിശയ ഭക്തികണ്ടു്, ഭഗവാൻ അവരെയും ആരോഹിപ്പിച്ചശേഷം, ബ്രാഹ്മണപാദപത്മങ്ങൾ വണങ്ങി, വ്യോമയാനത്തെ ആകാശത്തിൽ ഉയർത്തി ഉത്തരാഭിമുഖമായി, നയിച്ചു. 'ജയരഘുരാമ' ധ്വനിയുടെ കോലാഹലം വഴിനീളെ മുഴങ്ങിക്കൊണ്ടിരുന്നു. ദേവീസമേതം ഉച്ചൈസ്സായ ഒരു സിംഹാസനത്തിൽ, വിമാനത്തിൽ സ്ഥിതിചെയ്ത ഭഗവാൻ മിന്നൽപിണർ വീശിത്തിളങ്ങിപ്പൊന്നും മലക്കൊടുമുടിയിൽ തങ്ങിയ കാർകൊണ്ടൽപോലെ വി

ങ്ങി. മോഹനമായ വ്യോമയാനം അതിത്വരയോടുകൂടി ചരിച്ചു. ദേവന്മാർ പുഷ്പവൃഷ്ടിതൂകി ദേവദേവനെ സ്തുതിച്ചു. സുഗന്ധവും കുളിർമയും കലൎന്ന ഇളന്തെന്നൽ, പരമസുഖദമായി വീശി. അലയാഴിയും പുഴകളുമെല്ലാം അതിനിൎമ്മലജലപൂൎണ്ണങ്ങളായി. എല്ലായിടത്തും ശുഭശകുനങ്ങൾതന്നെ കാണപ്പെട്ടു. മനസ്സിനു സ്വാസ്ഥ്യവും പ്രസാദവും വർദ്ധിച്ചു. ആകാശം നീലനിൎമ്മലമായി ശോഭിച്ചു.

രാമചന്ദ്രൻ ദേവിയെനോക്കി പറഞ്ഞു:—"വൈദേഹി! അതാ യുദ്ധക്കളം കാണുന്നു. എത്ര ഭയംകരം! ഇവിടെ വച്ചാണ് ലക്ഷ്മണൻ മേഘനാദനെ നിഗ്രഹിച്ചത്. അപ്പുറമതാ വീരരാക്ഷസയോദ്ധാക്കളെ അംഗദനും ഹനുമാനും നിഗ്രഹിച്ച ഭാഗങ്ങളും. സുരമുനിദ്രോഹികളായ സഹോദരന്മാർ, കുംഭകൎണ്ണനും രാവണനും വീണു മരിച്ച 'സ്ഥലമിതാണു'. ഹേ സുന്ദരി! കടലിലിതാ സേതു ബന്ധിച്ചിരിക്കുന്നതു നോക്കൂ! സുഖധാമമായ ഉമാധവനെ പ്രതിഷ്ഠിച്ചിരിക്കുന്ന പുണ്യസ്ഥലമതാ! ഭദ്രേ! ഭക്തിപൂൎവ്വം വന്ദിക്കൂ!" ഭഗവാനും ദേവിയും ശംഭുവിനെ വണങ്ങി. പിന്നെയും വനഭൂമികളിൽ താൻ നിവസിച്ചിരുന്ന സ്ഥാനങ്ങൾ, അതതിന്റെ പേരുകൾ പറഞ്ഞു കാണിച്ചുകാണിച്ചുപോയി പരമസുഖപ്രദമായ ദണ്ഡകവനപരിസരത്തിലെത്തി. അവിടെ അഗസ്ത്യാദിമുനിശ്രേഷ്ഠന്മാരുടെ പുണ്യാശ്രമങ്ങൾ സന്ദർശിച്ച്, അവരുടെ ആശിസ്സുകളും ലഭിച്ചുപോയി ചിത്രകൂടത്തെ പ്രാപിച്ചു. പൂൎവ്വസ്മരണകളാൽ പുളകിതാംഗനായ രഘുപതി തത്രസ്ഥമഹൎഷിപ്രവരന്മാരെയും സ്വദർശനം നൽകി സുഖിപ്പിച്ചശേഷം, വിമാനത്തെ ശീഘ്രഗതിയിൽ അയോദ്ധ്യാഭിമുഖമായി നയിച്ചു. മദ്ധ്യേമാൎഗ്ഗം കലിമലശമനയായ യമുനയെ ദേവിക്കു കാണിച്ചുകൊടുത്തു. അചിരേണ ഗംഗയേയും ചൂണ്ടിക്കാട്ടിപ്പറകയായി. സീതേ! പാവനിയായ ദേവനദിയെ നമസ്കരിക്കൂ! അതാ കാണുന്നു തീർത്ഥരാജനിയായ പ്രയാഗ. അനേകജന്മങ്ങളിൽ ചെയ്ത പാപകോടികളെ വിപാടനംചെയ്വാൻ അതിനു ശക്തിയുണ്ട്. നോക്കൂ! അതാ! സകലശോകഹാരിണിയും സ്വൎഗ്ഗലോകനിശ്രേണിയുമായ പുണ്യത്രിവേണി അപ്പുറത്തതാ! ത്രിവിധതാപങ്ങളേയും സംസാരദുഃഖത്തേയും ഹരിക്കുന്ന അയോദ്ധ്യ.

രഘുപതിയും ദേവിയും ഭക്തിപൂൎവ്വം അയോദ്ധ്യയെ വണങ്ങി. ഭഗവന്നയനങ്ങളിൽ സന്തോഷാശ്രുധാരയൊഴുകി. ശരീരമഖിലം പുളകവികലമായി. പരിജനസമേതം പ്രഭു ത്രിവേണിയിലിറങ്ങിക്കുളിച്ച് ബ്രാഹ്മണൎക്കു പലവിധത്തിലുള്ള ദാനങ്ങൾ അനുഷ്ഠിച്ചു.

അനന്തരം ഹനൂമാനെ അരികിൽ വിളിച്ച്, വായുപുത്ര! നീ ബ്രാഹ്മണവേഷം കൈക്കൊണ്ട് അയോദ്ധ്യയിൽ പോയി എന്റെ കുശലങ്ങൾ ഭരതനെ അറിയിക്കുക! എന്നിട്ട് വർത്തമാനങ്ങൾ വഴിപോലെ അറിഞ്ഞു തിരികെ വരികയും വേണം എന്നു നിയോഗിച്ചു. ഹനൂമാൻ അപ്പോഴേ യാത്രയായി. പ്രഭുവാകട്ടെ, ഭരദ്വാജന്റെ പുണ്യാശ്രമം നോക്കിച്ചെന്നു. മഹർഷി മഹനീയപൂജാദിവിധാനങ്ങളാൽ സൽക്കരിക്കയും സ്തുതിവചനങ്ങൾ ഉച്ചരിച്ച് ആശീർവദിക്കയും ചെയ്തു. സന്തോഷഭരിതനായ സീതാപതി, സാഞ്ജലിഹസ്തം മുനിയെ വണങ്ങിവാങ്ങിവന്നു വിമാനയാത്ര തുടർന്നു.

സ്വാമിയുടെ ആഗമനവൃത്താന്തമറിഞ്ഞപ്പോൾ ഭക്തിരസകല്ലോലങ്ങളിൽ മുഴുകിയൊഴുകിയ ഗുഹൻ, 'തോണി തോണി' എന്നുവിളിക്കൂട്ടി, സ്വജനങ്ങളെയെല്ലാം വിളിച്ചുകൂട്ടി. വിമാനം ഗംഗാനദി കടന്നു മറുതീരത്തിലായപ്പോൾ ഭഗവദഭിമതമനുസരിച്ചു മെല്ലെമെല്ലെ ഭൂതലത്തിലിഴിഞ്ഞു. വൈദേഹി ദേവഗംഗയെ ബഹുപ്രകാരേണ പൂജിച്ചു പലവുരു പാദങ്ങളിൽ നമസ്കരിച്ചു. "സുന്ദരീ! നിനക്കു കുശലം അഭംഗുരമായി ഭവിക്കട്ടെ" എന്നു ഗംഗാദേവി അനുഗ്രഹിക്കയുംചെയ്തു. ഗുഹൻ പ്രേമഭാരവിവശനായി ഓടിയടുത്ത്, പരമാഹ്ലാദപരിപൂർണ്ണസുഖമനുഭവിച്ചു. വൈദേഹീസഹിതനായ പ്രഭു നേത്രഗോചരീഭവിച്ച നിമിഷത്തിൽ, ആ സാധു, സന്തോഷഭാരത്തിലടിപെട്ടു ബോധഹീനനായി വീണുപോയി. ദാസപാരവശ്യം ഭക്തവത്സലൻ സഹിക്കുമോ? ക്ഷണേന അവനെ തൃക്കൈകളാൽ വാരിയെടുത്തു മാറത്തണച്ചതുമല്ല, പ്രബുദ്ധനാക്കി അരികിൽ പിടിച്ചിരുത്തി കുശലംചോദിക്കയും ആയി. വിനയം മൂർത്തീഭവിച്ചതുപോലെ നിഷാദൻ തൊഴുകൈക്കൂപ്പിനിന്ന് "പ്രഭോ! ബ്രഹ്മശങ്കരസേവ്യമായ നിന്തിരുപ്പാദപങ്കജം ദർശിക്കയാൽ എനിക്കു സർവ്വകുശലംതന്നെ. ഹേ സുഖധാമമേ! ലബ്ധകാമ! രാമരാമ! നിന്തിരുവടിക്കു നമസ്കാരം" ഇത്യാദി ധന്യോക്തികൾ വർഷിച്ചു വാഴ്ത്തി.

ഗുഹൻ അധമനിഷാദനായിരുന്നിട്ടും ഭഗവാൻ ഭരതനെ എന്നപോലെ മാറിൽ ചേർത്തു തഴുകിയല്ലോ. ഈദൃശകരുണാവരുണാലയനെ മോഹവശനായി ആരൊരുത്തൻ വിസ്മരിക്കുന്നു, അവൻ മൂഢശിരോമണിയാണെന്നു തുളസീദാസൻ പറയുന്നു. രാമചരിത്രം രാമപാദഭക്തിയെ നൽകുന്നതും കാമാദിദോഷഹരവും വിജ്ഞാനാകരവും ആകുന്നു. ഈ വസ്തുത മനസ്സിലാക്കിത്തന്നെ സുരസിദ്ധമുനിസംഘങ്ങൾ, സർവ്വദാ മോദത്തോടുകൂടി അതിനെ ഗാനം ചെയ്യുന്നു.

രഘുപതിയുടെ വീരചരിതവും യുദ്ധവിജയവും ശ്രദ്ധയോടുകൂടി ശ്രവിക്കുന്ന അഭിജ്ഞസജ്ജനങ്ങൾക്ക്, വിനയവിവേകനിത്യചി

ഭൂതികളെ ഭഗവാൻ നൽകുന്നു. ഈ കലികാലം മലജാലനിലയനാമാണു്. നല്ലപോലെ ചിന്തിച്ചുകൊൾവിൻ! ശ്രീരഘുനായകന്റെ നാമം ത്യജിച്ചാൽ മറെറാരു ശരണമില്ലെന്നു മനസ്സിലാക്കുവിൻ!

രാമചരിതമാനസത്തിൽ,
വിജ്ഞാനവൈരാഗ്യസമ്പാദനം എന്ന ആറാംസോപാനം
കഴിഞ്ഞു.

---

# ഉത്തരകാണ്ഡം.

---

## മംഗലാചരണം

രാജന്മാരസകന്ദു നീലകോമളൻദേവ-
രാജരാജൻ വിപ്രേന്ദ്രപാദചിഹ്നിതോരസ്കൻ
രാജദാഭാഢ്യൻ പീതവാസസ്സല്ബണരമ്യ
രാജീവനേത്രൻ, നിത്യപ്രസന്നമുഖാംബുജൻ
ബാണകാർമുകപാണി, വാനരസമായുതൻ
ജാനകീജാനി, സഹോദരനാൽ സംസേവിതൻ
ധ്യാനാർഹഭൂമാ രഘുപുംഗവൻ സുപുഷ്പക-
യാനാരൂഢനാം രാമചന്ദ്രനു നമസ്കാരം;
തൽപാദകമനീയ കഞ്ജങ്ങൾ പരമേശ
പത്മസംഭവ സമാരാധന വിശിഷ്ടങ്ങൾ,
ഭക്തമാനസഭൃംഗസംഗികൾ സീതാകര-
പ്പൊൽപ്പൂലാളിതങ്ങളെന്നുപ്പൂവിൽ വിളങ്ങണം.
കന്ദർപ്പവിമോചനനംബികാപതി ചന്ദ്ര
കുന്ദശംഖാവദാതസുന്ദരൻ കൃപാകരൻ
വന്ദാരുജനേഷ്ടദൻ കളകഞ്ജാക്ഷനായോ-
രിന്ദുശേഖരനെ ഞാനന്വഹം ഭജിക്കുന്നേൻ

അവധികഴിഞ്ഞുകൂടാൻ പിന്നെ ഒരു ദിവസമേ ഉണ്ടായിരുന്നുള്ളു. രാമവിയോഗതീവ്രാഗ്നിയിൽ ദഹിച്ചു ദേഹം ശോഷിച്ചുശോകാതുരരായി ഭവിച്ചിരുന്ന പുരവാസിനരനാരികൾ ശോഭനശകുനങ്ങൾ കണ്ടുതുടങ്ങുകയാൽ സന്തോഷിച്ചു. നഗരവും പ്രഭ്വാഗമനത്തെ സൽക്കരിക്കാനെന്നപോലെ സർവ്വത്ര ലക്ഷണയുക്തമായി ശോഭിച്ചു. കൌസല്യമുതലായ അമ്മമാർ രാമചന്ദ്രൻ സീതാസോദര

സമേതനായി എഴുന്നള്ളിവന്നു എന്ന മംഗളവാർത്ത അടുത്തനിമിഷത്തിൽ കേൾക്കാനിടവരും എന്ന നിലയിൽ ആനന്ദഭരിതരായി സുഖിച്ചു. ഭരതൻെറ ദക്ഷിണഭുജവും നയനവും തെരുതെരെ ചലിച്ചുതുടങ്ങി. ശുഭശകുനമാണെന്നുള്ള ബോധത്താൽ ആ ഭക്തശിരോമണിക്കുണ്ടായ സന്തോഷത്തിനതിരില്ല. എന്നാലും ഈദൃശപര്യാകുല ചിന്തകൾ ഹൃദയരംഗത്തിൽ പ്രസ്ഫുരിക്കയായി.

വനവാസകാലാവധി ഇനി ഒരു ദിവസമേയുള്ളു. അതിലത്രേ എൻെറ ആന്ത്യഭാഗ്യപരീക്ഷ സ്ഥിതിചെയ്യുന്നതു്. ആവൂ! മനസ്സമാധാനം തീരെ ഉണ്ടാകുന്നില്ല. പ്രഭു മടങ്ങിവരാൻ ഇനിയും എന്താണാവോ താമസം? ശരി, അവിടുന്നു എന്നെ ഉപേക്ഷിച്ചുപോയപ്പോഴേ ഞാൻ കുടിലനാണെന്നുള്ള വസ്തുത ദൈവം മനസ്സിലാക്കിയിരിക്കാം. രാമപാദങ്ങളിൽ അനുരക്തനായ സാധുലക്ഷ്മണൻ എത്രയോ ധന്യധന്യൻ! ഞാൻ കപടവാനും കുടിലനുമാണ്. ഒരുമിച്ചെന്നെക്കൂടിക്കൊണ്ടുപോകാതെ പ്രഭു എഴുന്നള്ളുവാനും കാരണം അതുതന്നെ. എൻെറ പ്രവൃത്തി എത്ര കക്ശം! തിരുമനസ്സിൽ അതു കുറിക്കൊണ്ടുവെങ്കിൽ കല്പശതങ്ങൾകൊണ്ടും എനിക്കു മോചനം സിദ്ധിക്കയില്ലായിരുന്നു. എന്നാൽ ദീനബാന്ധവനും മൃദുസ്വഭാവനുമായ അവിടുന്നു ദാസന്മാരുടെ അപരാധങ്ങളെ ഗണിക്കുക പതിവില്ല. പ്രതിജ്ഞയനുസരിച്ചു ഇപ്പോൾ എഴുന്നള്ളിവരുമെന്നുതന്നെ എൻെറ മനസ്സാക്ഷി ശബ്ദിക്കുന്നു. ശകുനങ്ങളും അത്രയ്ക്കു ശോഭനങ്ങളായിക്കാണുന്നു. അവധികഴിഞ്ഞാൽ പിന്നെ ഒരു നിമിഷം, നാഥനെക്കാണാതെ പ്രാണധാരണം ചെയ്യുകയാണെങ്കിൽ, ഞാൻ ലോകത്തിൽവച്ചു അധമാധമനായി ഭവിക്കുന്നതാണ്!!

ഇപ്രകാരം ഭരതൻെറ മനസ്സു രാമവിരഹസാഗരത്തിൽ മുങ്ങിത്താഴ്ന്നുപോകാറായ അവസരത്തിൽ, രക്ഷാപോതംപോലെ ബ്രാഹ്മണവേഷം ധരിച്ചു രാമദൂതൻ, അവിടെ ആവിർഭവിച്ചു. ക്ഷണേന ഒരു കുശാസനത്തിൽ സൽക്കരിച്ചിരുത്തി, ജടാമകുടഭാസുരനും, കൃശശരീരനുമായ കുമാരൻ, രാമനാമജപനിരതനായി മിഴിനീരുമൊഴുക്കി നിലകൊണ്ടു. അതു കാണവേ ഹനുമാൻെറ ദേഹം ആനന്ദക്കോൾമയിർകൊണ്ടു. നയനങ്ങൾ ബാഷ്പധാരാകലുഷങ്ങളായി. എന്നിട്ടു് അവാച്യസന്തുഷ്ടിയോടെ, കർണ്ണമധുരമാംവണ്ണം മംഗളവചനം ഉച്ചരിച്ചു. “ഭാഗ്യശാലിയായ കുമാര! ആരുടെ വിരഹത്തെക്കുറിച്ചു താങ്കൾ രാപ്പകൽ ദുഃഖിക്കുന്നു. ആരുടെ ഗുണഗണങ്ങളെ നിരന്തരം കീർത്തിക്കുന്നു. ആ രഘുവംശമണി, സാധുജനസുഖദൻ, ദേവമുനിരക്ഷകൻ, കുശലിയായി ഇതാവരുന്നു. ശത്രു

സംഘത്തെ ജയിച്ചു ദേവഗീത യശസ്സോടേ സീതാനുജസമേതനായ പ്രഭു അല്പസമയത്തിനകം അക്ഷികൾക്കു ലക്ഷീഭവിക്കും" ഈ വാക്കുകൾ ഭരതന്നു എത്രമാത്രം ആനന്ദകരമായിരുന്നുവെന്നു വർണ്ണിക്കു പ്രയാസം. ദുഃഖമെല്ലാം വിസ്മരിച്ചുകഴിഞ്ഞു. തൃഷാർത്തനായവന്നു അമൃതനദികണ്ടു കിട്ടിയതുപോലെയായി. "മഹാത്മാവേ! എനിക്കു പരമപ്രിയമായ ഈ വചനം ഉച്ചരിച്ച താങ്കൾ ആര്? എന്നു ഹനുമാനെ നോക്കിചോദിച്ചു.

"കൃപാനികേതമായ കുമാര! ഞാൻ വായുപുത്രനായ ഒരു വാനരൻ. ഹനുമാനെന്നാണ് പേരു ദീനബന്ധുവായ രഘുപതിയുടെ ഇഷ്ടകിങ്കരനത്രേ" ഹനുമാൻെറ മറുപടികേട്ട് ഭരതൻ ആദരപൂർവ്വം എഴുന്നേററു സമീപിച്ച്, പുളകാനന്ദബാഷ്പാകുലം ആശ്ലേഷം ചെയ്തു. പ്രേമഭാരം വഹിക്കാൻ ഹൃദയത്തിൽ സ്ഥലമില്ലാതെയായി. എന്നിട്ട് ഹനുമാനെനോക്കി "ഹേ കപീശ്വര! താങ്കളുടെ ദർശനം എൻെറ സകല ദുഃഖങ്ങളേയും ഹരിച്ചു. രാമപ്രിയനെ ആശ്ലേഷിക്കാനുള്ള ഭാഗ്യം ഇന്നെനിക്കു ലഭിച്ചു" എന്നിങ്ങിനെ ധന്യവാദംചെയ്ത് പിന്നെയും പിന്നെയും കുശലം ചോദിച്ചു. "ഭ്രാതാവേ! ഞാൻ താങ്കൾക്ക് എന്താണു തരേണ്ടതു്- ഈ സന്തോഷവാർത്തയ്ക്കു വിലപിടിക്കാൻ ലോകത്തിൽ എന്താണുള്ളത്. വീടാത്തതാൽ എന്നും ഞാൻ താങ്കളുടെ കടക്കാരനായിരിക്കണമല്ലോ. അതു നിൽക്കട്ടെ; സുഹൃത്തേ! താങ്കൾ ദയചെയ്തു പ്രഭുചരിതം വിസ്തരിക്കണേ"

ഈ അഭ്യർത്ഥനത്തെ ബഹുമാനിച്ചു ഹനുമാൻ വിനയപൂർവ്വം രഘുപതിയുടെ ചരിതങ്ങളെ കീർത്തിച്ചു. ഒടുവിൽ ഭരതൻ ചോദിച്ചു. കപീന്ദ്ര! കൃപാനിധി എപ്പോഴെങ്കിലും എന്നെ ദാസത്വേന സ്മരിക്കാറുണ്ടോ? എപ്പോഴെങ്കിലും ദാസനാണെന്ന് അരുളിച്ചെയ്കയുണ്ടായിട്ടുണ്ടോ?

വിനീതമായ ഈ പ്രശ്നം കേൾക്കവേ ഹനുമാൻ രോമാഞ്ചകഞ്ചുകിതനായി നമസ്കരിച്ചു പോയി. അത്രമാത്രം ഭാവശുദ്ധിയും, ഭക്തിയും ഭരതനിൽ പ്രത്യക്ഷമായി. അതിലെന്താത്ഭുതം? ചരാചരഗുരുവായ ഭഗവാൻ രഘുരാജൻ നിജമുഖകമലത്താൽ ഗുണഗാനം ചെയ്യുന്ന ആ പുണ്യശാലി, വിനീതനും വിശുദ്ധനും ഗുണനിധിയുമായല്ലാതെ എങ്ങനെ ഭവിക്കും? "നാഥ! അങ്ങ്, രാമചന്ദ്രനു പ്രാണങ്ങളേക്കാൾ പ്രിയതരനത്രേ., ഇതു സത്യവാക്കാണ്" എന്നു പറഞ്ഞിട്ട് ഹനുമാൻ ഹൃദയത്തിലൊതുങ്ങാതെ കവിഞ്ഞ അകളങ്കപ്രേമവീചികളുടെ നിരന്തരസംശ്ലേഷമെന്നപോലെ വീണ്ടും വീണ്ടും ഭരതനെ ആശ്ലേഷിച്ചശേഷം ക്ഷണേന വണങ്ങിവാങ്ങി സ്വാമിസവിധത്തിലെത്തി സകല കുശലങ്ങളും ഉണർത്തിച്ചു സന്തോ

ഷപൂൎവ്വം ഭഗവാൻ പരിവാരസമേതം പുഷ്പകത്തിലെഴുന്നള്ളി യാത്ര തുടൎന്നു.

ഭരതനാകട്ടെ ഭ്രാതാവിൻെറ ആഗമനസുഖാമൃതത്തിൽ മുഴുകി മുഴുകി അയോദ്ധ്യയോളം ഒഴുകി. പുരവാസികൾ രാമവിരഹതീവ്രത്തീയിൽ വെന്തുവെന്തുരുകുകയായിരുന്നു. കുശലവാനായി ഭഗവാൻ ആഗമിക്കുന്നുവെന്ന മംഗളവാൎത്ത ഭരതൻ വസിഷ്ഠനോടുണൎത്തിച്ചശേഷം പട്ടണത്തിൽ വിളംബരമടിപ്പിച്ചു. കേൾക്കായ മാത്രയിൽ മാതൃജനങ്ങൾ ബദ്ധപ്പെട്ടുഴറിയിറങ്ങി. ഭരതൻ പ്രഭുവിൻെറ വിജയമംഗലവാൎത്തകളാൽ അവരെ സുഖിപ്പിച്ചു. പുരവാസിനരനാരികൾ വൃത്താന്തഹൎഷിതരായി ഓടിപ്പുറപ്പെടുകയായി. വരവൎണ്ണിനികൾ വാരണവരസഞ്ചാരരസികതയോടേ മംഗലഹേതുക്കളായ തൈരു, കറുക, ഗോരോചന, ഫലപുഷ്പങ്ങൾ, തുളസിത്തളിരുകൾ ഇവ സ്വൎണ്ണത്താലങ്ങളിൽ വഹിച്ചു, മധുരഗാനങ്ങളും പാടി നടകൊണ്ടു. കേട്ടകേട്ട സ്ത്രീകളെല്ലാം പെട്ടെന്നുപുറപ്പെട്ടുകഴിഞ്ഞു. കുട്ടികളെയോ വൃദ്ധബന്ധുക്കളെയോ കൂട്ടിക്കൊണ്ടുപോകാൻ ക്ഷമിച്ചില്ല. ഓരോരുത്തനും സമീപസ്ഥനോട്, സഖേ! ദയാലുവായ രഘുരാജനെ കണ്ടുവോ എന്നു ചോദിക്കയായി. പുഷ്പകവിമാനം ദൂരദൂരം കാണുമാറായി. പ്രഭുവിൻെറ ആഗമനകോലാഹലത്തിൽ നിമഗ്നമായ അയോദ്ധ്യാനഗരം, അഭ്രുതപൂൎവ്വവിലസിതങ്ങളുടെ വിളനിലംപോലെ വിളങ്ങി. സരയൂനദി നിൎമ്മലനീരയായി ഒഴുകി; വായു മന്ദഗതിയും സുഗന്ധിയും ശീതസ്പൎശിയുമായി.

ഭരതനാകട്ടെ, ഉദ്യൽപ്രേമസമ്പന്നം ഗുരുനാഥനോടും പുരജനങ്ങളോടും അനുജനോടുമൊന്നിച്ച്, കൃപാനിധിയെ എതിരേല്ക്കാൻ ബ്രാഹ്മണപുരസ്കൃതനായി പുറപ്പെട്ടു. സുന്ദരിമാർ രമ്യഹൎമ്മ്യങ്ങളിൽ കയറി സുഖായനനെ കാണ്മാനുഴറി. കണ്ണുകൾക്കു കൎപ്പൂരത്തിരിപോലെ വ്യോമയാനം ദൂരദൂരം കാണവെ, സുന്ദരിമാർ സുഖമേകുടി പ്രേമാനന്ദമധുരമാംവണ്ണം മംഗലഗാനം പാടി. ആകപ്പാടെ രാമചന്ദ്രചന്ദ്രദൎശനത്താൽ അയോദ്ധ്യാസമുദ്രം സ്ത്രീജനകോലാഹലതരംഗവിലസിതമായി വിജൃംഭിച്ചു.

സൂൎയ്യകുലകമലസൂൎയ്യനായ രഘുരാജൻ നഗരമനോഹാരിതയെ കപികൾക്കു കാണിച്ചു പറഞ്ഞു:—ഹേ സുഗ്രീവ! അംഗദകുമാര! സഖേ വിഭീഷണ! വൈകുണ്ഠത്തെ പരമസുഖധാമമെന്നു ലോകവും വേദവും ഘോഷിക്കുന്നുണ്ടെങ്കിലും അയോദ്ധ്യയെപ്പോലെ അതെനിക്കു പ്രിയതരമല്ല. ഈ വസ്തുത അപൂൎവ്വം ചിലരേ അറിയൂ. ഇതാ മോഹനമായ അയോദ്ധ്യാനഗരം, എൻെറ ജന്മഭൂമി, നോക്കുക. വടക്കുഭാഗത്തു പരിപാവനയായ സരയൂ ഒഴുകുന്നു. അതിൽ മജ്ജി

ക്കാൻ ഭാഗ്യമെത്തുന്ന സുകൃതവാൻ അശ്രമം എന്റെ നിഃശ്രേയസത്തിനു പാത്രീഭവിക്കുന്നു. ഇതിലെ നിവാസികൾ എനിയ്ക്കു് അത്യന്തം പ്രിയന്മാരാണ്. അവരെ ഈ വിശിഷ്ടനഗരം ഇഹപരലോകങ്ങളിൽ ഒരുപോലെ, എന്റെ കൂട്ടപൌരന്മാരാക്കി ചെയ്യുന്നു."

പ്രഭുവചനസുധാമൃതം ആസ്വദിച്ച് വാനരന്മാർ സുഖിച്ചു. രാമപ്രശംസയ്ക്കു പാത്രീഭവിച്ച ആ നഗരപ്രവരം എത്രയോ ധന്യധന്യമെന്നു പറവാനുണ്ടോ?

പൌരജനങ്ങൾ സ്വദർശനോന്മുഖരായി പുറപ്പെട്ടിരിക്കുന്നതു നോക്കി കൃപാസിന്ധു വിമാനത്തെ താഴിറക്കിച്ചുവന്ന്, നഗരപ്രാന്തത്തിലെത്തി. അചിരേണ ഭൂതലത്തിൽ അവരോഹിക്കയും ആയി.

അനന്തരം കുബേരസമീപത്തിലേക്കു മടങ്ങിപ്പൊയ്ക്കൊൾവാൻ ആജ്ഞാപിച്ചതനുസരിച്ചു, പുഷ്പകവിമാനം ഹർഷവിഷാദസങ്കുലമായി. വണങ്ങിവാങ്ങി അളകയെ പ്രാപിച്ചു. രഘുവരവിരഹകൃശന്മാരായ പുരവാസികൾ ആകവേ താപസനെ വൃത്തികളെന്നപോലെ ഭരതനെ അനുഗമിച്ചിരുന്നു. വാമദേവനോടുകൂടി എഴുന്നള്ളിനിന്ന മുനിനായകനായ വസിഷ്ഠനെക്കണ്ട ക്ഷണത്തിൽ ഭഗവാൻ വില്ലുമമ്പും താഴത്തു തള്ളി വേഗത്തിൽ സഹോദരനുമായി ചെന്ന് ഗുരുചരണങ്ങളെ ഗ്രഹിച്ചു. പ്രേമരസപുളകിതന്മാരായി നമസ്കരിച്ച വത്സലശിഷ്യന്മാരെ വസിഷ്ഠമഹർഷി തഴുകിയണച്ചു കുശലം ചോദിച്ചു. ഗുരോ! നിന്തിരുക്കാരുണ്യത്താൽ ഞങ്ങൾക്കു കുശലം തന്നെ, എന്ന്, ഉണർത്തിച്ചശേഷം ധർമ്മധുരന്ധരനായ രഘുപതി ബ്രാഹ്മണോത്തമന്മാരെ വന്ദിക്കയും ആദരപൂർവം അവർ ആശിസ്സരുളി അനുഗ്രഹിക്കയും ചെയ്തു. ഈ അവസരത്തിൽ ഭരതൻ ബ്രഹ്മശങ്കരദേവമുനിസേവിതമായ ഭഗവൽപാദങ്ങളെ ഗ്രഹിച്ചുകൊണ്ടു് നമസ്കരിച്ചു വീണു. എഴുനേൽക്കാൻ ഭാവമില്ലെന്നായി. ഒടുവിൽ കരുണാനിധി വാത്സല്യനിർഗ്ഗളിതമായ ആനന്ദബാഷ്പപുളകങ്ങളണിഞ്ഞു് ബലാൽക്കാരേണ പിടിച്ചെഴുനേല്പിച്ചു മാറോടണച്ചു.

ത്രിഭുവനധനനായ സീതാപതിയുടെ ഭക്തവാത്സല്യം എന്തു പറയട്ടെ. അനുജനെ മാറിൽചേർത്ത നിമിഷത്തിൽ പ്രേമപുളകവും ആനന്ദബാഷ്പവും പൂന്തിരുമെയ്യിൽ അനർഗ്ഗളമായി പ്രകടിച്ചു. പ്രഭുവിന്റെയും അനുജന്റെയും സമ്മേളനസൌന്ദര്യം ഏതൊന്നിനോടാണുപമിക്കുക! വാക്കു കിട്ടുകില്ലതന്നെ. സാമാന്യേന പറകയാണെങ്കിൽ, പ്രേമവാത്സല്യങ്ങൾ മൂർത്തീഭവിച്ചുവന്നു് അന്യോന്യം സുഖാശ്ലേഷം ചെയ്തതുപോലെ കാണപ്പെട്ടു. അനുജ! കുശലം തന്നെയല്ലേ? എന്നു ഭഗവന്മുഖത്തിൽ നിന്നു് അമൃതനി

ഷ്യന്ദിയായ പ്രശ്നം നിർഗ്ഗളിച്ചപ്പോൾ, മറുപടിക്ക വാക്കുതോന്നാതെ ഭരതൻ വിഷമിച്ചു. ഹേ ഹൈമവതി! ഈദൃശമായ ആശ്ലേഷസുഖം അനുഭവമാത്രഗോചരമത്രെ. വാക്കിനോ ബുദ്ധിക്കോ വിഷയമാവില്ല. ഭരതൻ പണിപ്പെട്ടു പറഞ്ഞു. കോസലേശ! എനിക്കിപ്പോൾ സർവ്വകുശലമായി. ഈ ദാസനെ ആത്തനാണെന്നറിഞ്ഞു് ദയാപൂർവ്വം നിന്തിരുവടി ദർശനാംതരികയും വിരഹവാരിധിയിൽ മുങ്ങിച്ചാകാറായ അവസരത്തിൽ കരത്തെ ഗ്രഹിച്ചു കരയേറുകയും ചെയ്തുവല്ലോ.

സഹോദരന്മാരുടെ ഈ സമ്മേളനം കണ്ടിട്ടു് സുഗ്രീവനും വിഭീഷണനും* ലജ്ജകൊണ്ടു തലപൊക്കാൻ ശക്തിയില്ലാതെ നിന്നുപോയി. മോഷ്ടിച്ച സാധനവും കയ്യിൽവച്ചു കൌതുകത്തോടെ നടന്നുപോകുന്ന പെരുങ്കള്ളനെ, മുതലുടമസ്ഥൻ പെട്ടെന്നു പിടികൂടിയാലെങ്ങനെയോ അതുപോലെയുള്ള സംകടം അവരനുഭവിച്ചു. അനന്തരം പ്രഭു വാത്സല്യപൂർവ്വം ശത്രുഘ്നനെയും ഭരതൻ ലക്ഷ്മണനേയും തഴുകിയണച്ചാശ്ലേഷിക്കയായി. ദുസ്സഹവിരഹദുഃഖത്തിന്റെ കണികപോലും ശേഷിക്കാത്തവിധത്തിൽ, ലക്ഷ്മണശത്രുഘ്നന്മാരും അന്യോന്യാശ്ലേഷത്താൽ സുഖിക്കയും, ഭരതനും, ശത്രുഘ്നനും ദേവിയായ സീതയുടെ ചരണകമലങ്ങളിൽ പരമപ്രീതിപൂർവ്വം പ്രണമിക്കയും ചെയ്തു. പ്രഭുദർശനത്താൽ പ്രജാവർഗ്ഗത്തിനുണ്ടായ ആനന്ദം പറവാനില്ല. വിയോഗവിപത്ഘട്ടത്തിലെ ദുർഘടങ്ങളെല്ലാം അവർ മറന്നു. പ്രജകളുടെ പ്രേമാതുരഭാവം ശരിക്കുധരിച്ച കൃപാലുവായ ഖരാരി, കൌതുകത്തോടെ വിവിധരൂപം പ്രകടികരിച്ചു്, അദ്ഭുതം ഓരോരുത്തരേയും സൽക്കാരവചനാദികളാൽ ഉപചരിച്ചു. കരുണാമസൃണമായി അവിടുന്നു തൂകിയ കടാക്ഷമാലകളണിഞ്ഞ സ്ത്രീപുരുഷന്മാരെല്ലാം, ശോകലേശം പോലുമില്ലാതെ വിളങ്ങി. ഭഗവാൻ എല്ലാവരേയും ഒരുപോലെ ഒരേസമയത്താശ്ലേഷിച്ചു. ഹേ ഭവാനി! ഈ മായാവിദ്യയുടെ മർമ്മം ആർക്കുതന്നെ അറിയാം. എല്ലാവരേയും ഇപ്രകാരം സുഖിപ്പിച്ചശേഷം, ശീലഗുണധാമമായ ശ്രീരാമൻ, അവിടേനിന്നും മാതൃമന്ദിരങ്ങൾ നോക്കിനടന്നു. കൌസല്യാദി മാതാക്കളാകട്ടെ, പിരിഞ്ഞുപോയ കന്നുകുട്ടിയേകണ്ടെത്തിയ പശുവേപ്പോലെ, അഥവാ, കാനനഭൂമിയിൽ മേയാൻ പോയിട്ടു്, സായാഹ്നവേളയിൽ, അകിട്ടിൽ പാൽ ചുരത്തിക്കൊണ്ടു

---

* സഹോദരസ്നേഹത്തിന്റെ വൈശിഷ്ട്യം രാമഭരതന്മാരിൽ കണ്ടപ്പോൾ, അങ്ങൾക്ക ഒരുമപ്പെട്ട സഹോദരലോകത്തെ ഓർത്താണ് അവർക്ക ലജ്ജയും വേദനയുമുണ്ടായതു്. അഥവാ, രാമഭക്തരിൽ അഗ്രേസരന്മാരാണ തങ്ങളെന്നുള്ള അഭിമാനം അതിന്റെ അചഞ്ചലപ്രേമവീചികളുടെ തള്ളൽ കണ്ടപ്പോൾ അസ്തമിക്കകൊണ്ടാണെന്നും വരാം.

കരഞ്ഞുവിളിച്ചു. കുട്ടിയേനോക്കി പാരഞ്ഞൊഴുന്ന പശുവെപ്പോലെ പ്രേമഭാരത്തോടെ പ്രിയപ്പെട്ട ഓമന വാക്കുകളും പറഞ്ഞു്, വേഗത്തിൽ മകനെ ആശ്ലേഷിക്കാനണഞ്ഞു. വിഷമവിയോഗദുഃഖങ്ങളെല്ലാം വഴുകിമാറി ആനന്ദസുഖങ്ങളിൽ മുഴുകി.

സുമിത്രാദേവി, മകനെ, രാമചരണൈകനിരതനാണെന്നറിഞ്ഞു മാറോടണച്ചു തഴുകി. കൈകേയിയും രഘുപതിയെ ആശ്ലേഷിച്ചുവെങ്കിലും ഹൃദയപങ്കജത്തിൽ സങ്കോചമങ്കുരിക്കാതിരുന്നില്ല. ലക്ഷ്മണനും മാതൃജനങ്ങളെ ഓരോരുത്തരേയും സമാശ്ലേഷം ചെയ്തു സന്തോഷപൂർവ്വം അവരുടെ ആശിസ്സുകൾ ലഭിച്ചു. അക്കൂട്ടത്തിൽ തഴുകപ്പെട്ട കൈകേയിക്കുമാത്രം മനക്കലക്കം മാറായ്കകൊണ്ടു സുഖിക്കാൻ സാധിച്ചില്ല.

വൈദേഹിയും അമ്മമാരുടെ ചരണാരവിന്ദങ്ങൾ സൌമുഖ്യത്തോടേ ചുംബനംചെയ്തു. എല്ലാവരും ദേവിയോടു കുശലം പൃച്ഛിച്ചു, സുമംഗലിയായി ദീർഘകാലം ജീവിപ്പൂതാക എന്നനുഗ്രഹമരുളി. സർവ്വജനങ്ങളും രാമമുഖകമലത്തെ കൺവണ്ടുകളാൽ സസുഖം ആസ്വദിച്ചു സംതൃപ്തരായി. അനർഗ്ഗളമായി ഊറിയുയന്ന ബാഷ്പധാരകൾ ആ മംഗലാവസരത്തെ മാനിച്ചു നിയന്ത്രിക്കയുമായി. സ്വർണ്ണത്താലപ്പൊലിയും നീരാജനദീപവും രാമശിരസ്സിലുഴിഞ്ഞു്, ആ പൂന്തിരുവുടൽതന്നെ ചിന്തിച്ചു ചിന്തിച്ചു നിന്നു. അനന്തരം ഹർഷഭാരവൈവശ്യത്തോടേ, വസ്ത്രാഭരണസുവർണ്ണാദികൾ നാലുപുറത്തും വാരി വിതറി.

കൌസല്യാദേവി, കമനീയമായ മുഖകമലത്തെ നോക്കിനോക്കിച്ചിന്തിക്കയാണു്. "അഹോ! മഹാശക്തനായ ലങ്കാധിപതിയെ ഈ ഓമനക്കുട്ടൻ ഏങ്ങനെ നിഗ്രഹിച്ചോ? അത്യന്തസുകുമാരശരീരികൾ, ഇക്കുട്ടികൾ, ബലപ്രൌഢന്മാരായ രാക്ഷസന്മാരെ കാലനുക്കയച്ച കൌശലമേതോ? ഈദൃശവിചാരത്തോടെ പുത്രന്മാരെയും വൈദേഹിയേയും മാറിമാറി നോക്കുകയായപ്പോൾ, പരമാനന്ദകല്ലോലങ്ങളിൽ മുങ്ങി തനുവല്ലിയിൽ രോമാഞ്ചക്കുളുർച്ചുട്ട വിളങ്ങി.

സുഗ്രീവാദിവാനരന്മാരും വിഭീഷണനും മനോഹരമായ മനുഷ്യരൂപമംഗീകരിച്ചു. എല്ലാവരും പ്രേമപ്രസന്നരായി ഭരതന്റെ ഭ്രാതൃസ്നേഹത്തെയും വ്രതനിയമങ്ങളെയും സാദരം വർണ്ണിച്ചുവർണ്ണിച്ചു നിലകൊണ്ടു. നഗരവാസികൾ പ്രഭുപാദങ്ങളിൽ പ്രദർശിപ്പിച്ച അകളങ്കിതവും അപരിമേയവുമായ ഭക്തിവിശേഷത്തേയും അവർ സവിശേഷം പുകഴ്ത്തി. ഭഗവാൻ വാനരാദ്യനുചരന്മാരെയൊക്കെ വിളിച്ച് വസിഷ്ഠമഹർഷിയെ ചൂണ്ടിക്കാട്ടി. സഖാക്കളേ! ഞ

ങ്ങളുടെ കുലഗുരുനാഥനാണിദ്ദേഹം. ഇവിടുത്തെ കൃപാവിശേഷത്താലത്രേ നമ്മൾക്കു രാക്ഷസനിഗ്രഹം സാദ്ധ്യമായതു്. പാദപത്മങ്ങൾ നമസ്കരിക്കുവിൻ എന്നരുളിച്ചെയ്തു. അനന്തരം വസിഷ്ഠനെ വണങ്ങി. "സ്വാമിൻ! എന്നെ സമരസാഗരം കടത്തിവിട്ട ലഘുപോതങ്ങളാണീ നിൽക്കുന്നതു്. എനിക്കുവേണ്ടി ജീവനെ ഉപേക്ഷിച്ചു യുദ്ധംചെയ്തുവരാണു് ഭരതനെക്കാൾ എനിക്കു പ്രിയതരന്മാരുമാണു്" എന്നുണർത്തിച്ചു. പ്രഭുവിൻെറ വത്സലവാക്കുകൾ കേട്ടു് അവൎക്കു അളവററ ആനന്ദമുണ്ടായി. നിമിഷംതോറും സന്തോഷവും സൌഖ്യവും വർദ്ധിച്ചുകൊണ്ടേയിരുന്നു.

അനന്തരം അവരെല്ലാവരും കൌസല്യാദേവിയെ നമസ്കരിക്കയും ദേവി ആശിസ്സരുളിക്കൊണ്ടു്, വത്സന്മാരേ! നിങ്ങൾ എനിക്കു രാമചന്ദ്രനെപ്പോലെ പ്രിയന്മാരാണു് എന്നു ഹർഷവിവശം പ്രസ്താവിക്കയും ചെയ്തു.

രഘുരാജൻ രാജകീയമണിമന്ദിരംനോക്കി എഴുന്നള്ളുകയായി. നഭോമണ്ഡലം പുഷ്പവർഷസംകുലമായി വിളങ്ങി. നയനസാഫല്യം വരുത്താൻ നഗരസുന്ദരിമാർ രമ്യഹർമ്മ്യങ്ങളേറി നിരന്നു. മന്ദിരങ്ങളുടെ മണിവാതിലുകളിൽ മഹിളമാർ വിചിത്രമാംവണ്ണം സുവൎണ്ണകലശങ്ങൾ അലംകരിച്ചുവച്ചു. മംഗലോത്സവചിഹ്നങ്ങളായി കൊടികളും കൊടിക്കൂറകളും പൂമാലകളും ധരിച്ചുകൊണ്ടു ഘോഷയാത്രകളും തുടൎന്നു. വീഥികളിലെല്ലാം സുഗന്ധദ്രവ്യങ്ങൾ കോരിവാരിത്തളിച്ചു്, വഴിയിൽ അവിടവിടെ മുഴപ്പേറിയ രത്നങ്ങൾ പടുത്തു് ചതുരശ്രഖണ്ഡങ്ങൾ നിൎമ്മിച്ചു. കംബോഹനാ, സൎവ്വവിധമായ ആഡംബരാലങ്കാരങ്ങൾക്കും അവിടെ സ്ഥാനം ലഭിച്ചു. പട്ടണംതന്നെ ആനന്ദോത്സവനികേതമായി വിളങ്ങി. വാദ്യമേളങ്ങളും സമഞ്ജസമായി മുഴങ്ങി. സ്ത്രീജനങ്ങൾ സന്തോഷപൂൎവ്വം ആശിസ്സുകൾ ഉച്ചരിച്ചുകൊണ്ടു്, വസ്ത്രാഭരണാദികൾ ലോഭമില്ലാതെ വാരി സഞ്ചാരമാൎഗ്ഗത്തിൽ വിതറി; ബാലസ്ത്രീകൾ ലോലമധുരഗാനം മുഴക്കിച്ചെന്നു് മംഗലവസ്തുക്കൾ നിറച്ച പൊന്നുംതാലങ്ങളും നീരാജനദീപങ്ങളും രാമശിരസ്സിലുഴിഞ്ഞു. പുരത്തിൻെറ ശോഭാവിശേഷവും സമ്പൽസൌഭാഗ്യങ്ങളും വൎണ്ണിക്കുന്നതിനു്, വേദങ്ങളോ ആദിശേഷനോ വാഗീശ്വരിയോ തന്നെ വേണം. പക്ഷെ, ഈ ആഘോഷങ്ങൾ വിസ്തരിക്കുന്നതിനുള്ള സാമൎത്ഥ്യം അവൎക്കുതന്നെയുമില്ല. പിന്നെ കേവലം ഒരു മനുഷ്യൻ അതിലേക്കാരംഭിക്കുന്നതു് എന്തൊരന്ധതാം!

രാമവിരഹസൂൎയ്യരശ്മിയേററു വാടിക്കരിഞ്ഞുകിടന്ന നരനാരികളായ അയോദ്ധ്യാസരഃകുമുദങ്ങൾ, തൽസൂൎയ്യാസ്തമയം കഴിഞ്ഞു്.

രാമചന്ദ്രന്റെ ഉദയമായപ്പോൾ യഥാപൂർവ്വം വികസിതങ്ങളായി; ഭഗവാന്റെ ഗൃഹപ്രവേശനാരംഭത്തെ അനുമോദിച്ച്, ആകാശമണ്ഡലത്തിൽ വാദ്യങ്ങൾ ആഘോഷിച്ചു. സർവ്വദിക്കുകളിലും ശോഭനശകുനങ്ങൾതന്നെ പ്രകാശിച്ചു. പുരജനങ്ങൾ സർവ്വപ്രകാരേണയും സനാഥന്മാരായി സുഖിച്ചു.

ഹേ ഭവാനീ! അപരാധചിന്തയാൽ കൈകേയിക്ക്, സങ്കോചമുണ്ടായിരിക്കുമെന്നു കരുതി, ഭഗവാൻ ആദ്യം ആ ദേവിയുടെ ഭവനത്തെയാണു സന്ദർശിച്ചത്. ഉചിതവാക്കുകളാൽ വേണ്ടവിധത്തിൽ അമ്മയെ ആശ്വാസിപ്പിച്ചശേഷം, തന്റെ മണിയറ പൂകുകയും ചെയ്തു. പ്രഭു, സ്വസ്ഥാനത്തിൽ എത്തിച്ചേർന്നതു കണ്ടപ്പോൾ, പ്രജകൾക്കു വിശേഷിച്ചൊരാനന്ദവും സുഖവുമുണ്ടായി. വസിഷ്ഠമഹർഷി ബ്രാഹ്മണമുഖ്യരെ നോക്കി, "ഹേ വേദിയന്മാരേ! ഇന്നുതന്നെ ശോഭനമായ മുഹൂർത്തമുണ്ട്. രാമചന്ദ്രരാജ്യാഭിഷേകത്തിനു സന്തോഷപൂർവ്വം അനുശാസിച്ചാലും" എന്നു കല്പിച്ചു. ബ്രാഹ്മണർ ആനന്ദതുന്ദിലന്മാരായി, "മഹർഷേ! സർവ്വജഗദഭിരാമമായ, രാമാഭിഷേകം വിളംബംവിനാ നിർവ്വഹിക്കപ്പെടാം. സംഭാരങ്ങളൊരുക്കിച്ച് രാജകീയതിലകം അണിയിക്കുകതന്നെ."

മഹർഷി കല്പിക്കയാൽ ഉടനെ സുമന്ത്രമന്ത്രിസത്തമൻ, നിരവധി രഥതുരഗഗജങ്ങൾക്കു ചമയങ്ങളൊരുക്കിവരുത്തി. അനന്തരം അഭിഷേകസംഭാരങ്ങൾ ആനയിക്കാൻ ദൂതന്മാരെ നാലുവഴിക്കും നിയോഗിച്ചുവന്ന് സന്തോഷപൂർവ്വം വസിഷ്ഠപാദങ്ങൾ വണങ്ങിനിന്നു.

പട്ടണത്തിൽ അലങ്കാരങ്ങൾ പൊടിപൊടിച്ചുനടന്നു. നിർജ്ജരസംഘങ്ങൾ നിർഗ്ഗളമായിപ്പൂമഴ ചൊരിഞ്ഞുകൊണ്ടിരുന്നു. ഇതിനിടയ്ക്കു് ഭഗവാൻ സേവകന്മാരെ വിളിച്ചു, ആദ്യമായി തന്റെ സഖാക്കളെ കുളിപ്പിച്ചലങ്കരിപ്പിക്കാൻ കല്പന കൊടുത്തു. യോഗ്യമായ വിധത്തിൽ കല്പന നിർവ്വഹിക്കപ്പെട്ടു.

തൃക്കൈകൊണ്ടുതന്നെ ഭരതന്റെ ജടാഭാരം അഴിച്ചിട്ട് ഭക്തവത്സനായ കൃപാനിധി, സഹോദരന്മാരെ മൂന്നുപേരെയും സ്നാനത്തിനു നിയോഗിച്ചയച്ചു. ഭരതന്റെ ഭാഗ്യവും പ്രഭുവിന്റെ സരളതവും നൂറുകോടി ശേഷന്മാർക്കും വർണ്ണിക്കവയ്യ. ഒടുവിൽ ഭഗവാനും ജടാഭാരശോധന ചെയ്തു് ഗുർവ്വനുജ്ഞ വാങ്ങിപ്പോയി കുളികഴിച്ചു. ആഭരണങ്ങളുമണിഞ്ഞു് കാമകോടി കമനീയനായിപ്പരിലസിച്ചു. അന്തഃപുരത്തിലെ അമ്മമാർതന്നെ സീതാദേവിയെക്കുളിപ്പിച്ച് ദിവ്യവസനങ്ങളും അവയവംപ്രതി അനർഘഭൂഷണങ്ങളും ചാർത്തി. രൂപഗുണങ്ങൾ തികവുററ ആ ദേവിയെ—സാക്ഷാൽ മഹാലക്ഷ്മി

യെ—രാമദേവൻെറ വാമഭാഗത്തിൽ സവ്വഭൂഷണങ്ങളുമണിഞ്ഞു് സ്ഥിതിചെയ്യുന്നതു കണ്ടപ്പോൾ, രാജ്ഞിമാർ സന്തോഷപ്രമത്തരായി തങ്ങളുടെ ജനനം സഫലമത്രേയെന്നു മനനംചെയ്തു. ഈ അവസരത്തിൽ സുഖകന്ദമായ രഘുനന്ദനനെ കാണ്മാൻ, ബ്രഹ്മാവും ശിവനും ദേവമുനിസംഘവും വാഹനങ്ങളിൽവന്നു് ആകാശാവകാശത്തിൽ നിരന്നു. അനുരാഗവിശിഷ്ടനായ വസിഷ്ഠൻ ഭഗവാനു അനുയോജ്യമായ ഒരു ദിവ്യസിംഹാസനം ആനയിപ്പിക്കയായി. അവാച്യതേജോനിധിയായ രഘുപതി, ബ്രാഹ്മണപാദപത്മങ്ങൾ വണങ്ങി ആസനത്തിൽ ഉപവിഷ്ടനായി. മുനിസമുദയം ദേവീസമേതനായ രാമചന്ദ്രനെ നോക്കി ഹർഷിച്ചു. നഭോമണ്ഡലത്തിൽ ദേവമുനിസംഘങ്ങൾ ജയജയശബ്ദം ഘോഷിച്ചു. ബ്രാഹ്മണരെല്ലാം ഭക്തിയോടുകൂടി വേദമന്ത്രങ്ങൾ ഉച്ചരിച്ചു. പ്രഥമതഃ വസിഷ്ഠമഹർഷിതന്നെ ഭഗവാൻെറ തിരുനെററിയിൽ രാജകീയതിലകം അണിയിച്ചു. അപ്രകാരം ബ്രാഹ്മണരും അനുഷ്ഠിക്കാൻ ആജ്ഞ നല്കുകയും ചെയ്തു.

കൌസല്യ കൌതുകതരളിതയായി പുത്രശിരസ്സിൽ തുടരെത്തുടരെ നീരാജനവിധി നടത്തി, വിവിധദാനങ്ങൾ വിപ്രന്മാൎക്കു ചെയ്തു. യാചകസംഘത്തിനും വേണ്ടതെല്ലാം കൊടുത്തു് ഒരുത്തനും ഒരിച്ഛപോലും ശേഷിപ്പില്ലെന്നാക്കി. ത്രിഭുവനനാഥൻ സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുന്ന പ്രഭാവവിശേഷം നോക്കി, ദേവന്മാർ ദുന്ദുഭിവാദ്യം മുഴക്കി.

വാദ്യമേളത്തിനു പുറമേ, ആകാശത്തിൽ ഗന്ധൎവ്വകിന്നരസംഘം പാടി. ആനന്ദതുന്ദിലരായ ദേവമുനിമാരുടെ മുമ്പിൽ അപ്സരസ്ത്രീകളാടി. ഭരതനും ലക്ഷ്മണശത്രുഘ്നന്മാരും വിഭീഷണനും സുഗ്രീവാംഗദഹനുമദാദികളുമെല്ലാം അവിടെ ഹാജരുണ്ടായിരുന്നു. ചിലർ ഛത്രചാമരവ്യജനങ്ങൾ വഹിച്ചും ഇതരന്മാർ അസ്ത്രചാപശക്തിഖഡ്ഗചൎമ്മങ്ങൾ ധരിച്ചും നിന്നു. സീതാലസിതനായ രഘുപതി, നിരവധി സുമശരന്മാരുടെ കാന്തിവിലാസത്തെ കവന്നു. കാറൊളിപ്പൂമേനി, മഞ്ഞപ്പട്ടുടയാട, കിരീടം, തോൾവള തുടങ്ങിയ രസികഭൂഷണങ്ങൾ വിരിയേറിയ മാറു്, നീളമുള്ള കൈകൾ ഇങ്ങനെ ധന്യജനനിരീക്ഷ്യമായ ആകൃതി മുനിമാനസങ്ങളെ ആകർഷിച്ചു.

അയോദ്ധ്യയിലെ ആഡംബരശോഭയും സമാജസുഖവും വാചാമഗോചരമത്രെ. അല്പമൊക്കെ പറവാനേ ആദിശേഷനും, വേദങ്ങൾക്കും ശാരദയ്ക്കും കഴിയൂ. സാരസ്യം മുഴുവൻ മുശോധന്ദ്രചൂഡനെ അറിയൂ. പ്രത്യേകം സ്തുതിവചനങ്ങൾ ചൊല്ലി ഭഗവാനെ

സേവിച്ചുകൊണ്ടു ദേവന്മാരെല്ലാം സ്വസ്വവാസസ്ഥാനങ്ങളിലേക്കു പോകയായി-

ഋഗാദിവേദങ്ങൾ നാലും വാജികളുടെ രൂപത്തിൽ ഉടനെ അവിടെ ആവിർഭവിച്ചു. സർവ്വജ്ഞനും കൃപാനിധിയുമായ പ്രഭു ആദരപൂർവ്വം ആ ദിവ്യമൂർത്തികളെ സംഭാവിക്കയും അവർ ഓരോരുത്തരായി ഭഗവൽസ്തുതിഗാനം ആരംഭിക്കയും ചെയ്തു. വസ്തുത മററാരും ധരിച്ചതുമില്ല,

(കിളിപ്പാട്ടുരീതി)

സാമവേദം സ്തുതിക്കയാണ്:—

ജയസീതാഭിരാമ! നിർഗ്ഗുണ! ഗുണോപേത!
ജയഭൂപാലശിരോരത്നമേ രഘുരാജ!
ദശകന്ധരമുഖ്യപ്രബലനിശാചര-
ഗളഖണ്ഡനക്ഷമപ്രചണ്ഡഭുജദണ്ഡ!
മനുജാകാരനായിസ്സംസാരഭാരം ഭഞ്ജി-
ച്ചനഘം തജ്ജന്യമാം ദാരുണദുഃഖം തീർത്തു
പ്രണതപാല! ശക്തിയുക്തനാം നിന്നെ ഞങ്ങൾ
ഗുണഗാനം ചെയ്തു വാഴ്ത്തുന്നു വന്ദിച്ചീടുന്നു.

യജുർവേദം:—

ദേവേശദേവാസുരനാഗമാനുഷന്മാരും
സ്ഥാവരചരഭൂതസഞ്ചയങ്ങളുമെല്ലാം
താവകമായാവിഷയങ്ങളിൽ കാലകർമ്മ-
ഭാവേനമുങ്ങിസ്സംസൃത്യബ്ധാവിലമഹർന്നിശം
ശ്രാന്തരായ് ഭ്രമിക്കുന്നു ശാശ്വത! തവകൃപാ-
കാന്തവീക്ഷണം താപത്രയനാശനമല്ലോ.
ഭ്രാന്തികൾ നീക്കി ഞങ്ങൾക്കദ്ധ്യാത്മബോധനിത്യ-
ശാന്തിനൽകണേ! നളിനേക്ഷണ! നമോസ്തുതേ!

അഥർവ്വവേദം:—

ബ്രഹ്മശങ്കരമുഖ്യസേവിതം മുനിപത്നീ
കല്മഷഹരം, ധ്വജകുലിശാങ്കുശചിഹ്നം
നിന്മലർപദപദ്മം വനകണ്ടകാങ്കിത-
മന്വഹം നഖഗളൽ ഗംഗമാരാധിക്കുന്നോൻ
ആരഹോ! ജ്ഞാനമാനമത്തരായ് ഭവതാപ-
ഹാരിണിയാം നിൻഭക്തി ധിക്കരിച്ചിരിക്കുന്നു.
പാരമുൽകൃഷ്ടം ദേവദുർല്ലഭംപദംതന്നെ

ഏറിവാഴ്കിലുമവർ താഴോട്ടുപതിച്ചുപോം.
മററുള്ളാശകളെല്ലാംത്യജിച്ചു നിന്നിൽതന്നെ
വിശ്വാസമാൎന്നനിൻെറ ഭക്തരോടിടചേൎന്നു
നിശ്ശങ്കംതവനാമമന്ത്രജാപകരായി
വൎത്തിപ്പോർസംസാരാബ്ധി നിശ്രമം തരിക്കുന്നു
സത്യമിങ്ങനെകാൺമൂ ലോകത്തിലനുഭവം
സത്യസാഗരവിഭോ സന്തതംനമോസ്തുതേ
നിത്യനിൎമ്മലനിഖിലാഗമപരമാൎത്ഥ-
തത്വഭൃത!രാഘവ! നമസ്തേനമോസ്തുതേ

ഛന്ദം:—

* അവ്യക്തമുരടാൎന്നും നാലുതോലുകൾചേൎന്നും
പ്രവ്യക്തസ്കന്ധമാറായ് കൊമ്പിരുപത്തഞ്ചുമായ്-
പൂവുകളിലകളുംനിറഞ്ഞും മധുരംകൈയ്പ്
ഏവംരണ്ടിനംചേൎന്നകായ്കൾ തൂങ്ങുന്നതായും
വല്ലിയൊന്നിനാൽ ചുററപ്പെട്ടുകോമളങ്ങളാം
പല്ലവങ്ങളാൽപരിലസിതമായും ചെമ്മേ
വൎത്തിക്കുമനാദിവൃക്ഷത്തെ വാങ്മനഃകായ
വൃത്ത്യാഭക്ത്യാപി നമസ്കരിച്ചുഭജിക്കുന്നു.
തത്വജ്ഞർചിലർനിന്നെ നിൎഗ്ഗുണബ്രഹ്മമായ്ക-
ണ്ടദ്വൈതമജമനുഭവഗോചരമെന്നും
കല്പിച്ചുസേവിക്കട്ടെഞങ്ങൾനിന്നവതാര
സദ്യശോഽമൃതപാത്രത്തിൽപരരത്രേവിഭോ
വിശ്വഭാവന തവപാദപങ്കജങ്ങളിൽ
ശാശ്വതമഭക്തിവാങ്മനഃകായങ്ങളാൽ
അഭ്യസിക്കുമാറരുളേണമേവരം മററൊ-
ന്നഭ്യൎത്ഥിപ്പിലഞങ്ങൾ സദ്ഗുണാകരഹരേ!

---

* അനാദിവൃക്ഷശബ്ദത്താൽ അനാദിയായ പ്രപഞ്ചത്തെ, അഥവാ സഗുണാവസ്ഥയിലുള്ള ഭഗവദ്രൂപത്തെയാണു വിവക്ഷിച്ചിരിക്കുന്നതു്. നാലു തോലുകൾ ഉൽഭിജ്ജ, സ്വേദജാണ്ഡജ ജരായുജപ്രാണിഭേദങ്ങളാണ്. അഥവാ സൎവാശ്രയമായ വേദചതുഷ്ടയമാണെന്നു വരാം. ഷൾസ്കന്ധങ്ങൾക്കു് സുഖദുഃഖശീതോഷ്ണജ്ഞാനാജ്ഞാനങ്ങൾ എന്നോ, ഗൎഭജനനബാല്യയൌവനവാൎദ്ധക്യമരണങ്ങളെന്നോ ആഹാരനിൎഹാരനിദ്രാക്ഷുൽപിപാസമൈഥുനങ്ങളെന്നോ, അൎത്ഥമാകാം. ഇരുപത്തഞ്ചുശാഖകൾ ജ്ഞാനേന്ദ്രിയങ്ങൾ ൫ അവയുടെവിഷയങ്ങൾ ൫, കൎമ്മേന്ദ്രിയങ്ങൾ ൫ മനസ്സ്, ബുദ്ധി, ചിത്തം, അഹംകാരം, പഞ്ചഭൂതങ്ങൾ, മഹത്തത്വം ഇവയാകുന്നു. കായ്കൾ രണ്ടു തരം സുഖദുഃഖങ്ങളാകുന്നു. വള്ളിമായയും ഇലയും തളിരും പൂവുമെല്ലാം പ്രാണിഭേദങ്ങളുമാണെന്നു ധരിച്ചുകൊൾക.

ഇങ്ങനെ സർവ്വസമക്ഷം ഉദാരസ്തോത്രകീർത്തനം ചെയ്തു ആമ്നായങ്ങൾ അന്തർഹിതരായി ബ്രഹ്മദേവനോടൊരുമിച്ച് സ്വധാമത്തെ പ്രാപിച്ചു. ഈ അവസരത്തിൽ ശംഭുദേവനെഴുന്നള്ളി. പുളകപൂർണ്ണനും ഗദ്ഗദാക്ഷരമായി രഘുരാജനെ സ്തുതിച്ചു.

ജയരാമ! രമാരമണ! ശരണം ഭവതാപഭയങ്ങളൊഴിച്ചിടണം.
സുരനായക! കോസലരാജവിഭോ! ശരണാഗതനെപ്പരിപാലയ ഭോ!
ദശകന്ധരവീരവിനാശകര! ശലഭായിതയാതുകൃശാനുശര!
ധരണീതലദുർജ്ജനഭാരഹര! ധൃതസായകചാപനിഷംഗവര!
മദമോഹമമത്വനിശാതിമിരപ്രവിഭഞ്ജനമാഹിരതീവ്രകര!
ദുരഭീപ്സിതബാണഗണം നിഭൃതം ബതലോകമൃഗാവലിയിൽ സതതം
ഹതമാനസമേകിടുമുല്ലൂടനാം സ്മരലുബ്ധകനെക്കൊലചെയ്തവനേ
വിഷയാംബുധിമഗ്നനനാഥനഹം വിരവോടരുൾനല്കുകഭദ്രവഹം
ബഹുരോഗവിയോഗമുഖാദിഭവം ഭവദംഘ്രിനിരാദരഭാരഭവം
നഹിസംശയമാരയിനിഞ്ഞരണം കരുതാതതിനിങ്ങൊരുദാഹരണം
ഭവസിന്ധുവിലങ്ങുവരാമരണം ഭയമാർന്നുകിടന്നുവലഞ്ഞിടണം
അതിദീനദരിദ്രമലീമസരായ് ഹതഭാഗ്യമുഴന്നുനിരാശ്രയരായ്
കഴിവോരവർനിന്റെ കഥാസുധയിൽപ്രിയമേറുമവർക്കുസുഹൃത്തുകളാ(യ്)
സതതംശുഭമാനസസാധുജനം സമഹാദരമാളുമുദാരഫലം
രതിനിഞ്ഞരിതത്തിലിയന്ന മഹാഗുണശാലിയഹോസമഭാവനനാം
മദമാനരുഷാദികദോഷഭവം മതിയിങ്കലവന്നുവരില്ലലവം
സമമായ്സുഖദുഃഖമവൻകരുതും പുകഴ്ത്തിയുമങ്ങനെനിന്ദയും
ഇതുതാൻതവദാസസുഖാനുഭവപ്രദഹേതുദിവാകരവംശഭവ!
ബഹുയോഗതപോവ്രതമേലൊരതാപചരണങ്ങളിലാശയമന്നുവരാ
തവപാദസരോരുഹഭക്തിരസം പരിശുദ്ധമനസ്സിലുദിച്ചനിശം
മധുരാന്മധുരംബതനിഞ്ഞരിതം മധുപോലലസുഖംനുകരുസതതം
ജനമാനനനിന്ദകളൊന്നുമവൻഗണിയാതെസുഖേനചരിച്ചിടുവോൻ
മുനിമാനസപങ്കജഭൃംഗപദേ രഘുവീരമഹാരണധീരഭജേ
തവനാമജപാമിനമാമിപര! ഭവരോഗമഹാമദമാനഹര!
ഗുണശീല! കൃപാപരമായതന! പ്രണമാമിസദാകമലാരമണ!
ദശകണ്ഠമഹാഘടകർണ്ണരിപോ ദിശമേശമശേഷപരേശവിഭോ!
മമമാനസമോഹമകററണമേ മഹിപാല കൃപാകണമേകണമേ
കമനീയമിദം തനുകോടിസുമേ-ഷുഭിരാമമഹോഹൃദിതോന്നുകമേ
അനപായിനി, നിർമ്മലഭക്തിഭവൽപദതാരിലുദാരമുദിക്കണമേ
ബുധസംഗമവുംമമ കൈവരുവാൻ വരമേകണമാശ്രിതകല്പകമേ!

ഉമാപതി, രാമഗുണകീർത്തനസന്തുഷ്ടനായി അനുമതി വാങ്ങി

കൈലാസത്തിലേക്കു പോയി. പ്രഭുവാകട്ടെ, സുഖവാസോചിതമായ ഭവനങ്ങൾ സജ്ജീകരിപ്പിച്ചു കൊടുത്തു് കപികളെ സൽക്കരിക്കയായി.

പക്ഷീന്ദ്ര ഈ പാവനകഥ ത്രിവിധതാപങ്ങളെയും സംസാരദുഃഖത്തെയും ഹരിക്കുന്നു. വിശേഷിച്ചും രാമരാജപട്ടാഭിഷേകചരിതം, വൈരാഗ്യവിവേകസമ്പാദകമാണു്. കേൾക്കുകയോ കേൾപ്പിക്കുകയോ ചെയ്താൽ സകലവിധ സമ്പത്തുകളും കരഗതമാകും. ഇഹത്തിൽ സുരദുർല്ലഭമായ സുഖവും അന്യത്ര രഘുരാജന്റെ രമ്യ [illegible] ദവും ലഭിക്കും. വിമുക്തന്മാരും വിരതന്മാരും ലൌകികന്മാരും കേട്ടാൽ, യഥാക്രമം അവൎക്കു ഭക്തിയും സുഖവും സമ്പത്തും വർദ്ധിക്കും. ഹേ ഖഗേശ്വര! രാമചരിതം, ബുദ്ധിവികാസകരമാണു്. ത്രാസശോകാദിമനോദോഷങ്ങളെ ഹരിക്കുമെന്നു പ്രസിദ്ധവുമാണു്. വൈരാഗ്യവിവേകഭക്തിസാധനവും മോഹനദിക്കു സുന്ദരവും സുഖകരവുമായ തരണിയുമാണത്രേ.

കോസലത്തിൽ ദിവസംതോറും പുതിയപുതിയ മംഗളങ്ങൾ ഉദയംചെയ്തുകൊണ്ടിരുന്നു. ചാതുൎവ്വർണ്ണ്യഭേദത്തോടെ പലനിലയിലുമുള്ള ജനങ്ങൾ എല്ലാവരും ഒരുപോലെ സുഖിച്ചു. ബ്രഹ്മശംകരസേവനപാവനവും ദേവമുനിസംഘസംപൂജിതവുമായ രാമചരണപങ്കജത്തിൽ ഓരോരുത്തൎക്കും നവമായ പ്രീതിഅങ്കുരിച്ചു. ദരിദ്രലോകത്തിനു ബഹുപ്രകാരത്തിൽ അന്നവസ്ത്രാദികൾ വിതരിച്ചു. ബ്രാഹ്മണോത്തമന്മാരും നാനാദാനവിശേഷങ്ങളാൽ അഭിമതമായ വിധത്തിൽ സൽക്കരിക്കപ്പെട്ടു.

കപികൾ പ്രഭുപദപ്രീതിലോലന്മാരായി പരമാനന്ദത്തിൽ മുഴുകി മനസ്സറിയാതെ രാപ്പകലുകൾ കഴിഞ്ഞുകഴിഞ്ഞുപോയി. മാസം ആറായി. സാധുഹൃദയത്തിൽ പരദ്രോഹചിന്തയെന്നപോലെ സ്വന്തഭവനത്തെക്കുറിച്ചുള്ള സ്മരണപോലും അവൎക്കില്ലാതെയായി.

ഒടുവിൽ ഭഗവാൻ കപികളെ സ്നേഹപൂർവ്വം സമീപത്തിൽ വിളിച്ചു ഹൃദയംകുളുക്കത്തക്കവണ്ണം മധുരമായി പറഞ്ഞു. ബന്ധുക്കളെ! നിങ്ങൾ വിലയേറിയ സഹായം എനിക്കു ചെയ്തു. അതുസംബന്ധിച്ചു ധന്യവാദംനിങ്ങളുടെ മുഖതാവിൽചെയ്യുന്നതു വിഹിതമല്ലല്ലോ. എന്റെ ഹിതത്തിനായി ഭവനസുഖത്തെ ഉപേക്ഷിച്ച നിങ്ങളിൽ അനല്പമായ വാത്സല്യവും ഉപകാരസ്മരണയും എനിക്കുണ്ടു്. രാജ്യമോ സമ്പത്തോ അനുജനോ ഭാൎയ്യയോ ദേഹമോ പരിജനമോ ഒന്നുംതന്നെ നിങ്ങളോളം എനിക്കു പ്രീതിപാത്രങ്ങളല്ല. ഇതിൽ ലവലേശം വ്യാജമില്ല. മനഃസ്ഥിതിയുടെ ശരിപ്പകൎപ്പാണു ഞാൻ ഉപന്യസിച്ചതു്. പ്രായേണ മനുഷ്യരുടെ സ്വഭാവം ബന്ധുക്കളെപോഷിപ്പി

ക്കയാണെന്നു പ്രസിദ്ധം. എന്നാൽ ഞാൻ ദാസബന്ധുവാണ്. അവൎക്കു വേണ്ടതെല്ലാം ചെയ്തുകൊടുക്കുന്നതിൽ പ്രത്യേകശ്രദ്ധാലുവാണ്. സഖാക്കളെ! ഇനി നിങ്ങൾക്കു വേണമെങ്കിൽ സ്വസ്വഭവനങ്ങളിലേക്കു പോകാം. അവിടെ ദൃഢപ്രേമവ്രതത്തോടുകൂടി എന്നെ സൎവ്വഗതനും സൎവ്വഹിതനുമാണെന്നറിഞ്ഞു ഭക്തിപൂൎവ്വംഭജിച്ചുതാമസിക്കയുമാകാം.

പ്രസാദരസികങ്ങളായ പ്രഭുവചനങ്ങൾ കപികളെ ആനന്ദമൂൎച്ഛയിൽ മുഴുകിച്ചു. തങ്ങൾ ആരെന്നും എവിടെയാണെന്നും എവിടെനിന്നു വന്നുഎന്നുംഅവർ മറന്നു. പ്രേമഭാരവൈവശ്യത്താൽ മിണ്ടാൻ ശക്തരാകാതെപ്രഭുവിനെനോക്കികൈകളുംകൂപ്പിനിലയായി. അവരെ ഭക്തിപാശമറുത്തഴിച്ചുവിടുവാൻ അശക്യമാണെന്നു കണ്ടിട്ടു ഭഗവാൻ ജ്ഞാനോപദേശമധുരാമൃതം ആകുംവണ്ണം സേചിച്ചു. ഒരു മറുവടിയും തിരുമുമ്പിൽ ഉണൎത്തിക്കുവാൻ കഴിയാതെ അവർ ദൃഷ്ടികൾ തൃക്കാൽപൂക്കളിൽ ഊന്നി നിശ്ചേഷ്ടം നിന്നതേയുള്ളു. ഉടനെ പ്രഭു നാനാവൎണ്ണങ്ങളും നാഗരികങ്ങളുമായ വസ്ത്രാലങ്കാരങ്ങൾ വരുത്തി. കപികളെ സൽക്കരിക്കാനാണെന്നു മനസ്സിലാക്കി വേഗത്തിൽ ഭരതൻതന്നെ ഒരു കൂട്ടം ചമയങ്ങളെടുത്ത് സുഗ്രീവനെ അണിയിച്ചുകഴിഞ്ഞു. അടുത്തമുറ ലങ്കാധിപതിയായ വിഭീഷണനെ ആയിരുന്നു. കല്പനപ്രകാരം ഭഗവാന്റെ ഇഷ്ടംപോലെതന്നെ ലക്ഷ്മണൻ ആ ജോലിനിൎവ്വഹിച്ചു അംഗദൻ ഭക്തിരസത്തിൽ മുഴുകി പരിതഃസ്ഥിതികൾമറന്ന് ഒരിടത്തു മൗനം ദീക്ഷിച്ചിരിക്കുന്നതു നോക്കി ഭഗവാൻ ആ വഴിക്കു തിരിയാതെ ജാംബവാൻ നീലൻതുടങ്ങിയ മറു വാനരന്മാൎക്കു വസ്ത്രാഭരണങ്ങൾ വിതരിക്കയായി. അവരെല്ലാവരും അണിഞ്ഞൊരുങ്ങി ഭഗദ്രൂപം ഹൃദയവേദിയിൽ പ്രതിഷ്ഠിച്ചു വണങ്ങി യാത്രവഴങ്ങിനടന്നു. അംഗദൻ യഥാസ്ഥിതനായി നോക്കി. ക്ഷണത്തിൽ, സാശ്രുനേത്രം എഴുന്നേററു ഭഗവൽപാദങ്ങൾ ഗ്രഹിച്ചുകൊണ്ട് പ്രേമഗൽഗദവിനീതവചനങ്ങളാൽ ഉണൎത്തിക്കയാണ്. ഹേ സൎവ്വജ്ഞ! കൃപാസുഖസിന്ധോ! പിതാവു മരണമടഞ്ഞപ്പോൾ ഈ തിരുവടികളിലാണല്ലോ എന്നെ സമൎപ്പിച്ചതു്. അങ്ങ് അശരണശരണവ്രതനുമാണ്. ഹേ ഭക്തഭയഹാരിൻ! ഈ നിരാശ്രയനെ ഉപേക്ഷിക്കരുതേ. ഗുരുവും അമ്മയും അച്ഛനുമെല്ലാം എനിക്കവിടുന്നുതന്നെ. ഈ പാദപങ്കജം പരിത്യജിച്ച് ഞാനെവിടെപ്പോകാനാണ് സ്വാമിൻ! തിരുവുള്ളമുണ്ടാകണം എന്റെ പ്രഭുവിനെ വേൎപെട്ടാൽപിന്നെ വീടുകൊണ്ടുള്ള ഫലമെന്തു? ഞാൻ ബാലനും അജ്ഞാനിയും ബലഹീനനുമാണ്. തൃപ്പാദദാസദാസന്മാരിൽ ഒരുവനായി കരുതി എനിക്കഭയംതരണം. ഈ തിരുപ്പാദങ്ങൾ കണ്ടുകണ്ടു സംസാരസമുദ്രംകടക്കാൻ സംഗതിയാകത്തക്കവണ്ണം കൊട്ടാരത്തിൽ

ഒരു ദാസജോലിയിലെങ്കിലും എന്നെ നിയമിക്കണേ!" ഈ അഭ്യർത്ഥനത്തോടുകൂടി അംഗദൻ തൃപ്പാദങ്ങളിൽ മനസ്കരിച്ചു പ്രഭോ! ഇനിയും എന്നെ ഭവനത്തിൽപോകാൻ നിയോഗിക്കയാണോ?

ഈദൃശവിനീതവചനങ്ങളാൽ കാതുകൾ കുളുർത്ത കാരുണ്യനിധി ആനന്ദാശ്രുവിൽ ആറാടിയടുത്തു അംഗദനെ തൃക്കൈകൾ കൊണ്ടെടുത്തു ഹാ! എന്തൊരാശ്ചര്യം! തിരുമാറിലണച്ചു തഴുകി തിരുവാഭരണങ്ങളും തൃച്ചാർത്തുകളും അണിയിച്ചു വിവിധസാന്ത്വനവചനങ്ങളാൽ ആശ്വാസംവരുത്തി ഒരു പ്രകാരത്തിൽ പിരിച്ചയച്ചുവെന്നേവേണ്ടൂ.

അകളങ്കമായ ആ ഭക്തിവിശേഷം നോക്കി അകതാരഴിഞ്ഞ ഭരതനും അനുജന്മാരും, അംഗദനെ അനുഗമിച്ചു. രാമാനനം ഒരിക്കൽകൂടി കാണണം കാണണം എന്ന ആഗ്രഹപരിവൎത്തനത്താൽ താരേയൻ തിരിഞ്ഞുതിരിഞ്ഞു നോക്കുകയായി. തുടരെത്തുടരെ ഭൂമിയിൽ തൊഴുതുവീണു് "ഈ വിധത്തിൽ ജീവിതം നയിക്കാനുള്ള അനുവാദംമാത്രം ലഭിച്ചെങ്കിൽമതി" എന്നു അഭിലാഷത്തോടെ പ്രസ്താവിച്ചു. ഭഗവാന്റെ വിലോകനം, വചനം, ഗമനം, ഹാസം, ആശ്ലേഷം ഓരോന്നും മനസ്സിൽചിന്തിച്ചു ഒരവസാനനോട്ടവും തിരുമുഖത്തിൽ നിക്ഷേപിച്ചിട്ടു വിനീതാഭ്യൎത്ഥനകളോടുകൂടി തൃപ്പാദങ്ങൾ ഹൃദയവേദിയിൽ താലോലിച്ചുകൊണ്ടു യാത്രയായി. രാജകുമാരന്മാർ അത്യാദരപുരസ്സരം ധന്യവാദപ്രിയവചനങ്ങളാൽ വാനരന്മാരെ മാനിച്ചയച്ചു തിരിച്ചുപോന്നു

ഹനുമാൻ വിനയപൂൎവ്വം സുഗ്രീവന്റെ പാദങ്ങൾ ഗ്രഹിച്ചു. സ്വാമിൻ! ഇനിയും ഒരു പത്തുദിവസം രാമപാദസേവചെയ്തു താമസിക്കാൻ എന്നെ അനുവദിക്കണേ. അതുകഴികെ അങ്ങേസേവനത്തിനു വന്നെത്തിക്കൊള്ളാം എന്നാപേക്ഷിച്ചു. വായുപുത്ര! നീ സുകൃതനിധിതന്നെ. യഥേഷ്ടം ദയാനിധിയെപ്പോയി സേവിച്ചോളൂ.

ഇങ്ങനെ അനുവാദംചെയ്തശേഷം സുഗ്രീവൻ മററുവാനരന്മാരുമായി കിഷ്കിന്ധയ്ക്കു പുറപ്പെട്ടു. അംഗദൻ അപ്പോൾ തിരിഞ്ഞുനിന്നു് ഹനുമാനെനോക്കിപ്പറഞ്ഞു:—സഖേ! ഞാനിതാ കൈകൾ കൂപ്പി നമസ്കരിച്ചപേക്ഷിക്കുന്നു. എന്റെ സേവനത്തെ സദയം തിരുമനസ്സറിയിക്കണേ. എപ്പോഴും എന്നെ അവിടെ ഓൎമ്മിപ്പിക്കണേ!

ഹനുമാൻ തിരുമുമ്പിലെത്തി അംഗദന്റെ അഭ്യൎത്ഥനപ്രകാരം അറിയിക്കവേ ഭഗവാൻ സന്തോഷനീരാഴിയലകളിൽ മുഴുകിയതുപോലെ സുഖിച്ചു. ഹേ വൈനതേയ! പ്രഭുഹൃദയം ചില സമയം വജ്റകൎക്കശവും ചില അവസരത്തിൽ പൂവിതൾപോലെ മൃദുവുമാണു്- ആൎക്കുതന്നെ അതിനെ അവഗമിക്കാം;

അനന്തരം ഭഗവാൻ ഗുഹനിഷാദനെ വിളിച്ച്, വിശിഷ്ടവസ്ത്രാഭരണാദികളും യഥേഷ്ടം നൽകി അനുഗ്രഹിച്ചു പറകയായി. "സഖേ! സ്വഭവനത്തിലെത്തി സസുഖം നിവസിക്കുക. മനസാ വാചാ കർമ്മണാ ധർമ്മത്തെ അനുസരിച്ചിരിക്കുക! എന്നിലുള്ള സ്മരണയും അഭംഗം വരരുതു്. അപ്പോഴപ്പോൾ ഇവിടെ വന്നുകണ്ടു കണ്ടിരിക്കേണം. മനസ്സിലായോ? എനിക്കു താങ്കൾ ഭരതനെപ്പോലെ പ്രിയനാണ്."

ഗുഹൻ സന്തോഷാശ്രുക്കൾ തൂകി സാഷ്ടാംഗപ്രണാമം ചെയ്തു ഒടുവിൽ തൃപ്പാദകമലങ്ങൾ ഹൃദയപുടത്തിൽ വഹിച്ചുകൊണ്ട് കല്പനപ്രകാരം സ്വഗൃഹത്തിലെത്തി വസിച്ചു. പരിജനങ്ങളുടെയിടയിൽ പ്രഭുപ്രഭാവങ്ങൾ വർണ്ണിച്ചു വർണ്ണിച്ചു സുഖിക്കയും ചെയ്തു.

പുരവാസികൾ രഘുപതി ചരിതത്തെ ധന്യധന്യമെന്നു വാഴ്ത്തി. രാഘവചന്ദ്രന്റെ രാജ്യാനുശാസനച്ചെങ്കോൽഛായയിൽ ലോകങ്ങൾ മുന്നം ശോകലേശമില്ലാതെ മോദിച്ചു. അന്യോന്യവൈരത്തിന്റെ കഥപോലും അസ്തമിച്ചുപോയി. സകല വിഷമതകളും രാമപ്രതാപത്താൽ നാമാവശേഷങ്ങളായി. തന്റെതന്റെ വർണ്ണാശ്രമത്തെ പാലിച്ചുകൊണ്ട് ലോകങ്ങൾ വേദപഥത്തിലൂടെ ചരിച്ചു. ഭയശോകങ്ങളോ രോഗബാധയോ ഏൽക്കാതെ സമ്പൂർണ്ണസുഖമനുഭവിച്ചു. ദൈഹികമോ ദൈവികമോ ഭൗതികമോ ആയ താപത്തിനു രാമരാജ്യത്തിൽ പ്രവേശനമേ ഉണ്ടായില്ല. എല്ലാവരും അന്യോന്യസൌഹാർദ്ദത്തോടെ വേദനീതികളറിഞ്ഞു് സന്തൃപ്തരായി ജീവിച്ചു. വർണ്ണാശ്രമചതുഷ്ടങ്ങളും സമ്പൂർണ്ണധർമ്മങ്ങളായി സർവ്വത്ര വിളങ്ങി. പാപപ്രസംഗം സ്വപ്നത്തിൽപോലും കേൾക്കപ്പെട്ടില്ല. നരനാരികൾ രഘുരാമഭക്തിനിരതരായി പരമപദപരിശുദ്ധസുഖമനുഭവിച്ചു. അകാലമരണമോ ആധിവ്യാധികളോ ഭവിച്ചില്ല. ആരോഗ്യവും സൌന്ദര്യവും സർവ്വസാധാരണമായി; ദരിദ്രനോ ദുഃഖിയോ ദീനനോ അബുധനോ ലക്ഷണഹീനനോ രാജ്യത്തിൽ കാണപ്പെട്ടില്ല. ഗുണജ്ഞന്മാരും പണ്ഡിതന്മാരും ജ്ഞാനികളും സർവ്വത്ര വിളങ്ങി. വിനയവും വിവേകവും വിശേഷിച്ച്, ഉപകാരസ്മരണയും ധർമ്മബോധവും അകളങ്കതയും മനഃകളങ്ങളെ മാർജ്ജനം ചെയ്തു വിളക്കി.

ഹേ ഗരുഡ! രാമരാജ്യത്തിൽ സർവ്വചരാചരങ്ങളും കാലകർമ്മസ്വഭാവഗുണസിദ്ധങ്ങളായ ദുഃഖങ്ങളിൽനിന്നു നിവൃത്തങ്ങളായിരുന്നു. 'ഏഴു സാഗരമേഖലയാകുന്ന ഭൂമി' മണ്ഡലം മുഴുവൻ കോസലേശന്റെ ഒരു വെൺകൊറ്റക്കുടക്കീഴിലമർന്നു. രോമംപ്രതി അനവധി ഭുവനങ്ങൾ അന്തർഭവിച്ചിരിക്കുന്ന അവിടേയ്ക്കു ഇതൊരു വലിയ പ്രഭുതയോ? സത്യത്തിൽ ഈ രാജപദവി അവിടത്തേ ലഘുതാഹീനതയ്ക്കേ* കാരണമാകയുള്ളുവെന്നു ജ്ഞാനികൾക്കറിയാം. എന്നാ

ൽ ഈദൃശചരിത്രങ്ങളിൽ ആനന്ദിക്കുന്നതും അവർതന്നെയാണ്. ജ്ഞാനത്തിന്റെ ഫലവും മറ്റൊന്നുമല്ലെന്ന്, മാമുനിമാരും പണ്ഡിതലോകവും പാടുന്നു.

രാമരാജ്യസുഖസമ്പത്തുകൾ ശാരദയ്ക്കും അനന്തനും വർണ്ണിക്കാവതല്ല. ഉദാരത, പരോപകാരം, ബ്രാഹ്മണസേവനം, ഇത്യാദിവിശിഷ്ടഗുണങ്ങൾ നരനാരിമാരിൽ ഒരുപോലെ പരിലസിച്ചു. ഏകപത്നീവ്രതം പുരുഷന്മാരും ഏകഭർത്തൃഹിതം സ്ത്രീകളും പാലിച്ചു.

അക്കാലത്തു ദണ്ഡം യന്തു യോഗികളുടെ കയ്യിൽ മാത്രമായി. ഭേദം നർത്തകന്മാരിലും നിഗ്രഹം മനസ്സിനുമല്ലാതെ ഭവിച്ചില്ല. കാട്ടുവൃക്ഷങ്ങൾപോലും സർവദാ പുഷ്പഫലപരിപൂർണ്ണങ്ങളായി നിലകൊണ്ടു. ആനയും സിംഹവൃന്ദത്തിൽ സ്വൈരമായി സമ്മേളിച്ചു. ഇതരമൃഗങ്ങളും ഖഗങ്ങളും ജാതിവൈരമില്ലാതെ പരസ്പരപ്രീതി പ്രകടിപ്പിച്ചു. പക്ഷികളുടെ കൂജനങ്ങളും നിർഭയമായി വനങ്ങളിൽ അലഞ്ഞുതിരിയുന്ന മാൻകൂട്ടങ്ങളും മനോഹരതയെ പ്രസാധിച്ചു. വായുവീജനം സുരഭിലവും ശീതളവും മന്ദവുമായിത്തീർന്നു. മധുപാനമത്തമധുകരങ്ങൾ മഞ്ജുഗുഞ്ജനം മുഴക്കി. പശുക്കൾ പീവരസ്തനികളായിട്ട് സഞ്ചാരമാർഗ്ഗത്തിൽപ്പോലും പാലൊഴുക്കി. ഇഷ്ടംപോലെയുള്ള മധുരഫലങ്ങൾ വൃക്ഷങ്ങളും ലതകളും വിതരിച്ചു. ധരിത്രീമണ്ഡലമുഴുവൻ സസ്യസമ്പന്നമായി വിളങ്ങി.

ആകല്പാടെ സൗവർണ്ണയുഗത്തിലെ സമ്പൽസാമഗ്രികൾ രജതയുഗത്തിലേക്കു പകർന്നു. പർവതങ്ങളിൽ രത്നഖനികൾ ധാരാളമായി. സിംഹാസനം വാഴുന്നതു് ജഗദേകാത്മാവാണെന്ന് ലോകം ബോധിച്ചു. നദികളെല്ലാം ശീതളവും അമലവും സുഖകാരിയുമായ സ്വാദുജലത്തെ വഹിച്ചു. സമുദ്രം അതിർ കടക്കാതെ നിന്നു്, മനുഷ്യർക്കു പെറുക്കിയെടുക്കാൻ മുത്തുമണികൾ തിരമാലയുടെ തീരപ്രദേശങ്ങളിൽ വിതറി. തടാകങ്ങൾ നിർമ്മലജലങ്ങളും സരസിജസങ്കുലങ്ങളുമായി. ദിഗ്വിഭാഗങ്ങളെല്ലാം പ്രസന്നശാന്തമായി തെളിഞ്ഞു.

ചന്ദ്രരശ്മികൾ പീയൂഷസേചനത്താൽ ഭൂഭാഗമാകെ കുളുർപ്പിച്ചു. ആദിത്യനും ആവശ്യത്തിൽ കവിയാത്ത ചൂടുമാത്രം ആവിഷ്കരിച്ചു. ഇഷ്ടകാലങ്ങളിലെല്ലാം മേഘങ്ങൾ വർഷിച്ചുകൊണ്ടുമിരുന്നു.

വേദമാർഗ്ഗരക്ഷകനും ധർമ്മധുരന്ധരനും ഗുണാതീതനുമായ പ്രഭു, നൂറുലക്ഷം അശ്വമേധയാഗങ്ങളും ബ്രാഹ്മണർക്ക് അമിതദാനങ്ങളും ചെയ്തു. ദേവിയായ വൈദേഹി, ശോഭാഖനിയും സുശീലയും വിനീതയും ആയ ആ സാധ്വി, കൃപാനിധിയുടെ പ്രഭാവത്തിൽ ബോധത്തോടുകൂടി, സർവദാ അനുകൂലയായി പാദസേവ ചെയ്തുവന്നു. കൊട്ടാരത്തിൽ ഏതു ശുശ്രൂഷകൾക്കും സന്നദ്ധരായി അനവധി ദാസദാസികൾ ഉണ്ടായിരുന്നിട്ടും ഗൃഹകൃത്യങ്ങളെല്ലാം ദേവി സ്വന്ത

കൈകൊണ്ടുതന്നെ നിർവഹിക്കയും ഭർത്താവിന്റെ കല്പനകൾ ഭക്തിപൂർവം അനുസരിക്കയും ചെയ്തു. രാമചന്ദ്രനു സുഖകരമായ പരിചരണമേതോ അതു സ്വയമേവ ചെയ്യുന്നതിൽ സർവദാ ജാഗരൂകയായി വസിച്ചു. മദമാനങ്ങൾ മനസ്സിൽ സ്പർശിക്കാതവണ്ണം കൌസല്യാദി മാതാക്കളുടെ ശുശ്രൂഷകളും ദേവിതന്നെ ചെയ്തു. ബ്രഹ്മാദിവന്ദിതയും അനിന്ദിതയും ആയ ജഗദംബ, കൃപാകടാക്ഷത്തിനായി ദേവന്മാരാൽ അഭ്യർത്ഥിതയായ ലക്ഷ്മീദേവി, സീതാവതാരത്തിലും ഭർത്തൃപാദാരവിന്ദസേവനം അനവലമ്പംവണ്ണം അനുഷ്ഠിച്ചു. ദേവിക്കു നിസർഗ്ഗസിദ്ധമായ സ്വഭാവമത്രെ ഇതു; ഭർത്തൃസോദരന്മാരെയും സ്നേഹമസൃണമാംവണ്ണം ദേവി ഭാവിക്കാതിരുന്നില്ല. എന്നാൽ രാമചന്ദ്രങ്കലുള്ള പ്രേമം ആത്മസ്പർശിയും അവിനാശിയുമായിരുന്നു. ഭർത്താവിനോട്ട് അഭിമുഖസംഭാഷണത്തിനുള്ള അവസരങ്ങൾ പാഴിലാക്കാതെ സർവാത്മനാ നിഷ്കർഷിച്ചുവന്നു.

ഭഗവാനും ഭ്രാതാക്കന്മാരിൽ പരമപ്രീതിയോടുകൂടി വർത്തിച്ചു. അപ്പോഴപ്പോൾ നാനാനീതികൾ ഉപദേശിക്കാതെയുമിരുന്നില്ല. നാഗരികജനങ്ങൾ, ഓരോരുത്തരും സുരദുർല്ലഭസുഖഭോഗങ്ങളനുഭവിച്ചു മോദിച്ചു. രഘുരാജചരണങ്ങളിൽ രമണീയരതി ഉദിക്കുന്നതിനു ദിവാനിശം അവർ ജഗദീശനെ പ്രാർത്ഥിച്ചു.

അക്കാലത്തു സീതാദേവിയിൽ ലവനെന്നും കുശനെന്നും രണ്ടു പുത്രന്മാർ ജനിച്ചതായി വേദങ്ങളും പുരാണങ്ങളും ഉദ്ഘോഷിച്ചിരിക്കുന്നു. അവർ വിജയികളും വിനയനയഗുണശാലികളും സൌന്ദര്യസാരം മൂർത്തീഭവിച്ച ഭഗവൽപ്രതിബിംബങ്ങളുമായിരുന്നു. ഭരതാദിസഹോദരന്മാൎക്കും സമാനരൂപഗുണശീലന്മാരായ ഈരണ്ടു പുത്രന്മാരുണ്ടായി.

ഹേ രുദ്രാണി! ഈദൃശനരചരിതങ്ങൾ പ്രകടിപ്പിച്ച രഘുരാജൻ ജ്ഞാനാതീതനും, ബുദ്ധിക്കും വാക്കിനും അഗോചരനും, മായാഗുണരഹിതനും, ജന്മഹീനനുമായ സദാനന്ദചിൽബ്രഹ്മം തന്നെയാണ്.

പ്രാതഃകാലത്തിൽ ദിവസന്തോറും ഭഗവാൻ സരയൂനദിയിൽ കുളിച്ചു് നിത്യകർമ്മങ്ങൾ അനുഷ്ഠിച്ചശേഷം ബ്രാഹ്മണരും സാധുക്കളുംനിറഞ്ഞ രാജകീയസഭയിലെഴുന്നള്ളിയിരിക്കുകയും വസിഷ്ഠൻ വേദങ്ങളും പുരാണങ്ങളും പാരായണംചെയ്കയും പതിവായിരുന്നു; സർവ്വജ്ഞനെങ്കിലും ഭഗവാൻ അതു ഭക്തിപൂർവ്വം ശ്രദ്ധിച്ചുവന്നു. അനന്തരം ഭ്രാതാക്കന്മാരുമായിച്ചെന്നു് മുഖപ്രസാദത്തോടെ നോക്കിനിൽക്കുന്ന അമ്മമാരുടെ മുമ്പിലിരുന്നു ഭക്ഷണംകഴിക്കും. ഇടയ്ക്കിടയ്ക്കു ഭരതനും ശത്രുഘ്നനും ഹനുമാനെ അടുത്തുള്ള പൂങ്കാവുകളിൽ കൂട്ടിക്കൊണ്ടുപോയി രാമചരിതം കീർത്തിക്കാൻ

ച്ചരിപ്പിക്കും. അഭിജ്ഞനായ വായുപുത്രൻ വാത്സല്യപൂർവ്വം അവരെ അതു കേൾപ്പിക്കും. കേട്ടാലുംകേട്ടാലും മതിയാകാതെ ആവർത്തിച്ചുപറവാൻ ഹനൂമാനെ അവർ നിർബ്ബന്ധിക്കും. ഇങ്ങനെ കഴിഞ്ഞു. അയോദ്ധ്യയിലുള്ള ഓരോ ഭവനത്തിലും പരിശുദ്ധമായ രാമചരിതഗാനം മുഴങ്ങി. സ്ത്രീപുരുഷന്മാരാബാലവൃദ്ധം രാമപ്രശംസയിൽ വ്യാപൃതരായി ദിവസങ്ങൾ കഴിയുന്നതറിയാതെ സുഖിച്ചു. ആകവേ, രാമരാജ്യഭാരകാലത്തെ അയോദ്ധ്യയിലെ സമ്പൽസൌഖ്യപ്രകാരങ്ങൾ വർണ്ണിക്കാൻ അസംഖ്യം ആദിശേഷന്മാർ അവിശ്രമപരിശ്രമംചെയ്താലും സാദ്ധ്യമല്ല. നാരദസനകമുഖ്യന്മാരായ മഹർഷിശ്രേഷ്ഠന്മാർ ഭഗവൽദർശനത്തിനായി ദിവസന്തോറും അയോദ്ധ്യയിൽ വന്നിരുന്നു. മോഹനമായ ആ നഗരദർശനം അവരുടെ വിഷയവിരാഗതയെ വിസ്മരിപ്പിച്ചു.

രത്നഘടിതങ്ങളായ സ്വർണ്ണക്കൊത്തളങ്ങൾ, നാനാവർണ്ണശിലാശകലങ്ങൾ പടുത്തു് മോടിപിടിപ്പിച്ച തറകൾ, ദൃഢവും സുന്ദരമായി കെട്ടിയുറപ്പിച്ചിട്ടുള്ള പ്രബലപ്രാകാരം, അമരാവതിക്കു നവഗ്രഹങ്ങളെന്നപോലെ രക്ഷയ്ക്കായി അവിടവിടെ സ്ഥാപിച്ചിട്ടുള്ള സൈന്യക്കോട്ടകൾ, മുനിമാനസങ്ങൾപോലും അഞ്ചത്തക്കവണ്ണം സ്ഫടികഖണ്ഡങ്ങൾ നിറമാടി ശോഭനമായ വിധത്തിൽ പടുത്തു വെടിപ്പാക്കിയ ഇടനാഴികൾ, ആദിത്യചന്ദ്രന്മാരുടെ ശോഭയേയും അധഃകരിക്കത്തക്ക സ്വർണ്ണരത്നസ്തൂപികകൾ അലങ്കരിച്ച ആകാശചുംബികളായ രമ്യഹർമ്മ്യങ്ങൾ വിവിധരത്നവിചിത്രിതവാതായനങ്ങൾ ഭവനത്തിൽ കത്തിയെരിയുന്ന രത്നവിളക്കുകൾ ഇങ്ങനെ പലപ്രകാരത്തിൽ ആ നഗരം പരിഷ്കൃതമായിരുന്നു. രത്നവിളക്കുകളുടെ വെളിച്ചത്തു് പവിഴദേഹളികളും കനകസ്തംഭങ്ങളും സുവർണ്ണഭിത്തികളുമുള്ളവയും മരതകമണികൾ പടുത്തിട്ടുള്ളവയുമായ ഭവനങ്ങൾ കണ്ടാൽ അവ സാക്ഷാൽ ബ്രഹ്മദേവനാൽത്തന്നെ സൃഷ്ടിക്കപ്പെട്ടവയാണോ എന്നു തോന്നിപ്പോകും. മന്ദിരങ്ങളുടെ മനോഹരാജിരങ്ങൾ സ്ഫടികരചിതങ്ങളായിരുന്നു. കതകുകളെല്ലാം വൈരക്കല്ലുകൾ പതിച്ച സ്വർണ്ണക്കട്ടികളാൽ നിർമ്മിക്കപ്പെട്ടിരുന്നു. ഭവനന്തോറും രാമചന്ദ്രന്റെ വീരകൃത്യങ്ങൾ ഉല്ലേഖനംചെയ്തു രസികമാക്കിയ ഓരോ ചിത്രശാല മുനിമാനസങ്ങളേയും ആകർഷിച്ചു. എപ്പോഴും വസന്തലക്ഷ്മി വിളയാടുന്ന പുഷ്പവാടി വീടുതോറുമുണ്ടായിരുന്നു. മധുകരങ്ങളുടെ മധുരഝങ്കാരങ്ങൾ പരിസരപ്രദേശങ്ങളെ മുഖരിതമാക്കി. വായു സുഗന്ധിയും, ശീതളനും മന്ദഗതിയുമായി വീശി. കുട്ടികളുടെ കളിച്ചങ്ങാതികളായി മധുരനാദംവണ്ണം പാടുകയും പറന്നുകളിക്കുകയുംചെയ്യുന്ന മയിൽ, അരയന്നം, [illegible], കോഴി, മാടപ്രാവുമുതലായ പലതരം പക്ഷികൾ മേൽപുരകളുടെ മുകളിൽ മനോഹരക്കാ

ഴ്ച്ചയെ പ്രദർശിപ്പിച്ചുകൊണ്ടു് സ്വൈരം നിഴലുനോക്കി കൂകുകയും ആടുകയും ചെയ്യുന്നു. ചില ദിക്കിൽ കുട്ടികൾ ശുകത്തെയും ശാരികയേയും രാമചന്ദ്രന്റെ നാമമന്ത്രമുച്ചാരണമഭ്യസിപ്പിക്കുന്നു. കൊട്ടാരവാതിലുകളിലും, തെരുവുകളിലും, അങ്ങാടികളിലും ചില വിശേഷഅലങ്കാരങ്ങൾ കാണാം. പ്രത്യേകിച്ചും കച്ചവടത്തെരുവുകളുടെ കമനീയത അവർണ്ണ്യമെന്നുതന്നെ പറയണം. ആവശ്യക്കാർക്കു വിലവാങ്ങാതെതന്നെ സാമാനങ്ങൾ കൊടുക്കുന്നുണ്ടു്. തുണിത്തരങ്ങളും, പണവും ധാന്യങ്ങളും വ്യാപാരിക്കുന്ന വണിക്കുകൾ സാക്ഷാൽ കുബേരന്മാരെപ്പോലെ പീടികകളിൽ ഇരിക്കുന്നു. പുരവാസിനരനാരികൾ ആബാലവൃദ്ധം ചരിത്രശുദ്ധി സൌന്ദര്യം ഇത്യാദി ഗുണഗണങ്ങൾക്കു വിളനിലമായി സുഖിക്കുന്നു. സാക്ഷാൽ ലക്ഷ്മീവല്ലഭന്റെ അധിഭരണത്തിൽ പരിലസിക്കുന്ന പുരവരത്തിലെ സമ്പൽപ്രൌഢി എങ്ങനെ വിസ്തരിക്കാം!

തെളിഞ്ഞ വെള്ളം നിറഞ്ഞ ആഴമേറിയ സരയൂനദി പങ്കലേശംപോലുമില്ലാതെ ഇരുകരയും കൽപടികളാൽ അലംകൃതമായി വടക്കുദിക്കിൽ ഒഴുകുന്നു. ഒട്ടകലത്തു ബലിഷ്ഠവും പ്രശസ്തവുമായ ഒരു കൽപടക്കടവു കാണാം. അതു കുതിരകൾക്കും ആനകൾക്കും ഇറങ്ങി വെള്ളംകുടിക്കുന്നതിനായി കെട്ടപ്പെട്ടിരിക്കുന്നു. കുളികൊണ്ടോ മററുവിധത്തിലോ ജലത്തെ മലിനപ്പെടുത്താതെ കോരിക്കുടിക്കാൻ ഉപയോഗിക്കുന്ന ഒരു കടവു പ്രത്യേകമുണ്ടു്- രാജകീയമായ ഒരു സ്നാനഘട്ടം എല്ലാററിലുംവച്ചു മനോഹരമായി പണികഴിച്ചിരിക്കുന്നു. നാലു ജാതിയിലുമുള്ള ആളുകൾ എപ്പോഴും അവിടെത്തിങ്ങിനിറഞ്ഞിരിക്കുന്നതു കാണാം. ഇരുകരകളിലും പുതുപ്പൂങ്കാവുകൾ ചൂഴ്ന്ന ദേവതാമന്ദിരങ്ങൾ ഉണ്ടു്. നദിക്കരയിൽ അവിടവിടെ അനവധി ഭക്തന്മാരും സന്ന്യാസികളും മുനിമാരും വസിക്കുന്നു. അവർ നട്ടുപിടിപ്പിച്ച പലജാതി തുളസിച്ചെടികൾ കരകളിൽ അവിടവിടെ നിൽക്കുന്നു. ആകപ്പാടെ ആ നഗരശോഭ വാചാമഗോചരമാണു്. പരിസരപ്രദേശങ്ങളും പരമരുചിരമെന്നേ പറഞ്ഞുകൂടൂ.

വനോപവനങ്ങളാലും വാപീതടാകാദികളാലും മനോജ്ഞവും ധനാഢ്യവുമായ ആ നഗരത്തിന്റെ ദർശനംതന്നെ കല്മഷഹരമാണു്. വാപീകൂപതടാകങ്ങളുടെ ഘാടബന്ധങ്ങളും നിർമ്മലവാരിപൂരങ്ങളുംകണ്ടു ദേവമുനിസംഘങ്ങൾപോലും മോഹിക്കുന്നു. നാനാവർണ്ണനളിനങ്ങൾ, ഖഗകുലകൂജനങ്ങൾ, മധുപഗുഞ്ജനങ്ങൾ ഇവ അനോപമമായി ആ നഗരവരത്തെ എത്രമാത്രം മനോഹരമാക്കുന്നുവെന്നു് വ്യവച്ഛേദിക്കവയ്യാ. പൂങ്കാവുകളിൽ കൂകുന്ന കുയിൽമുതലായ പക്ഷികളുടെ കളനാദങ്ങൾ പഥികന്മാരെ സൽക്കരിക്കുന്ന സ്വാഗതവചനങ്ങൾപോലെ കേട്ടു. എന്തിനധികം രമാപതി രാ

ജപതിയായി ഭവിച്ചിരിക്കുന്ന ആ പുരവരത്തെ ഇനിയും വൎണ്ണിക്കേണമെന്നുണ്ടോ. അവിടെ അഖിലസുഖസമ്പത്തുകൾ വിതരണംചെയ്യുന്നതിനായി അണിമാദിസിദ്ധികൾതന്നെ സൎവ്വദാ സഞ്ചരിക്കുന്നു.

നഗരത്തിലെങ്ങും രഘുപതിയുടെ ഗുണഗാനങ്ങൾതന്നെ മുഴങ്ങുന്നു. അവിടവിടെ ആളുകൾ കൂട്ടംകൂടിയിരുന്നു താഴെക്കാണുംവണ്ണം ഭജനകീൎത്തനങ്ങൾ പാടുന്നു.

അന്നനട.

ഭജിപ്പിൻരാമനെപ്രണതപാലനെ
ഭജിപ്പിൻസൽഗ്ഗുണാകൃതിസ്വഭാവനെ
അജസ്രമംബുജേക്ഷണസമീപത്തെ
വ്രജിപ്പിൻകൈകൂപ്പി ഭജിപ്പിൻകൂട്ടരേ!
കറുത്തമേനിയും ശരവുംചാപവും
ധരിച്ചു ധാൎമ്മികപ്രഭുജഗദീട്ടു
കനക്കെത്തെ നപദാംബുജങ്ങൾസേവിക്കും
ജനത്തെക്കൺപോളമിഴിയെയെന്നോണം
മനസ്സലിവാകുമമൃതുവെള്ളത്തിൽ
നനച്ചിടർപോക്കിയനിശംകാക്കുവോൻ
രണപ്രചണ്ഡവിക്രമൻ സദബ്ജങ്ങൾ-
ക്കുണർച്ചനൽകുന്ന നഭസ്ഥലീരത്നം
നിരസ്തകാമന്നൽക്കടെകാലവ്യാള
ഖഗപ്രവീരനല്ബണസുഖപ്രദൻ
മമതാലോഭാദി മൃഗചയവ്യാധൻ
മനസിജഗജഹരിനരഹരി
മനഃശോകാദിക തമഃപ്രഭാകരൻ
ദനുപ്രജാവനഗഹനപാവകൻ
ധരാഭരഹരൻ ജനകജാവരൻ
തിരുവടിയെയാരഹോഭജിക്കാത്തു!
തുളസീദാസന്റെമനക്കളംചെമ്മേ
വിളക്കുംപൊന്മണിവിളക്കാംരാഘവൻ
ബലിഷ്ഠവാസനാമശകനീഹാര
ജലപ്രവാഹമദയനജൻപുമാൻ
ഭജിപ്പിൻതന്തിരുവടിയെസന്തതം
ഭജിപ്പിൻസദ്ഗുണഗണനിലയനെ
അജസ്രമംബുജേക്ഷണസമീപത്തെ
വ്രജിപ്പിൻകൈകൂപ്പിഭജിപ്പിൻകൂട്ടരേ!

ഇപ്രകാരം ഗുണഗാനം ചെയ്ത നാഗരസ്ത്രീപുരുഷന്മാരിൽ ഭഗവാൻ പരമാമൃതധാര വർഷിച്ചു. രാമപ്രതാപപ്രബലസൂര്യന്റെ ഉദയം മൂന്നു ലോകങ്ങളിലും പ്രകാശം വീശി. അനവധി ജനങ്ങൾ സുഖിച്ചു. എന്നാൽ മററനവധി വ്യക്തികൾ ദുഃഖിച്ചു. ഒടുവിൽ പറഞ്ഞ കൂട്ടരെത്തന്നെ ഒന്നാമതായി പരിഗണിക്കാം. ആദ്യമായി ദുഃഖിച്ചതു് അവിദ്യാരാത്രിയാണു്. പ്രസ്തുത സൂര്യോദയമായപ്പോൾ അവിദ്യയുടെ അസ്തമയം കഴിഞ്ഞു. പാപങ്ങളാകുന്ന മൂങ്ങകൾ അന്ധതയോടെ പറന്നൊളിച്ചു. കാമക്രോധകൈരവങ്ങൾ കൂമ്പുകയായി. വിവിധരീതിയിലുള്ള കർമ്മഗുണകാലസ്വഭാവങ്ങളാകുന്ന ചകോരങ്ങൾ അശാന്തങ്ങളായി. മത്സരമദമാനമോഹതസ്കരന്മാർ ചോരണത്തിനവസരം ലഭിക്കാതെ മറഞ്ഞുപോയി. ഇനി സുഖികളുടെ പരിഗണനം ചെയ്യുമ്പോൾ ധർമ്മതടാകത്തിൽ ജ്ഞാനവിജ്ഞാനപങ്കജങ്ങൾ വിടർന്നു. അവയിൽ ശുഭം, സന്തോഷം വൈരാഗ്യം, വിവേകം എന്നീ ചക്രവാകങ്ങൾ വിരഹദുഃഖമകന്നു സുഖിച്ചു.

പ്രസ്തുത സൂര്യോദയം പ്രകാശിക്കുന്ന ഹൃദയത്തിൽ ഒടുവിൽ പറഞ്ഞ ഗുണങ്ങൾ നിമിഷംപ്രതി വർദ്ധിക്കുകയും ആദിയിൽ പറഞ്ഞവ ശോഷിച്ചു് അസ്തമിക്കയും ചെയ്യുന്നു.

രാമചന്ദ്രൻ ഒരു ദിവസം സഹോദരന്മാരെയും പരമപ്രിയനായ പവനകുമാരനെയും കൂട്ടിക്കൊണ്ടു പൂത്തുതളിർത്തു രമണീയമായ ഒരു പൂങ്കാവിലേക്കു പോയി. ഈ അവസരം നോക്കി തേജോനിധികളും ശീലഗുണനിലയങ്ങളും വർഷീയാന്മാരാണെങ്കിലും യുവരൂപം ധരിച്ചു വിളങ്ങുന്നവരും, ബ്രഹ്മാനന്ദത്തിൽ ലയിച്ചവരുമായ സനകാദിമഹർഷിമാർ അവിടെ ആഗമിച്ചു. ദേഹം ധരിച്ച വേദങ്ങളെന്നപോലെ പരിശുദ്ധരും, സമദർശികളും നിർഭേദന്മാരുമായ അവർക്കു രാമചരിതം ശ്രവിക്കണമെന്നുള്ള അഭിലാഷം ഉണ്ടായിരുന്നു. മദ്ധ്യേമാർഗ്ഗം ജ്ഞാനയോഗപാവകാരണിയായ അഗസ്ത്യനെ സന്ദർശിക്കയുണ്ടായി. അദ്ദേഹം ബഹുപ്രകാരത്തിൽ രാമകഥയെ അവർക്കു വർണ്ണിച്ചു കേൾപ്പിക്കയും ചെയ്തു. അവരുടെ വരവു കണ്ടപ്പോൾ ഭഗവാൻ ഹർഷിതനായി ദണ്ഡനമസ്കാരം ചെയ്തു. അനന്തരം സ്വാഗതം പറഞ്ഞു സൽകരിച്ചിരുത്തുകയുമായി. സഹോദരന്മാരും ഹനുമാനും അതേപ്രകാരം സുഖാതിശത്തോടെ നമസ്കാരവിധി അനുഷ്ഠിച്ചു. മഹർഷിമാർ രഘുപതിയുടെ അതുലിതമായ ശരീരസുഷമയിൽ മതിമറന്നു ലയിച്ചുപോയി. ഭവമോചനനും സരോരുഹലോചനനും ശ്യാമളഗാത്രനുമായ ആ സൌന്ദര്യസങ്കേതത്തെ ഇമ കൂട്ടാൻപോലും സാധിക്കാതെ മനസ്സഴിഞ്ഞു നോക്കിയശേഷം തിരുമുമ്പിൽ അവർ കൈകൂപ്പി തലകൾ കുനിച്ചു. മഹർഷിമാരുടെ ഭ

കരിപാരവശ്യം കാണവേ ഭഗവാന്റെ തിരുമിഴികളിൽ അശ്രുധാരയൊഴുകി. ശരീരത്തിൽ കോൾമയിർക്കൊള്ളുകി. അവരെ ഹസ്തഗ്രഹണം ചെയ്തുപവേശിപ്പിച്ചശേഷം ഇപ്രകാരം മധുരമനോഹരവചനങ്ങളരുളി. ഭഗവന്മാരേ! ഭവൽദർശനസിദ്ധിയാൽ ഞാനിപ്പോഠം ധന്യനായി എന്റെ പാപങ്ങളെല്ലാം ദൂരീഭവിച്ചു. സൽസംഗം പരമമായ ഭാഗ്യമാണെന്നു പ്രസിദ്ധിയുണ്ട്. അതു് നിശ്ചയമായും സംസാരബന്ധത്തെ അഴിക്കുന്നു. വേദപുരാണസാധുവാദവും, കവികോവിദപ്രസ്താവങ്ങളുമെല്ലാം സൽസംഗം മോക്ഷകരവും വിഷയങ്ങളോടുള്ള സംഗം ബന്ധകരവുമാണെന്നാത്രേ.

അരുളപ്പാടുകേട്ടു പ്രസന്നമായ മഹർഷിചതുഷ്ടയം രോമാഞ്ചകഞ്ചുകം ചാർത്തി വണങ്ങി വഴങ്ങിനിന്നുവാഴ്ത്തി.

ദണ്ഡകം.

ജയിപ്പൂതാകരാമ! രാഘവനിരാമയ
ദയയ്ക്കുനിധാനമേനിരന്ത! നിഷ്കല്മഷ!
ജയിപ്പൂനിത്യംഭവാൻഭഗവന്നേകാനേക!
വിയദാദലേപക!വിശേഷശനമേഃസ്തുതേ!
ഇന്ദിരാപതേജയ! സുന്ദര!സുഖാനന്ദ
മന്ദിര!ഗുണാതീതഗുണസാഗരഹരേ!
മന്നിനാശ്രയഭൂത!മാനദ!മഹാത്ഭുത!
മന്ദതാവിഭഞ്ജന! ജന്മാദിവിഹീനഭോ!
നിസ്തുല!നിരന്തര!നിതരാംശോഭാകര!
തത്വാത്മരൂപ!സർവ്വജ്ഞ!ജ്ഞാനസാഗര!പര!
തദ്വ്യശോഗീതിതന്നെവേദവുംപുരാണവും
നിത്യമഭ്യസിക്കുന്നു,നിയതനിരഞ്ജന!
സർവ്വലോകാന്തർഗ്ഗതസർവ്വഭൂതസർവ്വഗ!
നിർവ്വികാരകാനേകസംജ്ഞ!നിസ്സംജ്ഞപ്രഭോ!
സർവ്വദാസ്വച്ഛിത്താംബുജവാസിയായ്പണ്ടുപ്രേമ
ഗർവ്വമിത്രാന്തംചെയ്തുപാലിക്കദയാനിധേ!
മനസാവാചാതനുവാനിന്തിരുപ്പാദങ്ങളിൽ
അനപായിനിയായഭക്തിയാചരിക്കുവാൻ
പ്രണതപാല!കൃപാകണമേകുകഞങ്ങൾ-
ക്കനിശംഭവതാപത്രയനാശനമല്ലോ-
പാദസേവകന്മാർക്കുസുരഭിയായുംസുര-
പാദപമായുംവിളങ്ങുന്നനിൻതിരുവടി
സാദരമഭ്യർത്ഥിക്കുംഞങ്ങൾക്കുംകീർത്തിശക്തി

ജാതമാകുമാറൊരുവരമിന്നരുളണം
ഭക്തർക്കുസകലസൌഖ്യങ്ങളും വിതരിക്കും
മുക്തിദ! ഭവസിന്ധുകുംഭസംഭവ വിഭോ!
പത്മസായകകൃതവികൃതിപ്രഭഞ്ജന!
നിത്യമെങ്ങൾക്കുചിത്തശാന്തിവിസ്തരിക്കേണേ
ക്ഷമയുള്ളഭൂഷയായഭൂപരത്നമേ! ഭവ-
സമുദ്രതരണിയാം ത്വദ് ഭക്തിഹൃൽപത്മത്തിൽ
സമുൽഭൂതമായ് നിലനില്പുമാറഹോ വീണ്ടും
സമഭ്യർത്ഥിച്ചീടുന്നു സാധുപാലനപര!
മുനിമാനസപത്മഹംസമേ! ബ്രഹ്മേശപര
മുനിദേവാദിസേവ്യമൃദുലലോചന! ഹരേ!
ഇനവംശത്തിന്നുൽക്കേതുവായ് വേദങ്ങൾക്കൊ-
രനഘരക്ഷാസേതുവായ് വിരാജിക്കും വിഭോ!
കാലകർമ്മസ്വഭാവഗുണഭക്ഷകസർവ്വ
മാലിന്യഹര! മഹീപാലനപര! ജയ
ലാലസാത്രാസേർഷ്യാദിവാരക! വിനീതിസം-
ലാളിതവിവേകവൈരാഗ്യാദിവിസ്താരക!
രാമരാഘവ! ജയിപ്പൂതാക! ഭവാൻ കാമ
കോമളകളേബര! തുളസീദാസപ്രഭോ!
ശ്രീമനോഹര! ഭുവനത്രയവിഭൂഷണ!
പ്രേമധാമമേ രാഘവചന്ദ്രതേ നമോ നമഃ

സ്തുതിഗാനങ്ങൾ ഇപ്രകാരം ആവർത്തിച്ചു ഭഗവദാരാധനം ചെയ്തു നമസ്കരിച്ചു സനൽക്കുമാരാദികൾ അഭീഷ്ടവരസിദ്ധിയാൽ സന്തുഷ്ടരായി ബ്രഹ്മഭവനത്തിലേക്കുപോയി.

ഭ്രാതാക്കന്മാർ ഭഗവാനെ വണങ്ങി തങ്ങളുടെ സന്ദേഹങ്ങൾ തിരുമുഖ അരുളപ്പാടുകൊണ്ടുതന്നെ നിവർത്തിപ്പിക്കണമെന്നുള്ള അഭിലാഷം അറിയിക്കുന്നേതിൽ സങ്കോചം തോന്നുകയാൽ ഹനുമാനെ നോക്കി. സർവ്വാന്തര്യാമിയായ ഭഗവാൻ ഈ വസ്തുത ഗ്രഹിച്ചു വായുകുമാര! നിനക്ക് എന്താണ് അറിയേണ്ടതു് എന്നു ചോദിച്ചു. "നാഥ! ആര്യ ഭരതനു് തിരുമുമ്പിൽ ചിലതു പൃച്ഛിക്കണമെന്നുണ്ടു്. സങ്കോചത്താൽ ഉണർത്തിക്കാൻ മടിക്കുന്നു". "ഭരതനും എനിക്കും തമ്മിൽ രഹസ്യങ്ങളൊന്നുമില്ല. ഒരേ ഹൃദയമാണു ഞങ്ങളുടേതു്. നീ അതു് അറിഞ്ഞിരിക്കയാണല്ലോ എന്നു ഭഗവാൻ അരുളിച്ചെയ്തു.

ഈ വാക്കുകൾ ഭരതനു ധൈര്യത്തെ ഉളവാക്കി. ക്ഷണത്തിൽ തൃപ്പാദങ്ങൾ ഗ്രഹിച്ചുകൊണ്ടു് പ്രഭോ! പ്രണതാർത്തിഹരണേ! എനിക്കു സന്ദേഹങ്ങൾ പറയത്തക്കവണ്ണം ഒന്നുമില്ല സ്വപ്നേപി ശോക

ലേശവുമില്ല. എല്ലാം ചിദാനന്ദസന്ദോഹനായ നിന്തിരുവടിയുടെ കൃപാകടാക്ഷത്താൽ തന്നെ എന്നാൽ അങ്ങേ കൃപാകരത്വത്തെ സമാശ്രയിച്ച് അല്പം ഒരു സന്ദേഹം അറിയിക്കുന്നു. അങ്ങു സേവകസുഖദനും ഞാൻ സേവകനുമാണല്ലൊ. എനിക്ക് അറിയേണ്ടതിത്രമാത്രമേയുള്ളു. സാധുക്കളുടെ മഹിമയെ വേദങ്ങളും പുരാണങ്ങളും പലവിധത്തിൽ കീർത്തിക്കുന്നു. അവരിൽ പ്രത്യേകതിരുവുള്ളമുണ്ടെന്നുള്ളത് അങ്ങേ മുഖത്തുനിന്നുതന്നെ ഞാൻ കേട്ടുമിരിക്കുന്നു. അല്ലയോ കൃപാനിധേ! സാധുക്കളുടെ ലക്ഷണം സാക്ഷേപമായെങ്കിലും അരുളിച്ചെയ്തു കേൾക്കണമെന്നാഗ്രഹിക്കുന്നു. സത്തുകളും അസത്തുകളും തമ്മിലുള്ള ഭേദവും ശരിവരെ അറിയണമെന്നുണ്ട് എന്നുണർത്തിച്ചു.

സഹോദര! സാധുലക്ഷണം വേദങ്ങളിലും പുരാണങ്ങളിലും ധാരാളം വിസ്തരിച്ചിട്ടുള്ളതാണ്. അസത്തുകളോടു സത്തുകൾ അനുഷ്ഠിക്കുന്ന ക്രമം ചന്ദനവൃക്ഷം അതിനെ മുറിക്കുന്ന കോടാലിയോട് എന്നപോലെയാണ്. മുറിച്ചുകൊണ്ടിരിക്കുമ്പോഴും ചന്ദനം അതിന്റെ സുഗന്ധത്തെ ആ ആയുധത്തിൽ വ്യാപിപ്പിക്കുന്നു. ദ്രോഹിക്കുന്നതാണെന്നുള്ള ദ്വേഷബുദ്ധി അതിനുണ്ടാകുന്നില്ല ചന്ദനത്തെക്കുറിച്ചു ലോകത്തിനുള്ള സ്നേഹവും പ്രതിപത്തിയും ഇതുനിമിത്തമാണ്. ദേവന്മാരുടെ ശിരസ്സിൽ അലംകരിക്കുന്നതിനുള്ള മഹിമ അതിനു സിദ്ധിച്ചിരിക്കുന്നതും മറെറാന്നുകൊണ്ടല്ല. കോടാലി സ്വദുഷ്കർമ്മത്തിന്റെ ശിക്ഷയായി തീയിൽകിടന്നുരുകുകയും അയോഘനത്തിന്റെ പ്രഹരം ഏൾക്കയും വേണ്ടിയിരിക്കുന്നു. സഹോദര! സാധുക്കൾ വിഷയവിമുഖന്മാരാണ്. പരന്മാരുടെ ദുഃഖത്തിൽ അവർ ദുഃഖിക്കയും സുഖത്തിൽ അവർ സുഖിക്കയും ചെയ്യുന്നു. ശീലഗുണനിധികളും സമദർശികളും സർവ്വസ്നേഹികളുമാണ്. മദം, രാഗം, ലോഭം, അമർഷം, ഹർഷം ഇത്യാദി മനോവികൃതികളൊന്നുമവർക്കില്ല. മൃദുമനസ്സുകളും ദീനദയാലുക്കളുമാണ്. അവർ മനസാവാചാകർമ്മണാ എന്നിൽ ഭക്തിയെ ചെയ്യുന്നു. എല്ലാവരേയും മാനിക്കുന്നു. എന്നാൽ ആരുടെയും മാനം സ്വയം അഗ്രഹിക്കുന്നതുമില്ല. അവർ എനിക്ക് പ്രാണനേക്കാൾ പ്രിയതരന്മാരാണ്. ഏതൊരു ഹൃദയം വിഗതകാമവും, എന്റെ നാമത്തെത്തന്നെ പാരായണം ചെയ്യുന്നതിൽ ഉൽസുകവും, ശാന്തവും, വിരക്തവും, വിനീതവും, ശീതളത, സരളത, മൈത്രി, ദ്വിജപദപ്രേമം, ധർമ്മനിഷ്ഠ, മാതാപിതൃഭക്തി, ഈവക ഗുണങ്ങൾ ഉള്ളതുമായി വിളങ്ങുന്നു. അതു് ഒരു സാധുവിന്റേതാകുന്നു. അവൻ ശമദമവിനയനീതികൾക്കു നിധാനമായിരിക്കും. പരുഷവചനങ്ങൾ അവന്റെ മുഖത്തു് ഉദയം ചെയ്യുയില്ല. നിന്ദയും സ്തുതിയും അവനു തുല്യംതന്നെ. ഹൃദയം എപ്പൊ

ഴം എന്റെ പാദകമലത്തെത്തന്നെ ഭജിക്കും. അവൻ ഗുണിയും സുഖിയും എനിക്കു പ്രാണപ്രിയനുമായിരിക്കും.

ഇനി അസാധുക്കളുടെ ലക്ഷണം സംഗ്രഹിക്കാം. അവരോടു എടപെടാതെയിരിക്കാൻ എല്ലാവരും സൂക്ഷിക്കണം. എടപെട്ടതു് എപ്പോഴും ആപത്തിനു കാരണമായിരിക്കും. വിളവു നശിപ്പിക്കുന്ന പശുവിനെ സഹകരിക്കുന്ന മററു മൃഗത്തിനും തല്ലുകൊള്ളുമെന്നു സംശയമില്ല. ഖലഹൃദയം ഏററവും ചൂടുള്ള അഗ്നിപോലെയാണു്. അന്യ സമ്പത്തു കാണുമ്പോൾ അടങ്ങാതെ അതു കത്തിജ്ജ്വലിക്കും. അയൽവാസികളെ വല്ലവരും നിന്ദിക്കുന്നതു കേൾക്കുന്നതും നിധി കിട്ടുന്നതും അവർക്കു ഒരുപോലെയാണു്. ഇത്തരക്കാർ കാമക്രോധമദലോഭങ്ങൾക്കു വശംവദരും നിർദ്ദയന്മാരും, കപടികളും, കുടിലന്മാരും, മലനിധാനങ്ങളുമാണു്. സാമാന്യ ജനങ്ങൾ ഇഷ്ടപ്പെടുന്നതു് അവർക്കു് അനിഷ്ടമായിരിക്കും. അകാരണമായി അന്യന്മാർക്കു വൈരം ഉദിപ്പിക്കും. എടുക്കുന്നതിലും കൊടുക്കുന്നതിലും വൻകാര്യത്തിലും ചെറുകാര്യത്തിലും എല്ലാം കള്ളം തന്നെ ശീലിച്ചുകൊണ്ടിരിക്കും. വിഷസർപ്പങ്ങളെ ഉള്ളിലാക്കി പുറമേ മോഹനരൂപം കാണിക്കുന്ന മയിലിനെപ്പോലെ വാക്കുകൾ മധുരമായി പറകയും വിഷദുഷ്ടമായ ഹൃദയത്തെ വഹിക്കയും ചെയ്യുന്നു. അന്യന്മാരെ ദ്രോഹിക്കുക, അന്യഭാര്യയെ മോഹിക്കുക, അന്യധനത്തിലാശവയ്ക്കുക, നിരപരാധികളെ അപവദിക്കുക, ഇത്യാദി അവരുടെ നിത്യശീലമാകുന്നു. പാപമയന്മാരും പാമരന്മാരുമായ ഇവരെ മനുഷ്യദേഹം ധരിച്ച രാക്ഷസന്മാരാണെന്നു തന്നെ പറയാം. ആകർഷങ്ങളായ വസ്ത്രങ്ങൾ ധരിച്ചു ലോഭനീയശയ്യകളും സജ്ജീകരിച്ചു് ശിശ്നോദരപരന്മാരായി യമനെപ്പോലും ഭയമില്ലാതെ അന്യന്മാരുടെ ഉൽക്കർഷം കാണുമ്പോൾ ജ്വരം കൊള്ളുകയും, അന്യസങ്കടം കണ്ടാൽ ലോകൈകചക്രവർത്തിപ്പട്ടം കെട്ടിയതുപോലെ ആനന്ദിക്കയും ചെയ്യുന്ന ഈ ദുഷ്ടന്മാർ സ്വാർത്ഥത്തെ മാത്രം ദീക്ഷിച്ചും പരിജനത്തെ വിരോധിച്ചും, കാമക്രോധലോഭങ്ങൾക്കു വശംവദരായി കാലം പോക്കുന്നു. അച്ഛനമ്മമാരെയോ ഗുരുവിനെയോ ബ്രാഹ്മണരെയോ മാനിക്കുന്നില്ല. തങ്ങളെപ്പോലെ മററുള്ളവരെയും താഴ്ത്തുന്നതിനു ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. മോഹവശന്മാരായി പരദ്രോഹത്തെത്തന്നെ എപ്പോഴും അഭിലഷിക്കുന്നു. സൽസംഗമോ ഹരിഭക്തിയോ അവർക്കു ഭാവമില്ല. അവഗുണസിന്ധുക്കളും മന്ദമതികളും കാമികളുമായി അന്യധനത്തിന്റെ യജമാനത്വം വഹിച്ചു് വേദദൂഷണവും, വിപ്രദ്രോഹവും പരദ്രോഹവും ചെയ്തുകൊണ്ടു പുറമേ സുവേഷവും അകമേ കടുംദ്വേഷവും വഹിച്ചുകൊണ്ടിരിക്കുന്നു. ആദിമകൃതത്രേതായുഗങ്ങ

ളിൽ ഇത്തരക്കാരില്ല. ദ്വാപരയുഗത്തിൽ അവിടവിടെ ഏതാനും
പേരില്ലാതെയുമില്ല. എന്നാൽ നാലാമത്തെ കലിയുഗത്തിൽ ഇവ
രുടെ ബാഹുല്യം തന്നെ ആയിരിക്കും.

സഹോദര! പരോപകാരംപോലെ ഒരു ധർമ്മമില്ല. പരോപ
ദ്രവംപോലെ അധർമ്മവുമില്ല. ഇതു് വേദങ്ങളുടെയും പുരാണങ്ങളു
ടെയും സാരസർവസ്വമായ ഒരു തത്വമാണു്. പണ്ഡിതന്മാരുടെ നി
ർണ്ണയവും ഇതുതന്നെ. പരപീഡനം ആചരിക്കുന്ന മനുഷ്യജീവി
കൾ ശരീരധാരണക്ലേശത്തിൽ നിന്നും ഒരു കാലം മുക്തരാകയില്ല.
സ്വാർത്ഥാഭിലാഷത്താൽ മോഹവശന്മാരായി പാപങ്ങൾ അനു
ഷ്ഠിച്ചു പരലോകഗതിയെ തടയുകയാണു മനുഷ്യർ ചെയ്യുന്നതു്.
കാലസ്വരൂപനായി ഞാൻ ശുഭാശുഭകർമ്മങ്ങൾക്കനുഗുണമായ ഫല
ത്തെ അവക്കു നൽകുന്നു- പരമാർത്ഥബോധികൾ ഈ വസ്തുത ഗ്ര
ഹിക്കകൊണ്ടു് സംസാരത്തെ ദുഃഖരൂപമായികണ്ടു് എന്നെത്തന്നെ
ഭജിക്കുന്നു. കർമ്മഫലം ശുഭമായാലും അശുഭമായാലും ബന്ധകരമാ
ണെന്നറിയുന്നു. അതിനാൽ കർമ്മത്തെത്തന്നെ ഉപേക്ഷിച്ചു നരസു
രദേവനാഥനായ എന്നെ ഭജിക്കുന്നു.

കുമാര! നീ അപേക്ഷിക്കയാൽ സദസദ്ഗുണലക്ഷണം ഞാ
നിവിടെ ഉപന്യസിച്ചു. വഴിപോലെ അതു ഗ്രഹിക്കുന്നവൻ സം
സാരസമുദ്രത്തിൽ പതിക്കയില്ല. അനേകങ്ങളായ ഗുണങ്ങളും ദോ
ഷങ്ങളും മായാകൃതങ്ങളാകുന്നു. രണ്ടിനേയും ഗണിക്കാത്തതാണു് ഉ
ൽകൃഷ്ടമായ ഗുണം. ഗണിക്കുന്നതോ. കേവലം അവിവേകവും
തന്നെ.

തിരുമുഖത്തുനിന്നും ഉൽഗളിച്ച വചനാമൃതത്താൽ ഭ്രാതാക്ക
ന്മാരുടെ ഹൃദയം പ്രേമപരിപ്ലുതമായി. അവർ പിന്നെയും പിന്നെ
യും തൃപ്പാദങ്ങളിൽ നമസ്കരിച്ചു. ഹനുമാനും അപാരമായ ആനന്ദം
ഉണ്ടായി- ഈ ദർശനഭാഷണസന്ദർശനങ്ങൾ കഴിഞ്ഞു ഭഗവാൻ
തിരിയെ കൊട്ടാരത്തിലെഴുന്നള്ളി. ദിവസംതോറും ഓരോ പുതിയ
സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. നാരദമഹർഷി അപ്പോഴ
പ്പോൾ അവതരിച്ചു് പരിശുദ്ധമായ രാമചരിതത്തെ ഗാനം ചെ
യ്യു. ആ ചരിതത്തിൽ ദിവസംതോറും ഓരോരോ പുതുമ മുനിക്കു
ണ്ടായി. അന്നന്നു്, ബ്രഹ്മലോകത്തിലെത്തി സർവകഥകളും പ്ര
സംഗിക്കയും ചെയ്തുവന്നു. ബ്രഹ്മദേവൻ രാമചരിതശ്രവണത്തിൽ
വലുതായ ശ്രദ്ധ പ്രകടിപ്പിക്കയും വീണ്ടുംവീണ്ടും പറയണമെന്നു മു
നിയെ നിർബന്ധിക്കുകയും പതിവായിരുന്നു സനകാദിമുനിമാരും
നാരദൻെറ രാമഗുണഗാനത്തിൽ മതിമറന്നു ലയിച്ചു അവരുടെ ബ്ര
ഹ്മധ്യാനനിഷ്ഠയിളകി; പരമാധികാരികൾപോലും ഈ ഗുണഗാന
ത്തെ ആദരപൂർവം ശ്രദ്ധിച്ചു.

ആത്മൈകപരന്മാരായ ജീവന്മുക്തന്മാർ രാമചരിതം ശ്രവിക്കയാൽ ധ്യാനം ത്യജിച്ചു. അത്ഭുതമെന്തു്? ഹരികഥയിൽ രമിക്കാത്തവന്റെ ഹൃദയം കല്ലല്ലയോ?

ഒരുദിവസം രഘുരാമചന്ദ്രൻ ഗുരുജനങ്ങളെ, ബ്രാഹ്മണരെ, പുരവാസികളെ, എല്ലാം വിളിച്ചുവരുത്തി അർഹതപോലെ പൂജിച്ചു സൽക്കരിച്ചിരുത്തി പറഞ്ഞു. മഹാജനങ്ങൾ കേൾക്കുവിൻ! എനിക്കിതിൽ പ്രത്യേകം ഉദ്ദേശ്യം ഇല്ല. മററാരാളെ താഴ്ത്തണമെന്നോ എന്റെ പ്രഭുതയെ ഉയർത്തണമെന്നോ വിചാരമില്ല ശ്രദ്ധിച്ചു കേട്ടിട്ടു നിങ്ങൾക്കു യുക്തമെന്നുതോന്നുന്നുവെങ്കിൽ അനുഷ്ഠിക്കുക. ഈ നിയോഗത്തെ മാനിക്കുന്നതാരോ അവരാണു എന്റെ ഭക്തന്മാർ. എനിക്കു പ്രിയതരന്മാരും അവരുതന്നെയാണു്. സഹോദരന്മാരേ! ഞാൻ അനാശാസ്യമായി എന്തൊന്നു പ്രസ്താവിക്കയാണെങ്കിലും, ശരിയല്ലെന്നു തുറന്നുപറയാൻ നിങ്ങൾ ഭയപ്പെടരുതു്. സർവാർത്ഥസാധനവും മോക്ഷദ്വാരവും ആയി ദേവദുർല്ലഭമായ മനുഷ്യശരീരം ലഭിക്കാനിടയാകുന്നതു് മഹാഭാഗ്യമാണെന്നു സൽഗ്രന്ഥങ്ങളെല്ലാം പ്രഖ്യാപിക്കുന്നു. അതിനെ ലഭിച്ചിട്ടും പരമഗതിയെ പ്രാപിക്കാൻ സാധിക്കാത്തവർ പരലോകത്തിൽ പശ്ചാത്തപിച്ചു തലതല്ലി ദുഃഖിക്കയും, കാലത്തെയും കർമ്മത്തെയും ഈശ്വരനെയും പഴിച്ചു് വൃഥാ ദോഷം ആരോപിക്കയും ചെയ്യുന്നു. വിഷയാനുഭോഗമല്ല ശരീരത്തിന്റെ പരമമായ അർത്ഥം. അതു് ദുഃഖോദർക്കമായ ഒരു ക്ഷണഭംഗുരസുഖം മാത്രം. മനുഷ്യദേഹം ലഭിച്ചാൽ ആത്മധ്യാനത്തെ തിരസ്കരിച്ചു് വിഷയസുഖത്തെ അഭിലഷിക്കുന്നവൻ അമൃതത്തെക്കാൾ വിഷയത്തെ ഇഷ്ടപ്പെടുന്നു. ആരുടെയും പ്രശംസയ്ക്കു അവൻ പാത്രമല്ല. കുന്നിക്കുരുവിനു കൈനീട്ടാൻ ചിന്താരത്നം എറിഞ്ഞുകളയുന്ന മൂഢനാണു് ഇങ്ങനെയുള്ള ജീവി. കാലകർമ്മസ്വഭാവഗുണങ്ങളനുസരിച്ചു് മായാധീനനായി എൺപത്തിനാലുലക്ഷം ജീവജാലങ്ങളിലും ജന്മമെടുത്തു് സംസാരചക്രത്തിൽനിന്നകലാതെ ഭ്രമിച്ചുകൊണ്ടേയിരിക്കും. ജന്മങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കെ, വിശേഷാൽകാരണമില്ലാതെ അനുകൂലദൈവം എന്റെ അനുഗ്രഹക്കാററിന്റെ സഹായംകൊണ്ടു് സൽഗുരുനാഥനേതൃത്വത്തിൽ ആപച്ഛങ്കകൾകൂടാതെ സംസാരസമുദ്രം കടക്കാനുള്ള മനുഷ്യശരീരം അവനു കൊടുക്കുന്നു.

ഈ സജ്ജീകരണങ്ങളെല്ലാം ലഭിച്ചാലും ആ സമുദ്രത്തെ കടക്കുന്നതിനു കഴിയാത്തവൻ സജ്ജനനിന്ദ്യനും, ആത്മനാശത്തിലുന്മുഖനുമായ മന്ദബുദ്ധിയായിരിക്കും. ഇഹപരലോകസുഖങ്ങളെ ആത്മനാ അഭിലഷിക്കുന്നവൻ എന്റെ വചനങ്ങളെ സശ്രദ്ധം ധരിച്ചു ഹൃദയത്തിലുറപ്പിക്കും. ഭക്തിമാർഗ്ഗമാണു് സുലഭവും സുഖദ

വുമായിട്ടുള്ളതു്. വേദങ്ങളും പുരാണങ്ങളും അതിന്റെ മാഹാത്മ്യ
ത്തെ പുകഴ്ത്തുന്നു. ജ്ഞാനമാൎഗ്ഗം ദുൎഗ്ഗമമെന്നല്ല പ്രത്യൂഹങ്ങളാൽ ദു
രാസദവുമാണ്. തൽസാധനങ്ങൾ കഠിനങ്ങളും മനസ്സിനവഗമി
ക്കാൻ ദുസ്സാധ്യവുമാണ്. ഭക്തിഹീനനായവൻ കഷ്ടതരങ്ങളായ നി
യമങ്ങൾ അനവധി ശീലിച്ചാലും എനിക്കു പ്രിയനല്ല. ഭക്തി സ
്വതന്ത്രസ്വാതന്ത്ര്യവും സകലസുഖനിലവുമാണ്. സാധുസംഗം ഇല്ലാ
തെ അതു ലഭിക്കുകയില്ല. സുകൃതാതിശയത്തോടു കൂടാത്തവൎക്കു സാ
ധുസംഗത്തിനു സംഗതി വരികയുമില്ല. സംസാരബന്ധത്തെ ഛേ
ദിക്കുന്ന ഏകായുധം സാധുസംഗംതന്നെയാണ്. ബ്രാഹ്മണ്യ
മുള്ള സാധുക്കളെ മനസാ വാചാ കൎമ്മണാ പൂജിക്കുന്നതത്രേ ലോ
കത്തിൽ സൎവ്വോത്തമമായ സുകൃതം. വ്യാജഹീനം ദ്വിജസേവനം
ആചരിക്കുന്ന സുകൃതിയിൽ സൎവ്വ ദേവന്മാരും ഋഷിമാരും അനുകൂ
ലന്മാരാണ്.

ഇഷ്ടമായ മറെറാരുമതം ഞാൻസാഞ്ജലിഹസ്തം നിങ്ങളെ ഉദ്
ബോധിപ്പിച്ചുകൊള്ളട്ടെ. ശങ്കരഭജനത്തോടുകൂടാതെ എന്നിൽ ഭക്തി
യെ ചെയ്താൽ ആരിനു ശുദ്ധിയില്ല; ശക്തിയുമില്ല. സ്നേഹിതന്മാരേ!
ഭക്തിമാൎഗ്ഗം എത്ര സുഗമം. അതിൽ എന്തൊരു വിഷമതയുള്ളു.
യോഗമോ, യാഗമോ, ജപമോ, തപമോ, ഉപവാസമോ, അതിനാ
വശ്യമുണ്ടോ? സരളമായ സ്വഭാവം മനഃകുടിലത ഇല്ലായ്ക, യാ
തൊന്നു ലഭിക്കുന്നു അതിൽ തൃപ്തി, ഇത്രയുമേവേണ്ടതുള്ളു. എന്റെ
ഭക്തൻ സ്വകാൎയ്യങ്ങളിൽ മനുഷ്യനെ വിശ്വസിക്കയാണെങ്കിൽ എ
ന്നിലുള്ള വിശ്വാസത്തിനു സ്ഥാനമെവിടെ? അഥവാ എന്തിനധി
കം. എന്നെ വശീകരിക്കാനുള്ള ആചരണങ്ങൾ ചുരുക്കി പറയാം.
വൈരവും, കലഹവും, ആശയും, ഭയവുമില്ലാതെ അന്തരിക്ഷത്തെ
സൎവ്വദാ സുഖാന്തമാക്കി അനാരംഭനും അനികേതനും അമാനിയും
അനഘനും അരോഷനും ദക്ഷനും വിജ്ഞാനിയുമായി സജ്ജനസം
സൎഗ്ഗത്തിൽ സന്തുഷ്ടിയോടുകൂടി വിഷയസുഖത്തെയും സ്വൎഗ്ഗാപവ
ൎഗ്ഗങ്ങളെത്തന്നെയും തൃണവൽഗണിച്ചു ഭക്തിയിൽ പക്ഷപാതം
കാട്ടി ശഠതയും ദുഷ്ടകൎമ്മങ്ങളും ദൂരീകരിച്ചു് എന്റെ കഥകളിലും
നാമത്തിലും തല്പരനായ മമതാമദമോഹങ്ങളെ തള്ളി വസി
ക്കുന്നതാരോ അവനാണ് എന്റെ ഭക്തൻ. അവനനുഭവപ്പെടു
ന്ന ആനന്ദമത്രേ പരമമായ ആനന്ദം.

കൃപാധാമമായ ഭഗവാന്റെ വചനസുധാലഹരിയിൽ സുഖ
മത്തന്മാരായി എല്ലാവരും തൃപ്പാദങ്ങൾ ചുംബിച്ചു. പ്രഭോ! ഞ
ങ്ങൾക്കു അച്ഛനമ്മയും ഗുരുവും ബന്ധുവുമെല്ലാം നിന്തിരുവടിത
ന്നെ. പ്രാണൻപോലും ഞങ്ങൾക്കു നിന്തിരുവടിയെക്കാൾ പ്രിയ
തരമല്ല- ഞങ്ങൾക്കു ദേഹത്തെയും ധനത്തെയും ഭവനത്തെയും

സംബന്ധിച്ച സകല ഹിതങ്ങളും നിന്തിരുവടി ചെയ്തു് ദുഃഖങ്ങൾ ശമിപ്പിച്ചു. ഇത്ര നിഃസ്വാൎത്ഥമായ ഒരു ഉപദേശം ചെയ്വാൻ നിന്തിരുവടിയല്ലാതെ ഇല്ല. അമ്മയുമച്ഛനുമായാലും കുറച്ചൊരു സ്വാൎത്ഥം കാണും. അകാരണമായി സഹായിക്കുന്ന ബന്ധു ലോകത്തിൽ രണ്ടേയുള്ളു. നിന്തിരുവടിയും നിന്തിരുസേവകസംഘവുംമാത്രം മറ്റെല്ലാബന്ധുക്കൾക്കും സ്വാൎത്ഥത്തിന്റെ അംശമെങ്കിലും ഇല്ലാതില്ല. പരമായ അൎത്ഥം സ്വപ്നേപി ഞാൻ ചിന്തിക്കുന്നില്ല. എന്നിങ്ങനെ പ്രേമരസപരിപ്ലുതമായി ഉണൎത്തിച്ചതുകേട്ടു്, രഘുപതി ആനന്ദിച്ചു എല്ലാവരും വന്ദിച്ചുവാങ്ങി പ്രഭുവിനെ പ്രശംസിച്ചുകൊണ്ടു് അവരവരുടെ ഭവനങ്ങളെയും പ്രാപിച്ചു.

ഉമാദേവി! രാമരാജന്റെ ഭരണകാലത്തിൽ സകലജനങ്ങളും സച്ചിദാനന്ദഘനന്മാരായി കൃതാൎത്ഥതയോടെ സുഖിച്ചു. വസിഷ്ഠമഹൎഷി ഒരുദിവസം സുഖധാമമായ രഘുരാമനെകാൺമാൻ എഴുന്നള്ളി. അത്യാദരത്തോടെ ഭഗവാൻ വന്ദിച്ചു പൂജിച്ചു പാദതീൎത്ഥവും പാനംചെയ്തു ഭദ്രാസനത്തിൽ ഉപവേശിച്ചു. മുനി കൈകൂപ്പിക്കൊണ്ടു അല്ലയോ കൃപാസിന്ധുവായ രാഘവ! എനിക്കു ഒരു അൎത്ഥനഅറിയിക്കാനുണ്ടു്. നിന്റെ പ്രവൃത്തികൾ കണ്ടുകണ്ടു് എന്റെ ഹൃദയത്തിൽ അപാരമായ മോഹം ഉദിച്ചിരിക്കുന്നു. വേദങ്ങൾക്കുപോലും അറിയാൻ കഴിയാത്ത മഹിമയുള്ള നിന്നെ ഞാനെങ്ങനെ അറികയോ പറകയോ ചെയ്യും. പുരോഹിതകൎമ്മം വൎജ്യമാണെന്നു പ്രസിദ്ധിയുണ്ടു്. വേദവും പുരാണങ്ങളും സ്മൃതികളും അതിനെനിന്ദിക്കുന്നു. ആദ്യം ഞാൻ അതു നിരസിക്കയാണുണ്ടായതു്. അപ്പോൾ ബ്രഹ്മദേവൻ എന്നെനോക്കി പുത്ര! ഒരിക്കൽ നിനക്കിതു ഗുണകരമായിഭവിക്കും. സാക്ഷാൽ പരബ്രഹ്മമൂൎത്തി മനുഷ്യരൂപത്തിൽ രഘുകുലഭൂഷണഭൂപനായി അവതരിക്കും എന്നരുളിച്ചെയ്തു. അതുകേട്ടപ്പോൾ യോഗയജ്ഞജപദാനങ്ങളുടെ ലക്ഷ്യമായ തന്തിരുവടിയെ ഉപചരിക്കാൻ സാധിക്കുമല്ലൊ എന്നു പ്രത്യാശ എനിക്കുണ്ടായി. അതേക്കാൾകൂടിയധൎമ്മം അനുചരിക്കാൻ എന്തുള്ളു.

ജപം, തപം, നിയമം, വ്രതം, യോഗം മുതലായധൎമ്മങ്ങൾ വേദവിധികളിലെ ഓരോ കൎമ്മങ്ങളാകുന്നു. ജ്ഞാനം ദയ ദമം തീൎത്ഥസ്നാനം വേദപുരാണപഠനം ഇത്യാദ്യനുഷ്ഠാനങ്ങൾ പരമരമണീയമായ ഒരേ ഒരു ഫലത്തെ, അതായതു നിന്റെ പാദപങ്കജങ്ങളിൽ നിരവദ്യപ്രീതിയെ, മാത്രംചെയ്യുന്നു. അഴുക്കു നീക്കുവാൻ അഴുക്കുതന്നെ ഉപയോഗപ്പെടുമോ? പച്ചവെള്ളം കടഞ്ഞാൽ വെണ്ണകിട്ടുമോ? അതുപോലെ ബന്ധഹേതുക്കൾ ബന്ധദോഷങ്ങളെ നീക്കുകയില്ലെന്നു. ഹേ രഘുരാജ! ഭക്തിയാകുന്ന ജലംകൊണ്ടല്ലാതെ ആഭ്യന്തരമലങ്ക-

ഴകിക്കളയാവതല്ല. പ്രഭോ! അങ്ങേ പാദസരോജത്തിൽ നിരന്തര രതി ആൎക്കുണ്ടോ അവൻതന്നെ സൎവ്വജ്ഞൻ. തജ്ജ്ഞനും ഗുണജ്ഞനും വിജ്ഞനുമവൻതന്നെ. സകലലക്ഷണസമ്പന്നനും സമൎത്ഥനും പണ്ഡിതനും മററാരുമല്ല. നാഥ! ഞാൻ ഒരുവരമപേക്ഷിക്കുന്നു. ജന്മന്തോറും പ്രഭുപാദകമലങ്ങളിൽ അവിനാശിയായ ഭക്തി എനിക്കുണ്ടാകുമാറാനുഗ്രഹിക്കണമേ.

വസിഷ്ഠൻ യാത്രപറഞ്ഞു സ്വഗൃഹത്തിലേക്കെഴുന്നെള്ളി. കരുണാനിധി ഹൎഷിതനായി സുഖിച്ചു. ഒരുദിവസം ഭരതാദിസഹോദരന്മാരെയും ഹനൂമാനെയും കൂട്ടിക്കൊണ്ടു ഭക്തസുഖദനായ ഭഗവാൻ പട്ടണപരിസരത്തിലെത്തി ഗജരഥതുരഗങ്ങളെ അവിടെ ആനയിപ്പിച്ചു. നോക്കിനോക്കി അവയുടെ ഗുണഗണങ്ങളെ പുകഴ്ത്തിയശേഷം അവരവരുടെ ഇഷ്ടപ്രകാരം ഓരോന്നു കാരോരുത്തൎക്കു സമ്മാനിച്ചു. അനന്തരം സകലശ്രമങ്ങളെയും ഹരിക്കുന്ന പ്രഭു ഉഷ്ണശ്രമം തീൎക്കാൻ അനുചരന്മാരോടൊന്നിച്ചു സുശീതളമായ ഒരു ചൂതവനിയിലേക്കുപോയി. ഭരതൻ തന്റെ ഉത്തരീയം നിവൎത്തി വിരിച്ചതിന്മേൽ എഴുന്നെള്ളിയിരിക്കയും സഹോദരന്മാർ സേവിച്ചു നിൽക്കയുമായി. കാററിൻമകൻതന്നെ താലവൃന്തംവീശി. ഈ അവസരത്തിൽ ആ ഭക്തന്റെ ദേഹത്തിൽ കോൾമയിൎക്കൊള്ളിളകി, മിഴികളിൽ ബാഷ്പപൂരമൊഴുകി. ഹേ ഭവാനി! ഹനൂമാനെപ്പോലെ ഭാഗ്യശാലി ആരു്? രാമചരണത്തിലനുരാഗിയാരു? ആ ധന്യധന്യന്റെ അകളങ്കപ്രേമം പലപ്പോഴും പ്രഭുതന്നെ പ്രശംസിക്കുമല്ലോ.

ഈ അവസരത്തിൽ നാരദമുനി കരതലത്തിൽ വിലസുന്ന വീണയിൽ രാമചന്ദ്രന്റെ നിത്യനവീനകീൎത്തികൾ ഗാനംചെയ്തുകൊണ്ടു് അവിടെ ആവിൎഭവിച്ചു.

( അ ന ന ട . )

ഭയാനിലയന! രഘുപതേരാമ! പയോരുഹലോലവിലോചന വിഭോ!
ഭവശോകാദികവിമോചന! കാമ ഭയഹരദൃഷ്ടിയരുളുകെന്നിൽനീ
മനഃപത്മലോലഭ്രമരമേ! സാധു ജനപ്രസാദന! ജഗദീശ! ഹരേ!
ഖലനപ്രഭ!പാപചയനിശാതന!കനകക്കോരുഷ്ണ്യംകലന്നുദൈവമേ!
ഭയനിയന്മാൎക്കശരണമേ വിപ്രപ്പുഷ്പലുകൾക്കുകാൎമ്മുകിലായുള്ളോവെ!
അവനിഭാരഹാരകനിശാചരക്ഷപണലോലഭൂഷണഖരഹര!
ഭുവനകണ്ടകദശകണ്ഠകണ്ഠ ലവനാചണ്ഡസായകധര!ജയ
ദശശതകരകുലകേതോജയ! ദശരഥകുലകുമുദശീതഗോ
യശസ്സുതാവകംസ്തുതിച്ചുപാടുവോർ പ്രശസ്തരാംദേവമുനിസിദ്ധാദികൾ
പുകഴത്തുന്നുവേദങ്ങളുമതുതന്നെ സുഖസ്വരൂപപ്രഭുവര വരജയ! [൧൦
സുപാവന!സൎവ്വകശലാവാസമേ കൃപാകരബാലിമദവിഭഞ്ജന!

വിരാമ! കോസലവിഭൂഷണ! ദുഷ്ടവിപാടനാക്ഷ! വിഭോ! ജയ ജയ സുശീല! സംശനാശന! സുധാമക കലിമലദോഷശമനനാമക! തുളസീദാസന്റെ തുലയററ ഭക്തികളിക്കു രംഗമേ! കമലാക്ഷ! ജയ!

നാരദമുനി ഇപ്രകാരം രാമഗുണഗ്രാമത്തെ പ്രേമസഹിതം വാഴ്ത്തി തന്തിരുരൂപം ഹൃദയത്തിലാവാഹിച്ചുകൊണ്ടു ബ്രഹ്മലോകത്തിലേക്കുപോയി.

പാർവ്വതീ! രാമചന്ദ്രന്റെ പാവനചരിതം യഥാമതി ഞാൻ പറഞ്ഞുകഴിഞ്ഞു. അവിടുത്തെ ചരിത്രങ്ങൾ അസംഖ്യങ്ങളും അപാരങ്ങളുമാണ്. ശ്രുതികൾക്കും ശാരദയ്ക്കുംതന്നെ മുഴുവൻ വിസ്തരിക്കവയ്യാ. രാമൻ അനന്തഗുണനിധിയും അനന്തനാമാകുന്നു. തൽജന്മങ്ങളും കർമ്മങ്ങളും നാമങ്ങളുംതന്നെ ഗണനാതീതങ്ങളാണ്. സമുദ്രത്തിലെ വെള്ളത്തുള്ളികളോ ഭൂമിയിലെ രേണുപടലമോ ഒന്നൊന്നായി എണ്ണിത്തീർക്കാൻ സാധിച്ചാലും രഘുപതിചരിതം പരിഗണിക്ക സാദ്ധ്യമല്ല. വിമലമായ രാമചരിതം വിഷ്ണുപദപ്രദമാണ്. ശ്രവിക്കുന്നവർക്ക് അനപായിനിയായ ഭക്തിതന്നെ ലഭിക്കും. കാകഭുശുണ്ഡി ഖഗപതിയോട്ട് പറഞ്ഞപ്രകാരമാണ് രാമായണം നിന്നെ ഞാൻ കേൾപ്പിച്ചത്. എന്നാൽ ഇതുകൊണ്ടു രാമകഥയിൽ ഒരുഭാഗംമാത്രമേ പ്രസ്താവിതമായിട്ടുള്ളു. ഭക്തന്മാർക്ക് അഭീഷ്ടസിദ്ധിക്കു ഇത്രയുംമാത്രം മതിയാകും. ഇനി നിനക്കു ഏതാനും കേൾക്കണമെന്നാണഭിലാഷം?

പാർവ്വതി അതിവിനീത മധുരസ്വരത്തിൽ ഉണർത്തിച്ചു:—"നാഥാ! ഭവഭയങ്ങളെ ഹരിക്കുന്ന രാമഗുണശ്രവണത്താൽ ഞാൻ ധന്യധന്യമാരിലും ധന്യയായിത്തീർന്നു. നിന്തിരുകൃപാകടാക്ഷത്താൽ കൃതകൃത്യയായി. മോഹങ്ങളെല്ലാം പൊയ്പ്പോയി. ചിദാനന്ദസന്ദോഹനായ രാമപ്രഭുവിന്റെ പ്രഭാവവും മനസ്സിലായി. അല്ലയോ ഭഗവാനേ! അങ്ങേ മുഖചന്ദ്രനിൽനിന്നു ഗളിക്കുന്ന രാമകഥാസുധ, ശ്രവണപുടങ്ങൾകൂടെ നിറയെ കുടിച്ചിട്ടും മനസ്സിനു തൃപ്തി ഉണ്ടാകുന്നില്ല. രാമചരിതത്തിന്റെ ശ്രവണാനന്ദം മററു സകല രസങ്ങളേയും വിസ്മരിപ്പിക്കുന്നു. ജീവന്മുക്തമഹായോഗികൾ രാമഗുണശ്രവണത്തിൽതന്നെ എപ്പോഴും രമിക്കുന്നു. സംസാരസമുദ്രം തരിക്കണമെന്നാഗ്രഹിക്കുന്നവർക്ക് രാമകഥ സുദൃഢമായ ഒരു പോതമാകുന്നു. കേവലം സംസാരികൾ പോലും ഹരിഗുണഗ്രാമത്തെ ശ്രവണസുഖദമായും മനോവിശ്രാന്തികരമായും അറിയുന്നു. രാമചരിതത്തിൽ ആനന്ദിക്കാത്ത കാതുകൾ ലോകത്തിൽ ആർക്കുണ്ട്? ഉണ്ടെങ്കിൽ അവർ ജഡജീവികളാണ്. ആത്മഘാതികളാണ്. രാമചരിതമാനസം കേട്ടപ്പോൾ എനിക്കു പരമമായ നിർവൃതിയുണ്ടായി. ഈ കഥ കാ-

ന്റ

കാകഭുശുണ്ഡി ഗരുഡനോടു പറഞ്ഞുവെന്നാണോ? കേവലം ഒരു കാകത്തിനു വൈരാഗ്യവും ജ്ഞാനവും ദൃഢമായ വിജ്ഞാനവും ഉദിക്കുമോ? രാമചരിതങ്ങളിൽ അകളങ്കിതമായ പ്രേമം ഭവിക്കുമോ? മനസ്സു സംശയിക്കുന്നു. മനുഷ്യരിൽതന്നെ ധർമ്മവ്രതമുള്ളവർ എത്രയുണ്ട്! ആയിരത്തിനൊരുത്തനുണ്ടായാലായി. ഒരുകോടി ധർമ്മശീലന്മാർ ചേർന്നാൽ അതിൽ വിഷയവിമുഖനും, വിരാഗരതനുമായി ഒരുത്തനേ കാണൂ. ഒരുകോടി വിഷയവിരക്തന്മാരിൽ സമ്യഗ്ജ്ഞാനം സിദ്ധിച്ച സുകൃതി ഒരുത്തൻമാത്രമായിരിക്കും. അത്തരം ജ്ഞാനികളിൽത്തന്നെ ജീവന്മുക്തപദത്തെ അധിരോഹിച്ചവർ ഒരുകോടിക്ക് ഒരുത്തൻവീതമേ കാണൂ. അവരിൽത്തന്നെ സുദുർലഭമായ ബ്രഹ്മപദത്തെ പ്രാപിക്കുന്നവർ ആയിരത്തിനൊന്നുമാത്രം. അല്ലയോ ദേവ! ഇപ്പറയപ്പെട്ട ധർമ്മശീലന്മാരിലും, വിരക്തരിലും, ജ്ഞാനികളിലും, ജീവന്മുക്തരിലും, ബ്രഹ്മപദത്തെ പ്രാപിച്ചവരിലും അധികനായി ഒരുവനുണ്ട്. പുണ്യശാലിയായ അവനെ സുലഭമായി കണ്ടുകിട്ടുകയില്ല. ആ സുകൃതി മദാദിദോഷമോ, മായാബന്ധമോ ഇല്ലാത്ത രാമഭക്തനല്ലാതെ മററാരുമല്ല. വിശ്വനാഥാ! കേവലം ഒരു കാകത്തിന് താദൃശമായ ഹരിഭക്തി ഭവിച്ചു എങ്കിൽ ആ പക്ഷി രാമപരായണപരവും, ജ്ഞാനരതവും, ഗുണാകാരവും, ധീരവുമായിരുന്നിരിക്കണം. എന്നാൽ അതിനു കാകശരീരം ലഭിക്കാൻ കാരണമെന്തായിരിക്കും. പവിത്രവും വിചിത്രവുമായ പ്രഭുചരിതം ആ ഖഗപക്ഷി അഭ്യസിച്ചതെവിടെനിന്നാണെന്നും സംശയം എനിക്കുണ്ട്. തീർത്തുതരുമോ? അതിലും അത്ഭുതം നിന്തിരുവടി ആ കാകത്തിന്റെ കഥനം കേട്ടു എന്നുള്ളതാണ്. ആ രഹസ്യവുംകൂടി പറഞ്ഞുതരുമോ? ഗരുഡൻ മഹാജ്ഞാനിയും, ഗുണരാശിയും വിഷ്ണുസേവകനുമാണ്. വാഹനവും എപ്പോഴും വിഷ്ണുസവിധത്തിൽതന്നെ. അത്ര മഹത്വമുള്ള വൈനതേയൻ രാമകഥ കേൾപ്പിക്കാൻ അരികിൽതന്നെ അനവധി മുനിമാരുള്ളപ്പോൾ ഈ പണ്ഡഭോക്താവിന്റെ സമീപത്തിൽ പോകാൻ കാരണമെന്തോ? വിഷ്ണുഭക്തന്മാരായ അവരുടെ സംവാദപ്രകാരവും സദയമരുളിച്ചെയ്യണം.' പുരാരി സരളസുഖമായ ഗൌരീഗിരുകളെ അനുമോദിച്ചു പറഞ്ഞു:—ഭദ്രേ! രാമഗുണങ്ങളിൽ അപാരമായ പ്രീതി ഉദിച്ചിരിക്കുന്ന നിന്റെ ഹൃദയശുദ്ധി ധന്യധന്യമത്രെ. കാകഗരുഡസംവാദചരിതം സകലഭ്രമങ്ങളെയും നശിപ്പിക്കുന്നതാണ്. അതിൽനിന്നും രാമചരണവിശ്വാസമുളവാകും. ആ വിശ്വാസം നിഷ്പ്രയാസം സംസാരസമുദ്രത്തെ കടത്തുകയും ചെയ്യും. ഹേ! സംസാരനാശിനീ! ഖഗപതി കാകഭുശുണ്ഡിയോട് ചെയ്ത പ്രശ്നപ്രകാരങ്ങൾ വിവരിക്കുന്നതിനു മുമ്പേ എനിക്ക് ആ കഥ കേൾക്കാൻ അവസരമുണ്ടായതു് എപ്പോഴും,

എവിടെവെച്ചാണെന്നു പറയാം. പണ്ടു സതിനാമത്തിൽ ദക്ഷപുത്രിയായി ജനിച്ച നീ യാഗഭൂമിയിൽ അപമാനിതയാകയാൽ യോഗാഗ്നിയിൽ ശരീരം ദഹിപ്പിച്ചുവല്ലോ. ആ സംഭവം കഴികെ പ്രിയതരയായ നിന്നെ വേർപിരിയാൻ ഇടയായ ദുഃഖത്താൽ കാട്ടുകൾതോറും ചുറ്റി സുന്ദരങ്ങളായ ഗിരിവനസരിൽതടാകങ്ങൾ കൌതുകത്തോടെ നോക്കി നോക്കി സഞ്ചരിച്ചുകൂട്ടത്തിൽ വടക്കേദിക്കിൽ വളരെ ദൂരത്തായി വിളങ്ങുന്ന മഹാമേരുപർവ്വതത്തിൽ നാലു സ്വർണ്ണശിഖരങ്ങളോടുകൂടി കാണപ്പെട്ട മനോഹരമായ ഒരു നീലവർണ്ണബാലശൈലം എന്റെ ഹൃദയത്തെ ആകർഷിച്ചു. ആ ശിഖരങ്ങളിൽ അരയാൽ, പേരാൽ, ഞാവൽ, മാവ് ഇങ്ങനെ അനുക്രമമായി ഓരോന്നിലും വിശാലവിടപങ്ങൾ വീശിയ അത്യുന്നതമായ ഓരോ വൃക്ഷം നിന്നിരുന്നു. മുകൾപ്പരപ്പിൽ കണ്ണുകൾക്കു കൌതുകം നൽകുമാറു രമണീയവും രത്നസോപാനങ്ങളാൽ അലംകൃതവുമായ ഒരു സരസ്സുമുണ്ടായിരുന്നു. ശീതളവും, അമലവും, മധുരവുമായ ജലം, വിവിധവർണ്ണനളിനങ്ങൾ, കളരവമരാളങ്ങളുടെ കർണ്ണാനന്ദകരകൂജനങ്ങൾ, മധുകരഗുഞ്ജനങ്ങൾ ഇത്യാദിയാൽ ആ സരോവരം ചേതോഹരമായി വിളങ്ങി. ബാലശൈലത്തിന്റെ മുകളിൽ അനേകകല്പാന്തങ്ങൾ കണ്ടുകഴിഞ്ഞ ചിരഞ്ജീവിയായ ഒരു കാകം വസിച്ചിരുന്നു മായാകൃതവൈകൃതങ്ങളെ ദൂരീകരിക്കത്തക്ക മാഹാത്മ്യമുള്ളതായിരുന്നു ആ ശൈലം. മോഹമോ, കാമചാപല്യങ്ങളോ, എന്നുവേണ്ട ലോകത്തെ ഭ്രമിപ്പിക്കുന്നയാതൊന്നും ആ പർവ്വതസമീപത്തിൽപോലുമണഞ്ഞില്ല. കാകത്തിന്റെ കാലയാപനപ്രകാരം വിചിത്രമായിരുന്നു. അരയാൽമരത്തിന്റെ ചുവട്ടിൽ ധ്യാനം. ഞാവൽചുവട്ടിൽ ജപയോഗങ്ങൾ. ഹരിപദനിഷ്ഠയോടുകൂടിയ മാനസപൂജ മാവിൻതണലിൽ. വടവൃക്ഷച്ചുവട്ടിൽ ഹരികഥാപ്രസംഗം ഇങ്ങനെ ആയിരുന്നു നിത്യവൃത്തികൾ. രാമചരിതത്തെ നാനാപ്രകാരത്തിൽ വിചിത്രമാക്കി പ്രേമരസത്തോടെ കാകഭുശുണ്ഡി ഗാനം ചെയ്യുമ്പോൾ ആ സരോവരത്തിലെ ചിത്തശുദ്ധിയുള്ള മരാളങ്ങൾ നിത്യവും ഹാജരായി കേട്ടു. ശ്രോതാക്കളായി മറ്റനവധി പക്ഷികളും വരിക പതിവായിരുന്നു. അവിടെ എത്തിച്ചേർന്ന എനിക്കു ഇക്കാഴ്ച കണ്ടപ്പോൾ ഹൃദയത്തിൽ അനല്പമായ ആനന്ദം അങ്കുരിച്ചു. ക്ഷണനേരം ഒരു മരാളത്തിന്റെ രൂപം സ്വീകരിച്ചു് ആ സംഘത്തിൽ കൂടി രഘുപതിചരിതാമൃതം സുഖമേ പാനം ചെയ്യാൻ തുടങ്ങി. കഥാപ്രസംഗം അവസാനിച്ചു കൈലാസത്തിലേക്കു മടങ്ങി. ഇതാണു് എന്റെ കാകസമാഗമചരിത്രം.

ഇനി ഗരുഡനെ സംബന്ധിച്ച കഥ കേൾപ്പിക്കാം. ലങ്കാദ്വീപിൽ നടത്തിയ രണക്രീഡയിൽ രഘുനാഥനെ ഇന്ദ്രജിത്തിന്റെ

ബന്ധനത്തിനധീനനായപ്പോൾ, പരമാത്ഥം ഗ്രഹിക്കാൻ കഴിഞ്ഞിരുന്ന ഞാൻതന്നെ കുറഞ്ഞൊന്നു ലജ്ജിച്ചു. നാരദന്റെ പ്രേരണ അനുസരിച്ച് ഗരുഡൻ രണാങ്കണത്തിലെത്തി ബന്ധനംവേർപെടുത്തി. ഭഗവാന്റെ ഈ ലഘുരൂപാചരണത്തെക്കുറിച്ച് പക്ഷീന്ദ്രൻ ശങ്കാകുലനായി വിചാരിക്കാൻ തുടങ്ങി. വ്യാപകബ്രഹ്മരൂപനും മായാതീതനുമായ വിശേഷശക്തൻതന്നെയാണ് രാമാവതാരമെടുത്തിരിക്കുന്നതെന്നു ഞാൻ വിശ്വസിച്ചു. ആ പ്രഭാവം ഇദ്ദേഹത്തിൽ കാണുന്നില്ല. ജപമാത്രത്താൽ ജനങ്ങളെ സംസാരമുക്തരാക്കുന്ന തിരുനാമത്തോടുകൂടിയ ദേഹമാണ് ഈ രാക്ഷസാധമന്റെ ബന്ധനത്തിന് അധീനനായതെന്നൂഹിക്കാൻ ന്യായം കാണുന്നില്ല. ഇപ്രകാരം പരമാത്ഥഗ്രഹണത്തിനായി വിശങ്കിച്ച ഗരുഡന്റെ ഹൃദയം ഭ്രമത്താൽ മറയ്ക്കപ്പെട്ടതല്ലാതെ ജ്ഞാനവിശുദ്ധമായില്ല. വിഷാദവും, സംശയവും വർദ്ധിച്ചുവന്നു. മുൻപ് നിന്റേതെന്നപോലെ മനസ്സു മോഹിക്കയും ചെയ്തു. ഒടുവിൽ നാരദനെ ചെന്നു കണ്ട് ഈ സംശയം അറിയിച്ചു. മഹർഷി മനസ്സലിവോടുകൂടി ഹേ പക്ഷീന്ദ്ര! രാമമായയ്ക്കു പ്രാബല്യമേറും. ദയാനിധി ജ്ഞാനികളുടെ ചിത്തത്തെ അപഹരിക്കുമ്പോൾ സാമാന്യത്തിലധികം മോഹിപ്പിക്കുക പതിവാണ്. ഈ മോഹം എന്നെത്തന്നെ പലപ്പോഴും ബാധിച്ചിട്ടുള്ളതാണ്. അതു ശമിപ്പിക്കാൻ എനിയ്ക്കു ശക്തിയില്ല. ബ്രഹ്മദേവനെ അറിയിച്ചാൽ അദ്ദേഹം പരിഹാരമാർഗ്ഗം നിർദ്ദേശിക്കും. അതനുസരിച്ച് പ്രവർത്തിക്കുക.

ഇങ്ങനെ ഉപദേശിച്ചിട്ട് പരമജ്ഞാനിയായ നാരദർ രാമമായാബലത്തെ കൊണ്ടാടിയും, രാമഗുണകീർത്തനങ്ങൾ പാടിയും നടകൊണ്ടു. ഗരുഡൻ സത്യലോകത്തിലെത്തി തന്റെ സന്ദേഹമുണർത്തിത്തൊഴുതു. കേൾക്കായ നിമിഷത്തിൽത്തന്നെ ബ്രഹ്മദേവൻ രാമപാദങ്ങളെ ധ്യാനിച്ചു നമസ്കരിച്ചു. രാമപ്രതാപങ്ങളോർക്കുന്തോറും ഹൃദയം പ്രേമാർദ്രമായി ഭവിക്കയാൽ ഇങ്ങനെ വിചാരിച്ചു. "കവിശ്രേഷ്ഠന്മാരും മഹർഷിമാർ പോലും മായാവശന്മാരാണ്. സൃഷ്ടികർത്താവായ എന്നെത്തന്നെയും ആ മായാശക്തി കൂത്തുതുള്ളിച്ചു. ആ സ്ഥിതിയ്ക്ക് ഗരുഡനെ വ്യാമോഹിപ്പിച്ചതിൽ ആശ്ചര്യമില്ല. ഈദൃശ ആത്മഗതത്തോടെ ഗരുഡനെ നോക്കി ഹേ വിഷ്ണുവാഹ! രാമപ്രഭുത മുഴുവൻ മഹേശനറിയാം. ആ മഹാത്മാവു നിന്റെ സന്ദേഹനിവൃത്തി വരുത്തും എന്നു പറഞ്ഞു. പക്ഷീന്ദ്രൻ പരമാതുരനായിപ്പറന്ന് കൈലാസത്തിൽ വന്നു ഞാൻ കുബേരഗൃഹത്തിലേക്കുപോകുകയായിരുന്നു. മദ്ധ്യമാർഗ്ഗം കണ്ടുകൂടി പാദനമസ്കാരം ചെയ്ത് മോഹപ്രകാരങ്ങൾ അറിയിച്ചു. ഞാൻ സ്നേഹപൂർവം അ

വനെ നോക്കി, വൈനതേയ! നിൻെറ വ്യാമോഹം ഈ മാർഗ്ഗത്തിൽവച്ചു പറഞ്ഞുതീരത്തക്കതല്ല. ആമൂലാഗ്രം പ്രഭുചരിതം പ്രതിപാദിക്കുന്ന ഹരികഥ നാനാപ്രകാരത്തിൽ മുനിപുംഗവന്മാർ ഗാനംചെയ്യുന്നതു് ഭക്തിയോടെ കേൾക്കണം. വളരെക്കാലം സൽസംഗം ചെയ്യേങ്കിൽ മാത്രമേ ഈ മോഹഭ്രമം ശമിക്കൂ. അതിലേയ്ക്കു് ഹരികഥാപാഠം നിരന്തരമായി നടന്നുകൊണ്ടിരിക്കുന്ന ഒരു സ്ഥാനം നിനക്കു നിർദ്ദേശിച്ചുതരാം. അവിടെ സന്നിഹിതനായാൽ മതി. കേൾക്കുന്തോറും സന്ദേഹങ്ങൾ അകലുകയും രാമചരണങ്ങളിൽ ദൃഢപ്രേമം ഉൽപാദിയ്ക്കയും ചെയ്യും. ഹരികഥാശ്രവണത്തിനു സംഗതിയാകുന്നതുതന്നെ സൽസംഗം നിമിത്തമാണു്. മോഹനാശം ഹരികഥാശ്രവണത്താലല്ലാതെ ഭവിക്കയുമില്ല. രാമപാദങ്ങളിൽ ദൃഢാനുരാഗം ഉദിക്കുന്നതും മോഹനാശത്തിനു ശേഷമാണു്. യോഗമോ ജപമോ ജ്ഞാനവൈരാഗ്യാദികളോ ശീലിച്ചാലും രാമദർശനം സിദ്ധിക്കയില്ല. അതുകൊണ്ടു് ആദ്യമായി രാമകഥാശ്രവണംതന്നെയാണു് ആവശ്യം. ഉത്തരദിക്കിൽ മഹാമേരുപംക്തികളിലുൾപ്പെട്ട മനോഹരമായ ഒരു നീലശൈലമുണ്ടു്. ഭുസുണ്ഡി എന്നു പേരായ ഒരു വൃദ്ധകാകൻ അതിൽ വസിച്ചുവരുന്നു. രാമഭക്തിപഥത്തിൽ പരമപ്രവീണനും, സുശീലനും, ജ്ഞാനിയും, ഗുണനികേതവുമാണു്. നിരന്തരം കഥാപാരായണനായി കാലം കഴിക്കുന്നു. പല തരത്തിലുള്ള ഉത്തമപക്ഷികൾ സദസ്സുകൂടി കഥാപ്രസംഗം കേൾക്കുകയും പതിവാണു്. അവിടേയ്ക്കു പോകുക, ഹരിചരിതശ്രവണത്താൽ മോഹജനിതമായ ദുഃഖം ദൂരീഭവിക്കും. ഇങ്ങനെ ഉപദേശിച്ചയച്ചു. ഭദ്രേ! രാമകൃപയുടെ മർമ്മങ്ങൾ എനിക്കു വഴിപോലെ അറിയാം. അതുകൊണ്ടാണു് ഞാൻതന്നെ അവൻെറ മോഹശാന്തിയെ ചെയ്യാൻ ഒരുങ്ങാഞ്ഞതു്. ഒരു പക്ഷേ വല്ല ദുരഭിമാനങ്ങളും ശമിപ്പിക്കാൻ ഭഗവാൻ അവനെ ക്ഷീണനാക്കി പരീക്ഷിയ്ക്കയാവാമെന്നും ഊഹിക്കാതിരുന്നില്ല. പക്ഷിയ്ക്കു പക്ഷിഭാഷ തന്നെ യോജിക്കട്ടെ എന്ന ഉദ്ദേശവും ഉണ്ടായിരുന്നു. അല്ലയോ ഭവാനി! പ്രബലയായ പ്രഭാവത്തിൽ ഏതൊരു ജ്ഞാനിതന്നെ മോഹിക്കയില്ല? ഭക്തശിരോമണിയും അഭിജ്ഞനുമായ വൈനതേയൻ വിഷ്ണുഭഗവാൻെറ നിത്യവാഹനമായിരുന്നിട്ടും ആ മായാശക്തിയ്ക്കടിമപ്പെട്ടു. പാമരനായ മനുഷ്യൻെറ കഥ പിന്നെ പറവാനുണ്ടോ? ഈശ്വരന്മാരായ ഞങ്ങളെത്തന്നെയും ചിലപ്പോൾ അതു മോചിക്കുന്നില്ല. മുനിമാർ ഈ വസ്തുത മനസ്സിലാക്കിത്തന്നെ മായാപതിയെ ശരണം പ്രാപിച്ചിരിക്കുന്നു.

ഗരുഡനാകട്ടെ അകുണ്ഠമതിയും, അഖണ്ഡഹരിഭക്തനുമായ കാകഭുസുണ്ഡിയുടെ വസതിയെ പ്രാപിച്ചു. പർവ്വതശൃംഗത്താലെ

മനസ്സു കുളൎന്നു. മായാമോഹവും ശോകവും അകന്നു. തടാകത്തിലിറങ്ങി മുങ്ങി ജലപാനവും കഴിച്ചു് സംതൃപ്തനായി വടവൃക്ഷത്തിന്റെ ചുവട്ടിൽ ചെന്നു. അവിടെ രാമചരിതം കേൾക്കാൻ സംഘംസംഘമായി പക്ഷികൾകൂടിയിരുന്നു. കഥാരംഭത്തിനു ഭാവിക്കവേതന്നെ ഖഗപതി അവിടെ എത്തിച്ചേൎന്നു. പക്ഷികളും ഭുസുണ്ഡിയും അത്യാദരപുരസ്സരം ആഗതനെ സൽക്കരിച്ചു്, കുശലപ്രശ്നാനന്തരം ആസനസ്ഥനാക്കി. കാകവൃദ്ധൻ വിശേഷിച്ചും സ്നേഹോദാരമാംവണ്ണം ആരാധനകൾ നടത്തി മൃദുമധുരവചനങ്ങളാൽ സംബോധനംചെയ്തു. "പക്ഷിരാജാ! അങ്ങേ ദൎശനത്താൽ ഞാൻ കൃതാൎത്ഥനായി. കല്പന എന്തായാലും അനുഷ്ഠിക്കാൻ ഞാൻ സന്നദ്ധൻ പ്രഭോ! അങ്ങേ ആഗമനോദ്ദേശം അരുളിച്ചെയ്താലും" എന്നിങ്ങനെ വിനീതനായി അറിയിച്ചു

വായസരാജ! താങ്കൾ നിത്യകൃതാൎത്ഥനത്രെ. ശിവപുരാൻ സ്വമുഖംകൊണ്ടു് എപ്പോഴും താങ്കളുടെ സ്തോത്രം പാടുന്നു. സുകൃതിയായ താങ്കളെ ദൎശിച്ചമാത്രയിൽ എന്റെ ആഗമനോദ്ദേശം ഫലിച്ചുകഴിഞ്ഞു. പരമപാവനമായ ഈ പുണ്യാശ്രമം കണ്ടപ്പോഴേ എന്റെ മോഹവും സംശയവും അസ്തമിച്ചു: ഇനി താങ്കളിൽനിന്നു ഞാനഭിലഷിക്കുന്നതു് രാമകഥാമൃതപാനംമാത്രം. അതു് നിത്യസുഖദായകവും ദുഃഖനാശകവുമാണല്ലോ.

വിനീതവും, പ്രിയതവും, സരളവും, സപ്രേമവുമായ ഈ നിവേദനംകേട്ടു് കാകഭുസുണ്ഡി പരമാഹ്ലാദഭരിതനായി രാമചരിത്രം കീൎത്തിക്കയായി.

ആദ്യമായി രാമാവതാരത്തിന്റെ ഉദ്ദേശത്തെ ഉപന്യസിച്ചു. അനന്തരം നാരദനുപറ്റിയ വ്യാമോഹപ്രകാരവും, രാവണന്റെ അവതാരവുമറിയിച്ചു പിന്നീടു ഭഗവാന്റെ അവതാരകഥകൾ തുടങ്ങി ബാലലീലകളും വൎണ്ണിച്ചു. അതിൽപിന്നെ വിശ്വാമിത്രാഗമനം, യാഗരക്ഷണം, അഹല്യാമോക്ഷം, സീതാവിവാഹചരിതം, ഭാൎഗ്ഗവമദഭഞ്ജനം, അയോദ്ധ്യാപ്രവേശം ഇവ വിസ്തരിച്ചു. തുടൎന്നുതന്നെ രാമാഭിഷേകപ്രസംഗം, അഭിഷേകഭംഗം, പുരവാസികളുടെ വിരഹവിഷാദം, രാമലക്ഷ്മണസംവാദം, വനയാത്ര, ഗുഹന്റെ ഭക്തിവിശേഷം, ഗംഗാതരണം, പ്രയാഗനിവാസം, വാല്മീകിസന്ദൎശനം, ചിത്രകൂടവാസം, സചിവാഗമനം, നൃപമരണശ്രവണം, ഭരതാഗമനം, ഭരതഭക്ത്യതിശയം ഇവയും നൃപന്റെ ചരമക്രിയാപ്രകാരങ്ങളും, ഭരതന്റെയും പുരവാസികളുടെയും അഭ്യൎത്ഥനവും, ഭഗവാന്റെ നിരസനവും, അവരെ അനുനയിക്കാനായി ഭഗവാൻചെയ്യുന്ന ഉപദേശങ്ങളും, പാദുകകൾ സ്വീകരിച്ചുകൊണ്ടു ഭരതൻ അ

യോദ്ധ്യയിലേക്കു മടങ്ങുന്നതും, അവിടെ ഭരതന്റെ ജീവിതരീതിയും, ചിത്രകൂടത്തിൽ ജയന്തന്റെ ദുശ്ചേഷ്ടിതവും അത്രിദർശനവും, അനുക്രമമായി പറഞ്ഞു. അനന്തരം വിരാധവധം, ശരഭംഗഗതി, സുതീക്ഷ്ണഭക്തി, അഗസ്ത്യസമാഗമം, ദണ്ഡകവനപാവനത, ഗൃദ്ധ്രരാജമൈത്രി, പഞ്ചവടീവാസം, മുനിഭയമോചനം, ലക്ഷ്മണോപദേശം, ശൂൎപ്പണഖയുടെ അംഗഭംഗം, ഖരദൂഷണവധം, രാവണനിവേദനം, മാരീചരാവണസംവാദം, മായാസീതാഹരണം, രാമവിരഹം, ഗൃദ്ധ്രചരമക്രിയ, കബന്ധവധം, ശബരിഗതി, ഇവ വിവരിച്ചു. തുടരെ പമ്പാതീരപ്രവേശം, രാമനാരദസംവാദം, ഹനുമൽസമാഗമം, സുഗ്രീവസഖ്യം, ബാലിവധം, സുഗ്രീവാഭിഷേകം, പ്രവൎഷണശൈലവാസം, വൎഷകാലവൎണ്ണനം, ശരദൃതുവൎണ്ണനം, രാമകോപം, കപികളുടെ ദയപ്പാട്, സീതാന്വേഷണത്തിനായി സുഗ്രീവൻ കപികളെ നിയോഗിച്ചപ്രകാരം, കപികളുടെ ഗുഹാപ്രവേശം, സമ്പാതിദൎശനം, ഹനുമാന്റെ സമുദ്രലംഘനാരംഭം, ഇവ കേൾപ്പിച്ചു. ഹനുമാന്റെ സമുദ്രലംഘനം, ലങ്കാപ്രവേശം, സീതാദൎശനം. വനഭഞ്ജനം, രാവണപ്രബോധനം, ലങ്കാദഹനം, തിരികെയുള്ള സമുദ്രതരണം, രാമസന്നിധിയിൽ വൈദേഹീകുശലനിവേദനം, സൈന്യസമേതം രഘുരാജന്റെ സമുദ്രതീരപ്രവേശനം, വിഭീഷണസമാഗമം, സമുദ്രദമനം, സേതുബന്ധനം, അംഗദദൌത്യം, വാനരരാക്ഷസയുദ്ധം, കുംഭകൎണ്ണമേഘനാദന്മാരുടെ ബലപൌരുഷം, അവരുടെ വധം, രാമരാവണയുദ്ധം, രാവണവധം, മണ്ഡോദരീവിലാപം. വിഭീഷണരാജ്യാഭിഷേകം, ദേവസ്തുതി, രാമസീതാസമാഗമം, പുഷ്പകത്തിന്മേൽ വാനരരാക്ഷസസമേതം ഭഗവാന്റെ അയോദ്ധ്യയിലേക്കുള്ള യാത്ര, അയോദ്ധ്യാപ്രാപ്തി ഇതെല്ലാം വിസ്തരിച്ചുകഴിഞ്ഞു. രാമാഭിഷേകവും നഗരഭംഗിയും പ്രശസ്തരാജനീതിപ്രകാരങ്ങളും പാടി. ഹേ ഭവാനി! ഞാനിപ്പോൾ നിന്നെ കേൾപ്പിച്ചതുപോലെയെല്ലാം രാമായണകഥ വിസ്തരിച്ചുതന്നെ കാകഭുസുണ്ഡി പറഞ്ഞവസാനിപ്പിച്ചു. ഗരുഡൻ പരമാഹ്ലാദിതനായി സൂചിച്ചു. താത! രാമായണശ്രവണത്താൽ എന്റെ സകലസന്ദേഹങ്ങളുമകന്നു. താങ്കളുടെ പ്രസാദംകൊണ്ടു് രാമപാദങ്ങളിൽ ഹൃദയം പതിഞ്ഞുകഴിഞ്ഞു. സമരാങ്കണത്തിലെ രഘുരാജബന്ധനം കണ്ടപ്പോൾ മായാമൂഢനായ എന്റെ ഹൃദയം സംശയിച്ചു. ചിദാനന്ദസന്ദോഹനായ അവിടുത്തേയ്ക്കു് ക്ലേശം ഭവിക്കയുണ്ടോ? ചരിതംമുഴുവൻ മനുഷ്യാനുസാരിയായി കാൺകകൊണ്ടു് എന്റെ ഹൃദയം ചലിച്ചുപോയി. ഇപ്പോൾ അതിന്റെ ഗതികളെല്ലാം മനസ്സിലായി. കൃപാനിധി സവിശേഷം എന്നെ അനുഗ്രഹിക്കണമെന്നു കരുതി ഭ്രമിപ്പിച്ചതാണു്. കടുവെയിലിലെ ചൂടു് അനുഭവിക്കാത്തവനു മാംകാവിലെ കുളുൎമ്മ അ

റിയാൻ കഴിയുമോ? ഈ മോഹം എന്നെ ബാധിക്കാതിരുന്നെങ്കിൽ താങ്കളുടെ സമാഗമവും അതിവിചിത്രമായി ഇപ്പോൾ ഗാനംചെയ്ത രാമചരിതം കാതുകൾക്കു കേൾക്കുന്നതിനുള്ള ഭാഗ്യവും ഭവിക്കുമോ? രാമചന്ദ്രന്റെ കൃപാകടാക്ഷമുണ്ടെങ്കിൽ മാത്രമേ സത്സംഗത്തിനു സംഗതി വരികയുള്ളു. വേദങ്ങളും പുരാണങ്ങളും ജ്ഞാനികളായ സിദ്ധമുനിസംഘങ്ങളും ഈ വസ്തുത ഉദ്ഘോഷിക്കുന്നു. അങ്ങേ ദർശനം എനിക്കു സിദ്ധിച്ചതും സംശയങ്ങൾ അസ്തമിച്ചതും ആ മഹാത്മാവിന്റെ കൃപാതിരേകത്താൽ തന്നെ. വിനയാനുരാഗമസൃണമായ ഈ വചനശ്രവണത്താൽ കാകഭുസുണ്ഡിയുടെ ശരീരം പുളകപല്ലവിതമായി. മിഴികളിൽ ആനന്ദബാഷ്പമൊഴുകി. ഹേ ഉമാദേവി! സുമതിയും സുശീലനും കഥാരസികനും ഹരിദാസനുമായ ഒരുവനെ ശ്രോതാവായി ലഭിച്ചാൽ സജ്ജനങ്ങൾ മഹാരഹസ്യങ്ങൾപോലും അവരിൽനിന്നു മറയ്ക്കുകയില്ല.

കാകഭുസുണ്ഡിക്കു ഖഗപതിയിൽ അനല്പമായ പ്രീതി തോന്നിപ്പറഞ്ഞു:—നാഥ! എല്ലാ പ്രകാരത്തിലും അങ്ങ് എനിക്കു പൂജ്യൻതന്നെ. രഘുനാഥകൃപാപാത്രമായ അങ്ങേ സംശയമോ മോഹമോ മായയോ ഒന്നും സംബന്ധിക്കയില്ല. എന്നെ അനുഗ്രഹിക്കാനായി മാത്രം ആ ഭാഗം സ്വീകരിച്ചതായിരിക്കാം. മോഹിയാക്കി താങ്കളെ അയച്ചതിൽ രഘുപതി അനല്പമായ സഹായം എനിക്കു ചെയ്തിരിക്കുന്നു. അഥവാ താങ്കൾ രാമമായയ്ക്കധീനനായതു പരമാർത്ഥമാണെങ്കിൽ തന്നെ അതിൽ അത്ഭുതമില്ല. നാരദൻ, ശിവൻ, സനൃകൻ, സനകാദികൾ മററും ആത്മബോധികളായ അനേക മഹർഷിമാർ ഇവരിലാരും മായാന്ധരാകാതെയോ കാമക്രോധമദങ്ങൾ തുള്ളാതെയോ ഇല്ല. തൃഷ്ണയിൽ മുഴുകാതെയും ക്രോധാഗ്നിയിൽ മനസ്സു ദഹിക്കാതെയും ഇല്ല. ജ്ഞാനിയോ, താപസനോ, ശൂരനോ, കവിയോ, ശാന്തനോ ആരെങ്കിലും ലോഭത്തിനു വശഗനാകാതെ ലോകത്തിലുണ്ടോ? ധനമദം വഴിതെററിക്കാതെ, പ്രഭുത്വം ബധിരനാക്കാതെ, മൃഗശാബാക്ഷികളുടെ കടാക്ഷബാണമേററു ഹൃദയം വ്രണപ്പെടാതെ, വിജയത്തെ അഭിമാനിക്കാതെ, മാനമദം വ്യാപിക്കാതെ, യൌവനജ്വരം ബാധിക്കാതെ, ശ്വാസത്താൽ യശശ്ചന്ദ്രികയ്ക്കു കളങ്കം തട്ടിക്കാതെ, മത്സരം കൊണ്ടു മഹിമ കെട്ടുപോകാതെ, ദുഃഖക്കാററടിയേററു മനസ്സുലയാതെ, ചിന്താസർപ്പത്തിന്റെ കടിയേററു മയങ്ങാതെ, സർവ്വത്ര മായാമോഹങ്ങളിൽ കുടുങ്ങാതെ, ആരെങ്കിലുമുണ്ടോ? മനോരഥകീടം തുളച്ചു കയറാതിരിക്കത്തക്ക ശരീരപ്രകാണ്ഡം ആർക്കെങ്കിലുമുണ്ടോ? ഏഷണാത്രയബന്ധത്താൽ ക്ലേശിക്കാത്ത ജീവികളുണ്ടോ? ഇവ മായയുടെ പരിവാരങ്ങളാണ്. അവളുടെ അ

മിതമായ പ്രാബല്യം അവർണ്ണനീയം തന്നെ. ബ്രഹ്മശർവന്മാർ പോലും അവളെ നോക്കി ഭയപ്പെടുന്നു. മററു ജീവികളുടെ കഥ എന്തു പറയുന്നു.

മായയുടെ ഭയങ്കരഭടന്മാർ സായുധന്മാരായി ലോകത്തിൽ സർവ്വത്ര സഞ്ചരിക്കുന്നുണ്ട്. കാമാദികൾ സൈന്യനായകന്മാരാണ്. ഡംഭവും കപടവും വഞ്ചനയും വീരയോദ്ധാക്കളത്രേ. മിഥ്യാരൂപയായി അറിയപ്പെടുന്നു എങ്കിലും മായ രഘുവരദാസിയാണ്. രാമകൃപയുള്ളോർക്ക് മാത്രമേ അവളെ അകററി നിറുത്താൻ സാധിക്കൂ. നാഥ! ഈ വസ്തുത ഞാൻ പൂർണ്ണവിശ്വാസത്തോടേ പ്രഖ്യാപിക്കാം.

ആരാലും അനവഗമ്യമായ ചരിതത്തോടുകൂടിയ മായ ലോകങ്ങളെ ഇഷ്ടപ്പടി നൃത്തം ചെയ്യിച്ചുകൊണ്ടു തൻെറ സൈന്യങ്ങളുമായി പ്രഭുവിൻെറ പുരികക്കളികൾക്കനുസരിച്ചു പ്രപഞ്ചരംഗത്തിൽ പ്രവേശിച്ചാടുന്ന ഒരു നടിയാകുന്നു. രഘുപതി അഖണ്ഡാനന്ദബ്രഹ്മസ്വരൂപനാണ്. സർവ്വവ്യാപിയും അഖിലനും അമോഘനും ഏകനുമാണ്. ഘനശ്യാമളനും, ഭഗവാനുമായ അവിടുന്നു സച്ചിദാനന്ദസ്വരൂപനാകുന്നു. ജന്മമോ കർമ്മമോ അവിടേക്കില്ല. ഗുണധാമവും വിജ്ഞാനാത്മകനും വാക്കുകൾക്കും ബുദ്ധിക്കുമെത്താത്ത ഗുണഹീനനും അഭംഗനും അനവദ്യനുമാകുന്നു. എല്ലാവരെയും എല്ലാവറെറയും സമമായി കാണുന്നു. അജിതനും, നിർഗ്ഗുണനും നിരാകാരനും, നിർമ്മോഹനും, നിത്യനിരഞ്ജനസുഖസന്ദോഹനുമായ അദ്ദേഹം മൂലപ്രകൃതിയിൽ നിന്നു ഭിന്നനായി, സർവ്വഹൃദയങ്ങളിലും ചേതനയാളുന്ന പ്രഭുവാണ്. നിരീഹനും വിരജസ്സും അവിനാശിയുമായ ആ ബ്രഹ്മസ്വരൂപനെ മായ ആക്രമിക്കയില്ല. ആദിത്യസമക്ഷം അന്ധകാരത്തിനു സ്ഥാനമില്ലല്ലോ. ഭക്തരക്ഷണാർത്ഥം ഭഗവാൻ രാമനാമത്തിൽ ഒരു മനുഷ്യരാജനായി അവതരിച്ചിരിക്കുന്നു. പ്രാകൃതനെപ്പോലെ തന്നെ പ്രവർത്തിക്കുന്നു. പല വേഷങ്ങളും ധരിച്ചു രംഗത്തിൽ വന്നു സദസ്യന്മാരുടെ തൽക്കാലരസത്തിനനുഗുണമായി ആടുന്ന ഒരു വിദഗ്ദ്ധനെപ്പോലെ എന്നേ പറവാനുള്ളു. വേഷം മാറുന്നുവെങ്കിലും നടൻ ഏകൻ തന്നെയല്ലോ. ദനുജവിമോഹനനും, ജനസുഖകാരിയുമായ രഘുപതിയുടെ ലീലാരീതി ഇതാണ്. മനോമാലിന്യമുള്ള വിഷയവശന്മാരായ കാമികൾക്കു പ്രഭുലീലയിൽ ഓരോ ശങ്കകൾ അങ്കുരിക്കുന്നു. നയനദോഷമുള്ള ചിലർ ചന്ദ്രനെ മഞ്ഞനിറത്തിൽ കാണും. ദിഗ്ഭ്രമമുള്ള ചിലർക്ക് ആദിത്യൻ പടിഞ്ഞാറു് ഉദിക്കുന്നു എന്നു തോന്നും. വള്ളം നടുനദിയിൽ കൂടി പോകുമ്പോൾ കരകൾ രണ്ടും നീങ്ങി നീങ്ങി മാറുന്നു എന്ന പ്രതീതിയുണ്ടാകും. വട്ടം ചുററിക്കളിക്കുന്ന കുഞ്ഞുങ്ങൾ ചു

റാമുള്ള വീട്ടു മുതലായവ കറങ്ങുന്നതായി കാണും. ഇതെല്ലാം അ
വരവരുടെ സ്ഥിതിഭേദമൊ മതിഭേദമൊ നിമിത്തമുള്ള തോന്നലുക
ളല്ലാതെ പരമാൎത്ഥങ്ങളല്ലെന്നു സ്പഷ്ടമാണു്. ഹേ പക്ഷീന്ദ്ര! അജ്ഞ
ന്മാർ ഹരിയിൽ മായാരോപണം ചെയ്യുന്ന വിധവും ഇതുതന്നെ.
അവിടുത്തേക്കു മായാപ്രസംഗം സ്വപ്നത്തിൽ പോലുമില്ല. മായാ
വശന്മാരായ മന്ദബുദ്ധികൾ അജ്ഞാനത്തിരശ്ശീല മനസ്സു മൂടുകകൊ
ണ്ടു തങ്ങളുടെ മൂഢത്വം രഘുരാജനിൽ ആരോപിച്ചു് ഓരോ സംശ
യങ്ങൾക്കു വശംവദരാകുകയാണു്. കാമക്രോധമദലോഭങ്ങളിൽ ത
ല്പരരും ഗൃഹകാൎയ്യങ്ങളിൽ വ്യാപൃതരുമായി തമഃകൂപത്തിന്റെ ആഴ
ത്തിൽ കിടന്നു വലയുന്നവർ രഘുപതിയെ എങ്ങിനെ അറിയാനാ
ണു്! ഭഗവാന്റെ നിൎഗ്ഗുണരൂപം അവഗമിക്കാൻ സുലഭമത്രേ.
സഗുണരൂപത്തിൽ സത്യാവസ്ഥ മനസ്സിലാകുന്ന കാൎയ്യമാണു വി
ഷമം. പല തരത്തിൽ സുഗമവും അഗമവുമായ അവതാരചരിത
ങ്ങൾ മുനിമാനസത്തെപ്പോലും ഭ്രമിപ്പിക്കും. രഘുപതിയുടെ പ്രഭു
ത്വയെ ഉദാഹരിക്കുന്ന ഒരു കഥ യഥാമതി ഞാൻ പറയട്ടെയോ? എ
നിക്കുതന്നെ മോഹം ഉണ്ടാക്കിത്തീൎത്ത ഒരത്ഭുതപ്രബന്ധമാണതു്.
താങ്കൾ രാമകൃപാഭാജനവും രാമചരിതപ്രിയനും എനിക്കു സുഖദാ
താവുമാണല്ലോ. ഞാൻ പറവാൻ പോകുന്നതു് ഒരു പരമരഹസ്യ
മാണു്. എങ്കിലും താങ്കളിൽ നിന്നും അതിലൊരുഭാഗവും മറയ്ക്ക
ണമെന്നു വിചാരമില്ല. ഭക്തന്മാർ ഒരിക്കലും അഭിമാനികളായി ഭ
വിക്കാതെ നിഷ്കൎഷിക്കുന്നതു ഭഗവാന്റെ സഹജസ്വഭാവമാണു്.
സകലവിധ ദുഃഖങ്ങളെ ഉണ്ടാക്കുന്നതും സംസാരത്തിനു് ആദികാര
ണവുമത്രേ അഭിമാനം. ഭക്തന്മാരിലുള്ള അതിവാത്സല്യം നിമി
ത്തം ഭഗവാൻ അവരിൽ നിന്നും അതിനെ ദൂരീകരിക്കും. ശിശുക്ക
ളുടെ ശരീരത്തിൽ വ്രണമുണ്ടായാൽ മാതാക്കന്മാർ ഒട്ടും കരുണ കാ
ണിക്കാതെ ശോധന ചെയ്യുന്നു. കുട്ടി കിടന്നു നിലവിളിച്ചാലും അ
തിന്റെ രക്ഷയെ ഉദ്ദേശിച്ചു് അമ്മ വകവയ്ക്കുന്നില്ല. അതുപോ
ലെ രഘുപതി തന്റെ ദാസന്മാരെ സങ്കടപ്പെടുത്തിയും ഗൎവ്വം ശമി
പ്പിക്കതന്നെ ചെയ്യും. അവരുടെ ഗുണത്തെ മാത്രമാണു് അതിൽ
ഉദ്ദേശിക്കുന്നതെന്നുള്ളതും സ്പഷ്ടം തന്നെ. ഭ്രമത്തെ ത്യജിച്ചു് ഈദൃ
ശനായ പ്രഭുവിനെ ഭജിക്കാത്തവരാരു്? എല്ലാവരും ഭജിക്കും. ഭജി
ക്കണമെന്നും തുളസി പറയുന്നു.

പക്ഷിനായക! രാമകൃപയേയും എന്റെ ജാഡ്യത്തേയും ഉദാ
ഹരിക്കുന്ന ആ കഥ ഞാൻ പറയട്ടെ. കേൾക്കുക, രാമചന്ദ്രൻ മ
നുഷ്യദേഹമെടുത്തു ഭക്തന്മാൎക്കുവേണ്ടി ലീലകളാരംഭിച്ച കാലത്തുത
ന്നെ അപ്പോഴപ്പോൾ ഞാൻ അയോദ്ധ്യയിൽ പോയി ആ ബാല
ക്രീഡകൾ നോക്കി ആനന്ദിക്ക പതിവായിരുന്നു. ജന്മാദ്യാഘോഷ

ങ്ങൾ സന്ദർശിക്കാൻ തന്നെ ഞാൻ അവിടെ ഹാജരാകാതിരുന്നില്ല ശൈശവകാലം അഞ്ചു വർഷവും നിരന്തരമായി എന്റെ സാന്നിദ്ധ്യം അവിടെ ഉണ്ടായിരുന്നു. ശതകോടി കാമസുന്ദരനായ ബാലരാമചന്ദ്രൻ എന്റെ ഇഷ്ടദൈവമാണ്. അവിടത്തെ കോമളമുഖം നോക്കിനോക്കി കണ്ണുകളെ ഞാൻ സഫലീകരിക്കയും, ഒരു ലഘുവായസത്തിന്റെ ശരീരം ധരിച്ച് ഏറ്റവുമടുത്തെത്തി ബാലചരിതങ്ങൾ സൂക്ഷിച്ചു വീക്ഷിക്കയും പതിവായി. തിരുമേനി ചുററി നടന്നു കളിയ്ക്കുന്ന അവസരത്തിൽ ഞാൻ പതുക്കെ പറന്നു് അടുക്കും. ഭക്ഷണസമയത്തു ചിതറിവീഴുന്ന പലഹാരക്കഷണങ്ങൾ അങ്ഗണത്തിലിറങ്ങി കൊത്തിപ്പെറുക്കും. ഒരു ദിവസം അത്യത്ഭുതമായ ഒരു കളിക്കൂത്തു തിരുമേനി കാണിച്ചു. ഈ വാക്കുകൾ ഉച്ചരിക്കവേ, തൽസ്മരണയുദിക്കയാൽ ഭുസുണ്ഡിയുടെ ശരീരത്തിൽ രോമാഞ്ചം നിറഞ്ഞു. സാധു തുടർന്നുപറഞ്ഞു:—പക്ഷീന്ദ്ര! ഭക്തസുഖദമായ ആ വിചിത്രചരിതം കേൾക്കു ഭഗവാന്റെ കൊട്ടാരം സർവ്വത്ര കമനീയമായ ഒന്നായിരുന്നു തളവും അകവും കതകും ഭിത്തിയുമെല്ലാം രത്നങ്ങൾ പതിച്ച കനകംതന്നെ. സഹോദരന്മാർ കളിയാടുക ശീലമായ മനോഹരമായ അങ്ഗണം വർണ്ണനയ്ക്കനധീനമെന്നേ പറയാവൂ. അതിങ്കൽ ദിവസംതോറും രാമചന്ദ്രൻ ജനനീനയനസുഖദനായി ബാലലീലകൾ അനുഷ്ഠിച്ചുവന്നു. മരതകമണിപോലെ ഇരുൾനിറം വീശിയ മൃദുലകോമളശരീരവും അനവധി കാമദേവന്മാരുടെ സൌന്ദര്യസമ്പത്തു വിലസുന്ന അവയവങ്ങളും കുലിശാങ്കുശാദി ശോഭനചിഹ്നങ്ങളാലും ചന്ദ്രകാന്തികാന്തനഖരത്താലും അലംകൃതമായ പുതുച്ചെന്താമരപ്പൂഞ്ചരണങ്ങളും, മധുരശിഞ്ജിതമഞ്ജുമഞ്ജീരങ്ങളും രത്നങ്ങൾ പതിച്ച പൊന്നരഞ്ഞാണവും കിങ്കിണിക്കൂട്ടങ്ങളും കണ്ണുകൾക്കു കൌതുകകരമായിരുന്നു. രേഖാത്രയസുന്ദരമായ ഉദരം, ഗംഭീരരുചിരനാഭികുഹരം മാല മുതലായ അലങ്കാരങ്ങൾ വിളങ്ങുന്ന വിസ്തൃതവക്ഷഃസ്ഥലം, ഇവയും അവയവമോഹനതയെ വിശേഷിപ്പിച്ചു.

ചുവന്ന കൈത്തലങ്ങൾ, മനോഹരകരനഖങ്ങൾ, ദീർഘബാഹുക്കൾ, ബാലസിംഹസ്കന്ധങ്ങൾ, ശംഖസമ്മിതകണ്ഠം, സൌന്ദര്യസർവ്വസ്വമായ മുഖം, കളമധുരവചനം, അരുണകോമളഅധരം, മുത്തുമണിപോലെ മേലും കീഴും ഈരണ്ടു പല്ലുകൾ, ലളിതകപോലം, മഞ്ജുളനാസാപുടം, കുളിർപ്പൂനിലാവുപോലെ സകലസുഖദമായ പുഞ്ചിരി, സംസാരബന്ധമറുക്കുന്ന കരിങ്കുവളക്കണ്ണുകൾ, ഗോരോചനതിലകം, കുടിലഭ്രൂകുടികൾ, രമ്യകർണ്ണയുഗ്മം, ചുരുണ്ടുകറുത്ത തലമുടി, നേരിയ മഞ്ഞപ്പട്ടാട, ഇത്യാദി ശോഭനരൂപാലങ്കാരമോഹനനായ പ്രഭു വിലോകനമാലകളാൽ എന്നെ ആകർഷിച്ചുകൊണ്ടു് അങ്ഗ

ണങ്ങളിൽ ചുററിയോടി നടക്കും. ചിലപ്പോൾ തന്റെ നിഴൽനോക്കി നടമാടിക്കളിയ്ക്കും. ഈ അല്പജന്തുവായ എന്നോടും പല കളിക്കൂത്തുകൾ നടത്തുമാറുണ്ടായിരുന്നതു പറവാൻതന്നെ എനിയ്ക്കു ലജ്ജയുണ്ട്. ചില സമയം ചിരിച്ചുകളിച്ചു വന്ന് എന്നെ പിടിക്കാൻ ഒരുങ്ങും. തെററിപ്പറന്നു ഞാൻ മാറിക്കളഞ്ഞാൽ തിരുമേനി ഒരപ്പക്കഷണം എടുത്തു നീട്ടും. മെല്ലമെല്ലെ അങ്ങോട്ടടുക്കുമ്പോൾ അവിടുന്നു ചിരിക്കും. പറന്നകലുകയാണെങ്കിൽ കരയാനും തുടങ്ങും. തൃക്കാലുകളെ ഗ്രഹിച്ചാലോ എന്നൊരു ശങ്കയോടുകൂടി നില്ക്കും. ഞാൻ പറന്നടുത്താൽ ഉടനേ തിരിഞ്ഞുതിരിഞ്ഞു നോക്കി ഓടുകയായി. കേവലം ഒരു പ്രാകൃതശിശുവിനെ അനുകരിച്ചുള്ള ഇത്തരം കളികൾ കണ്ടു ഞാൻ വ്യാമുഗ്ദ്ധനായി ചിദാനന്ദസന്ദോഹനായ ലോകപ്രഭുവിന്റെ ചരിതങ്ങൾ ഇത്ര സാധാരണമൊ എന്നു ശങ്കിച്ചുപോയി. ഈ ശങ്കയ്ക്കാസ്പദം മായാശക്തി രഘുവരപ്രേരിതയായി എന്നെ ബാധിച്ചതുതന്നെ. എന്നാൽ എനിയ്ക്കതു ദോഷകരമായി എന്നു പറവാനില്ല. മററുള്ളവരിലെന്നപോലെ അത്ര ശക്തിയോടുകൂടി പ്രവർത്തിച്ചതുമില്ല. ഇങ്ങിനെ മോഹവലയിൽ അകപ്പെട്ടതിയശേഷം ഒരസാധാരണ പ്രശ്നത്തിനാണു അറിട്ടനൊരുങ്ങിയതു്. അവധാനപൂർവ്വം കേൾക്കുക. ഹേ പക്ഷിരാജ! രാമൻ അഖണ്ഡജ്ഞാനസ്വരൂപനാണ്. മററു ചരാചരങ്ങളെല്ലാം മായാവശങ്ങൾ. എല്ലാവർക്കും ജ്ഞാനഘനത്വം സിദ്ധിച്ചാൽ ഈശ്വരനും പ്രാണികളും തമ്മിൽ എന്താണൊരു ഭേദം? അഭിമാനിയായ ജീവൻ മായാവശനും സഗുണയായ മായ ഈശവശ്യമാണ്. ജീവൻ പരവശനും ഭഗവാൻ സ്വവശനുമാണെന്നു പ്രസിദ്ധം. ജീവന്മാർ അനേകരാണ്. ഈശ്വരൻ ഏകൻ. മായാകൃതഭേദം മിഥ്യതന്നെയെങ്കിലും, ഹരികൃപയില്ലാതെ കോടികോടി ഉപായങ്ങളാലും അതിൽനിന്നു മോചനം സിദ്ധിയ്ക്കയില്ല. എത്ര ജ്ഞാനിയായാലും ശരി, രാമഭജനം ചെയ്യാതെ മോക്ഷം ആഗ്രഹിക്കയാണെങ്കിൽ അവൻ കൊമ്പും വാലുമില്ലാത്ത പശുതന്നെ. പതിനാറു പൂർണ്ണചന്ദ്രന്മാർ സർവ്വതാരാഗണങ്ങളോടും കൂടി ഉദിയ്ക്കട്ടെ, കാടുകളും വീടുകളുമെല്ലാം തീകൊളുത്തി ഒട്ടും എരിയ്ക്കട്ടെ, എന്നാലും സൂര്യോദയം കാണാതെ രാത്രി മാറുമോ? അതുപോലെ ഹരിഭജനമില്ലാത്ത കാലത്തോളം ക്ലേശങ്ങളും ഒഴിയാതെതന്നെ ഇരിക്കും. ഹരിഭക്തനെ അവിദ്യ ബാധിക്കയില്ല. ഹരിപ്രേരിതയായ മായ ജ്ഞാനപ്രകാശം വീശി വിളക്കിക്കൊണ്ടിരിക്കും. ഒരിക്കലും അതിനു നാശമുണ്ടാകുന്നില്ല. യജമാനനിൽ സേവകനെന്നപോലെ അവന്റെ ഭക്തി എപ്പോഴും വർദ്ധിക്കതന്നെ ചെയ്യും. ഹേ വൈനതേയ! ഇനി രാമചന്ദ്രദേവന്റെ ആ വിശേഷചരിതം കേൾക്കൂ എന്നെ മോഹി

ത്തനായിക്കാണ്മാനുള്ള കൌതുകം കൊണ്ട് അദ്ദേഹം ആചരിച്ചതാവാം. അവിടത്തെ കൌതുകലീലകളുടെ മൎമ്മമൊന്നും അഗ്രജന്മാൎക്കോ മാതാപിതാക്കന്മാൎക്കോ അറിവാൻ കഴിഞ്ഞില്ല. അരുണനൂപുരചരണനായ ആ ശ്യാമളബാലൻ മുട്ടുകുത്തി ഇഴഞ്ഞുകളിയ്ക്കുമ്പോൾ പിടിക്കാനായി എന്റെ നേൎക്ക് അടുക്കുകയും ഞാൻ തെററി മാറി പറന്നുകളഞ്ഞാൽ ആശയോടേ കൈകൾ നീട്ടുകയും പതിവാണ്. ഒരിയ്ക്കൽ അങ്ങിനെ നീട്ടിയ കൈകൾ സമീപിക്കുന്നു എന്നു കണ്ടു ഞാൻ ആകാശത്തിൽ ഉയൎന്നു. എത്ര ഉയൎന്നിട്ടും കൈകൾ തൊട്ടതൊട്ടില്ല എന്ന മാതിരിയിൽ ഏററവും അടുത്തുതന്നെ കാണപ്പെട്ടു. ഞാൻ ഉയൎന്നുയൎന്നുപോയി ബ്രഹ്മലോകത്തിലെത്തിട്ടും തിരിഞ്ഞുനോക്കിയപ്പോൾ രണ്ടംഗുലം അകലെയായി രാമചന്ദ്രന്റെ കരങ്ങൾ കാണപ്പെട്ടു. ഞാൻ പിന്നെയും ഉയൎന്നു സപ്താവരണങ്ങളെയും ഭേദിച്ചു പറന്നു. എന്നിട്ടും പ്രഭുഭുജങ്ങളെ ദൂരീകരിയ്ക്കാൻ സാധിച്ചില്ല. ഞാൻ വല്ലാതെ വിഷമിച്ചു പരിഭ്രമിക്കുന്നതിന്നിടയിൽ കണ്ണുകൾ രണ്ടും താനേ അടഞ്ഞുപോയി. തുറന്നപ്പോൾ പിന്നെയും അയോദ്ധ്യയിൽ ഇരിക്കുന്നതായി കണ്ടു. ഭഗവാൻ എന്നെ നോക്കി വാവിട്ടുതന്നെ ഉറക്കെ ചിരിച്ചു. ഉടനെ, എനിയ്ക്കൊരു വ്യാമോഹം തോന്നുകയാൽ ഞാൻ തിരുമുഖം നോക്കിക്കൊണ്ടിരുന്നു. പെട്ടെന്നു വായിലകപ്പെട്ടു തൊണ്ടയിൽ കൂടി ഉള്ളിൽ ഇറങ്ങുകയും ചെയ്തു. അവിടെക്കണ്ട കാഴ്ചകളാണ് അത്ഭുതം. അനവധി ബ്രഹ്മാണ്ഡങ്ങൾ, ഒന്നിനൊന്നു മെച്ചമായ അസംഖ്യം ലോകങ്ങൾ, കോടികോടി ബ്രഹ്മശങ്കരന്മാർ, അസംഖ്യം താരാസൂൎയ്യചന്ദ്രന്മാർ, ലോകപാലന്മാർ, യമൻ, മൃത്യു എന്നുവേണ്ട, അനവധി മലകൾ മൈതാനങ്ങൾ, കടൽ, പുഴ, പൊയ്ക എല്ലാം അവിടവിടെ കാണപ്പെട്ടു. സുരമുനിസിദ്ധന്മാർ, നാഗചാരകിന്നരസംഘങ്ങൾ, ഇത്യാദി സൎവ്വജാതിജീവികളെയും ചുരുക്കത്തിൽ എല്ലാ ചരാചരങ്ങളെയും ഞാൻ അവിടെ കണ്ടു.

ഭഗവാന്റെ ഉദരത്തിലെ കാഴ്ചകൾ മുമ്പെങ്ങും കണ്ടിട്ടോ കേട്ടിട്ടോ അറിഞ്ഞിട്ടോ ഉള്ളവയല്ല. പിന്നെ എങ്ങിനെയാണു വൎണ്ണിക്കുക. ഓരോ ബ്രഹ്മാണ്ഡത്തിലും നൂറുനൂറു വൎഷം താമസിയ്ക്കാൻ എനിയ്ക്കിടയായി. ഇങ്ങനെ എല്ലാററിലും ഒരാവൃത്തി ഞാൻ ചംക്രമണം ചെയ്തു. ബ്രഹ്മാവും വിഷ്ണുവും ശിവനും മനുക്കളും ഓരോന്നിലും പ്രത്യേകം പ്രത്യേകമാണ്. മനുഷ്യർ, ഗന്ധൎവ്വന്മാർ, ഭൂതവേതാളങ്ങൾ, കിന്നരരാക്ഷസന്മാർ, ദേവാസുരസംഘങ്ങൾ, പശുപക്ഷിസൎപ്പാദികൾ എല്ലാം വിഭിന്നരൂപത്തിൽ തന്നെ. അതുപോലെ ഭൂമിയും, ആറും കടലും മലയും ഒന്നും അന്യോന്യസാമ്യമുള്ളവയായിരുന്നില്ല. ഓരോ ബ്രഹ്മാണ്ഡത്തിന്റെയും പ്രകൃതിയും പ്രകാ

തവും പ്രത്യേകമാണെന്നുതന്നെ പറയാം. കാണത്തക്ക പല കാഴ്ചകളും അവിടെ ഞാൻ കണ്ടു. ഓരോന്നിലുമുള്ള അയോദ്ധ്യയും സരയുവും അയോദ്ധ്യാവാസികളും ദശരഥനും ഭാര്യമാരും ഭരതനുമാത്മജന്മാരും യോഗ്യരൂപത്തിൽ തന്നെ കാണപ്പെട്ടു. ബാലരാമചന്ദ്രനും ഞാൻ കാണുക പതിവുള്ള അവിടുത്തെ ലീലകളും ഓരോന്നിലും പ്രത്യക്ഷമായി. ദേശങ്ങളും രാജ്യങ്ങളും തന്നിവാസികളും എല്ലാം അവിടവിടെ വിഭിന്നരീതിയിലായിരുന്നുവെങ്കിലും പ്രഭു സർവ്വത്ര ഏകരൂപനായിത്തന്നെ തോന്നി. അതേ ബാലലീലകൾ, അതേ രൂപസൗന്ദര്യം അതേകൃപാലക്ഷണം ഈദൃശസാമ്യങ്ങളോടുകൂടി ഭഗവാൻ മോഹക്കാറ്റടിയേറ്റു ഞാൻ പറന്നെത്തിയ ഭുവനങ്ങളിലെല്ലാം വിളങ്ങി. ഇങ്ങനെ നൂറുകല്പങ്ങൾ എനിയ്ക്കു സഞ്ചാരത്തിൽ കഴിഞ്ഞുകൂടി. ഒടുവിൽ ഈ ആശ്രമത്തിൽ വന്നു കുറേ നാൾ സുഖമായി താമസിച്ചു. അക്കാലത്തു പ്രഭുവിന്റെ അയോദ്ധ്യയിലെ അവതാരവർത്തമാനം കേൾക്കാനിടയായി. അത്യാനന്ദത്തോടെ അവിടെയെത്തി മുൻവിവരിച്ചപ്രകാരം ജന്മോത്സവങ്ങൾ കണ്ടു രസിക്കയും ചെയ്തു. ബ്രഹ്മാണ്ഡങ്ങളിൽ ഞാൻ കണ്ടുകൂടിയ വിശേഷങ്ങൾ പലതുമുണ്ടെങ്കിലും വിസ്തരിച്ചു പറഞ്ഞറിയിക്കാൻ പ്രയാസം തന്നെ. പിന്നീട് മായാപതിയായ ഭഗവാനെ ബാലരൂപത്തിൽ കണ്ടു. പണ്ടത്തെപ്പോലെ ബുദ്ധിയെ മായ മൂടുകയാൽ ചില ശങ്കകളങ്കുരിയ്ക്കാനും തുടങ്ങി. രണ്ടുമണ്ക്രീഡിനകം ഇതെല്ലാം കഴിഞ്ഞുകൂടി. ഞാൻ മനസ്സിടിഞ്ഞു തളർന്നു വല്ലാതെ വശംകെട്ടു വീണു. എന്റെ വികലാവസ്ഥ മനസ്സിലാക്കി പ്രഭു മുമ്പിലത്തെപ്പോലെ രണ്ടാമതും ഒന്നു ചിരിച്ചു. ആ അവസരത്തിൽ ഞാൻ വയറ്റിൽ നിന്നും കുതിച്ച് പുറത്തേയ്ക്കു നിഷ്ക്രമിക്കയും ചെയ്തു. ഭഗവാൻ പിന്നെയും പഴയപടി എന്നോടു ലീലാവിധങ്ങൾ കാണിച്ചിട്ടു. എന്നാൽ എന്റെ മനസ്സ് ഭയങ്കരഭ്രമച്ചുഴിയിലകപ്പെട്ട് ഉഴിയ്ക്കയായിരുന്നു. ഒരു സമാധാനവും കിട്ടായ്കയാൽ പ്രഭുവിന്റെ മായാചരിത്രങ്ങളെക്കുറിച്ച് ചർച്ച ചെയ്തു ചെയ്ത് ഒടുവിൽ ബോധരഹിതനായി വീണു. ആർത്തപാരായണ! ത്രാഹി! ത്രാഹി! എന്ന ശബ്ദമല്ലാതെ ഒരക്ഷരം എന്റെ മുഖത്തു നിന്നു പുറപ്പെട്ടില്ല. ദയാലുവായ പ്രഭു സ്വമായയെ ഉപസംഹരിയ്ക്കുകയും തൃക്കൈകൾ എന്റെ ശിരസ്സിൽ സ്പർശിയ്ക്കുകയും ചെയ്തു. വേദനകളെല്ലാം തീർന്നു ഞാൻ യഥാസ്ഥിതനായി. സേവകസുഖദനായ അവിടുന്ന് ഇപ്രകാരം എന്നെ വിഗതവിമോഹനാക്കിയനുഗ്രഹിക്കയാൽ ഞാൻ മുദിതനും കൃതാർത്ഥനുമായി ഭവിച്ചു. അവിടുത്തെ പ്രഭുതയെയും കാരുണ്യത്തെയും മനസാ വാഴ്ത്തി സ്തുതിച്ചു. തിരുമേനിയുടെ ഭക്തവാത്സല്യം കണ്ട് മനസ്സു കുളുർത്തു ഞാൻ കൈകൾ കൂപ്പി കണ്ണുനീരൊഴുക്കി രോമാഞ്ച

മണിഞ്ഞ് വണങ്ങിനിന്നു. തിരുമനസ്സിലേക്കു എന്റെ ഭക്തിവിശ്വാസം ബോദ്ധ്യമായി. ദീനനായ ദാസനാണെന്നറിഞ്ഞ് സുഖദവും ഗംഭീരവുമായ സ്വരത്തിൽ അരുളിച്ചെയ്തു.

കാകമേ നിന്നിൽ ഞാൻ പ്രസന്നനായിരിക്കുന്നു. ഇഷ്ടംപോലെയുള്ള വരങ്ങൾ അഭ്യർത്ഥിച്ചുകൊൾക. അണിമാദി സിദ്ധികളോ, ദിവ്യനിധികളോ, ജന്മാവൃത്തിഹീനമായ മോക്ഷപദമോ ഏതൊന്നായാലും നൽകാൻ ഞാൻ സന്നദ്ധൻ. അഥവാ മുനിദുർല്ലഭമായ ജ്ഞാനമോ, വൈരാഗ്യമോ വിവേകമോ, വിജ്ഞാനമോ ആണാവശ്യമെങ്കിൽ ഇഷ്ടംപോലെ ചോദിച്ചുകൊള്ളാം.

ഈ അരുളപ്പാട് എന്റെ ഹൃദയത്തെ കുളിർപ്പിച്ചു എങ്കിലും നിശ്ചലഭക്തി തിരുവായ്മൊഴിയിൽ സൂചിപ്പിച്ചില്ലല്ലോ എന്ന കുണ്ഠിതമുണ്ടായി. ഭക്തിയില്ലാത്തവന്റെ സുഖമോ സമ്പത്തോ ഉപ്പില്ലാത്ത കറിപോലെ വ്യർത്ഥമാണെന്നു ഞാൻ വിചാരിച്ചു ക്ഷണേന തൃപ്പാദങ്ങളിൽ വണങ്ങിവീണു പ്രഭോ! നിന്തിരുവടി എനിയ്ക്കു വരദാനം ചെയ്വാൻ കനിയുന്നുവെങ്കിൽ വിനീതമായ എന്റെ അഭിലാഷം ഉണർത്തിയ്ക്കാം. അഥവാ സകലാന്തര്യാമിയായ അങ്ങേയ്ക്കു ഉണർത്തിക്കാതെതന്നെ അറിയാവുന്നതുമാണ്. തൃപ്പാദങ്ങളിൽ അഴിവററ ഭക്തി എന്നും നിലനില്ക്കണം എന്നാണ് എന്റെ അഭിലാഷം. വേദങ്ങളും പുരാണങ്ങളും പുകഴ്ത്തുന്നതും യോഗീശ്വരന്മാർ ശ്രമംചെയ്തു അന്വേഷിക്കുന്നതും ആ ഭക്തിയെത്തന്നെ. അതു പ്രഭുകടാക്ഷത്താൽ ചിലൎക്കു മാത്രം ലഭിക്കുന്ന ഒരു അപൂർവ്വസമ്പത്താണ്. പ്രണതകല്പതരുവായ ദേവ! കരുണാകര! നിന്തിരുവടി നിത്യനിശ്ചലഭക്തി നൽകി എന്നെ അനുഗ്രഹിക്കണമേ എന്നാശിച്ചു.

ഭഗവാൻ എന്റെ അഭ്യർത്ഥനയെ അനുവദിച്ചു. എന്നിട്ടു തുടർന്നു പറഞ്ഞു:— വായസ! നീ മഹാജ്ഞാനിയായതുകൊണ്ട് ഈ വരം ചോദിച്ചതിൽ അത്ഭുതമില്ല. എല്ലാ സുഖങ്ങളുടെയും വിളഭൂമിയാണു ഭക്തി. ഈ അപേക്ഷ ചെയ്തുകൊണ്ട് നിന്നെപ്പോലെ മഹാഭാഗ്യശാലി ലോകത്തില്ല. തപോവഹ്നിയിൽ ദേഹം ദഹിപ്പിച്ച് കോടികോടി യത്നങ്ങൾ ചെയ്യുന്ന മുനിമാർക്കുപോലും ഈ ഭാഗ്യം ലഭിക്കയില്ല. വിവേകപൂർവം നീ ചെയ്ത അഭ്യർത്ഥന എനിയ്ക്കു സന്തോഷമായി. സകല ശുഭഗുണങ്ങളും നിന്റെ ഹൃദയത്തിൽ താനേ ഉദയംചെയ്യും. ഭക്തിയെന്നല്ല ജ്ഞാനം, വിജ്ഞാനം, ലോകരഹസ്യജ്ഞാനം, വൈരാഗ്യം, ഇത്യാദിയും അഭ്യസിക്കാതെ നിനക്കുണ്ടാകും. സകല ശാസ്ത്രങ്ങളുടെയും സാരതത്വം ഹൃദയത്തിൽ വിളങ്ങും. ഇന്നുമുതൽ മായാഭ്രമങ്ങളൊന്നും നിന്നെ ബാധിയ്ക്കയില്ല.

എന്നെ അനാദിയും, ജന്മഹീനവുമായ ബ്രഹ്മമാണെന്നറിയുക. ഭക്തന്മാരിൽ എനിക്കുണ്ടാകുന്ന പ്രീതിക്കു ഭംഗമില്ല. മനസാ വാചാ കർമ്മണാ എന്റെ ചരണങ്ങളിൽ അചഞ്ചലമായ അനുരാഗത്തെ നിലനിർത്തുക. ഹേ വായസ, എന്റെ വിമലമായ സ്വഭാവരഹസ്യം ഞാൻ തുറന്നുപറയാം. അതു സത്യവും സുഗമവും വേദപുരാണങ്ങൾ പുകഴ്ത്തുന്നതുമാണ്. വഴിപോലെ ധരിച്ചു മനസ്സിൽനിന്നും മററു വിചാരങ്ങളെല്ലാം ദൂരീകരിച്ച് എന്നെത്തന്നെ ഭജിക്കുക. ഈ ചരാചരപ്രപഞ്ചം ഒട്ടൊഴിയാതെ എന്റെ മായയിൽ സംഭവിച്ചതാണ്. അതിലെ ജീവജാലങ്ങളെയും നിർജ്ജീവവസ്തുക്കളെയും ഞാൻ ഒരുപോലെ സ്നേഹിക്കുന്നു. എല്ലാററിലും എല്ലാററിലും വച്ചു എന്നെ ആനന്ദിപ്പിക്കുന്നവൻ മനുഷ്യനാണ്. മനുഷ്യനിൽത്തന്നെ ബ്രാഹ്മണനാണ് ഏററവും പ്രിയപ്പെട്ടവൻ. ബ്രാഹ്മണൻ വേദജ്ഞനാണെങ്കിൽ പറയുവാനില്ല. വേദജ്ഞന്മാരിലും വേദധർമ്മങ്ങളെ ശരിയ്ക്കനുഷ്ഠിക്കുന്നവൻ പ്രിയതരനാണ്. അവരിൽ തന്നെ അധികംപ്രിയം വിഷയവിരക്തനിലാണ്. വിഷയവിരക്തന്മാരിൽതന്നെ ജ്ഞാനികളുണ്ടെങ്കിൽ അവരെ ഞാൻ അധികം സ്നേഹിക്കും. ആത്മജ്ഞാനിയാണെങ്കിൽ അതിനേക്കാൾ സ്നേഹം തോന്നുകയും ചെയ്യും. ഇവരിൽ എല്ലാവരെക്കാളും എനിക്കു പ്രിയൻ മററു സർവ്വവുമുപേക്ഷിച്ച് എന്നെത്തന്നെ ഭജിക്കുന്നവനാണ്. വായസാ! ഞാൻ പലപ്രാവശ്യം സത്യംചെയ്യാം. പരമഭക്തനെപ്പോലെ പ്രിയതമനായ ഒരുവൻ എനിക്കു ലോകത്തിലില്ല. ഭക്തിഹീനൻ ബ്രഹ്മാവുതന്നെ ആയാലും എന്റെ പ്രീതിയെ അർഹിക്കയില്ല. എത്ര നീചപ്രാണിയെയും ഭക്തിയുണ്ടെങ്കിൽ സ്വന്തം പ്രാണങ്ങളെപ്പോലെ ഞാൻ സ്നേഹിക്കും. ഇതാണ് എനിക്കു സഹജമായ സ്വഭാവം. ശുചിയും സുശീലനും സുമതിയുമായ ഒരു ഭക്തനെ ഞാൻ എങ്ങനെതന്നെ സ്നേഹിക്കാതിരിക്കും? വേദങ്ങളും പുരാണങ്ങളും പ്രഖ്യാപിക്കുന്നതിപ്രകാരമാണ്. ഒരു പിതാവിന് അനേകം പുത്രന്മാരുണ്ടെന്നിരിക്കട്ടെ. അവരുടെ ഗുണവും, ശീലവും ആചാരവും വിഭിന്നമാണെന്നു വെയ്ക്കുക. ഒരുവൻ പണ്ഡിതൻ, ഒരുവൻ താപസൻ, അന്യൻ ആത്മജ്ഞാനി, ഇനിയുമൊരുവൻ ധനസമ്പാദകൻ, മറെറാരുവൻ ദാനശീലൻ; മറെറാരുവൻ സർവ്വജ്ഞൻ ഇങ്ങിനെ വ്യത്യസ്തപ്രകൃതികളായിരുന്നാലും പുത്രന്മാരിലെല്ലാം പിതാവിനു പ്രീതി തുല്യമാണ്. എന്നാൽ അതിലൊരുവൻ മനസാ വാചാ കർമ്മണാ പിതൃഭക്തനായും പിതാവിനെ ശുശ്രൂഷിക്കയല്ലാതെ സ്വപ്നത്തിൽപോലും മററുകർമ്മങ്ങൾ ആചരിക്കാത്തവനായും ഇരുന്നാൽ അവനെ ജീവനെപ്പോലെ ആ അച്ഛൻ സ്നേഹിക്കുന്നു. അവൻ മൂഢനോ, വിലക്ഷണനോ ആയിക്കൊള്ളട്ടെ.

എന്നാലും പിതാവിന് അവനിലായിരിക്കും അധികം പ്രീതി. ഇതുപോലെ ദേവാസുരമനുഷ്യാദികളുൾപ്പെടെയുള്ള സകല ചരാചരങ്ങളെയും സമാനദയാദൃഷ്ടിയോടേ ഞാൻ രക്ഷിക്കുന്നു. എങ്കിലും ആരെങ്കിലും മായാമോഹങ്ങളെല്ലാം ത്യജിച്ചു മനസാവാചാകർമ്മണാ എന്നെത്തന്നെ ഭജിക്കയാണെങ്കിൽ ആ ജീവി പുരുഷനോ, പെണ്ണോ, നപുംസകമോ ചരമോ അചരമോ ആയാലും എന്റെ പ്രത്യേകപ്രീതിക്കു പാത്രീഭവിക്കും. കാകരാജ! നിന്നോടു വാസ്തവം പറയുന്നു. വിശുദ്ധനായ ഭക്തൻ എനിക്കു പ്രാണപ്രിയനാണ്. നീയും ഈ സ്മരണയോടുകൂടി മററാശകളെല്ലാം പരിഹരിച്ചു് എന്നെത്തന്നെ ഭജിക്കുക. എന്റെ ഭജനം നടത്തിക്കൊണ്ടിരിക്കുന്ന കാലംവരെ കാലഭയം നിനക്കില്ല.

ഇപ്രകാരം പ്രഭുമുഖത്തിൽനിന്നും ഉദ്ഗളിച്ച വാഗമൃതം എത്രയെത്ര പാനംചെയ്തിട്ടും എനിക്കു തൃപ്തിയുണ്ടായില്ല. ദേഹത്തിൽ രോമാഞ്ചം നിറഞ്ഞു. കാതിനും കരളിനും എത്രമാത്രം കുളുർമ്മയും സുഖവും അനുഭവമായിയെന്നു പറഞ്ഞറിയിക്കവയ്യ. പ്രഭുവിന്റെ സൌന്ദര്യലഹരി നിറയെ കുടിക്കാൻ എന്റെ കണ്ണുകൾക്കു ഭാഗ്യമെത്തി. എന്നാൽ ആ ഗോളങ്ങൾക്കു ഭാഷാശക്തിയില്ലായ്കകൊണ്ടു് അതു ശരിക്കു പറഞ്ഞറിയിക്കാൻ സാധിക്കുന്നില്ല.

ഗുരുതരമായ ഈ ഉപദേശവും അനുഗ്രഹവും അരുളിയശേഷം പ്രഭു മുമ്പിലെപ്പോലെ കുഞ്ഞുകളികൾ തുടങ്ങി. കണ്ണുനീരുമൊഴുക്കി വാടിയ മുഖത്തോടേ അമ്മയുടെ സമീപത്തുചെന്നു വിശക്കുന്നു എന്നു പറഞ്ഞു. മാതാവു മനസ്സലിഞ്ഞു് ഓമനവാക്കുകളാൽ ഉപചരിച്ചെടുത്തു മാറോടു ചേർത്തുവച്ചു പുത്രന്റെ ലീലാവിധങ്ങൾ പാടിക്കൊണ്ടു മുലകൊടുത്തു. യാതൊരു സുഖലാഭത്തിനായി സാക്ഷാൽ പരമശിവൻ അശിവവേഷം ധരിക്കുന്നുവോ ആ സുഖത്തിന്റെ നിർഗ്ഗളപ്രവാഹത്തിൽ അയോദ്ധ്യാനിവാസികൾ നീന്തിക്കളിച്ചു. ഒരുവന് സ്വപ്നത്തിലെങ്കിലും ഈദൃശസുഖലേശം അനുഭവപ്പെടാൻ സംഗതി ആയാൽ, അവൻ ജ്ഞാനിയും വിവേകിയുമാണെങ്കിൽ, സത്യലോകസുഖത്തെപ്പോലും തുച്ഛമായേ ഗണിക്കയുള്ളു. ഞാൻ പിന്നെയും കുറേക്കാലം പ്രഭുവിന്റെ ബാലവിനോദങ്ങളിൽ കൌതുകിയായി അയോദ്ധ്യയിൽ തന്നെ താമസിച്ചു. അനന്തരം നിരന്തരവിശുദ്ധഭക്തിക്കു വരവും വാങ്ങി പ്രഭുപാദങ്ങൾ ചുംബിച്ചു വിടവാങ്ങിക്കൊണ്ടു് ആശ്രമത്തിലേക്കു പോരികയും ചെയ്തു. രാമസമാഗമമുണ്ടായി പിരിഞ്ഞുപോന്നതിൽപിന്നെ ഒരിക്കലും മായാപീഡ എനിക്കു ഭവിച്ചിട്ടില്ല.

ഗൂഢമായ എന്റെ മോഹചരിതം ഇതാണ്. സ്വന്തഅനുഭവംകൊണ്ടു ഞാൻ പറയുന്നു. ഹരിഭജനംചെയ്യാതെ താങ്കളുടെ

ക്ലേശം ശമിക്കയില്ല. രാമപ്രഭുതയറിയുന്നതിന് അദ്ദേഹത്തിന്റെ കൃപാകടാക്ഷമില്ലാതെ സാദ്ധ്യമല്ല. പ്രഭുതയുടെ ബോധം വരുന്നതുവരെ വിശ്വാസം തോന്നാനും വിശ്വാസമില്ലാതെ ഭക്തിയുദിക്കാനും പ്രയാസം. അവിശ്വാസിയുടെ ഭക്തി വെള്ളത്തിൽവീണ എണ്ണത്തുള്ളിപോലെ പൊന്തിക്കിടക്കുമത്രെ.

ഗുരൂപദേശത്തോടുകൂടാതെ ജ്ഞാനോദയം ഉണ്ടാകുമോ? ഉണ്ടായാലും വൈരാഗ്യം ദൃഢപ്പെടാതെ അതു നിലനിൽക്കുമോ? ഹരിഭക്തിയില്ലെങ്കിൽ സുഖാനുഭവമേ ഇല്ലെന്ന്, വേദങ്ങളും പുരാണങ്ങളും പറയുന്നു. മനസ്സിന്റെ വിശ്രാന്തിതന്നെ നിത്യസന്തോഷത്തിനു കാരണം. കോടികോടിയത്നങ്ങൾ ചെയ്താലും വെള്ളമില്ലാത്തദിക്കിൽ വള്ളം നടക്കുകയില്ല. മനോവിശ്രാന്തിയില്ലെങ്കിൽ ആഗ്രഹങ്ങൾ ഉദയം ചെയ്തുകൊണ്ടേയിരിക്കും. ആഗ്രഹികൾക്കു സ്വപ്നത്തിൽപ്പോലും സുഖത്തിനധികാരവുമില്ല. രാമഭജനം ചെയ്യാത്തവർക്ക് ആഗ്രഹശാന്തി എങ്ങനെ വരും? മണ്ണില്ലെങ്കിൽ മരം വളരുമോ? ജ്ഞാനോദയകാലംവരെ സമത്വമുണ്ടാകയില്ല. അന്തരിക്ഷമില്ലെങ്കിൽ അവകാശമുണ്ടോ? ശ്രദ്ധയുണ്ടെങ്കിൽതന്നേ ധർമ്മം ഭവിയ്ക്കുയുള്ളൂ. പൃഥ്വിയില്ലെങ്കിൽ ഗന്ധമുണ്ടോ? തപശ്ശക്തിയില്ലാത്തവന് തേജസ്സുണ്ടാകുമോ? ജലസംസർഗ്ഗമില്ലാത്തദിക്കിൽ നനവില്ല തേജസ്സില്ലെങ്കിൽ രൂപമില്ലാത്തതുപോലെ ബുധസേവ ആചരിക്കാത്തവനു സദാചാരമില്ല. സ്പർശമറിയുന്നതിനു വായു ആവശ്യമായിരിക്കുന്നപ്രകാരം സുഖംവേണമെങ്കിൽ മനസ്സ ശാന്തമായിരിക്കണം. വിശ്വാസമില്ലാത്തവർക്ക് സിദ്ധികളുണ്ടാകയില്ല. ഹരിഭജനംകൂടാതെ സംസാരം നശിക്കുകയില്ല.

വിശ്വാസം ദൃഢപ്പെടുന്നതുവരെ ഭക്തിക്കു സ്ഥാനമില്ല. ഭക്തിയില്ലാതെ രാമഹൃദയം അലിയുകയുമില്ല. രാമകൃപയില്ലാത്തവന് സ്വപ്നത്തിൽപോലും മനസ്സുഖത്തിനവകാശമില്ല. അതിനാൽ കുതർക്കവും സംശയവുമെല്ലാം ഉപേക്ഷിച്ചു മനസ്സുറപ്പോടേ കരുണാകരനും രണധീരനുമായ രാമനെ ഭജിച്ചാലും.

ഹേ പക്ഷിരാജ! യഥാമതി ഞാൻ താങ്കളെ അറിയിച്ചപ്രഭുപ്രഭാവമഹിമയിൽ ഒരിടത്തും യുക്തികലർത്തിട്ടില്ല. എല്ലാം കണ്ടറിഞ്ഞു ബോദ്ധ്യപ്പെട്ടിട്ടുള്ളതത്രേ. രാമന്റെ മഹിമയോ നാമരൂപങ്ങളോ ഗുണങ്ങളോ പറഞ്ഞാൽ അവസാനമില്ല. മഹർഷിമാർ അവരവരുടെശക്തിക്കനുസരിച്ചു ഹരിഗുണങ്ങൾ പാടുന്നു. ആ ഗുണങ്ങളുടെ അന്തം അനന്തനൊ ആമ്നായങ്ങളൊ ശിവനൊ കണ്ടിട്ടില്ല. പക്ഷികളായ നിങ്ങൾക്കു, താങ്കൾമുതൽ കൊതുകുവരെയുള്ള ഏതെങ്കിലുമൊന്നിന്, ആകാശത്തിന്റെ അഗ്രകോടിവരെ പറക്കാൻ സാ

ധിക്കുമോ? അതുപോലെ രാമമഹിമയുടെ അവസാനം കാണ്മാനം ആൎക്കും സാദ്ധ്യമല്ല. ദയാനിധി സൌന്ദൎയ്യത്തിൽ നൂറുകോടികാമന്മാരെ ജയിക്കുന്നു. ശത്രുമൎദ്ദനത്തിൽ നൂറുകോടിദുൎഗ്ഗകളേക്കാൾ വിക്രമിയുമാണ്. അതുപോലെ കോടിക്കണക്കിനുള്ള ശക്രന്മാരെ സമ്പത്തുകൊണ്ടും ആകാശങ്ങളെ വിസ്താരംകൊണ്ടും മരുത്തുകളെ ശക്തികൊണ്ടും ജയിക്കുന്നു. നൂറുകോടിസൂൎയ്യന്മാരെക്കാൾ തേജസ്സും ചന്ദ്രന്മാരെക്കാൾക്കുളുൎമ്മയും വഹിച്ച് സംസാരഭയശമനനായി വിളങ്ങുന്നു. കോടികോടികൃതാന്തന്മാരെപ്പോലെ ദുസ്തരനും, ദുൎഗ്ഗനും, ദുരന്തനുമാകുന്നു. അനവധിപാതാളങ്ങളേക്കാൾ അഗാധനും കാലന്മാരെക്കാൾ കരാളനും ധൂമകേതുക്കൾപോലെ ദുരാധൎഷനുമാണ്. സകല പാപരാശികളെയും നശിപ്പിക്കുന്ന തിരുനാമത്തോടുകൂടി ശതകോടിതീൎത്ഥങ്ങളേക്കാൾ പാവനനായി വിളങ്ങുന്നു. അസംഖ്യം ഹിമാലയങ്ങളെക്കാൾ അചലനും സമുദ്രങ്ങളേക്കാൾ ഗഭീരനുമാണ്. കാമദാനത്തിൽ കാമധേനുക്കൾക്കു സമനും സമൎത്ഥനുമാണ്. വാഗ്വിലാസം നോക്കിയാൽ കോടികോടി ശാരദകളും അവിടേയ്ക്കെത്തില്ല. എത്രയോ ബ്രഹ്മാക്കന്മാരുടെ സൃഷ്ടിവൈഭവവും വിഷ്ണുദേവന്മാരുടെ രക്ഷണസാമൎത്ഥ്യവും രുദ്രന്മാരുടെ സംഹാരകൌശല്യവും അവിടേയ്ക്കുണ്ട്! ധനവിഷയത്തിൽ നൂറുകോടി ധനേശന്മാരെക്കാൾ മെച്ചമുണ്ട്. പ്രപഞ്ചവിധാനത്തിനാണെങ്കിൽ അസംഖ്യം മഹാമായകളെ അധഃകരിക്കാൻ ശക്തിയുണ്ട്. നിരവധിയും, നിരുപമനും ജഗദീശനുമായ പ്രഭു, ഭൂഭാരവഹനത്തിൽ നൂറുകോടിശേഷന്മാരെ ജയിക്കുന്നു. ഇക്കാരണങ്ങളാൽ രാമനു സമൻ രാമൻതന്നെയുള്ളു എന്നു നിഗമങ്ങളും ആഗമങ്ങളും ഘോഷിക്കുന്നു. മിന്നാമിനുങ്ങുകളെ സൂൎയ്യനോടെങ്ങനെ ഉപമിക്കാം? അതുപോലെ ഇതരജീവികൾക്കു രാമനോട് സാദൃശ്യം കല്പിക്കാവതല്ല. മുനിമാർ അവരവരുടെ ബുദ്ധിവിലാസത്തിനുതക്കവണ്ണം പ്രഭുവിനെ വാഴ്ത്തുന്നുവെന്നല്ലാതെ പരമാൎത്ഥഗതി അറിയുന്നില്ല. ആ വാഴ്ത്തൽ പ്രേമപൂൎവ്വംകേട്ട് ദയാനിധി സുഖിക്കയും ചെയ്യുന്നു.

രാമൻ അമിതഗുണസാഗരമാണ്. ആഴത്തിലെത്തി അളന്നുപരിഷ്കാൻ ആൎക്കും സാദ്ധ്യമല്ല. സാധുക്കളുടെ മുഖത്തുനിന്നു കേട്ടറിഞ്ഞ സാമാന്യജ്ഞാനമേ എനിയ്ക്കുള്ളു. അതുമാത്രം കേൾപ്പിക്കാമെന്നല്ലാതെ പൂൎണ്ണവിവരണത്തിനു ഞാൻ ശക്തനല്ല. "സഖേ! വൈനതേയ! മമതാപവും മാനമദങ്ങളുമുപേക്ഷിച്ചു ദയാസുഖനിധാനവും ഭാവവശ്യനുമായ സീതാപതിയെ ഭജിക്കുക."

ഭുശുണ്ഡിയുടെ വാക്കുകൾകേട്ടു ഹർഷാതിരേകത്താൽ ഗരുഡൻ ചിറകുകൾ വികസിപ്പിച്ചു. മിഴികളിൽ സന്തോഷബാഷ്പ

മൊഴുകി. രഘുരാജപ്രതാപം ചിന്തിക്കുന്തോറും മനസ്സ് ആനന്ദരസത്തിൽ മുഴുകി. അനാദിബ്രഹ്മത്തെ കേവലം മനുഷ്യനായി കരുതാൻ ഇടയായ വ്യാമോഹത്തെക്കുറിച്ചു പശ്ചാത്തപിച്ചു. കാകഭുസുണ്ഡിയായ രാമസമനായിക്കരുതി കാൽക്കൽ നമസ്കരിച്ചുപറഞ്ഞു. ഗുരുസഹായമില്ലെങ്കിൽ ബ്രഹ്മേശതുല്യന്മാർക്കും ഭവസമുദ്രതരണം സാദ്ധ്യമല്ല. സംശയസർപ്പം എന്നെ ഗ്രസിച്ചു ഹരിയിൽ കുതർക്കമുണ്ടാക്കി ദുഃഖശതത്തിനു പാത്രമാക്കി. ആ അവസരത്തിൽ ഭക്തദാസനായ രഘുപതി കാകരൂപത്തിൽ പ്രത്യക്ഷീഭവിച്ച് ആ വ്യാമോഹത്തിൽനിന്നും എന്നെ രക്ഷിച്ചു. അങ്ങേക്കാരുണ്യാതിരേകത്താൽ എന്റെ സന്ദേഹം നശിച്ചു. സാമ്യമില്ലാത്ത രാമരഹസ്യവും ഞാൻ ധരിച്ചു

ഇപ്രകാരം വിവിധധന്യവാദങ്ങൾ ഉച്ചരിച്ചു നമസ്കരിച്ചു ഗരുഡൻ സപ്രേമവും വിനീതവുമായ മൃദുവചനങ്ങളാൽ വീണ്ടുംചോദിച്ചു. സ്വാമിൻ! അല്പമായ ഒരു പ്രശ്നം ഞാൻ ചെയ്യുന്നു. സ്വന്തം ദാസനായിക്കരുതി എന്നെ അനുഗ്രഹിക്കണം. അങ്ങ് സർവജ്ഞനും തജ്ജ്ഞനും സുശീലനും സദാചാരപരനുമാണ്. ജ്ഞാനവിജ്ഞാനനിലയനമാണ്. രാമചന്ദ്രന്റെ പ്രിയദാസനാണ്. അത്ര മാഹാത്മ്യമുള്ള നിന്തിരുവടി ഈ കാകരൂപം ധരിച്ചിരിക്കുന്നതിന്റെ കാരണമെന്തെന്നുപറയണം. ദേവദുർല്ലഭമായ രാമചരിതം പഠിക്കാൻ സംഗതിയായതെങ്ങനെ എന്നുമറിയണം. അങ്ങ് പ്രളയകാലത്തും നശിക്കാത്ത ഒരു ചിരഞ്ജീവിയാണെന്നു സാക്ഷാൽ പരമശിവൻതന്നെ അരുളിച്ചെയ്തു. അസത്യവാക്കുകൾ അദ്ദേഹം ഉച്ചരിക്കുകയില്ല. സകല ജീവപ്രാണികളും അചരങ്ങൾ പോലും കാലന്റെ കബളങ്ങളാണ്. അണ്ഡകടാഹങ്ങളേയും നശിപ്പിക്കുന്ന കാലൻ ദുരതിക്രമനെന്നു പ്രസിദ്ധമാണ്. കരാളനായ ആ സംഹാരമൂർത്തിക്കു താങ്കളിൽ പ്രയോഗശക്തി ഇല്ലാതെവരുവാൻ കാരണമെന്തെന്ന് എന്റെ മനസ്സു സംശയിക്കുന്നു. ജ്ഞാനപ്രഭാവത്താലൊ യോഗബലത്താലോ ആയിരിക്കാം താങ്കൾ കാലനെ ജയിച്ചിരിക്കുന്നതു്. കൂടാതെ ഈ പുണ്യാശ്രമത്തെ സമീപിച്ചപ്പോൾ എന്റെ മോഹഭ്രമങ്ങൾ നീങ്ങിക്കഴിഞ്ഞു. അതും എന്തുകാരണത്താലാണെന്നു അരുളിച്ചെയ്യുമോ?” സാരവത്തായ ഈ ചോദ്യംകേട്ടു കാകവൃദ്ധൻ സാനുരാഗം പറകയായി. സർപ്പാശനാ! താങ്കളുടെ ബുദ്ധിവിശേഷം സ്തുത്യർഹംതന്നെ. ചോദ്യങ്ങൾ എനിക്കുബോധിച്ചു. അതു ചിന്തിക്കുംതോറും പൂർവജന്മസ്മരണകൾ ഹൃദയത്തിലുദിക്കുന്നു. കേൾക്കൂ! ചരിത്രം ഞാൻ വിസ്തരിച്ചുപറയാം. സകല അനുഷ്ഠാനങ്ങളുടെയും ഫലരൂപമായ വിളങ്ങുന്നതു് രാമഭക്തി ഒന്നുമാത്രമാണ്. ജപം, തപം, യാഗം, ശമം ദമം,

വ്രതം, ദാനം, വിരതി, വിവേകം, യോഗം, വിജ്ഞാനം എല്ലാം ആ ഭക്തിക്കുവേണ്ടിത്തന്നെ. രാമഭക്തിയില്ലെങ്കിൽ ക്ഷേമമേയില്ല. എനിയ്ക്കു രാമഭക്തി ശീലിക്കാൻ ഇടയായതു കാകരൂപം ധരിച്ചിരുന്ന കാലത്താണ്. അതുനിമിത്തം ഈ ശരീരത്തിൽ എനിയ്ക്കു പ്രത്യേകം പ്രതിപത്തിയുണ്ട്. ഉദ്ദേശസാദ്ധ്യത്തിനു ഏതൊന്നുപകരിക്കുന്നോ അതിനെ ഇഷ്ടപ്പെടുക ലോകസ്വഭാവമാണ്. ഹിതത്തെച്ചെയ്യുന്ന എല്ലാവറെറയും സ്നേഹിക്കേണ്ടതാണെന്നു വേദങ്ങളും സാധുക്കളും സമ്മതിക്കുന്നു. അപാവനമാണെങ്കിലും പട്ടുനൂൽപ്പുഴുവിനെ ജനങ്ങൾ വാത്സല്യത്തോടെ വളത്തുന്നു. കാരണം മനോഹരമായ വസ്ത്രം നെയ്തുണ്ടാക്കുന്നതിനു മൃദുവായ നൂൽ അതു തരുന്നതുതന്നെ. സർവ്വ ജീവപ്രാണികളുടെയും ഉൽകൃഷ്ടമായ ധർമ്മം ഏതാണെന്നറിയാമോ? മനസാവാചാകർമ്മണാ രാമനെ സ്നേഹിക്കുകയത്രേ. ഭജനംചെയ്യുമ്പോൾ ധരിച്ചിരിക്കുന്ന ശരീരം പാവനവും സുഭഗവുമാണ്. രാമവിമുഖൻ ബ്രഹ്മദേഹധാരിയായാലും ധീരകവി അവനെ പ്രശംസിക്കയില്ല. രാമസേവനത്തിനു ആദ്യമായി എനിക്കവസരം ലഭിച്ചതു കാകരൂപത്തിലാകകൊണ്ട് അതിനോടു എനിക്കുള്ള ബഹുമാനം അപരിമിതമാണ്. ഇഷ്ടപ്പെടുമ്പോൾ എനിക്കു മരിക്കാൻ കഴിയും എങ്കിലും രാമഭജനത്തിനു ശരീരം കൂടാതെ കഴികയില്ലെന്നു കരുതി ജീവിക്കയാണ്. ആദിയിൽ മായാമോഹം എന്നെ രഘുപതിയിൽനിന്നും അകററി നിത്തിയിരുന്നു. അക്കാലത്തു സ്വപ്നത്തിൽപോലും എനിക്കു സുഖമുണ്ടായില്ല. പല ജന്മങ്ങൾക്കു ഞാൻ അധീനനായി. യോഗയാഗാദിപുണ്യകർമ്മങ്ങളും പലതനുഷ്ഠിച്ചു. ജന്മപരിവത്തനഘട്ടത്തിൽ ഞാൻ ഉത്ഭവിക്കാത്ത യോനികൾ ചുരുക്കമാണ്. ഒന്നിലും ഇപ്പോഴത്തെപ്പോലെ, നിത്യമായ സുഖം എനിക്കു ലഭിച്ചില്ല. ശിവപ്രസാദത്താൽ മായാമോഹത്തിനു അധീനനാകാത്ത പല ജീവിതവും കഴിഞ്ഞിട്ടുണ്ട്. സഖേ! ഒരു ജന്മചരിത്രം ഞാൻ ഇവിടെ വിസ്തരിക്കാം. അതു കേട്ടാൽ സർവ ക്ലേശകരമായ രാമഭക്തി താങ്കൾക്കു വർദ്ധിക്കും.

പണ്ടൊരു കല്പത്തിൽ പാപഭൂയിഷ്ഠമായ ഒരു കലിയുഗമുണ്ടായി. സ്ത്രീപുരുഷന്മാരെല്ലാം വേദവിരോധികളും അധർമ്മപരായണരുമായിരുന്നു. അക്കാലത്തു ഞാൻ ഒരു ശൂദ്രനായി അയോദ്ധ്യയിൽ ജനിച്ചു, ധനമദമത്തനും അഹങ്കാരിയുമായി വളന്നുവന്നു. മഹാവാചാലനെന്നല്ല ഉഗ്രബുദ്ധിയുമായിത്തീൎന്ന ഞാൻ ശിവനെ സേവിക്കയും അന്യദേവന്മാരെ നിന്ദിക്കയും ചെയ്തു. രാമരാജധാനിയിൽ താമസിച്ചുവെങ്കിലും ഭഗവാന്റെ മഹിമയെക്കുറിച്ചറിഞ്ഞില്ല. ഇപ്പോൾ അയോദ്ധ്യയുടെ മഹത്വം എനിക്കു മനസ്സിലായിട്ടുണ്ട്.

ഒരിക്കൽ അയോദ്ധ്യയിൽ ജനിക്കുന്നവൻ ഒടുവിൽ രാമഭക്തനായിത്തീരുമെന്ന് വേദങ്ങളും പുരാണങ്ങളും പറയുന്നു. രാമചന്ദ്രൻ ധനുഷ്പാണിയായി ഹൃദയത്തിൽ അധിവസിക്കുന്ന ഭാഗ്യശാലികൾമാത്രമേ അയോദ്ധ്യയുടെ പ്രഭാവം അറിയാറാകൂ.

സഖേ വൈനതേയ! ഞാൻ ജീവിച്ചകലികാലം കഠിനമായിരുന്നു. സ്ത്രീപുരുഷന്മാരെല്ലാം പാപംതന്നെ ചെയ്തു. കലിമലം ധർമ്മത്തെ നിശ്ശേഷം വിഴുങ്ങി. ദാംഭികന്മാർ മനഃകല്പിതങ്ങളായ നീതികളെ ഉപന്യസിക്കാൻ തുടങ്ങി. വേദശാസ്ത്രങ്ങൾ പരിത്യജിക്കപ്പെട്ടു. ലോകമാകമാനം മോഹവലയിൽ അകപ്പെട്ടു. ശുഭകർമ്മങ്ങളെ ലോഭരാക്ഷസൻ ഗ്രസിച്ചു. ഇതായിരുന്നു അന്നത്തെ രീതി. അന്നത്തെ നീതിവിരുദ്ധങ്ങളായ പ്രവൃത്തികൾ ഞാൻ കുറഞ്ഞൊന്നു വിസ്തരിക്കാം. വർണ്ണാശ്രമധർമ്മം പാലിച്ചുപോന്നവർ ഇല്ല. സ്ത്രീപുരുഷന്മാരൊരുപോലെ വേദവിരോധനിരതരായിരുന്നു. ബ്രാഹ്മണർ വേദവിധികളെ ലംഘിച്ചു. രാജാക്കന്മാർ പ്രജാഭക്ഷകന്മാരായി വർത്തിച്ചു. വേദാനുശാസനങ്ങളെ മാനിക്കാതെ അവരവർക്കു ബോധിച്ചതുതന്നെ നേർവഴിയായി. ഉറക്കെ പറയുന്നവനെ പണ്ഡിതനെന്നു സമ്മതിച്ചു. ഭക്തി നടിച്ചു കാഷായവസ്ത്രവുമുടുത്തു നടക്കുന്നവരെല്ലാം സന്ന്യാസിമാരായി. പരധനം അപഹരിക്കുന്നവൻതന്നെ ധർമ്മബോധമുള്ളവൻ. ആത്മപ്രശംസ ചെയ്യുന്നവൻ ആചാര്യനായി. നുണ പറയുന്നവൻ ജനപ്രിയനും ഗുണവാനുമായി. വേദവിധികളെ നിഷേധിക്കുന്നവനെ ജ്ഞാനിയും വൈരാഗ്യവാനുമെന്നു സമ്മതിച്ചു. നഖവും തലമുടിയും വളർത്തിയവരെല്ലാം താപസന്മാരായി. അശുഭവേഷഭൂഷകൾ ധരിച്ചും ഗുണദോഷം നോക്കാതെ കിട്ടുന്നതെല്ലാം ഭക്ഷിച്ചും നടക്കുന്നവനെ സിദ്ധനെന്നും യോഗിയെന്നും ജനങ്ങൾ കൊണ്ടാടി. അപകാരം പ്രവർത്തിക്കുന്നവരെ എല്ലാവരും പൂജിച്ചു. അർത്ഥരഹിതമായാലും അധികം പറയുന്നവനെ വാചാലനെന്നു മാനിച്ചു. പുരുഷന്മാരെല്ലാം സ്ത്രീകളുടെ കളിപ്പാവകളായി കുരങ്ങാട്ടമാടി. ശൂദ്രന്മാർ ബ്രാഹ്മണർക്കു ജ്ഞാനമാർഗ്ഗങ്ങൾ ഉപദേശിച്ചു പൂണുനൂലും ധരിച്ചു പ്രതിഗ്രഹം വാങ്ങിക്കുക മുതലായ ബ്രാഹ്മണാചാരങ്ങളുമനുഷ്ഠിച്ചു. എല്ലാവരും കാമലോഭക്രോധങ്ങൾക്കു വശംവദരായി ദേവഗുരുവിപ്രദ്വേഷവും സാധുദ്രോഹവും ചെയ്തുവന്നു. ഗുണവാനും സുന്ദരനുമായ ഭർത്താവിനെ ഉപേക്ഷിച്ചു ദുർഗ്ഗുണനായ അന്യപുരുഷനെ സ്ത്രീകൾ കാമിച്ചു. സുമംഗലികൾ ആഭരണം അണിയാതെയും വിധവകൾ ചമഞ്ഞൊരുങ്ങി ശൃംഗാരചേഷ്ടകൾ അഭിനയിച്ചും കാണപ്പെട്ടു. ഗുരുവും ശിഷ്യനും തമ്മിൽ അന്ധബധിരഭാവം കൈക്കൊണ്ടു. ഗുരുവിന്റെ കാതു് ശിഷ്യന്റെ ചോദ്യങ്ങൾ കേൾക്കുകയോ, ശിഷ്യന്റെ കണ്ണുകൾ പാര്യ്വപ

സ്തകം വായിക്കാൻ സഹിക്കുകയോ ചെയ്തില്ല. ധനം വാങ്ങിക്കൊണ്ട് ശിഷ്യന്റെ സന്ദേഹനിവൃത്തി വരുത്തിക്കൊടുക്കാത്ത ഗുരു, ഘോരനരകം അനുഭവിക്കും എന്നാണല്ലോ വിധി. അച്ഛനമ്മയും കുട്ടികളുടെ ഉദരപൂരണധർമ്മം മാത്രം നിഷ്കർഷിച്ചു. മനഃപരിഷ്കാരമില്ലാത്ത സ്ത്രീപുരുഷന്മാർ ഏതുകാലത്തും ഇത്രതന്നേ ചെയ്കയുള്ളു. കേവലം ഒരു കവടിക്കുവേണ്ടി ബ്രാഹ്മണരെയോ ഗുരുവിനെയോ വധിക്കാൻ അവർ മടിച്ചില്ല. ശൂദ്രന്മാർ ബ്രാഹ്മണരെ നോക്കി:—"നിങ്ങൾക്കു ഞങ്ങളേക്കാൾ എന്തൊരു മേന്മ? ബ്രഹ്മജ്ഞാനികളെന്നാണെങ്കിൽ ബ്രഹ്മത്തെ ഞങ്ങൾക്കുമറിയാം" എന്നിങ്ങനെ പരിഹസിച്ചു. പരസ്ത്രീലമ്പടന്മാരും കപടപടുക്കളും മോഹദ്രോഹനിധാനങ്ങളുമായ ആളുകളായിരുന്നു അക്കാലത്തെ അദ്വൈതവാദികളും ജ്ഞാനികളും.

ഇങ്ങനെയെല്ലാം അന്നത്തെ കലിയുഗധർമ്മം ഞാൻ കണ്ടു. ഈ രീതി അനുസരിച്ചുതന്നെ എല്ലാക്കലിയുഗങ്ങളും നടക്കുന്നതും നടക്കാനിരിക്കുന്നതുമെന്നു മനസ്സിലാക്കണം. തങ്ങളേ അധഃപതിച്ചിട്ട് വേദവിധികളെ ആക്ഷേപിച്ചു നടന്ന് മറ്റുള്ള സദ്വൃത്തന്മാരെയും കുഴിയിലാക്കാൻ ശ്രമിക്കുന്നവരാണധികം. ആ ദ്രോഹികൾ ഓരോ നരകവും ഓരോ കല്പകാലം മുഴുവൻ അനുഭവിക്കുന്നു. തൈലികന്മാർ, കുശവന്മാർ, ശ്വപചകിരാതകോലാദികൾ, മദ്യഹാരകന്മാർ തുടങ്ങിയ അധമജാതികൾ ഗൃഹമോ ധനമോ ഭാര്യയോ നശിച്ചു നിരാശന്മാരാകുമ്പോൾ തലയും മൊട്ടയടിച്ച്, സന്യാസിവേഷം കെട്ടിനടന്ന് ബ്രാഹ്മണരെക്കൊണ്ടു കാല്ക്കൽ നമസ്കരിപ്പിക്കുന്നു. ഇതുനിമിത്തം അവർ ഉഭയലോകഭ്രഷ്ടന്മാരായിത്തീരുകയാണ്. കലിയുഗത്തിൽ ബ്രാഹ്മണൻ നിരക്ഷരകുക്ഷിയും, ലോലുപനും, കാമിയും, നിരാചാരനും, ശഠനും, വൃഷലീപതിയും ആയിരിക്കും. ശൂദ്രൻ ജപതപോവ്രതദാനങ്ങളനുഷ്ഠിക്കും. വരാസനത്തിലിരുന്നു പുരാണപാഠനം ചെയ്യും. കിംബഹുനാ എല്ലാവരും സ്വസ്വാചാരങ്ങളെ ത്യജിച്ചു പരാചാരനിരതന്മാരായി ഭവിക്കും. കലിയുഗത്തിലെ അപാരദുർന്നയങ്ങൾ ആർക്കുതന്നെ വർണ്ണിക്കാം!

വർണ്ണസങ്കരം സർവ്വത്രവ്യാപിക്കും. തനിക്കു നാഥൻ താൻ തന്നെ എന്നഭിമാനിക്കും. പാപങ്ങൾ ചെയ്തു ചെയ്ത് ഭയവും ശോകവും വിയോഗാദിവിഷമതകളും സമ്പാദിക്കും. എല്ലാവനും മോഹവശനായി ശ്രുതിസമ്മതവും ജ്ഞാനവിയോഗസംയുക്തവുമായ ഹരിഭക്തിപഥത്തെ ത്യജിച്ചു അവനവനിഷ്ടപ്പെട്ട വഴിയ്ക്കു നടക്കും. സന്യാസിമാർ വൈരാഗ്യമെല്ലാം മറന്നു വിഷയാസക്തരായി മണിഭവനങ്ങൾ പണിയിക്കും. താപസന്മാർ ധനസമ്പാദനംതുടങ്ങും.

ഭൂരിഭാഗം ദരിദ്രന്മാരായിത്തന്നെ ഗൃഹസ്ഥന്മാർ ജീവിക്കും. ധർമ്മപത്നിമാരെ പടിക്കുപുറത്താക്കി മയക്കുന്നാറേ ശ്യാമാരെ വിളിച്ചുവരുത്തി താമസിപ്പിക്കും. പുത്രന്മാർ അച്ഛനമ്മമാരെ അനുസരിക്കുന്നതു ഭാര്യാമുഖം ദർശിക്കാൻ ഇടയാകുന്നതുവരെ ആയിരിക്കും. അതുമുതൽ ഭാര്യാബന്ധുക്കളിൽ പ്രിയവും കുടുംബാംഗങ്ങളിൽ വെറുപ്പുമങ്കുരിക്കും. രാജാക്കന്മാർ പാപപരായണന്മാരായി ധർമ്മം മറന്നു പ്രജകളെ ദണ്ഡിക്കയും വധിക്കയും ചെയ്യും. ഹീനനായാലും ധനവാനാണെങ്കിൽ അവൻ കുലീനൻ. ബ്രാഹ്മണക്കടയാളം പൂണുനൂൽമാത്രം. വസ്ത്രവും ക്ഷൌരവും ഇല്ലാത്തവൻ സന്യാസി. വേദങ്ങളും പുരാണങ്ങളും കള്ളമെന്നുദ്ഘോഷിക്കുന്നവൻ തന്നെ കലിയുഗത്തിൽ ഹരിഭക്തൻ. കവികളെ ആരും മാനിക്കയോ സൽക്കരിക്കയോ ഇല്ല. ഗുരുവിനെ ദ്വേഷിക്കുന്നവനല്ലാതെ സ്നേഹിക്കുന്നവനുണ്ടാകയില്ല. ഗുണി എന്നു പറയത്തക്ക ഒരുവനെ കണ്ടുകിട്ടുകയില്ല. ക്ഷാമം തുടരെത്തുടരെ ബാധിച്ച് അന്നദൌർല്ലഭ്യത്താൽ മരണം നടന്നുകൊണ്ടിരിക്കും.

കലിയുഗമനുഷ്യർ ആകവേ കപടം, ശാഠ്യം, ഡംഭം, ദ്വേഷം നാസ്തികത്വം, കാമം, ക്രോധം, ലോഭം, മദം മുതലായ മനോദോഷങ്ങളാൽ വ്യാപ്തരായിരിക്കും. ജപവും തപസ്സും യാഗവ്രതദാനാദികളും താമസമായ വിധത്തിൽ അനുഷ്ഠിക്കകൊണ്ടു കാലങ്ങളിൽ വർഷപാതമുണ്ടാകയില്ല. ധാന്യങ്ങൾ പുഷ്ടിയായി വളരുകയില്ല. സ്ത്രീജനങ്ങൾക്കു തലമുടി മാത്രം അലംകാരമാകും. മിക്കവാറും ക്ഷുൽപീഡയാൽ അവശകളായി ഭവിക്കും. ദാരിദ്ര്യമില്ലാത്ത മനുഷ്യരേ ഇല്ലാതാകും. എന്നാൽ സ്വാർത്ഥബുദ്ധിക്കു വർദ്ധനയല്ലാതെ കുറവുണ്ടാകയില്ല. സുഖത്തെ മാത്രം കരുതി ധർമ്മത്തെ ഉപേക്ഷിക്കും. ഹൃദയം കുടിലവും കർക്കശവുമായി കരുണയുടെ കണികപോലും ശേഷിക്കാതെയാകും. ആളുകൾ രോഗപീഡിതരായി ഒരിക്കലും വിശ്രമം ലഭിക്കാതെ ഉഴലും. അകാരണമായ വിരോധവും അഭിമാനവും ഉൽപതിക്കും. പതിനഞ്ചു വയസ്സുതന്നെ പരിപൂർണ്ണായുസ്സാകുമെങ്കിലും കല്പാന്തംവരെ മരിക്കയില്ലെന്ന മാതിരിയിൽ ഭാവിക്കും. സർവ്വജനങ്ങളും സ്വച്ഛന്ദവൃത്തികളായി ജീവിക്കും. സഹോദരിയോ പുത്രിയോ തന്നെ അനുസരണഭാവം കാണിക്കാതെയാകും. സന്തോഷമോ വിചാരമോ സമാധാനമോ എങ്ങുംതന്നെ ഉണ്ടാകയില്ല. എല്ലാ ജാതിക്കാരും ഒരുതരം യാചകസ്ഥിതിയിലകപ്പെടും. മനഃക്ഷേത്രത്തിലെ വിളവുകൾ ഈർഷ്യ, പാരുഷ്യം, ഛലം, ലോലുപത ഇവയായിത്തീരും. അന്യോന്യമമത്വം കണികാണാൻപോലും കിട്ടുകയില്ല. സർവ്വലോകവും വിയോഗശോകാദികളാൽ പീഡിതമായി വർണ്ണാശ്രമധർമ്മങ്ങൾ മുഴുവൻ മറയും. ത്യാഗ

ബുദ്ധിയോ കരുണയോ അടക്കമോ ഇല്ലാത്ത കുടിലഹൃദയന്മാർ സർവ്വത്ര നിറയും. ജഡതയും പരവഞ്ചനവും നിമിഷംപ്രതി വർദ്ധിക്കും. നരനാരികൾ ശരീരപോഷണമാത്രതല്പരരായി ഭവിക്കും. പരനിന്ദനം സർവ്വസാധാരണമായി പരക്കും.

ഹേ ഗരുഡ! ഈദൃശമായ കലിയുഗകാലം മലത്തിനും അവഗുണത്തിനും നിലയനമാണ്. എന്നാൽ ഈ സങ്കടങ്ങളിൽനിന്നും മോചിക്കുന്നതിന് വിലതീരാത്ത ഒരു വിശിഷ്ടഗുണം അതിനുണ്ട്. കൃതത്രേതാദ്വാപരയുഗങ്ങളിൽ മോക്ഷപ്രാപ്തിയ്ക്ക് പൂജയും യാഗവും യോഗവുമൊക്കെ ആവശ്യമാണ്. കലിയുഗത്തിൽ ഹരിനാമസങ്കീർത്തനം ഒന്നുമാത്രം മതിയാകും. കൃതയുഗവാസികൾ ജ്ഞാനയോഗവിശിഷ്ടന്മാരായി ഹരിധ്യാനത്താൽ സംസാരസമുദ്രം കടക്കുന്നു. ത്രേതയിൽ വിവിധയജ്ഞങ്ങൾ ചെയ്ത് ഫലം പ്രഭുവിങ്കൽ സമർപ്പിച്ച് ഗതിയടയുന്നു. ദ്വാപരത്തിൽ രാമപദപൂജതന്നെ പ്രധാനമോക്ഷോപകരണമായിരിക്കുന്നു. കലിയിലാകട്ടെ ജ്ഞാനയോഗയാഗാദികളെക്കാൾ രാമഗുണഗാനംതന്നെ സർവ്വാഭീഷ്ടസാധകമായും ഭവിക്കുന്നു. സർവ്വവും ഉപേക്ഷിച്ച് രാമഭജനനിരതനായി ഭക്തിപൂർവ്വം രാമഗുണഗാനം ചെയ്യുന്നവൻ ഭയങ്കരമായ ഭവസമുദ്രം എളുപ്പത്തിൽ കടക്കും. രാമനാമത്തിന്റെ പ്രഭാവം പ്രകടമായി വിളങ്ങുന്നത് കലിയുഗത്തിലാണ്- അത് മാനസശോധനത്തിനും പാപനാശത്തിനും ഏകൌഷധമാണ്. കലിയുഗത്തിനുസമം അനുഗൃഹീതമായ ഒരു യുഗമില്ല. ധർമ്മത്തിന്റെ നാലുകാലുള്ളതിൽ ഒന്നുമാത്രമേ കലിയുഗത്തിൽ ഊന്നുന്നുള്ളു. ആർക്കാണോ ദൈവം സമ്പത്തുകൊടുത്തിട്ടുള്ളത് അവർ യഥാവിധി ദാനം ആചരിക്കട്ടെ. സകലൈശ്വര്യങ്ങളും സിദ്ധിക്കും.

ഓരോ യുഗത്തിലും രാമമായാപ്രേരണനിമിത്തമുള്ള ഹൃദയവൃത്തി ഓരോവിധമാണ്. ശുദ്ധസത്വഗുണം, കൃതയുഗജീവികൾക്കു പ്രധാനമായിരിക്കും. സമത്വവും വിജ്ഞാനവും മനസ്സന്തോഷവും എപ്പോഴും ഉണ്ടായിരിക്കും. ത്രേതായുഗത്തിൽ രജോഗുണസങ്കലിതമായ സത്വഗുണവും ഭൂരിശുഭാനുഭവങ്ങളും ഭവിക്കും. ദ്വാപരജീവികൾക്ക് രജോഗുണമധികവും സത്വതമോഗുണങ്ങളുടെ അല്പമായ സങ്കലനവും കാണും. മനസ്സ് ഹർഷഭയസമ്മിശ്രമായിത്തന്നെ ഇരിക്കും. സത്വഗുണം അശേഷമില്ലാതെ അല്പമായ രജസ്സോടുകൂടെ തമോഗുണമേറിയിരിക്കുന്നതാണ് കലിയുഗലക്ഷണം. ആലസ്യനിദ്രാക്രോധാദികളും, നിരന്തരദുഃഖവും, ബഹുജനവിരോധവും കലിയുഗവാസികളുടെ അനുഭവമാണ്. ബുധന്മാർ യുഗധർമ്മങ്ങളെ മനസ്സിലാക്കി കാലാനുകൂലമായ ധർമ്മത്തെ സ്വീകരിച്ച് സുഖികളായി ജീവിക്കുന്നു.

രഘുപതിചരണങ്ങളിൽ പ്രീതി ആർക്കുണ്ടോ അവരെ കലികാലമാലിന്യങ്ങൾ സ്പർശിക്കപോലുമില്ല. ഐന്ദ്രജാലികൻ എന്തെല്ലാം അത്ഭുതകർമ്മങ്ങൾ കാണിച്ചാലും അവന്റെ പരിചാരകന്മാർ വ്യാമോഹിക്കയില്ലല്ലോ. മായാകൃതഗുണദോഷങ്ങളെ ഹരിഭജനംകൂടാതെ പരിഹരിക്കാവതല്ല. ഇതുമനസ്സിലാക്കി സർവ്വ കാമങ്ങളെയും ത്യജിച്ചു് ഹരിയെത്തന്നെ ഭജിക്കുക.

ഞാൻ ജീവിച്ച ആ കലികാലത്തു് വളരെനാൾ അയോദ്ധ്യയിൽ താമസിച്ചുവരവെ കഠിനമായ ഒരു ക്ഷാമം ബാധിച്ചു. അതുനിമിത്തം ദീനനും മലിനനും ദുഃഖിതനുമായി ആ നഗരംവിട്ടു് ഉജ്ജയിനിലേക്കു പോകേണ്ടിവന്നു. കുറച്ചുകാലം ബുദ്ധിമുട്ടിയെങ്കിലും ക്രമേണ ധനസമ്പാദനംചെയ്തു് പണ്ടത്തെപ്പോലെ ശംഭുസേവനവുമനുഷ്ഠിച്ചു് അവിടെ താമസവുമുറപ്പിച്ചു. അടുത്തുതന്നെ ശിവപൂജകനായ ഒരു വൈദികൻ വസിച്ചിരുന്നു. പരമസാധുവും പരമാർത്ഥബോധിയുമായ അദ്ദേഹം ശിവഭക്തന്മാരിൽ അഗ്രഗണ്യനായിരുന്നിട്ടും മററു ശൈവന്മാരെപ്പോലെ വിഷ്ണുനിന്ദചെയ്തില്ല. ഞാൻ ഉള്ളിൽ കപടംവെച്ചുകൊണ്ടു് അനുസരണമുള്ള ഒരു ശിഷ്യനെപ്പോലെ അദ്ദേഹത്തോടടുത്തുകൂടി. നീതിമാനും ദയാലുവുമായ ബ്രാഹ്മണൻ പുറമേയുള്ള എന്റെ മര്യാദയും വണക്കവുംനോക്കി സ്വന്തം പുത്രനെപ്പോലെ കരുതി ശംഭുമന്ത്രം ഉപദേശിക്കയും വിവിധനീതികളഭ്യസിപ്പിക്കയും ചെയ്തു. ഞാൻ അടുത്തുള്ള ഒരു ശിവക്ഷേത്രത്തിൽപോയി മന്ത്രം ഉരുക്കഴിച്ചു ഭജനം തുടങ്ങി. എന്നാൽ മനസ്സിലെ അഹങ്കാരവും ഗർവ്വവും ശമിക്കേണ്ടതിനു പകരം വർദ്ധിക്കയാണുചെയ്തതു്. വിഷ്ണുസേവകരെ കണ്ടാൽ കോപിക്കയും വിഷ്ണുദ്രോഹങ്ങൾ ആചരിക്കയും എന്റെ നിത്യാചാരമായിത്തീർന്നു. ഖലനും മലിനമനസ്കനും നീചജാതിയനും മായാമോഹിതനുമായ എനിക്കു് ആ ദുർമ്മനസ്സുണ്ടായതിൽ അത്ഭുതമില്ല. ഗുരുനാഥനു് എന്റെ ഈ ദുരാചാരം സഹിച്ചില്ല. അദ്ദേഹം പരിതാപത്തോടെ പലപ്പോഴും എന്നെ ഗുണദോഷിച്ചുവന്നു. കേൾക്കുന്തോറും എനിക്കു് കോപംവർദ്ധിക്കയാണു ചെയ്തതു്. മലിനമനസ്സിന്റെ അഹമ്മതി നയോപദേശത്താൽ ശമിക്കുന്നതെങ്ങിനെ?

ഒരുദിവസം ഗുരുനാഥൻ എന്നെ സ്നേഹപൂർവ്വം വിളിച്ചു് പുത്ര! ശിവസേവനത്തിന്റെ ഫലം അവിച്ഛിന്നമായ രാമപാദഭക്തിയാണു്. ബ്രഹ്മാവും ശിവനും ഭജിക്കുന്നതു് രാമദേവനെത്തന്നെ ദീനനരന്മാരുടെ കഥ പിന്നെ പറവാനുണ്ടോ. പുണ്യപുരുഷനായ ആ രാമങ്കൽ ദ്രോഹം കരുതുന്ന ഭാഗ്യഹീനനായ നിനക്കു് സുഖമെങ്ങിനെ ലഭിക്കും? ലഭിക്കയില്ലതന്നെ എന്നു് ഉപദേശരൂപേണ

പറഞ്ഞു. ശിവൻ വിഷ്ണുസേവകനാണെന്നുള്ള ഗുരുവിന്റെ അരുളപ്പാട് എന്റെ ഹൃദയം ദഹിപ്പിച്ചുതുടങ്ങി. സാമാന്യവിദ്യാഭ്യാസമെനിക്കുണ്ടായിരുന്നുവെങ്കിലും ശൂദ്രജാതീയനാകകൊണ്ടു പാമ്പിനു പാൽ എന്നപോലെ വിപരീതഫലമാണ് ചെയ്തതു്. അഭിമാനവും കുടിലതയും മനസ്സിൽ കുടികൊള്ളുകയാൽ ദുർഭഗനായ ഞാൻ രാപ്പകൽ ഗുരുവിനെ ദ്രോഹിക്കാൻ തുടങ്ങി. അതിദയാലുവായ അദ്ദേഹം എന്നിട്ടും കോപിക്കാതെ തുടരെ എനിക്കു സദുപദേശങ്ങൾ ചെയ്തുവന്നു. ഉപകർത്താവിനെ ദ്രോഹിക്കുക നീചന്മാരുടെ സ്വഭാവമാണല്ലോ. ധൂമത്തിന്റെ ഉത്ഭവസ്ഥാനം അഗ്നിയാണെങ്കിലും ഉയർന്നുപോയി മേഘപദത്തിലെത്തിയാൽ അതു് അഗ്നിയെ പൊലിക്കുകതന്നെ ചെയ്യും. മൺപൊടി വഴിനീളെ കിടക്കുമ്പോൾ ആരും അതിനെ ആദരിക്കാതെ കാൽക്കീഴിട്ടു ചവിട്ടുന്നു. കാററടിച്ചു പറന്നുപൊങ്ങിയാൽ രാജാക്കന്മാരുടെ കിരീടങ്ങളിൽപോലും പററിച്ചേരാൻ അതിനു ഭാഗ്യം ലഭിക്കുന്നു. പക്ഷിരാജ! താങ്കൾ അതുപോലെ കരുതി എന്റെ പ്രസംഗത്തെ ധരിക്കണം. അധമന്മാരോടുള്ള സംസർഗ്ഗം ബുധന്മാർ പരിഹരിക്കുന്നു. ഖലന്മാരെ ദ്വേഷിക്കയും സ്നേഹിക്കയും ചെയ്യരുതെന്നാണ് കവികൾ പറയുന്നതു്. ശ്വാവിനെപ്പോലെ ദൂരെ പരിത്യജിക്കതന്നെ വേണം. ഞാൻ ദുഷ്ടനും കുടിലഹൃദയനുമായിരുന്നതുകൊണ്ടു ഗുരുവിന്റെ ഹിതോപദേശങ്ങൾ വകവെച്ചില്ല. ഒരിക്കൽ ശിവനാമങ്ങൾ ജപിച്ചും ഭജിച്ചും ഞാനൊരു ശിവക്ഷേത്രത്തിലിരിക്കുമ്പോൾ ഗുരുനാഥൻ അവിടെ വരികയുണ്ടായി. അഭിമാനമത്തത്താൽ എഴുന്നേല്ക്കയോ നമസ്കരിക്കയോ ഞാൻ ചെയ്തില്ല. ദയാലുവായ അദ്ദേഹം എന്റെ ധിക്കാരം ക്ഷമിച്ചുകളഞ്ഞു. കോപിക്കയോ കഠിനമായ ഒരു വാക്കു് ഉച്ചരിക്കയോ ഉണ്ടായില്ല. എന്നാൽ ഗുരുവിനെ അപമാനിച്ച മഹാപാപം മഹേശ്വരൻ സഹിച്ചില്ല. ശിവലിംഗത്തിൽ അശരീരി മുഴങ്ങി. "എടാ! ഹതഭാഗ്യനായ അധമ! നിന്റെ ധർമ്മവിരുദ്ധമായ പ്രവൃത്തി ഞാൻ ക്ഷമിക്കയില്ല. ഗുരു, പ്രശാന്തനും ദയാലുവുമാകയാൽ കോപിച്ചില്ല. എങ്കിലും ശാപരൂപത്തിൽനിന്നു ഞാൻ ശിക്ഷിക്കുന്നു. അല്ലാത്തപക്ഷം വേദമാർഗ്ഗത്തിനു് ഹാനിഭവിക്കാനിടയുണ്ടു. ഗുരുനിന്ദകൻ നൂറുകല്പകാലം രൌരവനരകം അനുഭവിക്കേണ്ടതാണു്. പതിനായിരം ജന്മം കൃമികീടങ്ങളായി ശരീരമെടുത്തു ദുഃഖിക്കണമെന്നാണു വിധി. വന്ദ്യഗുരു വരുന്നതുകണ്ടിട്ടും പെരുമ്പാമ്പിനെപ്പോലെ നി ഇളകാതെ ഇരുന്നുകളഞ്ഞു. അതുനിമിത്തം സർപ്പരൂപംധരിച്ചു് കാനനത്തിലെ ഒരുവൃക്ഷകോടരത്തിൽ വസിക്കുമാറാകട്ടെ."

ദാരുണമായ ഈ ശാപം കേട്ടപ്പോൾ ഗുരുനാഥൻ ഞെട്ടിപ്പോയി. അനന്തരം ദുഃഖിതനായ എന്നെക്കുറിച്ചു മനസ്സലിഞ്ഞു് ഹാ

ഹാകാരത്തോടെ ശിവസന്നിധിയിൽ ദണ്ഡനമസ്കാരം ചെയ്തു വിനയപൂർവം ഗദ്ഗദവാക്കുകളാൽ സ്തുതിച്ചു.

നമാമീശമീശാനമാനന്ദരൂപം
വിഭുംവ്യാപകംബ്രഹ്മവേദസ്വരൂപം
അജംനിർഗ്ഗുണം നിർവികല്പംനിരീഹം
ചിദാകാശമാകാശവാസംഭജേഹം.
നിരാകാരമോങ്കാരമൂലം തുരീയം
മനോജ്ഞാനഗോതീതമീശംഗിരീശം
കരാളംമഹാകാലകാലംകൃപാലും
ഗുണാകാരസംസാരപാരം നതോഹം
തുഷാരാദ്രിസങ്കാശഗൌരംഗഭീരം
മനോഭൂതകോടിപ്രഭാശ്രീശരീരം
സ്ഫുരന്മൌലിഗങ്ഗഞ്ചകണ്ഠേഭുജംഗം
ലസൽഫാലബാലേന്ദുലീലംമഹാംഗം
ചലൽകുണ്ഡലംശുഭ്രനേത്രംവിശാലം
പ്രസന്നാനനംനീലകണ്ഠംദയാലും
മൃഗാധീശചർമ്മാംബരംമുണ്ഡമാലം
ശിവംശങ്കരംസർവനാഥംഭജേഹം
പ്രചണ്ഡംപ്രകൃഷ്ടം പ്രഗത്ഭംപരേശം
ജഗന്മോഹനംഭാനുകോടിപ്രകാശം
ത്രിശൂലോഗ്രപാണിംത്രിലോകാഭിരമ്യം
ഭജേഹംഭവാനീപതിംഭാവഗമ്യം
കലാതീതകല്യാണശിൽപാവഭാസം
സദാസജ്ജനാനന്ദദംഭക്തദാസം;
ചിദാനന്ദസന്ദോഹമോഹാപഹാരിൻ
പ്രസീദപ്രസീദപ്രഭോ! മന്മഥാരേ!
നയാവൽഭവാനീശപാദാരവിന്ദം
ഭജന്തീഹലോകേനരാവാപരേവാ
നതാവൽസുഖംശാന്തിസന്താപനാശം
പ്രസീദപ്രഭോസർവഭൂതാധിവാസ!
നജാനാമിയോഗംജപംനൈവപൂജാം
നതോഹംസദാസർവ്വദ! ദേവതുഭ്യം
ജരാജന്മദുഃഖൌഘസന്താപ്യമാനം
പ്രഭോപാഹിമാമീശഗൌരീശശംഭോ!
(വിപ്രനാൽകൃതമായുള്ള രുദ്രാഷ്ടകമിതാരുവാൻ
പഠിക്കുന്നവനിൽശംഭുദേവനേററംപ്രസന്നനാം.)

ഭക്തിരസാർദ്രമായ ഈ സ്തോത്രം കേൾക്കായപ്പോൾ ഹേ ബ്രാഹ്മണോത്തമ! ഇഷ്ടവരം വരിച്ചുകൊൾക എന്നിങ്ങനെ രണ്ടാമതും ആകാശവാക്കുണ്ടായി. ബ്രാഹ്മണൻ വിനീതനായിട്ടു ണർത്തിച്ചു. സ്വാമിൻ! തൃപ്പാദങ്ങളിൽ നിശ്ചലഭക്തിയുണ്ടാകുമാറു് ആദ്യമായി എന്നെ അനുഗ്രഹിക്കണം. നിന്തിരുവടിയുടെ വിശ്വവിജയിനിയായ മായയ്ക്കു അധീനന്മാരാകുന്ന ആളുകൾ എപ്പോഴുംവഴിതെററുന്നു. ഇവനും അജ്ഞാനത്താൽ അപരാധംചെയ്തുപോയതാണ്. കോപത്തെ ഉപസംഹരിച്ചു് മേൽക്കാലം ഈ ശാപം ഒരനുഗ്രഹമായി തീരത്തക്കവണ്ണം ഈ മൂഢനിൽ കരുണചെയ്യണം.

“ബ്രാഹ്മണാ! അപ്രകാരംതന്നെ ഭവിക്കും. ഇവൻ മഹാപാപമനുഷ്ഠിച്ചു. കോപാവേശത്താൽ ഞാൻ ശപിക്കയും ചെയ്തു.

എങ്കിലും സാധുവായ നിന്റെ അപേക്ഷയെ ഞാൻ അനുവദിക്കുന്നു. ക്ഷമാശീലന്മാരും പരോപകാരികളുമായ ബ്രാഹ്മണർ എനിക്കു രാമചന്ദ്രനെപ്പോലെ പ്രിയപ്പെട്ടവരാണു് എന്റെ ശാപം മിഥ്യയായിക്കൂടാ. സർപ്പദേഹധാരണത്തിനു ശേഷം ജന്മമരണദുഃഖങ്ങൾ അല്പംപോലും ബാധിക്കാത്ത ആയിരം ജന്മങ്ങൾ ഇവനു ഭവിക്കും. എല്ലാ ജന്മത്തിലും ജ്ഞാനത്തിനു കുറവുണ്ടാകാതെയുമിരിക്കും. ഹേ ശൂദ്ര! നീ രാമരാജധാനിയിൽ ജനിച്ചു. യഥാവിധി എന്റെ സേവനവും ആചരിച്ചു. രണ്ടിന്റെയും പ്രഭാവംകൊണ്ടു നിന്റെ ഹൃദയത്തിൽ രാമഭക്തി ഉദയംചെയ്യാനിടവരും. ഹരിയുടെ തോഷത്തിനു ബ്രാഹ്മണസേവാവ്രതം പ്രധാനമാണെന്നുള്ള രഹസ്യം നീ ധരിച്ചിരിക്കണം. അവരെ ഒരിക്കലും അവമാനിക്കാതെ അനന്തബ്രഹ്മമായി കരുതി പൂജിക്കണം. ഇന്ദ്രന്റെ വജ്രമോ എന്റെ ത്രിശൂലമോ കാലദണ്ഡോ കരാളമായ ഹരിചക്രമോ ഒരുവനെ നിശ്ശേഷം നശിപ്പിക്കാൻ ശക്തമല്ല. എന്നാൽ ബ്രാഹ്മണകോപം അഗ്നിപോലെ ദഹിപ്പിച്ചു് ചാമ്പലാക്കാതെ അടങ്ങുകയില്ല. ലോകദുർല്ലഭമായ ഒരു രഹസ്യമാണിതു്. എപ്പോഴും ഈ ഉപദേശമോർമ്മയിരിക്കട്ടെ. വിശേഷിച്ചും നിന്റെ ഗതി അപ്രതിഹതമായി ഭവിക്കുമാറു് മറെറാരനുഗ്രഹംകൂടി ഞാൻചെയ്യാം.” അശരീരിവാഗ്രൂപത്തിൽ വീണ്ടും പരമശിവൻ അരുളിച്ചെയ്തു അനുഗ്രഹവചനം ഗുരുനാഥനെ ആനന്ദിപ്പിച്ചു്, അപ്രകാരംതന്നെ ഭവിക്കുമെന്നദ്ദേഹവും ആശീർവദിച്ചു എനിക്കു വേണ്ട ഉപദേശങ്ങളെല്ലാം നൽകിയശേഷം ശിവധ്യാനപരിശുദ്ധഹൃദയനായി സ്വഗൃഹത്തിലേക്കു പോയി. ശാപഗ്രസ്തനായ ഞാൻ സർപ്പരൂപം പൂണ്ടു വിന്ധ്യപർവതത്തെയും പ്രാപിച്ചു. കുറച്ചുകാലം കഴിഞ്ഞപ്പോൾ ആ ശരീരം വീണുപോയി. മറെറാന്നു ലഭിക്കുകയുംചെയ്തു. ക്രമേ

ണ അതും ഭേദപ്പെട്ട മറെറാന്നായി. ഇങ്ങനെ തുടരെത്തുടരെ ജനങ്ങൾ വസ്ത്രം പകരുന്നതുപോലെ പുതിയ ശരീരം എനിക്കു ലഭിച്ചുകൊണ്ടിരുന്നു. ഏതൊരു ദേഹധാരണത്തിലും എൻെറ ജീവിതരീതി പരിശുദ്ധമായിരുന്നു. അതിനാൽ ശരീരത്തിൻെറ ത്യാഗത്തിലൊ സ്വീകാരത്തിലൊ അല്പംപോലും വേദനയുണ്ടായില്ല. സ്മരണയ്ക്കും ബോധത്തിനും നീക്കം വന്നതുമില്ല. ഏതേതു ദേഹം സ്വീകരിച്ചൊ അതതിലെല്ലാം നിർഭേദമായ രാമഭക്തി നിലനിന്നു; ഗുരുവിൻെറ ദയാലോലമായ സ്വഭാവഗുണമോക്കുന്തോറും ഞാൻ ചെയ്തുപോയ അപരാധത്തെക്കുറിച്ചു വേദനതോന്നി. ഒടുവിൽ ഒരു ഉത്തമബ്രാഹ്മണശരീരം എനിക്കു കിട്ടി. അതു ദേവന്മാക്കുപോലും ദുർല്ലഭമാണെന്നല്ലൊ വേദപുരാണങ്ങൾ ഘോഷിക്കുന്നതു്. പരിശുദ്ധമായ ആ ജന്മത്തിൽ രാമചന്ദ്രനെക്കുറിച്ചു വിശേഷിച്ചും ഒരു പ്രസക്തിയുണ്ടായി. കുട്ടിക്കാലത്തുതന്നെ മററു ബാലന്മാരോടുചേൎന്നു രഘുരാജൻെറ ബാലലീലകളെ അനുകരിക്ക പതിവായി. പ്രായമായപ്പോൾ അച്ഛൻ എന്നെ വിദ്യാഭ്യാസത്തിനാക്കി. എന്നാൽ പഠനവിഷയത്തിൽ തെല്ലുപോലും എൻെറ ശ്രദ്ധ പതിഞ്ഞില്ല. സകല വാസനകളും പരിഹരിച്ചു് രാമചരണങ്ങളെ മാത്രം ധ്യാനിച്ചു വന്നു. സഖേ! പക്ഷിരാജ! ശർക്കരയെ ആഗ്രഹിച്ചു ആരെങ്കിലും കാമധേനുവിനെ ഉപേക്ഷിക്കുമോ? എൻെറ ഹൃദയം ഏകതാനമായി രാമപ്രേമത്തിൽതന്നെ മുഴുകി. പഠിപ്പിക്കണമെന്നുള്ള അച്ഛൻെറ ആശയും അസ്ഥാനത്തിലായി. വിധിയെ ലംഘിക്കാവതല്ലെന്നുള്ള വിചാരത്താൽ വിഷാദത്തോടെ മാതാവും പിതാവുമെന്നെ ഉപേക്ഷിച്ചു. ഞാൻ വനഭൂമിയിൽ എത്തി ജനരക്ഷകനായ ജഗദീശ്വരനെ ധ്യാനിച്ചു സഞ്ചരിച്ചു വല്ല മുനിമാരുടെയും ആശ്രമം കണ്ടുകൂടിയാൽ അവിടെ പോയി അവരെ നമസ്കരിക്കയും, രാമഗുണങ്ങളെ ചോദിക്കയും പതിവായിരുന്നു. ഹരികീൎത്തനം കേൾക്കപ്പെടുന്ന ദിക്കുകളെല്ലാം എൻെറ സഞ്ചാരകേന്ദ്രമായിച്ചമഞ്ഞു. ശിവപ്രസാദത്താൽ ഗതിക്കു് ഒരിടത്തും തടസ്സമുണ്ടായില്ല. ഏഷണാത്രയം ഹൃദയത്തിൽ നിന്നൊഴിഞ്ഞു. രാമചരണങ്ങളെ ദൎശിച്ചു ജന്മസാഫല്യം വരുത്തണമെന്നുള്ള ഒരേ ആഗ്രഹംമാത്രം ശേഷിച്ചു. ഈശ്വരസ്വരൂപം ഉപദേശരൂപേണ ധരിച്ചാൽ കൊള്ളാമെന്നു ഞാൻ ആശിച്ചു. ആശ മഹൎഷിമാരെ അറിയിച്ചപ്പോൾ അവരെല്ലാവരും ഈശ്വരൻ സൎവ്വഭൂതമയനാണെന്നത്രെ ഉപദേശിച്ചതു്. ഈ നിൎഗ്ഗുണമതം എനിക്കു സമ്മതമായില്ല. സഗുണബ്രഹ്മത്തിലുള്ള ഭക്തി തന്നെ ഹൃദയത്തിൽ ദൃഢമായി പതിഞ്ഞു. ഗുരുവചനങ്ങളെ അനുസ്മരിക്കയാൽ രാമപാദസ്മരണയ്ക്കു ലംഘനമുണ്ടാകാതെ രാമചരിതങ്ങൾ പാടിടിപ്പാ

സഞ്ചരിച്ചു. അനവനിമിഷം രാമഭക്തി വർദ്ധിച്ചുകൊണ്ടുമിരുന്നു. വനഭൂമികളിൽ ഇങ്ങനെ ചുററിനടക്കവേ, മഹാമേരുപർവ്വതം സന്ദർശിക്കുന്നതിനിടയാകയും അതിൻെറ ഒരു ശിഖരത്തിൽനിൽക്കുന്ന വടവൃക്ഷത്തിൻെറ ചുവട്ടിൽ ലോമശമഹർഷിയെക്കാണുകയുംചെയ്തു. പാദപത്മങ്ങളിൽ കുലനാമങ്ങൾ ഉച്ചരിച്ചു തൊഴുതുനിന്ന എന്നെ നോക്കി ദയാലുവായ മഹർഷി ആഗമനോദ്ദേശം എന്താണെന്നുചോദിച്ചു. 'സർവ്വജ്ഞനും അഭിജ്ഞനുമായ അവിടുന്ന് സഗുണബ്രഹ്മോപാസനം സദയം എനിക്കു ഉപദേശിക്കണമേ' എന്നു ഞാൻ അപേക്ഷിച്ചു. മഹർഷി സന്തോഷപൂർവ്വം രഘുപതിയുടെ ഗുണഗണങ്ങൾ പാടിയശേഷം, ഞാൻ പരമാധികാരിയാണെന്നു ബോധിച്ച് അദ്വൈതബ്രഹ്മോപാസനംതന്നെ ഉപദേശിച്ചു. അജവും അദ്വൈതവും അഗുണവും ഹൃദയേശവും നിഷ്കളവും നിരീഹവും അനാമകവും അരൂപവും അനുഭവഗമ്യവും അഖണ്ഡവും അനുപമവും മനോവാക്കുകൾക്ക് അവിഷയവും അമലവും അവിനാശിയും സുഖരാശിയും നിർവ്വികാരവും നിരവധിയുമായ വിശുദ്ധബ്രഹ്മത്തെത്തന്നെ ഉപാസിക്കണമെന്നും വെള്ളവും തിരയുംപോലെ ബ്രഹ്മവും ഞാനും ഏകമാണെന്നുള്ള പരമാർത്ഥവും പറഞ്ഞുതന്നു. അതിനെ ദൃഢീകരിക്കാൻ വേണ്ട ഉദാഹരണങ്ങളാൽ ഉദ്ബോധിപ്പിച്ചുവെങ്കിലും നിർഗ്ഗുണമതമേ എൻെറ ഹൃദയത്തിൽ കടന്നില്ല. രണ്ടാമതും ഞാൻ പാദനമസ്കാരംചെയ്തു, "സ്വാമിൻ! എനിക്കു സഗുണോപാസനം ഉപദേശിക്കണമേ. രാമഭക്തിയാകുന്ന ജലമില്ലാതെ ജീവിക്കാൻ എൻെറ മനോമത്സ്യത്തിനു സാദ്ധ്യമല്ല. രഘുരാജനെ സ്വന്തം കണ്ണുകൾകൊണ്ടു കാണത്തക്കവണ്ണം എന്നെ അനുഗ്രഹിക്കണമേ. പിന്നീട് തിരുവടിയുടെ നിർഗ്ഗുണോപദേശം കേൾക്കാം." എന്നുണർത്തിച്ചു, അദ്ദേഹം നിരുപമമായ ഹരികഥ തുടരെ പ്രസംഗിച്ചുകൊണ്ട് സഗുണമതത്തെ ഖണ്ഡിച്ചു നിർഗ്ഗുണത്തിലാക്കി നിരൂപണംചെയ്തു. എനിക്കതു സമ്മതമായില്ല. സഗുണരൂപത്തിൽതന്നെ പറഞ്ഞു" എന്നെ മനസ്സിലാക്കണമെന്നറിയിക്കയും ഉത്തരങ്ങൾക്കെല്ലാം പ്രത്യുത്തരംകൊടുത്തു തർക്കിക്കയും ചെയ്തു. മഹർഷിക്കു കോപം ജ്വലിച്ചുതുടങ്ങി. വിനയപൂർവ്വം ഞാൻ തൊഴുതുകൈക്കൂപ്പിനിലയായി. ജ്ഞാനനിധിയായഅദ്ദേഹത്തിൻെറ ഹൃദയത്തിൽ കോപത്തിനു സ്ഥാനമുണ്ടായതിനെക്കുറിച്ചു എനിക്ക് അവജ്ഞതോന്നി. അതിസംഘർഷണം സുശീതളമായ ചന്ദനത്തിലും അഗ്നിയെ ജനിപ്പിക്കുന്നു. മഹർഷി കോപവശനായി വീണ്ടും വീണ്ടും തൻെറ ഭാഗംപിടിച്ചുവാദിച്ചു. ഞാൻ മിണ്ടാതെ ഇരുന്ന് മനസാ യുക്തിവാദം നടത്തുകയുമായി. ദ്വൈതബുദ്ധിയില്ലാതെ ക്രോധം ഉണ്ടാകുമോ? അജ്ഞാനത്തിൽ നിന്നാണല്ലോ ദ്വൈതബുദ്ധി മു-

ഉയ്ക്കുന്നതു്. മായാവശനും പരിച്ഛിന്നനും ജഡനുമായ ജീവൻ ഈശസമനാകുന്നതെങ്ങനെ? ഏതുപ്രകാരത്തിലും ദുഃഖംസന്തോഷമാകുമോ? ചിന്താമണി കരസ്ഥമായവനു ദാരിദ്ര്യമുണ്ടാകുമോ? കാമിയായവൻ നിന്ദാർഹനായല്ലാതെതീരുമോ? പരദ്രോഹി നിർഭയനായിരിക്കാൻ സാധിക്കുമോ? ദ്വിജന്മാർക്കപ്രിയംചെയ്യുന്നവംശം വർദ്ധിക്കുമോ? ദേഹംഭരിയായ സംസാരി വൈദികകർമ്മങ്ങൾക്കധികാരിയാകുമോ? ദുഷ്ടസംഗംകൊണ്ടു് ഉത്തമബുദ്ധി ഉദിക്കുമോ? പരസ്ത്രീരതന്മാർക്കു് സൽഗതിലഭിക്കുമോ? നീതിബോധമില്ലാത്ത രാജത്വം നിലനിൽക്കുമോ? ഹരിഗാനധ്വനിമുഴങ്ങുന്നദിക്കിൽ പാപംനിൽക്കുമോ? സംസാരബാധ പരമാർത്ഥബോധിയെ പീഡിക്കുമോ? പരനിന്ദകൻ സ്വപ്നത്തിലും സുഖിയാകുമോ? പുണ്യം സമ്പാദിക്കാതെ പാവനയശസ്സുലഭിക്കുമോ? അയശസ്സ് പാപികൾക്കല്ലാതെ ഭവിക്കുമോ? വേദങ്ങളും സ്വാധുക്കളും പുകഴ്ത്തുന്നപ്രകാരം ഹരിഭക്തിയെക്കാൾ അനർഘമായ ഒരനുഗ്രഹമുണ്ടോ? മനുഷ്യജന്മത്തിൽ ഹരിപൂജ നിരസിക്കുന്നതിനെക്കാൾ വലുതായ നഷ്ടമുണ്ടോ? ദ്രോഹതുല്യമായ പാപവും ദാനതുല്യമായ പുണ്യവുമുണ്ടോ?.

ഇത്യാദി വിചാരധാരകളാൽ ശങ്കിതനായ ഞാൻ മഹർഷിയുടെ നിർഗ്ഗുണവാദം ശ്രദ്ധിച്ചില്ല. സഗുണപക്ഷംപിടിച്ചുതന്നെ പിന്നെയും വാദിച്ചു. മഹർഷിക്കു കോപം സഹിക്കാതെയായി. "മൂഢ! ഞാൻ നൽകുന്ന പരമമായ ഉപദേശത്തെ വാദപ്രതിവാദങ്ങളാൽ നീ നിഷേധിക്കുന്നു. സത്യവചനത്തിൽ നിനക്കു വിശ്വാസമില്ല. കാക്കയെപ്പോലെ എല്ലാററിലും സംശയിക്കുന്നു. നിന്റെ ഹൃദയം സ്വപക്ഷമലിനമാകകൊണ്ടു് ഒരു മലിനപക്ഷിയായി നീ ഭവിക്കട്ടേ എന്നു ശാപംചെയ്തു. ശാപത്തെ പരിഗ്രഹിച്ചുവെങ്കിലും ഭയമോ ദീനത്വമോ എനിക്കുണ്ടായില്ല.

ഉത്തരക്ഷണത്തിൽ കാകരൂപം പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. ഉടനെ മുനിപാദങ്ങൾ വണങ്ങി രഘുവംശമണിയെ ധ്യാനിച്ചുകൊണ്ടു് ഹർഷിതനായിപ്പറന്നു പൊങ്ങി. ഹേ ഭവാനീ! കാമമദക്രോധങ്ങളില്ലാതെ രാമചരണങ്ങളെ ധ്യാനിക്കുന്നവൻ സകല ചരാചരങ്ങളിലും തന്റെ സ്വാമിയെ കാണുന്നു. പിന്നെ ആരോടാണു് അവൻ കലഹിക്കുക.

വൈനതേയ! ശാപത്തിലും കോപത്തിലും മുനി അപരാധി അല്ല. രഘുപതിപ്രേരണമാണു കാരണം. കൃപാനിധി മുനിമാനസത്തെ വ്യാമോഹിപ്പിച്ചു എന്റെ ഭക്തിപരീക്ഷ നടത്തി. ഞാൻ ത്രിവിധകരണങ്ങളാലും വിശുദ്ധനാണെന്നു ബോദ്ധ്യംവന്നപ്പോൾ മുനിയെ വിവേകി ആക്കുകയും ചെയ്തു. എന്റെ ശാന്തശീലവും വിശേഷിച്ചുള്ള രാമചരണവിശ്വാസവും കണ്ടു് അത്ഭുതപ്പെട്ട താപ

സന്ന പശ്ചാത്താപനിമഗ്നനായി സന്തോഷത്തോടെ അരികിൽ വിളിച്ചു ഉപചാരവാക്കുകൾ പറഞ്ഞു സമാധാനപ്പെടുത്തി, രാമമന്ത്രവും ബാലരാമധ്യാനവും ഉപദേശിച്ചു. സുന്ദരവും സുഖദവുമായ ഈ ഉപചാരം എനിക്കു അനല്പമായ ആനന്ദത്തെ ഉളവാക്കി. എന്റെ ബാലരാമസേവനക്രമങ്ങൾ മുൻപു പറഞ്ഞിട്ടുണ്ടല്ലൊ. മഹർഷി കുറച്ചുകാലം എന്നെ അവിടെത്താമസിപ്പിച്ചു പരമരഹസ്യമായ രാമചരിതമാനസം മുഴുവൻ ഉപദേശിച്ചു. ഒടുവിൽ ഇങ്ങനെ പറഞ്ഞു. വത്സ! ശംഭുപ്രസാദത്താൽ ഈ ദിവ്യചരിത്രം ഞാൻ ഗ്രഹിച്ചതാണ്. നീ രാമഭക്തനാണെന്നറികകൊണ്ടത്രെ ഉപദേശിച്ചതു്. രാമവിമുഖന്മാരെ ഇതു കേൾപ്പിച്ചുകൂടാ.

ഞാൻ പ്രേമപൂർവ്വം നമസ്കരിച്ചപ്പോൾ അദ്ദേഹം കരകമലത്താൽ ശിരസ്സിൽ സ്പർശിച്ചു. "വത്സ! എന്റെ പ്രസാദത്താൽ അവിരളയായ രാമഭക്തി നിനക്കുണ്ടാകട്ടെ. നീ രാമപ്രിയനും ശുഭഗുണനികേതവും ശാന്തനുമായി ഭവിക്കട്ടെ. ഇഷ്ടംപോലെ രൂപംമാറാനുള്ള ശക്തി നിനക്കുണ്ടാകട്ടെ. ജ്ഞാനവൈരാഗ്യനിധിയായ നീ സ്വച്ഛന്ദമൃത്യുവായും തീരട്ടെ. നിന്റെ പുണ്യാശ്രമത്തിനു ഒരു യോജനയകലെപ്പോലും അവിദ്യ വ്യാപിക്കയില്ല. കാലവും കർമ്മവും ഗുണവും ദോഷവും നിനക്കു ദുഃഖകരമായി ഭവിക്കയില്ല. ഗുപ്തവും പ്രകടവുമായ ഇതിഹാസപുരാണങ്ങളും രാമരഹസ്യങ്ങളും ശ്രമപ്പെടാതെ നിന്റെ മനസ്സിലുദിക്കട്ടെ. നവനവമായ രാമഭക്തി ദിവസം പ്രതി വളരട്ടെ. ഇച്ഛിക്കുന്നതെല്ലാം ഹരിപ്രസാദത്താൽ നിനക്കു സുലഭമായി തീരട്ടെ."

ഈ വാക്കുകൾ മഹർഷി ഉച്ചരിച്ചപ്പോൾ ആകാശത്തിൽ "ഹേ മുനിശ്രേഷ്ഠ! ഇവൻ മനസാ വാചാ കർമ്മണാ എന്നിൽ ഭക്തിയെ ചെയ്യുന്നവനാണ്. അനുഗ്രഹങ്ങൾക്കവൻ അധികാരി തന്നെ" എന്നു അശരീരിവാക്കുണ്ടായി. സ്നേഹമസൃണമായ ആകാശവാണി എന്നെ പ്രേമമഗ്നനാക്കി സകല സന്ദേഹങ്ങളേയും ശമിപ്പിച്ചു. ഞാൻ മഹർഷിയെ വാഴ്ത്തി വണങ്ങി യാത്ര വഴങ്ങിപ്പോന്നു. അന്നുമുതൽ ഈ ആശ്രമത്തിൽ തന്നെ താമസിക്കയാണ്. ഇരുപത്തിയേഴു കല്പങ്ങൾ പിന്നിട്ടു കഴിഞ്ഞു. ഏതു കാലത്തും ഞാൻ രാമഗുണങ്ങൾ കീർത്തിക്കയും സുശ്രോതികളായ പക്ഷികൾ അതു കേൾക്കുകയും പതിവാണ്. ഭഗവാൻ ഭക്തഹിതത്തിനായി മനുഷ്യശരീരമെടുത്തു് അയോധ്യയിൽ അവതരിക്കുമ്പോൾ ഞാനവിടെ എത്തി ശിശുലീലകൾ കണ്ടു സുഖിക്കും. അനന്തരം ആ ബാലരൂപം ഹൃദയത്തിൽ വഹിച്ചു ആശ്രമത്തിൽ കൊണ്ടുപോരികയും ചെയ്യും.

സഖേ! താങ്കളുടെ ചോദ്യങ്ങൾക്കെല്ലാം ഞാൻ ഉത്തരം പറഞ്ഞുകഴിഞ്ഞു. കാകദേഹപ്രാപ്തിയുടെ കാരണവും ആശ്രമസ്വഭാവരഹസ്യവുമറിയിച്ചു. രാമഭക്തിയുടെ മാഹാത്മ്യം അപാരമെന്നേ പറഞ്ഞുകൂടൂ. ഇതു നിമിത്തമാണു കാകദേഹത്തെ ഞാനിഷ്ടപ്പെടുന്നതു്. പ്രഭുദർശനം ലഭിക്കുന്നതിനും സന്ദേഹങ്ങൾ ശമിക്കുന്നതിനും പ്രഭുപാദഭക്തി ദൃഢപ്പെടുന്നതിനുമിടയായതു് ഈ രൂപം ധരിച്ചതിൽ പിന്നെയാണു്. സഗുണോപാസനത്തിൽ ശാഠ്യം പിടിക്കകൊണ്ടു മഹർഷി ശപിച്ചുവെങ്കിലും ഒടുവിൽ മുനിദുർല്ലഭമായ വരപ്രഭാവത്തിനും അതു കാരണമായി. ഭഗവൽഭജനമഹിമ നോക്കുക. ഈദൃശഭക്തിയുപേക്ഷിച്ചു കേവലം ജ്ഞാനത്തിനായി പരിശ്രമിക്കുന്നവൻ കാമധേനുവിനെ വീട്ടിൽ കെട്ടി നിറുത്തി എരിക്കിൻപാലന്വേഷിച്ചു കാടുതോറും ചുററിത്തിരിയുന്ന മൂഢനാണു്. ഖഗേശ്വര! ഹരിഭക്തിയെ ത്യജിച്ചു സുഖലാഭത്തിനു വേറെ ഉപായങ്ങൾ തേടുന്നവൻ യാനപാത്രമിച്ഛിക്കാതെ സമുദ്രം കടക്കാൻ ശ്രമിക്കുന്ന സാഹസികനാണു്.

ഭുസുണ്ഡിയുടെ വചനങ്ങളാൽ പരമാഹ്ലാദിതനായ ഗരുഡൻ മൃദുസ്വരത്തിൽ ചോദിച്ചു. ഗുരോ! അങ്ങേ പ്രസാദത്താൽ സംശയവും ദുഃഖവും മോഹഭ്രമങ്ങളും എന്റെ മനസ്സിൽ നിന്നൊഴിഞ്ഞു പരിശുദ്ധമായ രാമചരിത്രം ശ്രവിച്ചു മനശ്ശാന്തി ലഭിക്കുന്നതിനും സംഗതി ആയി. ഇനിയുമൊരു സംശയം എന്റെ ഹൃദയത്തെ ബാധിച്ചിരിക്കുന്നു. ജ്ഞാനംപോലെ ദുർല്ലഭമായി മററൊന്നുമില്ലെന്നാണു സാധുക്കളും വേദങ്ങളും ഘോഷിക്കുന്നതു്. ഭക്തിക്കാണു ശ്രേഷ്ഠത്വമെന്നു ലോമശമുനി ഉപദേശിച്ചതായും പറഞ്ഞു. അവ തമ്മിലുള്ള ഭേദം സദയം അരുളിച്ചെയ്യുമോ?

ഈ ചോദ്യം കാകഭുസുണ്ഡിക്കു കൌതുകത്തെ ഉളവാക്കി. എന്നിട്ടു പറകയായി. "സഖേ! ജ്ഞാനത്തിനും ഭക്തിക്കും തമ്മിൽ ഭേദമില്ല. രണ്ടും സംസാരദുഃഖത്തെ ശമിപ്പിക്കുന്നവതന്നെ. എന്നാൽ മുനിയുടെ അഭിപ്രായം അസംഗതമാണെന്നും പറഞ്ഞുകൂടാ. ജ്ഞാനം, വൈരാഗ്യം, യോഗം, വിജ്ഞാനം ഇവ പുല്ലിംഗരൂപങ്ങളായി പറയപ്പെടുന്നു. പുരുഷഭാവം പ്രബലവും സ്ത്രീഭാവം അബലവുമാണെന്നു പ്രസിദ്ധം തന്നെ. സ്ത്രീയെ ത്യജിക്കുന്ന പുരുഷൻ വിരക്തനും ധീരനുമായിരിക്കണം. കാമിയും വിഷയാസക്തനും രാമപദവിമുഖനും ആയിക്കൂടാ. എന്നാൽ അപ്രകാരമുള്ള വിരക്തധീരൻ പോലും സ്ത്രീകളുടെ മാനൊളിക്കണ്ണുകളും ചന്ദ്രചാരുമുഖങ്ങളും കണ്ടുപോയെങ്കിൽ വിരണ്ടുപോകുന്നു. അതു സ്വാഭാവികമാണു്. വിശ്വത്തിന്റെ സ്ത്രീരൂപമത്രെ മായയെന്നു പറയപ്പെടുന്ന

ത്തു്. ഞാനിവിടെ സ്വന്തം യുക്തി ഉപന്യസിക്കയല്ല. വേദപുരാണസമ്മതമായ വാസ്തവം പ്രസ്താവിക്കയാണു്. മോഹം സ്ത്രീരൂപമാണെങ്കിലും അതിന്നു സ്ത്രീത്വം കല്പിക്കാൻ പാടില്ല. ഇതു് അപൂർവ്വമായ ഒരു നീതിവാദമത്രേ. മായയും ഭക്തിയും സ്ത്രീകൾ തന്നെ എങ്കിലും ഭക്തി രഘുപതിക്കു പ്രിയപ്പെട്ട പുത്രിയും മായ കേവലം വിനോദത്തിനായുള്ള ഒരു നർത്തകിയുമാകുന്നു. രാമന്റെ വാത്സല്യഭാജനമാണെന്നുള്ള കാരണത്താൽ ഭക്തിയെ മായ ഭയപ്പെടുന്നു. രാമഭക്തി നിരുപമയും നിരുപാധികയുമാണു്. അവൾ അധിവസിക്കുന്ന ഹൃദയം അനുഗൃഹീതമത്രേ. ഭക്തിയെ കാണുമ്പോൾ മായയ്ക്കു സങ്കോചം ഉദിക്കും. സ്വമേധയാ യാതൊന്നും ചെയ്വാൻ അവൾക്കു ശക്തിയില്ലാതെയാകും. ഈ വസ്തുത മനസ്സിലാക്കി അഭിജ്ഞന്മാരായ മഹർഷിമാർ സകല ഗുണങ്ങളുടേയും മൂലസ്ഥാനമായി ഭക്തിയെത്തന്നെ കരുതുന്നു. രഘുനാഥനെ സംബന്ധിച്ച ഈ രഹസ്യം എളുപ്പത്തിൽ ആൎക്കും അറിവാൻ സാധിക്കുന്നില്ല. ഭഗവൽകടാക്ഷത്താൽ അതറിയുന്നവൻ സ്വപ്നത്തിൽപോലും മായയ്ക്കധീനനല്ല. ഇനി ജ്ഞാനവും ഭക്തിയും തമ്മിലുള്ള ഭേദം എന്തെന്നു പറയാം. അതു കേട്ടാൽ അചഞ്ചലയായ രാമഭക്തി ഭവിക്കും. ഈ ഭേദജ്ഞാനം ബുദ്ധിക്കല്ലാതെ വാക്കിന്നു വിഷയമായ ഒന്നല്ല. ജീവൻ ഈശ്വരാംശമാണു്. അവിനാശിയും സചേതനനും അമലനും സുഖരാശിയുമാണു്. എന്നാൽ ആ ജീവൻ തത്തക്കിളിയെപ്പോലെ അഥവാ വാനരത്തെപ്പോലെ വ്യാമോഹവശനായി മായയുടെ ബന്ധനത്തിൽ അകപ്പെടുന്നു * അതുവഴി ജഡചേതനമായി ഭവിക്കുന്ന ബുദ്ധിവസ്തുതഃ മിഥ്യാഭൂതവും, എന്നാൽ അഴിക്കാൻ പ്രയാസമുള്ളതുമായ ഒരു കെട്ടിൽ കുടുങ്ങുന്നു. ജീവൻ സംസാരി ആകുന്നതങ്ങനെയാണു്. കെട്ടു അഴിയാതെ ഇരിക്കുന്ന കാലംവരെ സുഖത്തിന്നു അവകാശം ലഭിക്കുന്നില്ല. ഇതിന്നു പല പരിഹാരമാൎഗ്ഗങ്ങളും വേദപുരാണങ്ങളിൽ കാണാം. എന്നാൽ അവ വായിക്കുന്തോറും

---

* തത്തക്കിളിയേയും വാനരത്തേയും പിടിക്കുന്നതിന്നു വേടന്മാർ ഉപയോഗിക്കുന്ന തന്ത്രങ്ങളാണിവിടെ സൂചിപ്പിക്കുന്നതു്. ഒരു കോലിൽ ചരടുകെട്ടി അതിന്റെ അററത്തു്, ഒരു ഉരുളപിടിപ്പിച്ച തത്ത വന്നു പറ്റുമ്പോൾ ആ ഭാരത്താൽ ഉരുളതലകീഴായിട്ടുള്ള ഭൂമിയിൽ സ്ഥാപിക്കുന്നു. ആ ഉരുൾച്ചയാൽ ചരടിൽ കുരുങ്ങിപ്പോയതായി വിചാരിച്ചു്, തത്ത പറന്നുപോകാൻ ശ്രമിക്കാതെ ഭ്രമിക്കുന്നതുകൊണ്ടു വേടന്റെ കയ്യിലകപ്പെടുന്നു. അതുപോലെ കുരങ്ങിനെ പിടിക്കുന്നതിന്നു ഒരു ഇടുങ്ങിയ വക്കുള്ള ഭരണിയിൽ കുറേ ധാന്യമിട്ടു നിറച്ചു ഒരിടത്തു വയ്ക്കുന്നു. കുരങ്ങുകൾ അതിനുള്ളിൽ കൈ കടത്തി ഒരുപിടി ധാന്യം വാരി കൈ വെളിയിലേക്കെടുക്കാൻ ശ്രമിക്കുന്നു. മുഷ്ടി ചുരുട്ടി വച്ചുകൊണ്ടു കൈ വെളിയിലേക്കു വരികയില്ല. ധാന്യം ഇട്ടുകളഞ്ഞാൽ കൈനിഷ്പ്രയാസം എടുക്കാമെന്നുള്ള വസ്തുത മനസ്സിലാകുന്നുമില്ല. ഈ അവസരത്തിൽ വേടന്മാർ ഓടി എത്തി അതിനെ ബന്ധിക്കുന്നു.

ബന്ധമധികമധികം മുറുകുന്നതല്ലാതെ അയയുന്നില്ല. മായ ജീവനെ ബന്ധിച്ചുകഴിഞ്ഞാൽ ഉൾഭാഗമെല്ലാം ഇരുൾ മൂടുന്നതുനിമിത്തം കെട്ടഴിക്കേണ്ട വഴി കണ്ടുപിടിക്കാൻ സാധിക്കാതെയാകുന്നു. ദൈവേച്ഛയാ ഇപ്രകാരം ഒരു ബന്ധം ഭവിച്ചുപോയെങ്കിൽ മോചനമാർഗ്ഗം സുഗമമല്ല. പരമാഭ്യാസംകൊണ്ടു സാധിക്കേണ്ടതൊന്നാണ്. ഹരിയുടെകരുണയാൽ പൂർവ്വപുണ്യപ്രേരണനിമിത്തം സാത്വികശ്രദ്ധ ഹൃദയത്തിൽ കടന്നുകൂടുന്നു. ആ ശ്രദ്ധയെ ഒരു ധേനുവായികല്പിക്കതന്നെ. അതു് തപോവ്രതജപയമനിയമാദിധർമ്മാചാരങ്ങളാകുന്ന പുൽത്തകിടിയിൽ മേയുന്നു. ഭാവശുദ്ധിഎന്ന വത്സത്തെ പ്രസവിച്ചു് അകിടിൽ പാൽനിറയ്ക്കുന്നു. അതിന്റെ കെട്ടുകയറു നിവൃത്തിയും പാൽക്കഴ വിശ്വാസവുമാകുന്നു. നിർമ്മലമനസ്സാണ് തീററിപ്പോററുന്ന കാലിക്കാരൻ. പാൽ ധർമ്മരൂപമാണ്. അതിനെ കറന്നെടുത്തു അകാമാഗ്നിയിൽ തിളപ്പിക്കുന്നു. മനസ്സമാധാനവായു സഹനവീജനത്താൽ അതിനെ ആറിക്കുന്നു. ദൃഢനിശ്ചയമാകുന്ന ഉറ വീഴ്ത്തി തൈരാക്കി വിവേകപാത്രത്തിൽ പകർന്നു് സന്തൃപ്തിയാകുന്ന ഗൃഹമേധിനി ദമമന്ഥദണ്ഡത്തിൽ സത്യസുഖാത്മകമായ കയർ കെട്ടിക്കടഞ്ഞു് വിമലവൈരാഗ്യപ്പുതുവെണ്ണ എടുക്കുന്നു. പിന്നീട് ബുദ്ധിശുഭാശുഭകർമ്മവിറകിട്ടു് യോഗാഗ്നി കൊളുത്തി വെണ്ണയിലെ മമതാജലാംശം മാററി പരിശുദ്ധാജ്യമാക്കുന്നു. ജ്ഞാനനാഥനായി ബുദ്ധ മനോവിളക്കിൽ ആ നെയ്യ് വീഴ്ത്തി സമദർശനവേദിയിൽ വെയ്ക്കുന്നു. അനന്തരം ജാഗ്രൽസ്വപ്നസുഷുപ്ത്യവസ്ഥകളും സത്വരജസ്തമസ്സുകളുമാകുന്നപഞ്ഞിയിൽനിന്നു തുരീയാവസ്ഥയെന്ന തിരിതെരുത്തു് വിജ്ഞാനാഗ്നി കൊളുത്തുന്നു. ചുററിപ്പറന്നെടുക്കുന്ന മദാദിശലഭങ്ങൾ ക്ഷണേന അതിൽ ദഹിച്ചുപോകുന്നു. പ്രചണ്ഡമായ ദീപശിഖ 'ബ്രഹ്മാസ്മി' എന്ന അഖണ്ഡമനോവൃത്തിയാകുന്നു. അതിന്റെ പ്രകാശം ആത്മാനുഭവസുഖമത്രേ. സംസാരഹേതുക്കളായ ഭേദഭ്രമങ്ങൾ തുടങ്ങിയ പരിവാരങ്ങളോടുകൂടി ഭരണം നടത്തുന്ന അജ്ഞാനാന്ധകാരത്തെ നിശ്ശേഷം അതു നശിപ്പിക്കുന്നു. ഇങ്ങനെ വെളിച്ചം കിട്ടിക്കഴിയുമ്പോൾ ഗൃഹനാഥനായ ബുദ്ധി മേൽ പറഞ്ഞകെട്ട് അഴിക്കാൻ ശ്രമിച്ചുതുടങ്ങുന്നു. കെട്ടഴിക്കാൻ സാധിച്ചുവെങ്കിൽ ജീവൻ കൃതാർത്ഥനായി. ഈ ആരംഭം മായയ്ക്കു മനോഭംഗകരമായി ഭവിക്കും. അവൾ അനേകവിഘ്നദേവതകളെ വ്യാമോഹിപ്പിക്കാൻ നിയോഗിച്ചയയ്ക്കും. ബലംകൊണ്ടായാലും ഛലംകൊണ്ടായാലും ആ ദേവതകൾ മെല്ലെ അടുത്തുകൂടി വിളക്ക് ഊതി അണയ്ക്കാൻ ശ്രമിക്കും. ബുദ്ധി വിവേകിയാണെങ്കിൽ ഇവരുടെ ദുരുദ്ദേശം മനസ്സിലാക്കി വിളക്ക് അണയാതെ ഇരിക്കാൻ വേണ്ട വഴികൾ നോക്കിക്കൊള്ളും. ആ ബാധകൾ പരാജിതരായാൽ ഉടനേ, ഉപദ്രവിക്കാൻ ദേ

വന്മാർ സന്നദ്ധരായിക്കഴിയും. അവർ ഇന്ദ്രിയദ്വാരങ്ങളിൽ സ്ഥലം പിടിച്ച് വല്ല ദിക്കിൽനിന്നും വിഷയക്കാററു വീശുന്നതു കണ്ടാൽ ഉടനേ വാതലുകൾ തുറന്നുകൊടുക്കും. അതുവഴി ഉള്ളിൽകടന്ന് വിളക്കു അണയ്ക്കട്ടെ എന്നായിരിക്കുമഭിപ്രായം. ആ വായു ഹൃദയഭവനത്തിൽ കടന്നാൽ വിജ്ഞാനദീപം പൊലിഞ്ഞുപോകുമെന്നുള്ളതും നിശ്ചയമാണ്. പൊലിഞ്ഞുകഴിഞ്ഞാൽ പിന്നെ കെട്ടഴിക്കുക സാദ്ധ്യമാകയില്ല. വിഷയക്കാററുതട്ടുന്ന മാത്രയിൽ ബുദ്ധി വികലമായി ഭ്രമിച്ചുപോകും. സുരപ്രേരിതങ്ങളായ ഇന്ദ്രിയങ്ങൾ ഒരിക്കലും ജ്ഞാനപ്രകാശകങ്ങളല്ല. സദാ വിഷയഭോഗങ്ങളിൽ പ്രീതി ഉള്ളവയാണെന്നു സിദ്ധവുമത്രേ. വിഷയസമീരനാൽ ബുദ്ധി മന്ദീഭവിച്ചുപോയാൽ മുമ്പിലെപ്പോലെ ആ വിളക്ക് കത്തിക്കാൻ കർത്താവില്ലാതെയാകും. ജീവൻ പിന്നെയും പലവിധത്തിലുള്ള സംസാരക്ലേശങ്ങൾക്കധീനനായും തീരും.

ഹേ വൈനതേയ! ഹരിമായ ആരാലും ദുസ്തരതന്നെയാണ്. പറവാനൊ അറിവാനൊ ശീലിക്കാനൊ പ്രയാസമുള്ള ഒന്നാണ് ജ്ഞാനം. ഘുണാക്ഷരന്യായേന വല്ലവരുടേയും ഹൃദയത്തിലൊന്നു പ്രകാശിച്ചാൽതന്നെ വഴിതടുക്കാൻ അനേക വിഘ്നങ്ങൾ കടന്നുകൂടും. ജ്ഞാനമാർഗ്ഗം വാൾവായ്ത്തലപോലെ തീവ്രമാണ്. വശംതെററി അതിൽ വീണുപോയാൽപിന്നെ രക്ഷയില്ല. വല്ലവിധവും ക്ലേശങ്ങൾസഹിച്ച് ആ മാർഗ്ഗം കടന്നുകൂടിയാൽ പരമമായ കൈവല്യപദം പ്രാപിക്കാവുന്നതാണ്. ആ പദം സുദുർല്ലഭമാണെന്നുതന്നെ സാധുക്കളും വേദങ്ങളും പറയുന്നു. ആഗ്രഹിച്ചില്ലെങ്കിലും മുക്തിയെ പ്രദാനംചെയ്യുന്ന ഒന്നാണ് രാമഭക്തി. കോടപ്രയത്നങ്ങൾ ചെയ്താലുംശരി, സ്ഥലമില്ലാതെ ജലമിരിക്കയില്ല. അതുപോലെ ഹരിഭക്തിയുടെ അഭാവത്തിൽ മോക്ഷസുഖം ഭവിക്കയില്ല. ഈ വസ്തുത മനസ്സിലാക്കിയാണ് ഉത്തമഭക്തന്മാർ മുക്തിയെ നിരാദരിച്ചും ഭക്തിയെ അഭിലഷിക്കുന്നത്. ഭക്തി സംസൃതിക്കു ഹേതുവായ അവിദ്യയെ നിഷ്പ്രയാസം നശിപ്പിക്കുന്നു. ഭോജനം ദുഃഖശാന്തിക്കു മാത്രംവേണ്ടി കഴിക്കുന്നതാണ്. എന്നാൽ ഭുജിക്കപ്പെട്ട സാധനങ്ങളെ ദഹിപ്പിച്ചു ദേഹത്തെ സുഖിപ്പിക്കുന്നത് ജഠരാഗ്നിയാണ്. അതുപോലെ ഹരിഭക്തി സങ്കടനിവൃത്തിക്കുവേണ്ടി അനുഷ്ഠിക്കുന്നതാണെങ്കിലും ദുഃഖാഭാവത്തിലുദിക്കുന്ന ആനന്ദം മനസ്സിനെ സുഖിപ്പിക്കുന്നു. അഴിവില്ലാത്ത ആ സുഖത്തെ അഭിലഷിക്കാത്തവർ എത്രയൊ മൂഢന്മാരാണ്. സേവ്യനായ ദേവൻെറ കാരുണ്യമില്ലാതെ സേവകന്മാക്കു സംസാരനിവൃത്തി ഭവിക്കുന്നില്ല. ഈ സിദ്ധാന്തം അനുസ്മരിച്ചു സദാ രാമപാദങ്ങളെത്തന്നെ ഭജിക്കേണ്ടതാണ്. ചേതനത്തെ ജഡമാക്കാനൊ ജഡത്തെ ചേതനമാക്കാ

നൊ ഉള്ള ശക്തി രഘുനാഥനുണ്ട്. അദ്ദേഹത്തെ ഭജിക്കാൻ സംഗതിയാകുന്നവർ ഭാഗ്യശാലികളാണ്.

ഇനി ഭക്തിരത്നത്തിന്റെ പ്രഭാവം കേൾക്കൂ. രാമഭക്തിയാകുന്ന രമണീയചിന്താമണി അധിവസിക്കുന്ന ഹൃദയം നിർഭേദമായി രാപ്പകൽ വിളങ്ങിക്കൊണ്ടിരിക്കുന്നു. എപ്പോഴും പ്രകാശം വീശുന്ന ഒരു രത്നവിളക്കാണത്. ആ വിളക്കിന് എണ്ണയോ തിരിയോ ആവശ്യമില്ല. മോഹം, ദാരിദ്ര്യം ഇത്യാദി നിഴലുകൾ അതിനെ സമീപിക്കപോലുമില്ല. ലോഭക്കാററ് അകത്തു കടന്ന് അതിനെ അണയ്ക്കുന്നില്ല. പ്രബലമായ അവിദ്യാതമസ്സിനെ നിശ്ശേഷമകററി കാമരാഗാദിശലഭങ്ങളെ അതു ദഹിപ്പിക്കുന്നു. വിഷത്തെ അമൃതാക്കാനും ശത്രുവെ ബന്ധുവാക്കാനും അതിന്റെ പ്രകാശത്തിനു ശക്തിയുണ്ട്. ഈ രത്നവിളക്കു കൊളുത്താത്ത മനസ്സിൽ സുഖത്തിനു സ്ഥാനമേയില്ല. മനുഷ്യരെ നരകിപ്പിക്കുന്ന രോഗാദിദുഃഖങ്ങളും വ്യഥകളും ഭക്തന്മാർക്കുണ്ടാകയില്ല. ദുഃഖലേശംപോലും സ്വപ്നത്തിലുമവരെ ബാധിക്കയില്ല. ലോകത്തിൽ സർവ്വസാധാരണമായി ഈ രത്നം കിടപ്പുണ്ടെങ്കിലും രാമകൃപയില്ലാത്തവരുടെ കണ്ണിൽ അതു് അകപ്പെടുകയില്ല. കണ്ടുപിടിക്കാനുള്ള മാർഗ്ഗം സുലഭവും സുഗമവുമാണ്. എന്നാൽ ഹതഭാഗ്യന്മാർ അതിൽ കടക്കാതെ വഴി തെററി അലയുന്നു. വേദപുരാണപർവ്വതങ്ങളിലുള്ള രാമചരിതഖനികളിൽ സാധുക്കളാകുന്ന രത്നാന്വേഷകന്മാർ ഗുരൂപദേശമൺവെട്ടിയുമായിറങ്ങി ജ്ഞാനവൈരാഗ്യമിഴികളാൽ നോക്കി സർവ്വസുഖദമായ ഭക്തിരത്നത്തെ കരസ്ഥമാക്കുന്നു.

സഖേ! എനിക്കൊരു കാര്യം വിശ്വാസമുണ്ട്. അതായതു രാമനേക്കാൾ അധികൻ രാമദാസനാണ്. രാമൻ സമുദ്രവും ധീരന്മാരായ ഭക്തജനങ്ങൾ മേഘങ്ങളുമാണ്. അഥവാ രാമൻ ചന്ദനവൃക്ഷവും സാധുക്കൾ അതിന്റെ സുഗന്ധത്തെ പരത്തുന്ന വായുക്കളുമാണ്. സർവ്വഫലദമായ രാമഭക്തി സാധുസംഗമില്ലാതെ ആർക്കും ലഭിക്കുന്നില്ല. ഈ തത്വം മനസ്സിലാക്കി സൽസംഗം ആരു ചെയ്യുന്നുവോ അവർക്കു രാമഭക്തി സുലഭമാകുന്നു. ബ്രഹ്മത്തെ പാലാഴിയായി കല്പിക്കുന്നപക്ഷം ജ്ഞാനം മന്ദരപർവ്വതവും സാധുക്കൾ ദേവന്മാരുമാകുന്നു. ഭക്തിരസമധുരിമയോടുകൂടിയ രാമകഥാമൃതം അവർ കടഞ്ഞെടുത്തു ജ്ഞാനഖഡ്ഗവും വൈരാഗ്യചർമ്മവും ആയുധമാക്കി ലോഭമോഹാദ്യാസുരശത്രുക്കളെ ജയിക്കുന്നു.

ഭക്തിമാർഗ്ഗപ്രസ്താവം കേട്ട് കുതുകിയായ വൈനതേയൻ

പ്രേമപൂർവ്വം ചോദിച്ചു. നാഥ! എന്നെ പാദസേവകനായിക്കരുതി എന്റെ ഏതാനും ചോദ്യങ്ങൾക്കു മറുപടി പറയുമൊ? (1) ഏതൊരു ശരീരമാണേററവും ദുർല്ലഭമായിട്ടുള്ളതു്?. (2) ഏററവും കഠിനമായ ദുഃഖം ഏതാണു്?. (3) സർവോൽകൃഷ്ടമായ സുഖം ഏതാണു്?. (4) സത്തുക്കളുടേയും അസത്തുക്കളുടേയും സാമാന്യലക്ഷണം എന്തു്?. (5) വേദവിധിപ്രകാരമുള്ള വിശിഷ്ടപുണ്യമേതു.?. (6) കഠിനപാപവും ഏതു്. (7) മനസ്സിനെ ബാധിക്കുന്ന രോഗങ്ങൾ ഏവ? ദയാപൂർവം എന്റെ ഈ ഏഴു സംശയങ്ങളും നിവർത്തിപ്പിക്കണം.

ഭുസുണ്ഡിപറഞ്ഞു:-വത്സ! നിന്റെ ചോദ്യങ്ങൾക്കു സംക്ഷേപമായി ഞാൻ മറുപടി പറയാം. (1) മനുഷ്യശരീരമാണു് ഏററവും ഉൽകൃഷ്ടം. സകല ചരാചരങ്ങളും ആഗ്രഹിക്കുന്നതും അതൊന്നു തന്നെ. നരകത്തിലോ സ്വർഗ്ഗത്തിലോ മോക്ഷപദത്തിലോ കടന്നുകയറാനുള്ള നിശ്രേണിയും ജ്ഞാനവൈരാഗ്യഭക്തികളെ പ്രദാനം ചെയ്യുന്ന ഉദാരപാണിയും അതുതന്നെ. ആ ശരീരം ലഭിച്ചിട്ടും ഹരിയെ ഭജിക്കാതെ വിഷയരതന്മാരായി കഴിയുന്ന മന്ദബുദ്ധികൾ കയ്യിൽ കിട്ടിയ ചിന്താമണി ദൂരെത്തെറിഞ്ഞു കണ്ണാടിച്ചില്ലി കൈക്കലാക്കുന്ന ദുർഭഗന്മാരാണു്. (2) ലോകത്തിൽ വച്ചു വലുതായുള്ളതു് ദാരിദ്ര്യദുഃഖംതന്നെ എന്നു പ്രസിദ്ധം. (3) വലുതായ സുഖം സാധുക്കളോടുള്ള സംസർഗ്ഗമാണു്. അമൃതു കുടിച്ചാൽ തന്നെയും അത്ര പരമമായ നിർവൃതി ലഭിക്കയില്ല, (4) മനസാ വാചാ കർമണാ പരോപകാരം ചെയ്യുക സാധുക്കളുടെ ലക്ഷണമാകുന്നു. അവർ പരഹിതത്തിനു വേണ്ടി ദുഃഖം സഹിക്കുന്നു. ആപത്തിൽ പരന്മാരെ സഹായിക്കാൻ ക്ലേശം സഹിക്കുന്ന ഭൂർജ്ജവൃക്ഷത്തെപ്പോലെ അവർ പ്രവർത്തിക്കുന്നു. അസത്തുകൾ അന്യന്മാരെ ബന്ധിക്കുന്നതിനു പുറന്തൊലി പൊളിച്ചുകൊടുത്തു അതുനിമിത്തം വരണ്ടു നശിച്ചുപോകുന്ന ചണമരംപോലെയാണു്. പരോപദ്രവമല്ലാതെ അവർ ചെയ്യുകയില്ല. തനിക്കു ലാഭമില്ലാത്ത കാര്യത്തിലും അന്യന്മാർക്കപകാരം ചെയ്യുന്ന സർപ്പത്തെയും എലിയെയുംപോലെയാണു് ആ ദുഷ്ടന്മാർ. വിളവു നശിപ്പിച്ചിട്ടു് അലിഞ്ഞുപോകുന്ന മഞ്ഞുകട്ടികൾപോലെ തങ്ങൾ നശിച്ചാലും അന്യന്മാരെ നശിപ്പിക്കണമെന്നാണു് അവരുടെ പക്ഷം. അവരുടെ ഹൃദയമൊ, ലോകവിപത്തിനു ഹേതുഭൂതമായ ധൂമകേതൂദയംപോലെ ശപിക്കപ്പെട്ടതാണു്. സാധുഹൃദയം ഇരുളകററി കുളിർക്കതിരുകൾ പരത്തുന്ന ചന്ദ്രബിംബംപോലെ സുഖകരമായിരിക്കും (5) പരമമായ ധർമ്മം അഹിംസ ഒന്നുതന്നെ എന്നു വേദം പറയുന്നു. (6) യേനകേനപ്രകാരേണ പരഹിംസ ചെയ്യുന്നതത്രെ കഠിനപാപം. അന്യന്മാരെ നിന്ദിക്കയോ ദ്രോഹ,

ക്കയോ ചെയ്യുന്നവൻ മഹാപാപിയാണെന്നു സിദ്ധാന്തന്നെ. പാപികളുടെ ചില നരകക്രമങ്ങളും ഞാൻ ചുരുക്കിപ്പറയാം. ഹരിയേയൊ ഗുരുവേയോ നിന്ദിക്കുന്ന അധമൻ ആയിരം ജന്മം തവളയായി ജനിക്കുമത്രെ. ബ്രാഹ്മണനിന്ദകൻ പലകാലം നരകംഭുജിച്ചുവന്നു കാക്കയായും ജനിക്കും. അഭിമാനത്താൽ ദേവന്മാരേയോ വേദങ്ങളേയോ നിന്ദിക്കുന്നവൻ രൌരവമഹാനരകത്തിൽ പതിക്കും. സാധുദ്രോഹി ജ്ഞാനസൂര്യനെ ഭയപ്പെട്ട് മോഹരാത്രിയെ ഇഷ്ടപ്പെട്ടവനായി മൂങ്ങആയി ജനിക്കും. എല്ലാവരേയും നിന്ദിക്ക ശീലമുള്ള ചിലർ പല ജന്മം കടവാതിലായി ഭവിക്കും. (7) സകല വ്യാധികൾക്കും മൂലകാരണമായ മനോരോഗങ്ങളെ പറയാം. കാമവാതവും ലോഭശ്ലേഷ്മവും ക്രോധപിത്തവും ഏകപാദേ കോപിച്ച് ഹൃദയത്തെ കലുഷമാക്കി സന്നിപാതാവസ്ഥയിൽ എത്തിക്കുന്നു. ദുർഗ്ഗമങ്ങളായ അനവധി വിഷയമനോരഥങ്ങൾ പലവിധത്തിൽ വേദനകൾ ഉണ്ടാക്കുന്നു. മനശ്ശരീരത്തിലുദയംചെയ്യുന്ന മമത, ഈർഷ്യ, സന്തോഷവിഷാദങ്ങൾ, അന്യസമ്പത്തു കണ്ടാൽ സഹിക്കായ്ക, കുടിലത, അഹങ്കാരം, ഡംഭം, കപടം, മദം, മാനം, തൃഷ്ണ, ഏഷണാത്രയം, മത്സരം, അവിവേകം ഇത്യാദി വികാരങ്ങളെ വട്ടപ്പുണ്ണ്, ചൊറി, വാതകോപം, രാജയക്ഷ്മാവ്, കുഷ്ഠം, ഇങ്ങനെ ഓരോ രോഗങ്ങളായി യഥാക്രമം കല്പിക്കാവുന്നതാണു. ഇങ്ങനെ അസംഖ്യം നിന്ദ്യരോഗങ്ങൾ മനസ്സിനെ ബാധിച്ചിട്ടുണ്ടെന്നു സ്പഷ്ടമായല്ലൊ. അവ മുഴുവൻ ഇവിടെ വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല. മനുഷ്യനെ മരിപ്പിക്കാൻ ഒരു വ്യാധിമതി ആ നിലയിൽ അസാധ്യങ്ങളായ പല വ്യാധികൾ ഒരേസമയത്തു് പിടിപെട്ടാൽ എത്ര സുഖംകാണുമെന്നു പറവാനുണ്ടോ? ജപം, ജ്ഞാനം, യജ്ഞം, ദാനം, ധർമ്മം, ആചാരം, നിയമം, തപം ഇങ്ങനെ കോടികോടി ഔഷധങ്ങൾ ഉണ്ടെങ്കിലും രോഗങ്ങൾക്കു തെല്ലും ഫലപ്പെട്ടുകാണുന്നില്ല. ലോകത്തിലെ എല്ലാ ജീവികളും പ്രായേണ മനോരോഗങ്ങളാൽപീഡിതരാണ്. അവയിൽ ചിലതുമാത്രമേ ഞാൻ പറകയുണ്ടായുള്ളൂ. എന്നാൽ ഈ രോഗബാധ കണ്ടുപിടിക്കുന്നവർ ചുരുക്കമാണ്. കണ്ടുപിടിച്ചുകഴിഞ്ഞാൽ ഏതാണ്ടൊരു ശമനം കിട്ടുമെങ്കിലും നിശ്ശേഷം ശമിക്കയില്ല. വിഷയദുർമ്മാർഗ്ഗത്തിൽ കാലൂന്നിപ്പോയാൽ മുനിമാരെപ്പോലും അതു പീഡിക്കാതെവിടുകയില്ല. രാമകൃപയുണ്ടെങ്കിൽ താഴെ പറയുംപ്രകാരം ചികിത്സനടത്തിയാൽ നിശ്ശേഷശമനംകിട്ടും. സൽഗുരുവിനെ വൈദ്യനായി സ്വീകരിക്കണം. ഉപദേശമാകുന്ന വിശ്വാസം, വിഷയാശാനിവൃത്തി എന്ന സംയമം രാമഭക്തിയാകുന്ന ജീവനൌഷധം, ശ്രദ്ധാത്മകമായ അനുപാനം ഇവകൊണ്ടു ചികിത്സിപ്പിക്കണം. എന്നാൽ രോഗങ്ങൾ എളുപ്പത്തിൽ ഭേദപ്പെടുന്നതാ

ൺ്- അല്ലാത്തുള്ളവൎക്ക സകല ശ്രമങ്ങളും വിഫലീഭവിക്കതന്നെ ചെയ്യും. വിഷയാശകളെ മാററി സദ്‌വിഷയങ്ങളിൽ താല്പൎയ്യത്തോടുകൂടി ദൃഢവൈരാഗ്യവും അതിനെ നിലനിറുത്തത്തക്ക മനോബലവും എപ്പോഠം ഉദിക്കുന്നുവോ അപ്പോഠം മനസ്സിന്ന ആരോഗ്യസ്ഥിതി കല്പിക്കാവുന്നതാണ്. ജ്ഞാനരസം ഉടനേ ഊറി ഉയൎന്നു പൊങ്ങി മനസ്സിനെ കുളിപ്പിച്ചു ശുദ്ധമാക്കും. രാമഭക്തിയാകുന്ന അമൃതപാനത്തിന്ന സംഗതിയാക്കുകയും ചെയ്യും. രാമപാദപങ്കജത്തെ സ്നേഹിക്കുക എന്നു ബ്രഹ്മവിചാരവിശാരദന്മാരായ ബ്രഹ്മാവും ശിവനും ശുകസനകാദി മഹൎഷിമാരും സിദ്ധാന്തിക്കുന്നു. രഘുരാജഭക്തി ലഭിക്കാതെ സുഖപ്രാപ്തിയുണ്ടാകയില്ലെന്നുള്ളതു് വേദപുരാണപ്രസിദ്ധമായ ഒരു വാസ്തവമാകുന്നു. ആമത്തോട്ടിൻപുറത്തു വെള്ളം ഒഴിച്ചാൽ ഒലിച്ചുപോകാതെ നിറുത്താം. വന്ധ്യാപുത്രനെ കണ്ടുകൂടി വധിക്കാം. ആകാശപുഷ്പങ്ങഠം ഇറുത്തെടുക്കാം. എന്നാൽതന്നെയും ഹരിഭക്തിയില്ലാതെ സുഖിക്കാൻ സാധിക്കയില്ല. കാനൽവെള്ളം കുടിച്ചു ദാഹം ശമിപ്പിക്കാം. മുയലിൻെറ കൊമ്പും അന്വേഷിച്ചു കണ്ടുപിടിക്കാം. അന്ധകാരം സൂൎയ്യപ്രഭയെ ആക്രമിക്കാം. എന്നാലും രാമവിമുഖന്ന സുഖം ലഭിക്കാൻ പ്രയാസമായിരിക്കും. മഞ്ഞുകട്ടയിൽ അഗ്നി കത്തുന്നതുപോലെയാണ രാമവിരോധിയിൽ സുഖം കല്പിക്കുന്നതു്. വെള്ളം കടഞ്ഞു വെണ്ണ എടുക്കാം. മണൽ ആട്ടി എണ്ണ എടുക്കാം. എന്നാലും ഹരിഭജനത്തോടുകൂടാതെ സംസാരസമുദ്രം ലംഘിക്കാവതല്ല സൎവ്വസമ്മതമായ സിദ്ധാന്തമാണിതു്. പ്രഭു വിചാരിച്ചാൽ ഒരു മശകത്തെ ബ്രഹ്മാവാക്കാം. ബ്രഹ്മാവിനെ മശകത്തെക്കാഠം ലഘുപ്രാണിയുമാക്കാം. ഈ വസ്തുത മനസ്സിലാക്കി സന്ദേഹങ്ങളകററി ബുദ്ധിമാന്മാർ രാമഭജനം ചെയ്യുന്നു. ഞാനൊരു സിദ്ധാന്തം പറയാം. അതു് അന്യഥാ ഭവിക്കുമെന്നു ശങ്കവേണ്ട. ഹരിയെ ആരു ഭജിക്കുന്നോ അവൻ ദുസ്തരസംസാരസമുദ്രം തരിക്കുന്നു.

പക്ഷിരാജ! ഞാൻ യഥാമതി അനുപമമായ ഹരിചരിതം വിസ്തരിച്ചോ ചുരുക്കിയോ കേഠംപ്പിച്ചു. വേദങ്ങളിലെ ഏകസിദ്ധാന്തം സൎവ്വകാമങ്ങളുമുപേക്ഷിച്ചു രാമഭജനം ചെയ്യണമെന്നാണ്. എന്നെപ്പോലെ നികൃഷ്ടനായ ഒരുത്തനിൽതന്നെയും കരുണകാണിച്ച ഭക്തവത്സലനായ പ്രഭുവിനെ ഭജിക്കാനെന്തുകൊണ്ടു മടിക്കുന്നു? മററാരെയാണ ഭജിക്കാൻ പോകുന്നതു്. സഖേ! താങ്കഠം വിജ്ഞാനസ്വരൂപനാണ്. മോഹലേശംപോലുമില്ലാത്ത വിശുദ്ധൻ. എന്നെ അനുഗ്രഹിക്കാൻവേണ്ടി മാത്രം ശംഭുശുകസനകാദിഭാവിതമായ രാമചരിതം ചോദിച്ചതാണ്. ഒരിക്കൽ ഒരു നിമിഷമെങ്കിലും സ

ൽസംഗം ലഭിക്കുക എളുപ്പമല്ല. താങ്കൾ വിചാരിച്ചു നോക്കുക. ഞാനിതാ രഘുപതിഭജനത്തിനധികാരിയായി. അപാവനനായ ഒരു ശകുനാധമനെങ്കിലുമെന്നെ സ്വാമി ജഗൽപാവനനാക്കിച്ചെയ്തു. സ്വസേവകനാക്കിക്കരുതി സജ്ജനസമാഗമവും നൽകുക കൊണ്ടുഹീനനായ ഞാൻ ധന്യധന്യനായി തീൎന്നു. നാഥ! രാമചരിതസമുദ്രത്തിന്റെ ആഴമളക്കാൻ ആൎക്കുതന്നെ സാധിക്കും. ഞാൻ യഥാമതി ഏകദേശത്തെ അവഗാഹിച്ചു എന്നേ ഉള്ളു. (രാമന്റെ ഗുണഗണങ്ങൾസ്മരിക്കുംതോറും ഭുസുണ്ഡിയുടെഹൃദയംആനന്ദിച്ചു.) വേദങ്ങൾക്കുതന്നെ വൎണ്ണിക്കാൻ വാക്കില്ലാത്ത മഹിമയോടുകൂടിയ ബലപ്രതാപനിധിയായ പ്രഭു, ബ്രഹ്മേശപൂജ്യനായ രഘുപതി, എന്നിൽക്കരുണ കാണിച്ചുവല്ലൊ. ഇതുപോലെ മൃദുലസ്വഭാവം ഞാനാൎക്കും കണ്ടിട്ടും കേട്ടിട്ടുമില്ല. സ്വാമിരാമചന്ദ്രനെ ആരോടാണുഞാനുപമിക്കേണ്ടതു്. സാധകൻ, സിദ്ധൻ, വിമുക്തൻ, ഉദാസീനൻ, കവി, പണ്ഡിതൻ, സന്യാസി, യോഗി, താപസൻ, ജ്ഞാനി, വിജ്ഞാനി, ധൎമ്മിഷ്ഠൻ ഇവരാരും സ്വാമിയെ ഭജിക്കാതെ രക്ഷപ്രാപിക്കുന്നില്ല. ഞാനിതാ വീണ്ടും വീണ്ടും രഘുനാഥപാദങ്ങളിൽ നമസ്കരിക്കുന്നു. എന്നെക്കാൾ പാപരാശിയായയവനെത്തന്നെയും ശരണാഗതനാണെന്നു കണ്ടാൽ വിശുദ്ധീകരിക്കുന്ന അവിനാശിയായ ആ ഭഗവാനെ നമസ്കരിക്കുന്നു. ആരുടെ നാമമാണോ ഭവഭേഷജമായി വിളങ്ങുന്നതു്, താപത്രയത്തെയും ഹരിക്കുന്നതു്, ആ ദയാനിധി എനിക്കും താങ്കൾക്കും അനുഗ്രഹം നൽകട്ടെ-

ഭുസുണ്ഡിയുടെ രമണീയവാക്കുകൾ കേൾക്കുകയും രാമപാദങ്ങളിലെ അകളങ്കഭക്തി കാണുകയും ചെയ്തപ്പോൾ ഗരുഡൻ വിഗതമോഹസന്ദേഹനായി മധുരസ്വരത്തിൽ പറഞ്ഞു. നാഥ! താങ്കളുടെ മുഖത്തുനിന്നും ഭക്തിരസരഹസ്യം കേൾക്കയാൽ ഞാൻ കൃതാൎത്ഥനായി. മായാജനിതമായ വിപത്തെല്ലാം ശമിച്ചു. രാമചരണങ്ങളിൽ നൂതനരതി ഉദിച്ചു. എന്നെ മോഹജലധി കടത്തിവിട്ടു സുഖദാനം ചെയ്ത ലഘുപോതമാണു താങ്കൾ എന്തൊരു പ്രത്യുപകാരമാണു ഞാൻ ചെയ്യുക. വീണ്ടും വീണ്ടും നമസ്കരിക്കതന്നേ കഴിയൂ. രാമഭക്തിയാൽ താങ്കൾ അന്യാദൃശമഹിമാവാണു്. സാധുക്കൾ, വൃക്ഷങ്ങൾ, നദികൾ, മലകൾ എന്നല്ല ഭൂമിതന്നെയും പരഹിതത്തിനായി ഭവിക്കുന്നു. സാധുക്കളുടെ ഹൃദയം വെണ്ണപോലെയാണെന്നു കവികൾ പറയുന്നു. ഈ ഉപമയ്ക്കു ധൎമ്മസാമ്യമുണ്ടെന്നു തോന്നുന്നില്ല തനിയ്ക്കു താപമേൽക്കുമ്പോഴത്രേ വെണ്ണയുരുകുന്നതു്. സജ്ജനഹൃദയം അന്യതാപം കാണുമ്പോൾ ഉരുകുന്നു. താങ്കളുടെ പ്രസാദത്താൽ എന്റെ സന്ദേഹമോഹങ്ങൾ അ

സ്തുമിച്ചു. ജന്മവും ഫലിച്ചു. നാഥ! എന്നെ അങ്ങേ പാദസേവകനായി ഗണിക്കണമേ!

ഇങ്ങനെ അഭ്യൎത്ഥിച്ചു വണങ്ങിക്കൊണ്ടു് വ ഹംഗരാജൻ രാമധ്യാനത്തോടുകൂടി വൈകുണ്ഠത്തിലേക്കു പോയി. ഭദ്രേ ഭവാനി! സൽസംഗംപോലെ വലുതായ ഒരനുഗ്രഹമില്ല. ഹരികാരുണ്യമില്ലാതെ അതു ലഭിക്കയുമില്ല.

ഞാൻ രാമചരിതം മുഴുവൻ പറഞ്ഞുകഴിഞ്ഞു. ഈ ദിവ്യചരിത്രം ശ്രോതാക്കളുടെ ഭവപാശത്തെ ഖണ്ഡിക്കുന്നതും ഭക്തന്മാൎക്കു കാമിതത്തെ നൽകുന്ന കല്പവൃക്ഷവുമാണു്. സശ്രദ്ധം ഈ ചരിത്രം കേട്ടാൽ മനസാ വാചാ കൎമ്മണാ സംഭവിച്ചിട്ടുള്ള പാപങ്ങൾ നശിക്കും. തീൎത്ഥാടനവും സാധനകളും യോഗവൈരാഗ്യജ്ഞാനങ്ങളും നാനാകൎമ്മധൎമ്മവ്രതദാനങ്ങളും സംയമനിയമയജ്ഞജപങ്ങളും ഗുരുബ്രാഹ്മണഭക്തിയും ഭൂതാനുകമ്പയും വിദ്യാ വിനയം വിവേകം ഇതുകളും എന്നുവേണ്ട, വേദവിഹിതങ്ങളായ സകല അനുഷ്ഠാനങ്ങളും രാമഭക്തിയാകുന്ന ഒരേ ഫലത്തെത്തന്നെ ചെയ്യുന്നു. അതു് അപൂൎവ്വം ചിലൎക്കുമാത്രം രാമകൃപകൊണ്ടു് സിദ്ധിക്കുന്നതുമാണു്. മുനിമാൎക്കുപോലും ദുൎല്ലഭമായ രാമഭക്തി ഇക്കാലത്തു പ്രയാസംകൂടാതെ സമ്പാദിക്കാൻ ഒരു മാൎഗ്ഗമുണ്ടു്. വിശ്വാസപൂൎവ്വം നിരന്തരമായി രാമകഥാശ്രവണം ചെയ്താൽ മതി. രാമചരണങ്ങളിൽ മനോരതിയോടു കൂടിയവനാണു സൎവ്വജ്ഞൻ. ഗുണവാനും, ജ്ഞാനിയും, പണ്ഡിതനും, ദാനശീലനും, ധൎമ്മപരായണനും, വംശരക്ഷകനും, ഭൂമിക്കലങ്കാരഭൂതനുമവൻതന്നെ. നീതിനിപുണനും ബുദ്ധിശാലിയും അവൻതന്നെ. ശ്രുതിസിദ്ധാന്തം പരമാൎത്ഥത്തിൽ അറിയുന്നവനും കവികോവിദനും രണധീരനും അകളങ്കമായി രാമചന്ദ്രനെ ഭജിക്കുന്നവൻതന്നെ. പതിവ്രതയായ സ്ത്രീ ഉത്തമയാണു്. ഗംഗാനദി ഒഴുകുന്ന ദേശം പരിശുദ്ധമാണു്. നീതിയെ ലംഘിക്കാതെ ഭരിക്കുന്ന രാജാവു് ഉത്തമനാണു്. ധൎമ്മത്തെ അനുഷ്ഠിക്കുന്ന ബ്രാഹ്മണൻ ധന്യനാണു്. സൽക്കാൎയ്യങ്ങളിൽ വിനിയോഗിക്കുന്ന ധനം ശ്രേഷ്ഠമാണു്. ഭക്തിയെ അഭ്യസിക്കുന്ന ബുദ്ധി ധന്യധന്യമാണു്. സൽസംഗം ലഭിക്കുന്ന കാലം പുണ്യകാലമാണു്. അഭംഗമായ ദ്വിജഭക്തി ഉദിക്കുന്ന ജന്മം സഫലമാണു്. രാമചരണസേവകന്മാരിൽ ലഘുവായ ഒരുത്തൻതന്നെയും ജനിച്ചിട്ടുള്ള വംശം ധന്യവും പരിശുദ്ധവും ജഗന്മാന്യവുമാണു്.

ഞാൻ രഹസ്യമായി വച്ചിരുന്നതാണെങ്കിലും ഈ കഥ നി

ന്റെ അപേക്ഷ അനുസരിച്ചു കേൾപ്പിച്ചു. കേൾക്കുന്നതിനു മനഃശ്ശുദ്ധിയും ഭക്തിയും നിനക്കുണ്ടെന്നു ഞാനറിഞ്ഞിരുന്നു. ഹരിലീലയിൽ മനസ്സു രമിക്കാത്തവരേയൊ, ശഠന്മാരെയോ, നിർഗ്ഗുണന്മാരെയോ, ലോഭിയേയൊ, ക്രോധിയേയൊ, കാമിയേയൊ, ചരാചരസ്വാമിയേ ഭജിക്കാത്ത ദുർഭഗനേയൊ ഇതു കേൾപ്പിക്കരുതു്. ബ്രാഹ്മണദ്രോഹിയെ അവൻ ഇന്ദ്രതുല്യനായ ഒരു രാജാവായിരുന്നാലും ശരി, പ്രത്യേകിച്ചും കേൾപ്പിച്ചുകൂടാ. സൽസംഗത്തെ അഭിലഷിക്കുന്ന സാധുക്കളാണു രാമകഥാശ്രവണത്തിനധികാരികൾ. ഗുരുപാദപ്രീതിയും, നീതിനിഷ്ഠയുമുള്ള ബ്രാഹ്മണസേവകരുമാണു്, രഘുരാജനിൽ പരമപ്രിയന്മാരായവർ ഇതിൽ നിന്നും ഒരു വിശേഷാൽ സുഖം ലഭിക്കുന്നു. രാമചരണരതിയേയൊ നിർവ്വാണപദവിയേയൊ ആഗ്രഹിക്കുന്നവൻ ശ്രവണപുടത്താൽ ഭക്തിപൂർവ്വം ഈ കഥാമൃതപാനം ആചരിക്കേണ്ടതാണു്.

ഭദ്രേ! ഞാൻ ഇപ്പോൾ പറഞ്ഞവസാനിപ്പിച്ച ഈ രാമചരിതം കലിമലത്തെയും മനോമലത്തേയും ഹരിക്കും. ഭവരോഗത്തിനു ജീവനൌഷധം ആയിരിക്കും. ഭക്തിസൌധത്തെ ആരോഹിക്കാനുള്ള ഏഴു സോപാനങ്ങൾ ഇതിനുണ്ടു്. ഹരികൃപയില്ലാത്ത പാപികൾക്കു് ആ സോപാനങ്ങളിൽ കാലുകുത്താൻ സാധിക്കയില്ല. നിഷ്കളങ്കം ഈ കഥാശ്രവണം ചെയ്യുന്നവനു മനോരഥങ്ങൾ നിശ്ശേഷം സാധിക്കും. കേൾക്കുകയോ പറയുകയോ, അനുമോദിക്കുകയോ ആയാൽ സംസാരസമുദ്രം കറുകാൽകുളമ്പുവെള്ളംപോലെ കടക്കാം.

രാമകഥാമൃതലഹരിയിൽ മുഴുകിയ ഗിരിജാദേവി ഭർത്താവിനെ വണങ്ങി നാഥ! അങ്ങേ കരുണയാൽ എന്റെ സന്ദേഹങ്ങളകന്നു. രാമചരണഹരിചന്ദനങ്ങളിൽ പ്രത്യഗ്രഭക്തിവല്ലരിയും പടർന്നു. എന്നുണർത്തിച്ചു.

ഉമാമഹേശ്വരസംവാദാത്മകമായ ഈ പരിശുദ്ധചരിതം സർവ്വദാ സുഖകരവും വിഷാദഹരവുമാകുന്നു. സംസാരത്തെയും സന്ദേഹങ്ങളെയും നശിപ്പിക്കുന്നു. ഭക്തജനരഞ്ജകവും സാധുജനപ്രിയങ്കരവുമത്രേ. രാമോപാസകന്മാർക്കു ഇതുപോലെ പ്രിയപ്പെട്ട ഒരു നിധി ലോകത്തിലില്ല. ഒരുവിധത്തിൽ ഞാനിതു പാടി അവസാനിപ്പിച്ചതും രഘുരാജകടാക്ഷത്താൽത്തന്നെ. ഈ കലിയുഗത്തിൽ യോഗമോ, യാഗമോ, ജപമോ, തപമോ, വ്രതമോ, പൂജയോ യാതൊന്നും മോക്ഷത്തിനാവശ്യമല്ല. രാമനെ ചിന്തിക്കുക. രാമഗുണങ്ങൾ കീർത്തിക്കുക. രാമചരിതം ശ്രവിക്കുക. ഇതുതന്നെ മാർഗ്ഗം

കവികളും വേദങ്ങളും സാധുക്കളും കീൎത്തിക്കുന്ന പ്രകാരം പതിത പാലകനായ ഭഗവാനെ മനഃകൗടില്യങ്ങൾ ത്യജിച്ചു ഭജിക്കുവിൻ. രാമഭജനത്താൽ മോക്ഷം ലഭിക്കാത്തവരാരുണ്ട്? ഹേ ശഠമനസ്സേ! രാമഭജനം ചെയ്തു ഏതൊരു പ്രാണിയാണ് മോക്ഷപദം പ്രാപിക്കാതെയുള്ളത്. ദയാനിധി എത്രപേരെ രക്ഷിച്ചു. പിങ്ഗള, അജാമിളൻ, കാട്ടാളനായ വാല്മീകി, ജടായു, ഗജേന്ദ്രൻ ഇങ്ങനെ പലരും രാമകൃപയാൽ മുക്തന്മാരായിട്ടുണ്ട്. പാപരൂപന്മാരായ ആഭീരയവനകിരാതചണ്ഡാലാദികൾക്കും രാമനാമം ഉച്ചരിക്കാൻ ഭാഗ്യമെത്തിയാൽ അവർ പരമപദത്തിനർഹന്മാരായി തീരുന്നു. സ്വാമിൻ! രാമചന്ദ്ര! ഞാൻ നിന്തിരുപ്പാദങ്ങൾ നമസ്കരിക്കുന്നു. രഘുവംശഭൂഷണചരിതം കഥിക്കയോ ശ്രവിക്കയോ ചെയ്യുന്നവൻ കലിമലവും മനോമലവും നശിച്ചു രാമധാമത്തെ ഗമിക്കുന്നു. ഈ ചരിത്രത്തിലെ നാലഞ്ചു ഖണ്ഡികകളായാലും ഭക്തിപൂർവം പഠിച്ചാൽ അവിദ്യാറാണിയുടെ അക്രമികളായ പഞ്ചസേനാധിപന്മാരുടെ ഉപദ്രവത്തിലകപ്പെടാതെ രഘുപതി രക്ഷിക്കുന്നു. നിഷ്കാമനും, സർവഹിതനും, സുന്ദരനും, സുജാതനും, കൃപാനിധിയും, അനാഥരക്ഷകനും ഭഗവാൻ രാമൻ മാത്രമാണ്. മററാരെ ഞാൻ ആരാധിക്കണം. അതിനികൃഷ്ടനും മന്ദമതിയുമായ ഈ തുളസിപോലും ആരുടെ കൃപാലേശത്താൽ പരമവിശ്രാന്തിയെ പ്രാപിച്ചുവോ, ആ രഘുപതിയെപ്പോലെ അഭിലഷണീയനായ ഒരു പ്രഭു ഇല്ല. അല്ലയോ രാമചന്ദ്ര! എന്നെപ്പോലെ ദീനനും നിന്തിരുവടിയെപ്പോലെ ഒരു ദീനരക്ഷകനുമില്ല. ഈ വസ്തുത തിരുമനസ്സിൽ ധരിച്ചു വിഷമമായ ഭവഭാരത്തിൽ നിന്നും എന്നെ രക്ഷിക്കണമേ! കാമി ഭാൎയ്യയേയും, ലോഭി ധനത്തേയും സ്നേഹിക്കുന്നതെങ്ങനെയോ അതുപോലെ എന്നുമെന്നും തുളസിയുടെ മനസ്സു രാമനിൽത്തന്നെ രമിക്കണമേ!

വിമലവിജ്ഞാനവൈരാഗ്യസമ്പാദനമെന്ന ഏഴാം സോപാനം

ഉത്തരകാണ്ഡം സമാപ്തം.

B 84

MUL
066847